# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**2016 ജൂലൈ 12, ചൊവ്വ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 10

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂലൈ 12, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

923/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....73

**II അടിയന്തരപ്രമേയം**

ഡിഫ്ത്തീരിയ രോഗബാധ

(അവതരണാനുമതി നിഷേധിച്ചു.) ...292

**III ശ്രദ്ധ ക്ഷണിക്കൽ**

(1) മലബാർ മേഖലയിലെ പ്രവാസികളും വിമാനയാത്രികരും നേരിടുന്ന ബുദ്ധിമുട്ട്

—ശ്രീ. എൻ. ഷംസുദ്ദീൻ ...301

(2) വിദ്യാഭ്യാസ ധനസഹായ കുടിശ്ശിക

—ശ്രീ. ബി. സത്യൻ ....305

**IV സബ്മിഷൻ**

(1) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

—ശ്രീ. എം. രാജഗോപാലൻ ...308

(2) മുങ്ങിമരണം

—ശ്രീ. പി. സി. ജോർജ് ...311

(3) പുനരധിവാസം

—ശ്രീ. ജോർജ് എം. തോമസ് ...313

പേജ്

(4) കടൽഭിത്തി പുനഃസ്ഥാപിക്കൽ

—ശ്രീ. റ്റി. വി. രാജേഷ് ...315

(5) സമഗ്ര പദ്ധതി

—ശ്രീ. എം. വിൻസെന്റ് ...316

(6) റോഡ് പണി

—ശ്രീ. ആനൂപ് ജേക്കബ് ...317

(7) ഫണ്ട് അനുവദിക്കൽ

—ശ്രീ. വി. ടി. ബൽറാം ...319

(8) വെള്ളക്കെട്ട്

—ശ്രീ. കെ. രാജൻ ...321

(9) റോഡ് നവീകരണം

—ശ്രീ. സണ്ണി ജോസഫ് ...323

(10) പായലുകൾ നീക്കം ചെയ്യാൻ നടപടി

—ശ്രീമതി യു. പ്രതിഭ ഹരി ...324

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ ...325

(2) ചട്ടം 236(5) അനുസരിച്ചുള്ള കടലാസുകൾ ....326

**VI അറിയിപ്പ്**

(1) കാരിക്കേച്ചർ പ്രദർശനം

—മി. സ്പീക്കർ ...330

പേജ്

**VII ധനകാര്യം** ...330

2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

**VIII ക്രമപ്രശ്നം**

ഉദ്യോഗസ്ഥർ ഹാജരാകാത്തത് സംബന്ധിച്ച്

—ശ്രീ. വി. ഡി. സതീശൻ ...358

**IX റൂളിംഗ്**

—മി. സ്പീക്കർ ...359

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 12, ചൊവ്വ*


വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10


നിയമസഭ 2016 ജൂലൈ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *121

### സംസ്ഥാനം പച്ചക്കറി കൃഷിയിൽ കൈവരിച്ച നേട്ടങ്ങൾ

1(*121) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനം പച്ചക്കറി കൃഷിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉത്പാദനം ഇക്കാലത്ത് എത്രയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ നേട്ടങ്ങൾ കൈവരിക്കാൻ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ?


923/2017.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ&ബി) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2005-06 കാലഘട്ടത്തിൽ 47256 ഹെക്ടർ കൃഷി സ്ഥലത്തുനിന്നും 5.67 ലക്ഷം മെട്രിക് ടൺ ഉല്പാദനം ഉണ്ടായിരുന്നത് 2014-15 കാലഘട്ടത്തിൽ 44360 ഹെക്ടർ കൃഷി സ്ഥലത്തുനിന്നും 5.98 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ കൃഷി ഭൂമിയുടെ വിസ്തീർണ്ണം 2896 ഹെക്ടർ കുറഞ്ഞതായിട്ടാണ് ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്.

(സി) 2006 മുതൽ സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി ഉല്പാദനത്തിനായുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിയും മട്ടുപ്പാവ് കൃഷിയും വ്യാപിപ്പിച്ചിരുന്നു. ഇതിനുപുറമേ ആധുനിക കൃഷി രീതിയായ പ്രിസിഷൻ ഫാമിങ്, പോളിഹൗസ് ഫാമിങ്, മഴമറകൃഷി എന്നിവയും ആരംഭിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്തും ഈ പദ്ധതികൾ തുടർന്നുപോരുകയുണ്ടായി. പോളിഹൗസുകൾ മുൻകാലത്തേക്കാൾ കൂടുതൽ ഇക്കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. എന്നാൽ പോളിഹൗസിലെ കൃഷി രീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് വേണ്ടത്ര അവബോധവും പരിശീലനവും നൽകാതെ ആരംഭിച്ചതിനാൽ സർക്കാർ ഉദ്ദേശിച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതേസമയം മട്ടുപ്പാവിലും ഗ്രോബാഗിലുമുള്ള കൃഷി രീതികൾ അർബൻ ഏരിയാകളിലും ഗ്രാമങ്ങളിലും വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ : സർ, കൃഷി ഉദ്യോഗസ്ഥർക്ക് ഓർഗാനിക് ഫാമിംഗിൽ വലിയ താല്പര്യം കാണുന്നില്ല. അതിന് പല കാരണങ്ങളാണ് പറയപ്പെടുന്നത്. ജൈവ സംഘടനകളും കാർഷികോല്പന്നങ്ങൾ ഉണ്ടാക്കുന്ന സംഘടനകളും വ്യക്തികളും റെസിഡന്റ്സ് അസോസിയേഷനുകളും കാർഷിക വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് ഔദ്യോഗികമായി ഒരു സംഘടനയുണ്ടാക്കി ഇത് എങ്ങനെയാണ് ഉല്പാദിപ്പിക്കുന്നതെന്നുള്ള ധാരണയുണ്ടാക്കണം. പല സന്ദർഭങ്ങളിലും ഇതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയില്ല. കീടങ്ങളുണ്ടാകുന്ന സാഹചര്യങ്ങളിൽ കീടനാശിനികൾ (natural pesticides) ഉപയോഗിച്ച് അത് എങ്ങനെ ഇല്ലാതാക്കാമെന്നതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ജനകീയമായി ഇത്തരം കൂട്ടായ്മകൾ വ്യാപിപ്പിക്കാനുമായി ഗവൺമെന്റുതന്നെ നേരിട്ട് ഔദ്യോഗികമായ ബോഡീസുണ്ടാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംഘടനാ രൂപീകരണത്തെപ്പറ്റിയല്ല ഗവൺമെന്റ് ആലോചിക്കുന്നത്. കൃഷിവകുപ്പിലെ 90 ഉദ്യോഗസ്ഥർക്ക് ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് എന്ന നിലയിലുള്ള ആധുനിക പരിശീലനം കൊടുക്കുന്നതിനുവേണ്ടി, പ്രത്യേകമായ പി.ജി. കോഴ്സ് പഠിപ്പിക്കുന്നതിനുവേണ്ടി, ഹൈദരാബാദിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചുകഴിഞ്ഞ ആളുകൾ അറുപതോളം കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ ദിവസം സമേതിയിൽ വച്ച് പ്രത്യേക ട്രെയിനിംഗ് കൊടുക്കുകയുണ്ടായി. അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് കൊടുക്കുകയും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജൈവ കൃഷിയുടെ മറ്റെല്ലാ സങ്കേതങ്ങളും ജനങ്ങളിലേക്ക് എത്തിക്കുവാനും വേണ്ടിയുള്ള സമഗ്രമായ പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സംയുക്തമായി ഒരു ഡ്രൈവ് നടത്താനാണ് ഉദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാലയിൽ ബയോ കൺട്രോൾ ഏജന്റ്സിനെ ഡവലപ് ചെയ്യുന്ന ലബോറട്ടറിയിൽ ഗവേഷണത്തിന്റെ ഫലമായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ബയോ കൺട്രോൾ ഏജന്റ്സിനെ വ്യാപിപ്പിക്കാനും അതുപോലെ കൂടുതൽ താഴെത്തട്ടിലേക്ക് ഉല്പാദിപ്പിക്കാൻ കഴിയാവുന്ന തരത്തിലുള്ള ജൈവ സാങ്കേതിക വിദ്യകൾ ജനങ്ങളെ പഠിപ്പിക്കാനാവശ്യമായ നടപടികളും സ്വീകരിക്കുകയാണ്. ഇതിന്റെ ഭാഗമായി 200 കൃഷി ഭവനുകൾ അഗ്രോ ക്ലിനിക്കുകളാക്കി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ അഗ്രോ ക്ലിനിക്കുകൾ ഇത്തരത്തിൽ പരിശീലനം കൊടുക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുകയാണ്. നേരത്തെയുണ്ടായിരുന്ന കൃഷി ഭവൻ സങ്കല്പത്തിൽനിന്നും വ്യത്യസ്തമായി സംസ്ഥാന വ്യാപകമായി അഗ്രോ ക്ലിനിക്കുകൾ ആരംഭിക്കുമ്പോൾ ഇതിന്റെ സാങ്കേതിക വിദ്യകൾ ജനങ്ങളിലേയ്ക്ക് നേരിട്ട് എത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ : സർ, നഗരങ്ങളിൽ പല സ്ഥലങ്ങളിലും ഓർഗാനിക് സ്റ്റോറുകൾ വ്യാപകമാണ്. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും ഈ ഓർഗാനിക് സ്റ്റോറുകളിൽ രണ്ടിരട്ടി മൂന്നിരട്ടി വിലയാണ് വാങ്ങുന്നത്. അത് വാങ്ങുവാൻ വലിയൊരു മാർക്കറ്റുതന്നെ അവയിലബിളാണ്. പക്ഷേ അത് യഥാർത്ഥത്തിൽ ഓർഗാനിക് ആണോ? അതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഓർഗാനിക് എന്ന പേരിൽ സാധനങ്ങൾ വരുന്നുണ്ട്. പല സംഘടനകളും ഓർഗാനിക് എന്ന പേരിൽ വലിയ ചന്തകൾ തുറക്കുന്നുണ്ട്. ഇതെല്ലാം പരിശോധിക്കാൻവേണ്ടി ജില്ലാ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ തുടങ്ങാൻ സന്നദ്ധമാകുമോ? നഗര മേഖലകളിൽ ഫ്ലാറ്റ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രോ ബാഗുകൾ കൊടുക്കുന്ന പദ്ധതികളുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾ പോലെയുള്ള സംഘടനകളും ജനകീയ കൂട്ടായ്മകളും വഴി പരിശീലനങ്ങൾ നൽകി സസ്റ്റൈനബിളായി മട്ടുപ്പാവ് കൃഷി വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, പല പദ്ധതികളുടെയും വളരെ പ്രധാനപ്പെട്ട പ്രശ്നം അത് നടപ്പാക്കിക്കഴിഞ്ഞാൽ അതിന്റെ റിസൾട്ട് സംബന്ധിച്ച് ഒരു മോണിറ്ററിംഗ് നടക്കാറില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സസ്റ്റൈനബിളായ നിലയിൽ നിലനിർത്താനാവശ്യമായ മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലുണ്ടാകുമെന്ന് ഉറപ്പുവരുത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇവിടെ വില്പന നടത്തിക്കൊണ്ടിരിക്കുന്ന പല ജൈവ കാർഷികോല്പന്നങ്ങളും ജൈവമാണോയെന്ന് പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത നമ്മുടെ സംസ്ഥാനത്ത് വ്യാപകമാണ്. അത് പരിഹരിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. സർവ്വകലാശാലയുടെ വെള്ളായണിയിലെ ലബോറട്ടറിയിലാണ് ഇപ്പോൾ പരിശോധിക്കുന്നത്. ഇത് വളരെ കാലതാമസമുണ്ടാകുന്ന ഒരു കാര്യമാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി തന്നെ നാല് ലബോറട്ടറികൾ ആരംഭിക്കുവാൻ തീരുമാനിച്ചതിനുപുറമെ എല്ലാ ജില്ലകളിലും കൃഷിവകുപ്പുതന്നെ ഇത്തരത്തിലുള്ള ലബോറട്ടറികൾ സ്ഥാപിച്ച് ജൈവ പച്ചക്കറികൾതന്നെ കൊടുക്കുന്നുണ്ടോയെന്നും തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനും ജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറികളും ഭക്ഷ്യധാന്യങ്ങളും ഭക്ഷ്യോല്പന്നങ്ങളും കിട്ടുമെന്ന് ഉറപ്പുവരുത്താനുമുള്ള സംവിധാനം ശക്തിപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഇതര സംസ്ഥാനങ്ങളെ മാത്രം പച്ചക്കറിക്കുവേണ്ടി ആശ്രയിച്ചിരുന്ന ഈ സംസ്ഥാനം കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലത്തിനിടയിലാണ് ഇക്കാര്യത്തിൽ താല്പര്യം കാണിച്ചുതുടങ്ങിയത്. ലഭ്യമാകുന്ന സ്ഥലങ്ങളിൽ മുഴുവനും പച്ചക്കറി കൃഷി നടത്തുന്നതിന് ഒരു ജനകീയ പ്രസ്ഥാനം തന്നെ വളർന്നുവരേണ്ടതുണ്ട്. സംസ്ഥാനത്ത് ഇതൊരു ട്രെന്റായി മാറേണ്ടതുണ്ട്. കേരളാപ്രദേശ് കോൺഗ്രസ് കമ്മിറ്റിയും സി.പി.എം. സംസ്ഥാന കമ്മിറ്റിയുമൊക്കെ ഇക്കാര്യത്തിൽ നല്ലൊരു ഇനിഷ്യേറ്റീവ് എടുത്തിരുന്നു. സർക്കാരും ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളും ടെക്സ്റ്റ് ബുക്കിൽനിന്നും ഇറങ്ങിവന്ന് ഇതിനെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരാനുള്ള ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതൊരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ഇതൊരു സർക്കാരിന്റെ ഔദ്യോഗിക പരിപാടി എന്നതിനേക്കാളുപരിയായി ജനങ്ങളുടെകൂടി നേതൃത്വത്തിലുള്ള ഒരു പരിപാടിയാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സമഗ്രമായിട്ടുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി വരുന്ന ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സഹകരണ

വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കുടുംബശ്രീയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി വകുപ്പുമന്ത്രിയും ചേർന്ന് സംയുക്ത യോഗം ചേരാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ആളുകൾ ഇപ്പോൾ ജൈവപച്ചക്കറി കൃഷിയിലേക്ക് വന്നിട്ടുണ്ട്. സി.പി.എം.-ഉം കോൺഗ്രസ് പാർട്ടിയും സി.പി.ഐ.-യും ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതിലേക്ക് വന്നിട്ടുണ്ട്. ഞാൻ സി.പി.ഐ. നേതൃത്വം നൽകുന്ന കാർഷിക സംസ്കൃതിയുടെ ചെയർമാനായി പ്രവർത്തിച്ചിരുന്ന ആളാണ്. ഇതിൽ ആർക്കും വരാം. സി.പി.ഐ., സി.പി.എം., കോൺഗ്രസ്, ആർ.എസ്.എസ്., മുസ്ലീങ്ങൾ ഇവർക്കാർക്കും വരാം; അമ്പലങ്ങൾക്കും പള്ളികൾക്കും വരാം. ആർക്കുവേണമെങ്കിലും പച്ചക്കറി കൃഷി രംഗത്തേക്ക് വരാൻ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എല്ലാവരേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള രീതിയിലേക്കാണ് പോകുന്നത്. ഇതൊരു ഗവൺമെന്റ് പ്രോഗ്രാം എന്നതിനേക്കാളുപരി ഇത് ജനങ്ങളുടെ പരിപാടിയാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പോളിഹൗസ് ഫാമിങ് കൃഷിരീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് വേണ്ടത്ര അവബോധവും പരിശീലനവും നൽകാതെ ആരംഭിച്ചു എന്നാണ് അങ്ങ് തന്ന മറുപടി. അതേസമയം മട്ടുപ്പാവിലും ഗ്രോ ബാഗിലുമുള്ള കൃഷിരീതികൾ അർബൻ ഏരിയകളിലും ഗ്രാമങ്ങളിലും വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമുണ്ട്. അതുമാത്രമല്ല 2014-15 സാമ്പത്തിക വർഷം 5.98 മെട്രിക് ടൺ ഉല്പാദനം നടത്തുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എത്ര ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചാൽ നമുക്ക് സ്വയം പര്യാപ്തതയിൽ എത്തിച്ചേരുവാൻ കഴിയുമെന്ന് അങ്ങേയ്ക്ക് എന്തെങ്കിലും കണക്കുകളുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഐ.സി.എം.ആർ.-ന്റെ റെക്കമെന്റേഷൻ പറയുന്നത് ഒരു വ്യക്തിക്ക് 300 ഗ്രാം വെജിറ്റബിൾസ് വേണമെന്നാണ്. അതുപ്രകാരം 40 ലക്ഷം മെട്രിക് ടൺ പച്ചക്കറി വേണ്ടിവരുമെന്നാണ് പറയുന്നത്. 903 പോളിഹൗസുകളാണ് നേരത്തെ ആരംഭിക്കുവാൻ തീരുമാനിച്ചത്. അതിൽ 307 എണ്ണം ഇതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉല്പാദനകാര്യത്തിൽ അഞ്ചിരട്ടിയിലധികം പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് പോളിഹൗസുകളിലൂടെയുള്ള ഉല്പാദനം തുടങ്ങിയത്. 75 ശതമാനം സബ്സിഡി നൽകുന്ന ഈ പദ്ധതി, പലപ്പോഴും ഇത് നൽകിയിട്ടുള്ള ആളുകൾക്ക് പരിശീലനം കിട്ടാത്തതിന്റെ ഫലമായി ഇതിനുമുകളിൽ ആൽഗ വന്നതിനുശേഷം വേണ്ടത്ര ലൈറ്റില്ലാത്തതുകൊണ്ട് ഉല്പാദനക്ഷമത കുറഞ്ഞുപോകുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി.

ഇതിന്റെ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര പരിശീലനം ലഭിക്കാത്തതുകൊണ്ട് ഗവൺമെന്റിന്റെ വലിയ പദ്ധതിയാണ് വാസ്തവത്തിൽ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിലേക്ക് എത്താതിരുന്നത്. ഈ പോളിഹൗസുകൾ വീണ്ടും റിപ്പയർ ചെയ്തുകൊണ്ട് അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പരിപാടിയാണ് ആലോചിക്കുന്നത്. ഇപ്പോൾ 400 സ്ക്വയർ മീറ്ററിന്റെ പോളിഹൗസുകളാണ് ഗവൺമെന്റ് പ്രൊവൈഡ് ചെയ്തിരിക്കുന്നത്. ചെറിയ വീടുകൾക്കുവേണ്ടി 10, 20, 30 സ്ക്വയർ മീറ്ററിന്റെ ചെറിയ പോളിഹൗസുകൾ കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയെക്കുറിച്ച് യൂണിവേഴ്സിറ്റി തന്നെ പ്രത്യേകമായ റിസർച്ച് നടത്തുന്നുണ്ട്. നിലവിലുള്ള പോളിഹൗസുകൾ ഉപയോഗിച്ചതിന്റെ ചില ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികളാണ് നോക്കുന്നത്. ഞങ്ങൾക്ക് അവസാനം കിട്ടിയ കണക്കുപ്രകാരം 2015-16 കാലഘട്ടത്തിൽ 6.28 ലക്ഷം മെട്രിക് ടൺ ആയി പച്ചക്കറി ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. പോളിഹൗസ് കൃഷിയും മട്ടുപ്പാവ് കൃഷിയുമൊക്കെ അതിനൊരു പ്രധാനപ്പെട്ട ഘടകമായിട്ടുണ്ട്. ഇത് സസ്റ്റെനബിളായി നിലനിർത്തിക്കൊണ്ട് പോകണമെങ്കിൽ ഇതിന് കൃത്യമായ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കിയെടുക്കണം. സബ്സിഡി കൊടുക്കുന്ന ഒരു പദ്ധതി ഏറ്റുവാങ്ങാൻ ആളുകളുണ്ടാകും. ഇനി കൃത്യമായ പരിശീലനം ലഭിച്ചിട്ടുള്ള കൃഷിക്കാർക്ക് മാത്രമേ ആധുനിക കൃഷിരീതി സംബന്ധിച്ചുള്ള പോളിഹൗസുകൾ കൊടുക്കുകയുള്ളൂ എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, നമ്മുടെ കാർഷിക സർവ്വകലാശാലകളിൽ നിന്നൊക്കെ പുറത്തുവരുന്നത് വളരെ പ്രഗത്ഭരായ കൃഷി ഉദ്യോഗസ്ഥരാണ്. അവർ സമൂഹത്തിൽ ഒരു സെലക്ടഡ് ഫ്യൂ എന്ന് വിശേഷിപ്പിക്കാവുന്ന ആളുകളാണ്. എന്നാൽ, ഇന്ന് ഈ കൃഷി ഓഫീസർമാർ ഒരു ഗ്ലോറിഫൈഡ് ക്ലർക്കുമാരായി, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ചുമതല മാത്രമായി പല സ്ഥലത്തും ചുരുങ്ങിയിരിക്കുകയാണ്. വ്യത്യസ്തരായ കുറേ ആളുകളുണ്ട് എന്നുള്ളത് സമ്മതിക്കുന്നു. ഇതിനു പകരം കൃഷിയിടങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും കൃഷിക്കാരിൽ ഒരാളായി മാറാനും ഈ കൃഷി ഓഫീസർമാർക്ക് കഴിഞ്ഞെങ്കിൽ മാത്രമേ യഥാർത്ഥത്തിൽ നമുക്ക് ആ മേഖലയിൽ നേട്ടമുണ്ടാക്കാൻ കഴിയൂ. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, മൂന്നാറിന്റെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാത്രമായി കേരളത്തിന് ആവശ്യമുള്ള മുഴുവൻ പച്ചക്കറിയും ഉത്പാദിപ്പിക്കാവുന്നതാണ്. അത് കുറേയൊക്കെ പ്രയോജനപ്പെടുത്തുന്നുമുണ്ട്.എന്നാൽ,

അവിടെയുള്ള ഒരു പ്രധാന പ്രശ്നം ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരളത്തിലെ പട്ടണങ്ങളിൽ കൃത്യസമയത്ത് എത്തിക്കാനുള്ള സംവിധാനം, കൃഷിക്കാർക്ക് സമയാസമയങ്ങളിൽ ആവശ്യമായ പണലഭ്യതയ്ക്ക് വായ്പ നൽകാനുള്ള സംവിധാനം, കൃത്യമായ വിലയ്ക്ക് അവരുടെ ഉല്പന്നം എടുക്കാനുള്ള സംവിധാനം എന്നിവയുടെ പോരായ്മയാണ്, അവർ കൂടുതൽ ഉത്പാദിപ്പിക്കുമ്പോൾ അവരെ പരിപൂർണ്ണമായി തള്ളിക്കളയുകയാണ്. ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കാൻ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അങ്ങ് ആദ്യം പറഞ്ഞ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരും നമ്മുടെ സയന്റിസ്റ്റുകളും നമ്മുടെ കൃഷിക്കാരിലേക്ക് എത്തിച്ചേരണമെന്നുള്ളത് യാതൊരു സംശയവും ഇല്ലാത്ത കാര്യമാണ്. പലപ്പോഴും, ഈ കൃഷി ഓഫീസുകളിൽ അവർക്ക് അവരുടെ ക്ലറിക്കൽ ജോലി ചെയ്യേണ്ട സ്ഥിതിയാണ്. അതുകൊണ്ട് കൃഷി ഓഫീസിലെ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരുമായ ആളുകൾ കൃഷിക്കളങ്ങളിലേക്കും കൃഷിക്കാരിലേക്കും എത്തിച്ചേരാൻ ഉതകുന്ന തരത്തിൽ അവരുടെ പ്രവർത്തനത്തിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഇവിടെ അങ്ങ് പറഞ്ഞ ഒരു കാര്യം വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ നമ്മൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറി കേരളത്തിലേക്ക് വരാതിരിക്കുന്നതിനുള്ള കാരണം അത് സംഭരിക്കുന്ന കാര്യത്തിലുണ്ടായിരുന്ന വീഴ്ചയാണ്. അതുകൊണ്ട് ആഗസ്റ്റ് മാസത്തിൽ തന്നെ മന്ത്രിയെന്ന നിലയിൽ ഞാൻ അവിടെയുള്ള കൃഷിക്കാരുമായി നേരിട്ട് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അവിടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇവിടുത്തെ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളെക്കൊണ്ട് പരിപൂർണ്ണമായി സംഭരിക്കാൻ വേണ്ടിയുള്ള സംവിധാനമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അപ്പോൾ അവർക്ക് അഡ്വാൻസ് പണം കൊടുക്കാൻ വേണ്ടി വി.എഫ്.പി.സി.കെ.-ക്കോ അല്ലെങ്കിൽ ഹോർട്ടികോർപ്പിനോ റിവോൾവിംഗ് ഫണ്ട് കൊടുത്തുകൊണ്ട് അഡ്വാൻസ് പണം കൃഷിക്കാർക്ക് കൊടുക്കത്തക്ക വിധത്തിലുള്ള സംവിധാനം ഉണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന് പുറമേ ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്. വില്ലേജുകളിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇടുക്കി ജില്ലയിൽ ഇന്നുള്ളതിനേക്കാൾ കൂടുതൽ പച്ചക്കറി ഉത്പാദിപ്പിക്കാൻ വേണ്ടിയുള്ള പ്രത്യേക പാക്കേജുതന്നെ ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ശീതകാല പച്ചക്കറികൾ ഉൾപ്പെടെയുള്ള പച്ചക്കറികൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഗവൺമെന്റ് കുടുംബശ്രീക്ക് വലിയൊരു പ്രാധാന്യം നൽകിക്കൊണ്ട് പച്ചക്കറി കൃഷിയിൽ വലിയ മുന്നേറ്റം ഉണ്ടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലും അത് ആരംഭിച്ചു കഴിഞ്ഞു. അങ്ങനെ, പൊലിവ് പദ്ധതിയിലൂടെ ഒരു കുടുംബശ്രീ യൂണിറ്റ് മൂന്ന് സെന്റെങ്കിലും പച്ചക്കറി കൃഷി ചെയ്തിരിക്കണമെന്നുള്ള നിർദ്ദേശം വന്നത് വളരെ ശ്ലാഘനീയമാണ്. അത്തരത്തിൽ വരുമ്പോൾ ധാരാളമായി ജൈവ പച്ചക്കറി കൃഷി നടത്തി നല്ല ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. അത് ശേഖരിക്കാനും വിപണനം നടത്താനും എന്തൊക്കെയാണ് ചെയ്യാൻ പോകുന്നത്? വീടുകളിൽ ഉണ്ടാക്കുന്ന പച്ചക്കറികൾ ഉൾപ്പെടെ അധികം വരുന്നവ ശേഖരിച്ച് വിപണനം നടത്താനും കുടുംബശ്രീക്ക് ഉൾപ്പെടെ സഹായം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പ്രധാനപ്പെട്ട പ്രശ്നം പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന് മാർക്കറ്റിംഗ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. മാർക്കറ്റിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തുക എന്നതാണ് ഞങ്ങൾ ആദ്യം ചെയ്യുന്നത്. കൃഷി വകുപ്പിൽ തന്നെ മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റുണ്ട്. യൂണിവേഴ്സിറ്റിയിൽ ഓരോ ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് സംബന്ധിച്ച വിവരങ്ങൾ നൽകുന്ന സംവിധാനവുമുണ്ട്. ഇതിനെ ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിലെ മാർക്കറ്റിംഗ് സംവിധാനത്തെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തന്നെ ശക്തിപ്പെടുത്താനും സഹകരണ സംഘങ്ങൾ, കൃഷിക്കാരുടെ കൂട്ടായ്മകൾ അതുപോലെതന്നെ കുടുംബശ്രീ ഉൾപ്പെടെയുള്ളവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള ഒരു നെറ്റ് വർക്ക്, അത് സഹകരണ സ്ഥാപനങ്ങളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും സംയുക്തമായ ആഭിമുഖ്യത്തിൽ കേരളത്തിൽ ഉണ്ടാകും. ഇപ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടാൻ പോകുന്ന യോഗത്തിൽ കുടുംബശ്രീയുടെ ആൾക്കാരെയും വിളിച്ചിട്ടുണ്ട്. കുടുംബശ്രീ ഒരു പ്രധാനപ്പെട്ട ശക്തിയാണ്. താഴെത്തട്ടിൽ ഇതുപോലുള്ള പ്രാദേശികമായ കൃഷി നടത്തുന്നതിന് കുടുംബശ്രീ ഇപ്പോൾ എടുക്കുന്ന ഇനിഷ്യേറ്റീവിനെ കുറച്ചുകൂടി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കും. ഓരോ പഞ്ചായത്തുകളിലും കൃഷിക്കാരുടെ ക്ലസ്റ്ററുകൾ കൃഷിഭവൻ കേന്ദ്രീകരിച്ചുകൊണ്ടോ അല്ലെങ്കിൽ അവരുടെ കൃഷിഭവനുകളിൽ തന്നെ രൂപീകരിക്കപ്പെട്ടിരിക്കുന്ന പല സഹകരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുകൊണ്ടോ തന്നെ വിൽപ്പന സംവിധാനം അവർക്ക് ഉറപ്പുവരുത്താനും കൃഷിക്കാർക്ക് ന്യായമായ വില കിട്ടുമെന്നും ഗുണഭോക്താക്കൾക്ക് ശുദ്ധമായതും അതേ സമയം ന്യായമായ വിലയ്ക്കും പച്ചക്കറി കിട്ടുമെന്ന് ഉറപ്പുവരുത്താനും ആവശ്യമായ നടപടികളാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. അൻവർ സാദത്ത് : സർ, കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി വിദ്യാർത്ഥികളിലൂടെ വിത്ത് വിതരണം ചെയ്യുന്ന ഒരു പദ്ധതി കഴിഞ്ഞ ടേമിൽ ഉണ്ടായിരുന്നു. അത് പുതിയ തലമുറയിലേക്ക് കൂടുതൽ കൃഷി പ്രോത്സാഹിപ്പിക്കാൻ സഹായകമാകും. എന്റെ മണ്ഡലത്തിൽ ഏറ്റവും നല്ല രീതിയിൽ കൃഷി നടത്തുന്ന കുട്ടികൾക്ക് വിത്തുകൾ വിതരണം ചെയ്യുമ്പോൾ തന്നെ സമ്മാനമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതുപോലെ ഇനിയും അങ്ങനെയുള്ള പദ്ധതികളുമായി മുന്നോട്ടുപോയാൽ പുതിയ തലമുറയിൽ അതിനെക്കുറിച്ച് കൂടുതൽ അവയർനെസ്സ് ഉണ്ടാകും. ഇവിടെ ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ എല്ലാ കൃഷി ഓഫീസർമാരും കൃഷിക്കാരുടെ ലെവലിലേക്ക് വരുന്നില്ല. അവർ ആനുകൂല്യം കൊടുക്കുന്ന സാഹചര്യം മാത്രമേയുള്ളൂ. ഇപ്പോൾ എന്റെ മണ്ഡലത്തിൽ ചൂർണ്ണിക്കര പഞ്ചായത്തിൽ എല്ലാ വർഷവും ഞാറ്റുവേല ഫെസ്റ്റ് നടത്താറുണ്ട്.

മി.സ്പീക്കർ : ചോദ്യം ചോദിക്കൂ.

ശ്രീ. അൻവർ സാദത്ത് : ഇങ്ങനെ ഒരു ഫെസ്റ്റ് നിർബന്ധമായി നടത്താൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് ഞാറ്റുഫെസ്റ്റിനെക്കുറിച്ച് പുതിയ തലമുറയ്ക്ക് ഒരു അവയർനെസ്സ് ഉണ്ടാക്കുകയും അതുകൊണ്ടുള്ള ഗുണങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ വേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ സാധിക്കുമോ? അതുപോലെ വിഷമുള്ള പച്ചക്കറികൾ കേരളത്തിലേക്ക് വരുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ഏഷ്യാനെറ്റിന്റെ വാർത്തയിൽ കണ്ടു. അതിൽ നമുക്ക് വേറെ രീതിയിലുള്ള പച്ചക്കറിയും അവിടെയുള്ളവർക്ക് മറ്റൊരു രീതിയിലുള്ള പച്ചക്കറിയുമാണ്. അപ്പോൾ അതൊക്കെ തടയാൻ കർശനമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, തമിഴ്നാട്ടിൽ നിന്ന് വരുന്ന പച്ചക്കറി അവിടെ തടയുന്നതിനേക്കാൾ നല്ലത് നമുക്ക് ഇവിടെ തന്നെ ഉത്പാദിപ്പിക്കാൻ കഴിയുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ കുറച്ചുസ്ഥലത്ത് കൂടുതൽ ഉത്പാദനം നടത്തുകയെന്നുള്ള ഒരു മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. പുതിയ തലമുറയിലേക്ക് കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്താൻവേണ്ടി തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിത്തുകൾ വിതരണം ചെയ്യുകയും കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും കൃഷി നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇത്തവണ ഞങ്ങൾ ഉദ്ദേശിക്കുന്നത്, ഈ വരുന്ന ചിങ്ങമാസം ഒന്നാം തീയതി കൃഷിക്കാരുടെ കർഷകദിനം മാത്രമല്ല, എല്ലാ

സ്കൂളുകളിലും കർഷകദിനം ആഘോഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുമുണ്ട്. അതിനുപുറമേ നമ്മുടെ സ്കൂളുകളിൽ ഏറ്റവും നന്നായി കൃഷി ചെയ്യുന്ന ക്ലബ്ബുകൾക്ക് വേണ്ടി കൊടുക്കുന്ന സമ്മാനം ഇരട്ടിയാക്കാനും അദ്ധ്യാപകർക്കും സ്കൂളുകൾക്കും കൊടുത്തുകൊണ്ടിരിക്കുന്ന സമ്മാനങ്ങളിലെല്ലാം വർദ്ധനവ് വരുത്താനും അതവർക്ക് ലഭ്യമായാൽ തന്നെ ഏറ്റവും വലിയ അംഗീകാരമാക്കി മാറ്റുന്ന വിധത്തിലുള്ള സമ്മാനങ്ങൾ നൽകിക്കൊണ്ട് കാർഷികമേഖലയിലേക്ക് പുതിയ തലമുറയെ കൊണ്ടുവരാൻ വേണ്ടിയിട്ടുള്ള ആസൂത്രിതമായ നീക്കം നടത്തുന്നുണ്ട്. പിന്നെ അദ്ദേഹം പറഞ്ഞതുപോലെ എല്ലാ കൃഷി ഓഫീസർമാരും കൃഷിക്കാരിലേക്ക് പോകാത്തവരല്ല. കൃഷിക്കാരിലേക്ക് പോകുകയും അവരുമായി ഇടപഴകുകയും ചെയ്യുന്ന ധാരാളം കൃഷി ഓഫീസർമാരുണ്ട്. ബാക്കിയുള്ള ഉദ്യോഗസ്ഥരെയും നമുക്ക് ആ രംഗത്തേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u> : സർ, നല്ല ഭക്ഷണം വേണമെന്ന് എല്ലാവരും പറയും. പക്ഷേ അതുണ്ടാക്കുന്ന ആളുകളെക്കുറിച്ച് ഒരു ചിന്ത നമുക്ക് ഈ സമയത്ത് വേണ്ടേ; അതുണ്ടാക്കുന്നവർക്ക് എന്ത് വരുമാനം കിട്ടുന്നു എന്നതിനെക്കുറിച്ച് വല്ല ഉറപ്പോ സംവിധാനമോ ഉണ്ടോ? തക്കാളി ചിലപ്പോൾ 40 രൂപയ്ക്ക് വിൽക്കും, ചിലപ്പോൾ 1 രൂപയ്ക്കും. അത് എടുക്കാൻ പോലും ആളില്ലാത്ത സമയത്ത് ഈ തക്കാളി മുഴുവൻ ഉപേക്ഷിക്കും. അടുത്ത വർഷം തക്കാളിയുടെ വിലയും കൂടും. അതുകൊണ്ട് അതുണ്ടാക്കുന്ന ആളുകൾക്ക് വരുമാനം ഉറപ്പാക്കുന്ന ഒരു സംവിധാനം ഉണ്ടാക്കണം. അതോടൊപ്പം തന്നെ അമൂൽ മോഡലിലുള്ള ഒരു ശൃംഖല ഉണ്ടാക്കിയെടുത്ത്, ഇന്ന വളവും കീടനാശിനിയും ജൈവകീടനാശിനിയും മാത്രമേ ഉപയോഗിക്കുകയുള്ളൂവെന്ന് ഉറപ്പ് വരുത്തി അത് ബ്രാന്റ് ചെയ്ത് വിൽക്കുന്ന ഒരു സംവിധാനം ഉണ്ടാക്കിയാൽ ഉത്പാദകനും ഗുണം കിട്ടും, വാങ്ങുന്ന ആളുകൾക്കും ഗുണം കിട്ടും. ആ തരത്തിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കാരണം, ഉത്പാദിപ്പിക്കുന്ന കൃഷിക്കാരെപ്പറ്റി പലപ്പോഴും നമ്മൾ ആലോചിക്കാറില്ല. ഉത്പന്നങ്ങളുടെ വിലയെപ്പറ്റിയാണ് നമ്മൾ ആശങ്കപ്പെടുന്നത്. ഇവിടെ തക്കാളി കിലോയ്ക്ക് 20-30 രൂപ വിലയുള്ളപ്പോഴാണ് ബാംഗ്ലൂരിലെ കൃഷിക്കാർ ഒരു കിലോ തക്കാളിയ്ക്ക് 50 പൈസയെങ്കിലും വേണമെന്ന് പറഞ്ഞ് സമരം നടത്തിയത്. കൃഷിക്കാരുടെ ഉത്പന്നങ്ങൾ ഇടനിലക്കാർ ചേർന്നുകൊണ്ട് ചൂഷണം ചെയ്യുന്ന സംവിധാനം ഒഴിവാക്കാൻ വേണ്ടിയാണ് വി.എഫ്.പി.സി.കെ. അതുപോലെ ഹോർട്ടികോർപ്പ് പോലെയുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കിയത്. അതിന്റെ പ്രവർത്തനങ്ങൾ തന്നെ അവതാളത്തിലായി നിൽക്കുകയാണ്. അത് ശക്തിപ്പെടുത്താൻ നടപടിയുണ്ടാകും. നേരത്തെ കാർഷിക നയം രൂപീകരിക്കുന്ന

സമിതിയിൽ അംഗമായിരുന്ന ആളാണ് ബഹുമാനപ്പെട്ട അംഗം. അദ്ദേഹം സൂചിപ്പിച്ചതുപോലെ കൃഷിക്കാരെ കേന്ദ്രീകരിച്ചുകൊണ്ട് കാർഷിക മേഖലയിലെ ഉത്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്ന കാര്യത്തിൽ, വില ലഭിക്കുന്ന കാര്യത്തിൽ ഉറപ്പുണ്ടാക്കുന്നതിനു വേണ്ടിയിട്ടാണ് എല്ലാ ഉത്പന്നങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള വാല്യൂ അഡിഷൻ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള അഗ്രോ പാർക്കുകൾ കേരളത്തിൽ വ്യാപകമായി ഉണ്ടാക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞത്. ഗവൺമെന്റ് അത് നിശ്ചയിച്ചതിന് കാരണംതന്നെ വില കുറയുന്ന സമയത്ത് സർക്കാർ സംവിധാനങ്ങൾ കൊണ്ട് അത് പർച്ചേസ് ചെയ്ത് അതിന്റെ വാല്യൂ അഡിഷൻ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ വേണ്ടിയിട്ടുള്ള ഒരു പദ്ധതിയുടെ ഭാഗമായിട്ടാണ്. അമൂൽ മോഡലിൽ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനെ പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന്റെ നടപടിയിലേക്ക് വരാത്തതുകൊണ്ട് വ്യക്തമായിട്ടുള്ള ഒരു ഉത്തരം എനിക്ക് പറയാൻ കഴിയില്ല. ആ രൂപത്തിലാണെങ്കിലും ഒരു നെറ്റ്‌വർക്ക് നമുക്ക് ആവശ്യമാണ്. കൃഷിക്കാരന്റെ ഉത്പന്നങ്ങൾക്ക് ന്യായമായ വില കിട്ടും എന്ന് ഉറപ്പാക്കിയാൽ മാത്രമേ സസ്റ്റെയിനബിളായ നിലയിൽ കൃഷിക്കാർ ഈ രംഗത്ത് നിലനിൽക്കുള്ളൂ.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് അറിവ്. എല്ലാ മണ്ഡലത്തിലും ഇക്കോ ഷോപ്പുകൾ തുടങ്ങിയിരുന്നു. അങ്ങനെയാണെങ്കിൽ ഇക്കോ ഷോപ്പിൽ കൊണ്ടുവരുന്ന കൃഷിക്കാർക്ക് സമയത്ത് അതിന്റെ പ്രതിഫലം കൊടുക്കാൻ കഴിയണം. പഞ്ചായത്ത് ലെവലിലേക്ക് ഇക്കോ ഷോപ്പുകൾ വർദ്ധിപ്പിക്കാൻ കഴിയുമോ;

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഇക്കോ ഷോപ്പുകൾ വ്യാപകമായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആകെ 48 സ്ഥലങ്ങളിലാണ് ഇക്കോ ഷോപ്പുകൾ ആരംഭിച്ചിരിക്കുന്നത്. കൃഷിക്കാരുടെ സംഘടനകൾ ഒരുമിച്ച് അവരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ടാണ് ഇക്കോ ഷോപ്പുകൾ നടത്തുന്നത്. കുടപ്പനക്കുന്നിൽ ഒരു ഇക്കോ ഷോപ്പ് ആരംഭിക്കുകയുണ്ടായി. ആ ഇക്കോ ഷോപ്പിന് അനുബന്ധമായി കൃഷിക്കാരുടെ സംഘടന മാത്രമല്ല, കർഷകത്തൊഴിലാളികളുടെതന്നെ ഒരു സംഘടന ഉണ്ടാക്കിയിരുന്നു. അവർ ഒരു മാസം 38,000 രൂപ മുതൽ 40,000 രൂപ വരെ പ്രതിഫലം പറ്റുന്ന ആളുകളാണ്. കാരണം കൃഷിക്കുവേണ്ടിയുള്ള മറ്റു പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു സേനതന്നെ രൂപീകരിക്കുകയുണ്ടായി. ആ രൂപത്തിൽ അതിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് കേരളത്തിലെമ്പാടും ഇതുപോലുള്ള ഇക്കോ ഷോപ്പുകൾ കൃഷിക്കാരുടെതന്നെ ചുമതലയിൽ ആരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരികയാണെങ്കിൽ കൃഷിക്കാർക്ക് ന്യായമായ

മാർക്കറ്റ് വിലയോട് അടുപ്പിച്ചുള്ള വില അവരിലൂടെ തന്നെ ലഭ്യമാകുകയും ഇടനിലക്കാരെ ഒഴിവാക്കി ജനങ്ങൾക്ക് നല്ല പച്ചക്കറി കിട്ടുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകും. ഇക്കോ ഷോപ്പുകൾ ആരംഭിച്ചത് മാതൃകാപരമാണ്. അത് കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ : സർ, പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമം അഭിനന്ദനാർഹമാണ്. ജൈവപച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനോടൊപ്പംതന്നെ നിരന്തരമായി പരിചരണം വേണ്ടാത്ത ദീർഘകാല വിളവുകൾ ലഭിക്കുന്ന അഗസ്ത്യചീര, മുരിങ്ങക്കായ്, പപ്പായ, ചേമ്പ്, ചേന തുടങ്ങിയ നമ്മുടെ നാട്ടിൽ പഴയകാലത്ത് നല്ലതുപോലെ ഉപയോഗിച്ചിരുന്ന ഇത്രയും പരിചരണം ആവശ്യമില്ലാത്ത വിഭവങ്ങളുണ്ട്. ഇത്രയും സബ്സിഡികൾ കൊടുക്കാതെതന്നെ സുരക്ഷിതമായി ഭക്ഷണം ഒരുക്കാൻ ഇത്തരം വിഭവങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഇപ്പോൾ പ്രധാനമായും പച്ചക്കറിയിലേയ്ക്കാണ് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇത്തരം വിഭവങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പ്ലാവ് ഉൾപ്പെടെയുള്ളവയെ പ്രോത്സാഹിപ്പിക്കുന്ന നടപടികളിലേക്ക് പോകുമോ; അതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പച്ചക്കറികളാണെങ്കിലും കിഴങ്ങുവർഗ്ഗങ്ങളാണെങ്കിലും നെല്ലാണെങ്കിലും വൈവിധ്യമാണ് കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. നമുക്ക് നഷ്ടപ്പെട്ടുപോയത് നമ്മുടെ വൈവിധ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചതുപോലെ, പരമ്പരാഗതമായി നമ്മുടെ വീടുകളിൽ ഉപയോഗിച്ചുകൊണ്ടിരുന്ന യാതൊരു പരിചരണവും ആവശ്യമില്ലാത്ത അഗസ്ത്യചീര മാത്രമല്ല പല വിഭവങ്ങളും ന്യൂട്രീഷ്യസ് വാല്യൂ ഉള്ളവയായിരുന്നു. ഇതെല്ലാം അന്യംനിന്നുപോയി എന്നുള്ളത് മനസ്സിലാക്കി ട്രഡിഷണലായിട്ടുള്ള വിത്തുകളും വിഭവങ്ങളും പ്രോത്സാഹിപ്പിക്കാൻവേണ്ടി ഗവൺമെന്റ് ഒരു പദ്ധതി തയ്യാറാക്കുന്നുണ്ട്. വേലിപ്പടർപ്പിൽതന്നെ പടർത്താവുന്ന രീതിയിലുള്ള പല കാർഷികോല്പന്നങ്ങളും നമുക്കുണ്ടായിരുന്നു. കിഴങ്ങുവർഗ്ഗങ്ങളിൽ ചേമ്പ് തന്നെ പലയിനങ്ങളുണ്ടായിരുന്നു. ചേനയും കാവത്തും ഉൾപ്പെടെ ചെറുകിഴങ്ങും നനകിഴങ്ങും അങ്ങനെ പലരീതിയിലുള്ള കിഴങ്ങുവർഗ്ഗങ്ങളൊക്കെ ഉണ്ടായിരുന്നതാണ്. ഇത്തരത്തിലുള്ള കിഴങ്ങുവർഗ്ഗങ്ങളെല്ലാം തിരിച്ചുകൊണ്ടുവരാനും സാധാരണ ക്വാളിഫ്ളവർ, ക്യാബേജ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതുപോലെ അതിനേക്കാൾ കൂടുതലായി പരമ്പരാഗതമായി നമ്മുടെ മണ്ണിനും പ്രകൃതിക്കും യോജിക്കുന്ന തരത്തിലുള്ള പരമ്പരാഗതമായ പച്ചക്കറി ഉല്പന്നങ്ങൾ കൂടി വ്യാപിപ്പിക്കുവാൻ വേണ്ടിയുള്ള പ്രത്യേകമായ പരിപാടി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ *122-ഉം ചോദ്യം നമ്പർ *137-ഉം ക്ലബ്ബ് ചെയ്യുന്നു.

(ചോദ്യം നമ്പർ *122 & *137)

## നെൽകൃഷി വ്യാപിപ്പിക്കുന്നതിനും വിഷപച്ചക്കറി ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ

2 (*122) ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി സി. കെ. ആശ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഹെക്ടർ നെൽപ്പാടങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയിലെല്ലാം കൂടി എത്ര നെല്ല് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിഷപച്ചക്കറിയിൽ നിന്ന് സംസ്ഥാനത്തെ മോചിപ്പിക്കുന്നതിന് കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ) എക്കണോമിക്ക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് 2005-06 കാലഘട്ടത്തിൽ 275242 ഹെക്ടർ കൃഷിയിടങ്ങളിൽ നിന്നായി 629987 മെട്രിക് ടൺ അരി ഉൽപ്പാദനം ഉണ്ടായിരുന്നത്, 2014-15 കാലഘട്ടത്തിൽ 198159 ഹെക്ടറിൽ നിന്നായി 562093 മെട്രിക് ടൺ ആയി കുറഞ്ഞു.

(ബി) ഉണ്ട്. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യ ഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും, 5 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സൗജന്യമായി വിത്തുകൾ നൽകുകയും ഹെക്ടർ ഒന്നിന് 10,000 രൂപ നിരക്കിൽ ധനസഹായവും നൽകിവരുന്നു. കൂടാതെ നിലവിലുള്ള നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. 25 വർഷത്തിനു ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ കൃഷിയിറക്കുന്നതാണ്. ഇതിനു മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നെൽകൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനായി പാഡി മിഷൻ പുനഃസ്ഥാപിപ്പിച്ചിട്ടുണ്ട്.

(സി) 'ഓണം സമൃദ്ധി' പദ്ധതിയിൽ ഉൾപ്പെടുത്തി ഓണത്തിന് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷക കൂട്ടായ്മയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതാണ്. നല്ല കാർഷിക മുറകൾ (Good Agricultural practices) കേരളത്തിൽ കർശനമായി നടപ്പിലാക്കും. ഇതിന്റെ ഭാഗമായി പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള ആധുനിക സംവിധാനം വിപുലമാക്കും. കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും. ജൈവകൃഷിക്ക് പ്രാധാന്യം നൽകി ജൈവകാർഷികനയം രൂപീകരിക്കും. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചനരഹിതവുമായ ഉപയോഗം തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കീടനാശിനി കമ്പനികൾ കൃഷിയിടങ്ങളിൽ പോയി കൃഷിക്കാർക്ക് നേരിട്ട് കീടനാശിനികളെ പ്രചരിപ്പിക്കുന്ന ഡെമോൺസ്ട്രേഷനുകളും പരസ്യ പരിപാടികളും നിരോധിച്ചുകൊണ്ട് സർക്കുലർ ഇറക്കിയിട്ടുണ്ട്. പെസ്റ്റിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഷോറൂമുകളിൽ മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുകയും ഷോറൂമുകളിലെ സ്റ്റോക്കും വിൽപ്പനയും പരിശോധിക്കേണ്ടതാണെന്ന് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുന്നതിനായി ജില്ലാ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

## നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി

3(*137) ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും രൂപപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി വീതം നെൽകൃഷിക്ക് ഉപയുക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷി വികസനത്തിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നിലവിലുള്ളതെന്നും, കൂടുതലായി എന്തൊക്കെ സഹായങ്ങൾ നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ&ബി) നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. 25 വർഷത്തിനുശേഷം ആലപ്പുഴയിലെ റാണി കായലിൽ കൃഷിയിറക്കുന്നതാണ്. ഇതിന് മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നെൽകൃഷി വികസനത്തിനായി കർഷകർക്ക് താഴെപ്പറയുന്ന ധനസഹായങ്ങൾ നൽകുന്നതാണ്.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി:

   2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാദികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് നൽകുന്നു.

2. വികസന ഏജൻസികൾക്കുള്ള ധനസഹായം:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി വികസന ഏജൻസികൾ മുഖാന്തിരം കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) ധനസഹായം നൽകുന്നു.

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

5. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10000 രൂപ വീതം സബ്സിഡി നൽകുന്നു. ഇതിന് പുറമെ വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്.

6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ):

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1000 രൂപ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ):

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3343 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി:

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, നെൽകൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നുള്ളത് പ്രതീക്ഷയുണർത്തുന്ന ഒരു കാര്യമാണ്. ഞാൻ ഓണാട്ടുകരയുടെ മേഖലയിൽ നിന്നുവരുന്ന ആളാണ്. ഓണാട്ടുകര പ്രദേശത്തെ നെൽപ്പാടങ്ങൾ ഉപ്പുവെള്ളം കയറി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ കൃഷിയോഗ്യമായിരുന്ന സ്ഥലങ്ങളെല്ലാം ഇന്ന് നാശോന്മുഖമായി കഴിഞ്ഞു. ആ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേരളത്തിൽ സജീവമായി കൃഷിയുണ്ടായിരുന്ന ഓണാട്ടുകര ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും ഇപ്പോൾ വ്യാപകമായി കൃഷി നടത്താതിരിക്കുകയാണ്. ഒരു നെല്ലും ഒരു മീനും പദ്ധതിയുടെ ഭാഗമായി നടത്തിയിരുന്ന സ്ഥലങ്ങളിൽ ഒരു നെല്ലും ഒരു മീനും എന്നത് പോയി രണ്ടു മീനായി മാറിയ സ്ഥിതി ഉണ്ടായിട്ടുണ്ട്. നെല്ല് പോയി മീൻ വളർത്തുന്നത് മാത്രമായി മാറിയ സാഹചര്യവും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇതുപോലെ വർഷങ്ങളായി നെൽകൃഷി ചെയ്യാതിരിക്കുന്ന സ്ഥലങ്ങളിൽ, ഓരോ കൃഷിഭവന്റെ കീഴിൽ ഏതൊക്കെ പ്രദേശങ്ങളാണ് അങ്ങനെ കിടക്കുന്നതെന്നും അതിനുള്ള തടസ്സങ്ങൾ എന്താണെന്നും മനസ്സിലാക്കി കൃത്യമായ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ അവിടെയൊക്കെ നെൽകൃഷി തിരിച്ചുകൊണ്ടുവരാൻ വേണ്ടിയാണ് ഉദ്ദേശിക്കുന്നത്. എല്ലാ എം.എൽ.എ.-മാരും അവരുടെ മണ്ഡലങ്ങളിൽ നെൽകൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങൾ ഏതാണെന്ന് മനസ്സിലാക്കി അതിന് പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞാൽ വേണ്ട സഹായങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്. അതിനുവേണ്ടി സമഗ്രമായ ഒരു പരിപാടി ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, നമ്മുടെ ആവശ്യത്തിന് ജൈവപച്ചക്കറി ഉല്പാദിപ്പിക്കാനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അത് ഉല്പാദിപ്പിക്കപ്പെടുന്നതുവരെ പരിശുദ്ധമായ പച്ചക്കറി ലഭ്യമാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ നേരത്തെ പറഞ്ഞതാണ്. ഇപ്പോൾ ജൈവപച്ചക്കറിയിലേക്ക് ധാരാളം ആളുകൾ വരുന്നുണ്ട്. ജൈവപച്ചക്കറി കൃഷിയോട് താല്പര്യമുള്ളതുകൊണ്ടാണ് ആളുകൾ വരുന്നത്. ജൈവപച്ചക്കറി കൃഷി ഉല്പന്നങ്ങൾ ജനങ്ങൾ വലിയ വില കൊടുത്തു വാങ്ങുകയാണ്. ഒരു കിലോ അരിക്ക് 30 രൂപ വിലയുള്ളപ്പോൾ ജൈവ അരി 100 രൂപയ്ക്കുവരെ വാങ്ങാൻ ആളുകൾ തയ്യാറാണ്. ജനങ്ങൾ ഇതിൽ തല്പരരാണ് എന്നുള്ളതുകൊണ്ട് ഇപ്പോഴുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ നമ്മുടെ ആവശ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, നെൽകൃഷി വ്യാപകമാക്കുന്നതിനും ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി അങ്ങയുടെ നേതൃത്വത്തിൽ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങൾ പ്രശംസനീയമാണ്. പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള പരിപാടികളാണ് നടന്നുവരുന്നത്. ജൈവപച്ചക്കറികളും നടീൽ വസ്തുക്കളുമടക്കം കൃഷി ചെയ്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ച് വിഷരഹിത പച്ചക്കറി നൽകുന്നതിന് ഒരു കാർഷിക കലണ്ടർ രൂപീകരിക്കുകയും അതനുസരിച്ച് കൃഷി ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്താൽ ആ സമയങ്ങളിൽ തന്നെ കൃഷിചെയ്യാൻ സാധിക്കും. അതോടൊപ്പം നെൽകൃഷി വ്യാപകമാക്കാനും ഏറ്റവും നന്നായി മുന്നോട്ട് കൊണ്ടുപോകാനും സാധിക്കും. എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പന്തളം-കരിങ്കാലി പുഞ്ച, നെല്ലിക്കൽ ഏല, പള്ളിക്കൽ പഞ്ചായത്ത്, കൊടുമൺ പഞ്ചായത്ത് തുടങ്ങിയവ വ്യാപകമായി നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളാണ്. എന്നാൽ അവർക്ക് അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ജലസേചനവും മോട്ടോറും ലഭിക്കുന്നില്ല. ഇതിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കാൻ അങ്ങയുടെ സഹായമുണ്ടാകുമോ; നെൽകൃഷിയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അങ്ങ് അവസാനം പറഞ്ഞതുപോലെയുള്ള പദ്ധതികൾക്ക് ജലത്തിന്റെ ഗമന നിർഗമന സംവിധാനങ്ങളൊരുക്കുന്നത് പ്രധാനമായും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ്. പഞ്ചായത്തുകൾക്ക് തോടുകളും, കനാലുകളും കൈമാറിയതിനുശേഷം തോടുകൾ നികന്നുപോകുകയും വയലേലകളിലേക്കും പാടങ്ങളിലേക്കും ജലം വരികയും പോകുകയും ചെയ്യുന്ന സംവിധാനം തകരാറിലായതാണ്. ഇതെല്ലാം തിരിച്ചുകൊണ്ടുവരുന്നതിന് വലിയ പ്രവർത്തനം ആവശ്യമാണ്. അതുകൊണ്ടാണ് മാപ്പിംഗ് നടത്തി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആ നിർദ്ദേശമനുസരിച്ച് വരുന്ന പദ്ധതികൾക്ക് അതാത് മണ്ഡലങ്ങളിൽ ആവശ്യമായ സഹായം ഗവൺമെന്റ് ചെയ്യുന്നതാണ്. അങ്ങ് ഇവിടെ കാർഷിക കലണ്ടറിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ജനങ്ങൾ പരമ്പരാഗതമായി ഞാറ്റുവേലകളൊക്കെ പിൻതുടർന്നിരുന്നത് ഇതിനുവേണ്ടിയായിരുന്നു. അതും ഒരു കലണ്ടർ തന്നെയായിരുന്നു. ഇന്നത് പ്രായോഗികമല്ലാത്തതുകൊണ്ടാണ് കാർഷിക സർവ്വകലാശാല ഇതിനുവേണ്ടി ഒരു സംഹിത തന്നെ തയ്യാറാക്കിയത്. അഞ്ച് വർഷത്തിലൊരിക്കലാണ് അവരുടെ സംഹിത പുറത്തിറക്കുന്നത്. അത് മാഗ്നാകാർട്ട പോലെ ഉപയോഗിക്കുന്നതാണ്. കൃഷിക്കാർക്ക് മാത്രമല്ല കൃഷി ഉദ്യോഗസ്ഥർക്കുമെല്ലാം ആ സംഹിത ഉപയോഗിക്കാവുന്നതാണ്. കഴിഞ്ഞ ദിവസം കാർഷിക സർവ്വകലാശാല അത് പുറത്തിറക്കുകയുണ്ടായി. ടി സംഹിതയുടെ മലയാളം പതിപ്പിന്റെ 5000 കോപ്പി എല്ലാ കൃഷിഭവനിലും എത്തിക്കുന്നതിന് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. അതിനുപുറമേ ആയത് സ്കൂളുകളിലേക്കും കൃഷിക്കാരിലേക്കും എത്തിക്കുന്നതിനുവേണ്ടിയുള്ള തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ : സർ, കൃഷിക്കാർ നിർമ്മിച്ച ഹൈടെക് പോളിഹൗസുകൾ പലതും ഉദ്ദേശിച്ച കൃഷി ചെയ്യാതെ മറ്റ് പല ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ ആദായകരമായി കൃഷിചെയ്യുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുന്നത്; റൗണ്ട്-അപ് തുടങ്ങിയ മാരക കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പോളിഹൗസുകളിലെ ഏറ്റവും വലിയ പ്രശ്നം ഞാൻ നേരത്തെ പറഞ്ഞവയാണ്. മറ്റൊന്ന്, പോളിഹൗസുകളിൽ ഉപയോഗിക്കുന്ന വിത്തുകൾ വിതരണം ചെയ്യുന്നത് മൾട്ടി നാഷണൽ കമ്പനികൾ മാത്രമാണ്. പോളിഹൗസുകളിൽ ഉപയോഗിക്കുന്ന സലാഡ് വെള്ളരിയുടെ വിത്തിന്റെ വില 4 രൂപ 50 പൈസയാണ്. ഈ വിത്ത് കേരളത്തിലെ ഒരു കമ്പനിയും ഉല്പാദിപ്പിക്കുന്നില്ല. അവിടെ ഉല്പാദിപ്പിക്കുന്ന കാപ്സിക്കത്തിന്റെ ഒരു വിത്തിന് എട്ട് രൂപയാണ്, ആയിരം വിത്തിന് എണ്ണായിരം രൂപയാണ്. ഇത് ഓരോ വർഷവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കാർഷിക സർവ്വകലാശാല ഗവേഷണം നടത്തി സലാഡ് വെള്ളരിക്കുവേണ്ടിയുള്ള വിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്. 75 പൈസയ്ക്ക് കിട്ടുന്ന വിത്താണ്. അത് പൂർണ്ണമായും ഗവൺമെന്റ് വാങ്ങാൻ ഉദ്ദേശിക്കുകയാണ്. അത്തരത്തിൽ പോളിഹൗസുകളിലുള്ള കൃഷി ഏറ്റവും ചെലവ് കുറഞ്ഞ രീതിയിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് നടത്തുകയാണ്. മാത്രമല്ല, പോളിഹൗസുകൾ മറ്റ് പല ആവശ്യങ്ങൾക്കായും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഉല്പാദനം നടത്തുന്നതിനുപകരം നടീൽ വസ്തുക്കളുടെ നേഴ്സറികളായി മാറ്റുന്നുണ്ട്. 75% സബ്സിഡി കിട്ടിയശേഷം പല ആളുകളും അത് പ്രവർത്തിപ്പിക്കാൻപോലും തയ്യാറാകാത്ത സ്ഥലങ്ങളുണ്ട്. അതെല്ലാം പരിശോധിച്ച്, അതൊക്കെ തിരിച്ചുകൊണ്ടുവരാൻവേണ്ടിയുള്ള തീരുമാനം ഗവൺമെന്റ് എടുക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി : സർ, കേരളത്തിലെ ജില്ലകളിൽ ഒരു ഹൈടെക് ഗ്രാമം എന്ന് പ്രഖ്യാപിച്ചിരുന്ന ഒരു പദ്ധതിയുണ്ട്. തൃശ്ശൂർ ജില്ലയിൽ എന്റെ മണ്ഡലത്തിലെ താന്നിഗ്രാമപഞ്ചായത്തിനെയാണ് ഹൈടെക് ഗ്രാമമായി പ്രഖ്യാപിച്ചിരുന്നത്. സോളാർ പാനൽ - 100, ബയോ ഗ്യാസ് - 1000, പൈപ്പ് കമ്പോസ്റ്റ് - 2000, പച്ചക്കറി, ചേന, ഇടവിള – 100 ഏക്കർ, ഇതാണ് ആ പ്രോജക്ടിന്റെ സംക്ഷിപ്തരൂപം. ഈ പ്രോജക്ടിന്റെ ചെലവിനായി മൂന്ന് കോടി രൂപയാണ് ഗവൺമെന്റ് വഹിക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഏറെക്കുറെ തയ്യാറാക്കി ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് വളരെ നല്ല പദ്ധതികൾ ആവിഷ്കരിച്ച

കൊണ്ടിരിക്കുകയാണ്. ഈ പ്രോജക്ട് പൊതുജനങ്ങൾക്കും കർഷകർക്കുമായി എന്ന് സമർപ്പിക്കാൻ കഴിയും; അതോടൊപ്പം എന്റെ മണ്ഡലത്തിൽ പുള്ള് മേഖലയിൽ താമസിക്കുന്ന ചലച്ചിത്രതാരമാണ് ഇന്ത്യൻ സിനിമയ്ക്ക് സ്ത്രീകഥാപാത്രമായിട്ടുള്ള മഞ്ജുവാര്യർ.

മി. സ്പീക്കർ : ചോദ്യത്തിലേക്ക് വരണം.

ശ്രീമതി ഗീതാ ഗോപി : സർ, രണ്ട് വർഷം മുമ്പ് ഇറങ്ങിയ 'ഹൗ ഓൾഡ് ആർ യു' എന്ന ചിത്രത്തിൽ, കേരളത്തിലെ വിഷരഹിതമായ പച്ചക്കറി കൃഷിയിലൂടെ സ്ത്രീകളെ വളരെ നല്ല രീതിയിൽ സാമൂഹ്യപ്രതിബദ്ധതയിലേക്ക് കൊണ്ടുവരുന്ന ഒരു കഥാപാത്രത്തെ അവർ അവതരിപ്പിക്കുകയുണ്ടായി. കേരളത്തിൽ അന്യംനിന്നുപോയ കാർഷിക സംസ്കാരത്തെ തിരിച്ചുകൊണ്ടുവരാൻ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമകരമായിട്ടുള്ള ഇടപെടലിലൂടെ, അത് പാഠ്യവിഷയം പോലും ആക്കിയിരിക്കുകയാണ്. മഞ്ജുവാര്യർ തയ്യാറാണെങ്കിൽ, കൃഷിവകുപ്പിന്റെ ജൈവിക പച്ചക്കറി സംസ്കാരത്തെ തിരിച്ചുകൊണ്ടുവരാൻ കേരള കൃഷി വകുപ്പിന്റെ ബ്രാൻഡ് അമ്പാസിഡറായി അവരെ നിയമിക്കുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കൃഷി വകുപ്പിന്റെ ബ്രാൻഡ് അമ്പാസിഡർമാർ കൃഷിക്കാർ തന്നെയാണ്. കൃഷിക്കാരെയാണ് ബ്രാൻഡ് അമ്പാസിഡറാക്കാൻ ഉദ്ദേശിക്കുന്നത്. എല്ലാ സിനിമാ നടന്മാർക്കും കൃഷിക്കാരുടെ പുറകിൽ നിൽക്കാനേ കഴിയുകയുള്ളൂ. എല്ലാ പ്രാധാന്യവും കൊടുക്കുന്നത് കൃഷിക്കാർക്കാണ്. അതേ സമയം ഈ രംഗത്തുവരുന്ന മമ്മൂട്ടിക്കും ശ്രീനിവാസനും മഞ്ജുവാര്യർക്കും ഏത് രീതിയിലും കൃഷിവകുപ്പുമായി സഹകരിക്കുന്നതിനുവേണ്ട എല്ലാ സഹായവും ചെയ്തുകൊടുക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഹൈടെക് ഗ്രാമങ്ങൾ ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ആദ്യം പ്രഖ്യാപിച്ച ഹൈടെക് ഗ്രാമങ്ങളിലൊന്നാണ് താന്നി പഞ്ചായത്ത്. ബഹുമാനപ്പെട്ട കെ. പി. മോഹനനാണ് അത് പ്രഖ്യാപിച്ചത്. ആയതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. 27 പോളിഹൗസുകളാണ് ആ ഗ്രാമത്തിലുള്ളത്. അവിടെ പോളിഹൗസുകൾ ആദ്യം ആരംഭിച്ചത് ഞാൻ എം.എൽ.എ. ആയിരുന്ന സമയത്താണ്, അതെനിക്ക് നേരിട്ടറിയാവുന്നതാണ്. അതുപോലെ ധാരാളം പോളിഹൗസുകളുള്ള പഞ്ചായത്തുകളെ ഹൈടെക് ഗ്രാമങ്ങളാക്കി മാറ്റും. പെരുമാട്ടി അങ്ങനെയൊരു പഞ്ചായത്താണ്. അത്തരം ഗ്രാമങ്ങൾക്ക്, പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതിയനുസരിച്ച് ഫണ്ട് അനുവദിച്ച് മാതൃകാഗ്രാമങ്ങളാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അങ്ങ് ഇവിടെ തന്ന മറുപടിയിൽ വികസന ഏജൻസികളെക്കുറിച്ചും അതിനുള്ള ധനസഹായത്തെക്കുറിച്ചും പറയുന്നുണ്ട്. നെൽകൃഷി

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് 150 ലക്ഷം രൂപ വകയിരുത്തിയെന്ന് പറയുന്നുണ്ട്. ഈ വികസന ഏജൻസികളുടെ സ്വഭാവമെന്താണ്; ഇതിന്റെ വിശദീകരണക്കുറിപ്പിൽ ഏതാനും വികസന ഏജൻസികളുടെ പേരും പറയുന്നുണ്ട്. ഇതിന്റെ രൂപീകരണവും ഇപ്പോഴത്തെ പ്രവർത്തനവും ഏത് രൂപത്തിലാണ് നടന്നുവരുന്നത് ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, തുറവൂർ-ഓണാട്ടുകര നെൽകൃഷി വികസന ഏജൻസി പോലെ ഓരോ പ്രദേശത്തിനുവേണ്ടി പ്രത്യേക വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളതാണ് പ്രധാനം. തൃശ്ശൂർ പൊന്നാനി കോൾ വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി തൃശ്ശൂർ പൊന്നാനി കോൾ വികസന പദ്ധതിക്കുവേണ്ടി ഒരു അതോറിറ്റിയുണ്ടാക്കി. അതിന്റെ ബൈലോ പ്രകാരം തൃശ്ശൂർ എം.പി. ആണ് അതിന്റെ ചെയർമാനായിരിക്കേണ്ടതെങ്കിലും പൊന്നാനി എം.പി.-യെ വച്ചതിനെത്തുടർന്ന് പ്രതിസന്ധിയുണ്ടാകുകയും കോടതിയിൽ കേസ് വരികയും ചെയ്തു. അവസാനം ഗവൺമെന്റ് തൃശ്ശൂർ എം.പി.-യെ തന്നെ വീണ്ടും അതിന്റെ ചെയർമാനാക്കാൻ ഉത്തരവിട്ടിരിക്കുകയാണ്. വികസന ഏജൻസികളുടെ പ്രവർത്തനം ഏതെങ്കിലും സാങ്കേതിക കാരണങ്ങൾ കൊണ്ട് തടസ്സപ്പെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതിന് വ്യക്തമായിട്ടുള്ള മാർഗ്ഗനിർദ്ദേശം കൊടുത്ത്, എന്തിനുവേണ്ടിയാണ് ഏജൻസികൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്, അത് രാഷ്ട്രീയത്തിനതീതമായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. പി. ഉബൈദുള്ള : സർ, നമ്മുടെ സംസ്ഥാനത്തെ സർക്കാർ സീഡ് ഫാമുകളിൽ ഹെക്ടർ കണക്കിന് ഭൂമി പലപ്പോഴും തരിശായി കിടക്കുകയാണ്. സർക്കാർ സീഡ് ഫാമുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇവിടെ പലപ്പോഴും ഒരു വിള മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. കൂടുതൽ വിളകൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം പച്ചക്കറി കൂടി ഈ സീഡ്ഫാമുകളിൽ ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. കൃഷിവകുപ്പിന്റെ കീഴിൽ 64 ഫാമുകളുണ്ട്. ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ, പല ഫാമുകളിലും ധാരാളം ഭൂമി തരിശായി കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 64 ഫാമുകളെ പരിപൂർണ്ണമായും തരിശുരഹിതഫാമുകളാക്കി മാറ്റി ഉല്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. അതോടൊപ്പം ഒരുപൂ കൃഷി ചെയ്യുന്ന സീഡ് ഫാമുകളിൽ ഇരുപൂ കൃഷി ചെയ്യാൻ സാധ്യമാണോയെന്ന് പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, നെൽകൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനമായി എന്തെങ്കിലും സഹായപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ബസുമതിപോലെയുള്ള മുന്തിയഇനം നെല്ലുകൾ കൃഷി ചെയ്യുന്നതിനും അവ ബ്രാൻഡ് ചെയ്ത് രാജ്യാന്തര കമ്പോളങ്ങളിൽ വിൽക്കുന്നതിനും കർഷകരെ സഹായിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, 200-ൽ അധികം നെൽവിത്തുകളുണ്ടായിരുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ആ വൈവിദ്ധ്യം നഷ്ടപ്പെട്ടുപോയി. കമേഴ്സ്യൽ പർപ്പസിനായി ജ്യോതി, ഉമ തുടങ്ങിയ നെല്ലുകളാണ് നമ്മളിപ്പോൾ ഉല്പാദിപ്പിക്കുന്നത്. ഇത് നമ്മുടെ കോൾ പാടങ്ങളിൽ ധാരാളമായി ഉല്പാദിപ്പിക്കുന്ന നെല്ലിനങ്ങളാണ്. ഇതിനുപുറമെ നമ്മുടെ പരമ്പരാഗത നെല്ലിനങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പൊക്കാളി നെല്ല്, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസുമതി തുടങ്ങിയ ഔഷധമൂല്യമുള്ള ധാരാളം വിത്തിനങ്ങൾ നമ്മുടെ നാട്ടിൽ ഉല്പാദിപ്പിച്ചിരുന്നതാണ്. അത്തരം പരമ്പരാഗത വിത്തിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നേരത്തെ ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നതാണ്. ആ പദ്ധതി കുറച്ചുകൂടി ശക്തിപ്പെടുത്താൻ — ഉദ്ദേശിക്കുന്നുണ്ട്. അതിനുപുറമെ ബഹുമാനപ്പെട്ട അംഗം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർക്ക് നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ പലതും കാലഹരണപ്പെട്ടിട്ടും അതുതന്നെ തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. അതിന് കാലാനുസൃതമായ വർദ്ധനവ് വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിന് വ്യക്തത വരുത്തിയതിനുശേഷം പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, നെല്ല് സംഭരണത്തിന് സബ്സിഡിയടക്കം 21.50 രൂപയാണ് വില. എന്നാൽ മലബാർ മേഖലയിൽ സബ്സിഡി കൊടുക്കാതെ 14.10 രൂപയാണ് ഇതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. അതുതന്നെ പകുതിപ്പേർക്ക് മാത്രമേ നൽകിയിട്ടുള്ളൂ. ഈ പണം ലഭിക്കാത്തതുകൊണ്ട് അവർക്ക് ബാങ്കുകളിലുള്ള കടം വീട്ടാൻ സാധിക്കാതെ പലിശയും പിഴപ്പലിശയുമൊക്കെ വരികയാണ്. ഈ പണം വേഗം കൊടുക്കുവാനും ലോൺ തിരിച്ചടവ് കാലതാമസത്തിലെ പലിശ ഇളവുചെയ്തുകൊടുക്കുവാനും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ മന്ത്രിസഭയിലെ അംഗമായിരുന്നതുകൊണ്ട് കാര്യങ്ങൾ നേരിട്ടറിയാവുന്നതാണ്. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെൽകൃഷിക്കാർക്ക് 332 കോടി രൂപയും നാളികേര കൃഷിക്കാർക്ക് 58 കോടി രൂപയും കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് 59 കോടി രൂപയുമാണ് കൊടുക്കാൻ ബാക്കിവച്ചുപോയത്. ഈ

ഗവൺമെന്റ് വന്നശേഷം നെൽകൃഷിക്കാർക്ക് കൊടുക്കാനുള്ള തുക പരിപൂർണ്ണമായും കൊടുത്തുകഴിഞ്ഞു. അത് ട്രഷറിയിൽ നിന്ന് മാറി സഹകരണ ബാങ്കുകൾ വഴിയും മറ്റ് ബാങ്കുകൾ വഴിയും കൊടുക്കുന്നതിന്റെ സാങ്കേതിക തടസ്സങ്ങൾ മാത്രമാണ് ഇപ്പോൾ നിലനിൽക്കുന്നത്. സർക്കാർ കൊടുക്കേണ്ട പണം ട്രഷറിയിലേക്ക് കൈമാറിക്കഴിഞ്ഞു. ഈ ഗവൺമെന്റ് വന്നശേഷം ആദ്യമെടുത്ത തീരുമാനം കൃഷിക്കാർക്ക് പരിപൂർണ്ണമായി കൊടുക്കാനുള്ള തുക കൊടുക്കുകയെന്നതാണ്. അടുത്ത വർഷം മുതൽ കൃഷിക്കാർക്ക് "പാടത്ത് പണി വരമ്പത്ത് കൂലി" എന്നുപറയുന്നതുപോലെ കൃത്യമായി വില കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ : സർ, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളുടെ തീരപ്രദേശങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രധാനപ്പെട്ട, പൈതൃകകൃഷി എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ളതാണ് പൊക്കാളികൃഷി. പൊക്കാളികൃഷിയുടെ ജൈവപരമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് വിദേശങ്ങളിലേയ്ക്കെല്ലാം മാർക്കറ്റ് ചെയ്യുന്നതിനുള്ള ദൗത്യം തുടങ്ങിവച്ചിരുന്നു. അക്കാര്യം ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കണം. പൊക്കാളികൃഷി ഇന്ന് ഫലത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചെമ്മീൻ കൃഷിയുടെ ഭാഗമായാണ് അത് നടത്തിവരുന്നത്. ചെമ്മീൻ കൃഷി/മത്സ്യകൃഷി സ്വതന്ത്രമായി നടത്തുന്നതോടൊപ്പംതന്നെ ഒറ്റയ്ക്ക് നടത്തിയാൽ ലാഭകരമാകുന്ന ഒരു കൃഷി എന്നുള്ള നിലയ്ക്ക് പൊക്കാളികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ നേരത്തെ പറഞ്ഞതിൽ പരമ്പരാഗത നെൽവിത്തുകളിൽ/കൃഷി രീതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കൃഷിയാണ് പൊക്കാളികൃഷി. പൊക്കാളികൃഷി എറണാകുളം, തൃശ്ശൂർ ജില്ലകളിലാണ് പ്രധാനമായും ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് പൊക്കാളികൃഷിയുടെ വിസ്തൃതി ഗണ്യമായി താഴോട്ട് വന്നിരിക്കുകയാണ്. അത് തിരിച്ചുകൊണ്ടുവരാനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ മുൻകയ്യെടുത്ത് അദ്ദേഹത്തിന്റെ മേഖലയിൽ അതിനൊരു പദ്ധതി നേരത്തെ തയ്യാറാക്കിയതാണ്. ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഈ നിയമസഭാ സമ്മേളന കാലഘട്ടത്തിൽതന്നെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി പൊക്കാളികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഇന്ന് നെൽകൃഷി നേരിടുന്ന രണ്ട് പ്രശ്നങ്ങളിൽ ഒന്ന്, എല്ലാ കൃഷിസ്ഥലങ്ങളും നികത്തി ഫ്ലാറ്റുകൾ ആയിക്കഴിഞ്ഞു. രണ്ട്, വരവിന്റെ ഇരട്ടി ചെലവാണ്. അങ്ങേക്കുതന്നെ അറിയാവുന്നതാണ്, തൃശ്ശൂരിൽ മുമ്പൊക്കെ ഉണ്ടായിരുന്ന നെൽകൃഷിയുടെ മൂന്നിലൊന്ന് പോലും ഇപ്പോഴില്ല. അതാണ് പലയിടത്തേയും സ്ഥിതി. ഇതിന് ഗവൺമെന്റ് എന്ത് പരിഹാരമാണ് കാണുന്നത്. വരവിൽ കൂടുതൽ ചെലവ് ആണെങ്കിൽ ആർക്കും ഇതിൽ താൽപര്യം ഉണ്ടാകുകയില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഒരു ഹെക്ടർ നെൽകൃഷിക്ക് - ഏകദേശം 53,000 രൂപയാണ് കണക്കാക്കുന്നത്. ഗവൺമെന്റ് കൊടുക്കേണ്ട സഹായങ്ങൾ യഥാസമയത്ത് കൊടുക്കുകയാണെങ്കിൽ സാമാന്യം മെച്ചപ്പെട്ട നിലയിൽ കൃഷി കൊണ്ടുപോകാൻ കഴിയും. തൃശ്ശൂർ കോൾ മേഖലയിൽ സബ്സിഡിയും ആനുകൂല്യങ്ങളും കാലാനുസൃതമായി നൽകുകയാണെങ്കിൽ അവർക്ക് ലാഭവും നഷ്ടവുമില്ലാതെയെങ്കിലും കൊണ്ടുപോകാൻ കഴിയും. നെൽകൃഷി ചെയ്യുന്ന കൃഷിക്കാരുടെ കാര്യത്തിൽ അവർക്കുണ്ടാകുന്ന നഷ്ടം പൊതു സമൂഹം സഹിക്കാൻ തയ്യാറാകണം. ഇത് കൃഷിക്കാരന്റെ മാത്രം ഉത്തരവാദിത്തമല്ല. നെല്ലുത്പാദിപ്പിക്കുന്ന കൃഷിക്കാരന്, അവർ ചെയ്യുന്ന സർവ്വീസിന് പ്രത്യേകമായ ഒരു ആനുകൂല്യം കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതുകൊണ്ട് നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഏതൊക്കെ രീതിയിൽ അവർക്ക് സഹായം ചെയ്യാമോ അതെല്ലാം ഗവൺമെന്റ് ചെയ്യും. അങ്ങ് പറഞ്ഞ നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞുപോകാൻ കാരണം, നെൽ വയലുകൾ നികത്തി ഭൂമി പരിവർത്തനപ്പെടുത്തിയതാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം ശക്തിപ്പെടുത്തുക മാത്രമേ അതിന് പരിഹാരമാർഗ്ഗമുള്ളൂ. യാതൊരു ദാക്ഷിണ്യവുമില്ലാത്ത രീതിയിൽ അതിന് നടപടി സ്വീകരിക്കണം. 1,95,000 ഹെക്ടറായി നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞിരിക്കുകയാണ്. ഇനി ഒരിഞ്ച് ഭൂമിപോലും നെൽകൃഷിക്കല്ലാതെ ഉപയോഗിക്കാൻ കഴിയില്ല എന്ന കാര്യം ഉറപ്പുവരുത്തുകയും മൂന്ന് ലക്ഷം ഹെക്ടറിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. നമ്മുടെ ഭൂഗർഭ ജലസമ്പത്ത് കുറഞ്ഞുപോകുന്നതിന്റെയും അന്തരീക്ഷത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നതിന്റെയും പ്രധാനപ്പെട്ട കാരണം നെൽകൃഷി ഇവിടെ ഇല്ലാതായി പോയതാണെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, നെല്ല് ഉത്പാദകരുടെ പ്രധാന കേന്ദ്രമാണ് പാലക്കാട് ജില്ല. 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ആലത്തൂർ ആസ്ഥാനമായി ആരംഭിച്ച മോഡേൺ റൈസ് മിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അടച്ചുപൂട്ടി. അത് തുറക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ഈ ഗവൺമെന്റ് സന്നദ്ധമാണോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഗവൺമെന്റ് തലത്തിൽ ആരംഭിച്ച ആലത്തൂർ റൈസ് മിൽ പല കാരണങ്ങൾകൊണ്ട് പൂട്ടിപ്പോയി. ചേലക്കരയിലും ഇതുപോലെ ആരംഭിച്ചതാണ്. സർക്കാർ തലത്തിൽ ആരംഭിച്ച ഈ സ്ഥാപനങ്ങളെല്ലാം

പൂട്ടിപ്പോയതിനു കാരണം സർക്കാരിന്റെതന്നെ പിടിപ്പുകേടാണെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെല്ലാം പുനരുദ്ധരിക്കുന്നതിനും അത് കൃഷിക്കാർക്ക് ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ആലത്തൂർ റൈസ് മില്ലിന്റെ കാര്യത്തിൽ മുന്തിയ പരിഗണന നൽകിക്കൊണ്ട് അത് പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ് : സർ, കാർഷിക മേഖലയുടെ പ്രധാന പ്രശ്നം നമ്മുടെ കൃഷിക്കാരൊക്കെ വായ്പാ കുടിശ്ശികയിലാണെന്നുള്ളതാണ്. കൃഷിക്കാർ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നവരായി മാറുകയാണ്. ഈ കടം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വളരെ ദ്രുതഗതിയിൽ മുന്നോട്ടുപോകുകയാണ്. വായ്പാ കുടിശ്ശിക തിരിച്ചടക്കുന്നതിന് സമയം അനുവദിക്കുമോ; കുടിശ്ശിക പിരിച്ചെടുക്കുന്ന റിക്കവറി നടപടികൾ നിർത്തിവയ്ക്കുമോ; വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാൻ മോറട്ടോറിയം ഉൾപ്പെടെ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കാർഷിക കടാശ്വാസ കമ്മീഷൻ ഉണ്ടാക്കിയത് അതിന്റെകൂടി ഭാഗമായാണ്. അദ്ദേഹം പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. നമ്മുടെ ബാങ്കുകൾ സ്വർണ്ണം പണയപ്പെടുത്തി നാല് ശതമാനം പലിശയ്ക്ക് കൃഷിക്കാവശ്യമായി ലോൺ കൊടുക്കുന്ന ഒരു പരിപാടിയുണ്ട്. ഇത് കൃഷിക്കാർക്ക് കൊടുക്കുന്നതിന് പകരം ബാങ്കുകൾക്ക് തൽപരരായിട്ടുള്ളവർക്ക് കൊടുക്കുകയും കൃഷിക്കാരിലേക്ക് എത്തുന്നതിന് പകരം മറ്റ് പല ആളുകളിലേക്ക് എത്തുകയും അവർതന്നെ നാല് ശതമാനം പലിശയ്ക്ക് വാങ്ങിയ പണം ആ ബാങ്കിൽത്തന്നെ നിക്ഷേപിക്കുന്ന സംവിധാനം ഉണ്ടായിട്ടുണ്ട്. നിയമസഭയുടെ ഒരു കമ്മിറ്റിതന്നെ അത് പരിശോധിച്ച് കണ്ടെത്തുകയുണ്ടായി. വയനാട്ടിൽ കൃഷിക്കാർ ആത്മഹത്യ ചെയ്യാൻ ഇടയായ സാഹചര്യം പരിശോധിച്ചപ്പോൾ അവിടുത്തെ പല ബാങ്കുകളും സ്വർണ്ണം പണയപ്പെടുത്തി കൊണ്ട് കൃഷിക്കാർക്ക് എന്ന വ്യാജേന മറ്റ് പലർക്കും ലോൺ കൊടുക്കുകയാണ്. എന്നാൽ യഥാർത്ഥ കൃഷിക്കാർ ലോൺ ചോദിച്ചാൽ കൊടുക്കുകയില്ല. അതിന് പ്രധാനപ്പെട്ട കാരണം, ഇഞ്ചികൃഷിക്കുവേണ്ടി ഒരേക്കറിന് രണ്ട് ലക്ഷം രൂപയാണ് വേണ്ടിവരുന്നതെങ്കിൽ ലോൺ എമൗണ്ട് തീരുമാനിക്കുന്ന ടെക്നിക്കൽ കമ്മിറ്റി ബാങ്കിന്റെ താൽപര്യാർത്ഥം അത് അൻപതിനായിരമായി കുറയ്ക്കുകയാണ്. അങ്ങനെ വരുമ്പോൾ കൃഷിക്കാർക്ക് ആവശ്യമായ ലോൺ അവിടെ കിട്ടാതെ വരികയും അവർ മറ്റ് ആളുകളെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. അപ്പോൾ ടെക്നിക്കൽ കമ്മിറ്റികളിൽ ഇടപെട്ടുകൊണ്ട് കൃഷിക്കാരന്റെ ഉത്പാദന ചെലവ് എത്രയാണോ ആ ചെലവ് അനുസരിച്ചുള്ള തുക ബാങ്കുകൾ ലോൺ കൊടുക്കാനുള്ള തരത്തിൽ ലോണിന്റെ പരിധിയിൽ മാറ്റം വരുത്താൻ ഗവൺമെന്റ് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. എം. നൗഷാദ് : സർ, കൃഷി ലാഭകരമല്ലെന്ന ഒരു പ്രചരണമുണ്ട്. അതുപോലതന്നെ കൃഷിഭവനിൽ നിന്നും നൽകുന്ന വിത്തുകൾ ഫലപ്രദമായി മുളയ്ക്കുന്നില്ല. അത് സബ്സിഡി നിരക്കിൽ കൊടുക്കുന്നുവെന്നുള്ളതുകൊണ്ടുതന്നെ അത് വാങ്ങിക്കുന്ന ഗുണഭോക്താക്കൾ അത് കൊണ്ടുപോയി വീടുകളിൽതന്നെ വച്ചിരിക്കുകയാണ്. കൃഷിയിൽ താൽപര്യമുള്ള സർക്കാരിന്റെ ഒരാനുകൂല്യവും പറ്റാതെ സ്വന്തമായി കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് നേരിട്ട് ഇൻസെന്റീവ് നൽകാൻ ഉദ്ദേശമുണ്ടോ;

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സർക്കാരിന്റെ പണം വ്യവസ്ഥാപിതമായ ഒരു മാർഗ്ഗത്തിലൂടെ മാത്രമേ കൊടുക്കാൻ കഴിയൂ. വിത്തിന്റെ കാര്യത്തിലുള്ള അപാകതകൾ ഗവൺമെന്റ് പരിഹരിക്കുന്നുണ്ട്. കാരണം, വിത്ത് ഉത്പാദിപ്പിക്കുന്ന പല വിത്ത് അതോറിറ്റികളുടെയും വിത്തിനെപ്പറ്റി കൃഷിക്കാർക്ക് അവിശ്വാസം വന്നിട്ടുണ്ട്. അത് പരിഹരിക്കാൻവേണ്ടി നടപടി സ്വീകരിക്കണം. വി.എഫ്. പി.സി.കെ.-ക്ക് കൊടുക്കുന്ന വിത്തുകൾ നല്ല വിത്തുകളാണ്. എൻ.എസ്.സി.-യുടെ വിത്ത് നല്ല വിത്താണെന്ന് ഗവൺമെന്റ് പറയുകയാണ്. അതുകൊണ്ടുതന്നെ പലപ്പോഴും കൃഷിക്കാർ സീഡ് അതോറിറ്റിയുടെ വിത്ത് വാങ്ങാതെ മറ്റ് ഏജൻസികളുടെ വിത്ത് വാങ്ങുമ്പോൾ സബ്സിഡി കൊടുക്കില്ലെന്ന സ്ഥിതിവിശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നു. ഞങ്ങൾ അത് പുനഃസ്ഥാപിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതുപോലെ കൃഷിക്കാരന് അവന്റെ വിത്ത് തെരഞ്ഞെടുക്കാനുള്ള അവകാശവും അതിന്റെ സബ്സിഡി അവർക്ക് ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : കൃഷിക്കുവേണ്ടി ഇത്രയും ദീർഘമായ സമയം വിനിയോഗിക്കുകയും ധാരാളം അംഗങ്ങൾ സഭയിൽ സജീവമായി ചർച്ച ചെയ്യുകയും ചെയ്തത് സന്തോഷകരമാണ്.

## ഹരിത ട്രിബ്യൂണൽ ഉത്തരവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

4(*123) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഹരിത ട്രിബ്യൂണൽ ഉത്തരവ്, സംസ്ഥാനത്തെ ഗതാഗത മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സാധാരണ ജനങ്ങളുടെ സഞ്ചാരസൗകര്യത്തെ ഇത് ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യാനുള്ള പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ വിധി നടപ്പിൽ വരികയാണെങ്കിൽ ആയത് പൊതുഗതാഗത സംവിധാനത്തെയും, സാധാരണ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെയും പ്രതികൂലമായി ബാധിക്കും. ഏകദേശം 61000 ട്രാൻസ്പോർട്ട് വാഹനങ്ങളും, ഏകദേശം 40000 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും പൊതുനിരത്തിൽ നിന്നും ഉടനടി അപ്രത്യക്ഷമാകും. മേൽപ്പറഞ്ഞതിൽ സ്റ്റേജ് കാര്യേജുകളും ഉൾപ്പെടും. കേരളത്തിലെ പൊതുഗതാഗത സംവിധാനം പ്രധാനമായും ആശ്രയിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സുകളെയും, പ്രൈവറ്റ് സ്റ്റേജ് കാര്യേജുകളെയുമാണ്. നിലവിൽ കേരളത്തിലെ നിരത്തുകളിൽ സർവ്വീസ് നടത്തുന്ന ഏകദേശം 6600- ഓളം വരുന്ന സ്റ്റേജ് കാര്യേജുകളും പത്തോ, അതിലധികമോ വർഷം കഴിഞ്ഞതാണ്. ഈ വാഹനങ്ങൾ നിരത്തിൽനിന്നും അപ്രത്യക്ഷമാകുകയാണെങ്കിൽ പൊതുഗതാഗത സംവിധാനം ആകെ താറുമാറാകും. കൂടാതെ കോൺട്രാക്ട് കാര്യേജുകൾക്കും ടി ഉത്തരവ് ബാധകമായതിനാൽ അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രക്കാർക്കും യാത്ര ദുഷ്കരമായിത്തീരും

(സി) ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ വിധിക്കെതിരെ കെ.എസ്.ആർ.ടി.സി.യും കേരള സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനും വെവ്വേറെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 10-6-2016-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ദേശീയ ഹരിത ട്രിബ്യൂണൽ വിധി സ്റ്റേ ചെയ്തിരിക്കുകയാണ്. കേരള സർക്കാരും ട്രിബ്യൂണൽ വിധിക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ caveat petition നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വിധി സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ വിശദീകരിച്ചുകൊണ്ടും ഉചിതമായ നിലയിൽ ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും, ബഹുമാനപ്പെട്ട സംസ്ഥാന ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത വകുപ്പുമന്ത്രിക്കും

ബഹുമാനപ്പെട്ട കേന്ദ്ര പരിസ്ഥിതി വനം വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. ഈ വിഷയം സംസ്ഥാന ഗതാഗത വകുപ്പുമന്ത്രി കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങളുടെ അനിയന്ത്രിതമായ ബാഹുല്യം കാരണം മലിനീകരണം രൂക്ഷമായിവരുന്നു എന്നുള്ളത് സത്യമാണ്. ഹരിത ട്രിബ്യൂണൽ ഒരു വിധി പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും ഇതുതന്നെയാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന മലിനീകരണം ജനങ്ങളെ എത്രത്തോളം ബാധിക്കുന്നു എന്നും അതിന് എങ്ങനെയാണ് പരിഹാരം ഉണ്ടാക്കേണ്ടതെന്നും അതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ദേശീയ ഹരിത ട്രിബ്യൂണൽ കേരളത്തിലെ പരിസര മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുൻനിർത്തിയാണ് ഇത്തരത്തിൽ ഒരു വിധി പുറപ്പെടുവിക്കാൻ ഇടയായത് എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം ശരിയല്ല. വിപരീതമായ ഒരു അനുഭവമാണ് വിധിയിൽ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ മലിനീകരണ സ്ഥിതിയെക്കുറിച്ചുള്ള പഠന റിപ്പോർട്ടോ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള പരിസര മലിനീകരണം സംബന്ധിച്ച റിപ്പോർട്ടുകളോ താരതമ്യപ്പെടുത്താതെയും പരിശോധിക്കാതെയുമാണ് ഇത്തരത്തിലുള്ളൊരു വിധി ദൗർഭാഗ്യവശാൽ ഹരിത ട്രിബ്യൂണലിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പരിസര മലിനീകരണം ഇല്ലാതാക്കി ശുദ്ധവായുവും ശുദ്ധവെള്ളവും ജനങ്ങൾക്ക് നൽകുക എന്ന ഉദ്ദേശശുദ്ധിയോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. പരിസര മലിനീകരണം തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ ഗൗരവത്തിൽത്തന്നെ നടപ്പിലാക്കുന്നതാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, ഹരിത ട്രിബ്യൂണൽ വിധി നടപ്പിലാക്കേണ്ട സാഹചര്യം വന്നാൽ വൻകിടക്കാർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. ചെറുകിടക്കാരും ഇടത്തരക്കാരും വളരെയധികം ബുദ്ധിമുട്ടുകയാണ്. അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നത് താഴെത്തട്ടിലുള്ളവരായിരിക്കും. അതുപോലെത്തന്നെ വർക്ക്ഷോപ്പുകളെല്ലാം പൂട്ടുന്ന ഒരവസ്ഥയുണ്ടാകും. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്നൊരവസ്ഥ നമ്മുടെ മുന്നിലുണ്ടാകും. ഇക്കാര്യം മുന്നിൽ കണ്ടുകൊണ്ട് ഇതുസംബന്ധിച്ച് എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഈ വിധി നടപ്പിൽ വരുത്തുമ്പോൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നമുക്ക് താങ്ങാനാകാത്ത വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നുള്ളത്

വസ്തുതയാണ്. ഇത് കണക്കിലെടുത്തുകൊണ്ടുതന്നെ വരും നാളുകളിൽ പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്ന സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി മലിനീകരണ സാധ്യതകൾ വളരെ കുറവായ ഇന്ധനത്തിലേക്ക് വാഹനങ്ങൾ മാറ്റിക്കൊണ്ടുവരുന്ന നടപടിയിലേക്ക് സത്വരം നീങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ സി.എൻ.ജി. ഉപയോഗിച്ചുകൊണ്ടുള്ള ബസ്സുകൾ വാങ്ങുന്നതിനും സിറ്റി കേന്ദ്രീകൃത റൂട്ടുകളിൽ അത്തരം ബസുകൾ ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. ബഷീർ : സർ, ഹരിത ട്രിബ്യൂണലിന്റെ വിധി ഇവിടെ സൂചിപ്പിച്ചതുപോലെ ഓരോ ജഡ്ജുമാർക്ക് തോന്നുംപോലെ, വിഷയം പഠിക്കാതെയൊരു വിധിയാണെന്ന് പറയാതിരിക്കാൻ കഴിയില്ല. എല്ലാ വിഷയങ്ങളും പഠിച്ചിട്ടല്ലേ ഒരു ജഡ്ജ് വിധി പറയേണ്ടത്; പരിസര മലിനീകരണം ഒരു പ്രശ്നമാണ്. സംസ്ഥാനത്ത് ഏത് വാഹനങ്ങളും രജിസ്റ്റർ ചെയ്യുമ്പോൾ വാഹന പുക പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. കെ.എസ്.ആർ.ടി.സി. ഇങ്ങനെയൊരു വാഹന പുക പരിശോധന സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല. എൻജിൻ മാറ്റാനും മറ്റുമുള്ള ബുദ്ധിമുട്ടുകൾക്കെല്ലാം ഏഴ് ലക്ഷവും മറ്റുമൊക്കെ ചെലവുവരും. അതൊക്കെ ഒഴിവാക്കാം. പക്ഷേ വാഹന പുക പരിശോധന നടത്താൻ കെ.എസ്.ആർ.ടി.സി.-യെ പ്രേരിപ്പിക്കാൻ സർക്കാർ നടപടിയെടുക്കുമോ എന്നാണെന്റെ ചോദ്യം?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇത്തരം യാത്രാ വാഹനങ്ങളിൽ, പ്രത്യേകിച്ചും കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള യാത്രാ വാഹനങ്ങളിൽ പുക പരിശോധന നിർബന്ധമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ഇതിനകം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ വാഹനങ്ങൾക്ക് ആദ്യത്തെ ഒരു വർഷത്തിൽ ഒരു തവണയും വലിയ യാത്രാവാഹനങ്ങളുൾപ്പെടെ മറ്റെല്ലാ വാഹനങ്ങളും ഒരു വർഷത്തിൽ രണ്ടു തവണയും (6 മാസത്തിൽ ഒരു തവണ) യൂറോ IV വാഹനങ്ങൾ വർഷത്തിൽ ഒരു തവണയും പുക പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. അതിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി സെൻട്രലൈസ്ഡ് നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഹരിത ട്രിബ്യൂണലിന്റെ വിധി വന്നതിനുശേഷം ഈ ജൂൺ മാസത്തിലാണ് കർണ്ണാടകയിൽ ജൈവ ഇന്ധനങ്ങളിലേക്ക് വാഹനങ്ങൾ മാറിയിട്ടുണ്ടെന്നുള്ള റിപ്പോർട്ട് വന്നിട്ടുള്ളത്. താൽക്കാലികമായി വിധിക്ക് സ്റ്റേ കിട്ടിയിട്ടുണ്ടെങ്കിൽപ്പോലും, കേരളവും ഘട്ടംഘട്ടമായി ഇതിലേക്ക് മാറേണ്ടിവരുമെന്നുള്ളൊരു യാഥാർത്ഥ്യബോധത്തിലേക്ക് നമ്മൾ പോകേണ്ടിയിരിക്കുന്നു.

ഈ ഒരു സാഹചര്യത്തിൽ ജൈവ ഇന്ധനങ്ങൾ ഘട്ടംഘട്ടമായി ഉപയോഗിച്ച് വാഹനങ്ങൾ മുഴുവൻ അതിലേക്ക് മാറാനുള്ള വല്ല തീരുമാനങ്ങളും സർക്കാർ എടുത്തിട്ടുണ്ടോ; അതുപോലെതന്നെ ഡൽഹിയിലെല്ലാം വാഹനങ്ങളിൽ ഗ്യാസാണ് ഉപയോഗിക്കുന്നത്. ഗ്യാസ് ഉപയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഭാവിയിൽ വരാനിടയുള്ള ഉത്തരവിന്റെ പശ്ചാത്തലം കൂടി കണക്കിലെടുത്തുകൊണ്ടാണ് പതുക്കെപ്പതുക്കെ മലിനീകരണ തോത് കുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുകയെന്ന നിലപാടിലേക്ക് ഗവൺമെന്റ് എത്തിയിട്ടുള്ളത്. ആ നടപടിയുടെ ആദ്യ ഘട്ടമെന്നുള്ള നിലയിലാണ് ഇവിടെ സൂചിപ്പിച്ചതുപോലെ കൊച്ചി കേന്ദ്രീകൃതമായി സിറ്റി സർവ്വീസുകളിൽ സി.എൻ.ജി. ബസ്സുകൾ ഇറക്കി ആദ്യ പരീക്ഷണം നടത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നത്. ഘട്ടംഘട്ടമായി കോഴിക്കോടും തിരുവനന്തപുരത്തും പിന്നീട് ഹരിത ട്രിബ്യൂണൽ പറഞ്ഞ കണ്ണൂർ, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലാ കേന്ദ്രങ്ങളിലേക്കും ഈ പരിപാടി വ്യാപിപ്പിക്കുന്നതിന് ആയിരം ബസ്സുകൾ വാങ്ങുന്നതിനുള്ള വലിയ നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യത്തിലേക്ക് കേരളം നീങ്ങുന്നതിന്റെ ഭാഗമായിക്കൂടി ഈ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തുമെന്ന് അങ്ങേക്ക് ഉറപ്പുനൽകുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് (PUCC) കൊടുക്കുന്നത് സ്വകാര്യ ഏജൻസിയാണോ അതോ ഗവൺമെന്റ് ഏജൻസിയാണോ? അത് കൊടുക്കുന്നത് കാര്യക്ഷമമായും വിശ്വാസയോഗ്യവുമായിട്ടാണെന്ന് ഉറപ്പുവരുത്തി, അത് ഹരിത ട്രിബ്യൂണലിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ നമുക്ക് ഒരു പരിധിവരെ ഇതിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്ന അവസ്ഥയുണ്ടാകും.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, അത് ശരിയാണ്. കേരളത്തിൽ 500-ഓളം പുകപരിശോധന കേന്ദ്രങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ മിക്കവയും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പരിശോധനാ കേന്ദ്രങ്ങളാണ്. ആ പരിശോധനാ കേന്ദ്രങ്ങളിലെ നടത്തിപ്പ് മുതൽ അവർ കൊടുക്കുന്ന സർട്ടിഫിക്കറ്റ് വരെയുള്ള കാര്യങ്ങളിൽ ഒരു സെൻട്രലൈസ്ഡ് നിരീക്ഷണം ആവശ്യമാണെന്ന് കണ്ടതിനെത്തുടർന്ന് ഗവൺമെന്റ് അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടികളിലൂടെ ഹരിത ട്രിബ്യൂണലിനെ കേരളത്തിന്റെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്താൻ കഴിയുമെന്നും അതിലൂടെ ഈ പ്രശ്നത്തിന് ഒരളവോളം പരിഹാരം കാണാൻ കഴിയുമെന്നുമാണ് ഗവൺമെന്റ് കരുതുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റബ്ബർ വിലത്തകർച്ച

5 (*124) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലത്തകർച്ചമൂലം റബർ കർഷകർ നേരിടുന്ന പ്രതിസന്ധി അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) വിലത്തകർച്ച തടയാൻ മുൻസർക്കാരിന്റെ ഇടപെടൽ ഫലപ്രദമാകാതെ പോയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇറക്കുമതി നിയന്ത്രിക്കുന്നതിനും റബ്ബറൈസ്ഡ് ടാറിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഉണ്ട്. റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുരുതര പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ട്. റബ്ബർ കൃഷി പ്രധാന വരുമാന മാർഗ്ഗമായ സംസ്ഥാനത്തിന്റെ മലയോര മേഖലയിലെ സമ്പദ്ഘടനയെ റബ്ബർ വിലയിടിവ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടയർ ലോബിയുടെ സമ്മർദ്ദത്തിന് വഴങ്ങി കൂടുതൽ ഇറക്കുമതി അനുവദിക്കുന്ന നയമാണ് കേന്ദ്രസർക്കാർ തുടർന്നുവരുന്നത്. റബ്ബറൈസ്ഡ് ടാറിംഗ് ഉൾപ്പെടെ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

6 (*125) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി കരാറിൽ സംസ്ഥാനത്തെ ജനങ്ങളുടെ താത്പര്യത്തിന് വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയാകുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി ഉപജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ഏതു തരത്തിലുള്ള പുനരധിവാസമാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പുനരധിവാസത്തിൽ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും കരാർ നൽകിയിരിക്കുന്ന കമ്പനിയുടെ ഉത്തരവാദിത്വം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ചില ആശങ്കകളും പരാതികളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിന് തടസ്സം വരാത്തവിധം അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസ പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്.

(ബി) പദ്ധതി നിർമ്മാണംമൂലം പദ്ധതി പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്ന ചിപ്പിത്തൊഴിലാളികൾ, കരമടിത്തൊഴിലാളികൾ എന്നിവരുടെ തൊഴിൽ ബാധിക്കപ്പെടുമെന്ന് പദ്ധതിക്കായി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതിക അംഗീകാരത്തിനായി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ ഉപജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ധനസഹായം നൽകുന്നതിനും പദ്ധതി പ്രദേശത്തെ ചിപ്പി/ലോബസ്റ്റർ മത്സ്യത്തൊഴിലാളികൾക്കും കരമടി മത്സ്യ തൊഴിലാളികൾക്കും ധനസഹായത്തിന് പുറമെ കടലിൽപ്പോയി മത്സ്യബന്ധനം നടത്തുന്നതിനായി വള്ളം, വല മുതലായ ഉപകരണങ്ങൾ നൽകുന്നതിനും ശിപാർശ ചെയ്തിരുന്നു. പുരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതിയും (Livelihood Impact Appraisal Committee-LIAC) ബാധിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യക്കൂട് കൃഷിക്ക് (cage fishing) ധനസഹായം ശിപാർശ ചെയ്തിരുന്നു. എന്നാൽ ബാധിക്കപ്പെടുന്ന ചിപ്പിത്തൊഴിലാളികൾക്ക് മറ്റ് മത്സ്യബന്ധനത്തൊഴിലിൽ പ്രാവീണ്യം ഇല്ലാത്തതിനാലും പ്രായാധിക്യം കാരണം ബാധിക്കപ്പെടുന്ന കരമടിമത്സ്യത്തൊഴിലാളികൾക്ക് ഉൾക്കടൽ മത്സ്യബന്ധനം സാധ്യമല്ലാത്തതിനാലും അവരുടെ പുരധിവാസം ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ ധനസഹായമായി നൽകാൻ ആഭ്യർത്ഥിക്കുകയും സർക്കാർ ഇത് അംഗീകരിക്കുകയും ചെയ്തു. പദ്ധതിയുടെ നിർമ്മാണംമൂലം നേരിട്ട് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് സർക്കാർ 23.8 കോടി രൂപയുടെ നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പുനരധിവാസത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റേതാണ്.

(ഇ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ചുവടെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. <u>വലിയകടപ്പുറം ബീച്ച് ഉപയോഗിച്ച് കരമടി മത്സ്യബന്ധനം നടത്തുന്നവരുടെ പുനരധിവാസ നടപടികൾ:</u>

   വലിയകടപ്പുറം ബീച്ച് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന കരമടി ഉടമകളെയും കരമടിത്തൊഴിലാളികളെയും സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഇതിൽ അർഹരായവർക്കുള്ള നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

2. മുല്ലൂർ/സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരത്തിൽ പോയി ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ:

മുല്ലൂർ/സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിച്ച് ചിപ്പി/ ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരെ സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഇതിൽ അർഹരായവർക്കുള്ള നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മുല്ലൂർ/സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിക്കാതെ കരയിൽക്കൂടി ചിപ്പി/ ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരും, ചിപ്പി കച്ചവടം ചെയ്യുന്നവരും:

മുല്ലൂർ/സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിക്കാതെ കരയിൽക്കൂടി ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരെയും ചിപ്പി കച്ചവടം ചെയ്യുന്നവരെയും സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

4. പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ:

പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുവന്നവരെ സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് 5-7-2016-ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അംഗീകരിക്കുകയും അർഹരായ 122 മത്സ്യത്തൊഴിലാളികൾക്ക് 1-3-2016-ലെ സ.ഉ(കൈ)നമ്പർ 7/2016/മഉവ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

5. യന്ത്രം ഘടിപ്പിക്കാത്ത ബോട്ട്/കട്ടമരം ഉപയോഗിച്ച് പദ്ധതി പ്രദേശത്തും സമീപ പ്രദേശത്തും മത്സ്യബന്ധനം നടത്തുന്നവരെ കണ്ടെത്തുന്നതിനും അവർക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. യന്ത്രം ഘടിപ്പിച്ച ബോട്ട് ഉപയോഗിച്ച് പദ്ധതി പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നവർക്ക് നിർമ്മാണഘട്ടത്തിൽ താൽക്കാലിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് സാമ്പത്തിക സഹായത്തിന് Livelihood Impact Appraisal

Committee (LIAC) തയ്യാറാക്കിയ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. അർഹരായ ബോട്ട് ഉടമകളെ കണ്ടെത്തേണ്ടതുണ്ട്.

കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ചുവടെപ്പറയുന്ന അടിസ്ഥാന വികസന പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ മത്സ്യബന്ധന തുറമുഖം-വിഴിഞ്ഞത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള നിലവിലുള്ളതും 500 മീറ്റർ ബർത്തോടുകൂടിയ ഒരു പുതിയ മത്സ്യബന്ധന തുറമുഖം പദ്ധതി നിർമ്മാണത്തോടൊപ്പം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.
2. മത്സ്യസംസ്കരണശാല (Seafood Park) വിഴിഞ്ഞത്തെ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും അവിടെത്തന്നെ മൂല്യ വർദ്ധനവ് ഉണ്ടാക്കുന്നതിനും വേണ്ടി ഒരു Seafood Park കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കൃഷി ഉപജീവനമാക്കിയ കർഷകർ

7 (*126) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഉപജീവനമായി സ്വീകരിച്ചിട്ടുള്ള എത്ര കർഷകർ സംസ്ഥാനത്തുണ്ട് എന്നു കണക്കാക്കിയിട്ടുണ്ടോ; കൃഷി ഉപേക്ഷിച്ചു പോകുന്ന ഇത്തരം കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ചു നിറുത്തുന്നതിനായി എന്ത് പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 6831000 കൃഷിയിടങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന 18.77 ലക്ഷം കർഷകർ കൃഷി ഭവനുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 5 ലക്ഷത്തോളം കർഷകരെ ഇനി രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ട്.

കൃഷി ലാഭകരമാക്കുകയും തദ്വാര കർഷകരെ കാർഷിക രംഗത്ത് നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുവഴിയാണ് ഇത് സാദ്ധ്യമാക്കുന്നത്. (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനും കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്നതിനുമായി പ്രധാനമായും നെൽകൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി എന്നിവയും കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, ഹൈടെക് അഗ്രികൾച്ചർ പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിപണികളുടെ വികസനം, വിപണി ഇടപെടലിലൂടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയൽ, മൂല്യവർദ്ധിത പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന തെങ്ങ് ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി എന്നീ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

8 (*127) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും നയവ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാലയളവിലേക്ക് നിശ്ചയിച്ചിട്ടുള്ള നിർമ്മാണ ലക്ഷ്യം നിവവേറ്റാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന വിധം ഇത്തരം കരാറുകൾ നടപ്പാക്കണമെന്നാണ് സർക്കാരിന്റെ നയം.

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തിയാകാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാല് വർഷമാണ്. (2019 ഡിസംബർ 4) കൺസഷൻ കരാറിലെ Scheduled G പ്രകാരം 4 നാഴികക്കല്ലുകൾ (milestone) ആണ് നിർമ്മാണ പുരോഗതി വിലയിരുത്താനായി നിശ്ചയിച്ചിട്ടുള്ളത്. (365-ാം ദിവസം, 600-ാം ദിവസം, 900-ാം ദിവസം, 1460-ാം ദിവസം) പ്രസ്തുത നാഴികക്കല്ലുകൾക്ക് അനുസൃതമായി പദ്ധതിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ വിലയിരുത്തുന്നതാണ്. എന്നാൽ ഇടയ്ക്കിടെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട്. നിലവിൽ മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, ഭാഗികമായുള്ള dredging & reclamation എന്നിവ പൂർത്തിയാക്കി. ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം (150 മീറ്റർ പൂർത്തിയായി) പുരോഗമിക്കുന്നു.

**ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി**

9 (*128) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ സൗകര്യം പരിഗണിക്കുമ്പോൾ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് അവലോകനം ചെയ്തിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുക വഴി ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കാനും വാഹനപ്പെരുപ്പം നിയന്ത്രിക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) റോഡുവഴിയുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കില്ല എന്നതിനാൽ ജല ഗതാഗതവും റെയിൽ ഗതാഗതവും കൂടി ഫലപ്രദമായ നിലയിൽ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനപ്പെരുപ്പംമൂലമുള്ള അപകടങ്ങളും ഗതാഗതക്കുരുക്കും ഒഴിവാക്കുന്നതിനായി നിലവിലുള്ള റോഡുകൾ ഗതാഗതത്തിന് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ റോഡിലുള്ള വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് കരമാർഗ്ഗവും ജലമാർഗ്ഗവുമുള്ള പൊതുഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പൊതു ഗതാഗത മാർഗ്ഗങ്ങൾ കൂടുതൽ സൗകര്യപ്രദവും സുഗമവുമാക്കി ഒരേ ടിക്കറ്റ് ഉപയോഗിച്ച് എല്ലാത്തരം ഗതാഗത സംവിധാനങ്ങളിലും യാത്ര ചെയ്യാൻ കഴിയുക, റോഡ്, റെയിൽ, ജലഗതാഗത മാർഗ്ഗങ്ങൾ, പൊതുവായ ഏകീകൃത സമയക്രമം പാലിക്കുക തുടങ്ങിയവയ്ക്കുള്ള ആദ്യ പടിയായി ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ആധുനിക സംവിധാനത്തോടുകൂടിയ 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകളും 18 മൾട്ടി ആക്സിൽ സ്കാനിയാ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കെ.യു.ആർ.ടി.സി. എന്ന സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിച്ച് 190 ലോഫ്ലോർ എ.സി. ബസ്സുകളും 413 സെമി ലോഫ്ലോർ നോൺ എ.സി. ബസ്സുകളും ഉൾപ്പെടെ 603 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ജൻറം രണ്ടാം ഘട്ട പദ്ധതിയിൽ ലഭിക്കാനുള്ള 117 ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന മെട്രോ പോലുള്ള പൊതു ഗതാഗത സംവിധാനങ്ങൾക്ക് ജനങ്ങളുടെ യാത്രാ പ്രശ്നങ്ങളും റോഡിലുള്ള വാഹനപ്പെരുപ്പവും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും.

(സി) പരിസ്ഥിതി സൗഹൃദവും ചിലവുകുറഞ്ഞതുമായ യാത്രാമാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതുകൂടി പൊതു ഗതാഗത സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിലൂടെ ഉദ്ദേശിക്കുന്നു. ഒരേ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാൻ കഴിയുന്ന പൊതുവായ സമയക്രമം പാലിക്കുന്ന, സൗകര്യപ്രദമായ സംയോജിത ഗതാഗത സംവിധാനം ഒരുക്കുന്നതിന് കൊച്ചി മെട്രോ മുഖേന ശ്രമിക്കുന്നുണ്ട്.

ജലമാർഗ്ഗം മുഖേനയുള്ള ഗതാഗതം ഫലപ്രദമായ രീതിയിൽ വിപുലീകരിക്കുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിനായി ജല മാർഗ്ഗം വഴി എളുപ്പം ബന്ധിപ്പിക്കാവുന്ന റൂട്ടുകൾ കേന്ദ്രീകരിച്ച് ഫെറി സർവ്വീസുകൾ, സർക്കുലർ സർവ്വീസുകൾ എന്നിവ

ഫലപ്രദമായി നടത്തിവരുന്നു. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ ജലമാർഗ്ഗേണ ഏകദേശം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള മൂന്ന് ഫെറിയായി വകുപ്പ് സർവ്വീസ് നടത്തിവരുന്നു. ഫോർട്ട് കൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം ജില്ലയുമായി ബന്ധപ്പെടുന്നതിന് ഈ റൂട്ടിൽ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തുന്ന സർക്കുലർ സർവ്വീസ് സഹായിക്കുന്നു. പ്രതിദിനം ഏകദേശം 15000-20000 യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. വൈറ്റില-കാക്കനാട് സർവ്വീസ് മുഖാന്തരം ഇൻഫോപാർക്ക് തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രക്കാർക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് ഏകദേശം 20 മിനിറ്റുകൊണ്ട് ജലമാർഗ്ഗേണ യാത്ര പൂർത്തിയാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ കടമക്കുടി ദ്വീപ് നിവാസികൾക്ക് പ്രയോജനകരമായ രീതിയിൽ എറണാകുളം-വരാപ്പുഴ സർവ്വീസ് കാര്യക്ഷമമായി നടത്തിവരുന്നു. വൈക്കം-എറണാകുളം, കോട്ടയം-കുമരകം ദീർഘദൂര സർവ്വീസുകൾ പുതിയ ഹൈസ്പീഡ് ബോട്ട് ഉപയോഗിച്ച് സർവ്വീസ് നടത്തി ജലഗതാഗത മേഖല വികസിപ്പിക്കുന്നതിനും, തദ്വാര റോഡ് ഗതാഗത തിരക്ക് കുറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നു.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

10 (*129) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്നും ഇതിനായി എന്തെങ്കിലും തുക വിനിയോഗിച്ചിരുന്നോ എന്നും അറിയിക്കാമോ;

(ബി) കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ തുറമുഖങ്ങളെ വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ രൂപരേഖയും മാസ്റ്റർ പ്ലാനും വ്യക്തമാക്കാമോ;

(ഡി) ഇതേ പദ്ധതി തന്നെ സാഗരമാല എന്ന പേരിൽ പുതുതായി അവതരിപ്പിച്ചിരുന്നോ; എങ്കിൽ സാഗരമാല പദ്ധതിയുടെ വിശദാംശവും അതിനായി മുൻ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങളും അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടം 9-11-2013-ന് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 29 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ബേപ്പൂർ തുറമുഖത്തിൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റീച്ച്സ്റ്റാക്കർ വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചുമാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലത്ത് ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിൽ നബാർഡ് സഹായത്തോടെയുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നുണ്ട്.

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിക്കായി ചരക്ക് സബ്സിഡി നൽകാനായി 2011-12 സാമ്പത്തിക വർഷം 86,000 രൂപയും 2012-13-ൽ 1,00,00,000 രൂപയും 2013-14-ൽ 2,24,14,175 രൂപയും 2014-15-ൽ 3,73,33,179 രൂപയും 2015-16-ൽ 50,32952 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

കൊല്ലം:

വിദേശരാജ്യങ്ങളിൽ നിന്നും വരുന്ന കണ്ടെയ്നർ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും കൊല്ലം തുറമുഖത്ത് നിലവിൽ ലഭ്യമാണ്. ആയതിലേക്കായി ക്രെയിൻ, റീച്ച്സ്റ്റാക്കർ, ഫോർക്ക് ലിഫ്റ്റ്, ടഗ്ഗ്, ഇ.ഡി.ഐ., സി.സി.ടി.വി. ക്യാമറ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം തുറമുഖ വികസനത്തിനായി ഡിലോയിറ്റ് എന്ന കൺസൾട്ടന്റ് ഫീസിബിലിറ്റി സ്റ്റഡിയും കിറ്റ്കോ മാസ്റ്റർ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ടി. മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ 21 കോടി രൂപ മുതൽ മുടക്കിൽ ഒരു പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പുരോഗമിക്കുന്നു.

കൊടുങ്ങല്ലൂർ:

കൊടുങ്ങല്ലൂർ തുറമുഖത്ത് ഉൾനാടൻ ജലയാനബന്ധം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാംഘട്ട വികസനത്തിനായി 46 കോടി രൂപയുടെ പദ്ധതിയാണ് കൺസൾട്ടന്റായ കിറ്റ്കോ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ ഭാഗമായി മണ്ണുമാന്തൽ തുടങ്ങിക്കഴിഞ്ഞു.

ബേപ്പൂർ:

നിലവിൽ ലക്ഷദ്വീപിലേക്കുള്ള ചരക്ക്, യാത്രാക്കപ്പൽ കൈകാര്യം ചെയ്യുന്നതിനായി പ്രധാനമായും ആശ്രയിക്കുന്നത് ബേപ്പൂർ തുറമുഖത്തെയാണ്. ആയതിനാൽ ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപ് ഭരണകൂടത്തിനായി 200 മീറ്റർ നീളമുള്ള വാർഫ് നിർമ്മാണത്തിന് പദ്ധതിയുണ്ടായിരുന്നുവെങ്കിലും കേന്ദ്രവികസന ഫണ്ടിന്റെ അപര്യാപ്തതമൂലം നിർമ്മാണം ആരംഭിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. ബേപ്പൂർ തുറമുഖത്തിന്റെ ഉപയോഗത്തിലേക്കായി ഒരു ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ഡി) ഇല്ല.

**രാഷ്ട്രീയ കൃഷി വികാസ് യോജന**

11 (*130) ശ്രീ. പി. വി. അൻവർ :
ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീ. എം. എം. മണി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) റബ്ബർ അടക്കമുള്ള കാർഷികോല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിക്കുന്നതിനും വിലസ്ഥിരതയ്ക്കുമായി കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളും അതിന്റെ ഫലപ്രാപ്തിയും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേന്ദ്ര സർക്കാർ കാർഷിക മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ താഴെപ്പറയുന്ന കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നതിന് 60% കേന്ദ്രവിഹിതം ലഭ്യമാക്കുന്നു. 40% സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ കണ്ടെത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

- നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (NHM) (ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം)
- പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി (ERCN), സബ്മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാന്റിംഗ് മെറ്റീരിയൽ പദ്ധതി (SMSP) (അത്യുൽപ്പാദനശേഷിയും ഗുണമേന്മയുമുള്ള നെൽ വിത്തുകളുൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വിതരണം)
- ദേശീയ ബയോഗ്യാസ് പദ്ധതി (NBMMP) (പരിസ്ഥിതിക്കിണങ്ങുന്ന പാചകവാതകം ലഭ്യമാക്കൽ)
- ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (NFSM) നെല്ല്, പയർ (നെൽകൃഷി മേഖലയുടെയും പയർകൃഷി മേഖലയുടെയും സമഗ്രവികസനം)
- ആത്മ പദ്ധതി (SMAE) (നൂതന കാർഷിക വിജ്ഞാന വ്യാപന പ്രവൃത്തികൾ)
- നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (NMOOP) (എണ്ണപ്പന കൃഷിയുടെ വ്യാപനം)
- പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനം, പി.ജി.എസ്. സർട്ടിഫിക്കേഷൻ)

- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (എല്ലാ കൃഷിയിടങ്ങൾക്കും ജലലഭ്യത ഉറപ്പാക്കൽ)
- മണ്ണിന്റെ ആരോഗ്യ പരിപാലനം (മണ്ണിന്റെ ആരോഗ്യ സുരക്ഷ, സോയിൽ ഹെൽത്ത് കാർഡ് പദ്ധതി)
- സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) (കൃഷി ലാഭകരമാക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം)
- റെയിൻഫെഡ് ഏരിയ ഡവലപ്മെന്റ് പദ്ധതി (RAD) (കാർഷിക അനുബന്ധ മേഖല ഉൾപ്പെടെയുള്ള സമഗ്രമായ വൃഷ്ടിപ്രദേശ വികസനം)
- രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (കാർഷിക മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനത്തിലൂടെ ഉദ്ദേശിക്കുന്ന വളർച്ചാനിരക്ക് കൈവരിക്കൽ)

(ബി) കേരളത്തിലെ കാർഷിക വിളകളിൽ നെല്ലിനും കൊപ്രയ്ക്കുമാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും വിലസ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 1217 പദ്ധതികൾക്ക് അനുമതി നൽകുകയും അതിൽ 1051 പദ്ധതികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന പദ്ധതികളിൽ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെ പ്രവർത്തനവും കൃഷി (പി.പി.എം.-സെൽ) മുഖാന്തരം അവലോകനം ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെ വിശദാംശങ്ങളും അതിന്റെ ഫലപ്രാപ്തിയും ദ്വൈവാര അടിസ്ഥാനത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ വെബ്സൈറ്റായ 'www.rkvy.nic.in' ൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**ജൈവ കൃഷി**

12 (*131) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങൾക്ക് ഹോർട്ടികോർപ്പ് വഴിയോ കൃഷിവകുപ്പ് നേരിട്ടോ പ്രത്യേക വിപണി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജൈവകൃഷിയിലേർപ്പെടുന്ന സംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും കൃഷിയിടത്തിൽ തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനും നല്ല കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്ത ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് പ്രത്യേക പായ്ക്കിംഗ് ലേബലോടുകൂടി വിൽപന നടത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ GAP (Good Agriucultural Practices) സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരള മുഖേന PGS (Participating Guaranty System) സർട്ടിഫിക്കേഷൻ ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്. ഇതുവഴി ജൈവോത്പന്നങ്ങളുടെ ഗുണനിലവാരവും ഉയർന്ന വിലയും ഉറപ്പാക്കാം. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സുരക്ഷിത ഭക്ഷ്യോൽപ്പാദന പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മുഖേന സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനികളുടെ തോത് പരിശോധിച്ച് പരസ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 40 ഇക്കോഷോപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് ഓണം സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി വിഷരഹിത പച്ചക്കറികൾ ലഭ്യമാകും. ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിവിധ ഏജൻസികൾ വഴി സംഭരിച്ച് ഓണച്ചന്തകൾ വഴി വിറ്റഴിക്കുന്നതാണ്. കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും ചെയ്യുന്നതാണ്. വിവിധ പദ്ധതികളിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ ശക്തിപ്പെടുത്തുന്നതുമാണ്.

(സി) ജൈവകൃഷി ചെയ്യുന്ന ക്ലസ്റ്ററുകൾക്ക് (15 മുതൽ 25 ഹെക്ടർ സ്ഥലത്ത്) 75,000 രൂപ വീതം സാമ്പത്തിക സഹായം നൽകും. മണ്ണിര കമ്പോസ്റ്റിന് 7500 രൂപ വീതവും റൂറൽ കമ്പോസ്റ്റിന് യൂണിറ്റിന് 5000 രൂപ വീതവും ധനസഹായം നൽകി വരുന്നു.

**ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി**

13 (*132) ശ്രീ. വി. ടി. ബൽറാം :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളിൽ പഞ്ചവത്സരപദ്ധതി ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ&ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് പഞ്ചവൽസര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള വികസന പദ്ധതികൾ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങളേയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി/ പട്ടികവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, പാരമ്പര്യ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർ) പ്രത്യേകം പരിഗണിച്ചുകൊണ്ട് സുസ്ഥിരമായ, ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് പഞ്ചവൽസര പദ്ധതികൾ നടപ്പിലാക്കുന്നത്. സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവ ചെയ്യുന്ന പ്രവർത്തനങ്ങൾ

അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നു. സംസ്ഥാനത്തിന്റെ പൊതുവികസനം, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളുടെ കാര്യക്ഷമതയും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാടും കൂടി അനുസരിച്ചായിരിക്കുമെന്നതും പഞ്ചവൽസര പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. പഞ്ചവൽസര പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, മാനവ വികസനം, ജീവിത ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനം, സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ, സാമൂഹ്യ നീതി, ആസ്തി പരിപാലനം എന്നീ മേഖലകൾക്ക് മുൻഗണന നൽകുന്നു. പഞ്ചവൽസര പദ്ധതി രേഖയ്ക്ക് താഴെപ്പറയുന്ന മൂന്ന് ഭാഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(i) ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും: ഓരോ വിഷയമേഖല സംബന്ധിച്ചും ദീർഘവീക്ഷണ കാഴ്ചപ്പാട്, മുൻഗണനകൾ എന്നിവ ഈ ഭാഗത്ത് പ്രതിപാദിക്കണം.

(ii) വിഭവസ്രോതസ്സുകളും വകയിരുത്തലുകളും: ഓരോ വർഷവും പ്രതീക്ഷിക്കുന്ന എല്ലാ വിഭവ സ്രോതസ്സുകളും അവയുടെ വകയിരുത്തലുകളുമാണ് ഈ ഭാഗത്ത്. ആയതിലേക്ക് ആദ്യ വർഷത്തിന്റെ ഫണ്ടിന്റെ 15% വിഹിതം ഓരോ വർഷവും അധികം ലഭിക്കുമെന്ന് കണക്കാക്കി പഞ്ചവൽസര പദ്ധതി അടങ്കൽ തുക നിശ്ചയിക്കാവുന്നതാണ്.

(iii) പ്രോജക്ടുകളുടെ സംഗ്രഹം: അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹം (Shelf of Projects) വർഷം തിരിച്ചും മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കണം.

(സി) മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതിനുതകുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ (16-11-2013-ലെ സ.ഉ (എംഎസ്.) നമ്പർ 362/2013/തസ്വഭവ) 11-1-2016-ലെ സ.ഉ.(എംഎസ്.)നമ്പർ. 04/2016/തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പദ്ധതികൾ തയ്യാറാക്കി ആവശ്യമായ അംഗീകാരം നേടിയശേഷം വിജയപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ മാസത്തിലും രണ്ടാമത്തെയും നാലാമത്തെയും ബുധനാഴ്ചകളിൽ നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ളപക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു.

## ചരിത്രസ്മാരകങ്ങളും പൈതൃക സമ്പത്തും

14 (*133) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും അധികാരികളുടെ അനാസ്ഥമൂലം നശിച്ചു കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ചരിത്രസ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പുരാവസ്തു-പൈതൃക കേന്ദ്രങ്ങൾ സംരക്ഷിച്ചുകൊണ്ട് വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമോയെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണവും, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പുരാവസ്തു വകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണുള്ളത്. ഇവയെ പുരാവസ്തു വകുപ്പിന് ലഭ്യമായ ഫണ്ടിന്റെയും ഉദ്യോഗസ്ഥരുടെയും അടിസ്ഥാനത്തിൽ സംരക്ഷിച്ചുവരുന്നു. 1968-ലെ കേരള

പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972-ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും സംരക്ഷിക്കുന്നുണ്ട്. ചരിത്ര, സാംസ്കാരിക, പൈതൃക മൂല്യങ്ങൾ പരിഗണിച്ചും 100 വർഷത്തിൽ കൂടുതൽ കാലങ്ങളായി നിലനിൽക്കുന്നതുമായ സവിശേഷത പരിഗണിച്ചുമാണ് ഇവ സംരക്ഷിച്ചുപോരുന്നത്. കൂടാതെ എല്ലാ ജില്ലകളിലുമുള്ള പൗരാണിക സവിശേഷതകളുടെ ജില്ലാതല പുരാവസ്തു പൈതൃകമ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 8 ജില്ലകളിൽ മ്യൂസിയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചരിത്രസ്മാരകങ്ങളും പൈതൃകസമ്പത്തും ഭാവിതലമുറയ്ക്കായി സംരക്ഷിക്കുന്നതിന് ഉതകുന്നവയാണ്.

(ഡി) സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പിൽ അർപ്പിതമായ കർത്തവ്യം. സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാലിന്യ സംസ്കരണ പദ്ധതികൾ**

15 (*134) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള മാലിന്യസംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്ലാസ്റ്റിക്കും, ഇ - മാലിന്യവും പ്രത്യേകം സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഓരോ പ്രദേശത്തിന്റെ പ്രത്യേകതയും ആവശ്യകതയും കണക്കിലെടുത്ത് ഗാർഹിക മാലിന്യ സംസ്കരണത്തോടൊപ്പം ബയോഗ്യാസ് കൂടി ഉൽപാദിപ്പിക്കാൻ കഴിയുന്ന പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്നു വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) പര്യാപ്തമല്ല. നിലവിൽ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളൂ. സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി തദ്ദേശ ഗവൺമെന്റ് തലത്തിൽ കൂടുതൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ശുചിത്വമിഷൻ മുഖേന സ്വീകരിച്ച് വരുന്നു.

(ബി) പ്ലാസ്റ്റിക്, ഇ-മാലിന്യം തുടങ്ങിയ അജൈവമാലിന്യങ്ങളുടെ തരം തിരിച്ചുള്ള സംഭരണം, പുനഃചംക്രമണത്തിന് കൈമാറൽ എന്നിവ സംബന്ധിച്ച് ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) ഗാർഹിക കമ്മ്യൂണിറ്റി തലങ്ങളിൽ സർക്കാർ സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**കെ.എസ്.ആർ.ടി.സി.**

16 (*135) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ബസ്സുകൾ വാങ്ങുന്നതിനായി നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് കെ.എസ്.ആർ.ടി.സി. പാലിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2006-2011, 2011-2016 എന്നീ കാലയളവുകളിൽ എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്നും അതാതു കാലയളവിൽ ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് വാങ്ങിയ ബസ്സുകളുടെ ഷാസികൾ തുറസ്സായ സ്ഥലത്തു കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുമൂലം കട്ടപ്പുറത്തിരിക്കുന്ന ബസ്സുകളെ സംബന്ധിച്ച പരിശോധനയും പരിഹാര നടപടികളും ഉണ്ടാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) കേരള ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന വാഹന നിർമ്മാതാക്കളിൽ നിന്നാണ് ബസ്സ് ഷാസ്സികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ദർഘാസം ക്ഷണിച്ച് വാങ്ങുന്നത്.

1. ദർഘാസ് ഫീസും നിരതദ്രവ്യവും ഓൺലൈൻ പേമെന്റ് മുഖേന അടയ്ക്കേണ്ടതാണ്.

2. Registered Heavy Vehicle Chassis Manufacturer ആയിരിക്കണം.

3. ദർഘാസിൽ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യപ്രകാരമുള്ള ഷാസ്സികൾക്ക് ARAI (Automobile Research Association of India) അംഗീകാരം ഉണ്ടായിരിക്കണം.

4. 222"-232" Wheel Base-കളുള്ള 2000-ൽ കൂടുതൽ എണ്ണം ഷാസ്സികൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇൻഡ്യയിലുള്ള ഒന്നോ അതിലധികമോ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സിന് നൽകിയിരിക്കണം.

5. ബസ്സ് ഷാസ്സികൾക്ക് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന കാലയളവുവരെ വില സ്ഥിരത ഉണ്ടായിരിക്കണം.

6. ദർഘാസിൽ വാഗ്ദാനം ചെയ്ത തരത്തിലുള്ള ബസ്സ് ഷാസ്സികൾ കെ.എസ്.ആർ.ടി.സി.-യുടെ സാങ്കേതിക ഉദ്യോഗസ്ഥരുടെ കമ്മിറ്റിയുടെ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കി യോഗ്യത നേടണം.

(ബി) 2006-2011 കാലയളവിൽ പർച്ചേസ് ഓർഡർ നൽകിയ

| | | |
|---|---|---|
| Volvo A/C Buses | - | 3 എണ്ണം |
| Tata A/c Buses | - | 20 എണ്ണം |
| Vestibule Bus | - | 1 എണ്ണം |
| Double Decker Bus | - | 2 |

എണ്ണം എന്നിങ്ങനെ ആകെ 26 പൂർണ്ണ നിർമ്മിത ബസ്സുകളും 2699 ഷാസ്സികളും ഉൾപ്പെടെ ആകെ 2725 എണ്ണത്തിന് ഓർഡർ നൽകിയതിൽ 30 ഷാസ്സികൾ ഒഴിച്ച് 2695 എണ്ണം 2006-2011 കാലയളവിൽത്തന്നെ നിരത്തിൽ

ഇറക്കുകയുണ്ടായി. കൂടാതെ ജൻറം പദ്ധതിയിൽപ്പെടുത്തി 320 പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ 212 എണ്ണം 2006-2011 കാലയളവിൽ നിരത്തിൽ ഇറക്കുകയുണ്ടായി. 2011-2016 കാലയളവിൽ ജൻറം പദ്ധതിയിൽപ്പെട്ട മേൽപ്പറഞ്ഞ പർച്ചേസ് ഉത്തരവുകളിൽ ബാക്കിയായ 108 (320-212) പൂർണ്ണ നിർമ്മിത ബസ്സുകളും 30 ഷാസ്സികളിൽ ബോഡി നിർമ്മിച്ചും നിരത്തിലിറക്കുകയുണ്ടായി.

2011-16 കാലയളവിൽ 2500 ഷാസ്സികൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ ലഭ്യമായ 2469 ഷാസ്സികളിൽ 2016 മേയ് വരെ 1937 ബസ്സുകൾ ബോഡി നിർമ്മിച്ച് നിരത്തിലിറക്കി. കൂടാതെ 10 വോൾവോ മൾട്ടി ആക്സിൽ ബസ്സുകളും 18 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകളും നിരത്തിൽ ഇറക്കുകയുണ്ടായി.

2011-2016-ൽ ജൻറം പദ്ധതിയിൽപ്പെടുത്തി 400 പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ ലഭിച്ച 283 ബസ്സുകൾ നിരത്തിൽ ഇറക്കി. അങ്ങനെ ആകെ 2248 ബസ്സുകൾ 2011-2016-ൽ നിരത്തിലിറക്കിയിട്ടുണ്ട്.

(സി) 511 ബസ്സുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. എന്നാൽ ഇവ നശിച്ചുകൊണ്ടിരിക്കുന്നു എന്ന വാദം ശരിയല്ല.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ജൻറം ബസ്സുകൾക്ക് രൂപീകരിച്ച കോർപ്പറേഷൻ**

17 (*136) ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ജൻറം ബസ്സുകൾക്ക് പുതിയ കോർപ്പറേഷൻ രൂപീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോർപ്പറേഷൻ വഴി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) എന്ന പേരിൽ മുൻ സർക്കാരിന്റെ കാലത്ത് ജൻറം ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറിയായി ഒരു പുതിയ കോർപ്പറേഷൻ രൂപീകരിച്ചിരുന്നു.

(ബി) Government of India-യുടെ നഗര വികസന മന്ത്രാലയത്തിൻ കീഴിലുള്ള ജൻറം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭ്യമാക്കി കേരളത്തിലെ നഗരങ്ങളിലെ പൊതു റോഡ് ഗതാഗതം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തുക, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ച് കേരളത്തിലെ നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് കെ.യു.ആർ.ടി.സി.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വഴി നിലവിൽ 603 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 413 സെമി ലോ ഫ്ലോർ നോൺ എ.സി. ബസ്സുകളുമാണുള്ളത്.

**അധികാര വികേന്ദ്രീകരണ, ജനാധിപത്യ ശാക്തീകരണ പ്രവർത്തനങ്ങൾ**

18 (*138) ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അധികാര വികേന്ദ്രീകരണ, ജനാധിപത്യ ശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളം ദേശീയതലത്തിൽ ഒന്നാമത് എത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് കേരളത്തിന് ദേശീയ തലത്തിൽ അംഗീകാരങ്ങൾ ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതു ലഭിക്കാൻ ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) സംസ്ഥാന സർക്കാരുകൾ പഞ്ചായത്തീരാജിന്റെ ശാക്തീകരണത്തിൽ പുലർത്തുന്ന ശുഷ്കാന്തി വിലയിരുത്തുന്നതിനും അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം 2005-06 മുതലാണ് അവാർഡും ഗ്രാന്റും ഏർപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ കണക്കിലെടുത്ത് 2009-10, 2010-11 വർഷങ്ങളിൽ കേരളത്തിന് ഈ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 2014-15, 2015-16 വർഷങ്ങളിലും കേരളം ഈ നേട്ടം നിലനിർത്തി.

(ബി) പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പ്, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ പിരിച്ചുവിടാനോ മാറ്റാനോ ഉള്ള നിയമം, ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ ഘടന, അവയുടെ പ്രവർത്തനം, പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെ പ്രവർത്തനം, പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള അധികാരത്തിന്റെ വ്യാപ്തി, കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകളുടെ പങ്ക്, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണം, അവയുടെ റിപ്പോർട്ടിന്മേൽ എടുത്ത നടപടികൾ, സംസ്ഥാന ബഡ്ജറ്റിൽ നിന്നും പഞ്ചായത്തുകൾക്ക് കൈമാറുന്ന ഫണ്ടിന്റെ അളവ്, ടാക്സ്, ഡ്യൂട്ടി തുടങ്ങി തനതുവരുമാനം സ്വരൂപിക്കുന്നതിനുള്ള പഞ്ചായത്തുകളുടെ അധികാരം, പഞ്ചായത്തുകളുടെ ചെലവ്, പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ്, ആഡിറ്റ് സംവിധാനങ്ങൾ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥ, ഗ്രാമസഭകളുടെ പ്രവർത്തനം, പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനം, പഞ്ചായത്തുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പഞ്ചായത്തുകളിൽ ലഭ്യമായ ഉദ്യോഗസ്ഥന്മാരുടെ എണ്ണം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്ന പരിശീലനം, പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം, പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ആധുനികവൽക്കരണം തുടങ്ങിയ മേഖലകളിൽ കൈവരിച്ച മികവ് കണക്കിലെടുത്താണ് കേരളത്തിന് അവാർഡ് ലഭിച്ചത്.

(സി) അനിവാര്യ ചുമതലകൾ, വിഭവങ്ങൾ, ജീവനക്കാർ എന്നിവയ്ക്കൊപ്പം വ്യക്തമായ ചട്ടക്കൂടും തയ്യാറാക്കിയ സംസ്ഥാനങ്ങളെ തെരഞ്ഞെടുക്കുകയായിരുന്നു ആദ്യഘട്ടത്തിൽ. തുടർന്ന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പദ്ധതികളും വിഭവ കൈമാറ്റവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലോകത്തിലെ തന്നെ മികച്ച അധികാര വികേന്ദ്രീകരണ സ്ഥാപനങ്ങളാക്കി മാറ്റി. 2014-15 വർഷങ്ങളിൽ നടത്തിയ അന്തർദ്ദേശീയ സെമിനാറുകളും ഈ രംഗത്ത് ശ്രദ്ധേയ ചലനങ്ങളുണ്ടാക്കി.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ**

19 (*139) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതു ഫണ്ടില്ലാത്തത് വികസനത്തിന് തടസ്സമാകുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രദേശത്തിന്റെ പ്രത്യേകതകളും സാധ്യതകളും മുൻനിർത്തിയുള്ള നികുതി നിർദ്ദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിൽ വരുത്തുന്നതിനായി ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(സി) തനതു ഫണ്ടുകൾ സമാഹരിക്കുന്നതിന് വേണ്ടത്ര സാധ്യതയില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായ നിധി രൂപീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ശരിയല്ല. തനത് ഫണ്ടില്ലാത്തതിന്റെ പേരിൽ വികസനത്തിന് തടസ്സമില്ല. പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ധനകാര്യ കമ്മീഷൻ നിർദ്ദേശമനുസരിച്ച് സർക്കാർ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളെ സഹായിക്കാൻ KLGSDP-യിൽ പ്രത്യേക സഹായം നൽകുന്നുണ്ട്.

(ബി &സി) ഈ വിഷയം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**പൊതു ഗതാഗത സംവിധാനം**

20 (*140) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ഗതാഗത സർവ്വീസുകൾ ലാഭകരമായി നടക്കുമ്പോൾ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള സർവ്വീസുകൾ ലാഭകരമാക്കുന്നതിനും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ നിലവിൽ നടത്തിവരുന്നു. സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന പരമ്പരാഗത തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകളാക്കി വകുപ്പ് പുനർവിന്യസിച്ച് വരുന്നു. കുസാറ്റ്, തുറമുഖ വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിൽ നിർമ്മിച്ച് വാങ്ങിയ 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി നിലവിൽ കാര്യക്ഷമമായി സർവ്വീസ് നടത്തിവരുന്നു. ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ മൂന്ന് പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ നിലവിൽ വിജയകരമായി നടത്തി വരുന്നു. ഇതിനുപുറമെ പുതുതായി വൈക്കം-എറണാകുളം റൂട്ടിലും കുമരകം-കോട്ടയം റൂട്ടിലും 120 കപ്പാസിറ്റിയുള്ള രണ്ട് ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈറ്റില-കാക്കനാട്, എറണാകുളം-വാരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി സർവ്വീസുകൾ നടത്തി വരുന്നു. പുതുതായി 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നുണ്ട്. കേരള ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് ബോട്ടുകളിൽ കൂടുതൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ലൈഫ് ജാക്കറ്റുകൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതുകൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി. ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺ ലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും തിരുപ്പതിയിലേക്കും കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും പുറമേ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ജൻറം രണ്ടാം ഘട്ട പദ്ധതിയിൽ ഇനി ലഭിക്കാനുള്ള 117 ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കൊച്ചിയിലെ പൊതുഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കെ.എം.ആർ.എൽ. നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. ഈ സംവിധാനങ്ങൾ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒറ്റ ടിക്കറ്റും ഏകീകൃത സമയാവലിയും പാലിക്കുന്ന വിവിധ പൊതു യാത്ര വാഹനങ്ങളുടെ ശൃംഖലയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതുകൂടാതെ മെട്രോ റയിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടൊപ്പംതന്നെ ബസ്സ് റൂട്ടുകളുടെ യുക്തി സഹമായ ലഭ്യത ഉറപ്പ് വരുത്തുന്നതിലും ബഹുമുഖവും സമഗ്രവും മെട്രോയുടെ അതേ യാത്രാനുഭവത്തോടുകൂടിയ റോഡ് ജലഗതാഗത മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനും ശ്രമം നടന്നുവരുന്നു.

(ബി) ലാഭം ലക്ഷ്യമാക്കിയല്ല, മറിച്ച് സാമൂഹ്യ പ്രതിബദ്ധത കൂടി കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി. പൊതു ഗതാഗത മേഖലയിൽ പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖല സർവ്വീസ് നടത്താത്ത സമയങ്ങളിലും റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുവാൻ നിർബന്ധിതരാവുന്നു. കൂടാതെ പൊതുജന താൽപര്യപ്രകാരം നടത്തുന്ന പല സർവ്വീസുകളും ലാഭേച്ഛ കൂടാതെ നടത്തപ്പെടുന്നവയാണ്.

സ്വകാര്യ മേഖലയിൽ നൽകാത്ത വിവിധ യാത്രാ സൗജന്യങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ നൽകുന്നുണ്ട്. പ്ലസ് ടുവിന് മുകളിലുള്ള മൂന്ന് ലക്ഷത്തിലധികം കുട്ടികൾ സൗജന്യ യാത്ര ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പൂർണ്ണമായ സൗജന്യയാത്ര അനുവദിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് വൻ ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. പ്ലസ് ടു തലം വരെയുള്ള കുട്ടികൾക്കും കൺസഷൻ നൽകിയതിലൂടെ ഏകദേശം 63 കോടി രൂപയും പ്ലസ് ടുവിന് മുകളിലുള്ള കുട്ടികൾക്ക് കൺസഷൻ നൽകിയതിലൂടെ ഏകദേശം 42 കോടി രൂപയും ഉൾപ്പെടെ 106 കോടി രൂപയുടെ നഷ്ടം 2015-16 വർഷത്തിൽ കോർപ്പറേഷനുണ്ടായിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ വിവിധയിനം യാത്രാ സൗജന്യങ്ങൾ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് നൽകി വരുന്നു. അതിനുപുറമെ 1-3-2016 മുതൽ കെ.എസ്.ആർ.ടി.സി. മാത്രം ഓർഡിനറി ബസ്സുകളിൽ എല്ലാ നിരക്കിലും ഒരു രൂപ കുറവ് വരുത്തി ഈടാക്കി വരുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനത്തിൽ 25 ലക്ഷം രൂപയോളം കുറവ് വന്നിട്ടുണ്ട്.

(സി) വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ ജോലി ചെയ്യുവാനുള്ള മനോഭാവം വർദ്ധിപ്പിക്കുന്നതിനുമായി മറ്റ് സംസ്ഥാനങ്ങൾ വിജയകരമായി പിൻതുടരുന്ന ഇൻസന്റീവ് സ്കീം കെ.എസ്.ആർ.ടി.സി.-യിലും നടപ്പിൽ വരുത്തിക്കഴിഞ്ഞു. 7,000 രൂപയിൽ താഴെ വരുമാനമുള്ള 996 സർവ്വീസുകൾ ഷെഡ്യൂളുകളുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണക്റ്റിവിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾക്കും മറ്റ് ദീർഘദൂര സർവ്വീസുകൾക്കും ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 18 സ്കാനിയ, 12 സിൽവർ ലൈൻ ജെറ്റുകൾ എന്നിവ ഇതിനകം നിരത്തിലിറക്കിയിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർവ്വീസ് ഓപ്പറേഷൻ

മെച്ചപ്പെടുത്തുന്നതിലേക്കായി 5 മേഖലാ യോഗങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയും പ്രതിദിനവരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വരും ദിവസങ്ങളിൽ കെഎസ്.ആർ.ടി.സി.-യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചെപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

### സുഗന്ധവ്യഞ്ജന വിളകളുടെ ഉൽപ്പാദനം

21 (*141) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജന വിളകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് സുഗന്ധവ്യഞ്ജന വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന കർമ്മ പരിപാടികൾ ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. സംസ്ഥാനത്തിന്റ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജന വിളകളുടെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലെ പ്രധാന സുഗന്ധവ്യഞ്ജന വിളയായ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പാദം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നല്ലയിനം കുരുമുളകിന്റെ വില, വിസ്തൃതി, വ്യാപനം, ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിനായി വികേന്ദ്രീകരണ നഴ്സറികൾ, വയനാട് പാക്കേജ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ സമഗ്ര കുരുമുളക് കൃഷി വികസന പദ്ധതി, സുഗന്ധവിളകളായ കുരുമുളക്, ജാതി, ഇഞ്ചി മുതലായവയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, ഇഞ്ചി, ഗ്രാമ്പൂ, ജാതി തുടങ്ങിയ സുഗന്ധവിളകളുടെ ഉൽപ്പാദന വർദ്ധനവിനുള്ള പദ്ധതി എന്നിവ ആവഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) അന്താരാഷ്ട്ര വിപണിക്ക് അനുസരിച്ചും ഉൽപ്പാദനത്തിലെ ഏറ്റക്കുറവ് അനുസരിച്ചും വിപണി വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. കൂടാതെ മാർച്ച്/ഏപ്രിൽ മാസത്തെ കടുത്ത വരൾച്ചയും ജൂൺ മാസത്തിലുണ്ടായ കനത്ത മഴയും (കാലാവസ്ഥ വ്യതിയാനം) സുഗന്ധവ്യഞ്ജന വിളകളിലൊന്നായ ഏലത്തിന്റെ വിളവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

**പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ**

22 (*142) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നിലവിൽ വന്നാൽ കെ.എസ്.ആർ.ടി.സി.-യെ അത് എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ എത്ര ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ടിവരുമെന്നും അത് ആകെ ബസ്സുകളുടെ എത്ര ശതമാനമായിരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഉണ്ട്. ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് നിലവിൽ വന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ പത്ത് വർഷത്തിനുമേൽ പഴക്കമുള്ള 1102 ബസ്സുകളും, ലോറി, വാൻ, മുതലായ 117 വാഹനങ്ങളും നിരത്തിൽനിന്നും പിൻവലിക്കേണ്ടി വരും. ഓർഡിനറി വിഭാഗത്തിൽപ്പെടുന്ന 1102 ബസ്സുകൾ ഒറ്റയടിക്ക് നിരത്തിൽ നിന്നും പിൻവലിക്കുന്നതുമൂലം ഗ്രാമീണ മേഖലകളെയും നഗരങ്ങളെയും ബന്ധിപ്പിക്കുന്ന സർവ്വീസുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടി വരും. ഇത് സാധാരണ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ബാധിക്കുകയും ചെയ്യും. തുടർന്ന് ഈ ബസ്സുകൾക്ക് പകരം ബസ്സുകൾ നിരത്തിലിറക്കുന്നതിന് കോർപ്പറേഷന് ഏകദേശം 272 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ടി വരും. കൂടാതെ ലോറി, വാൻ മുതലായ 117 വാഹനങ്ങൾ ഉപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്, മറ്റ് ആവശ്യ വസ്തുക്കൾ മുതലായവയുടെ വിതരണം നടത്തുന്നത്. ഈ വാഹനങ്ങൾ

ഒറ്റയടിക്ക് പിൻവലിക്കുന്നതിലൂടെ കെ. എസ്. ആർ. ടി. സി.-യുടെ സുഗമമായ പ്രവർത്തനം പ്രതിസന്ധിയിൽ ആകും. കൂടാതെ ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവ യഥാസമയം അറ്റൻഡ് ചെയ്യുന്നതിന് ഈ വാഹനങ്ങളുടെ പിൻവലിക്കൽ മൂലം സാധിക്കാതെ വരും.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 1102 ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ടി വരും. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ആകെ ബസ്സുകളുടെ 19 ശതമാനം വരും.

(സി) ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന് മൊത്തത്തിൽ സർക്കാർ എതിരല്ല. പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനായി ഒരു നിശ്ചിത വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങളെ പൊടുന്നനെ പിൻവലിക്കുകയോ ഒരു പ്രത്യേക എഞ്ചിൻ കപ്പാസിറ്റിക്ക് മുകളിൽ കപ്പാസിറ്റിയുള്ള ഡീസൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് വിലക്കുകയോ ചെയ്യുന്നതിൽ സംസ്ഥാന സർക്കാരിന് യോജിപ്പില്ല. വാഹനങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മലിനീകരണത്തിന്റെ അളവ് കുറയ്ക്കുകയും കാലക്രമേണ പഴക്കംചെന്ന ഡീസൽ വാഹനങ്ങൾ നിരോധിക്കുകയും സി.എൻ.ജി. ഉപയോഗിക്കുന്ന വാഹനങ്ങളും ഫില്ലിംഗ് സ്റ്റേഷനുകളും സംസ്ഥാനത്തുടനീളം ലഭ്യമായ ശേഷവും വേണ്ടത്ര സാവകാശം നൽകിക്കൊണ്ടും മാത്രം ഏതെങ്കിലും തരത്തിൽപ്പെട്ട പുതിയ ഡീസൽ വാഹനങ്ങൾ നിരോധിക്കുന്നതായിരിക്കും ഉചിതമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് സംസ്ഥാനത്ത് സൃഷ്ടിക്കാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പരിഗണിച്ചും ഈ ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. (WP(C) No.20725/16). കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## റബ്ബറിന്റെ വിലയിടിവ്

23 (*143) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ നയങ്ങളും വാണിജ്യക്കരാറുകളും റബ്ബർ വിലയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) റബ്ബർ കർഷകർക്ക് ആശ്വാസം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടി ന്യായവില ഉറപ്പാക്കാനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുരുതര പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ട്. റബ്ബർ കൃഷി പ്രധാന വരുമാന മാർഗ്ഗമായ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പ്രത്യേകിച്ച് മലയോര മേഖലയിലെ സമ്പദ്ഘടനയെയും റബ്ബർ വിലയിടിവ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരിക്കപ്പെട്ട ഇറക്കുമതി നയങ്ങളും വാണിജ്യ കരാറുകളും റബ്ബറിന്റെയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി നിർബാധം നടത്തുന്നതിന് സ്വാതന്ത്ര്യം നൽകുന്നവയാണ്. ഇന്ത്യയുമായി സ്വാതന്ത്ര വ്യാപാര കരാർ (FTA) ഉള്ളതിനാൽ റബ്ബർ ഉൽപ്പാദക രാജ്യങ്ങളായ ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലന്റ് എന്നിവ ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽനിന്നും റബ്ബറും റബ്ബർ ഉൽപ്പന്നങ്ങളും കുറഞ്ഞ നിരക്കിൽ ഇറക്കുമതി ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. ആഭ്യന്തര വിപണിയിലെ റബ്ബർ വിലയിടിവിന് ഇത് പ്രധാന കാരണമാണ്.

(സി) ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടയർ ലോബിയുടെ സമ്മർദ്ദത്തിന് വഴങ്ങി കൂടുതൽ ഇറക്കുമതി അനുവദിക്കുന്ന നയമാണ് കേന്ദ്രസർക്കാർ തുടർന്നുവരുന്നത്. റബ്ബറൈസ്ഡ് ടാറിംഗ് ഉൾപ്പെടെ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

24(*144) ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ പ്രവർത്തന ഫലമായി പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ഉത്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ:

(സി) പച്ചക്കറി, പഴം വിപണിയിലെ വിലസ്ഥിരതയില്ലായ്മയും അടിക്കടിയുള്ള വിലക്കയറ്റവും തടയാൻ കൗൺസിലിനു കഴിയാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) കൗൺസിലിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഉണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ചെയർമാൻ കൃഷി വകുപ്പുമന്ത്രിയാണ്. സ്വാശ്രയ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് കർഷക ഡയറക്ടർമാർ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി ഡയറക്ടർ, ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരും ഉൾപ്പെടുന്നു. കൗൺസിലിന്റെ ഭരണ സംബന്ധമായ സുപ്രധാന വിഷയങ്ങളെല്ലാം ഡയറക്ടർ ബോർഡ് ചർച്ച ചെയ്ത് തീരുമാനിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും കൗൺസിലിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫീൽഡ് തലത്തിൽ അസിസ്റ്റന്റ്/ഡെപ്യൂട്ടി മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ മാനേജർമാരെയും നിയോഗിച്ചിട്ടുണ്ട്. മാസത്തിൽ രണ്ട് പ്രാവശ്യം നടത്തപ്പെടുന്ന ജില്ലാതല റിവ്യൂ മീറ്റിംഗുകളിൽ ജില്ലയിലെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യപ്പെടുന്നുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം എറണാകുളം കാക്കനാടുള്ള കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് നടത്തപ്പെടുന്ന ജില്ലാ മാനേജർമാരുടെ റിവ്യൂ മീറ്റിംഗിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മൂന്ന് ഫങ്ഷണൽ ഡയറക്ടർമാരും ജില്ലിലെ വികസന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടാതെ എല്ലാ വർഷവും കൗൺസിൽ വാർഷിക പൊതുയോഗവും കാർഷക സമ്പർക്ക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും, കർഷകരുടെയും സംഘങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിലെ 14 ജില്ലകളിൽ 9434 സ്വാശ്രയ സംഘങ്ങളിലായി 185437 കർഷകർ കൗൺസിലിൽ അംഗങ്ങളാണ്. 2015-16 സാമ്പത്തിക വർഷം കൗൺസിലിലെ കർഷകർ 184500 മെട്രിക് ടൺ പച്ചക്കറികളും 281000 മെട്രിക് ടൺ കായയും 37339 മെട്രിക് ടൺ കിഴങ്ങ് വർഗ്ഗങ്ങളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ 274 സ്വാശ്രയ കർഷക സമിതികളും 167 സംഭരണ കേന്ദ്രങ്ങളും മുഖേന 263.55 കോടി രൂപ മൂല്യമുള്ള 134618 മെട്രിക് ടൺ പഴം, പച്ചക്കറികളുടെ വിപണനം നടത്തിയിട്ടുണ്ട്.

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുകയും അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കൗൺസിലിന്റെ പ്രധാന ലക്ഷ്യം. ഇതിനായി സംസ്ഥാനത്തുടനീളം 274 സ്വാശ്രയ കർഷക സമിതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ സാന്നിധ്യത്തിൽ ലേലംവഴി കൂട്ടായി വിപണനംചെയ്യുന്നു. ഇതുവഴി ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുവാനും കഴിയുന്നു.

(ഡി) കൗൺസിലിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

പച്ചക്കറി കൃഷി, വാഴ കൃഷി എന്നിവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യുക, പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങളും പഠന യാത്രകളും സംഘടിപ്പിക്കുക, മണ്ണ് പരിശോധനാഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷി, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം മുതലായവ വികസിപ്പിച്ചെടുക്കുക, മികച്ച നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനുള്ള ധനസഹായം വിതരണം ചെയ്യുക, വി.എഫ്.പി.സി.കെ. മുഖേനയുള്ള സ്വാശ്രയ കർഷക സമിതികളുടെ വികസനം, നിലവിലുള്ള 274 സമിതികളുടെ ശാക്തീകരണത്തിനുള്ള സഹായം നൽകൽ, വിളവെടുപ്പിന് ശേഷമുള്ള വിള കൈകാര്യം ചെയ്യൽ, ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന എന്നിവയിൽ കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകൽ, ഹൈടെക് പച്ചക്കറിത്തൈ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കൽ, മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കൽ, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ ആരംഭിക്കൽ, വിദ്യാലയങ്ങളിൽ പച്ചക്കറി വിത്ത് വിതരണം നടത്തുക, കർഷകർക്കായി പരിശീലനകേന്ദ്രം സ്ഥാപിക്കുക, വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനായി മൊബൈൽ റൈപ്പെനിങ് ചേമ്പറുകൾ

സ്ഥാപിക്കുക, അപേഡ (APEDA)-യുടെ ധനസഹായത്തോടെ പഴം പച്ചക്കറി പായ്ക്ക് ഹൗസുകൾ സ്ഥാപിക്കുക, ഇടുക്കി പാക്കേജിന്റെ ഭാഗമായി ശീതകാല പച്ചക്കറി കൃഷി വ്യാപനം, കാരറ്റ് ക്ലീനിംഗ് മെഷീൻ, ജലസ്രോതസ്സുകളുടെ നിർമ്മാണ സഹായം എന്നിവ നടപ്പിലാക്കുക, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ.) ധനസഹായത്തോടെ കോൾ മേഖലയിൽ പച്ചക്കറി കൃഷി വ്യാപനം നടപ്പിലാക്കുക, പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കൽ എന്നിവയാണ്.

**പാർട്ണർ കേരള മിഷൻ**

25(*145) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്തിയിട്ടുള്ളത്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. 2014-ൽ നഗരസഭകളിലും ഡെവലപ്മെന്റ് അതോറിറ്റികളിലും സ്വകാര്യ മൂലധനത്തിൽ പൊതു നിർമ്മിതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു നോഡൽ ഏജൻസി ആയിട്ടാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്.

(ബി) (i) നഗരസഭകളിലും ഡെവലപ്മെന്റ് അതോറിറ്റികളിലും സ്വകാര്യ മൂലധനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

(ii) നഗരസഭകളിൽ നിന്നും ഡെവലപ്മെന്റ് അതോറിറ്റികളിൽ നിന്നും പൊതുജനങ്ങൾക്ക് സേവനംപ്രാപ്തമാക്കുക.

(iii) അടിസ്ഥാന സൗകര്യ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുക.

(സി) ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രത്യേക കുറിപ്പായി നൽകിയിരിക്കുന്നു.

(i) അടിസ്ഥാന സൗകര്യ പദ്ധതികൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ, നിയമസംഹിതകൾ, എഗ്രിമെന്റുകൾ എന്നിവ സർക്കാർ പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്.

(ii) പി.പി.പി. പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി പ്രാദേശിക സർക്കാർ ഭരണ സമിതിയിലുള്ള മേയർ, ഡെപ്യൂട്ടി മേയർ, നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പ്രതിപക്ഷ നേതാവ്, സെക്രട്ടറി, എഞ്ചിനീയർ, മറ്റ് ജീവനക്കാർ എന്നിവർക്ക് വിശദമായ പരിശീലനം നൽകിയിട്ടുണ്ട്.

(iii) പി.പി.പി. പദ്ധതികൾ നടപ്പിലാക്കുന്നതിൽ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും വളരെ വലിയ ഉത്തരവാദിത്തം ഉണ്ട്. ഇതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുകയും അവർക്കുകൂടി അംഗീകരിക്കത്തക്ക രീതിയിൽ ആർ.എഫ്.ക്യൂ.-ഉം അർ.എഫ്.പി.-യും പുറപ്പെടുവിച്ചിട്ടുണ്ട്.

(iv) സ്വകാര്യ മൂലധന സംരംഭകരിൽ വേണ്ടത്ര അവബോധം ഉളവാക്കുന്നതിനായി 7 ഇൻവെസ്റ്റർ മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(v) പ്രാദേശിക സർക്കാരുകളുടെയും പൊതുജനങ്ങളുടെയും താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിനായി പ്രാദേശിക സർക്കാർ ഭരണകർത്താക്കളുമായി ചർച്ച ചെയ്ത് പദ്ധതികളുടെ സേവനങ്ങൾക്കുള്ള യൂസർ ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

(vi) പ്രാദേശിക സർക്കാരുകൾ ലഭ്യമാക്കിയ 44 പദ്ധതികൾ പ്രാരംഭ സാധ്യതാ പഠനത്തിന് വിധേയമാക്കുകയുണ്ടായി.

(vii) ഇതിൽ 24 പദ്ധതികൾക്ക് വിശദമായ സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(viii) 1449 കോടി രൂപയുടെ 17 പദ്ധതികൾ ടെണ്ടർ (ആർ.എഫ്.ക്യൂ.) നടപടികളിലേക്ക് കടന്നിട്ടുണ്ട്.

(ix) 11 പദ്ധതികൾക്ക് ആർ.എഫ്.ക്യൂ. ആപ്ലിക്കേഷൻ ലഭിച്ചിട്ടുണ്ട്.

(x) ഇതിൽ 7 പദ്ധതികൾക്ക് ഒന്നിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(xi) മൂന്ന് സ്ലോട്ടർ ഹൗസ് പദ്ധതികളുടെ ആർ.എഫ്.പി. പ്രാദേശിക സർക്കാരുകളുടെ പരിഗണനയിലാണ്.

(xii) രണ്ട് പദ്ധതികൾക്ക് ആർ.എഫ്.പി. നൽകിക്കഴിഞ്ഞു.

(xiii) ഒരു പദ്ധതിയുടെ ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും പരിശോധന പൂർത്തിയാക്കി ലെറ്റർ ഓഫ് അവാർഡിന് തയ്യാറായിട്ടുണ്ട്.

(xiv) ഈ സാമ്പത്തിക വർഷം 2500 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

(xv) ഇതിൽ 1567 കോടി രൂപയുടെ പദ്ധതികളുടെ സാധ്യതാ പഠനം പൂർത്തിയാക്കി കഴിഞ്ഞു.

**ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനം**

26 (*146) ശ്രീ. വി. ജോയി :
ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസന പ്രവർത്തനം നടന്നിരുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഓരോ തുറമുഖങ്ങളുടേയും വികസന സാധ്യതകൾ പ്രത്യേകം പഠിച്ച് സാധ്യമായ വികസനം സാക്ഷാത്കരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ;

(സി) തുറമുഖങ്ങൾ വഴിയെത്തുന്ന ചരക്കുകൾ ജല മാർഗ്ഗം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് ഉൾനാടൻ തുറമുഖങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടന്നിരുന്നില്ലെന്ന് ആക്ഷേപം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളായ അഴീക്കൽ, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊല്ലം എന്നീ തുറമുഖങ്ങളുടെ വികസന സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കേരള സംസ്ഥാനത്ത് കോട്ടപ്പുറം മുതൽ കൊല്ലം വരെ നീണ്ട് കിടക്കുന്ന ദേശീയ ജലപാത മൂന്ന് ഉപയോഗപ്പെടുത്തി ചരക്കുകൾ ലക്ഷ്യസ്ഥാനത്ത് എത്തിക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ തുറമുഖത്ത് ഒരു ബർത്തിന്റെ നിർമ്മാണം പദ്ധതിയിട്ടിട്ടുണ്ട്. കടൽ മാർഗ്ഗം വരുന്ന ചരക്കുകൾ കൊടുങ്ങല്ലൂർ തുറമുഖത്ത് ഇറക്കി അവിടെനിന്നും ഉൾനാടൻ ജലവാഹനങ്ങൾ വഴി അവ ലക്ഷ്യസ്ഥാനത്ത് എത്തിക്കാൻ സാധിക്കും. ഇത്തരത്തിൽ ഒരു ബർത്ത് കായംകുളം തുറമുഖത്ത് നിർമ്മിക്കുന്നതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കി നൽകാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 16 ചെറുകിട തുറമുഖങ്ങളും കോട്ടയം എന്ന ഉൾനാടൻ തുറമുഖവുമാണ് തുറമുഖവകുപ്പിന് കീഴിലുള്ളത്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ നിലവിൽ ചരക്ക്, യാത്രാക്കപ്പലുകൾ വന്നുപോകുന്നുണ്ട്. പൊന്നാനി തുറമുഖം പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ രീതിയിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. മറ്റ് തുറമുഖങ്ങളിൽ ചരക്ക് ഗതാഗതവും പാസഞ്ചർ സർവ്വീസും നിലവിലില്ല.

**ശീതകാല പച്ചക്കറി കൃഷിയും ഹോർട്ടികോർപ്പിന്റെ പ്രവർത്തനവും**

27(*147) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷി നടത്തുന്ന എത്ര പ്രദേശങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശീതകാല പച്ചക്കറി കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിക്കാരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ, മൂന്നാർ, മറയൂർ, ദേവികുളം എന്നീ പഞ്ചായത്തുകളിലും വയനാട് ജില്ലയിൽ ബത്തേരി, നെന്മേനി, അമ്പലവയൽ, കല്പറ്റ, നൂൽപ്പുഴ, വെള്ളമുണ്ട, തവിഞ്ഞാൽ, പനമരം, പുൽപ്പള്ളി എന്നീ പഞ്ചായത്തുകളിലും വ്യാപകമായി ശീതകാല പച്ചക്കറി കൃഷി ചെയ്തുവരുന്നു.

(ബി) ശീതകാല പച്ചക്കറി കൃഷിക്കുവേണ്ട നടീൽ വസ്തുക്കൾ സൗജന്യമായി നൽകുന്നു. അതോടൊപ്പം ഹെക്ടർ ഒന്നിന് 15000 രൂപ ധനസഹായവും സമയബന്ധിതമായി നൽകുന്നു.

(സി) ഉണ്ട്. ഹോർട്ടികോർപ്പിന്റെ പ്രതിനിധി നേരിട്ട് എല്ലാ ജില്ലകളിലും ലേലം നടത്തുന്ന സ്ഥലം സന്ദർശിച്ച് കർഷകർക്ക് പരമാവധി വില നൽകി പച്ചക്കറികൾ സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലമാക്കുക വഴി മാത്രമേ കേരളത്തിലെ കർഷകരിൽ നിന്നുള്ള സംഭരണം കാര്യക്ഷമമാവുകയുള്ളൂ. എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ വ്യാപിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡും സപ്ലൈകോയുമായി സഹകരിച്ചുകൊണ്ട് അവരുടെ വിൽപ്പന ശാലകളിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ കൂടുതൽ വിപണന യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സ്ഥലം അനുവദിച്ച് നൽകുന്നതിന് കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. വരുന്ന 5 വർഷത്തിനുള്ളിൽ 1000 പുതിയ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## മാലിന്യസംസ്കരണം

28 (*148) ശ്രീ. എം. സ്വരാജ് :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്കരണം ജനകീയ പ്രസ്ഥാനമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് അറിയിക്കാമോ;

(ബി) ശാസ്ത്രീയ മാലിന്യ സംസ്കരണം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് മുൻകൈയെടുക്കുമോ;

(സി) ജനകീയാസൂത്രണവും സാക്ഷരതായജ്ഞവും പോലെ മാലിന്യ സംസ്കരണം ഒരു ജനകീയ സംരംഭമാക്കി തീർക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. 1994-ാമാണ്ടിലെ കേരള പഞ്ചായത്ത് രാജ്/നഗരപാലിക ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്കരണം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി ശുചിത്വമിഷൻ മുഖേന സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് ശുചിത്വ കേരളം പദ്ധതിയും സ്വച്ഛഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ്ഭാരത് മിഷൻ (അർബൻ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനാണ് ഇപ്പോൾ ഊന്നൽ നൽകിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് 30-6-2016-ലെ സ.ഉ. (സാധാ)നമ്പർ 2037/2016/തസ്വഭവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പ്/ഏജൻസികളുടെയും നേരിട്ടുള്ള പ്രവർത്തനങ്ങളായാണ് ഇവ നടപ്പിലാക്കി വരുന്നത്. അതേസമയം ഈ പ്രവർത്തനങ്ങൾ ജനങ്ങളാകെ ഏറ്റെടുക്കുകയും ശാസ്ത്രീയ മാലിന്യ പരിപാലന രീതികൾക്ക് അനുരോധമായിട്ടുള്ള മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തി പുതിയ ഒരു പൗരസംസ്കാരമായി വളർത്തിയെടുത്താൽ മാത്രമേ കേരളം നേരിടുന്ന മാലിന്യ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിലേക്കുള്ള ചിന്തയും ചർച്ചയും ആരംഭിച്ചിട്ടുണ്ട്. ജനകീയാസൂത്രണം, സാക്ഷരതായജ്ഞം മാതൃകയിൽ വൻ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാക്കി ഇത് മാറ്റുന്ന കാര്യം ഗൗരവമായി ആലോചിച്ചുവരുന്നു.

**പരസ്യ ഹോർഡിംഗുകൾക്കുള്ള സമഗ്ര വ്യവസ്ഥ**

29(*149) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള പരസ്യ ഹോർഡിംഗുകളുടെ സുരക്ഷിതത്വവും മറ്റും ശ്രദ്ധിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, ഇതിന് അനുമതി നൽകുവാനുള്ള അധികാരം എന്നിവ വ്യവസ്ഥചെയ്ത് നിയമം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ;

(സി) പരസ്യ ഹോർഡിംഗുകൾ റോഡിനോട് ചേർന്ന് രാത്രിയിൽ പ്രകാശത്തോടെ വയ്ക്കുന്നത് കാരണം ഡ്രൈവർമാരുടെ ശ്രദ്ധ മാറുകയും അതുവഴി അപകടമുണ്ടാകുന്നതുമായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരസ്യ ഹോർഡിംഗുകളിൽ നിന്ന് നികുതി പിരിക്കുവാൻ ഒരു ഏകീകൃത സ്വഭാവമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനെല്ലാം ഉതകുന്ന ഒരു സമഗ്ര വ്യവസ്ഥ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കേരള പഞ്ചായത്ത് രാജ് ആക്ട് 209 സി വകുപ്പുപ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റീസ് (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ 3, 4, 5, 6, 7 പ്രകാരമുള്ള നടപടിക്രമങ്ങൾ പരസ്യഹോർഡിംഗുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് നിർദ്ദേശം നൽകുന്നു. 6-1-2014 ലെ സ.ഉ. (കൈ)നമ്പർ 194/14/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പൊതു നിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും പകരം സംവിധാനം ഏർപ്പെടുത്തുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ഇപ്രകാരമൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കേരള പഞ്ചായത്ത് രാജ് ആക്ട് 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഈടാക്കേണ്ടുന്ന പരസ്യ നികുതി നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ 25-7-2002-ലെ സ.ഉ.(പി)നമ്പർ.128/2002/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ പരസ്യ പലകകളുടെ (ഹോർഡിംഗുകൾ) മേലുള്ള പരസ്യവും നോൺ ഇല്ല്യൂമിനേറ്റഡ് സ്കൈസൈനുകളുടെ രൂപത്തിലുള്ള വാൾ പോസ്റ്ററുകൾക്കും ചുമത്താവുന്ന പരസ്യ നികുതിയുടെ കുറഞ്ഞ നിരക്ക് 1.00 ചതുരശ്രമീറ്റർ വരെയുള്ള സ്ഥലത്തിന് 10 രൂപയും 1.00 ചതുരശ്രമീറ്ററിലധികവും 2.50 ചതുരശ്രമീറ്റർ വരെയുമുള്ള സ്ഥലത്തിന് 20 രൂപയും അതിൽ കൂടുതലുള്ള ഓരോ ചതുരശ്രമീറ്ററിനും 10 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ബൈലായിൽ പരസ്യനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിൽ കുറയാതെ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നികുതി നിശ്ചയിച്ച് പിരിച്ചെടുക്കുന്നതിന് അധികാരമുണ്ട്. ഏകീകൃത പരസ്യനികുതി നിരക്കുകൾ (ഉപരിപരിധി) നിശ്ചയിക്കുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. 1999-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 271 പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടെ അതത്

നഗരസഭാ കൗൺസിൽ പ്രമേയംമൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ നികുതി നൽകേണ്ടതാണ്. ഈ പരസ്യ നികുതി നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖം**

30(*150) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നും വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ&ബി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഓരോ ഘട്ടത്തിലും വിലയിരുത്തി വരുന്നുണ്ട്. തുറമുഖ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു:

1. പദ്ധതി നിർമ്മാണത്തിനും നടത്തിപ്പിനുമുള്ള കൺസഷൻ കരാർ കൺസഷനയർ ആയ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പിട്ടതിനെത്തുടർന്ന് 2015 ഡിസംബർ 5-ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.

2. മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, ഭാഗികമായുള്ള dredging & reclamation എന്നിവ പൂർത്തിയാക്കി. ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം (150 മീറ്റർ പൂർത്തിയായി) പുരോഗമിക്കുന്നു.

3. പദ്ധതിക്ക് ആവശ്യമായുള്ള മൊത്തം ഭൂമിയായ 91 ഹെക്ടറിന്റെ 90% ഏറ്റെടുത്തുകഴിഞ്ഞു. പദ്ധതിക്കായുള്ള ജലവിതരണ സംവിധാനം പൂർത്തിയാക്കുകയും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

4. റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള കരട് റിപ്പോർട്ട് ഉപദേശകരായ റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) തയ്യാറാക്കിയിട്ടുണ്ട്. ഇതിന് റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചശേഷം ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആനയറ കർഷക ഭവൻ

1 (1003) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006-2011 കാലത്തെ സർക്കാർ ആരംഭിച്ച തിരുവനന്തപുരത്തെ ആനയറയിലുള്ള 'കർഷക ഭവൻ' പുനഃക്രമീകരിച്ച് കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

2006-2011 കാലത്തെ സർക്കാർ ആരംഭിച്ച 'കർഷക ഭവനം' മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയാണ്. ഔദ്യോഗിക ആവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിൽ എത്തുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ (ദിനംപ്രതി 50 രൂപ) ഏറ്റവും സൗകര്യപ്രദമായ രീതിയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായി യഥാർത്ഥ കർഷകരാണെന്ന് തെളിയിക്കുന്ന ഐഡി (തിരിച്ചറിയൽ) കാർഡ്, കൃഷി ആഫീസറുടെ ശിപാർശ എന്നീ രേഖകൾ നൽകേണ്ടതുണ്ട്. കൂടാതെ വിവിധ പരിശീലനങ്ങൾക്കായി എത്തുന്ന ഉദ്യോഗസ്ഥർക്കും താമസസൗകര്യം നൽകുന്നുണ്ട്. രണ്ട് കിടക്കകൾ വിതമുള്ള 26 മുറികളിൽ 7 എണ്ണം ശീതീകരിച്ചതാണ്. പ്രസ്തുത കർഷക ഭവനം പുനഃക്രമീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

### കൃഷി ഭവനുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

2 (1004) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കൃഷി ഭവനുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക പ്രാധാന്യമുള്ള ഈ പ്രദേശത്തെ കൃഷിഭവനുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ദേശമംഗലം, പഴയന്നൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസറുടെയും ചേലക്കര, വള്ളത്തോൾ നഗർ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റിന്റെയും ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ല് ഉൽപ്പാദനം

3 (1005) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നെല്ലുൽപ്പാദനം ഇനിയും സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസരിച്ച് ഉയർന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ലഭ്യമായ പരമാവധി നെൽപ്പാടങ്ങളിൽ കൃഷി ഇറക്കി സംസ്ഥാനത്തിന്റെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, ആയഞ്ചേരി, തിരുവള്ളൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലായി ഏതാണ്ട് മുന്നൂറ് ഹെക്ടർ നെൽപ്പാടം കൃഷിയോഗ്യമല്ലാതെ തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മലബാറിന്റെ നെല്ലറയായ ഈ കോൾ നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് പ്രത്യേക പാക്കേജിന് രൂപം നൽകുമോ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തരിശുകിടക്കുന്ന നെൽപ്പാടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവ ഘട്ടംഘട്ടമായി നെൽകൃഷിക്ക് ഉപയുക്തമാക്കി സംസ്ഥാനത്തെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനോടൊപ്പം മറ്റ് നെൽകൃഷി വികസന പദ്ധതികൾ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കി നെല്ലിന്റെ ഉൽപ്പാദനക്ഷമത 2836 കിലോഗ്രാം/ഹെക്ടറിൽ നിന്ന് 3000 കിലോഗ്രാം/ഹെക്ടറായി ഉയർത്തി അതുവഴി ആകെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കരനെൽകൃഷി 5 വർഷം കൊണ്ട് 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഉണ്ട്.

(ഡി) മലബാറിന്റെ നെല്ലറയായ ഈ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും താഴ്ന്നാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്ത് ഉപ്പ് വെള്ളം കയറാറുണ്ട്. RIDF ഫണ്ട് ഉപയോഗിച്ച് ഈ പ്രദേശങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പി. എം. കെ. എസ്. വൈ. പദ്ധതി

4 (1006) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഓരോ വകുപ്പുകളെയും ചുമതലപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) പി.എം.കെ.എസ്.വൈ. പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭ്യമാക്കുന്ന രീതി വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും അവ ഏതുതരം പണികൾക്കെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന പദ്ധതിൽ ഉൾപ്പെടുത്തി ചെക്ക്ഡാമുകൾ, നല്ലാബണ്ട്, വാട്ടർടാങ്ക്, കൃഷിയാവശ്യത്തിനുള്ള കുളങ്ങൾ, ഫീൽഡ് ബണ്ടിംഗ്, കോണ്ടൂർ ബണ്ടിംഗ്, മഴവെള്ള സംഭരണികൾ, മഴക്കുഴികൾ, കിണർ കുഴിക്കൽ, റീച്ചാർജ്ജിംഗ്, പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ഫീൽഡ് കനാലുകൾ നിർമ്മിക്കൽ, സൂക്ഷ്മ ജലസേചനം, നിലവിലുള്ള ചെറുകിട വൻകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി കൃഷി, ഗ്രാമവികസന, ജലസേചന വകുപ്പുകൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

(സി) വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമവികസന വകുപ്പിനെയും ചെറുകിട വൻകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ജലസേചന വകുപ്പിനെയും വരൾച്ചയെ പ്രതിരോധിക്കുന്നതിന് ആവശ്യമായ ജലസംരക്ഷണ പ്രവൃത്തികളും പരിശീലനവും നൽകുന്നതിന് കൃഷി വകുപ്പിനെയും ചുമതലപ്പെടുത്തിയിരിക്കുന്നു.

(ഡി) കേന്ദ്ര കൃഷി, ഗ്രാമ വികസന ജലവിഭവ മന്ത്രാലയങ്ങളുടെ വാർഷിക ബഡ്ജറ്റുകളിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക സംസ്ഥാന സർക്കാരിന് ലഭ്യമാവുകയും സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം കൂടി ചേർത്ത് അതാത് വകുപ്പുകൾക്ക് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യും.

(ഇ) ഗ്രാമ വികസന വകുപ്പിന് 11.37 കോടി രൂപയും കൃഷി വകുപ്പിന് 23 കോടി രൂപയും കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ചെക്ക് ഡാമുകൾ, നല്ലാബണ്ട്, വാട്ടർടാങ്ക്, കൃഷിയാവശ്യത്തിനുള്ള കുളങ്ങൾ, ഫീൽഡ് ബണ്ടിംഗ്, കോണ്ടൂർ ബണ്ടിംഗ്, മഴവെള്ള സംഭരണികൾ, മഴക്കുഴികൾ, കിണർ കുഴിക്കൽ, റീച്ചാർജ്ജിംഗ്, പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ഫീൽഡ് കനാലുകൾ നിർമ്മിക്കൽ, സൂക്ഷ്മ ജലസേചനം, നിലവിലുള്ള ചെറുകിട വൻകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

**ജൈവ കൃഷി**

5 (1007) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ജൈവ കൃഷി രീതി വ്യാപിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 10-2-2010-ലെ സ.ഉ. (പി) നമ്പർ 39/2010 കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പച്ചക്കറിയിലെ കീടനാശിനികളുടെ അംശം പരിശോധിച്ച് തിട്ടപ്പെടുത്തുകയും തുടർന്ന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും

ആരോഗ്യസാമൂഹ്യ പ്രവർത്തകർ വ്യാപകമായി പ്രചരണം നൽകുകയും ചെയ്തു. ഇതേത്തുടർന്ന് പൊതുജനങ്ങളുടെ ഇടയിൽ ജൈവകൃഷിയുടെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിക്കപ്പെടുകയും ജനങ്ങൾ ജൈവ കൃഷിയിലേക്ക് ആകൃഷ്ടരാകാൻ കാരണമാവുകയും ചെയ്തു. എൻഡോസൾഫാൻ ദുരിതബാധിത ജില്ലയായ കാസർഗോഡ് ആണ് ജൈവകൃഷിയിലേക്ക് ആദ്യം തിരിഞ്ഞത്. ഇതിനായി വിവിധ തലങ്ങളിലായി പരിശീലന പരിപാടികളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ജൈവകൃഷിയിലേക്ക് തിരിഞ്ഞ നിയോജക മണ്ഡലങ്ങൾക്ക് അവാർഡ് ഇനത്തിൽ 10 ലക്ഷം രൂപയും 8 മണ്ഡലങ്ങൾക്ക് പ്രോത്സാഹന സമ്മാനമായി 1,00,000 രൂപ വീതവും നൽകി. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി ഒന്നാം സ്ഥാനത്തിന് 3 ലക്ഷം രൂപ വീതവും പ്രോത്സാഹന സമ്മാനമായി 50,000 രൂപ വീതവും നൽകി. പ്രോത്സാഹന സമ്മാനമായി 28 പഞ്ചായത്തുകൾക്കും സമ്മാനം നൽകുകയുണ്ടായി. എല്ലാ ജില്ലകളിലും ജൈവ കൃഷി വ്യാപനത്തിനായി ജൈവ സന്ദേശകൃഷിയാത്ര സംഘടിപ്പിച്ചു.

(ബി)

- ഭക്ഷ്യവസ്തുക്കളിൽ വിഷാംശം അടങ്ങിയതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം, ജൈവകൃഷി വ്യാപനം എന്നിവ നടപ്പിലാക്കുക.
- സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.
- കർഷകർക്കാവശ്യമായ ജൈവവളങ്ങൾ കൃഷിയിടത്തിൽ തന്നെ ഉൽപാദിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.
- ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
- ജൈവകീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

(സി) കൃഷി ഡയറക്ടറേറ്റിൽ സ്റ്റേറ്റ് ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിക്കുകയും ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഒരു ടെക്നോളജി മാനേജർ, രണ്ട് ഫെസിലിറ്റേറ്റർമാർ എന്നിവരെ നിയമിക്കുകയും കൂടാതെ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഓരോ ടെക്നോളജി മാനേജർ, ഫെസിലിറ്റേറ്റർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**അഭയ കർഷക പെൻഷൻ**

6(1008) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് നടപ്പാക്കി വരുന്ന അഭയ കർഷക പെൻഷൻ എത്രപേർക്ക് നൽകിവരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പെൻഷൻ നൽകുന്നതിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; എത്രമാസത്തെ കുടിശ്ശികയാണ് കൊടുത്തു തീർക്കാനുള്ളതെന്നും അത് എന്നത്തേയ്ക്ക് കൊടുക്കാൻ സാധിക്കുമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പെൻഷൻ പ്രതിമാസം എത്ര രൂപയാണെന്നും ഇത് ലഭിക്കുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അഭയ കർഷക പെൻഷൻ എന്ന പേരിൽ പെൻഷൻ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

(ബി&സി) ബാധകമല്ല.

**ജൈവ പച്ചക്കറി കൃഷി**

7 (1009) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിൽ വരുന്നതും ഉപയോഗ ശൂന്യമായി കിടക്കുന്നതുമായ സ്ഥലം ജൈവ പച്ചക്കറി കൃഷിക്കായി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ഭൂമിയിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ഏതെങ്കിലും വകുപ്പ് സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ജൈവ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള നിർദ്ദേശം ഈ സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജൈവ വൈപ്പിൻ പദ്ധതി

8 (1010) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി മീരൻപുഴ ആഴം വർദ്ധിപ്പിക്കുന്നതിനും അതുവഴി നീരൊഴുക്കും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് നിയോഗിച്ചിരിക്കുന്ന ഏജൻസി ഏതെന്നും, എത്ര തുകയാണ് ഇതിനായി അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ; എങ്കിൽ തടസ്സം നീക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) ഈ പദ്ധതിയുടെ ഭാഗമായി വീരം പുഴയുടെയും മറ്റ് അനുബന്ധ തോടുകളുടെയും ആഴം വർദ്ധിപ്പിക്കലുമായി ബന്ധപ്പെട്ട് നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി 3691.78 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി 4 കി. മീ. നീളത്തിൽ വീരംപുഴ, വാരാപ്പുഴ കായൽ, ചാത്തനാട് കായൽ തുടങ്ങിയവ ആഴം കൂട്ടുന്നതിനായിട്ടാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ടി പ്രവൃത്തി 10 റീച്ചുകളായി തിരിക്കുകയും അതിൽ 7 വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 3 പ്രവൃത്തികൾക്ക് കർഷകരുടെയും എം.എൽ.എ.-യുടെയും നിർദ്ദേശം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച 7 വർക്കിൽ 3 വർക്കുകളുടെ ഇനിഷ്യൽ ലെവൽ എടുക്കുകയും ഒരു വർക്ക് ആരംഭിക്കുകയും ചെയ്തു.

(ബി) ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് നിയോഗിച്ചിരിക്കുന്ന ഏജൻസി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ആണ്. ടി പ്രവൃത്തിക്കായി 3691.78 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം കോൺട്രാക്ടറുമായി എഗ്രിമെന്റ് വെച്ച് ആരംഭിച്ച പ്രവൃത്തികൾ ചില പ്രാദേശിക വ്യക്തികളുടെ പരാതിയെത്തുടർന്ന് നിർത്തിവയ്ക്കാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് പഞ്ചായത്തിനോട് നിർദ്ദേശിച്ചതിനെത്തുടർന്ന് വർക്കുകൾ നിർത്തി വച്ചിരിക്കുകയാണ്. അതിന്റെ തുടർ നടപടികളുടെ ഭാഗമായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർക്കും നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.

## പഴം പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

9(1011) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും മാരകമായ രീതിയിൽ കീടനാശിനി പ്രയോഗിക്കുന്നത് കണക്കിലെടുത്ത് പരിശോധന നടത്തുന്നതിനും, കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും വിശദീകരിക്കാമോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ പരിശോധിക്കുകയും റിപ്പോർട്ട് പരസ്യപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതുവഴി ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെപ്പറ്റി അവബോധം ഉണ്ടാകുന്നു. പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽക്കൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും പദ്ധതിയുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പഴം, പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ഓരോ ലാബ് വീതം സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്ന് കിടക്കുന്ന സമീപ പ്രദേശങ്ങളിലുള്ള പച്ചക്കറി കർഷകർക്ക് അമിത കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തെക്കുറിച്ചും ബോധവല്ക്കരണം നടത്തുന്നതിന്റെ ഭാഗമായി എഫ്.ഐ.ബി. മുഖേന ടി പ്രദേശത്തെ പത്രങ്ങളിൽ പ്രാദേശിക ഭാഷയിൽ വാർത്ത നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കും. 13 ജില്ലകളിലെ 146 ബ്ലോക്കുകളിലും 2 ക്ലസ്റ്ററിൽ 75,000 രൂപ ധനസഹായം അനുവദിക്കുന്നതാണ്. കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിക്കും. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500/ രൂപ വീതവും അനുവദിച്ചു വരുന്നു.

നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടുകൂടി റസിഡൻസ് അസോസിയേഷനുകളിൽ വിൽപ്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. 111 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും അവർക്ക് സാമ്പത്തിക സഹായവും അനുവദിക്കാൻ പദ്ധതിയുണ്ട്.

**പച്ചതേങ്ങാ സംഭരണം**

10 (1012) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പച്ച തേങ്ങാ സംഭരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി വെളിച്ചെണ്ണയും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നു.

(ബി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പച്ചതേങ്ങ സംഭരണ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംഭരണത്തിനുള്ള അടങ്കൽ 100 കോടി രൂപയായി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്ത് എല്ലാ കൃഷി ഭവനുകളിലും നാളികേരം സംഭരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് എല്ലാ കൃഷിഭവനുകളിലും നാളികേരം സംഭരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

**കൃഷിവകുപ്പിന് ധനസഹായം**

11 (1013) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2011-2016) കൃഷി വകുപ്പിന് ധനവകുപ്പിൽ നിന്ന് ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപ അനുവദിച്ചിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ മേഖലയിൽ ചെലവഴിച്ചു എന്നുള്ള വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2011-2016) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1-ആയും* മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയും ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റൈസ് ബയോപാർക്ക്

12 (1014) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ തുടങ്ങുന്നതാണ്. വിവിധ അഗ്രോ പാർക്കുകൾക്കായി 500 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേരളത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ തുടങ്ങുന്നതാണ്.

(ബി) അരിയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ താൽപ്പര്യമുള്ള സംരംഭകർക്ക് സാങ്കേതിക സഹായവും സ്ഥലസൗകര്യവും നെല്ലിനെ അടിസ്ഥാനമാക്കി അഗ്രോ പാർക്ക് മുഖേന നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അരി അധിഷ്ഠിതമായ കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണയിലുള്ള സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നെൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. വിവിധ ആഗ്രോ പാർക്കുകൾക്കായി 500 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

## പുതിയ ജൈവകൃഷി പദ്ധതികൾ

13(1015) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് 2011-2016 കാലഘട്ടത്തിൽ നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ പരീക്ഷണങ്ങളിലൂടെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിയിൽ ഉയർന്ന അളവിൽ കീടനാശിനികൾ അടങ്ങിയിരിക്കുന്നതായി കണ്ടെത്തി. ഇത് പ്രസിദ്ധീകരിച്ച ശേഷം അച്ചടി-ദൃശ്യമാധ്യമങ്ങളിലൂടെ ധാരാളം പ്രചരണം ലഭിക്കുകയുണ്ടായി. കൂടാതെ ആരോഗ്യ-സാമൂഹ്യ പ്രവർത്തകരും, പൊതുജനങ്ങളിൽ ധാരാളം അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചു. അതുമൂലം ജനങ്ങൾ ജൈവകൃഷിയിലേക്ക് ആകൃഷ്ടരാകുകയും വീട്ടാവശ്യത്തിനുള്ള പച്ചക്കറി സ്വയം ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2015-16 വർഷം എല്ലാ ജില്ലകളിലും ജൈവ സന്ദേശ കൃഷിയാത്ര സംഘടിപ്പിച്ചു.

(ബി) ഉണ്ട്. 50000 ഹെക്ടറിൽകൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും വേണ്ടിയുള്ള വിവിധ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും, വിൽപ്പനയും കർശനമായി നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായുള്ള കീടനാശിനി കമ്പനികളുടെ പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്നതാണ്.

**തരിശുഭൂമി**

14(1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ തരിശു ഭൂമിയാണുള്ളത് ;

(ബി) അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ എത്ര ഹെക്ടർ വയൽ നികത്തി എന്ന് അറിയിക്കാമോ;

(സി) ഫലവൃക്ഷങ്ങൾ ധാരാളമുള്ള ഭൂമിയിൽ വീട് വയ്ക്കുവാൻ അനുമതി നൽകുമോ?

ഉത്തരം

(എ) 2014-15 വർഷം സംസ്ഥാനത്ത് സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുപ്രകാരം 100676 ഹെക്ടർ സ്ഥലം കൃഷിയോഗ്യമായ തരിശാണ്.

(ബി) 1380 ഹെക്ടർ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി**

15(1017) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത ജലസംഭരണിയായ നെൽ വയലുകൾ സംരക്ഷിക്കുന്നത് പ്രകൃതി ആവാസ വ്യവസ്ഥ സംരക്ഷണമായി കണ്ട് നിലം ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

**നാണ്യ വിളകൾ**

16(1018) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിലെത്തുമ്പോൾ റബ്ബർ, തെങ്ങ്, ഏലം, കുരുമുളക്, ജാതിക്ക, അടയ്ക്ക ഉടങ്ങിയവയുടെ വില എത്രയായിരുന്നെന്നും അധികാരമൊഴിയുമ്പോഴുള്ള വില എത്രയായിരുന്നെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ഏലത്തോട്ടങ്ങൾ, കുരുമുളക തോട്ടങ്ങൾ, തെങ്ങിൻതോട്ടങ്ങൾ, ജാതി തോട്ടങ്ങൾ, റബ്ബർ തോട്ടങ്ങൾ, അടയ്ക്കാതോട്ടങ്ങൾ എന്നിവ എത്ര ഏക്കറായിരുന്നുവെന്നും അധികാരമൊഴിയുമ്പോൾ എത്ര ഏക്കർ സ്ഥലങ്ങൾ കൃഷി യോഗ്യമായിരുന്നെന്നും ഏതെല്ലാം മേഖലകളിൽ മേൽപരാമർശിച്ച കാർഷിക വിളകൾ ഒഴിവാക്കിയെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിൽ യു.ഡി.എഫ്. ഭരണ കാലയളവിൽ എത്ര പേർ ആത്മഹത്യ ചെയ്തെന്നും ഇവരുടെ കുടുംബങ്ങൾക്ക് മുൻ സർക്കാർ എന്തു സഹായം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| ഉൽപ്പന്നം | 2011 മേയ് മാസത്തെ വില | 2016 മേയ് മാസത്തെ വില |
|---|---|---|
| റബ്ബർ (RSS4) | കിലോയ്ക്ക് 225.23 രൂപ | കിലോയ്ക്ക് 130.62 രൂപ |
| നാളികേരം | 10550 രൂപ (1000 എണ്ണത്തിന്) | 9500 രൂപ(1000 എണ്ണത്തിന്) |
| ഏലം | 706 ₹/Kg | 683 ₹/Kg |
| കുരുമുളക് | 28700 ₹/Kg | 72444 ₹/Kg |
| ജാതിക്ക | 287 ₹/Kg | 193 ₹/Kg |
| അടയ്ക്ക | 10598 ₹/Quintal | 18000 ₹/Quintal |

(ബി) 2015-16, വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സുഗന്ധവ്യഞ്ജനങ്ങളായ ജാതി, കുരുമുളക് എന്നിവയുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ സ്പൈസസ് ബോർഡ് മുഖേനയും റബ്ബർ കൃഷിയുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ റബ്ബർ ബോർഡ് മുഖേനയും തെങ്ങ് കൃഷിയുടെ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ നാളികേര വികസന ബോർഡ് മുഖേനയും നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി ഡവലപ്മെന്റ് ഓഫ് സ്പൈസസ് എന്ന പദ്ധതി 10 കോടി രൂപയ്ക്ക് നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജിന്റെ ഭാഗമായി കുരുമുളക് കൃഷിയുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നാളികേര വികസനത്തിനായി 45.00 കോടി രൂപയ്ക്ക് കേരഗ്രാമം

പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ല് വില സ്ഥിരത ഉറപ്പ് വരുത്തുന്നതിനായി 385 കോടി രൂപയും റബ്ബർ വിലസ്ഥിരതയ്ക്കായി 500 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണത്തിന് 100 കോടി രൂപ വിലയിരുത്തിയിട്ടുണ്ട്. (കിലോയ്ക്ക് 25 രൂപ നിരക്കിൽ) മുഴുവൻ കൃഷി ഭവൻ വഴി തേങ്ങ സംഭരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

**സമഗ്ര പച്ചക്കറി വികസന പദ്ധതി**

17(1019) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സമഗ്ര പച്ചക്കറി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി മൂലം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2006-2011-ലെ സർക്കാർ നടത്തിക്കൊണ്ടിരുന്ന പച്ചക്കറി വികസന പദ്ധതികൾക്കുപുറമേ ജില്ലാ ക്ലസ്റ്റർ വികസനം, എ ഗ്രേഡ് ക്ലസ്റ്ററുകളുടെ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതി എന്നീ ഘടകങ്ങൾകൂടി ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്നു.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിച്ചത്.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും 2013-14-ൽ 5625 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 6400 ലക്ഷം രൂപയും 2015-16-ൽ 6400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു.

**തരിശുഭൂമിയിൽ കൃഷി**

18 (1020) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്താകെ ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി തരിശായി കിടക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ നിർബന്ധമായും കൃഷിയിറക്കാനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

ത്രിതലപഞ്ചായത്തുകളുടെയും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെ ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമി അപ്രകാരം തരിശിട്ടിരിക്കുന്നതിന്റെ മൂലകാരണം കണ്ടെത്തി അനുയോജ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കരനെൽകൃഷി തരിശ് കിടക്കുന്ന പാടങ്ങളിലെ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി, തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം 19-7-2016-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**റബ്ബർ കർഷകരുടെ പ്രതിസന്ധി**

19(1021) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ വിലയിടിവിൽ നിന്ന് സംരക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ റബ്ബർ സംഭരണം ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) ഗ്രേഡ് 4 റബ്ബറും ലാറ്റക്സും കിലോയ്ക്ക് എത്ര രൂപയ്ക്കാണ് ഇപ്പോൾ സംഭരിക്കുന്നത്; ഈ തുക എന്നു മുതലാണ് നൽകാൻ തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ എത്ര ടൺ റബ്ബർ ഇത്തരത്തിൽ സംഭരിച്ചു എന്നും ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചു എന്നും വെളിപ്പെടുത്താമോ;

(ഡി) സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില ഉയർത്താൻ നീക്കമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) റബ്ബർ കർഷകരെ വിലയിടിവിൽനിന്ന് സംരക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ റബ്ബർ സംഭരണം ഇപ്പോൾ തുടരുന്നില്ല. എന്നാൽ ഈ സർക്കാർ ചെറുകിട കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുവാനായി വില സ്ഥിരതാ ഫണ്ടിലേക്ക് 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസമാണ് റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകി വരുന്നത്. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. ഇതിനുവേണ്ടി 500 കോടി രൂപ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) റബ്ബറിന്റെ വിലത്തകർച്ചയിൽ നിന്നും കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുന്നതാണ്.

**ഹൈടെക് കൃഷി**

20(1022) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലഘട്ടത്തിലാണ് സംസ്ഥാനത്ത് പോളിഹൗസുകളുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതി രൂപീകരിച്ചതും, ആരംഭിച്ചതും. തുടർന്നുള്ള വർഷങ്ങളിൽ പോളിഹൗസ് നിർമ്മാണത്തിനായി നിശ്ചിത മാനദണ്ഡപ്രകാരം

കണക്കാക്കിയ ചെലവിന്റെ 75% സബ്സിഡി നൽകിവന്നിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷം മുതൽ നിശ്ചിത മാനദണ്ഡപ്രകാരമുള്ള തുകയുടെ 60 ശതമാനമാണ് സബ്സിഡി നൽകുന്നത്.

(ബി) ഹൈടെക് ഫാമിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുക.
2. ഉന്നത ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.
3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുക.
4. കയറ്റുമതി ലക്ഷ്യമാക്കി കട്ട് ഫ്ലവർ, ലൂസ് ഫ്ലവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാധ്യമാക്കുക.

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനായി ഭരണതലത്തിൽ എടുത്ത നടപടികൾ ചുവടെ ചേർക്കുന്നു:

- കേരളത്തിലെ ഹൈടെക് ഫാമിംഗ് പദ്ധതിയുടെ നടത്തിപ്പിന്റെ വിലയിരുത്തലും മേൽനോട്ടവും നടത്തുന്നതിനായി സംസ്ഥാനതല/ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
- കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) രൂപം നൽകിയിട്ടുള്ള ആർക്ക്ജിസ് എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് പോളീഹൗസുകളുടെ മോണിറ്ററിംഗ് സാധ്യമാക്കുന്നതിന് സംസ്ഥാനത്തിനുള്ളിലെ പോളീഹൗസുകൾ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഇന്റർനെറ്റിൽ ലഭ്യമാക്കി.
- പോളിഹൗസ് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമവും ഉന്നമനവും ഉറപ്പുവരുത്തുന്നതിനും വിളകളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും കർഷകരെ സഹായിക്കുന്നതിനും പോളീഹൗസ് കൃഷിയുടെ പുരോഗതിയ്ക്കുവേണ്ട നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ കർഷക കൂട്ടായ്മകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു.

## കർഷക ക്ഷേമ ബോർഡ്

21 (1023) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബോർഡ് ലക്ഷ്യമിടുന്ന ആനുകൂല്യങ്ങൾ എന്ന് മുതൽ കർഷകർക്ക് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കൃഷിയിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തുന്നവരുടെ ക്ഷേമത്തിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് 20-2-2016-ലെ സ.ഉ.(എംഎസ്.)നമ്പർ 31/16/കൃഷി പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നുവെങ്കിലും മറ്റ് നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ പഠിച്ചശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

## കാർഷിക മേഖലയിൽ വ്യാപാര കരാറുകളുടെ പ്രത്യാഘാതങ്ങൾ

22(1024) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യു.ടി.ഒ, ആസിയാൻ അംഗരാഷ്ട്രങ്ങളുമായുണ്ടാക്കിയ സ്വതന്ത്രവ്യാപാര കരാറുകൾ കേരളത്തിലെ കാർഷിക മേഖലയെയും റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളെയും ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) വ്യാപാരക്കരാറുകൾമൂലം തകർച്ച നേരിടുന്ന ജീവനോപാധി വിളകളായ റബ്ബർ, നാളികേരം, കുരുമുളക്, കാപ്പി, ജാതി, ഏലം, നെല്ല് എന്നിവയെ, മറ്റു രാജ്യങ്ങളിൽ ചെയ്തപോലെ, "ഹൈലി സെൻസിറ്റീവ് " ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത കരാറുകൾ കർഷക സമൂഹത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ മറികടക്കുന്നതിനായി അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ആസിയാൻ അംഗരാഷ്ട്രങ്ങളുമായുണ്ടാക്കിയിട്ടുള്ള ഇൻഡ്യാ-ആസിയാൻ സ്വതന്ത്ര്യവ്യാപാര കരാർ കേരളത്തിലെ കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്.) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യൂ.ടി.ഒ. സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ലോകവ്യാപാര കരാറുകളിൽ ഏർപ്പെടുന്ന സമയത്ത് അതാത് രാജ്യങ്ങളാണ് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് നിശ്ചയിക്കുന്നത്. ഒരിക്കൽ കരാറിൽ ഏർപ്പെട്ടാൽ പിന്നീട് പുനർചർച്ചയിലൂടെ മാത്രമേ പ്രസ്തുത ഉൽപ്പന്നങ്ങളെ മറ്റൊരു വിഭാഗത്തിലേക്ക് മാറ്റുവാൻ സാധിക്കുകയുള്ളൂ. ലോകവ്യാപാര കരാറിൽ സംരക്ഷണം ആവശ്യമായ ഉൽപ്പന്നങ്ങളെ സെൻസിറ്റീവ് ലിസ്റ്റിലും ഇൻഡ്യാ-ആസിയാൻ കരാറിൽ സംരക്ഷണമാവശ്യമായ ഉൽപ്പന്നങ്ങളെ എക്സ്ക്ലൂസീവ് ലിസ്റ്റിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പ്രാധാന്യമുള്ള കാർഷിക ഉൽപ്പന്നങ്ങളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) പ്രസ്തുത കരാറുകൾ കർഷക സമൂഹത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ മറികടക്കുന്നതിനും സംസ്ഥാനത്ത് കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ കാർഷിക വികസന പദ്ധതികൾ, വിള ഇൻഷ്വറൻസ് പദ്ധതി, വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളായ നെല്ലിനും നാളികേരത്തിനും ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ നടപടികൾ നടപ്പിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഈ കരാറുമൂലം കേരളത്തിന്റെ കാർഷിക രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര കൃഷി മന്ത്രിയുമായും പ്രധാനമന്ത്രിയുമായും ചർച്ച നടത്തുവാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതാണ്.

**കർഷക ആത്മഹത്യ**

23(1025) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2016 മേയ് വരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കാർഷിക കടാശ്വാസ നിധിയിൽ നിന്ന് ഇവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ താഴെപ്പറയും വിധം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകും.
2. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്.
3. ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കും.
4. അർഹതയുള്ള ചെറുകിട കർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും.
5. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കും.

**ഭക്ഷ്യ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

24 (1026) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞുവരുന്നത് തടയുന്നതിനായി എന്തു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്തെ കൃഷിഭവനുകൾക്കുള്ള പങ്ക് അവലോകനം ചെയ്തിട്ടുണ്ടോ; കൃഷിഭവനുകളെ പുനഃസംഘടിപ്പിച്ച് കാർഷിക മേഖലയുടെ, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ വികസനത്തിന് ചാലകശക്തിയായി മാറ്റുവാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ :

(സി) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെ സാങ്കേതിക വിദ്യകളുടെ വ്യാപനവും യന്ത്രവത്കരണവും നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞുവരുന്നത് തടയുന്നതിനായി സംസ്ഥാനത്ത് തിരശ്ശുകിടക്കുന്ന കൃഷിയോഗ്യമായ നിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിയ്ക്ക് ഉപയുക്തമാക്കി സംസ്ഥാനത്തിലെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം കരപ്രദേശങ്ങളിലും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. 2016-17 വർഷം 2560 ഹെക്ടർ കരനെൽകൃഷി വ്യാപിപ്പിക്കുന്നതാണ്. 5 വർഷംകൊണ്ട് കരനെൽകൃഷി 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മറ്റ് നെൽകൃഷി വികസന പദ്ധതികളും ഇതൊടൊപ്പം നടപ്പിലാക്കുന്നു.

(ബി) അവലോകനം ചെയ്തിട്ടുണ്ട്. കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ നടപ്പിലാക്കിയ ഒരു ലക്ഷം യുവജന പദ്ധതിയിൽ ഇപ്പോൾ 85417 അംഗങ്ങളായി തുടർന്ന് വരുന്നുണ്ട്. കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുക എന്ന ഉദ്ദേശത്തോടെ "ഹൈടെക് അഗ്രികൾച്ചർ" പദ്ധതി, "കാർഷിക യന്ത്രവൽക്കരണത്തിനുള്ള സബ്മിഷൻ പദ്ധതി" എന്നീ പദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കാർഷികയന്ത്രങ്ങളുടെ ഉപയോഗം, പരിപാലനം എന്നിവയിൽ പരിശീലനം, കർഷകർക്ക് ആവശ്യാനുസരണം കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. " അഗ്രോസർവ്വീസ് സെന്ററുകളും സേവനവും" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ 65 അഗ്രോസർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചു വരുന്നു. യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി അവർക്ക് യന്ത്ര സാമഗ്രികൾ നൽകി സജ്ജമാക്കിയാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി കാർഷിക മേഖലയിലെ തൊഴിലാളി ദൗർബല്യത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നുണ്ട്.

## കൊല്ലം ജില്ലയിലെ കൃഷി വകുപ്പിന് കീഴിലുള്ള താത്ക്കാലിക ജീവനക്കാർ

25(1027) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിവിധ ഓഫീസുകളിലായി കൃഷിവകുപ്പിന്റെ കീഴിൽ (സോയിൽ സർവ്വേ, സോയിൽ കൺസർവേഷൻ ഉൾപ്പെടെ) താൽക്കാലിക അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ, ഏതൊക്കെ ഓഫീസുകളിൽ എത്രപേർ ജോലി നോക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർ എത്ര വർഷമായി ജോലിയിൽ തുടരുന്നുവെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ&ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൊല്ലം ജില്ലയിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിൽ കൊല്ലം ജില്ലയിൽ താൽക്കാലികാടിസ്ഥാനത്തിൽ 2016 ജൂൺ മുതൽ നാല് പേർ വർക്ക് സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കുന്നുണ്ട്.

## കരിമ്പ് കൃഷി

26(1028) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2200-ന് മേൽ ഹെക്ടറിൽ കൃഷി ചെയ്യുന്ന കരിമ്പ് കൃഷിക്കാർക്ക് സൗജന്യ വളങ്ങളും സബ്സിഡികളും നൽകുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട്, തിരുവൻവണ്ടൂർ പഞ്ചായത്തുകളിൽ കരിമ്പ് കൃഷിചെയ്യുന്ന കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരിമ്പ് കൃഷിയുടെ കൃഷി രീതികൾ, ആകെ കൃഷിചെയ്യുന്ന വ്യാപ്തി മുതലായ വിവിധ വിവരങ്ങൾ കൃഷി വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) കരിമ്പ് കൃഷി സംബന്ധിച്ച വിവരങ്ങളും കൃഷിക്കാർക്ക് നൽകുന്ന സൗജന്യങ്ങളും സബ്സിഡികളും കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്താവുന്നതാണോ എന്നു വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആലോചിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കരിമ്പ് കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ നാഷണൽ ഇ-ഗവർണൻസ് പ്ലാൻ അഗ്രികൾച്ചറൽ പോർട്ടലിൽ http//farmer.gov.in/cropsstatics sugarcane.aspx എന്ന ലിങ്കിൽ നൽകിയിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.agriculture.gov.in-ന്റെ ഹോം പേജിൽ നിന്ന് ഫാർമേഴ്സ് പോർട്ടലിലേക്ക് ലിങ്ക് നൽകിയിട്ടുണ്ട്.

(ഡി) ഉൾപ്പെടുത്താവുന്നതാണ്.

**കയ്പാട് കൃഷി സംരക്ഷണ പദ്ധതി**

27(1029) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധി പ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി 10-2-2016-ന് ഭരണാനുമതി ലഭിച്ച 1023.51 ലക്ഷം രൂപയുടെ പദ്ധതിയിൻമേൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോ, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി 1023.51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ ഈ പ്രവൃത്തിക്കുള്ള ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ജൈവകൃഷി രീതി പ്രോത്സാഹനം

28(1030) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഉപയോഗത്തിലുള്ള പഴങ്ങൾ, പച്ചക്കറികൾ, നെല്ല് തുടങ്ങിയ കാർഷികോത്പന്നങ്ങളിൽ വിഷാംശം ധാരാളമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനൊരു പരിഹാരമെന്ന നിലയിൽ ജൈവവളങ്ങളും, ജൈവവള കീടനാശിനികളും ഉപയോഗിച്ച് ജൈവകൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിൽ എവിടെയെല്ലാം സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ജൈവകൃഷി ഫാമുകളും കൃഷിയിടങ്ങളുമുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കൃഷിരീതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഷാംശം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ സർക്കാരിന്റെ മേൽനോട്ടത്തിലുള്ള നെല്ലിയാമ്പതി പഴം പച്ചക്കറി ഫാമിൽ 5 ഹെക്ടർ പ്രദേശത്തും ആലുവ സ്റ്റേറ്റ് സീഡ് ഫാമിലുമാണ് ജൈവ കൃഷി രീതി നടത്തിവരുന്നത്.

(ഡി) സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ഘട്ടംഘട്ടമായി ജൈവ കൃഷി രീതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള മറ്റ് ഫാമുകളിലേക്കുകൂടി ജൈവകൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## റബ്ബർ കർഷകരെ രക്ഷിക്കുന്നതിന് നടപടി

29(1031) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും പ്രസ്തുത മേഖല കൂടുതൽ വികസനോന്മുഖമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് നൽകി വരുന്നു. ഇതിനായി 2016-17 വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലത്തകർച്ച നേരിടാൻ special package കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതാണ്.

**റബ്ബർ വിലയിടിവ് - ആശ്വാസ നടപടികൾ**

30(1032) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് റബ്ബർ കർഷകരെ സഹായിക്കാനായി റബ്ബർ വില സ്ഥിരതാ ഫണ്ടു വഴി കർഷകർക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാകുന്ന വിധത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കുന്നതിന് 500 കോടി രൂപ ഈ സർക്കാർ വകയിരുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കും.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്കായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും വകയിരുത്തിയ മുഴുവൻ തുകയും പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## കൊല്ലം പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി

31 (1033) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി എത്ര രൂപാ അനുവദിച്ചിരുന്നുവെന്നും ഇതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് കാലാവധി നിശ്ചയിച്ചിരുന്നുവോ; എങ്കിൽ എന്നാണ്; കാലാവധി ഗവൺമെന്റ് നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് പ്രകാരം എന്തൊക്കെ നിർമ്മാണ ജോലികളാണ് നിശ്ചയിച്ച് കരാർ വച്ചിരുന്നത് ; ആയത് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം എന്തൊക്കെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ഇ) എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ജി.ഒ. (ആർറ്റി.)നമ്പർ 527/11/എ.ഡി. തീയതി 14-03-2011 പ്രകാരം 3.20 കോടി രൂപ അനുവദിച്ചു. ഇതിൽ 1,88,64,731 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ അറിയിപ്പ് പ്രകാരം 2016 സെപ്റ്റംബർ 30-ന് പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പദ്ധതി കാലാവധി കഴിയും. ഈ പരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു.

(സി) താഴെ പറയുന്ന നിർമ്മാണ ജോലികൾക്കാണ് നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം കരാർ വച്ചിരുന്നത്.

1. തോട് ആഴം കൂട്ടൽ
2. തലച്ചിറ കുളം നിർമ്മിക്കൽ
3. പുറംബണ്ട് ഉയർത്തൽ

4. പാർശ്വഭിത്തി നിർമ്മിക്കൽ

5. കലുങ്ക് ബി ടൈപ്പ്, കലുങ്ക് എ ടൈപ്പ്

6. പമ്പ് ഹൗസിന്റെ ഭിത്തി ബലപ്പെടുത്തൽ

7. 50 എച്ച്.പി. പെട്ടി, പറ എന്നിവ സ്ഥാപിക്കൽ

8. (എ) പുതിയ പമ്പ് ഹൗസിന്റെ നിർമ്മാണം

(ബി) നിലവിലുള്ള പമ്പ് ഹൗസിന്റെ ബെൽറ്റ് ആവശ്യമായ ഷെഡ്ഡ്

(സി) 50 എച്ച്.പി. പെട്ടി, പറ റിപ്പയർ

9. (എ) ട്രാക്ടർ പാസ്സേജും കലുങ്കും

(ബി) ഫുട്ട് ബ്രിഡ്ജ്

(സി) ഓട നിർമ്മാണം

10. കിണർ നിർമ്മാണം 10 എച്ച്.പി. മോട്ടോർ പമ്പ് സ്ഥാപിക്കൽ

ഇവയിൽ കുളം നിർമ്മാണം, പുറംബണ്ട് ഉയർത്തൽ, നടുത്തോടിന്റെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾ ഇതേ റേറ്റിൽ ഈ തുകയ്ക്ക് ക്രമവൽക്കരിക്കേണ്ടതുണ്ട്. ആയത് ചെയ്തുവരുന്നു.

(ഡി) <u>പൂർത്തീകരിച്ചവ:</u>

1. തോട് ആഴം കൂട്ടൽ

2. തലച്ചിറ കുളം നിർമ്മിക്കൽ

3. പാർശ്വഭിത്തി നിർമ്മിക്കൽ

4. കലുങ്ക് ബി ടൈപ്പ്, കലുങ്ക് എ ടൈപ്പ്

5. പമ്പ് ഹൗസിന്റെ പാർശ്വഭിത്തി ബലപ്പെടുത്തൽ

6. (എ) പുതിയ പമ്പ് ഹൗസ് സ്ഥാപിക്കൽ

(ബി) 50 എച്ച്.പി. പെട്ടി, പറ റിപ്പയർ

7. (എ) ട്രാക്ടർ പാസ്സേജും കലുങ്കും

(ബി) ഫുട്ട് ബ്രിഡ്ജ്

8. കിണർ നിർമ്മാണം

അവശേഷിക്കുന്നവ:

(എ) പുറം ബണ്ട് ഉയർത്തൽ, പെട്ടി, പറ സ്ഥാപിക്കൽ

(ബി) നിലവിലുള്ള പമ്പ് ഹൗസിന് ബെൽറ്റ് കവർ ഷെഡ് സ്ഥാപിക്കൽ

(സി) ഓട നിർമ്മാണം

(ഡി) 10 എച്ച്.പി. മോട്ടോർ പമ്പ് സ്ഥാപിക്കൽ

(ഇ) സെപ്തംബർ 2016-ന് കാലാവധി കഴിയുന്ന പ്രസ്തുത പ്രോജക്ട് ഈ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

**തരിശായി കിടക്കുന്ന കൃഷി ഭൂമി**

32 (1034) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന കൃഷി ഭൂമികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കൃഷിക്ക് തീർത്തും അനുയോജ്യമല്ലാത്ത ഭൂമി എത്രയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൃഷിക്ക് അനുയോജ്യവും, വർഷങ്ങളായി തരിശാക്കിയിട്ടിട്ടുള്ളതുമായ ഭൂമി കൃഷി ഭൂമിയാക്കി മാററുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പാണ് തരിശായി കിടക്കുന്ന കൃഷി ഭൂമികളുടെ വിവരശേഖരണം നടത്തിയിട്ടുള്ളത്. ടി വകുപ്പിന്റെ കണക്കുപ്രകാരം 2014-15 വർഷം സംസ്ഥാനത്ത് കൃഷിയോഗ്യമായ തരിശ് കൃഷിഭൂമി 100676 ഹെക്ടറാണ്.

(ബി) 2014-15 വർഷത്തെ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്ക് പ്രകാരം കൃഷിക്ക് തീർത്തും അനുയോജ്യമല്ലാത്ത ഭൂമി 12952 ഹെക്ടറാണ്.

(സി) 2016-17 വർഷം കൃഷി വകുപ്പ് 2560 ഹെക്ടർ തരിശുഭൂമിയിൽ കര നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ തരിശ് കിടക്കുന്ന പാടങ്ങളിലെ നെൽ കൃഷി, പച്ചക്കറി കൃഷി, വാഴകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അടുത്ത 5 വർഷം കൊണ്ട് കരനെൽകൃഷി 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ചിറക്കര മാലാകായൽ വികസന പദ്ധതി**

33(1035) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചിറക്കര മാലാകായൽ വികസന പദ്ധതി കെ.എൽ.ഡി.സി.-യുടെ ചുമതലയിൽ 30-6-2007-ൽ ഭരണാനുമതി ലഭിച്ച് ആരംഭിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 14-4-2009-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതിയുടെ കാലാവധി 31-12-2012 വരെ ദീർഘിപ്പിച്ചു നൽകിയിട്ടും നിർമ്മാണ ജോലികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്ന സാഹചര്യം എന്താണെന്ന് അറിയിക്കുമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായ കേസ്സുകൾ അവസാനിപ്പിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നതായുള്ള പരാതി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ എത്ര തുക ഈ പദ്ധതിക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എഫ്) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതി ഉപേക്ഷിക്കുന്നുവെങ്കിൽ ഉദ്യോഗസ്ഥതലത്തിലുണ്ടായിട്ടുള്ള വീഴ്ചകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) RIDF XII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ നബാർഡ് അനുവദിച്ച കാലാവധി 31-12-2014-ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. മാലാക്കായലിലെ നിർമ്മാണ പ്രവർത്തനങ്ങൾ വെറ്റ് ലാന്റ് റൂൾ 2010-ന്റെ ലംഘനമായതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച വ്യവഹാരം ഹൈക്കോടതിയിൽ തീരുമാനമായിട്ടില്ല.

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായ കേസ്സുകൾ അവസാനിപ്പിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ടി പദ്ധതിക്ക് 80.24 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു:മാനപ്പെട്ട ഹൈക്കോടതിയുടെയും കേരള കോസ്റ്റൽ സോൺ അതോറിറ്റിയുടെയും സ്റ്റേ നിലവിലുണ്ട്. മാലാക്കായലിലെ നിർമ്മാണ പ്രവർത്തനങ്ങൾ വെറ്റ് ലാന്റ് റൂൾ 2010-ന്റെ ലംഘനമാകുമെന്നതിനാലും പ്രസ്തുത വർക്കിന് നബാർഡ് അനുവദിച്ച പൂർത്തീകരണ കാലാവധി അവസാനിച്ചതിനാലും പ്രസ്തുത പദ്ധതി തുടർന്നു നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലില്ല.

(എഫ്) ടി പദ്ധതിക്കായി ഇതുവരെ 32.317 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്; ഇക്കാര്യം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.

**തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ഇറക്കാൻ നടപടി**

34(1036) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളിലും കായലുകളിലും കൃഷി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റാണി കായലിൽ കൃഷി ഇറക്കാതെ എത്ര വർഷമായി സ്ഥലം തരിശായി കിടക്കുകയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കായലിൽ കൃഷി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ആയത് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മെത്രാൻ കായലിൽ എത്ര ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവിടെ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കുമെന്നും ആയത് എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി പഞ്ചായത്തിലെ റാണി കായൽ കഴിഞ്ഞ 24 വർഷത്തോളമായി തരിശായി കിടക്കുകയാണ്. പുതിയ സർക്കാർ അധികാരമേറ്റശേഷം ഈ വർഷം 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി ഇറക്കുന്നതിനായുള്ള പമ്പിങ് ലേല നടപടികൾ പൂർത്തീകരിക്കുകയും 2016 സെപ്തംബർ മാസം കൃഷി ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്.

(സി) മെത്രാൻ കായലിൽ ആകെ 404 ഏക്കർ പ്രദേശമാണ് തരിശായി കിടക്കുന്നത്. 2008-09 മുതൽ ഇവിടെ പുഞ്ച കൃഷി നടപ്പിലാക്കിയിട്ടില്ല. 17-6-2016-ൽ മെത്രാൻ കായൽ കൃഷി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൂടിയ അവലോകന യോഗത്തിൽ അടിയന്തരമായി 160 ഹെക്ടർ പുഞ്ച കൃഷി പുനരാരംഭിക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി. 2016 സെപ്തംബർ മാസം പുഞ്ചകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ, സ്ഥലം MLA, കാർഷിക സർവ്വകലാശാല വിദഗ്ധർ, ബന്ധപ്പെട്ട കൃഷി വകുപ്പ് തലവൻമാർ എന്നിവരുൾപ്പെട്ട സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**റബ്ബർ കർഷകർക്ക് സബ്സിഡി**

35(1037) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പുതിയ നടപടികൾ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**നാളികേര വികസന പാർക്ക്**

36(1038) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ കേരകർഷകരുള്ള കുറ്റ്യാടിയിലും പരിസരത്തും തേങ്ങയുടെ ഉൽപാദനം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യംവച്ച് സർക്കാർ നാളികേര വികസനപാർക്ക് ആരംഭിച്ച കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വർഷങ്ങളായി ഇത് പ്രവർത്തനരഹിതമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് വിഘാതമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിനെ പ്രവർത്തനസജ്ജമാക്കി കേരകർഷകരുടെ വർഷങ്ങളായുള്ള ആവശ്യത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കുറ്റ്യാടിയിൽ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. മുഖേന സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി-ഡി) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കണ്ടെത്തി ഏറ്റെടുത്ത സ്ഥലം വികസിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് 42 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ഉഭയസമ്മത വിലപ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്ഥലം ഉടമ ഉയർന്ന കോമ്പൻസേഷനുവേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 7-10-2015-ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സെക്ഷൻ 11(1) എൽ.എ. ആക്ട് അനുസരിച്ച് മൂന്ന് മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സി.-യും അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കോടതിയിൽ കേസ് നിലവിലുള്ളതിനാൽ നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

## ജൈവകൃഷി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

37(1039) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും, കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; ഇത്തരം വിത്തിനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചും കോട്ടങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മോൺ സാന്റോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഇല്ല.

(സി) സീറോ ബഡ്ജറ്റ് ഫാമിംഗ്, ഓർഗാനിക് ഫാമിംഗിന്റെ ഒരു വകഭേദമാണ്. ജൈവകൃഷിയെ ശക്തിപ്പെടുത്തുന്നതിനായിട്ടുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയിൽ സ്വീകരിച്ചുവരുന്നു. ജൈവകൃഷി അനുവർത്തിക്കുവാൻ താൽപര്യമുള്ളവർക്കായി ജൈവകൃഷി രീതികളുടെ പ്രത്യേക ശിപാർശകളും കാർഷിക സർവ്വകലാശാല ചിട്ടപ്പെടുത്തിയിട്ടുണ്ട്. സുഭാഷ് പലേക്കറുടെ ചെലവില്ലാ പ്രകൃതി കൃഷി സംസ്ഥാനത്ത് നിരവധി കർഷകർ സ്വമേധയാ അവലംബിച്ച് കൃഷി ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## കാർഷിക നയം

38(1040) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനായി പുതിയ കാർഷിക നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ജൈവ കൃഷിക്ക് പ്രാധാന്യം നൽകി ജൈവ കാർഷിക നയം രൂപീകരിക്കുന്നതാണ്.

## എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തുകളിൽ നെൽകൃഷി വികസനം

39(1041) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിൽ എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തിലെ വയലുകൾ എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾകൊണ്ട് എത്ര ഹെക്ടർ പാടശേഖരത്തിന് ഗുണമുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തിലെ വയലുകൾ എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എൽ.ഡി.സി. മുഖേന നിർമ്മാണ പ്രവർത്തനം നടക്കുന്ന പദ്ധതിയാണിത്. ആമ്പല്ലൂർ പഞ്ചായത്തിലെ തോട്ടറ പുഞ്ചയുടെ വയലുകളിൽ നെൽകൃഷി വികസനത്തിനായി നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15.5257 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. (വിരിപ്പച്ചാൽ, കണ്ണങ്കരി, തൊള്ളിക്കരി - കാപ്പിക്കരി, ഒലിപ്പുറം, കുന്നംകുളം, മനയ്ക്കത്താഴം, ഭഗവതിമൂഴ്)

(ബി) പ്രസ്തുത പദ്ധതികൾ 2017 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ കൊണ്ട് എടയ്ക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തുകളിൽ 435 ഹെക്ടർ പ്രദേശത്തിന് പ്രയോജനം ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി

40(1042) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആർ.കെ.വി.വൈ. (R.K.V.Y.) പദ്ധതി പ്രകാരം ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതെങ്കിലും പദ്ധതികൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പ് 2,27,50,886 രൂപയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 15,01,364 രൂപയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 5 ലക്ഷം രൂപയും കേരള കാർഷിക സർവ്വകലാശാല 857.3875 ലക്ഷം രൂപയും മൃഗസംരക്ഷണ വകുപ്പ് 2,20,768 രൂപയും ക്ഷീരവികസന വകുപ്പ് 58,46,266 രൂപയും ഫിഷറീസ് വകുപ്പ് 17,61,900 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## കാർഷിക മേഖലയിലെ സഹായങ്ങൾ

41(1043) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് എത്ര കർഷക ആത്മഹത്യകൾ ഉണ്ടായി എന്നും അവരുടെ കുടുംബങ്ങൾക്ക് എന്ത് സഹായം നൽകി എന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ, കാർഷിക കടങ്ങൾക്ക് മുൻ സർക്കാർ നൽകിയ മൊറട്ടോറിയം തുടർന്നുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നെൽകൃഷിക്കാർക്ക് നൽകേണ്ട തുകകൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നൽകിയോ; ഇല്ലെങ്കിൽ എത്ര തുക നൽകുവാനുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കർഷകർക്കു നൽകിയ പലിശരഹിത വായ്പ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ നൽകിയോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷമായി എത്ര തുക കർഷകർക്ക് പലിശരഹിത വായ്പയായി നൽകി എന്നു വ്യക്തമാക്കുമോ;

(ഇ) എൽ.ഡി.എഫ്. സർക്കാരും യു.ഡി.എഫ്. സർക്കാരും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്ക തുക നൽകിയത് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ;

(എഫ്) യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോൾ റബ്ബർ വില എത്രയായിരുന്നു എന്നും അധികാരമൊഴിയുമ്പോൾ വില എത്ര എന്നും വ്യക്തമാക്കുമോ;

(ജി) യു.ഡി.എഫ്. സർക്കാർ കാലയളവിൽ ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ എത്ര എന്നും അവരുടെ കുടുംബത്തിന് എന്തു സഹായം നൽകി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) റവന്യൂ വകുപ്പാണ് കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചത് [ജി.ഒ. (എംഎസ്.) നമ്പർ 57/13/റവ. തീയതി 15-2-2013 പ്രകാരം] ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക് വേഡ് ക്ലാസ് ഡവലപ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ കേരള സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ജി.ഒ.(എംഎസ്.) നമ്പർ 224/14/റവ. തീയതി 30-5-2014 പ്രകാരം മൊറട്ടോറിയം 15-2-2015 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നെൽകർഷകർക്ക് ലഭിക്കാനുള്ള തുക ചുവടെ ചേർക്കുന്നു:

1. 2015-16 വരെയുള്ള നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് - 756.56 ലക്ഷം രൂപ.
2. ആർ.കെ.വി.വൈ. 2015-16 ഉൽപാദനോപാദികൾക്കുള്ള സബ്സിഡി ഇനത്തിൽ 2605.331 ലക്ഷം രൂപ കുടിശ്ശികയുണ്ട്.
3. സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ച വകയിൽ 194.12 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്.

(ഡി) കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി സഹകരണ വകുപ്പാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ പ്രസ്തുത വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ഇ)

| കാലാവധി | സംസ്ഥാന പദ്ധതി വിഹിതത്തിൽ കാർഷിക-അനുബന്ധ മേഖലയ്ക്ക് നൽകിയ നീക്കിവയ്പ് (%) |
|---|---|
| 2006-2007 മുതൽ 2010-2011 വരെ | 5.75% |
| 2011-2012 മുതൽ 2015-2016 വരെ | 8.21% |

(എഫ്) റബ്ബർ ബോർഡിന്റെ കണക്ക് പ്രകാരം റബ്ബറിന്റെ വില (RSS-4) 2011 മേയ് മാസത്തിൽ കിലോയ്ക്ക് 225.23 രൂപയും 2016 മേയ് മാസത്തിൽ കിലോയ്ക്ക് 130.62 രൂപയുമാണ്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

**കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുള്ള പദ്ധതികൾ**

42(1044) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷി വ്യാപിപ്പിക്കൽ, ജൈവ കൃഷി, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യംവച്ച് 2016-17 സാമ്പത്തിക വർഷം വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു. നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിച്ചും കരനെൽകൃഷി വ്യാപിപ്പിച്ചും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിപ്പിക്കുകയും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കിയും പച്ചക്കറി കൃഷി പുതിയതായി 50,000 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടുമുള്ള ലക്ഷ്യമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നെൽകൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, ഹൈടെക് കൃഷി പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, കുട്ടനാട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ്, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ സഹായത്തോടെ കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിപണികളുടെ വികസനം, വിപണി ഇടപെടൽ, വിലസ്ഥിരത ഉറപ്പുവരുത്തൽ, മൂല്യവർദ്ധന പദ്ധതി, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി, 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ കർഷകർക്കും വേണ്ടിയുള്ള കർഷക പെൻഷൻ പദ്ധതി.

**കാർഷിക മേഖലയുടെ പുനരുദ്ധാരണം**

43(1045) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് സർക്കാർ ഏതെങ്കിലും പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കർഷകരിലേക്ക് എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയേതെല്ലാം;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ; എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് നല്കുന്നതിനുതകുന്ന നിലയിലുള്ള ശാസ്ത്രീയവും സമഗ്രവുമായ ജൈവ കാർഷിക നയം രൂപീകരിക്കുന്നതാണ്.

(ബി) നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, സുഗന്ധവിള വികസന പദ്ധതി, ജൈവ കൃഷി പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയാണ് കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(സി&ഡി) ഉണ്ട്. കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കർഷകരിലേക്ക് എത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപനം, ഹൈടെക് അഗ്രിക്കൾച്ചർ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**കാർഷിക വിളകളുടെ നഷ്ടപരിഹാരത്തുക ഉയർത്തൽ**

44(1046) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം വളരെ തുച്ഛമാണെന്നും ആയത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും, നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും കാലവിളംബമില്ലാതെ നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. SDRF-ൽ നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽനിന്നും നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതാത് സമയം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 1-4-2012 മുതൽ പ്രാബല്യത്തിൽ പുനർനിർണ്ണയിച്ചിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-4-2015 മുതൽ പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 194/15/DMD തീയതി 20-5-2015 പ്രകാരമാണ് SDRF-ൽ നിന്നുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച ഉത്തരവായിട്ടുള്ളത്. ആയതിനാൽ പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വന്നത് സർക്കാർ പരിശോധിക്കുകയും

സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 239/12/DMD തീയതി 11-6-2012-ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള ധനസഹായം 20-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 194/15/DMD പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതൽ ആണെങ്കിൽ അപ്രകാരം ഉയർന്ന നിരക്കിൽ ധനസഹായം നൽകേണ്ടതാണെന്നും ഇതിന് അധികമായി ആവശ്യമായി വരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ എന്ന ശീർഷത്തിൽനിന്നും ചെലവഴിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി തീയതി 29-9-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. നെൽകൃഷിക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലാണ്. കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതാണ്.

## കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

45(1047) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയിലെ പുത്തൻ ഉണർവ്വിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് കേരസമൃദ്ധി പദ്ധതി, നീര ഉല്പാദന പദ്ധതി, കണ്ണൂർ മേഖലാ കൃഷി ഡയറക്ടറേറ്റ്, വിള ആരോഗ്യ പരിപാലന പദ്ധതി, ലീഡ്സ് പദ്ധതി, നിറവ് പദ്ധതി, വിദ്യാലയങ്ങളിൽ ബയോഗ്യാസ് പദ്ധതി എന്നിവയാണ് നടപ്പിലാക്കിയത്.

(സി) പ്രസ്തുത പദ്ധതികൾ തുടർന്ന് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിലെ സീഡ് ഫാം

46(1048) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിലുള്ള സീഡ് ഫാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സീഡ് ഫാം കേന്ദ്രമാക്കി ഒരു കാർഷിക ഗവേഷണ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു നെല്ല് വിത്ത് ഉല്പാദക കേന്ദ്രമാണ് മുതലമടയിലുള്ളത്. ഈ ഫാം 1975-ൽ പ്രവർത്തനമാരംഭിച്ചു. ആകെയുള്ള 22.44 ഹെക്ടർ സ്ഥലത്ത് 18 ഹെക്ടറും കൃഷിക്ക് ഉപയോഗിക്കുന്നു. അതിൽത്തന്നെ 15 ഹെക്ടർ സ്ഥലം നെൽവിത്ത് ഉൽപാദനത്തിനായി ഉപയോഗിക്കുന്നു. രണ്ട് സീസണുകളിലായി 32 ടണ്ണോളം നെൽവിത്ത് ഉൽപാദിപ്പിക്കുന്നു. കൂടാതെ 3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി, കിഴങ്ങുവർഗങ്ങൾ മറ്റ് ദീർഘകാല വിളകളായ മാവ്, തെങ്ങ് എന്നിവയും കൃഷി ചെയ്യുന്നു. കൂടാതെ 25000 വേരു പിടിപ്പിച്ച കുരുമുളക് വള്ളികളും പച്ചക്കറി വിത്തുകളും ഫാമിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(ബി) കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും തന്നെയില്ല.

## വിഷലിപ്ത പച്ചക്കറികൾ തടയാൻ നടപടി

47(1049) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കീടനാശിനി തളിച്ച പച്ചക്കറികൾ എത്തുന്നത് ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിഷലിപ്ത പച്ചക്കറികൾ കണ്ടെത്തുന്നതിനും ഇവയുടെ വരവ് തടയുന്നതിനും ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിഷരഹിത പച്ചക്കറികൾ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) കർഷകർക്ക് സൗജന്യമായി വിത്തും വളവും കാർഷികവൃത്തിക്കാവശ്യമായ യന്ത്രോപകരണങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തരിശുഭൂമി കൃഷിക്കായി ഏറ്റെടുക്കാൻ എന്തെങ്കിലും സംവിധാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളുടെയും മറ്റും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി ചെക്ക്പോസ്റ്റുകളിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് ഇത്തരം ഭക്ഷ്യ പദാർത്ഥങ്ങളുടെ ഇൻഫോർമൽ സാമ്പിളുകളും ശേഖരിച്ച് സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമ നടപടി സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഇത്തരം ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് രണ്ട് മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നുകിടക്കുന്ന സമീപ പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിന് നടപടി ആരംഭിക്കും.

(ബി) ജൈവകാർഷിക പദ്ധതി പ്രകാരം 15-25 ഹെക്ടർ വീതമുള്ള 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് ഒരു ക്ലസ്റ്ററിന് 75,000 രൂപ ധനസഹായം നൽകി നല്ല കൃഷി മുറകൾ (Good Agriculture Practice) പാലിച്ച് കൊണ്ടുള്ള കൃഷിരീതികൾ ആരംഭിച്ചിരിക്കുന്നു. കാസർഗോഡ് ഒഴികെയുള്ള മറ്റു 13 ജില്ലകളിലെ 146 ബ്ലോക്കുകൾ ഉൾപ്പെടുത്തി ഒരു ബ്ലോക്കിന് 20 യൂണിറ്റുകൾ വീതം (10 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ +10 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ) ആരംഭിച്ചു വരുന്നു. റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5,000 രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപയും ധനസഹായവും നൽകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൻകീഴിൽ കുറഞ്ഞത് 50 ഏക്കർ വീതം വിസ്തൃതിയുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉല്പാദനത്തിന് ധനസഹായം നൽകി ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് 50000 ഹെക്ടറിൽ കൂടി പച്ചക്കറി കൃഷി കൂടുതലായി ചെയ്യുന്നതിനും നടപടി ആരംഭിച്ചു കഴിഞ്ഞു.

(സി) സമഗ്ര പച്ചക്കറി പദ്ധതിയിൻ കീഴിൽ കർഷകർക്ക് സൗജന്യമായി വിത്തും സബ്സിഡി നിരക്കിൽ യന്ത്രോപകരണങ്ങളും നൽകി വരുന്നുണ്ട്. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾക്കും വീട്ടമ്മമാർക്കും 5 മുതൽ 6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ കിറ്റ് ഒന്നിന് 25 രൂപ വില വരുന്ന 20 ലക്ഷം കിറ്റുകൾ സൗജന്യമായി നൽകുന്നു. എൻ.ജി.ഒ. മുഖേന 4 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും മാധ്യമങ്ങൾ വഴി 4.8 ലക്ഷം കിറ്റുകളും സൗജന്യമായി നൽകി വരുന്നു. കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷക സംഘങ്ങളിൽ ഉൾപ്പെട്ട കൃഷിക്കാർക്ക് കൃഷി ആവശ്യത്തിനായുള്ള പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പമ്പ് സെറ്റിന് 10000 രൂപ വീതവും സസ്യ സംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് 1500 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്.

(ഡി) സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് കൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. തരിശു ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ വരെ ആനുകൂല്യം നൽകുന്നു. ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ പ്രദേശത്തും കർശനമായും നല്ല കൃഷി രീതികൾ അവലംബിക്കുന്നതിന് നടപടി സ്വീകരിക്കും. കൃഷി ഓഫീസർ തന്റെ പരിധിയിൽ വരുന്ന കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ പ്രദേശങ്ങൾ കണ്ടെത്തി നല്ല കൃഷി രീതികൾ അവലംബിച്ചുകൊണ്ടുള്ള ജൈവ പച്ചക്കറി ഉൽപ്പാദനത്തിന് നേതൃത്വം കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാർഷിക ഉൽപ്പന്നങ്ങൾക്ക് ആദായ വില ഉറപ്പാക്കാൻ പദ്ധതികൾ**

48(1050) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ ഉൾപ്പടെ എല്ലാ കാർഷിക ഉൾപ്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനായി കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല്

സംഭരണവും നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹായത്തോടെ കൃഷിഭവനകളിലൂടെ പച്ചത്തേങ്ങ സംഭരണവും റബ്ബർ വിലയിടിവ് നേരിടുന്നതിനായി റബ്ബർ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നെല്ല് സംഭരിക്കുന്നതിനായി 365 കോടി രൂപയും റബ്ബർ വിലസ്ഥിരതയ്ക്കുവേണ്ടി 500 കോടി രൂപയും പച്ചത്തേങ്ങ സംഭരണത്തിനായി 100 കോടി രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വില തകർച്ച നേരിടാൻ Special package കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കും.

**വെജിവാഷ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

49(1051) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലെ വിഷാംശം കഴുകി കളയുന്നതിന് കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വെജിവാഷ് എന്ന ഉത്പന്നത്തിന്റെ ഫലപ്രാപ്തി സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്പന്നത്തിനെതിരെ കീടനാശിനി കമ്പനികളുടെ കൂട്ടായ്മ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയത് പ്രതിരോധിക്കുന്നതിന് ആവശ്യമായ സഹായം നൽകുമോ;

(സി) ഇത്തരം ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സർവ്വകലാശാലകൾക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ അറിവോ അംഗീകാരമോ ഇല്ലാത്തതിനാലും സ്റ്റാറ്റിസ്റ്റിക്കൽ തത്വങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും ഐ.സി.എ.ആർ.-ൽനിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നാണ് സർവ്വകലാശാല അധികൃതർ പറയുന്നത്.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ നിയമോപദേശം അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന സർക്കാർ ഈ ഉത്പന്നത്തിന്റെ വില്പന നികുതി പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കീടനാശിനി**

50(1052) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള പല കീടനാശിനികളും വിറ്റഴിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(ബി) പല കീടനാശിനി കമ്പനികളും കർഷകരെ തെറ്റിദ്ധരിപ്പിച്ച് ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) കീടനാശിനി വിൽക്കുന്ന കടകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കൃഷി ഓഫീസർമാരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കീടനാശിനി കമ്പനികൾ കർഷകരുമായി നേരിട്ട് ബന്ധപ്പെടുന്നതിന് ഏതെങ്കിലും തരത്തിലുള്ള വിലക്കേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ;

(ഇ) ഇത്തരം കമ്പനികളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി, പാലക്കാട് തുടങ്ങി അയൽ സംസ്ഥാനങ്ങളുമായി ചേർന്നുകിടക്കുന്ന ജില്ലകളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിത കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുവാൻ കർശന നടപടികൾ സ്വീകരിക്കുവാൻ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ ഡിപ്പോകളും രണ്ടാഴ്ചയിലൊരിക്കൽ പരിശോധിച്ച് ക്രമവിരുദ്ധമോ നിരോധിച്ചിട്ടുള്ളതോ ആയ കീടനാശിനികളുടെ വില്പനയും ഉപയോഗവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്. എല്ലാ ഡിപ്പോകളിലും കീടനാശിനികളുടെ സ്റ്റോക്ക്/വില വിവരങ്ങൾ നിർബന്ധമായി പ്രദർശിപ്പിക്കുവാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുവാനായി ജില്ലാതലത്തിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ബി) കീടനാശിനി നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും പ്രതിനിധികൾ ചിലയിടങ്ങളിൽ കർഷകരുമായി നേരിട്ടു ബന്ധപ്പെട്ട് വിളകളിൽ കീടനാശിനി പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിരോധിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനായി കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാർഷിക വികസന കർഷക ക്ഷേമവകുപ്പിന് കീഴിലുള്ള കൃഷിഭവനുകളിലെ എല്ലാ കൃഷി ഓഫീസർമാരെയും കീടനാശിനി വിൽക്കുന്ന കടകളിൽ പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒന്നിലധികം ജില്ലകൾ അധികാര പരിധിയുള്ള 4 മേഖല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെ (ക്വാളിറ്റി കൺട്രോൾ) സംസ്ഥാനത്ത് അതത് അധികാരപരിധിയിൽ കീടനാശിനി വില്പനശാലകൾ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ, കൃഷി വകുപ്പിലെ കൃഷി ശാസ്ത്ര ബിരുദം അടിസ്ഥാന യോഗ്യതയായുള്ള മറ്റ് സാങ്കേതിക ഉദ്യോഗസ്ഥർക്കും ആവശ്യാനുസരണം കീടനാശിനി വില്പനശാലകൾ പരിശോധിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്.

(ഡി) കീടനാശിനി കമ്പനികൾ കർഷകരുമായി നേരിട്ട് ബന്ധപ്പെട്ട് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടികളെടുത്തിട്ടുണ്ട്. കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും കർഷകരുമായി നേരിട്ട് ബന്ധപ്പെട്ട് കർഷകരെ സ്വാധീനിക്കുന്നതിനും കീടനാശിനി പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും നേരിട്ട് Demonstration നടത്തുന്നതും, പരസ്യങ്ങൾ നടത്തുന്നതും വിലക്കേർപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനായി കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

നിരോധിത കീടനാശിനി കമ്പനികളുടെ ഉപയോഗവും ഗുണമേന്മയില്ലാത്ത കീടനാശിനികളുടെ വിതരണവും തടയുക, രാസ കീടനാശിനികളുടെ അമിതമായ ഉപയോഗം തടയുക, ഓരോ വിളകൾക്കും ശിപാർശ ചെയ്തിട്ടുള്ള കീടനാശിനികളല്ലാതെ മറ്റ് കീടനാശിനികളുടെ അനിയന്ത്രിതമായ പ്രയോഗം ഒഴിവാക്കുക, കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരമല്ലാതെ "നിയന്ത്രിത കീടനാശിനികൾ" ഉപയോഗിക്കുന്നത് തടയുക എന്നിവ ലക്ഷ്യമിട്ടാണ് ഈ നിയന്ത്രണങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്.

(ഇ) കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും തങ്ങളുടെ വിപണന തന്ത്രങ്ങളിലൂടെ കർഷകരെ അമിതമായി സ്വാധീനിക്കുന്നതും കീടനാശിനി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തുവാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ കീടനാശിനി നിർമ്മാതാക്കളും

വിതരണക്കാരും ചേർന്നുള്ള വിള പരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും പൂർണ്ണമായി ഒഴിവാക്കുവാൻ കൃഷി വകുപ്പ് നടപടികളെടുത്തു വരുന്നു. കീടനാശിനി നിർമ്മാതാക്കളോ വിതരണക്കാരോ നേരിട്ട് പാടശേഖരസമിതികൾക്കും മറ്റ് കർഷകസംഘങ്ങൾക്കും കീടനാശിനികൾ വിതരണം ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കി നിയമാനുസൃത നടപടി സ്വീകരിക്കും. ഇതിനു പുറമേ ആവശ്യമായ മറ്റ് മേൽ നടപടികൾ നിർദ്ദേശിക്കുവാൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഹൈലെവൽ കമ്മിറ്റിക്കും ഇപ്പോൾ രൂപം കൊടുത്തിട്ടുണ്ട്.

**നെൽകൃഷി**

51(1053) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷിയുണ്ടായിരുന്നുവെന്നും ആയത് നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) മുൻ യുഡി.എഫ്. സർക്കാരിന്റെ കാലയളവിൽ നെൽകൃഷി നടത്തിയിരുന്ന എത്ര ഹെക്ടർ ഭൂമിയാണ് മണ്ണിട്ട് നികത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നെൽകൃഷിയിലേർപ്പെട്ടിരുന്ന എത്ര കർഷകർ ആത്മഹത്യ ചെയ്യുകയുണ്ടായിയെന്നും പ്രസ്തുത കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായമാണ് കഴിഞ്ഞ സർക്കാർ നല്കിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ നെൽകർഷകർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) മണ്ണിട്ട് നികത്തിയ നെൽവയൽ കൃഷിയോഗ്യമാക്കി മാറ്റുവാൻ നിലവിലുള്ള സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 213187 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ഉണ്ടായിരുന്നത് 2015-16 വർഷം 194174 ഹെക്ടർ ആയി കുറഞ്ഞിട്ടുണ്ട്.

(ബി)

| ജില്ല | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 488.072 |
| കൊല്ലം | 73.518 |
| പത്തനംതിട്ട | 92.94925 |
| ആലപ്പുഴ | 20.43 |
| കോട്ടയം | 54.202 |
| ഇടുക്കി | 39.609 |
| എറണാകുളം | 190.2308 |
| തൃശ്ശൂർ | 62 |
| പാലക്കാട് | 142.28 |
| മലപ്പുറം | 142.7 |
| കോഴിക്കോട് | 5.064 |
| വയനാട് | 17.0156 |
| കണ്ണൂർ | 46.796 |
| കാസർഗോഡ് | 5.02 |

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക ചുവടെ ചേർത്തുകൊള്ളുന്നു:

(1) 2015-2016 വരെയുള്ള നെൽകൃഷിക്കുള്ള ഉൽപ്പാദനബോണസ് -756.56 ലക്ഷം രൂപ.

(2) ആർ.കെ.വി.വൈ. 2015-16 ഉൽപ്പാദനോപാധികൾക്കുള്ള സബ്സിഡി ഇനത്തിൽ 2,605.331 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(3) സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ച വകയിൽ 194.12 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്.

(ഇ) ഒരു വർഷത്തിനുള്ളിൽ ഡാറ്റാബാങ്ക് പൂർത്തിയാക്കുന്നതും 2008-ലെ നെൽവയൽ തണ്ണീർത്തട നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി പദ്ധതികൾ**

52(1054) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേണ്ട പച്ചക്കറികളിൽ നല്ലൊരു പങ്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാസവസ്തുക്കൾ തളിച്ചുകൊണ്ടുവരുന്നവയാണെന്നത് കണക്കിലെടുത്ത് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി ഊർജ്ജിത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പച്ചക്കറി കൃഷികളിൽ ഏർപ്പെടുന്ന സംഘങ്ങൾക്ക് കൃഷിയ്ക്കും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തരിശിട്ടിരിക്കുന്ന ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ രാസവസ്തുക്കൾ തളിച്ചു കൊണ്ടുവരുന്നവയാണെന്നത് കണക്കിലെടുത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ജൈവരീതിയിലുള്ള (പി.ജി.എസ്.) പച്ചക്കറികൃഷി വ്യാപിപ്പിക്കുകയും പച്ചക്കറികൾക്ക് ജൈവ ഉല്പാദന ബോണസ്സ് നല്കുക, ഹൈബ്രിഡ് പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, കിഴങ്ങ് വർഗ്ഗവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക, നൂതന

സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നിവ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി നടപ്പിലാക്കി വരുന്നു. മേല്പറഞ്ഞ കൃഷി രീതികളിലെല്ലാം തന്നെ ജൈവരീതിയിൽ വിഷവിമുക്തമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനവും അവബോധവും നല്കി വരുന്നു. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും വേണ്ടിയുള്ള വിവിധ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും, വിൽപനയും കർശനമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്പന വർദ്ധിപ്പിക്കുന്നതിനായി കീടനാശിനി കമ്പനികൾ നടത്തുന്ന പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്നതാണ്.

(ബി) പച്ചക്കറി കൃഷിയിൽ ഏർപ്പെടുന്നവർക്ക് സാമ്പത്തിക സാങ്കേതിക സഹായം വിവിധ സർക്കാർ ഏജൻസികൾ വഴി നൽകുന്നതാണ്. ജില്ലാ ക്ലസ്റ്ററുകൾ എന്ന പേരിൽ കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന 800 സംഘങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതാണ്. കൂടാതെ 800 ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകും. ക്ലസ്റ്ററുകളിൽ പമ്പ് സെറ്റുകൾ വാങ്ങുന്നതിന് പമ്പ് സെറ്റൊന്നിന് 10000 രൂപ നിരക്കിൽ സഹായധനം നൽകി 1600 പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സസ്യ സംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500 രൂപ നിരക്കിൽ സഹായധനം നൽകി 1600 യൂണിറ്റുകൾ നൽകുന്നുണ്ട്. ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി 2000 രൂപ വീതം ഹരിത ഫണ്ട് എന്ന പേരിൽ നൽകുന്നതാണ്. അതുപോലെ ക്ലസ്റ്ററുകളിൽ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഇന്നവേഷൻ ഫണ്ട് എന്ന പേരിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരുടെ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിൽ 26 സമിതികളും രൂപീകരിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ 700 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് 210 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകുന്നു. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ പ്രവർത്തന നിർദ്ദേശങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

## മെത്രാൻ കായൽ, ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി

53(1055) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെത്രാൻ കായൽ, ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മെത്രാൻ കായലിൽ 160 ഹെക്ടറിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. അതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന് 17-6-2016-ൽ കൃഷി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൽവച്ച് കർഷകരുടെയും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുകയും മെത്രാൻ കായൽ സന്ദർശനം നടത്തി കൃഷിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി ബണ്ട് നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നീ ബൃഹത്തായ പദ്ധതിക്കായി 5 കോടി രൂപയുടെയും താല്ക്കാലിക അടിസ്ഥാന സൗകര്യങ്ങൾക്കായി 80 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിലേക്കായി സ്ഥലം MLA, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക സർവ്വകലാശാലയിലെ വിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആറന്മുള, കിടങ്ങന്നൂർ, മല്ലപ്പുഴശ്ശേരി എന്നീ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന ആറന്മുള പാടശേഖരത്തിലെ 350 ഏക്കറോളം നിലം നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ആവശ്യത്തിലേക്കെന്ന പേരിൽ വാങ്ങിയിട്ടുള്ളതാകുന്നു. ഇതിൽ ഉദ്ദേശം 70 ഏക്കറോളം നിലം മണ്ണിട്ട് ഭാഗികമായി നികത്തിയിട്ടുള്ളതാകുന്നു. പാടശേഖരത്തിന്റെ സമീപത്തുള്ള കുന്നുകൾ ഇടിച്ചാണ് നികത്തൽ നടത്തിയിട്ടുള്ളത്. ചെങ്കൽ സ്വഭാവമുള്ള മണ്ണിട്ട് നികത്തിയതിനാൽ നികത്തിയ ഭാഗം ഉറച്ചുകിടക്കുന്നു. ഇത്തരത്തിലുള്ള അനധികൃത നികത്തലും അപ്രോച്ച് റോഡിന്റെ നിർമ്മാണവും കാരണം വെള്ളക്കെട്ടുണ്ടായി പാടശേഖരത്തിന്റെ മല്ലപ്പുഴശ്ശേരി വില്ലേജിൽപ്പെട്ട ഭാഗത്ത് നെൽകൃഷി ഇറക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നികത്തപ്പെട്ട സ്ഥലത്തെ മണ്ണ് മുഴുവൻ മാറ്റി കോഴിത്തോട് പൂർവ്വസ്ഥിതിയിൽ കൊണ്ടുവന്ന് കൃഷി പുനരുജ്ജീവിപ്പിക്കുവാൻ കഴിയുന്നതാണ്. കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്ന

പ്രവൃത്തിയും നികത്തപ്പെട്ട സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷിക്ക് വേണ്ടുന്ന എല്ലാ സഹായവും ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് 14-7-2016-ൽ ഉന്നതതല യോഗം കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വച്ചിട്ടുള്ളതിന്മേൽ ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങൾ

54(1056) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നെൽപ്പാടങ്ങൾ അനധികൃതമായി മണ്ണിട്ട നികത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ വലിയ തോതിൽ ഭൂമിയുടെ തരം മാറ്റി നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നിർത്തലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരത്തിൽ തരം മാറ്റി നൽകിയ കേസ്സുകൾ പുനഃപരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു വരുന്നുണ്ട്. നെൽകൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നീർവാർച്ച സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിയും പാർപ്പിടവും, വാണിജ്യാവശ്യങ്ങൾക്കായി നെൽവയൽ നികത്തി ഉപയോഗിക്കുന്ന പ്രവണതയും വ്യാപകമായി അനധികൃത ഇഷ്ടിക കളങ്ങൾ നടത്തുന്നതും നെൽകൃഷി വിസ്തൃതി കുറയുന്നതിനും കൃഷി ഭൂമി തരിശിടുന്നതിനും കാരണമാകുന്നുണ്ട്.

(ബി) ഉണ്ട്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാർ ടി വിവരം റവന്യൂ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. പാടങ്ങൾ നികത്തുന്നതിനെതിരെയും സർക്കാർ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാലക്കാട് ജില്ലയിൽ വലിയ തോതിൽ ഭൂമിയുടെ തരംമാറ്റം നടക്കുന്നതും അനധികൃത ഇഷ്ടിക കളങ്ങൾ നടത്തുന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാനും കർശന നടപടി സ്വീകരിക്കുവാനും കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

**കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച**

55(1057) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിൽ ഹാനികരമായ കീടനാശിനികൾ അടങ്ങിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) വിഷാംശം ഉള്ള പച്ചക്കറികൾ അതിർത്തി കടന്നു വരുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) ഇത്തരം പച്ചക്കറികൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതും വിപണനം നടത്തുന്നതും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും മല്ലിയില, പുതിനയില, കറിവേപ്പില എന്നിവയിലെ കീടനാശിനി വിഷാംശം നിയമം അനുശാസിക്കുന്ന പരിധിക്കു മുകളിലാണ്. അത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസ്ഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. ഈ വിവരം മാധ്യമങ്ങളിലൂടെ വേണ്ട പ്രചാരണം നൽകുന്നതുകൊണ്ട് ജനങ്ങൾക്ക് അവബോധം ഉണ്ടായിട്ടുണ്ട്. ഉത്സവകാലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് ഈ പരിശോധന ഊർജ്ജിതമാക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി ഉപയോഗം പരമാവധി ഒഴിവാക്കുന്നതിന് കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിനും നടപടി ആരംഭിക്കുന്നതാണ്.

(സി) മാർക്കറ്റിൽനിന്ന് ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ഇത്തരം ലാബുകൾ എല്ലാ ജില്ലയിലും സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പരിശോധനാ ഫലങ്ങളിൽ വിഷാംശം കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് മുഖേന കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## നെൽകൃഷി നടത്തിവരുന്ന പാടങ്ങളുടെ വിസ്തൃതി

56(1058) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തിവരുന്ന പാടങ്ങളുടെ വിസ്തൃതി എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; തരിശായി കിടക്കുന്ന പാടശേഖരങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി നടത്തുന്ന പാടശേഖരങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) സ്വയം സഹായക സംഘങ്ങൾക്കും കുടുംബശ്രീകൾക്കും നെൽകൃഷി ചെയ്യാൻ താല്പര്യമുള്ള തൊഴിൽരഹിതർക്കും ഇത്തരം തരിശ് നിലങ്ങളിൽ നെൽകൃഷി നടത്തുന്നതിന് സബ്സിഡിയോടെ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്കൂൾ വിദ്യാർത്ഥികൾക്ക് നെൽകൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ലഭ്യമായ സ്ഥലങ്ങളിൽ കരനെൽകൃഷി വ്യാപിപ്പിക്കാൻ കൃഷി വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തിവരുന്ന ജില്ല തിരിച്ചുള്ള വിസ്തൃതി അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. * 2014-15 വർഷം സംസ്ഥാനത്ത് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്ക് പ്രകാരം 100676 ഹെക്ടർ സ്ഥലം കൃഷിയോഗ്യമായ തരിശാണ്.

(ബി) സംസ്ഥാനത്തെ നെൽവയലുകളുടെ ഡേറ്റാ ബാങ്കാണ് തയ്യാറാക്കിയിട്ടുള്ളത്. ആകെയുള്ള 941 പഞ്ചായത്തുകളിൽ 21 എണ്ണം നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതും ബാക്കിയുള്ള 920 പഞ്ചായത്തുകളിൽ 328 പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് കഴിയുകയും 570 പഞ്ചായത്തുകളിൽ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിൽ നൽകിയിരിക്കുകയുമാണ്. 22 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങൾ ഘട്ടംഘട്ടമായി നെൽകൃഷി യോഗ്യമാക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ഡി) തരിശുനില നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സ്വയം സഹകരണ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് തൊഴിൽരഹിതർ എന്നിവർക്കും സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്. കരനെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ നൽകി സ്കൂളുകളിലും കൃഷി നടപ്പിലാക്കി വരുന്നു.

(എഫ്) ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സ്കൂൾ, പൊതുസ്ഥലങ്ങൾ, പള്ളി, ദേവാലയങ്ങൾ, പോലീസ് സ്റ്റേഷൻ പരിസരങ്ങൾ, ജയിൽ പരിസരം എന്നിവിടങ്ങളിലെല്ലാം കരനെൽകൃഷി നടപ്പിലാക്കുന്നതാണ്. 5 വർഷം കൊണ്ട് 1 ലക്ഷം ഹെക്ടർ സ്ഥലത്തേക്ക് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ഓണാട്ടുകര പ്രദേശത്തുള്ള വയലുകൾ**

57(1059) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര പ്രദേശത്തുള്ള വയലുകൾ കൃഷിരഹിതമായി കിടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ജില്ലയിൽ ഓണാട്ടുകര പ്രദേശത്ത് 1489 ഹെക്ടർ പ്രദേശം തരിശുനിലങ്ങളായി കിടക്കുന്നുണ്ട്.

(ബി) ഓണാട്ടുകര പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി തരിശു കിടന്ന പുഞ്ചനിലങ്ങൾ കൃഷിയോഗ്യമാക്കുകയുണ്ടായി. കൂടാതെ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം ഉല്പാദനോപാധികൾക്കുള്ള സബ്സിഡികളും അനുവദിച്ചുവരുന്നു. തരിശുകിടക്കുന്ന സ്ഥലങ്ങൾ പാട്ടകൃഷി മാനദണ്ഡങ്ങൾ അനുസരിച്ച് ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ഈ വർഷം 500 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യാൻ ലക്ഷ്യമിടുന്നു.

(സി) ഓണാട്ടുകര വികസന ഏജൻസി മുഖാന്തരം നെൽകൃഷി വികസനം, എള്ളുകൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി-കിഴങ്ങുവർഗ്ഗ ഇടവിളകൃഷി, ഉപ്പുവെള്ള നിയന്ത്രണ പദ്ധതി, വെറ്റില കൃഷി വികസനം എന്നിവ നടപ്പിലാക്കി വരുന്നു.

**നെൽകൃഷി ഉത്പാദനത്തിനും ഉത്പാദന വർദ്ധനവിനും പദ്ധതി**

58(1060) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ ഹരി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിള കൃഷിയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നെൽകൃഷി ഉത്പാദനത്തിനും ഉത്പാദന വർദ്ധനവിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) നെല്ലിന്റെ ഉത്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിളയിറക്കാനായി ഹ്രസ്വകാല പലിശരഹിത വായ്പ നൽകുന്നതു പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി 50,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി പച്ചക്കറി കൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും തുടങ്ങിയ പദ്ധതികൾ 2016-17-ൽ നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ തരിശ് കിടക്കുന്ന കൃഷിയോഗ്യമായ തരിശുനിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി 5 വർഷം കൊണ്ട് സംസ്ഥാനത്തിലെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കുവാൻ ഉദ്ദേശിക്കുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി
2. വികസന ഏജൻസികൾക്കുള്ള ധനസഹായം
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ-പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ-പ്ലാൻ)
8. ഒരുപൂകൃഷി ഇരുപൂകൃഷിയാക്കി മാറ്റുന്നതിനുള്ള നടപടികൾ

(സി) നെൽകൃഷിയുടെ ഉല്പാദന ചെലവ് വർദ്ധിച്ചുവരുന്നതുമൂലം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില ഉയർത്തി നൽകി വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് നൽകിവരുന്ന താങ്ങുവില (കിലോഗ്രാമിന് 14.70 രൂപ) കേരളത്തിലെ

കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന നിരക്കിൽ നെല്ല് സംഭരിക്കുന്നത്. കിലോഗ്രാമിന് 21.50 രൂപയാണ് നിലവിലുള്ള സംഭരണ വില. വിളയിറക്കാനായി ഹ്രസ്വകാല പലിശരഹിത വായ്പ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

### തരിശുഭൂമി തിട്ടപ്പെടുത്തൽ

59(1061) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജക മണ്ഡലത്തിലെ കൃഷി ചെയ്യാതെ കിടക്കുന്ന തരിശുഭൂമി എത്രയെന്നുള്ള കൃത്യമായ കണക്കുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നു വിശദമാക്കാമോ;

(ബി) അശാസ്ത്രീയമായ പാലം നിർമ്മാണം കൊണ്ടും മറ്റും നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടതുൾപ്പെടെയുള്ള കാരണങ്ങളാലും പാടങ്ങൾ കൃഷിയോഗ്യമല്ലാതായി തീർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പ്രദേശത്തും എന്തുകൊണ്ട് ഭൂമി കൃഷിയോഗ്യമല്ലാതായി തീർന്നു എന്നത് സംബന്ധിച്ച ഡാറ്റ വകുപ്പിന്റെ കൈവശം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1248 ഹെക്ടർ.

(ബി) ഉണ്ട്. ഓരോ പ്രദേശത്തും ഭൂമി കൃഷിയോഗ്യമല്ലാതായി തീർന്നതിന്റെ ഡാറ്റാ കൃഷി വകുപ്പിൽ ലഭ്യമല്ല.

### നെല്ലിന്റെ സംഭരണ വില

60(1062) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇപ്പോൾ നെല്ലിന്റെ ഉല്പാദന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഈ വർഷത്തെ ഒന്നാം വിളയ്ക്ക് ബാധകമാകുന്ന വിധത്തിൽ സംഭരണ വില ഉയർത്തുന്നതിന് നടപടികളെടുക്കുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷിയുടെ ഉല്പാദനച്ചെലവ് വർദ്ധിച്ച് വരുന്നതുമൂലം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില ഉയർത്തി നൽകി വരുന്നു. നിലവിൽ കിലോഗ്രാമിന് 21.50 രൂപ നിരക്കിലാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്.

(ബി) വകുപ്പിലെ ലഭ്യമായ കണക്കുകൾ പ്രകാരം നെൽകൃഷിയുടെ 2013-14-ലെ ഉല്പാദന ചെലവ് ഹെക്ടറിന് 53142 രൂപയാണ്. ഉല്പാദനോപാധികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും ഉണ്ടാകുന്ന വർദ്ധനവ് ആനുപാതികമായി ഉല്പാദന ചെലവിൽ ഓരോ വർഷവും ഏകദേശം 10 മുതൽ 15 ശതമാനം വരെ വർദ്ധനവ് കണക്കാക്കാവുന്നതാണ്.

(സി) നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 19 രൂപ എന്നത് 21.50 രൂപയായി വർദ്ധിപ്പിച്ചിരുന്നു. നടപ്പ് വർഷം സംഭരണവില ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈകൊണ്ടിട്ടില്ല.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം**

61(1063) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഡാറ്റാ ബാങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം തരം മാറ്റുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി തരം മാറ്റുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാർ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം നടപടിയെടുക്കുന്നതിനായി റവന്യൂ അധികാരികൾക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. ഡേറ്റാ ബാങ്ക് ഇതുവരെ പ്രസിദ്ധീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഉപഗ്രഹ ചിത്രങ്ങളുടെയും ആധുനിക വിവര സാങ്കേതികവിദ്യകളുടെയും സഹായത്തോടെ കുറ്റമറ്റ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. 2008-ലെ ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്തുകളിൽ

10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5 സെന്റും സ്വന്തം താമസത്തിനുമാത്രമായി തരം മാറ്റുന്നതിനുള്ള അനുമതി മാത്രമാണിപ്പോൾ കൊടുത്തുവരുന്നത്. ഇത് പ്രാദേശികതല നിരീക്ഷണസമിതിയുടെ സ്ഥല പരിശോധനയ്ക്കുശേഷം ജില്ലാതല സമിതിയുടെ അനുമതിയോടുകൂടി മാത്രമാണ് അനുവദിക്കുന്നത്. കൃഷി യോഗ്യമായ തരിശിട്ട നെൽവയലുകളിൽ നെൽകൃഷി ചെയ്യുന്നതിന് കൃഷിഭവനുകൾ മുഖേന പ്രോത്സാഹനവും ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.

## പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താനുള്ള നടപടികൾ

62(1064) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്താത്തതുമൂലം ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ 3-3-2016 തീയതിയിലെ ജിഎ/കെ1/34376/2012-ാം നമ്പർ വിജ്ഞാപന പ്രകാരം അഗ്രിക്കൾച്ചർ, അഗ്രി-എഞ്ചിനീയറിംഗ്, ഫോറസ്ട്രി എന്നീ ഫാക്കൽട്ടികളിലെ വിവിധ ഡിസിപ്ലിനുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. WP(C) നമ്പർ 10896/2016 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ശ്രീ. പ്രസാദ് വി. ആർ. നൽകിയ കേസിൽ സ്റ്റേ ഉള്ളതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ട്. ഈ കേസിൽ ഒരു അന്തിമ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേതടക്കമുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തി അസിസ്റ്റന്റ് സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. നിയമനം

നടത്തുമ്പോൾ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്തുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലിക ജീവനക്കാരെ നിയമിച്ച് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം നടത്തി വരുന്നു.

**വളത്തിന്റെ ഗുണനിലവാരം**

63(1065) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) കർഷകർക്ക് ലഭിക്കുന്ന ജൈവകീടനാശിനിയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം, വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസെൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദനം, വിതരണം, വില്പന നടത്തുന്ന രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.

ഓരോ വർഷവും ലാബിൽ പരിശോധന നടത്താനായി ശേഖരിക്കേണ്ടതായ വളങ്ങളുടെ സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അത് അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ഓഫീസർമാർ ഫെർട്ടിലൈസർ ഇൻസ്പെക്ടർ എന്ന നിലയിൽ തങ്ങളുടെ അധികാര പരിധിയിൽ

വരുന്ന ഡിപ്പോകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പ്രസ്തുത ലാബുകളിലേക്ക് അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഗുണനിലവാര പരിശോധനയിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 അനുശാസിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വളങ്ങളുടെ ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവർക്ക് എതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടികളെടുത്തതോടെ, ജൈവ വളങ്ങളും ജൈവ കീടനാശിനികളും കൂടുതലായി ഉപയോഗപ്പെടുത്തുവാൻ കർഷകർ മുന്നോട്ടു വരുന്നുണ്ട്. ഇതുമൂലം അത്തരത്തിലുള്ള ഉല്പന്നങ്ങളും കൂടുതലായി വില്പനയ്ക്കെത്തുന്നുണ്ട്. നിലവിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ൽ ഉൾപ്പെട്ടിട്ടുള്ള ജൈവ വളങ്ങൾക്കും സെൻട്രൽ ഇൻസെക്ടിസൈഡ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ കീടനാശിനികൾക്കും മാത്രമേ ഉല്പാദന, വിതരണ, വില്പന ലൈസൻസ് കൃഷിവകുപ്പ് നൽകുന്നുള്ളൂ. അത്തരം ഉല്പന്നങ്ങൾക്ക് മാത്രമാണ് ഗുണപരിശോധനാ സംവിധാനം നിലവിലുള്ളത്. കൂടുതൽ ജൈവ ഉല്പന്നങ്ങൾ വിപണിയിൽ എത്തുന്നതോടെ അവയ്ക്കുള്ള ഗുണപരിശോധന സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാരക്കുറവിനെ പറ്റി കർഷകരിൽനിന്നും പരാതികൾ ഉയർന്നു വരാറുണ്ട്. ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിനാൽ അവയുടെ ഗുണനിലവാര നിർണ്ണയ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പാലക്കാട് പട്ടാമ്പിയിൽ ഒരു ജൈവജീവാണുവള ഗുണപരിശോധനാ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും മറ്റു വില്പനക്കാർ, വിതരണക്കാർ എന്നിവർ മുഖേനയും കർഷകരിൽ എത്തുന്ന വളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവരിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ടി പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്ത വളങ്ങൾ ഉല്പാദിപ്പിക്കുന്നവർക്കെതിരെയും വിതരണക്കാർ, വില്പനക്കാർ എന്നിവർക്കെതിരെയും ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**മാവേലിക്കര തെക്കേക്കര പഞ്ചായത്തിനെ കേരഗ്രാമമാക്കുന്നതിനുള്ള നടപടി**

64(1066) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിനെ കേരഗ്രാമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇതിനുള്ള നിർദ്ദേശമുണ്ടോ;

(ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) തെക്കേക്കര പഞ്ചായത്തിനെക്കൂടി അടിയന്തരമായി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര-ചെട്ടികുളങ്ങര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 500 ഹെക്ടർ സ്ഥലത്ത് കേരകൃഷിയുള്ള പഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പദ്ധതിക്കനുയോജ്യമായ പഞ്ചായത്തുകളെ ജില്ലാതലത്തിലാണ് തീരുമാനിക്കുന്നത്. ഒരു പഞ്ചായത്തിൽ 500 ഹെക്ടർ കേര കൃഷി വിസ്തൃതി ഇല്ലെങ്കിൽ തൊട്ടടുത്തുള്ള പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. സ്വന്തമായി ഒരു തെങ്ങെങ്കിലും ഉള്ള കർഷകൻ പദ്ധതിയുടെ ഗുണഭോക്താവാണ്.

(സി) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾ ചേർത്ത് കേരഗ്രാമം പദ്ധതി 2016-17 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിനുകീഴിലുള്ള തസ്തികകൾ**

65(1067) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ട്; എല്ലാ തസ്തികകളും നികത്തപ്പെട്ടിട്ടുണ്ടോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണ്; ഓഫീസുകൾ തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ളവർ എത്രയാണ്; മറ്റുള്ളവർ ഏത് പ്രദേശത്ത് നിന്നുള്ളവരാണെന്ന് ജില്ല തിരിച്ച് പറയാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ 317 തസ്തികകൾ ഉണ്ട്. ഇതിൽ 252 തസ്തികകളിൽ ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നു. ബാക്കി 25 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

<u>25 തസ്തികകളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:</u>

| | | |
|---|---|---|
| 1. | ഡെപ്യൂട്ടി ഡയറക്ടർ (എസ്) (പ്രിൻസിപ്പൽ കൃഷി ഓഫീസ്) | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)(പ്രിൻസിപ്പൽ കൃഷി ഓഫീസ്) | 1 |
| 3. | അക്കൗണ്ട്സ് ഓഫീസർ(പ്രിൻസിപ്പൽ കൃഷി ഓഫീസ്) | 1 |
| 4. | കൃഷി ഓഫീസർമാർ(കൃഷി ഭവൻ-മീഞ്ച, വോർക്കാഡി, മുളിയാർ, ബെല്ലൂർ, അജാനൂർ, ഈസ്റ്റ് എളേരി, വലിയപറമ്പ്) | 7 |
| 5. | ട്രാക്ടർ ക്ലീനർ(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം) | 1 |
| 6. | പാർട്ട് ടൈം സ്വീപ്പർ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൃഷി ഭവൻ-മഞ്ചേശ്വരം, മംഗലപ്പാടി, പനത്തടി, മുളിയാർ, ബെല്ലൂർ, മോഗ്റൽ പുത്തൂർ, ദെലംപാടി) | 8 |
| 7. | ഫസ്റ്റ് ഗ്രേഡ് ഓവർസീയർ(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം) | 1 |
| 8. | സെക്കന്റ് ഗ്രേഡ് ഓവർസീയർ | 1 |
| 9. | ട്രാക്ടർ ഡ്രൈവർ | 2 |
| 10. | വർക്ക് സൂപ്രണ്ട് | 1 |
| 11. | മെക്കാനിക്ക് | 1 |

(ബി) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ 292 ജീവനക്കാർ ജോലി ചെയ്തുവരുന്നു. ജീവനക്കാരിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ളവർ, മറ്റു ജില്ലക്കാർ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്

66(1068) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിനെ നവീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും ഏതിനത്തിലെന്നും വിശദമാക്കാമോ;

(സി) ആർ. കെ. വി. വൈ. - യിൽ നിന്നും തുക ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) വെർജിൻ കോക്കനട്ട് യൂണിറ്റിന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (FSSAI)-യും, ഫാക്ടറീസ്&ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ലഭിക്കാത്തതിനാൽ വ്യവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി&സി) മാമം യൂണിറ്റിന്റെ പ്രവർത്തനത്തിന് ആർ.കെ.വി.വൈ.-യിൽ നിന്നും 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം | : | 49,18,858 രൂപ |
| 2. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് | : | 1,32,00,000 രൂപ |
| ആകെ | | 1,81,18,858 രൂപ |

**പച്ചത്തേങ്ങ സംഭരണ പദ്ധതി**

67(1069) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിലൂടെ 2015-16 സാമ്പത്തിക വർഷത്തിൽ എത്രമാത്രം പച്ചത്തേങ്ങ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കർഷകർക്ക് സംഭരിച്ച തേങ്ങയുടെ വില പൂർണ്ണമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) നാളികേരം തൊണ്ട് നീക്കിയ ശേഷം സംഭരണ കേന്ദ്രത്തിലെത്തിക്കണമെന്ന നിബന്ധനമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാളികേരം തൊണ്ടോടുകൂടി സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരഫെഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിലൂടെ 2015-16 സാമ്പത്തിക വർഷം 476070 ക്വിന്റൽ നാളികേരം സംഭരിച്ചിട്ടുണ്ട്. പ്രസ്തുത വർഷം സംഭരിച്ച നാളികേരത്തിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 43 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ഇതിൽ 18 കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള പച്ചനാളികേര സംഭരണ പദ്ധതി പ്രകാരം തൊണ്ടോടു കൂടിയ നാളികേരം സംഭരിക്കുന്നതിന് സാധ്യമല്ല.

**സർക്കാർ മേഖലയിൽ റബ്ബർ വ്യവസായ സ്ഥാപനം-സാദ്ധ്യതാ പഠനം**

68 (T* 1070) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം, അരുവിക്കര, നെടുമങ്ങാട് മണ്ഡലങ്ങളിലെ ആയിരക്കണക്കിന് റബ്ബർ കർഷകരുടെ റബ്ബർ സംഭരിച്ച് സർക്കാർ മേഖലയിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കാൻ സാദ്ധ്യതാ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തെങ്ങിൻതൈ നഴ്സറികൾ

69 (T*1071) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിത്തുതേങ്ങ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന വിത്തുതേങ്ങ ഉപയോഗിച്ച് തെങ്ങിൻതൈ ഉല്പാദിപ്പിക്കുന്നത് നിലവിൽ ഏത് നഴ്സറിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ സംഭരിക്കുന്ന വിത്തുതേങ്ങ ദൂരസ്ഥലങ്ങളിലെ നഴ്സറികളിൽ എത്തിക്കുന്നതിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിത്തുതേങ്ങ സംഭരിക്കുന്ന സ്ഥലങ്ങളിൽത്തന്നെ തൈ ഉല്പാദിപ്പിക്കുന്ന നഴ്സറി ആരംഭിക്കുന്നത് തെങ്ങിൻ തൈയുടെ ആരോഗ്യവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നഴ്സറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ 2015-16 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിത്തുതേങ്ങകൾ താഴെപ്പറയുന്ന കോക്കനട്ട് നഴ്സറികളിലേക്കാണ് വിതരണം ചെയ്തിരുന്നത്:

1. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം, വലിയതുറ എന്നീ കോക്കനട്ട് നഴ്സറികൾ.
2. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി.
3. പത്തനംതിട്ട ജില്ലയിലെ കരിമ്പ് വിത്തുല്പാദന കേന്ദ്രം.
4. കോട്ടയം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, കോഴ.
5. ഇടുക്കി ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ.
6. എറണാകുളം ജില്ലയിലെ കോക്കനട്ട് നഴ്സറി, വൈറ്റില (മരട് മാർക്കറ്റ്.)
7. മലപ്പുറം ജില്ലയിലെ കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി.
8. കോഴിക്കോട് ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, കൂത്താളി, കോക്കനട്ട് നഴ്സറി തിക്കോടി.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽനിന്നും ശേഖരിക്കുന്ന ഗുണമേന്മയുള്ള വിത്തുതേങ്ങ സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും എത്തിക്കേണ്ടതുണ്ട്. വിത്തുതേങ്ങയായിട്ട് ട്രാൻസ്പോർട്ട് ചെയ്ത് സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കോക്കനട്ട് നഴ്സറികളിൽ/ഫാമുകളിൽ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ് നിലവിലുള്ള രീതി. ഇതുമൂലം കൂടുതൽ വിത്തുതേങ്ങകൾ കൂടുതൽ സ്ഥലങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ എത്തിക്കാൻ സാധിക്കുന്നു. എന്നാൽ തെങ്ങിൻതൈകൾ ചെറിയ തോതിൽ ക്ലിപ്തം എണ്ണമേ ട്രാൻസ്പോർട്ട് ചെയ്യാൻ പറ്റുകയുള്ളൂ. തെങ്ങിൻ തൈകൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ തൈകൾക്കുണ്ടാകുന്ന കേടുപാടുകൾ കൂടുതൽ ആയിരിക്കും. കോക്കനട്ട് നഴ്സറികൾ സ്ഥാപിക്കുന്നതിന് ചില പ്രത്യേക മാനദണ്ഡങ്ങളുണ്ട്. മണ്ണിന്റെ ഘടന, സ്വഭാവം, നീർവാർച്ച, ജലസേചന സൗകര്യം, ട്രാൻസ്പോർട്ടേഷൻ സൗകര്യം മുതലായ ഭൗതിക ഘടകങ്ങൾ കണക്കിലെടുക്കുന്നുണ്ട്.

(സി) കോഴിക്കോട് ജില്ല കൂടാതെ തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും വിത്തു തേങ്ങ സംഭരിക്കുന്നുണ്ട്. വിത്തുതേങ്ങ സംഭരിച്ച്, വിവിധ സ്ഥലങ്ങളിലെ നഴ്സറികളിൽ എത്തിച്ച് തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതുവഴി ഗുണമേന്മയുള്ള വിവിധ ഇനം തെങ്ങിൻതൈകൾ സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലുമുള്ള കർഷകർക്ക് ലഭ്യമാകുന്നു. തെങ്ങിൻതൈകൾ വിദൂര സ്ഥലങ്ങളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ തൈകൾക്കുണ്ടാകുന്ന കേടുപാടുകൾ മൂലമുള്ള നഷ്ടം ഒഴിവാക്കാൻ വിത്തുതേങ്ങയായിട്ട് തന്നെ ട്രാൻസ്പോർട്ട് ചെയ്യുന്നതുവഴി സാധിക്കുന്നു. ഇതുകൊണ്ട് അതാത് ജില്ലയിൽ തന്നെ പരമാവധി തെങ്ങിൻ തൈകൾ ലഭ്യമാക്കാൻ സാധിക്കുന്നു.

(ഡി) സംസ്ഥാനത്ത് ആവശ്യമുള്ള തെങ്ങിൻതൈകൾ നിലവിലുള്ള നഴ്സറികൾ/ഫാമുകൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

**കുട്ടനാടൻ പാടശേഖരങ്ങൾ**

70(1072) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ മട വീണ എത്ര പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിന് മട കുത്തുന്നതിന് ചെലവായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വീയപുരം കൃഷിഭവന് കീഴിലുള്ള വരി കയറി നശിച്ച മൂപ്പായികേരി മുട്ടുംപാടം, പൊട്ടകളക്കാട്, അച്ചനാരി പുത്തൻകേരി എന്നീ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടനാട് ഉൾപ്പെട്ട ആലപ്പുഴ ജില്ലയിൽ 2013-14, 2014-15, 2015-16 കാലയളവിൽ 69 പാടശേഖരങ്ങളിൽ മട പുനർനിർമ്മിച്ചതിനുള്ള ധനസഹായ വിതരണം നടത്താനുണ്ട്. പത്തനംതിട്ട ജില്ലയിൽ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം നൽകാനില്ല. കോട്ടയം ജില്ലയിൽ 2013-14, 2014-15, 2015-16 കാലയളവിൽ 15 പാടശേഖരങ്ങൾക്ക് ആനുകൂല്യം നൽകാനുണ്ട്.

(ബി) മാർത്താണ്ഡം കായൽ പാടശേഖരങ്ങളിൽ മട പുനർനിർമ്മിച്ചതിനുള്ള ധനസഹായത്തുകയായ 16,91,839 രൂപ (പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റിമുപ്പത്തി ഒൻപത് രൂപ മാത്രം) വിതരണം നടത്തിയിട്ടുണ്ട്.

(സി) വരികയറി നെൽകൃഷിക്ക് നാശം സംഭവിച്ചാൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാര തുക അനുവദിക്കാൻ നിർവ്വാഹമില്ല.

**വിഷാംശമുള്ള പച്ചക്കറികളുടെ വിതരണം തടയാൻ നടപടി**

71(1073) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറത്തുനിന്നു വരുന്ന പച്ചക്കറികളിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിഷാംശമുള്ള പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെയുള്ള നിയമ നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളുടെയും മറ്റും ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് ഇത്തരം ഭക്ഷ്യ പദാർത്ഥങ്ങളുടെ ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ശേഖരിച്ച് സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം ലബോറട്ടറികളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഇത്തരം ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി രണ്ട് മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ഇത്തരം

ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പരിശോധനയിൽ ലഭിക്കുന്ന വിവരങ്ങൾ മാധ്യമങ്ങളിലൂടെ അപ്പപ്പോൾ നൽകുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് അവബോധം ഉണ്ടാകുന്നുണ്ട്.

**കോഴിക്കോട് ജില്ലയിലെ നെൽവയലുകൾ**

72(1074) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2010-ൽ എത്ര ഏക്കർ നെൽവയൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജില്ലയിൽ 2015-ൽ എത്ര ഏക്കർ നെൽവയൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ എത്ര ഏക്കർ നിലമാണ് നിയമം ലംഘിച്ച് നികത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2010-ൽ കോഴിക്കോട് ജില്ലയിൽ 21720.49 ഏക്കർ നെൽവയലുകളുണ്ടായിരുന്നു.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

**വെളിയന്നൂർ ചല്ലിയിൽ നെൽകൃഷി വികസിപ്പിക്കുന്നതിന് നടപടി**

73(1075) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ ഉൾപ്പെടുന്ന വെളിയന്നൂർ ചല്ലിയിൽ നെൽകൃഷി വികസിപ്പിക്കുന്നതിനും അനുബന്ധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വലിയ സാധ്യതയുള്ള "ചല്ലി" പ്രദേശം പ്രയോജനപ്പെടുത്തി ഒരു വികസന പാക്കേജ് ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽ ഉൾപ്പെടുന്ന വെളിയന്നൂർ ചല്ലിയിൽ ഏകദേശം 400 ഹെക്ടറോളം പ്രദേശം നിലവിലുണ്ട്. അരിക്കുളം, കീഴരിയൂർ, കൊയിലാണ്ടി എന്നീ പഞ്ചായത്തുകളിലായി ഈ സ്ഥലം വ്യാപിച്ചുകിടക്കുന്നു. ഏകദേശം 5 ഹെക്ടറോളം തരിശുനില നെൽകൃഷി ഈ പ്രദേശത്ത് നടപ്പിലാക്കുകയുണ്ടായി. കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ചല്ലിപ്രദേശം പ്രയോജനപ്പെടുത്തി വികസന പാക്കേജ് ആവിഷ്ക്കരിക്കുവാനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**കർഷകർക്ക് പമ്പിംഗ് സബ്സിഡി**

74(1076) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷം അടുപ്പിച്ച് കൃഷി ചെയ്യാതിരിക്കുന്ന കർഷകർക്ക് പമ്പിംഗ് സബ്സിഡി ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവധി നോക്കാതെ, കൃഷി ചെയ്യുന്ന അതത് കാലയളവിൽ പമ്പിംഗ് സബ്സിഡി ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയം റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയാണ്.

**നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം**

75(1077) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പ്രവർത്തനമെന്താണെന്ന് വിശദമാക്കാമോ;

(ബി) ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വിപുലമായ തോതിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം 1943-ൽ പ്രവർത്തനം ആരംഭിച്ചു. ആകെയുള്ള 339.1185 ഹെക്ടർ വിസ്തീർണ്ണത്തിൽ 145.25 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. കാപ്പി, ഓറഞ്ച്, നാരകം, പാഷൻ ഫ്രൂട്ട്, പേര മുതലായ ഫലവർഗ്ഗങ്ങളും, ആന്തൂറിയം അടക്കമുള്ള പൂച്ചെടികളും, ചീര, വഴുതന, വെണ്ട, തക്കാളി, ക്വാളിഫ്ലവർ, കാബേജ്, ബ്രോക്കോളി, കാരറ്റ്, കാപ്സിക്കം എന്നീ പച്ചക്കറികളും കൃഷി ചെയ്തുവരുന്നു. ഫാമിന്റെ പ്രധാന പ്രവർത്തനം വിവിധ തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും സംസ്കരണവും വിപണനവുമാണ്. വിവിധ തരം ജാം, ജെല്ലി, സ്ക്വാഷ് എന്നിവയും വിവിധ അച്ചാറുകളും ഉൽപ്പാദിപ്പിച്ച് വിൽപന നടത്തുന്നു.

(ബി) നിലവിൽ 5 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്തുവരുന്നു. ശീതകാല പച്ചക്കറികളായ കാരറ്റ്, റാഡിഷ്, ടർണിപ്പ്, ബ്രോക്കോളി, ബീൻസ്, കാബേജ്, ക്വാളിഫ്ലവർ, മല്ലിയില എന്നിവയും വെണ്ട, ചീര, വഴുതന, പയർ തുടങ്ങിയവയും കൃഷി ചെയ്ത് വിപണന കേന്ദ്രം വഴി പൊതുജനങ്ങൾക്ക് വിൽപ്പന നടത്തുന്നു. വന്യമൃഗങ്ങളുടെ ശല്യം ഇത്തരം കൃഷികളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ നിലവിൽ സംരക്ഷണ വേലിയുള്ള സ്ഥലങ്ങളിൽ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേക്ക് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതുമാണ്. ഓറഞ്ചുൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ ഉത്പാദനവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യാപനവും നടപ്പിലാക്കുന്നതാണ്.

**കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതികൾ**

76(1078) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടി പദ്ധതികളുടെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് ജി.ഒ.പി.(നമ്പർ 59/15/കൃഷി തീയതി, 28-3-2015 പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ച കാർഷിക വികസന നയം 2015 (നയം-99)ൽ കൃഷിയുടെ പ്രധാന അടിത്തറയെന്ന നിലയിൽ പ്രവർത്തിക്കുന്ന കർഷകർക്കായി വരുമാനം ഉറപ്പിക്കൽ ലക്ഷ്യമിടുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുകയും ഇതിനായി പ്രത്യേക നിയമം കൊണ്ടുവരികയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേക പദ്ധതികൾക്ക് ഇതുവരെ രൂപം നൽകിയിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കുന്ന കാർഷിക വികസന പദ്ധതികളെല്ലാം തന്നെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്നവയാണ്.

(സി) സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബഡ്ജറ്റ് വിഹിതമാണ് ഈ പദ്ധതികളുടെ സാമ്പത്തിക സ്രോതസ്സ്.

**നെൽപ്പാടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് നടപടി**

77(1079) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽപ്പാടങ്ങൾ നികത്തുന്നതിന് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം കമ്പനികൾക്ക് എത്ര ഹെക്ടർ വീതം നെല്പാടങ്ങൾ നികത്തുന്നതിനാണ് അനുമതി നൽകിയിരുന്നതെന്നും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ നെല്പാടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനുവിരുദ്ധമായി നികത്തിയ ഭൂമി, പൂർവ്വസ്ഥിതിയിലാക്കി കൃഷി യോഗ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ചില പ്രദേശങ്ങളെ സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിശദാംശം വിശദമാക്കുന്നതാണ്.

**ഓണാട്ടുകരയുടെ പാടശേഖരങ്ങളുടെ സംരക്ഷണം**

78(1080) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി, ഓണാട്ടുകരയുടെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിലവിൽ ഈ പദ്ധതികളുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് 44 എസ്റ്റിമേറ്റുകളായി 248.39 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 5 വർക്കുകൾ പൂർത്തിയായി. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## കീടനാശിനികളുടെ ഉപയോഗം

79(1081) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി ഗണ്യമായി വർദ്ധിച്ചിട്ടും കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിരോധിത കീടനാശിനികളുടെ നിർമ്മാണം, വിൽപന എന്നിവ തടയാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) രാസ കീടനാശിനി ഷോപ്പുകളിൽ സ്റ്റോക്ക്, വിലവിവരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കടുത്ത ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്ന കീടനാശിനി കർഷകർ വിവേചനപൂർവ്വമായേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ കൈക്കൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ വിതരണം, വില്പന, ഉപയോഗം എന്നിവ തടയുന്നതിനായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ, കൃഷിഭവനുകളിലെ കൃഷി ഓഫീസർമാർ, ഇൻസെക്റ്റിസൈഡ്സ് ഇൻസ്പെക്ടർമാർ എന്ന നിലയിൽ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഡിപ്പോകളും രണ്ടാഴ്ചയിൽ ഒരിക്കൽ സന്ദർശിച്ച് പരിശോധന നടത്തി ക്രമവിരുദ്ധമോ നിരോധിതമോ ആയ കീട/കള/കുമിൾനാശിനികളുടെ വില്പനയും ഉപയോഗവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും കർഷകരുമായി നേരിട്ടു ബന്ധപ്പെട്ട് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയുവാൻ കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. അതേ സമയം, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് ഉദ്യോഗമണ്ഡൽ, എറണാകുളം എന്ന സ്ഥാപനം കേരളത്തിൽ വിതരണവും വില്പനയും ഉപയോഗവും നിരോധിച്ചിട്ടുള്ള മോണോ ക്രോട്ടോഫോസ് പ്രൊഫനോഫോസ് ഫോറേറ്റ് എന്നീ കീടനാശിനികളുടെ ഉല്പാദനം നടത്തിവരുന്നു. ഈ ഉല്പന്നങ്ങൾ കേരളത്തിൽ വിതരണവും വില്പനയും നടത്തുവാൻ പാടില്ല എന്ന കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൃഷി വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ളത്.

(സി) ഇൻസെക്ടിസൈഡ്സ് റൂൾസ് 1971 പ്രകാരം എല്ലാ രാസ കീടനാശിനി ഷോപ്പുകളിലും, കീട/കള/കുമിൾ നാശിനികളുടെ സ്റ്റോക്ക്, വിലവിവരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ എല്ലാ ജില്ലകളിലെയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) രാസകീടനാശിനികൾ, കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിലേക്കായി 7 ഇനം കീട/കളനാശിനികളുടെ വില്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. നിയന്ത്രണം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് കീടനാശിനി ഡിപ്പോകളുടെ പരിശോധന കാര്യക്ഷമമാക്കാനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർക്ക് നല്കിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന സംയോജിത കീടനിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ നടപടി

80(1082) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികൾ മാരകമായ വിഷാംശം കലർന്നതാണെന്ന കണ്ടെത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറിയിലും മറ്റും വിഷാംശം കണ്ടെത്താൻ പരിമിതമായ സൗകര്യങ്ങളുള്ള സംസ്ഥാനത്ത് ഈ സാഹചര്യം നേരിടാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കീടനാശിനി വിഷം കണ്ടെത്താൻ വകുപ്പിനുകീഴിൽ കൂടുതൽ ലാബുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്വകാര്യ ലാബുകളിൽ താരതമ്യേന പരിശോധനാച്ചെലവുകൾ കൂടുതലായതിനാൽ ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലുള്ള ലാബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തന്നെ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് 292 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും നല്ല കൃഷിമുറകൾ പാലിച്ചും കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഷലിപ്ത പച്ചക്കറികൾ കണ്ടെത്തുന്നതിന് മാർക്കറ്റിൽനിന്നും പഴം പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയിലെയും ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഭക്ഷ്യ സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരും ശേഖരിച്ച് ലാബുകളിൽ പഴം പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത് പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നു. അയൽസംസ്ഥാനങ്ങളിൽ കീടനാശിനി പരമാവധി ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് പത്രങ്ങൾ വഴി പ്രാദേശിക ഭാഷയിൽ വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലും ഓരോ ലാബുകൾ വീതം ആരംഭിക്കുവാൻ കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൃഷി

81(1083) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പുതുതായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി :-

കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമി ഉള്ള സ്കൂളുകളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യാനായി 5000 രൂപ ധനസഹായം നൽകുന്നു. ഇതുകൂടാതെ ജലസേചന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 10,000 രൂപ ധനസഹായം നൽകുന്നുണ്ട്.

ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കും ഈ കൃഷിയിൽ സജീവ പങ്കാളിത്തം വഹിക്കുന്നത്. സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് കുട്ടികൾക്ക് പരിശീലന പരിപാടികളും മറ്റു ബോധവൽക്കരണ ക്ലാസ്സുകളും കൃഷിഭവന്റേയും, അദ്ധ്യാപകരുടേയും നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ സുരക്ഷിത പച്ചക്കറി കൃഷിയെപ്പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപ്പുസ്തകവും മറ്റു ലഘുലേഖകളും നൽകുന്നുണ്ട്.

2. വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡ് വിതരണം :-

ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമായി പച്ചക്കറി കൃഷിയിൽ മികച്ച വിദ്യാർത്ഥി, അധ്യാപകൻ, പ്രധാന അധ്യാപകൻ, സ്കൂൾ എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് എല്ലാ വർഷവും അവാർഡുകൾ നൽകുന്നു.

3. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി :-

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 34 ലക്ഷം വിദ്യാർത്ഥികൾക്ക് 25 രൂപ വില വരുന്ന 6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്തു പാക്കറ്റുകൾ സൗജന്യമായി നൽകുന്നു.

(ബി) കൂടുതൽ സ്കൂളുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം കൃഷിയും സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കോഴി വളർത്തൽ കാർഷികവൃത്തിയായി പ്രഖ്യാപിക്കൽ

82(1084) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണ മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിവളർത്തൽ കാർഷികവൃത്തിയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കാർഷികവൃത്തിയായി കോഴിവളർത്തലിനെ പ്രഖ്യാപിക്കുന്നതുമൂലം കോഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും, ഇവ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 28-3-2015-ലെ സ.ഉ.(പി) നമ്പർ 59/15/കൃഷി പ്രകാരം മുൻ സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ കോഴി കൃഷിയെയും കൃഷിയായി അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) മേൽ കാർഷിക നയത്തിൽ പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

നയം 216: അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴികൾക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉൽപ്പാദനത്തിനെ ഇതിൽനിന്നും ഒഴിവാക്കുകയും വേണം.

നയം 217: സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നല്കേണ്ടതാണ്.

നയം 218: ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം. മേൽ നയങ്ങൾ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

83(1085) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയിലെ യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള സർക്കാർ ഏജൻസികളുടെ വിവരം വെളിപ്പെടുത്താമോ;

(ബി) കാർഷികമേഖലയിലെ യന്ത്രവൽക്കരണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കാർഷികമേഖലയിലെ യന്ത്രവൽക്കരണ പരിപാടികളുടെ വിപുലീകരണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കെയ്‌ക്കോ, റെയ്ഡ്‌ക്കോ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവയാണ്.

(ബി) ഉണ്ട്. നെൽകൃഷി മേഖല പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ കൃഷിയിടങ്ങൾ ചെറിയ തുണ്ടുകളാക്കി മാറിയതും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ കുറവുമൂലവും യന്ത്രങ്ങളുടെ ലഭ്യതക്കുറവുമൂലവും ആവശ്യാനുസരണം യന്ത്രങ്ങൾ എത്തിക്കുവാൻ സാധിക്കുന്നില്ല. അനുയോജ്യമായ യന്ത്രങ്ങളുടെ ലഭ്യതക്കുറവും ഒരു പ്രശ്നമാണ്. എന്നാൽ മറ്റ് മേഖലകളിൽ യന്ത്രവൽക്കരണം കൂടുതൽ വ്യാപിച്ചുവരുന്നു.

(സി) കർഷകർക്കും കാർഷിക കൂട്ടായ്മകൾക്കും പാടശേഖര സമിതികൾക്കും യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക, കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നല്കി കർഷകർക്ക് അവ ലഭ്യമാക്കുക, അനുയോജ്യമായ യന്ത്രങ്ങൾ കണ്ടെത്തി അവ പ്രചരിപ്പിക്കുക, ബ്ലോക്ക് തലത്തിൽ അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ വിപുലീകരിക്കുക എന്നിവ പരിഗണനയിലാണ്.

## നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും വിലത്തകർച്ച

84(1086) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും വിലത്തകർച്ച, കർഷകർക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു വില സ്ഥിരതാ ഫണ്ട് (price fluctuation fund) രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

റബ്ബർ വിലയിടിവ് തടയുന്നതിനായി ചെറുകിട കർഷകർക്ക് കിലോയ്ക്ക് 150 രൂപ ഉറപ്പ് വരുത്തുന്നതിനായി വില സ്ഥിരത പദ്ധതി പ്രകാരം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകർഷകർക്ക് സംഭരണ വില ഒരാഴ്ചയ്ക്കകം നൽകുന്നതിനായി കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി ഈ തുക പലിശ സഹിതം സർക്കാർ ബാങ്കുകൾക്ക് നൽകി വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 385 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണത്തിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച

85(1087) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം നിമിത്തം കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിന് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെല്ലിന് ന്യായ വില ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലെയും കർഷകരിൽനിന്നും കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകരണ നെല്ല് സംഭരണ പദ്ധതിയിലുൾപ്പെടുത്തി നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ നെല്ലിന് കിലോയ്ക്ക് സംഭരണ വില 21.50 രൂപയാക്കി ഉയർത്തി. കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 385 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനുവേണ്ടി കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ച നാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. കൃഷി ഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം നാളികേരം, തിരഞ്ഞെടുക്കപ്പെട്ട കൃഷിഭവനിൽ നേരിട്ട് നൽകാവുന്നതാണ്. ഒരു കിലോ പച്ച നാളികേരത്തിന് 25 രൂപ എന്ന നിരക്കിലാണ് നിലവിൽ കേരഫെഡ് സംഭരണം നടത്തുന്നത്. കൂടുതൽ കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേന നൽകി വരുന്നു. ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 500 കോടി രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നു. ഈ

പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയാണ്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ അതിവൃഷ്ടി, ശക്തമായ കാറ്റ്, തുടർച്ചയായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിലും രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ**

86(1088) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രാവർത്തികമാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) മണ്ഡലത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ണ് സംരക്ഷണ – പര്യവേക്ഷണ വകുപ്പ് മുഖേന കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മണ്ണയം, മരുതമൺപള്ളി എന്നീ രണ്ട് നീർത്തട പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ മണ്ണയം നീർത്തട പദ്ധതിയിൽ 51.27 ലക്ഷം രൂപയുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി മാർച്ച് 2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. RIDF XXI-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 112 കോടി രൂപ അടങ്കൽ തുകയുള്ള മരുതമൺ പള്ളി പദ്ധതിയിൽ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) മരക്കുളം വാട്ടർഷെഡ്, വെളിയം വാട്ടർഷെഡ്, പാമ്പുറം വാട്ടർഷെഡ് എന്നീ മൂന്ന് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പാമ്പുറം പദ്ധതി RIDF XXII-ാം ഘട്ടത്തിൽ പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**നീര വിപണിയിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ**

87(1089) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പിലാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) നാളികേര വികസന കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ ഏലത്തൂരും കണ്ണൂർ ജില്ലയിലെ ആറളത്തും നീര ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനം നടന്നുവരുന്നു.

(ബി) തെങ്ങിൽനിന്ന് നീരയും നീരയിൽ നിന്നുള്ള മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിലെത്തിക്കുന്നതിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ ലഭ്യമായിട്ടുള്ള പ്രകൃതിദത്തവും ലഹരിവിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

(സി) നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 22-6-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 111/2015/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റാങ്ക് ലിസ്റ്റ്

88(1090) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഫാമുകളിൽ 2010-ൽ തൊഴിലാളികളെ എടുക്കുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഭരണ സ്വാധീനം ഉപയോഗിച്ച് തടഞ്ഞുവെന്ന ആക്ഷേപവും 16-5-2013-ന് ഹൈക്കോടതി വിധിയെത്തുടർന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവധി അവസാനിച്ച പ്രസ്തുത ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നിലവിലുള്ള നാൽപ്പത്തിയഞ്ചോളം ഒഴിവുകൾ നികത്തി റാങ്ക് ഹോൾഡേഴ്സിനെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 7-6-2010 തീയതിയിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ സ്റ്റേഷൻ മേധാവികളെ കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പ് നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കാനായി നിർദ്ദേശിക്കുകയും നടപടികൾ പൂർത്തിയാക്കി 5-1-2011 മുതൽ 19-3-2011 വരെയുള്ള കാലയളവിൽ തൊഴിലാളികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനായി തീരുമാനിക്കുകയും ചെയ്തിരുന്നു. 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വരികയും ചെയ്തതിനെത്തുടർന്ന് 9 കേന്ദ്രങ്ങളിലെ കാഷ്വൽ തൊഴിലാളി തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റചട്ടം ഒഴിവാകുന്നത് വരെ മാറ്റിവയ്ക്കുകയും ചെയ്തു. തുടർന്ന് നിലവിൽ വന്ന ഭരണസമിതി ശേഷിച്ച കേന്ദ്രങ്ങളിൽ കൂടി കാഷ്വൽ തൊഴിലാളി തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3-10-2011-ലെ വിധി പരിഗണിച്ച് അപാകതകൾ പരിഹരിച്ച് ഭരണസമിതിയുടെ തീരുമാനപ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) 15-5-2016-ന് കാലാവധി പൂർത്തിയായ 11 കേന്ദ്രങ്ങളിലെ കാഷ്വൽ തൊഴിലാളി സെലക്ട് ലിസ്റ്റുകൾക്ക് സാധുത നൽകി 15-5-2016 മുതൽ ആറ് മാസത്തേക്ക് കാലാവധി ദീർഘിപ്പിക്കുവാൻ 23-6-2016-ലെ സർവ്വകലാശാലയുടെ 544-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട്.

**നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഭൂമി**

89(1091) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള 2 ഏക്കർ ഭൂമി നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്റ്റാന്റ് നിർമ്മിക്കുന്നതിനായി നൽകുവാൻ കഴിഞ്ഞ സർക്കാർ മന്ത്രിസഭാ തീരുമാനമെടുത്തിരുന്നുവെങ്കിലും പ്രസ്തുത ഭൂമി മുനിസിപ്പാലിറ്റിക്ക് അളന്ന് നൽകുവാൻ കൃഷി വകുപ്പ് അധികൃതരുടെ ഭാഗത്തു നിന്നും നടപടി ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; സർക്കാർ തീരുമാനമുണ്ടായിട്ടും ഭൂമി ലഭ്യമാക്കുവാൻ കഴിയാതിരുന്നതിന് ഉത്തരവാദികൾ ആരാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

7-11-2012-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 9-11-2012-ലെ സ.ഉ. (സാധാ.) 2202/2012/കൃഷി ഉത്തരവ് പ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള നീലേശ്വരം കരുവാച്ചേരിയിലുള്ള 2 ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സൗജന്യമായി അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2 ഏക്കർ സ്ഥലം വിട്ടുനൽകുന്ന വിഷയം 20-6-2015-ന് സർവ്വകലാശാല ജനറൽ കൗൺസിൽ യോഗം പരിഗണിക്കുകയും ഇക്കാര്യത്തിൽ പകരം ഭൂമിയോ ഉചിതമായ നഷ്ടപരിഹാര തുകയോ സർവ്വകലാശാലയ്ക്ക് ലഭിച്ചാൽ മാത്രമേ പ്രസ്തുത ഭൂമി കൈമാറേണ്ടതുള്ളൂ എന്നും സർവ്വകലാശാല തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**മഴവെള്ള സംഭരണി**

90(1092) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മഴ വെള്ള സംഭരണി കെട്ടിടത്തിന്റെ പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ടി നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുണ്ടോ; പ്രസ്തുത നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 102-ൽ ഒരു ടൗൺ പ്ലാനിംഗ് സ്കീമിൽ മറ്റു വിധത്തിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം ഗ്രൂപ്പ് A1, ഗ്രൂപ്പ് A2, ഗ്രൂപ്പ് B, ഗ്രൂപ്പ് C, ഗ്രൂപ്പ് D, ഗ്രൂപ്പ് E, ഗ്രൂപ്പ് F, ഗ്രൂപ്പ് G1, ഗ്രൂപ്പ് G2 ഒക്യുപെൻസി വിഭാഗങ്ങൾക്കുള്ള എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടേയും അവിഭാജ്യഘടകമായി മേൽക്കൂര മഴവെള്ള സംഭരണത്തിലൂടെ പ്രവർത്തനക്ഷമമായ മഴവെള്ള സംഭരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ ഗ്രൂപ്പ് A1 ഉൾപ്പെടുന്ന വാസഗൃഹ വിഭാഗ കെട്ടിടങ്ങൾ മൊത്തം തറ വിസ്തീർണ്ണം 150 സ്ക്വയർ മീറ്റർ വരെയും അവയുടെ കെട്ടിട ഭൂമിയുടെ (Plot) മൊത്തം വിസ്തീർണ്ണം 320 സ്ക്വയർ മീറ്റർ വരെയുമാണെങ്കിൽ, ഏക കുടുംബ വാസഗൃഹ വിഭാഗ കെട്ടിടങ്ങളുടെ സംഗതിയിൽ മഴവെള്ള സംഭരണ സംവിധാനം നിർബന്ധമാകുന്നതല്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായ വ്യവസ്ഥകൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 ബി-യിലും ചേർത്തിട്ടുണ്ട്. ചട്ടപ്രകാരം മഴവെള്ള സംഭരണി സംവിധാനം ആവശ്യമായ കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള കെട്ടിടങ്ങളുടെ നിർമ്മാണ അനുമതിക്കായി സമർപ്പിക്കുന്ന പ്ലാനിൽ മഴവെള്ള സംഭരണ സംവിധാനം ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊട്ടാരക്കര മീയണ്ണൂർ - നാൽക്കവല-കോളമത്ത് റോഡ് നവീകരണം**

91(1093) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം മീയ്യണ്ണൂർ - നാൽക്കവല - കോളമത്ത് റോഡ് നവീകരിക്കുന്നതിലേക്കായി എത്ര രൂപ അനുവദിച്ചിരുന്നുവെന്നും, ആയത് വിനിയോഗിച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ ഉണ്ടായ തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത റോഡ് നിർമ്മാണത്തിന് ടെണ്ടർ നൽകുകയും ആയത് ഒരു കരാറുകാരൻ അധികരിച്ച തുകയ്ക്ക് ഏറ്റെടുക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത റോഡ് നിർമ്മാണം ഈ കരാറുകാരനെ ഏൽപ്പിക്കുവാൻ സന്നദ്ധമാകുമോ;

(സി) തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് എന്താണെന്നും അവ പരിഹരിച്ച് റോഡ് പണി ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മീയണ്ണൂർ-നാൽക്കവല-കോളമത്ത് റോഡ് (0.855 മീറ്റർ) നവീകരിക്കുന്നതിനായി 60.07 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണികൾ ഒന്നും തുടങ്ങിയില്ല. ആയതിനാൽ ടി കരാർ റദ്ദാക്കുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ ചെയ്യുകയും ചെയ്തു.

(ബി&സി) ടെണ്ടർ എക്സസ്സ് നൽകി പണി പൂർത്തിയാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

## തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നടപടി

92(1094) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന്ഏതെല്ലാം സ്ഥലങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എബിസി) നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിഹിതമെത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ എല്ലായിടത്തും ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ABC പ്രോഗ്രാം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വന്തം നിലയിൽ പദ്ധതികളും മുനിസിപ്പാലിറ്റികളും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും ചേർന്ന് വിവിധ സന്നദ്ധ സംഘടനകളും അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ ടി പ്രോഗ്രാം

നടപ്പാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 2306/2014/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ABC പ്രോഗ്രാം നടപ്പിലാക്കുന്നതിലേക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിൽനിന്നോ തനതു ഫണ്ടിൽ നിന്നോ തുക വകയിരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ABC പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ (ജീവനക്കാരുൾപ്പെടെ) ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലായിടത്തും ലഭ്യമല്ല.

## പൊതുശുചിമുറികളുടെ അപര്യാപ്തത

93(1095) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ പട്ടണങ്ങളിൽ ആവശ്യത്തിന് പൊതുശുചിമുറികൾ ഇല്ലെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ;

(ബി) പൊതുശുചിമുറികളുടെ അപര്യാപ്തത പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും നഗരം വൃത്തിയായി സൂക്ഷിക്കുന്നതിനെ ദോഷകരമായി ബാധിക്കുന്നതുമാണെന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പട്ടണങ്ങളിലും ആവശ്യത്തിന് പൊതുശുചിമുറികൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്.

(സി) ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകളാണ് പൊതു/സാമൂഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് നഗരസഭകൾ/കോർപ്പറേഷനുകളെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് പി.പി.പി. മോഡലിൽ പൊതുശൗചാലയങ്ങൾ പണിയുന്നതിനും, പൊതു/സാമൂഹിക ശൗചാലയങ്ങളുടെ നിർമ്മിതിക്കുമായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് സ്വരൂപിച്ച് നിർമ്മാണം നടത്താവുന്നതാണ്.

**ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി**

94(1096) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷൻ കൗൺസിലർമാർ, മുനിസിപ്പൽ കൗൺസിലർമാർ, ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് മെമ്പർമാർ എന്നിവർക്ക് നിലവിൽ ലഭിക്കുന്നത് വളരെ തുച്ഛമായ ഓണറേറിയം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞവർക്ക് സിറ്റിംഗ് ഫീ ഇനത്തിലും ഓണറേറിയം ഇനത്തിലും ലഭിക്കുന്ന തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മേൽപ്പറഞ്ഞവർക്ക് ഫോൺ ബിൽ, ഓഫീസ് അലവൻസ്, യാത്രാപ്പടി എന്നിവ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്.

(സി) നിലവിലുള്ള വ്യവസ്ഥകൾക്കുപരിയായി പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

**കെ.എൽ.ജി.എസ്.ഡി. പ്രോജക്ട്**

95(1097) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എൽ.ജി.എസ്.ഡി. പ്രോജക്ട് വഴി പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തതിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കാമോ;

(സി) ഇതു കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനും കാര്യശേഷി വികസിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി പെർഫോർമൻസ് ഗ്രാന്റ് നൽകി വരുന്നു.

(ബി) വികേന്ദ്രീകൃത ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന പ്രോജക്ട് ആണ് കെ.എൽ.ജി.എസ്.ഡി.പി.

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റിൽ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടറും വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന സ്പെഷ്യലിസ്റ്റുകളും ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രവർത്തിച്ചുവരുന്നു. ഭരണപരവും നയപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ പരിശീലനങ്ങൾ നൽകുന്നത് കിലയും, എസ്.ഐ.ആർ.ഡി.-യുമാണ്. തദ്ദേശ തലത്തിലുള്ള വിവരശേഖരണം, സർവ്വേ, വിവിധ പഠനങ്ങൾ എന്നിവ നടത്തുന്നതിനും അവ പൊതുജനങ്ങൾക്ക് ലഭ്യമായ രീതിയിൽ വിന്യസിക്കുന്നതിനും വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനെ (DAC)-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് ഐ.കെ.എം.-നേയും ഓഡിറ്റിംഗിനുവേണ്ടി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്.

## എൽ.എ.സി.-എ.ഡി.എസ്. പ്രവൃത്തികൾ

96(1098) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി.-യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്നും വിശദമാക്കുമോ;

(സി) കരാർ എടുത്തിട്ടുള്ള പ്രവൃത്തികൾ നിർമ്മാണം പൂർത്തീകരിക്കാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കുമോ; എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഇലക്ഷൻ, കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണമാണ് പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം നീണ്ടുപോയത്. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

97(1099) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ലക്ഷ്യം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.

**ആസ്തി വികസന ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിലെ കാലതാമസം**

98(1100) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ റോഡുകൾ/കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. മുഖാന്തരം സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന തുക പി.ഡബ്ല്യു.ഡി. അധികൃതർക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകാത്തതിനാൽ പല പ്രവൃത്തികളും തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യാത്തതു മൂലം പല പ്രവൃത്തികളും യഥാസമയം ടെണ്ടർ ചെയ്യാൻ കഴിയാതെ വരുന്ന സ്ഥിതിയുടെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ ഡെപ്പോസിറ്റ് ചെയ്യേണ്ട നിർമ്മാണ പ്രവൃത്തികൾക്ക് തുടർന്ന് തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ശേഷം സമർപ്പിച്ച ബില്ലുകളുടെ തുക മാത്രമാണ് അനുവദിച്ചിരുന്നത്. 2016 ഏപ്രിൽ, മേയ് മാസങ്ങളിലും പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ 30-5-2016 വരെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ശേഷം സമർപ്പിച്ച ബില്ലുകളുടെ തുക മാത്രമാണ് അനുവദിച്ചുനൽകിയത്. 16-6-2016-ൽ ഫെബ്രുവരി മാസത്തിൽ തുക അനുവദിക്കാതിരുന്ന ഡെപ്പോസിറ്റ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അവയുടെ സീനിയോറിറ്റി അനുസരിച്ച് തുക അനുവദിച്ച

തുടങ്ങിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തെ നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ട് മാത്രമേ പാസ്സായിട്ടുള്ളൂ. അതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ 1/3 മാത്രമേ അനുവദിക്കാൻ കഴിയുമായിരുന്നുള്ളൂ. പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയശേഷം നാളിതുവരെ അനുവദിക്കാതിരുന്ന എല്ലാ തുകകളും അനുവദിച്ച് നൽകുന്നതാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ

99(1101) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ നൽകുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(സി) തനതു ഫണ്ടിൽ നിന്നും ബഡ്ജറ്റ് ഫണ്ടിൽ നിന്നും ആനുപാതികമായി പണം കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പൊതു സർവ്വീസ് കേഡർ

100(1102) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി പൊതു സർവ്വീസ് കേഡർ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കേഡർ എന്നുമുതൽ നിലവിൽ വരുമെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) പൊതു സർവ്വീസിന്റെ കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

101(1103) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണവകുപ്പിനുകീഴിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഒഴിവുകൾ |
|---|---|---|
| 1. | പാലക്കാട് | 17 |
| 2. | മലപ്പുറം | 22 |
| 3. | കോഴിക്കോട് | 18 |
| 4. | വയനാട് | 8 |
| 5. | കണ്ണൂർ | 12 |
| 6. | കാസർഗോഡ് | 14 |
| | ആകെ | 91 |

(ബി) ഉണ്ട്. മേൽപ്പറഞ്ഞ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആധുനിക അറവുശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി**

102(1104) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളും ജലസ്രോതസ്സുകളും മലിനമാക്കുന്ന വിധത്തിൽ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ, പഞ്ചായത്ത് തലങ്ങളിലോ നഗരസഭ തലങ്ങളിലോ ആധുനിക അറവുശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രായോഗിക ബിസിനസ് മാതൃകകളിൽ സാങ്കേതിക മികവുള്ളതും ഉയർന്ന ശേഷിയുള്ളതും പരമാവധി പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിയുമുള്ള അറവുശാല സംവിധാനം പഞ്ചായത്ത്, നഗരസഭ തലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് മുൻഗണന നല്കിവരുന്നത്.

(ബി) അറവുശാല നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വമിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അറവുശാല നിർമ്മാണത്തിനായി 18 ഗ്രാമപഞ്ചായത്തുകൾക്കും 24 മുനിസിപ്പാലിറ്റികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ്**

103(1105) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ജോയിന്റ് ഡയറക്ടർ മുതൽ താഴോട്ടുള്ള തസ്തികകളിൽ പ്രൊമോഷനുകൾ മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ടി കേസിന്റെ വിധിക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികയിലേക്കുള്ള പ്രൊമോഷൻ താൽക്കാലികമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പുതുതായി രൂപീകരിച്ച നഗരസഭകളിലും ഗ്രേഡ് ഉയർത്തിയ നഗസഭകളിലും പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സുപ്രീം കോടതിവിധിക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികകളിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകാൻ തിരുമാനിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി**

104(1106) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

105(1107) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ പദ്ധതികൾക്ക് അംഗീകാരം നല്കുന്നതിലെ കാലതാമസംമൂലം പദ്ധതിക്കുള്ള തുക സാമ്പത്തിക വർഷത്തിന്റെ അവസാനം തിരക്കുപിടിച്ച് ചെലവഴിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കി, അനുവദീയമായ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അവസരമൊരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി നിർവ്വഹണം സംബന്ധിച്ച് വകുപ്പുതലത്തിൽ അവലോകനയോഗം നടത്താറുണ്ട്.

## തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പൊതുകേഡർ രൂപീകരണം

106(1108) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പൊതുകേഡർ രൂപീകരിക്കുന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ എന്നിവയെ പൊതുകേഡർ രൂപീകരണം എപ്രകാരം ബാധിക്കുമെന്നതിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**ക്ലീൻ കേരള കമ്പനി**

107(1109) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്തിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 30-3-2013-ലെ 135/2015/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013-ലെ ഇന്ത്യൻ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്റ്റർ ചെയ്ത് 13-12-2013 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി ആരോഗ്യരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ, സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

(സി)1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടാകുന്ന ഇ-മാലിന്യങ്ങൾ കിലോഗ്രാമിന് അഞ്ച് രൂപ നിരക്കിൽ വാങ്ങി ക്ലീൻ കേരള കമ്പനി ശാസ്ത്രീയമായി പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനും സംവിധാനം ഏർപ്പെടുത്തുന്നു.

2. സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ 2-10-2014-ൽ ഒരു പ്രത്യേക ഏകദിന യത്നത്തിലൂടെ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരിക്കുകയുണ്ടായി.

3. കെ.എസ്.ഇ.ബി.-യുമായി ചേർന്ന് നടപ്പിലാക്കുന്ന നഗര സൗന്ദര്യവത്കരണ പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി 15-1-2015 മുതൽ ആരംഭിക്കുകയുണ്ടായി.

4. റെയിൽവേയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിലുള്ള തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷൻ, ചിറയിൻകീഴ് റെയിൽവേ സ്റ്റേഷൻ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

5. സംസ്ഥാനത്ത് കൊച്ചിയിൽ സ്ഥാപിതമായ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നടത്തിപ്പിന്റെ ചുമതല സർക്കാർ കമ്പനിയെ ഏൽപ്പിക്കുകയും 2015 ഡിസംബർ മാസം മുതൽ കമ്പനി ഈ ചുമതല നിർവ്വഹിച്ച് വരികയുമാണ്.

**കെട്ടിട നികുതി വർദ്ധനവ്**

108(1110) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി വർഷം തോറും നിശ്ചിത ശതമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിനുമുമ്പ് കെട്ടിട നികുതി വർദ്ധിപ്പിച്ചത് എന്നായിരുന്നു;

(സി) പുതിയ പരിഷ്കാരം ജനങ്ങളിൽ അമിതഭാരം ഉണ്ടാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 14-1-2011 മുതൽ വീട്ടുകരം (വസ്തു നികുതി) പുതിയ നിരക്കിലാണ് സംസ്ഥാനത്ത് ഈടാക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെട്ടിട നികുതി

109(1111) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കെട്ടിട നികുതി വർദ്ധനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഠന കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 13-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വസ്തു നികുതി സംബന്ധിച്ച് നിലവിലുള്ള രീതിയിൽ പുനഃപരിശോധിക്കുന്നതിനും കാലക്രമത്തിൽ വസ്തു നികുതി വർദ്ധനവ് സംബന്ധിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനും പ്രോപ്പർട്ടി ടാക്സ് ബോർഡ് 2011-ൽ രൂപീരിച്ചിട്ടുണ്ട്.

## അനധികൃത ഫ്ലാറ്റ് നിർമ്മാണം

110(1112) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര അനധികൃത ഫ്ലാറ്റ് നിർമ്മാണം കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അനധികൃത നിർമ്മാണം നടത്തിയ ഫ്ലാറ്റ് ഉടമകളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താമോ;

(ഡി) അനധികൃതമായി നിർമ്മിച്ച ഈ ഫ്ലാറ്റുകൾക്ക് എതിരെ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഫയർ ഫോഴ്സിന്റെ എൻ.ഒ.സി. കിട്ടാത്തതും, ഫയർ ഫോഴ്സ് എൻ.ഒ.സി. നിരസിച്ചതുമായ എത്ര ഫ്ലാറ്റുകൾ ഉണ്ട് എന്നറിയാമോ; എങ്കിൽ ഇവയുടെ പേരും വിശദാംശങ്ങളും വിവരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ അനധികൃത ഫ്ലാറ്റ് നിർമ്മാണം നടത്തിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും ഉടമകളുടെ പേര് വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* അനുബന്ധമായി ചേർത്തിരിക്കുന്ന കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ അനധികൃത ഫ്ലാറ്റുകളുടെ നമ്പർ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ അനധികൃത നിർമ്മാണത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ആയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നു. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റിനെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) അനധികൃത നിർമ്മാണത്തിനെതിരെ കർശന നടപടി സ്വീകരിക്കും.

(ഇ) രണ്ട് ഫ്ലാറ്റുകൾ ഉണ്ട്. എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ ഓഷ്യാനസ് എസ്റ്റേറ്റ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മറ്റൂർ എന്ന സ്ഥലത്ത് 40 മീറ്ററോളം ഉയരമുള്ള ഫ്ലാറ്റിന് എൻ.ഒ.സി. നൽകിയിട്ടില്ല. തൃശ്ശൂർ ജില്ലയിൽ ഡോ. കൈരളി, മുല്ലശ്ശേരിൽ ഹൗസ്, പോട്ടാർ പി.ഒ. എന്ന വ്യക്തിക്ക് ഫയർഫോഴ്സ് എൻ.ഒ.സി. നിരസിച്ചിട്ടുണ്ട്.

## ചെറുതോണി ബസ് ടെർമിനൽ-കം-അഗ്രോമാർക്കറ്റ് പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി

111(1113) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതോണി ബസ് ടെർമിനൽ-കം-അഗ്രോമാർക്കറ്റ് പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എസ്.ഡി.ജി.-യിൽ ഈ പദ്ധതിക്ക് വേണ്ടി എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ എസ്.ഡി.ജി.-യിൽ ചെറുതോണി ബസ് ടെർമിനൽ-കം -അഗ്രോമാർക്കറ്റ് പദ്ധതിക്ക് എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ചെറുതോണി ബസ് ടെർമിനൽ-കം-അഗ്രോമാർക്കറ്റിന്റെ നിർമ്മാണ ചുമതല കിറ്റ്കോയെ ഏൽപ്പിക്കുകയും കിറ്റ്കോയുമായി ജില്ലാ പഞ്ചായത്ത് എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി കിറ്റ്കോ ബസ് ടെർമിനലിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) തുക നീക്കിവച്ചിട്ടില്ല.

(സി) 8 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 6838290 രൂപയുടെ ആദ്യഗഡു കിറ്റ്കോയ്ക്ക് നൽകുന്നതിന് അലോട്ട്മെന്റ് ഇല്ല എന്ന കാരണത്താൽ ട്രഷറിയിൽനിന്നും തുക മാറി നൽകുവാൻ സാധിച്ചിട്ടില്ല.

(ഡി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ടി പ്രവൃത്തിക്ക് ന്യൂ സർവ്വീസ് പ്രൊപ്പോസലായി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

**കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

112(1114) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ 2014-15, 2015-16 കാലഘട്ടങ്ങളിൽ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിക്കേണ്ട പ്രവൃത്തികൾ, ടെണ്ടർ ചെയ്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്യേണ്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നഗരങ്ങളെ മാലിന്യമുക്തമാക്കുന്ന പദ്ധതി

113(1115) ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

1. ഉറവിട മാലിന്യ സംസ്കരണം
2. പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണവും
3. വിവര വിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീവികസനവും
4. ദ്രവ മാലിന്യ സംസ്കരണം
5. പ്രീമൺസൂൺ ക്ലീനിംഗ് ആക്ടിവിറ്റി
6. പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സുകൾ
7. പുനഃചംക്രമണത്തിന് പ്രോത്സാഹനവും പ്രകൃതി സൗഹൃദ വസ്തുനിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനവും
8. സ്കൂൾ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ, ഇതര സ്ഥാപനങ്ങൾക്ക് അവാർഡുകൾ
9. മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവർക്കുള്ള പിന്തുണ
10. എക്സ്റ്റൻഡ് പ്രോഡ്യൂസർ ഉത്തരവാദിത്വ പ്രോത്സാഹനം

(ബി) വൃത്തിയുള്ള വീടും പരിസരവും, വൃത്തിയുള്ള നിരത്തുകൾ, വൃത്തിയുള്ള പൊതുസ്ഥലങ്ങൾ, ആരോഗ്യമുള്ള സമൂഹം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) ശുചിത്വമിഷന്റെ പ്ലാനിൽ ഉൾപ്പെട്ട പദ്ധതി നടപ്പിലാക്കുന്നതിലേക്കായി പ്രോജക്ട് തയ്യാറാക്കി നൽകുന്ന നഗരസഭകൾക്ക് പ്രോജക്ട് പരിശോധിച്ച് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന നൽകിവരുന്നു. ടി പദ്ധതികളുടെ നിർവ്വഹണം നഗരസഭാ തലത്തിൽ നടത്തിവരുന്നു. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ/ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ ആധുനികവൽക്കരണം, അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയ്ക്കായി പ്രോജക്ട് തുകയുടെ 100 ശതമാനം സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ മുഖേന വിതരണം ചെയ്തുവരുന്നു. ഉറവിടമാലിന്യ സംസ്കരണത്തിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹികതല ബയോഗ്യാസ് പ്ലാന്റുകൾക്ക് 75 ശതമാനം സാമ്പത്തിക സഹായവും (സർക്കാർ സാമ്പത്തിക സഹായം 50 ശതമാനം (പരമാവധി 5000 രൂപ)+ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം: സർക്കാർ വിഹിത്തിന്റെ 50 ശതമാനം) കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90 ശതമാനം സാമ്പത്തിക സഹായവും (സർക്കാർ വിഹിതം 75 ശതമാനം+ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 15 ശതമാനം) വിതരണം ചെയ്തുവരുന്നു. ടി പദ്ധതികളുടെ മോണിറ്ററിംഗ് സർക്കാർ തലത്തിൽ നടത്തിവരുന്നു. പ്രീമൺസൂൺ കാമ്പയിൻ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നഗരസഭാ വാർഡുകൾക്ക് 10,000 രൂപ വീതവും കോർപ്പറേഷൻ വാർഡുകൾക്ക് 20,000 രൂപ വീതവും ശുചിത്വ മിഷൻ മുഖേന നൽകിവരുന്നു. വിവിധ മാധ്യമങ്ങളിലൂടെ വിവരവിജ്ഞാന പ്രവർത്തനങ്ങളും വിവിധ പങ്കാളികളുടെ ശേഷീവികസന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

**കായംകുളം നഗരസഭയിലെ പൊതുജനാരോഗ്യ പ്രവർത്തകർ**

114 (T*1116) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ ഉൾപ്പെട്ട 44 വാർഡുകളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ പരിമിതമായ ആരോഗ്യ പ്രവർത്തകർ മാത്രമാണുള്ളത് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കായംകുളം നഗരസഭയിൽ നിലവിൽ ആശാപ്രവർത്തകർ ഇല്ലാത്ത വാർഡുകൾ ഏതൊക്കെ; അവിടങ്ങളിൽ ആശാപ്രവർത്തകരെ നിയമിക്കുന്നതിനും, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ആവശ്യമായ ആരോഗ്യ പ്രവർത്തകരെ അധികമായി നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കായംകുളം നഗരസഭയിൽ നിലവിൽ ആശാപ്രവർത്തകരുടെ സേവനം ലഭ്യമാകാത്തത് 2, 4, 5, 6, 10, 11, 12, 13, 26, 27, 28, 31, 37, 39, 40, 41, 42, 44 എന്നീ വാർഡുകളിലാണ്. ആരോഗ്യ പ്രവർത്തകരെ അധികമായി നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളുടെ പ്രശ്നങ്ങൾ**

115(1117) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത്, പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾ എന്തെല്ലാം വിഷമതകളാണ് അഭിമുഖീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷമതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കാലവിളംബം കൂടാതെ മുനിസിപ്പാലിറ്റികളുടെ ഭരണപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീവനക്കാർ, ഫണ്ട് എന്നിവയുടെ അപര്യാപ്തത പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ബി&സി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളുടെ വിഷമതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

116(1118) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ തസ്തിക ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മണ്ഡലത്തിലെ വിവിധ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. 6-2-2016 മുതൽ ഒഴിഞ്ഞു കിടക്കുന്നു. പഞ്ചായത്ത് വകുപ്പിൽ 180 സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നു. പഞ്ചായത്ത് വകുപ്പിലെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വരെയുള്ള തസ്തികയിലെ ഒഴിവുകൾ താൽക്കാലികമായി നികത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ:

| | | |
|---|---|---|
| സെക്രട്ടറി | - | 2 |
| അസിസ്റ്റന്റ് സെക്രട്ടറി | - | ... |
| ജൂനിയർ സൂപ്രണ്ട് | - | ... |
| സീനിയർ ക്ലാർക്ക് | - | 2 |
| ക്ലാർക്ക് | - | 3 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| ഫുൾ ടൈം സ്വീപ്പർ | - | 4 |

ബ്ലോക്ക് പഞ്ചായത്തിലെ ഒഴിവുകൾ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ ഖര മാലിന്യ പ്ലാന്റിന് സാമ്പത്തിക സഹായം**

117(1119) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖരമാലിന്യപ്ലാന്റ് നവീകരിക്കാൻ സംസ്ഥാന സർക്കാരിന് സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഖരമാലിന്യപ്ലാന്റ് ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ വിതരണം കാര്യക്ഷമമാക്കാൻ സർക്കാർ ഏജൻസികൾ സഹായിക്കുമോ ;

(സി) പ്രസ്തുത പ്ലാന്റിലെ ജീവനക്കാരുടെ ന്യായമായ ദിവസക്കൂലി ഉൾപ്പെടെ ഉറപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ നിലവിലുള്ള സ്ഥിതി പഠനവിധേയമാക്കി ആവശ്യകത നിശ്ചയിച്ച് നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ നയത്തിന് വിധേയമായി തയ്യാറാക്കി സമർപ്പിക്കുന്ന പക്ഷം ആയതിന് സാങ്കേതിക പരിശോധനക്ക് വിധേയമാക്കി അർഹമായ സാമ്പത്തിക സഹായം നൽകാൻ കഴിയും.

(ബി) ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവവളം കർഷകർക്ക് നേരിട്ട് ലഭ്യമാക്കുകയാണ് നിലവിൽ ചെയ്യുന്നത്. എന്നാൽ കൃഷി ഭവൻ പോലുള്ള സർക്കാർ ഏജൻസികൾ മുഖാന്തരം കർഷകർക്ക് നേരിട്ട് എത്തിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ജീവനക്കാരുടെ ദിവസവേതനം 250 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്ലാന്റിലെ തൊഴിലാളികൾ വേതനവർദ്ധനവ് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് വേതനം നൽകിവരുന്നത്. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളോ വികേന്ദ്രീകൃത പ്ലാന്റുകളോ പ്രവർത്തിപ്പിക്കാനായി സേവനതൽപ്പരതയുള്ള സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, സർക്കാർ അംഗീകൃത സേവനദാതാക്കൾ, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയ ഏജൻസികളിൽ ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതകൾ പരിശോധിച്ച് അവരിൽനിന്നും ഓഫറുകൾ സ്വീകരിച്ച് അവ പരിശോധിച്ച് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഉചിതമായ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ ഏറ്റെടുക്കേണ്ടതാണെന്ന് സർക്കാർ സർക്കുലർ നമ്പർ 80308/ഡി.സി1/2014/ത.സ്വ.ഭ.വ. തീയതി 10-8-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ലോകബാങ്ക് ധനസഹായം ലഭിക്കേണ്ട ഇടുക്കി ജില്ലയിലെ പഞ്ചായത്തുകൾ**

118(1120) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിനെ ലോകബാങ്ക് ധനസഹായം ലഭിക്കേണ്ട പഞ്ചായത്തുകളുടെ പട്ടികയിൽനിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരാതിപ്പെട്ടിരുന്നോ; ഈ വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് വരികയാണ്.

(ബി) വേൾഡ് ബാങ്ക് ധനസഹായം ലഭിക്കേണ്ട പഞ്ചായത്തുകളുടെ പ്രാഥമിക പട്ടികയിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ 7 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നു. തുടർന്ന് മറ്റ് ഗ്രാമപഞ്ചായത്തുകളുടെ പരാതി പരിഗണിക്കുകയും സ്ഥിതി വിവരക്കണക്കുകൾ ഒത്തുനോക്കുകയും ചെയ്തപ്പോൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട പഞ്ചായത്തുകളേക്കാൾ അർഹതപ്പെട്ട മറ്റ് ഏഴ് ഗ്രാമപഞ്ചായത്തുകൾ ഉള്ളതായി ബോദ്ധ്യപ്പെടുകയും അവയെ 40 പിന്നോക്ക ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ പഞ്ചായത്തുകളെ പട്ടികയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രാഥമിക പട്ടികയിൽനിന്നും പുറന്തള്ളപ്പെടുകയുണ്ടായി.

**തെരുവുനായ നിയന്ത്രണ പദ്ധതി**

119(1121) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത്തരം പദ്ധതികളിൽ ബഹുജനപങ്കാളിത്തവും സന്നദ്ധസംഘടനകളുടെ സഹായവും ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനായി ABC പ്രോഗ്രാമാണ് (Animal Birth Control) നിലവിലുള്ളത്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 17-9-2015-ലെ സ.ഉ. (സാധാ) നമ്പർ 2840/2015/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു.)*

(സി) ബഹുജനപങ്കാളിത്തവും സന്നദ്ധസംഘടനകളുടെ സഹായവും ഏകോപിപ്പിക്കേണ്ടതായി വന്നാൽ അക്കാര്യം പരിഗണിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ വൈദ്യുത ശ്മശാന നിർമ്മാണം

120(1122) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുത ശ്മശാനം നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ വൈദ്യുത ശ്മശാന നിർമ്മാണം നടന്നു വരുന്നുണ്ടെന്നും ആയതിന്റെ തൽസ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ മരുത റോഡ് ഗ്രാമപഞ്ചായത്തിൽ മാത്രമാണ് നിലവിൽ വൈദ്യുത ശ്മശാനം നിർമ്മിച്ചിട്ടുള്ളത്.

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ വൈദ്യുത ശ്മശാന നിർമ്മാണം നടന്നുവരുന്ന ഗ്രാമപഞ്ചായത്തുകളില്ല.

## വീട്ടുകരം വർദ്ധനവ്

121(1123) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വീട്ടുകരം ഓരോ വർഷവും നിശ്ചിത ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വീടുകളുടെ പഴക്കത്തിനനുസൃതമായി ഡിപ്രീസിയേഷൻ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇതോടൊപ്പം ഓരോ വർഷവും വാടക പുതുക്കി നിശ്ചയിക്കാനുള്ള അവകാശം വീട്ടുടമകൾക്ക് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഖരമാലിന്യ നിർമ്മാർജ്ജനം**

122(1125) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യങ്ങൾ വർദ്ധിച്ചത് കൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന വ്യാപകമായി ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു സ്ഥിരം സംവിധാനം നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(സി) പഞ്ചായത്ത് തലത്തിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കേന്ദ്രീകൃതമായി അവിടെത്തന്നെ നിർമ്മാർജ്ജനം ചെയ്യുന്ന 'ചെറുകിട പ്ലാൻറുകൾ' എന്ന പദ്ധതി നടപ്പിലാക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ്

യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികളാണ് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നത്. ഇതിനായി ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ട്.

**കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി**

123(1126) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് നഗരസഭ ഏറ്റെടുത്തിട്ടുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ സ്വീകരിച്ചുവരുന്നുണ്ട്.

**പഞ്ചായത്ത് വഴിയുള്ള പദ്ധതികൾ**

124(1127) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് വഴിയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ പരിഗണനനയിലുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

പഞ്ചായത്തിലൂടെ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വർഷത്തേക്കുമുള്ള പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സാമ്പത്തിക വർഷം തുടങ്ങുന്നതിനുമുമ്പ് തന്നെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി

125(1128) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നാളിതുവരെയുള്ള സ്ഥിതി വിശദമാക്കുമോ; അനുവദിച്ച പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെച്ചിട്ടും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതാണ്.

## പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി

126(1129) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതി പ്രകാരം ആറ് ലക്ഷം രൂപ അനുവദിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കാൻ മൂന്ന് ലക്ഷം രൂപ വരെ അനുവദിക്കാനേ അധികാരമുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത പദ്ധതി നടപ്പാക്കാൻ ആറ് ലക്ഷം രൂപ വരെ ഒരു അപേക്ഷകന് അനുവദിക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 2-2-2016-ലെ സ.ഉ.(സാധാ) നമ്പർ 420/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്ക് 20-1-2016 മുതൽ അവലംബിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

127(1130) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷൻ യഥാസമയം നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 180 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രൊമോഷനുകൾ നടത്തുന്നില്ല.

(ഡി) പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമവിധിക്ക് വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

128(1131) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

180 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

129(1132) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 11 |
| പത്തനംതിട്ട | 10 |
| ആലപ്പുഴ | 9 |
| കോട്ടയം | 18 |
| ഇടുക്കി | 9 |
| എറണാകുളം | 11 |
| തൃശ്ശൂർ | 25 |
| പാലക്കാട് | 14 |
| മലപ്പുറം | 22 |
| കോഴിക്കോട് | 10 |
| വയനാട് | 3 |
| കണ്ണൂർ | 15 |
| കാസർഗോഡ് | 12 |
| ആകെ | 180 |

(ബി) സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിക്ക് വിധേയമായി സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ ഒഴിവുകൾ താൽക്കാലികമായി നികത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം

130(1133) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ തൊഴിൽ സംരംഭങ്ങൾക്ക് മുൻകാലങ്ങളിൽ നൽകിവന്ന സബ്സിഡി ഇനത്തിൽ അനുവദിച്ച സാമ്പത്തിക സഹായം കഴിഞ്ഞ സർക്കാർ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബശ്രീ നടത്തിവന്ന സംഘകൃഷിക്ക് നൽകിവന്ന ഏരിയ പ്രൊഡക്റ്റീവ് ഇൻസെൻറ്റീവുകൾ പുനഃസ്ഥാപിക്കുമോ ;

(സി) ജൈവപച്ചക്കറി കൃഷി വ്യാപകമാക്കാൻ കുടുംബശ്രീ യൂണിറ്റുകൾ ഉപയോഗപ്പെടുത്താൻ സന്നദ്ധമാകുമോ?

### ഉത്തരം

(എ) ഇല്ല; ഫണ്ട് ലഭ്യതയനുസരിച്ച് കുടുംബശ്രീ സബ്സിഡി അനുവദിച്ച് വരുന്നുണ്ട്.

(ബി) കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകിവരുന്ന ഇൻസെന്റീവ് ഘടനയിൽ മാറ്റം വന്നിട്ടുണ്ട്. ഏരിയ ഇൻസെന്റീവ്, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന വേർതിരിവില്ലാത്ത ഒരു ഇൻസെന്റീവ് - 'കൃഷി ഇൻസെന്റീവ്' എന്നാക്കി മാറ്റിയിരിക്കുകയാണ്. ഫണ്ട് ലഭ്യതയനുസരിച്ച് അർഹതപ്പെട്ട സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീ ഈ ഇൻസെന്റീവ് നൽകുന്നതാണ്.

(സി) സന്നദ്ധമാണ്.

## കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്

131(1134) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് പഞ്ചായത്തുകൾ മാത്രമുള്ള കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരു നിയമസഭാ മണ്ഡലത്തിന് ഒരു ബ്ലോക്ക് പഞ്ചായത്ത് എന്ന പദ്ധതി നടപ്പാക്കാൻ പഠനം നടത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉണ്ട്. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണർ കൺവീനറായി കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ**

132(1135) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്ററന്റ് സെക്രട്ടറി തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

| ജില്ല | സെക്രട്ടറി തസ്തികയിലെ ഒഴിവുകളുടെ എണ്ണം | അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 11 | 1 |
| കൊല്ലം | 11 | ... |
| പത്തനംതിട്ട | 10 | 1 |
| ആലപ്പുഴ | 9 | 1 |
| കോട്ടയം | 18 | 6 |
| ഇടുക്കി | 9 | 3 |

| (1) | (2) | (3) |
|---|---|---|
| എറണാകുളം | 11 | 3 |
| തൃശ്ശൂർ | 25 | 5 |
| പാലക്കാട് | 14 | 6 |
| മലപ്പുറം | 22 | 11 |
| കോഴിക്കോട് | 10 | 8 |
| വയനാട് | 3 | 3 |
| കണ്ണൂർ | 15 | 7 |
| കാസർഗോഡ് | 12 | 7 |
| ആകെ | 180 | 62 |

(ബി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിൽ അന്തിമ തീരുമാനങ്ങൾക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികയിലെ ഒഴിവുകൾ നികത്താൻ തീരുമാനിച്ചിട്ടുണ്ട്.

**പഞ്ചായത്ത്, മുനിസിപ്പൽ, ഗ്രാമവികസന വകുപ്പുകളുടെ ഏകീകരണം**

133(1136) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത്, മുനിസിപ്പൽ, ഗ്രാമവികസന വകുപ്പുകളുടെ ഏകീകരണം ഇപ്പോൾ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതി നടപ്പാക്കുന്നതിലൂടെയുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ സർവ്വീസ് സീനിയോരിറ്റി അടക്കമുള്ള കാര്യങ്ങളെ പദ്ധതി പ്രതികൂലമായി ബാധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനു മുൻപായി സർവ്വീസ് സംഘടനകൾ, ജനപ്രതിനിധികൾ, മറ്റു ബന്ധപ്പെട്ടവർ എന്നിവരുമായി ഇക്കാര്യം ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ മെച്ചപ്പെടും. പദ്ധതിയുടെ ഏകോപനവും വിഭവസമാഹരണവും കാര്യക്ഷമമാകും. അധികാര വികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കപ്പെടും.

(സി&ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ അടിസ്ഥാന സൗകര്യ വികസനം**

134(1137) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നാളിതുവരെ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനു വേണ്ടി എത്ര തുക അനുവദിക്കുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്നതിന് മുൻപ് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലായിരുന്ന താലൂക്ക് ആശുപത്രിയുടെ പരിപാലന ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുനിസിപ്പാലിറ്റികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 29-3-2016-ലെ സ.ഉ.(സാധാ)നമ്പർ 3022/2016/ഫിൻ പ്രകാരം കൊട്ടാരക്കര നഗരസഭയ്ക്ക് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ താലൂക്ക് ആശുപത്രിയുടെ പരിപാലന ചുമതല മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിലെ ഒഴിവുകൾ**

135(1138) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു. ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്:

ഗ്രാമ പഞ്ചായത്ത്:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ഹെഡ് ക്ലാർക്ക് | 2 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ഫുൾടൈം സ്വീപ്പർ | 2 |

ബ്ലോക്ക് പഞ്ചായത്ത്

| | |
|---|---|
| ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.) | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 |

## പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെ നടപടി

136(1139) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്കും റബറും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവണത അന്തരീക്ഷ മലിനീകരണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്.

(സി) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നും പ്ലാസ്റ്റിക്കും റബ്ബറും ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കൂട്ടിയിട്ട് കത്തിക്കുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ട വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പൽ കോർപ്പറേഷനുകളും അഴുകാത്ത മാലിന്യങ്ങളെല്ലാം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്നതിനുവേണ്ട സംവിധാനമുണ്ടാക്കേണ്ടതും ആയവ റീ-സൈക്ലിംഗിനായി കൈമാറ്റം ചെയ്യുവാൻ വേണ്ട സംവിധാനം ചിട്ടപ്പെടുത്തേണ്ടതും അജൈവമാലിന്യം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവ് നടത്തി റീ-സൈക്ലിംഗ് ചെയ്യപ്പെടുന്നതിനുള്ള പശ്ചാത്തല സംവിധാനമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണെന്ന് 15-2-2016-ലെ നമ്പർ 82200/ഡി.സി.1/2014/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## ശുചിത്വ മിഷൻ

137(1140) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ എത്ര തദ്ദേശസ്ഥാപനങ്ങളിൽ മാലിന്യപ്ലാന്റ്, ശ്മശാനങ്ങൾ എന്നിവ നിർമ്മിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ; സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്ലാന്റ്, ശ്മശാനം എന്നിവ നിർമ്മിക്കുന്നതിന് ചെലവായ തുക സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ;

(സി) മേൽപ്രകാരം നിർമ്മിക്കപ്പെട്ട പ്ലാന്റുകളുടെയും ശ്മശാനങ്ങളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ മാലിന്യ പ്ലാന്റുകളൊന്നുംതന്നെ നിർമ്മിച്ചിരുന്നില്ല. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ മുനിസിപ്പാലിറ്റി, എറണാകുളം ജില്ലയിലെ മുക്കന്നൂർ, കുത്താട്ടുകുളം ഗ്രാമപഞ്ചായത്തുകൾ, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികാനുമതി ശുചിത്വ മിഷൻ മുഖേന നൽകിയിട്ടുണ്ട്.

(ബി&സി) പ്ലാന്റ് നിർമ്മാണത്തിന് മുൻവർഷ പ്രോജക്ടുകൾ പൂർത്തീകരണത്തിനായി 3,26,101 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്മശാനം നിർമ്മിക്കുന്നതിന് ചെലവായ തുക സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് വരുന്നു.

**കുറ്റിക്കോൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്**

138(1141) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്ത് ഭരണ സമിതിയിൽ എത്ര യു.ഡി.എഫ്. അംഗങ്ങളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അഞ്ച് സീറ്റുള്ള കോൺഗ്രസ്സ് അംഗങ്ങൾ ബി.ജെ.പി.-യുടെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത കോൺഗ്രസ്സ് അംഗങ്ങളെ അയോഗ്യരാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ടവരാരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പരാതി ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർനടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്ത് ഭരണസമിതിയിൽ താഴെപ്പറയുന്ന 5 യു.ഡി.എഫ്. അംഗങ്ങളുണ്ട്.

വാർഡ് 3- രാജേഷ് (ആർ.എസ്.പി.)

വാർഡ് 5- സെമീറ (ഐ.എൻ.സി.(ഐ.))

വാർഡ് 11-ലിസ്സി പി. ജെ. (ഐ.എൻ.സി.(ഐ.))

വാർഡ് 12-ജോസഫ് പാറത്തട്ടേൽ (ഐ.എൻ.സി.(ഐ.))

വാർഡ് 13-ശുഭ ലോഹിതാക്ഷൻ (ഐ.എൻ.സി.)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ഉൾപ്പെടെ മുഴുവൻ അംഗങ്ങളും ബി.ജെ.പി.-യുടെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തിട്ടുണ്ട്.

(സി) വിപ്പ് ലംഘിച്ച പരാതി ലഭ്യമായിട്ടില്ല.

(ഡി) ബാധകമല്ല.

**മുണ്ടംവേലിയിലെ മീൻ വളർത്തൽ കേന്ദ്രം**

139(1142) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശാല കൊച്ചി വികസന അതോറിറ്റി (G.C.D.A) 2016 മേയ് മാസം ഉദ്ഘാടനം ചെയ്ത മുണ്ടംവേലിയിലെ മീൻ വളർത്തൽ കേന്ദ്രത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചാണോ പ്രസ്തുത പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും അന്വേഷണ ഏജൻസി അന്വേഷണം നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ടിന് നാളിതുവരെ 4,64,00,000 രൂപ (നാല് കോടി അറുപത്തിനാല് ലക്ഷം രൂപ മാത്രം) (മത്സ്യക്കുഞ്ഞുങ്ങളുടെ വില, തീറ്റയുടെ വില ഉൾപ്പെടെ) ചെലവായിട്ടുണ്ട്.

(സി) നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്.

(ഡി) നിലവിൽ ഒരു ഏജൻസിയും അന്വേഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

140(1143) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പുകളുടെ ഏകീകരണംമൂലം നിലവിൽ വിവിധ വകുപ്പുകളിലൂടെയുള്ള വികേന്ദ്രീകൃത ഭരണ നിർവ്വഹണം കേന്ദ്രീകൃതമാക്കപ്പെടുമോ;

(സി) വകുപ്പുതല ഏകീകരണത്തിനു കമ്മിഷനെ നിയമിക്കുമോയെന്നും വകുപ്പുതല ഏകീകരണം എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) വകുപ്പുതല ഏകീകരണം സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുമായോ സർവ്വീസ് സംഘടനകളുമായോ ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വകുപ്പുതല ഏകീകരണത്തിലൂടെ നിലവിലുള്ള ഭരണ ചെലവിൽ കുറവ് ഉണ്ടാകുമോ; ഇല്ലെങ്കിൽ വർദ്ധന ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനു സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ; ആയതിന് 2012-ലെ പഞ്ചായത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരണ റിപ്പോർട്ട് പരിഗണിക്കുമോ; വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്ത് വകുപ്പിലെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കുമോ; വകുപ്പുതല ഏകീകരണത്തിലൂടെ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ബാധകമായ ജീവനക്കാർക്ക് നിലവിൽ ലഭിച്ചുവരുന്ന പ്രൊമോഷൻ ആനുകൂല്യങ്ങളിൽ കുറവ് വരുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ മെച്ചപ്പെടും. പദ്ധതിയുടെ ഏകോപനവും വിഭവസമാഹരണവും കാര്യക്ഷമമാകും. അധികാര വികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കപ്പെടും.

(ബി) ഇല്ല.

(സി-എഫ്) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം**

141(1144) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് സമയദൈർഘ്യം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ സമയദൈർഘ്യം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല

(സി) പരിഗണനയിലാണ്.

**പത്തനംതിട്ടയിലെ മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ്**

142(1145) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ പണി കഴിപ്പിച്ച മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ് ജീർണ്ണാവസ്ഥയിലായതുമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാം നിലയിലെ കടകൾ ഭൂരിഭാഗവും ലേലത്തിൽ പോയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്ന് മുനിസിപ്പൽ ബസ് സ്റ്റാന്റ് നവീകരണത്തിന് ധനസഹായം തേടിയിട്ടുണ്ടോ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. നിരവധി തവണ ലേലം നടത്തിയിട്ടും ഡിമാന്റ് ഇല്ലാത്തതിനാൽ കടമുറികൾ ഭൂരിഭാഗവും നാളിതുവരെ ലേലത്തിൽ പോയിട്ടില്ല.

(സി) ഉണ്ട്. നഗരസഭ കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്ന് 4½ കോടിയോളം രൂപ വായ്പ എടുത്താണ് ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത്. കൂടാതെ, ബസ് സ്റ്റാന്റിലെ യാഡ് നവീകരണത്തിനായി മിതമായ പലിശ നിരക്കിൽ നബാർഡിൽനിന്നും വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പഞ്ചായത്തുകളിലെ താൽക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി**

143(1146) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ 10 വർഷം സർവ്വീസുള്ള എത്ര ഡ്രൈവർമാരാണ് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത് എന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ എത്ര പേരെ ഇത്തരത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 89 പേരാണ് ജോലി ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | ... |
| കൊല്ലം | 8 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 2 |
| ഇടുക്കി | 11 |
| കോട്ടയം | 4 |
| എറണാകുളം | 5 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 12 |
| മലപ്പുറം | 5 |
| കോഴിക്കോട് | 6 |
| വയനാട് | 3 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 10 |
| ആകെ | 89 |

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നിലവിൽ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

**പഞ്ചായത്തുകളിൽ നെറ്റ് കണക്ടിവിറ്റി ലഭിക്കുന്നതിനുള്ള പദ്ധതികൾ**

144(1147) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി ലഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ഒ.എഫ്.സി. കണക്ടിവിറ്റി ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്രസർക്കാർ 2011-ൽ എൻ.ഒ.എഫ്.എൻ. പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിൽ എൻ.ഒ.എഫ്.എൻ. വഴി 977 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഒ.എഫ്.സി. കണക്ടിവിറ്റി പൂർത്തിയായിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ എൻ.ഒ.എഫ്.എൻ. പദ്ധതിയിലൂടെ ഗ്രാമീണ പ്രദേശങ്ങൾ നേരിടുന്ന നെറ്റ്വർക്ക് കണക്ടിവിറ്റി അപര്യാപ്തത പരിഹരിക്കാനാകും. ഇതുവഴി സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനും സാധിക്കും.

(സി) എൻ.ഒ.എഫ്.എൻ. പദ്ധതിക്കുവേണ്ടി ഒ.എഫ്.സി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുവാൻ വേണ്ടി സർക്കാർ ROW (Right of Way) അനുമതി നൽകിയിട്ടുണ്ട്. എൻ.ഒ.എഫ്.എൻ. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുടെ യോഗം വിളിക്കുകയും വേണ്ട ഏകോപനം നടത്തുകയും ചെയ്തിട്ടുണ്ട്. എൻ.ഒ.എഫ്.എൻ. ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തുകളിൽ ഹൈസ്പീഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വഴി നടപ്പിലാക്കിവരുന്നു. ഇതിലേക്കായി അതാത് പഞ്ചായത്തുകൾ എഫ്.ടി.ടി.എച്ച്. കണക്ടിവിറ്റി

ബി.എസ്.എൻ.എൽ. വഴി ലഭ്യമാക്കിയും വരുന്നു. എൻ.ഒ.എഫ്.എൻ. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എല്ലാ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിലും 50 സ്ക്വയർഫീറ്റ് സ്ഥലവും 200W പവറും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ബി.ബി.എൻ.എൽ. അധികൃതർക്ക് സൗജന്യമായി ലഭ്യമാക്കാൻ എല്ലാ സെക്രട്ടറിമാർക്കും സർക്കാർ നിർദ്ദേശം നൽകിയതുപ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതിക്കാവശ്യമുള്ള ഉപകരണങ്ങൾ ബി.ബി.എൻ.എൽ. സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും കണക്ടിവിറ്റി എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശവും നൽകിയിട്ടുണ്ട്.

**പൊതുശ്മശാനങ്ങൾ നിർമ്മിക്കാൻ നടപടി**

145(1148) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പൊതു ശ്മശാനം നിർമ്മിക്കാൻ നിലവിൽ എന്തെല്ലാം സർക്കാർ സഹായവും, സംവിധാനങ്ങളുമാണ് ഉള്ളത് എന്നത് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ശ്മശാനം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകി വരുന്നു. ഇതിലേക്കുള്ള ധനസഹായത്തിനായി ഗ്രാമപഞ്ചായത്തുകളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2016-17 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. നഗരസഭകൾക്ക് ശ്മശാന നിർമ്മാണ ധനസഹായത്തിന് 2016-17-ൽ 10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പുമാണ് പൊതുശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വൈദ്യുതി ശ്മശാനങ്ങളും വാതക ഇന്ധനം ഉപയോഗിച്ചുള്ള ശ്മശാനങ്ങളുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മൃതദേഹങ്ങൾ ശാസ്ത്രീയമായി മലിനീകരണമുണ്ടാകാത്ത രീതിയിൽ ദഹിപ്പിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും. പൊതു ശ്മശാനം നിലവിലില്ലാത്ത നഗരസഭകളിലും ഈ വിഷയത്തിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ പ്രകാരം 47 മുനിസിപ്പിലാറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 52 പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതിയായ 'നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം' പദ്ധതിയിൽപ്പെടുത്തി നഗരസഭകൾക്ക് ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം ഇതിനായി 10 കോടിരൂപ ബഡ്ജറ്റിൽ 4217-05-800-79 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതിക്കാർക്ക് നൽകിവരുന്ന വീട് വയ്ക്കുന്നതിനുള്ള ധനസഹായവും വീട്ടുകരം വർദ്ധനവും

146(1149) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.സി/എസ്.റ്റി കോർപ്പറേഷനിൽ നിന്നും പട്ടികജാതിക്കാർക്ക് നൽകി വരുന്ന വീട്ടു വയ്ക്കുന്നതിനുള്ള ധനസഹായത്തിലെ തുകയിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിക്കാർക്ക് വീട്ടു വയ്ക്കുന്നതിന് ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വീട്ടുകരം വർദ്ധിപ്പിക്കുന്നത് 250 സ്ക്വയർ മീറ്റർ വരെയുള്ള നിലവിലുള്ള കെട്ടിടങ്ങളെ വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതിനും നിലവിലുള്ള കരം തുടരുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ 185 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. 250 സ്ക്വയർ മീറ്റർ വരെയുള്ള നിലവിലുള്ള കെട്ടിടങ്ങളെ വർദ്ധനവിൽനിന്നും ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ വകുപ്പിൽ വകുപ്പുതല സംയോജനം**

147(1150) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണവകുപ്പിൽ വകുപ്പുതല സംയോജനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പിൽ വകുപ്പുതല സംയോജനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. എന്നാൽ വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

**പി.എം.ജി.എസ്.വൈ. നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ**

148(1151) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-ൽ UDF ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പി.എം.ജി.എസ്.വൈ. നടപ്പാക്കാൻ എന്തെല്ലാം സാങ്കേതിക തടസ്സങ്ങളാണ് ഉണ്ടായിരുന്നത്; വിശദമാക്കാമോ;

(ബി) ഈ സാങ്കേതിക തടസ്സങ്ങൾ നീക്കി മുടങ്ങിക്കിടന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടത്; വിശദമാക്കുമോ;

(സി) 2011-2016 കാലഘട്ടത്തിൽ പി.എം.ജി.എസ് വൈ. അനുസരിച്ച് എന്തെല്ലാം ഭൗതിക നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നില്ല.

(ബി) ബാധകമല്ല.

(സി) ഈ പദ്ധതി അനുസരിച്ച് 2011-16 കാലഘട്ടത്തിൽ 1282 കിലോമീറ്റർ ദൈർഘ്യം വരുന്ന 491 റോഡുകൾ പൂർത്തീകരിച്ചു.

(ഡി) മീറ്റിംഗുകൾ വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തിയത് മുടങ്ങിക്കിടന്ന പ്രവൃത്തികൾ പലതും പൂർത്തീകരിക്കുന്നതിന് സഹായകരമായി. കൂടാതെ കരാറുകാർക്ക് സർക്കാർ ടെണ്ടർ എക്സസ്സ് അനുവദിച്ചു.

**ഇന്ദിര ആവാസ് യോജന**

149(1152) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ പണി പൂർത്തിയാക്കിയെന്നും ഇതിനായി ചെലവായ തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2011-2016 ഭരണകാലത്ത് പൊതുവിഭാഗത്തിനും എസ്സി./എസ്ടി. വിഭാഗത്തിനും ഭവന നിർമ്മാണത്തിനായി സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന പദ്ധതിയിലൂടെ ആകെ 247493 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിയനുസരിച്ച് 183834 വീടുകൾ പൂർത്തിയാക്കുകയും അതിനായി 122013.04 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 2-1-2012-ലെ സ.ഉ.(കൈ) നമ്പർ 2/2012/ത.സ്വ.ഭ.വ., 16-3-2012-ലെ സ.ഉ.(കൈ) നമ്പർ 68/2012/ത.സ്വ.ഭ.വ., 23-6-2015-ലെ സ.ഉ. (സാധാ) നമ്പർ 1010/15/പ.ജ.പ.വ.വി.വ., 17-7-2015-ലെ സ.ഉ.(സാധാ) നമ്പർ 2174/15/ത.സ്വ.ഭ.വ. എന്നിവ പ്രകാരം ഭവന നിർമ്മാണത്തിനുള്ള സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ധനസഹായക്രമം താഴെപ്പറയും പ്രകാരമാണ്.

1. പൊതുവിഭാഗം-2.00 ലക്ഷം
2. പട്ടികജാതി വിഭാഗം- 3.00 ലക്ഷം
3. പട്ടികവർഗ്ഗ വിഭാഗം-3.50 ലക്ഷം

ഇതേസമയം തുക വർദ്ധിപ്പിച്ചതുമൂലം 161.88 കോടിരൂപ 32,376 ഗുണഭോക്താക്കൾക്ക് ഇനിയും നൽകാനുണ്ട്.

**ഗ്രാമീണ മേഖലയുടെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ നടപടി**

150(1153) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയുടെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നൂതന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെറുകിട നിർമ്മാണ യൂണിറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമീണ മേഖലയുടെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നു.

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം. ജി. എൻ. ആർ. ഇ.ജി.എസ്.)

(2) പ്രൈം മിനിസ്റ്റർ ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ.) (ജി)

(3) പ്രൈം മിനിസ്റ്റർ കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)

(4) പ്രധാൻ മന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.)

(5) നാഷണൽ അർബൻ മിഷൻ (എൻ.ആർ.യു.എം.)

(6) മഹിളാ കിസാൻ ശാക്തീകരൺ പരിയോജന (കൺസോർഷ്യം ഓഫ് പാലക്കാട്, മലപ്പുറം, തൃശ്ശൂർ ഡിസ്ട്രിക്ട് പഞ്ചായത്ത്) എം.കെ.എസ്.പി. (കൺസോർഷ്യം)

കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലകളിലും മൃഗസംരക്ഷണ മേഖലയിലും ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ ഗ്രാമീണ മേഖലയുടെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതുകൂടാതെ കുടുംബശ്രീ സംരംഭങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും ഗ്രാമീണ സമ്പദ്ഘടനയുടെ ഉന്നമനം ലക്ഷ്യമിട്ടിട്ടുള്ളതാണ്.

(ബി&സി) പരിഗണനയിലുണ്ട്.

**കൂടുതൽ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതി**

151(1154) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലിനെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്താൻ പുതിയ പദ്ധതി ആവിഷ്കരിക്കുമോ;

(ബി) നാമമാത്ര കർഷകരുടെ ഭൂമിയിലും ക്ഷീരകർഷകരുടെ മേഖലയിലും തൊഴിലുറപ്പ് പണികൾ വ്യാപിപ്പിക്കുന്നത് പരിഗണിക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ കൂലിയിൽ കാലാനുസൃതമായ വർദ്ധനവ് നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ൽ അനുശാസിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഒരു സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആകെ ചെലവിന്റെ ഏറ്റവും കുറഞ്ഞത് 60 ശതമാനമെങ്കിലും കൃഷി അനുബന്ധ മേഖലകളിലെ ഉൽപ്പാദന ക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണെന്ന്

കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 90 ശതമാനത്തിൽ കുറയാത്ത തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ പ്രസ്തുത മേഖലയിലാണ് ഏറ്റെടുത്ത് വരുന്നത്. ഇതോടൊപ്പം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ പ്രാദേശിക പദ്ധതികൾ എന്നിവയുമായി സമന്വയിപ്പിച്ച് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ കാർഷിക മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിന് ഇതിനോടകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5 പ്രകാരം ദുർബ്ബല ജനവിഭാഗങ്ങളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട വികസന പ്രവൃത്തികൾക്കാണ് മുൻഗണന നൽകുന്നത്. പ്രസ്തുത വിഭാഗത്തിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ച ശേഷം മാത്രമേ 2008-ലെ കാർഷിക കടാശ്വാസ പദ്ധതിപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. ഈ നിർദ്ദേശമനുസരിച്ച് ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉതകുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റെടുത്തുവരുന്നു. എന്നാൽ ക്ഷീര കർഷകരുടെ മേഖലയിലെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതിന് സംസ്ഥാന സർക്കാർ പലതവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ച് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. 1-4-2016 മുതൽ സംസ്ഥാനത്തെ കൂലി നിരക്ക് 240 രൂപയായി തീരുമാനിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

152(1155) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നിർമ്മാണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമെന്നും അവയിൽ നിർമ്മാണം പൂർത്തിയായവ ഏതൊക്കെയെന്നും പണികൾ നടന്നുകൊണ്ടിരിക്കുന്നവയും പണി ഇതുവരെ ആരംഭിക്കാൻ കഴിയാത്തവയും ഏതെല്ലാമാണെന്നും , ഓരോ റോഡിനും എത്ര രൂപ വീതം ചെലവഴിച്ചുവെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാമനപുരം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി പരിഗണനയിലുള്ള റോഡുകൾ:

| ക്രമ നമ്പർ | റോഡിന്റെ പേര് | ബ്ലോക്ക് | പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കൊച്ചാറ്റുകാൽ-ആറ്റുകാൽ-നെടുമ്പ-തേക്കിൻമൂട്-പനയമുട്ടം-പൂവക്കാട്-വയ്യക്കാവ് റോഡ് | നെടുമങ്ങാട് | 501.27 |
| 2 | തൈക്കാട്-സമന്വയ-മൂലയം-പാകിസ്ഥാൻമുക്ക്-മുക്കുന്നൂർ-ദീപാനഗർ-കോട്ടുകുന്നം-അമ്പലമുക്ക് റോഡ് | വാമനപുരം | 928.62 |

## പത്തനംതിട്ട ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

153(1156) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷം പത്തനംതിട്ട ജില്ലയിൽ നടപ്പാക്കിയ റോഡ് വികസന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതികളുടെ പേരും തുകയും ബ്ലോക്കും തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഇനിയും ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കാനായി ഉള്ളത്; ഇവ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(സി) ഇങ്ങനെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന റോഡ് വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിൽ അധിക തുക ആവശ്യമുള്ളവയ്ക്ക് അധിക തുക അനുദിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

154(1157) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പു പദ്ധതി നടപ്പാക്കുന്നതിൽ മുൻ ഗവൺമെന്റ് എന്തെല്ലാം ഭൗതിക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 2011-2016-ലെ സർക്കാർ എത്ര കോടി രൂപയാണ് മുൻ എൽ.ഡി.എഫ്. സർക്കാരിനെക്കാൾ പദ്ധതിയനുസരിച്ച് കൂടുതൽ ചെലവഴിച്ചത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കാണ് മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇളവ് നൽകിയത്; വിശദമാക്കുമോ;

(ഡി) പ്രതിവർഷം ശരാശരി എത്ര ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ നൽകിയത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2011-2016 വരെയുള്ള 5 വർഷക്കാലം, തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചിലവ് 689732.58 ലക്ഷം രൂപയാണ്. 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ 150797.78 ലക്ഷം രൂപ പദ്ധതിയിൽ വിനിയോഗിച്ചിട്ടുണ്ട്. (2006-07 സാമ്പത്തിക വർഷം സംസ്ഥാനത്ത് വയനാട്, പാലക്കാട് ജില്ലകളിൽ മാത്രമാണ് പദ്ധതി നിർവ്വഹണം നടത്തിയിരുന്നത്. 2007-08-ൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽക്കൂടി പദ്ധതി വ്യാപിപ്പിച്ചു. 2008-09 മുതലാണ് ശേഷിച്ച 10 ജില്ലകൾക്കൂടി മഹാത്മാഗാന്ധി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിധിയിൽ വന്നത്.) 2006-2011 കാലയളവിൽ കൂലി നിരക്ക് പ്രതിദിനം 125 രൂപയായിരുന്നു. 2011-12 മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ കൂലി വർദ്ധിപ്പിക്കുകയും ഇപ്പോൾ കൂലി നിരക്ക് 240 രൂപയും ആയിട്ടുണ്ട്.

(സി) 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെയും കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന നിയമത്തിലെ പട്ടികകളുടെയും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിലെയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാന സർക്കാർ നടത്തിയ അഭ്യർത്ഥനയുടെ ഫലമായി പദ്ധതിയിലെ പ്രവൃത്തിസമയം, പ്രതിദിനം നിർവ്വഹിക്കേണ്ട പ്രവൃത്തിയുടെ അളവിൽ കുറവ് വരാത്ത രീതിയിൽ ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂറായി ക്രമീകരിക്കുന്നതിന് കഴിഞ്ഞു. ഇതോടൊപ്പം ഒരു ഗ്രാമ പഞ്ചായത്തിൽ കൃഷിഭൂമിയും മറ്റ് പഞ്ചായത്തിൽ താമസക്കാരുമായ ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങൾക്ക് പ്രസ്തുത പഞ്ചായത്തിലെ തൊഴിൽ കാർഡ് ഉപയോഗിച്ച് ഭൂമിയുള്ള ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പണിയിൽ ഏർപ്പെടുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം ആരംഭിച്ച 2008-09 മുതൽ 2015-16 വരെയുള്ള കാലയളവിൽ പ്രതിവർഷം ശരാശരി 1035266 കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകിയിട്ടുണ്ട്. ഓരോ വർഷവും തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| സൂചകം | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|---|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 692015 | 956790 | 1184856 | 1416441 | 1693287 | 1523812 | 1379794 | 1505664 |

## പഞ്ചായത്തുകളിലെ ജോലിക്രമീകരണ വ്യവസ്ഥ

155(1158) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായും പഞ്ചായത്തുകളിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായും നോൺഗസറ്റഡ് ജീവനക്കാർക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ ഫുൾടൈം

കോ-ഓർഡിനേറ്റർമാരായി നിയമനം നൽകിയിരുന്നോ; ഇത്തരം നിയമനം നിർത്തിവയ്ക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഈ നിർദ്ദേശം പിൻവലിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്തു വന്നിരുന്ന സർക്കാർ ജീവനക്കാർക്ക് തുടർച്ച അനുമതി നൽകേണ്ടതില്ലായെന്ന നിർദ്ദേശം പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ച ആദ്യ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി നോൺ ഗസറ്റഡ് ജീവനക്കാരെ അനിവാര്യമായ സന്ദർഭങ്ങളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ പദ്ധതിയുടെ ഫുൾടൈം-കോർഡിനേറ്റർമാരായി നിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ അനുവാദം നൽകിയിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ പഞ്ചായത്തുകളിൽ ഏർപ്പെടുത്തുകയും നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭരണച്ചെലവിൽ ഉൾപ്പെടുത്തി മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഫുൾടൈം-കോർഡിനേറ്റർമാരെ പ്രവൃത്തി ക്രമീകരണവ്യവസ്ഥയിൽ നിയോഗിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**നഗരസഭ മാസ്റ്റർപ്ലാൻ**

156(1159) <u>ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ആരംഭിക്കുമോ;

(ബി) കോട്ടക്കൽ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക മാസ്റ്റർപ്ലാൻ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടക്കൽ നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. വളാഞ്ചേരി നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടില്ല.

**വിശാല കൊച്ചി വികസന ഏജൻസിയുടെ ഭൂമി വിൽപ്പന**

157(1160) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശാല കൊച്ചി വികസന ഏജൻസി (ജി.സി.ഡി.എ.) 2011-2016 കാലയളവിൽ അവരുടെ ഭൂമി വിൽപന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിൽപ്പനകളെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്നിട്ടുണ്ടോ;

(സി) സമീപനാളിൽ ജി.സി.ഡി.എ., പനമ്പിള്ളി നഗറിൽ സ്വകാര്യ ഏജൻസിക്ക് ഭൂമി വിൽപനയ്ക്ക് തയ്യാറായത് എന്തു വിലയ്ക്കാണ്;

(ഡി) പ്രസ്തുത പ്രദേശത്ത് നിലവിൽ ഭൂമിക്ക് എന്തു വിലയുണ്ട് എന്നറിയാമോ ;

(ഇ) ഭൂമി വിൽപ്പന സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തയ്യാറാക്കിയ പ്രവർത്തനാവലോകന റിപ്പോർട്ടിൽ സർക്കാർ അനുമതി വാങ്ങാതെ അനധികൃതമായും പ്രദേശവാസികളോട് അന്വേഷിച്ചപ്പോൾ അറിഞ്ഞ മാർക്കറ്റ് വിലയേക്കാളും കുറഞ്ഞ നിരക്കിലുമാണ് വിൽപ്പന നടത്തിയതെന്നും ആയതിലൂടെ വലിയ നഷ്ടം സംഭവിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പനമ്പിള്ളിനഗർ പാസ്പോർട്ട് ഓഫിസിന് സമീപത്തായി പ്രധാന റോഡിൽനിന്നും മാറി ടി. പി. കനാലിന് ചേർന്നുള്ളതുമായ 20 സെന്റ് സ്ഥലം സെന്റിന് 15,30,000 രൂപ എന്ന വിലയ്ക്ക് 25-08-2014-ൽ പരസ്യലേലത്തിലൂടെ വിൽപ്പന നടത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രദേശത്തെ നിലവിലെ ഫെയർ വാല്യൂ ഒരു സെന്റിന് 14,53,846 രൂപയാണ്.

(ഇ) ഇല്ല.

## ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം

158(1161) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഏകോപനമില്ലാത്തതിനാൽ പ്രാദേശികാസൂത്രണം അവതാളത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക ആസൂത്രണം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ആസൂത്രണ സമിതികൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ജില്ലാ ആസൂത്രണ സമിതികളെ പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദീകരിയ്ക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. പ്രവർത്തനം തൃപ്തികരമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ജില്ലാ ആസൂത്രണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) സ.ഉ.(സാധാ)നമ്പർ 1962/16/ത.സ്വ.ഭ.വ. പ്രകാരം ജില്ലാ ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും നഗരസഭകളിലെ പ്രതിനിധികളുടെയും തിരഞ്ഞെടുപ്പിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

## അനധികൃത കെട്ടിടനിർമ്മാണം

159 (1162) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അനധികൃത കെട്ടിടനിർമ്മാണങ്ങൾ വ്യാപകമായിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഗര കേന്ദ്രങ്ങളിലും പ്രധാന റോഡരികിലുമായി 2011-മുതൽ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(സി) അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടിയെടുക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമം അനുശാസിക്കുന്ന കർശന നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 148 പ്രകാരം നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 148(2) പ്രകാരം ജില്ലയിൽ ആധികാരികതയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ജില്ലയിൽ ആധികാരികതയുള്ള കൺട്രിപ്ലാനിംഗ് വകുപ്പിലെ ടൗൺ പ്ലാനറും (കൺവീനറും) ബന്ധപ്പെട്ട പഞ്ചായത്തിന്റെ സെക്രട്ടറിയും കാലാകാലങ്ങളിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥനും അല്ലെങ്കിൽ ഉദ്യോഗസ്ഥരും സ്ക്വാഡായി രൂപീകൃതമാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ സ്ക്വാഡിലെ അംഗമായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വിജിലൻസ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

**അനധികൃത കെട്ടിടനിർമ്മാണം**

160(1163) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സെല്ലിൽ ശ്രീ. ആദിഷ് ഹരിദാസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും 7-12-2012-ൽ നൽകിയ പെർമിറ്റ് നമ്പർ ZAE/13A/282-A/12 പ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ ചീഫ് ടൗൺപ്ലാനറുടെ (വിജിലൻസ്) 300/15 നമ്പർ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള ചട്ടലംഘനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ചട്ടലംഘനം നടത്തിയ കുറ്റക്കാർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കുമോ;

(ബി) ചീഫ് ടൗൺപ്ലാനർ (വിജിലൻസ്)-ന്റെ 300/15 നമ്പർ റിപ്പോർട്ടിന്റെ പകർപ്പും, നഗരസഭയുടെ 20-2-2015-ലെ ZAE/6612/14 നമ്പർ കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) തദ്ദേശസ്വയംഭരണം (ആർഎ.) വകുപ്പ് സെക്രട്ടറിയുടെ 16-7-2015-ലെ 66743/ആർ.എ.2/2014/ത.സ്വ.ഭ.വ, നമ്പർ കത്തുപ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സഹിതം ഒരാഴ്ചയ്ക്കകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തിൻമേൽ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ഒരാഴ്ചയ്ക്കകം (22-7-2015-ന് മുൻപ്) സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) അപേക്ഷകൻ കെട്ടിടനിർമ്മാണത്തിനായി ആറ്റിപ്ര വില്ലേജ് Sy.No.362/10-ൽ ഉൾപ്പെട്ട 3 ആർ സ്ഥലത്തിന്റെ ഒറിജിനൽ ആധാരം ഹാജരാക്കിയാണോ അപേക്ഷ നൽകിയതെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി കെട്ടിടത്തിന് റ്റി.സി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ പലയിടത്തും അനധികൃത കെട്ടിടനിർമ്മാണം നടക്കുന്നതിനാൽ ചട്ടലംഘനം നടത്തിയതായി കണ്ടെത്തിയ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് എതിരെ മറ്റുള്ളവർക്ക് മാതൃകയായി കർശന നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) 21-7-2015-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4163 - ന് നൽകിയ മറുപടിയിൽ പറഞ്ഞിരുന്ന പ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആറ്റിപ്ര സോണൽ ഓഫീസിൽനിന്നും 7-12-2012-ൽ നൽകിയ പെർമിറ്റ് നമ്പർ ZAE/13A/282-A/12 പ്രകാരം നിർമ്മിച്ച കെട്ടിടം സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സർക്കാരിന് നൽകിയ 300/15-ാം നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പെർമിറ്റ് നൽകിയിട്ടുള്ള ഉദ്യോഗസ്ഥർക്കും ലൈസൻസിക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി, വിശദീകരണം വാങ്ങി, തുടർ നടപടികൾ തിരുവനന്തപുരം നഗരസഭ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് കെ.എം.ആക്ട് 242 പ്രകാരം

അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള അസസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിനോട് ചേർന്ന് കിടക്കുന്ന 1.02 ആർ സ്ഥലം വാങ്ങിച്ചേർത്ത് കെ.എം.ബി.ആർ.-ന് വിധേയമാക്കിയതിനാൽ നിർമ്മാണം ക്രമവത്കരിച്ച് റ്റി.സി. നമ്പർ നൽകിയിട്ടുണ്ട്.

(ബി) അനുബന്ധം I ആയി ചേർക്കുന്നു.*

(സി) ഇല്ല. ഈ വിഷയം കൈകാര്യം ചെയ്തിരുന്ന തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർ സ്ഥലം മാറി പോയതുകൊണ്ടാണ് വിശദീകരണം ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാൻ സാധിക്കാത്തത്.

(ഡി-എഫ്) ഒറിജിനൽ ആധാരം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം നഗരസഭ പെർമിറ്റ് നൽകിയത്. കെട്ടിടത്തിനോട് ചേർന്ന് കിടക്കുന്ന 1.02 ആർ സ്ഥലം വാങ്ങിച്ചേർത്ത് നിർമ്മാണം കെ.എം.ബി.ആർ.-ന് വിധേയമാക്കിയതിനാലാണ് തിരുവനന്തപുരം നഗരസഭ നിർമ്മാണം ക്രമവത്കരിച്ച് റ്റി.സി. നമ്പർ നൽകിയിട്ടുള്ളത്. (ആധാരത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.)*

## വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-2016 വരെയുള്ള പ്രവർത്തനങ്ങൾ

161(1164) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-2016 വരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ചരിത്ര പ്രസിദ്ധമായ രാജേന്ദ്ര മൈതാനത്തിൽ സ്ഥാപിച്ച ലേസർ ഷോ പദ്ധതി സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്ന് വന്നിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ച് കരാർ നല്കിയിരുന്നോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾ ആയതിലേക്ക് ടെണ്ടർ നല്കി;

(ഇ) മറ്റെവിടെയെങ്കിലും ഇത്തരം പദ്ധതി സമീപ നാളുകളിൽ ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ ചെലവും ജി.സി.ഡി.എ-യുടെ നിർമ്മാണച്ചെലവും താരതമ്യം ചെയ്യാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മറൈൻ ഡ്രൈവ് വാക്ക് വേ രണ്ടാം ഘട്ടം, ബണ്ട് റോഡ് ഒന്നാം ഘട്ടം, രാജേന്ദ്ര മൈതാനിയിൽ മഴവിൽ അഴക് മൾട്ടിമീഡിയ ലേസർ ഷോ, കടവന്ത്ര മാർക്കറ്റ് പാലം, കലൂർ മാർക്കറ്റ് പാലം, രാമേശ്വരത്ത് 48 കുടുംബങ്ങൾക്ക് ഭവന പദ്ധതി, കാക്കനാട് സ്റ്റുഡിയോ അപ്പാർട്ടുമെന്റ്, സൗത്ത് റെയിൽവേസ്റ്റേഷനിൽ ഈസ്റ്റേൺ എൻട്രി, കെട്ടിടത്തിനുമുമ്പിലും പാർക്ക് ഏരിയയും ഇന്റർലോക്ക് പാകൽ, അംബേദ്കർ റോഡ്, കോടേക്കനാൽ റോഡ്, റെയിൽവേസ്റ്റേഷനു സമീപം 6 ഫ്ലാറ്റുകളുടെ സമുച്ചയം, ജി.സി.ഡി.എ. ഓഫീസിൽ അനക്സ് കെട്ടിടം, ഓഫീസ് നവീകരണം എന്നിവ എടുത്തുപറയാവുന്ന പദ്ധതികളാണ്. രാമേശ്വരത്ത് നഗരാസൂത്രണ പദ്ധതിക്കുവേണ്ടി 1970-കളിൽ പൊന്നുംവിലയ്ക്കെടുത്ത സ്ഥലം വെള്ളക്കെട്ട് നിറഞ്ഞ് നഗരമാലിന്യങ്ങളുടെ നിക്ഷേപ സ്ഥലമായി കിടന്നിരുന്നത് വികസിപ്പിക്കുന്നതിനുവേണ്ടി ഇക്കോ-ഫിഷ് ഫാം എന്ന പ്രോജക്ട് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കിവരുന്നു. നഗരപ്രദേശത്തെ പരിമിതമായസ്ഥലം ഫലവത്തായി വിനിയോഗിച്ച് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടാമെന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ജി.സി.ഡി.എ. ഓഫീസിനുമുമ്പിലുള്ള പൂന്തോട്ടത്തിൽ, പൂന്തോട്ടത്തിന്റെ സൗന്ദര്യം നഷ്ടപ്പെടാതെ വിവിധയിനം പച്ചക്കറികൾ നട്ട് നല്ല വിളവെടുപ്പ് നടത്തി മറ്റുള്ളവർക്ക് കൃഷിയിലേക്ക് ഒരു പ്രചോദനമായിട്ടുണ്ട്. കലവൂർ-കടവന്ത്ര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, കലൂർ മാർക്കറ്റ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ പൂർത്തിയായി വരുന്നു. കോട്ടുവള്ളി പഞ്ചായത്തിനുവേണ്ടി നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന് മുകളിൽ ഒരു നില ഓഡിറ്റോറിയവും കടകളും പൂർത്തിയായിവരുന്നു.

(ബി) രാജേന്ദ്ര മൈതാനത്തിലെ ലേസർ ഷോ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും നിലവിലുള്ളതായി അറിയില്ല. പദ്ധതിക്കെതിരെ മുമ്പുണ്ടായ എതിർപ്പുകൾ പരിഹരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) മെ. ലേസർ ടെക്, ബംഗ്ലൂർ എന്ന ഏക സ്ഥാപനമാണ് സാധുവായ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഇത്തരം പദ്ധതി സമീപനാളുകളിൽ മറ്റെങ്ങും ആരംഭിച്ചതായി ശ്രദ്ധയിൽ വന്നിട്ടില്ല.

## കേരള സ്റ്റേറ്റ് മൈനോറിറ്റി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ആനുകൂല്യങ്ങൾ

162(1165) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മൈനോറിറ്റി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണ്; പ്രസ്തുത തസ്തികയിൽ സ്ഥിരം നിയമനമാണോ നൽകിയിട്ടുള്ളത്; ഡെപ്യൂട്ടേഷൻ നിയമനമാണെങ്കിൽ അദ്ദേഹത്തിന്റെ മാതൃവകുപ്പ് ഏതാണ്; മാതൃവകുപ്പിൽ നിന്നും ലഭിച്ചിരുന്നതിനേക്കാൾ അധികമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇദ്ദേഹത്തിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) ടി.എ., ഡി.എ., ഇനത്തിൽ അദ്ദേഹം ഇതുവരെയായി കൈപ്പറ്റിയ തുക മാസംതോറും എത്രവീതമാണെന്ന് വിശദമാക്കാമോ; വീട്ടുവാടകയിനത്തിൽ തുക ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ മാസംതോറും എത്ര രൂപ വീതമാണ് നൽകി വരുന്നത്;

(സി) അദ്ദേഹത്തിന്റെ ഉപയോഗത്തിന് വാഹനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഡ്രൈവറെ നിയമിച്ചത് ആരാണ്; പ്രസ്തുത ഡ്രൈവർക്ക് മാസംതോറും നൽകിവരുന്ന വേതനം എത്ര രൂപ വീതമാണ്;

(ഡി) എത്ര കാലത്തേക്കാണ് പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകിയിട്ടുള്ളത്; ആയതിന്റെ കാലാവധി ഏതുതീയതിയിലാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഹമ്മദ് ഹനീഫ പെരിഞ്ചീരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ; മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്; പ്രസ്തുത തസ്തികയിലേക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല; സ്ഥിരനിയമനമല്ല; ഡെപ്യൂട്ടേഷൻ നിയമനം; മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്; മാതൃ വകുപ്പിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ മാത്രമേ നൽകുന്നുള്ളൂ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. ഡയറക്ടർ ബോർഡ്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, മാസ വേതനം 15,000 രൂപ.

(ഡി) നിയമനം രണ്ട് വർഷത്തേക്കാണ്. കാലാവധി 9-12-2017.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മുസ്ലീം യുവജനങ്ങൾക്കായുള്ള തൊഴിൽ-വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ**

163(1166) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം യുവജനങ്ങൾക്കായി എത്ര തൊഴിൽ-വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; ഇതിൽ ഏതെങ്കിലും നിർത്തൽ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള പുതിയ കേന്ദ്രങ്ങൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഈ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ആയത് ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം, ബസ് സ്റ്റാന്റ് ടെർമിനൽ, ചെർക്കള, ചെങ്കള പോസ്റ്റ്, കാസർഗോഡ്. നിലവിൽ ടി കേന്ദ്രം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**ന്യൂനപക്ഷ ക്ഷേമം**

164(1167) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയും 1-7-2011 മുതൽ 31-3-2016 വരെയും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. പാലോളി കമ്മിറ്റി ശിപാർശകൾ പൂർണ്ണമായും നടപ്പാക്കും.
2. വഖഫ് ബോർഡിനും ഹജ്ജ് കമ്മിറ്റിക്കുമുള്ള ഗ്രാന്റ് വർദ്ധിപ്പിക്കും.
3. സർവ്വേയിലൂടെ വഖഫ് സ്വത്തുകൾ തിട്ടപ്പെടുത്തും. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കും.
4. വഖഫ് സ്വത്തുക്കൾ വരുമാനദായകമായ രീതിയിൽ വിനിയോഗിക്കും.
5. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ഇ-സാക്ഷരത, കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകും.
6. ന്യൂനപക്ഷേ കേന്ദ്രീകൃത പ്രദേശങ്ങളിൽ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) തുടരും.
7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി തുടരും.
8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി ഊർജ്ജിതപ്പെടുത്തും.
9. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.
10. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി
11. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ്. കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി
12. പരമ്പരാഗത കലാകാരന്മാർ/കരകൗശല പണിക്കാരുടെ വികസനത്തിനുള്ള പരിശീലനവും നൈപുണ്യ വികസനവും
13. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

165(1168) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജിനുള്ള എംബാർക്കേഷൻ പോയിന്റ്, ഹജ്ജ് ഹൗസ് സ്ഥിതിചെയ്യുന്ന കോഴിക്കോട് കരിപ്പൂരിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ലാന്റ് ചെയ്യുന്നതിന് നിയമം നിഷ്കർഷിക്കുന്ന സൗകര്യം നിലവിലില്ലെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാടെങ്കിലും ഹജ്ജ് വിമാനം ഇറങ്ങുന്നതിനുള്ള പ്രത്യേക അനുമതിക്കായി ശ്രമങ്ങൾ നടത്തുന്നതാണ്.

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

166(1169) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ ഭാഗമായി സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവ് ആണ് നൽകുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ റോഡുമാർഗ്ഗവും റെയിൽമാർഗ്ഗവും കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ചുവിടുന്നതിനും അതുവഴി റോഡിലെ തിരക്ക് ഒഴിവാക്കുന്നതിനുമാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്തുവച്ച് 9-11-2013-ന് നടന്നു.

(ബി) നിലവിലുള്ള റോഡ് ഗതാഗതത്തിന്റെ തിരക്ക് കുറയ്ക്കുക, റോഡ് വഴിയുള്ള ചരക്ക് നീക്കത്തിന്റെ ചെലവ്, അപകടങ്ങൾ, മലിനീകരണം എന്നിവ കുറയ്ക്കുക എന്ന ഉദ്ദേശത്തോടെയാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിരിക്കുന്നത്. 2020 വർഷത്തോടെ റോഡ്/റെയിൽ മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ 40 ശതമാനവും 2030 വർഷത്തോടുകൂടി 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരളതീരം വഴി കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 9-11-2013-ന് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 29 കോടിരൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ക്രയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പർ എന്നീ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കർ വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചുമാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ലഭ്യാക്കിയിട്ടുണ്ട്. വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലത്ത് ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിൽ നബാർഡ് സഹായത്തോടെയുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നുണ്ട്.

## വിഴിഞ്ഞം പദ്ധതി

167(1171) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ മുൻ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് സാമ്പത്തികമായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽകാമെന്ന് സമ്മതിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ മുൻ സർക്കാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(i) 2010-ൽ തുടങ്ങിയ ഭൂമി ഏറ്റെടുക്കൽ നടപടി മുന്നോട്ട് കൊണ്ടു പോകുകയും പദ്ധതിക്കായുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുക്കുകയും ചെയ്തു.

(ii) 2010-ൽ തുടങ്ങിയ ബാഹ്യ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുകയും ജല വിതരണ സംവിധാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. വൈദ്യുതി പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം ആരംഭിച്ചു.

(iii) 2010-ൽ 34.55 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുത്തു. 2010-ൽ ലാൻഡ് ലോർഡ് മോഡൽ ആയി പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(iv) 2010-ൽ തുടങ്ങിയ പരിസ്ഥിതി പഠനങ്ങൾക്ക് ഒടുവിൽ 2014 ജനുവരി 3-ാം തീയതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി. കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിന് (VGF) അനുസൃതമായി കേന്ദ്ര ധനസഹായം ലഭ്യമാകത്തക്കവിധം പദ്ധതിയുടെ ഘടനയും കരാറും പുനഃക്രമീകരിച്ചു. കേന്ദ്രത്തിൽനിന്നും VGF അനുമതി ലഭ്യമാക്കി.

(v) പുനഃക്രമീകരിച്ച മാതൃകയിൽ ടെണ്ടർ വിളിക്കുകയും ടെണ്ടർ നടപടികളെ തുടർന്ന് തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കരാർ, തെരഞ്ഞെടുക്കപ്പെട്ട കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചു. തുടർന്ന് 2015 ഡിസംബർ 5-ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) കേന്ദ്രസർക്കാർ VGF സ്കീമിൽ ഉൾപ്പെടുത്തി പദ്ധതിയുടെ പി.പി.പി. ഘടകത്തിന്റെ 20 ശതമാനം വരെ തുക സഹായധനമായി നൽകുന്നതാണ്. ഇതനുസരിച്ച് പി.പി.പി. ഘടകത്തിന്റെ ആകെ തുകയായ 4089 കോടിരൂപയുടെ 20 ശതമാനം (817.8 കോടി രൂപ) കേന്ദ്രസഹായമായി ലഭിക്കും. ഇതിനുള്ള തത്വത്തിലുള്ള അംഗീകാരം 2015 ഫെബ്രുവരി 3-ാം തീയതി ലഭിക്കുകയുണ്ടായി.

(സി) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ നിഷ്കർഷിക്കുന്ന പ്രകാരം പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയെ (Independent Engineer) ചുമതലപ്പെടുത്തേണ്ടതുണ്ട്. ഇതിനായി STUP CONSULTING INDIA LIMITED എന്ന കൺസൾട്ടിംഗ് കമ്പനിയെ കരാർ പ്രകാരമുള്ള ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റിയും ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പ്രവർത്തിക്കുന്നു.

**കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം**

168(1172) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറും ക്യാഷ്യു വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ നിർമ്മാണത്തിന് തുടക്കമിട്ട കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 2011-2016 കാലയളവിൽ വേണ്ടത്ര പുരോഗമിക്കാത്തതായും സമയബന്ധിതമായി പൂർത്തിയാക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി ഹാർബ്ബറിൽ ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നും അത് എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2007-ൽ തുടക്കമിട്ട കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ വാർഫിന്റെയും ലേലപ്പുരയുടേയും ടെണ്ടറിനോടൊപ്പം റിക്ലമേഷൻ പ്രവൃത്തിയും

ടെണ്ടർ ചെയ്തിരുന്നു. റിക്ലമേഷൻ പ്രവൃത്തിക്ക് സൗത്ത് ബ്രേക്ക് വാട്ടറിന്റേയും നോർത്ത് ബ്രേക്ക് വാട്ടറിന്റേയും വശങ്ങളിലുള്ള മണ്ണ് ഉപയോഗപ്പെടുത്തുവാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ രണ്ട് പ്രാവശ്യം പ്രദേശവാസികളുടെ എതിർപ്പുമൂലം റിക്ലമേഷൻ പ്രവൃത്തി ചെയ്യാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ വീണ്ടും റിക്ലമേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റിക്ലമേഷന് ആവശ്യമായ മണ്ണ് പുതിയാപ്പ ഹാർബറിൽ നിന്നും എടുത്തുകൊണ്ടുപോയാണ് പ്രവൃത്തി ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രമേ ബാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) വടക്കേ പുലിമുട്ട് 85 മീറ്റർ ദീർഘിപ്പിക്കൽ, റിക്ലമേഷന്റെ ശേഷിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചുവരുന്നു. ലേലപ്പുര, ഡ്രഡ്ജിംഗ്, റോഡുകൾ, പാർക്കിംഗ് ഏരിയ, ക്യാന്റീനും പ്രൊവിഷൻ സ്റ്റോറും, ഗേറ്റ് ആന്റ് ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, സീവറേജ്, ടോയ്‌ലറ്റ് ബ്ലോക്ക്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കുവാനുണ്ട്. ആയത് റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. 2017 മാർച്ചിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ**

169(1173) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം തൃപ്തികരമാണോ; വിശദാംശം അറിയിക്കുമോ;

(ബി) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിതമായതിന്റെ ഭാഗമായി എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; മുമ്പ് കൊച്ചി തുറമുഖത്ത് എത്ര പേർക്ക് തൊഴിൽ ലഭിച്ചിരുന്നു; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ആരംഭിച്ചശേഷം കൊച്ചിൻ പോർട്ട് ട്രസ്റ്റിനു ലഭിച്ച റവന്യൂ പങ്കും കപ്പൽ ചാലിലെ മണ്ണു നീക്കുന്നതിനും മറ്റുമായി (ഡ്രെഡ്ജിംഗ്) ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ?

ഉത്തരം

(എ) ടെർമിനലിന്റെ പ്രവർത്തനശേഷി 40% മാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 14.5% വളർച്ചാ നിരക്കോടെ 4.20 ലക്ഷം TEUS ആണ് 2015-16-ൽ ടെർമിനലിന്റെ ഔട്ട്പുട്ട്. 2016-17-ലെ ആദ്യപാദത്തിൽ ടെർമിനൽ ഔട്ട്പുട്ട് 2015-16-ലെ ഔട്ട്പുട്ട് ആയ 1.33 ലക്ഷം TEUS-ൽ നിന്നും 27.1% വർദ്ധിച്ച് 1.69 ലക്ഷം TEUS ആയി. യൂറോപ്പ്, മെഡിറ്ററേനിയൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ടെർമിനലിന് വെസൽ സർവ്വീസ് ഉണ്ട്. കേരളത്തിനും സമീപ പ്രദേശങ്ങൾക്കും മത്സരാധിഷ്ഠിത exim trade-ന് ടെർമിനൽ സഹായിക്കുന്നുണ്ട്.

(ബി) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കോൺട്രാക്ട് ജീവനക്കാർ ഉൾപ്പെടെ 520 ജീവനക്കാർക്ക് തൊഴിൽ നൽകുന്നു. കൊച്ചി തുറമുഖം നിർവ്വഹണം നടത്തുന്ന രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ 300 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(സി) ICCTT വല്ലാർപാടം 11-2-2011-ൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷം 33.3% റവന്യൂ ഷെയറായി 31-3-2016 വരെ 311.91 കോടി രൂപ ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | DP World-ന്റെ വാർഷിക കണക്ക് പ്രകാരം ICCTT-ക്ക് ലഭിച്ച റവന്യൂ |
|---|---|
| 2010-11 | ₹ 107.99 cr. (പ്രോജക്ട് വല്ലാർപാടത്തേക്ക് 11-2-2011-ൽ മാറ്റി) |
| 2011-12 | ₹ 150.91 cr. |
| 2012-13 | ₹ 161.20 cr. |
| 2013-14 | ₹ 162.41 cr. |
| 2014-15 | ₹ 175.82 cr. |
| 2015-16 | ₹ 204.60 cr. |

ക്യാപ്പിറ്റൽ ഡ്രഡ്ജിംഗിനായി 340.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കൊയിലാണ്ടി കൊല്ലം തുറമുഖ പ്രദേശത്ത് ചരിത്ര നാവിക മ്യൂസിയം

170(1174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പ്രാചീന തുറമുഖമായിരുന്ന ഫന്തറീന എന്ന പേരിൽ അറിയപ്പെട്ടിരുന്നതാണ് കൊയിലാണ്ടി കൊല്ലം തുറമുഖം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തിന്റെ ചരിത്ര-പൗരാണിക പ്രാധാന്യം കണക്കിലെടുത്ത് ഇവിടെ ഒരു ചരിത്ര-നാവിക മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) 2006-2011 കാലത്ത് ഇടത് പക്ഷ സർക്കാർ മുസിരിസ് മാതൃകയിൽ പന്തലായനി സ്പൈസ് റൂട്ട് എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നുവോ; ഡോ. കെ. കെ. എൻ. കുറുപ്പ് അദ്ധ്യക്ഷനായി അന്ന് സമിതി നടത്തിയ പഠനങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത പഠന റിപ്പോർട്ടിന്റെ പൂർണ്ണ രൂപം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ഇല്ല.

## കാസർഗോഡ് ജില്ലയിലെ കോട്ടകൾ

171(1175) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര കോട്ടകളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോട്ടകൾക്ക് സർക്കാർ രേഖ പ്രകാരം ഭൂമിയുണ്ടോ; എങ്കിൽ ഓരോ കോട്ടയ്ക്കും എത്ര ഏക്കർ വീതം ഭൂമിയുണ്ടെന്ന് വിശദമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ ഓരോ കോട്ടയുടെയും എത്ര ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന് കാസർഗോഡ് ജില്ലയിൽ 5 കോട്ടകളാണുള്ളത്. പൊയിൽകോട്ട, ചന്ദ്രഗിരിക്കോട്ട, അതിക്കാടികോട്ട, പുതിയകോട്ട, ബന്തടുക്കകോട്ട എന്നിവയാണ് കോട്ടകൾ.

(ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ പ്രസ്തുത കോട്ടകൾക്ക് അവ ഏറ്റെടുക്കുമ്പോൾ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ റവന്യൂ രേഖകളനുസരിച്ചുള്ള ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | പൊയിൽകോട്ട | 8.44 ഏക്കർ |
| 2 | ചന്ദ്രഗിരിക്കോട്ട | 7.76 ഏക്കർ |
| 3 | അരിക്കാടികോട്ട | 2.1678 ഹെക്ടർ/ 5.35 ഏക്കർ |
| 4 | പുതിയകോട്ട | 2 ഏക്കർ |
| 5 | ബന്തടുക്കകോട്ട | 0.27 ഏക്കർ |

(സി) 2007-ൽ പ്രാഥമിക വിജ്ഞാപനത്തിലൂടെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച അരിക്കാടികോട്ട ഉൾപ്പെടുന്ന ഭൂമി വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കൈമാറി വരികയാണ്. 2013-14 വരെ ഇവർ നികുതിയും അടച്ച് പോന്നിട്ടുണ്ട്. കോട്ടയുടെ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾക്കായി കാസർഗോഡ് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ആറ്റിങ്ങൽ കൊല്ലമ്പുഴ കൊട്ടാരത്തിന്റെയും കിളിമാനൂർ കൊട്ടാരത്തിന്റെയും ജീർണ്ണാവസ്ഥ**

172(1176) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കൊല്ലമ്പുഴ കൊട്ടാരത്തിന്റെയും കിളിമാനൂർ കൊട്ടാരത്തിന്റെയും ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കൊട്ടാരങ്ങൾ നവീകരിക്കാൻ എന്തെല്ലാം പദ്ധതികൾ പുരാവസ്തു വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ കൊല്ലമ്പുഴ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. കിളിമാനൂർ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. അവിടെ വിവിധ ഘട്ടങ്ങളിലായി പുരാവസ്തു വകുപ്പ് സംരക്ഷണപ്പണികൾ നടത്തിവരുന്നു.

സ്റ്റുഡിയോ ബ്ലോക്ക്, പുത്തൻമാളിക, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണപ്പണികൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കൊട്ടാരത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 52 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 50.72 ലക്ഷം രൂപ ചെലവഴിച്ച് 2016 മാർച്ച് മാസം സംരക്ഷണപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന് പുറത്തുള്ള സംരക്ഷിത സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾ**

173(1177) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സംരക്ഷിത സ്മാരകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ;

(സി) അറ്റകുറ്റപ്പണികൾ നടത്തി പ്രസ്തുത സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അവയോട് ചേർന്നുള്ള ഭൂമി സംരക്ഷിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ കൽക്കുളം താലൂക്കിലെ തക്കലയിൽ സ്ഥിതിചെയ്യുന്ന പത്മനാഭപുരം കൊട്ടാരം പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമാണ്. സംസ്ഥാനത്തിന് പുറത്ത് മറ്റ് സ്മാരകങ്ങൾ ഒന്നും പുരാവസ്തു വകുപ്പിന്റെ കീഴിൽ നിലവിലില്ല.

(ബി) ഉണ്ട്. പത്മനാഭപുരം കൊട്ടാര സമുച്ചയത്തിന്റെ പൈതൃക രീതിയിലുള്ള പ്രധാന കവാടം, നടമാളികയുടെ സമഗ്ര സംരക്ഷണ പണികൾ, ഇരുനിലകളുള്ള കമ്മട്ടപ്പുര, പൂമുഖം, മന്ത്രശാല, ക്ലോക്ക് ടവർ, തായ്കൊട്ടാരം, തെക്കേ കൊട്ടാരം സമുച്ചയം എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ, വലിയ ഊട്ടുപുര, ചെറിയ ഊട്ടുപുരയുടെ ഭാഗിക സംരക്ഷണപ്പണികൾ, കുളങ്ങളുടെ നവീകരണം, സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, വേപ്പിൻമൂട് മാളികയുടെ സംരക്ഷണപ്പണികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പത്മനാഭപുരം കൊട്ടാരവളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റ് ഭൂമിയുടെ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം കേരള തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തുണ്ടിടപ്പറമ്പിൽ മിശ്രഭോജന സ്മാരകം

174(1178) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്രത്തിൽ ഇടം നേടിയ മിശ്രഭോജനം നടന്ന പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപ്പറമ്പിൽ പ്രദേശത്ത് മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി അനുയോജ്യമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ മിശ്രഭോജനത്തിന് തുടക്കം കുറിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപ്പറമ്പിൽ മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് ഭൂമി ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് തീരുമാനിക്കുകയും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

## ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

175(1179) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും പൈതൃകമ്യൂസിയം പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംവിധാനങ്ങളാണ് മ്യൂസിയങ്ങളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിലെ പ്രധാന ചരിത്രസ്മാരകങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം 100 വർഷത്തിലേറെയായി നിലനിൽക്കുന്ന ചരിത്രപരവും പുരാവസ്തു ശാസ്ത്ര സംബന്ധമായ, കലാശില്പപരമായ, കൗതുകപരമായ എടുപ്പോ നിർമ്മാണമോ ഗുഹയോ പാറമേലുള്ള ശില്പമോ ശിലാലിഖിതമോ, ശ്മശാനമോ എന്നിവ പുരാവസ്തു

വകുപ്പ് സംരക്ഷിത സ്മാരകമാക്കി സംരക്ഷിക്കുന്നു. ഇത്തരം സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളും പുതിയതായി ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളുമാണ് പുരാവസ്തു വകുപ്പ് നിർവ്വഹിച്ചുവരുന്നത്. കൂടാതെ ഓരോ ജില്ലയിലെയും തനത് പൈതൃകം അതാത് ജില്ലയിൽ ദർശിക്കുന്നതിലേക്ക് ഓരോ ജില്ലയിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കിവരുന്നു. ഇതുവരെ 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള 179 സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ലോഫ്ലോർ ബസ് സർവ്വീസുകൾ**

176(1180) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസിനായി അനുവദിച്ചിട്ടുള്ള ലോഫ്ലോർ എ.സി. ബസ്സുകളുടെ ആകെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ സർവ്വീസുകൾ നടത്തുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പല ഡിപ്പോകളിലും ബസ്സുകൾ കേടായി കിടക്കുന്നതിനാൽ സർവ്വീസ് മുടങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ലോഫ്ലോർ എ.സി. ബസ്സുകളുടെ ആകെ എണ്ണം 190 ആണ്. 4-7-2016-ലെ കണക്കനുസരിച്ച് ഇവയിൽ 160 എണ്ണം സർവ്വീസ് നടത്തുന്നവയാണ്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധിമൂലം വോൾവോയുടെ കേരളത്തിലെ ഡീലറായ M/s Vista Driveline Motors-ന് സ്പെയർ പാർട്സ് വാങ്ങിയ ഇനത്തിലും റിപ്പയറുകൾ നടത്തിയ ഇനത്തിലും യഥാസമയം പണം നൽകുന്നതിന് സ്പെയർ സാധിക്കാത്തതിനെ തുടർന്ന് അവരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാഞ്ഞതിനാൽ ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബസ്സുകൾ സമയബന്ധിതമായി നിരത്തിലിറക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. ഇപ്പോൾ ടി പ്രശ്നങ്ങൾ പരിഹരിക്കുകയും വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നഷ്ടം

177(1181) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ 2016 വരെ കെ.എസ്.ആർ.ടി.സി.-യ്ക്കുണ്ടായ മൊത്തം നഷ്ടം എത്രയാണെന്നും ഈ കാലയളവിൽ ഓരോ വർഷവും ഉണ്ടായ നഷ്ടം എത്ര വീതമാണെന്ന് വർഷം തിരിച്ച് പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ സ്ഥാപനം നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മികച്ച സഞ്ചാര സുഖമുള്ള ബസ്സുകൾ നിരത്തിലിറക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് യാത്രാ ബസ്സുകളിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) അടിയന്തരമായി നിരത്തുകളിൽ നിന്നും പിൻവലിക്കേണ്ട എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.- യ്ക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വാർഷിക കണക്കനുസരിച്ച് 2004-05 മുതലുള്ള നഷ്ടം കോടി രൂപയിൽ

| | | |
|---|---|---|
| 2004-05 | - | 150.07 |
| 2005-06 | - | 195.84 |
| 2006-07 | - | 159.40 |
| 2007-08* | - | നഷ്ടമില്ല. |
| 2008-09 | - | 114.42 |
| 2009-10 | - | 237.95 |

| | | |
|---|---|---|
| 2010-11 | - | 381.62 |
| 2011-12 | - | 414.79 |
| 2012-13 | - | 508.22 |
| 2013-14 | - | 583.90** |
| 2014-15 | - | 621.28** |
| 2015-16 | - | 613.14** |

2004 മുതൽ 2016 വരെയുള്ള നഷ്ടം 4844.21 കോടി രൂപ.

* 2007-08-408.62 കോടി രൂപ ലാഭം. (സർക്കാരിന് നൽകേണ്ട കുടിശ്ശിക 569.31 കോടി രൂപ എഴുതിത്തള്ളിയതിനാലാണ് ടി വർഷം ലാഭമുണ്ടായത്.)

** താൽകാലിക കണക്ക്.

(ബി) പഠനം നടത്തിയിട്ടുണ്ട്. വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ദീർഘദൂര യാത്രക്കാർക്കായി കൂടുതൽ സുഖപ്രദമായ യാത്ര പ്രദാനം ചെയ്യുന്ന 10 മൾട്ടി ആക്സിൽ വോൾവോ ബസുകളും 18 മൾട്ടി ആക്സിൽ സ്കാനിയ ബസുകളും കെ.എസ്.ആർ.ടി.സി.ക്ക് നിലവിലുണ്ട്. കൂടുതൽ യാത്രക്കാർ ഇത്തരം സർവ്വീസുകളെ ആശ്രയിക്കുന്നതായി കാണുന്നു. സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള കൂടുതൽ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ പതിമൂന്ന് വർഷത്തിനുമേൽ പഴക്കമുള്ള അടിയന്തരമായി പിൻവലിക്കേണ്ട 80 ബസുകളുണ്ട്.

**മുടങ്ങുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

178(1182) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ പത്തനംതിട്ട ഡിപ്പോയിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ സർവ്വീസുകൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ഡിപ്പോയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ജീവനക്കാരിൽ ചിലർ അപ്രതീക്ഷിതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ദിവസങ്ങളിൽ സർവ്വീസുകൾ മുടങ്ങാറുണ്ട്. പത്തനംതിട്ട യൂണിറ്റ് ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ഒഴിവുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി. പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. മെക്കാനിക്കൽ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത

179(1183) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്കുള്ള കടബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷനും ശമ്പളത്തിനുമായി കെ.എസ്.ആർ.ടി.സി. ഒരു മാസം ചെലവാക്കുന്ന തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2016-ലെ കണക്കുപ്രകാരം ആകെ 2596.24 കോടി രൂപ ധനകാര്യ സ്ഥാപനങ്ങൾക്ക് മുതൽ ഇനത്തിൽ നൽകാനുണ്ട്.

(ബി) 2016 ജൂൺ മാസത്തെ കണക്കനുസരിച്ച് ശമ്പളത്തിന് പ്രതിമാസം 80 കോടി രൂപയും പെൻഷൻ നൽകുന്നതിന് പ്രതിമാസം 52.5 കോടി രൂപയും ആവശ്യമാണ്.

### കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്ത വായ്പ

180(1184) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. റ്റി. ഡി. എഫ്. സി. രൂപീകൃതമായ ശേഷം നാളിതുവരെ എത്ര കോടി രൂപ കെ. എസ്. ആർ. ടി. സി. വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളതെന്നും ഇതിൽ പലിശയിനത്തിലും മുതൽ ഇനത്തിലും എത്ര രൂപ ഇതുവരെ തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കെ. റ്റി. ഡി. എഫ്. സി.-യുടെ കണക്കു പ്രകാരം ഇനി എത്ര രൂപ കെ. എസ്. ആർ. ടി. സി. തിരികെ അടയ്ക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ. എസ്. ആർ. ടി. സി. തിരികെ അടച്ച തുക കൂടുതലാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ കൂടുതലടച്ച തുക തിരികെ ഈടാക്കുന്നതിന് ഇതു വരെ എന്തെല്ലാം നടപടികളാണ് കെ. എസ്. ആർ. ടി. സി. സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.റ്റിഡി.എഫ്.സി. രൂപീകൃതമായ ശേഷം നാളിതുവരെ 4264.04 കോടി രൂപ കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ട്.

(ബി) 7.75% മുതൽ 16.25% വരെയുള്ള വിവിധ പലിശ നിരക്കുകളിലാണ് വായ്പകൾ ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ മുതലിനത്തിൽ 3637.62 കോടി രൂപയും പലിശയിനത്തിൽ 1120.54 കോടി രൂപയും തിരിച്ചടച്ചിട്ടുണ്ട്.

(സി) നിലവിലെ കണക്കനുസരിച്ച് മുതലിനത്തിൽ 626.42 കോടി രൂപ തിരികെ അടയ്ക്കുവാനുണ്ട്. ലോൺ അക്കൗണ്ട് റീവർക്ക് ചെയ്തതിനുശേഷം മാത്രമേ എഗ്രിമെന്റ് അനുസരിച്ചും കോസ്റ്റ് ഓഫ് ഫണ്ടിനെ അടിസ്ഥാനമാക്കിയും എത്ര തുക ഇനി തിരിച്ചടക്കാനുണ്ടെന്ന് ക്രമപ്പെടുത്താൻ കഴിയൂ.

(ഡി&ഇ) പലിശയിനത്തിൽ തിരിച്ചടച്ച തുക കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം കെ.റ്റി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ഈടാക്കുന്ന പലിശ കോസ്റ്റ് ഓഫ് ഫണ്ട്സിനൊപ്പം 0.50% ലാഭം കൂട്ടിച്ചേർത്ത നിരക്കിൽ മാത്രമേ നിശ്ചയിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കെ.റ്റി.ഡി.എഫ്.സി. കൂടുതൽ നിരക്കിലാണ് പലിശ ഈടാക്കുന്നതെന്നാണ് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ പരിശോധിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ**

181(1185) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര ലോ ഫ്ലോർ എ.സി. ബസ്സുകളുണ്ടെന്നും ഇവയിൽ ഗതാഗത യോഗ്യമായ എത്ര ബസ്സുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യ്ക്കുവേണ്ടി എത്ര സ്കാനിയ മഹാരാജാ ബസ്സുകൾ വാങ്ങിയെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സ്കാനിയ ബസ്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ 355 അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിൽ 190 എ.സി. ലോഫ്ലോർ ബസ്സുകളുണ്ട്. 4-7-2016-ലെ കണക്കനുസരിച്ച് ഇവയിൽ 160 എണ്ണം ഗതാഗതയോഗ്യമാണ്.

(സി) കെ.എസ്.ആർ.ടി.സി. 18 സ്കാനിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 4-7-2016-ലെ കണക്കുപ്രകാരം ആക്സിഡന്റിൽപ്പെട്ട ഒരു ബസ് ഒഴികെ 17 ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി പത്രമാധ്യമങ്ങളിൽ റിപ്പോർട്ട് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. കേരളാ സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ എല്ലാ ടെണ്ടർ നടപടിക്രമങ്ങളും പാലിച്ചാണ് സ്കാനിയ ബസ്സുകൾ വാങ്ങിയത്. ഈ ദർഘാസിൽ യോഗ്യത നേടിയ വോൾവോ, സ്കാനിയ എന്നീ രണ്ട് കമ്പനികളിൽ ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത സ്കാനിയ കമ്പനിയിൽ നിന്നാണ് ബസ്സുകൾ വാങ്ങിയത്. എങ്കിലും അത് പരിശോധിക്കുന്നതാണ്. വ്യക്തമായ പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളും സർവ്വീസുകളും കുറയ്ക്കുന്നത് സംബന്ധിച്ച്

182(1186) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും നിരന്തരം ഷെഡ്യൂളുകളും സർവ്വീസുകളും വെട്ടിക്കുറയ്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നാക്കവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും ഉൾപ്പെട്ടവർ കൂടുതലായി അധിവസിക്കുന്നതും ദേശസാൽകൃത റൂട്ടുകൾ മാത്രമുള്ളതുമായ പ്രസ്തുത മേഖലയിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നും ഷെഡ്യൂളുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ്റിങ്ങൽ യൂണിറ്റിൽ നിന്നും പുതുതായി സായിഗ്രാമം - പാലോട് റൂട്ടിലും വക്കം - കുളത്തുപ്പുഴ റൂട്ടിലും രണ്ട് പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കിളിമാനൂർ ഡിപ്പോയിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേക്ക് ധാരാളം ട്രിപ്പുകൾ അയയ്ക്കുന്നുണ്ട്. പിന്നോക്ക വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും ഉൾപ്പെട്ടവർ അധിവസിക്കുന്ന സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകൾ സ്ഥിരമായി അയയ്ക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.**

183(1187) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യ്ക്കും കെ.യു.ആർ.ടി.സി.-യ്ക്കും എത്ര ബസ്സുകൾ വീതമുണ്ടായിരുന്നുവെന്നും എത്ര ചേസ്സിസ്സുകൾ ബോഡി നിർമ്മാണത്തിനായി ഓരോ വിഭാഗത്തിനും അവശേഷിച്ചിരുന്നുവെന്നും വിശദമാക്കുമോ;

(ബി) 2016-ൽ യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ ഇവ എത്ര ആയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) 2011-ൽ കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയായിരുന്നെന്നും 2016-ൽ യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ കടം എത്രയായിരുന്നെന്നും യു.ഡി.എഫ്. സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി. എത്ര തുക എവിടുന്നെല്ലാം കടം വാങ്ങിയെന്നും പലിശ എത്ര ശതമാനമെന്നും വിശദമാക്കുമോ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-യുടെ ടിക്കറ്റ് നിരക്ക് എത്രയായിരുന്നെന്നും യു.ഡി.എഫ്. സർക്കാർ 2016-ൽ അധികാരമൊഴിയുമ്പോൾ ഇവയുടെ ടിക്കറ്റ്

നിരക്ക് എത്രയായിരുന്നെന്നും എത്ര പ്രാവശ്യമായി എത്ര ശതമാനം വർദ്ധനവ് ഓരോ വിഭാഗത്തിനുമുണ്ടായി എന്നും വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതു സർക്കാരാണ് ടിക്കറ്റ് നിരക്കിൽ സെസ്സ് നടപ്പിലാക്കിയത് എന്നും ഇതുവഴി യു.ഡി.എഫ്. സർക്കാരിന് എത്ര തുക ലഭിച്ചു എന്നും അതിൽ എത്ര തുക എന്തിനെല്ലാമായി ഉപയോഗിച്ചു എന്നും വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് ഏതെല്ലാം മാസം കൃത്യമായി പെൻഷൻ നൽകി എന്നും, എത്ര പേർ പെൻഷൻ ലഭിക്കാത്ത സാമ്പത്തിക ബാധ്യത മൂലം ആത്മഹത്യ ചെയ്തു എന്നും, അധികാരമൊഴിയുമ്പോൾ എത്ര കാലത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് 5725 ബസുകളും കെ.യു.ആർ.ടി.സി.-ക്ക് 212 ബസുകളുമുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ വാങ്ങിയ ഷാസികളിൽ 30 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. ജൻറം ഒന്നാംഘട്ട പദ്ധതി പ്രകാരം ലഭിക്കേണ്ട 320 ബസുകളിൽ 108 എണ്ണം ലഭിക്കാനുണ്ടായിരുന്നു.

(ബി) 2016-ൽ യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ 5759 ബസുകളും കെ.യു.ആർ.ടി.സി.യുടെ കീഴിൽ 603 ബസുകളുമുണ്ടായിരുന്നു. 2016-ൽ യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ വാങ്ങിയ ഷാസികളിൽ 561 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നു. ജൻറം രണ്ടാംഘട്ട പദ്ധതി പ്രകാരം കെ.യു.ആർ.ടി.സി.-ക്ക് ലഭിക്കേണ്ട 400 ബസുകളിൽ 117 എണ്ണം ലഭിക്കാനുണ്ടായിരുന്നു.

(സി) 2011-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ കടം 1245.93 കോടി രൂപയാകുന്നു. യു.ഡി.എഫ്. സർക്കാർ കാലയളവിൽ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും 12.90% മുതൽ 16.25% വരെയുള്ള വിവിധ പലിശ നിരക്കുകളിൽ 2619.50 കോടി രൂപയും ഹഡ്കോയിൽ നിന്നും 10.75% പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 12% പലിശ നിരക്കിൽ യഥാക്രമം 243 കോടി, 141 കോടി രൂപയും, കേരള സ്റ്റേറ്റ് പവ്വർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും 12.5% പലിശ നിരക്കിൽ 50 കോടി രൂപയും വിവിധ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ

പലിശനിരക്കിൽ (12%-ൽ താഴെ) 1300 കോടി രൂപയും എസ്.ബി.റ്റി.യിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ (12%-ൽ താഴെ) 140 കോടി രൂപയും വായ്പയായി കടം വാങ്ങിയിട്ടുണ്ട്. ടി വായ്പയിൽ 3084.88 കോടി രൂപ 2011-2016 കാലയളവിൽ തിരികെ അടയ്ക്കുകയും പലിശ പൂർണ്ണമായും കൊടുത്ത് തീർക്കുകയും ചെയ്തതിനുശേഷം 31-3-2016-ൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾക്കായി 2596.24 കോടി രൂപ ഇനിയും കൊടുത്തുതീർക്കാനുണ്ട്.

(ഡി) 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോഴുള്ള കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. ടിക്കറ്റ് നിരക്കുകൾ അനുബന്ധം-1 ആയും 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ടിക്കറ്റ് നിരക്കുകൾ അനുബന്ധം-2 ആയും ഇതിനിടെ മൂന്ന് പ്രാവശ്യം വരുത്തിയ വർദ്ധനവിന്റെ വിവരങ്ങൾ അനുബന്ധം-3 ആയും ചേർത്തിട്ടുണ്ട്.*

(ഇ) 1-4-2015 മുതൽ യു.ഡി.എഫ്. സർക്കാരാണ് ടിക്കറ്റ് നിരക്കിൽ സെസ്സ് നടപ്പിലാക്കിയത്. ഇതിലൂടെ 31-5-2016 വരെ 89,68,27,758 രൂപ (എൺപത്തി ഒൻപത് കോടി അറുപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചു. ഈ തുകയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ (പരമാവധി പത്ത് ലക്ഷം രൂപ) നൽകുകയും ഡിപ്പോകളിൽ യാത്രക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കുകയും ബാക്കിവന്ന തുക കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുകയും ചെയ്തു. അപകടത്തിൽപ്പെട്ട യാത്രക്കാർക്ക് ഇൻഷ്വറൻസ് ഇനത്തിൽ 3,29,719 രൂപ നൽകുകയും കെ.എസ്.ആർ.ടി.സി. ചെലവഴിച്ച തുകയിൽ 1,25,696 രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2011 ജൂൺ മുതൽ 2013 ജനുവരി വരെയും 2013 മേയ് മുതൽ 2013 നവംബർ വരെയും 2015 ജൂൺ മുതൽ 2016 മേയ് വരെയും പെൻഷൻ പൂർണ്ണമായും കൃത്യമായും നൽകിയിരുന്നു. പെൻഷൻ ലഭിക്കാത്ത സാമ്പത്തിക ബാധ്യതമൂലം ആത്മഹത്യ ചെയ്തവരുടെ വിവരം കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമല്ല. യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ. ടി.സി.-യിൽ പെൻഷൻ കുടിശ്ശികയില്ലായിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ കൂടുതൽ ബസ്സുകൾ അനുവദിക്കാൻ നടപടി

184(1188) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോയിലെ മുഴുവൻ സർവ്വീസുകളും സുഗമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് കുറവുള്ള ബസുകളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(ഇ) ബസുകളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനും, പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ബസുകൾ പുതുതായി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ നിന്ന് 34 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

(ബി) പാലോട് ഡിപ്പോയിൽ 3 ജൻറം ഷെഡ്യൂൾ ഉൾപ്പെടെ 40 സർവ്വീസുകളാണുള്ളത്. ഈ സർവ്വീസുകൾ നടത്തുന്നതിന് സ്പെയർ ബസ്സുകളുൾപ്പെടെ 44 ബസ്സുകൾ ആവശ്യമാണ്.

(സി) പാലോട് ഡിപ്പോയിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 40 ബസ്സുകളുണ്ട്.

(ഡി) പാലോട് ഡിപ്പോയിൽ നിലവിൽ 4 സ്പെയർ ഓർഡിനറി ബസുകളുടെ കുറവുണ്ട്.

(ഇ) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതും പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര

185(1189) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരം ബസ്സുകളിലും റൂട്ടുകളിലുമാണ് സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ പ്രസ്തുത ആനുകൂല്യം ഉപയോഗപ്പെടുത്തി 2016 ജൂൺ മാസത്തിൽ യാത്ര ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ റൂട്ടുകളിലും ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്.

(സി) 573 വിദ്യാർത്ഥികൾ.

## കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

186(1190) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. എം. മണി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനത്തിൽ അടുത്ത കാലത്ത് കാര്യമായ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്തെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വരുമാനം വർദ്ധിപ്പിക്കാനായി എന്തൊക്കെ ഊർജ്ജിത ശ്രമങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങാതിരിക്കാൻ ആവശ്യമായ ധനസഹായം ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ഇന്ധനത്തിന്മേലുള്ള വില്പന നികുതിയിനത്തിലും സെസ് ഇനത്തിലുമായി എത്ര തുക പ്രതിമാസം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിദിന വരുമാനത്തിൽ അടുത്ത കാലത്തായി കുറവുണ്ടായിട്ടുണ്ട്. പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതും കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി സർവ്വീസുകളിലെയും നിരക്കുകളിൽ ഒരു രൂപയുടെ കുറവ് വരുത്തിയതുമാണ് ഇതിന് പ്രധാന കാരണമായി കരുതുന്നത്.

(ബി) അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകൾ കാര്യക്ഷമമായി വരുമാനം വർദ്ധിപ്പിക്കാനാണ് സ്കാനിയ, മൾട്ടി ആക്സിൽ പോലുള്ള സർവ്വീസുകൾ ആരംഭിച്ചത്. അന്തർസംസ്ഥാന സർവ്വീസുകളിൽ ഫ്ലെക്സി നിരക്ക് ഏർപ്പെടുത്തിയതിനുശേഷം അത്തരം സർവ്വീസുകളിൽ നിന്നുള്ള വരുമാനം മെച്ചപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഡീസലിന് അടുത്ത കാലത്തായി വില വർദ്ധിച്ച സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളിലെ നിരക്ക് കുറച്ച നടപടി പിൻവലിച്ചാൽ വരുമാന വർദ്ധനവുണ്ടാകുന്നതാണ്. കാര്യക്ഷമത വർദ്ധിപ്പിച്ചും ലാഭകരമായ ഷെഡ്യൂളുകൾ മുടങ്ങാതെ ഓപ്പറേറ്റ് ചെയ്തും വരുമാന വർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും നടക്കുന്നു.

(സി) പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും കെ.എസ്.ആർ.ടി.സി.-ക്ക് മതിയായ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(ഡി) വിൽപ്പന നികുതി ഇനത്തിൽ 3.87 കോടി രൂപയും സെസ്സ് ഇനത്തിൽ 6.5 കോടി രൂപയും ഉൾപ്പെടെ ആകെ പ്രതിമാസം ശരാശരി 10.37 കോടി രൂപ ലഭിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെയും ബസുകളുടെയും എണ്ണം**

187(1191) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും, ഓരോ വിഭാഗത്തിലുമുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്നും, ദിവസ വേതനാടിസ്ഥാനത്തിലും, എം പാനലുകളിലുമായി എത്ര തൊഴിലാളികൾ വീതം ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി. കോർപ്പറേഷന് ആകെ എത്ര ബസ്സുകളുണ്ടെന്നും ഇതിൽ ഗതാഗത യോഗ്യമായ എത്ര ബസ്സുകളുണ്ടെന്നും ഇവയിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു ബസ്സിന് ശരാശരി എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മേയ് 2016-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ 36,060 സ്ഥിരം ജീവനക്കാരും 8682 താൽക്കാലിക ജീവനക്കാരും ഉൾപ്പെടെ 44,742 ജീവനക്കാരുണ്ട്.

<u>സ്ഥിരം ജീവനക്കാർ:</u>

| | | |
|---|---|---|
| ഓഫീസർമാർ | - | 217 |
| മിനിസ്റ്റീരിയൽ സ്റ്റാഫ് | - | 2,166 |
| സ്റ്റോർ സ്റ്റാഫ് | - | 228 |
| സിവിൽ | - | 6 |
| സ്റ്റേഷൻ മാസ്റ്റർ/ഇൻസ്പെക്ടർ | - | 1,073 |
| കണ്ടക്ടർ | - | 12,394 |
| വെഹിക്കിൾ സൂപ്പർവൈസർ/ ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ | - | 281 |
| ഡ്രൈവർ | - | 14,002 |
| മെക്കാനിക്ക് | - | 5,693 |
| **ആകെ** | **-** | 36,060 |
| ദിവസവേതനാടിസ്ഥാനത്തിൽ | - | 1,346 |
| എംപാനൽ | - | 7,336 |
| **ആകെ** | **-** | 8,682 |

| | | |
|---|---|---|
| (ബി) കെ.എസ്.ആർ.ടി.സി. ആകെ ബസ് | - | 5,796 |
| ഗതാഗതയോഗ്യമായവ | - | 5,023 |
| ഓപ്പറേറ്റ് ചെയ്യുന്നവ | - | 4,867 |
| കെ.യു.ആർ.ടി.സി. ആകെ ബസ് | - | 603 |
| ഗതാഗതയോഗ്യമായവ | - | 466 |
| ഓപ്പറേറ്റ് ചെയ്യുന്നവ | - | 435 |
| (സി) ഓപ്പറേറ്റ് ചെയ്യുന്ന ബസുകൾ | - | 5,302 |
| ആകെ ജീവനക്കാർ | - | 44,742 |
| ഒരു ബസിന് ശരാശരി ജീവനക്കാർ | - | 8.44 |

(ഡി) ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. തലത്തിലും സർക്കാർ തലത്തിലും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതുകൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി. ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ടി സർവ്വീസുകൾ കൃത്യതയോടെ നടത്തുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വരുംദിവസങ്ങളിൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് സർക്കാർതലത്തിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. കർണ്ണാടകയിലേക്ക് ആരംഭിക്കുന്നതാണ്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേക്കും കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുകയെന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം ഇടക്കാലത്ത് മുടങ്ങിക്കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി.

ആരംഭിച്ചുകഴിഞ്ഞു. തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്തുനിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും പുറമേ എറണാകുളത്തുനിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയം**

188(1192) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന കെ.എസ്.ആർ.റ്റി.സി. ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് വ്യാപാര സമുച്ചയ പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 30 കോടിയോളം രൂപ സ്പെഷ്യൽ പാക്കേജ് പ്രകാരം പ്രോജക്ട് തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്ന നിലയ്ക്ക് പാല, കോട്ടയം, മൂന്നാർ, നിലമ്പൂർ, ഈഞ്ചക്കൽ, മൂവാറ്റുപുഴ, പയ്യന്നൂർ, മലപ്പുറം, കരുനാഗപ്പള്ളി, തിരുവനന്തപുരം എസ്.ടി.സി., പാലക്കാട്, തൊടുപുഴ, ഹരിപ്പാട്, പത്തനംതിട്ട എന്നിവിടങ്ങളിൽ ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തുക സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനും യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും വളരെ പ്രാധാന്യം നൽകി കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ ബസ് സ്റ്റേഷനും അനുബന്ധ വ്യാപാര സമുച്ചയങ്ങളും പണിയുകയും വ്യാവസായിക വാണിജ്യാവശ്യങ്ങൾക്കായി ലേലം, ടെണ്ടർ നടപടികളിലൂടെ ഇവ നിയമാനുസൃതം ആവശ്യക്കാർക്ക് നൽകി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നൂതന രീതിയിൽ യാത്രക്കാരായ പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യമുൾപ്പെടെ വർദ്ധിപ്പിച്ചുകൊണ്ട് മേൽ സൂചിപ്പിച്ച പല സ്ഥലങ്ങളിലും ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നത് വഴി കൂടുതൽ യാത്രക്കാരെ ഈ ബസ് സ്റ്റേഷനുകളിലേക്ക് ആകർഷിക്കുവാൻ സാധിക്കും. ഇപ്രകാരം നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നിവിടങ്ങളിലെ പണി പൂർത്തിയാക്കി വ്യാപാരികൾക്ക് വാടകയ്ക്ക് നൽകിയതുവഴി വരുമാനം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പി.എഫ്. ലോൺ**

189(1193) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്ആർ.ടി.സി. ജീവനക്കാർക്ക് പി.എഫ്. ലോൺ (താൽകാലിക) അനുവദിക്കുന്നതിൽ നിലവിൽ തുടരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പി.എഫ്. ലോൺ അനുവദിച്ചു നൽകുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷ ലഭിച്ചാൽ സമയബന്ധിതമായി ലോൺ തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 3 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്കും റിട്ടയർമെന്റിന് 3 വർഷം വരെ സർവ്വീസ് ബാക്കിയുള്ളവർക്കും താൽക്കാലിക ലോൺ അനുവദിക്കാറുണ്ട്. 25000 രൂപ വരെ യൂണിറ്റിലും അതിൽ കൂടുതലുള്ള തുക ചീഫ് ഓഫീസ് തലത്തിലുമാണ് അനുവദിക്കുന്നത്.

(ബി) ഇല്ല.

(സി) അപേക്ഷ ലഭിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ച് സമയബന്ധിതമായി ലോൺ അനുവദിക്കാറുണ്ട്.

**നഗര ഗതാഗത കോർപ്പറേഷൻ**

190(1194) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ഗതാഗത കോർപ്പറേഷന്റെ (കെ.യു.ആർ.ടി.സി.) പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കെ.യു.ആർ.ടി.സി. ബസ്സുകളിലെ സീറ്റുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ്സിൽ ഈടാക്കുന്നതിലും കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിലും സൂപ്പർ ഫാസ്റ്റിൽ കിട്ടുന്ന ഇരിപ്പിട സൗകര്യം പോലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.യു.ആർ.ടി.സി. ബസ്സുകൾ ദീർഘദൂര യാത്രകൾക്ക് പകരം ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ നടത്തി സേവനപരമായും സാമ്പത്തികമായും നില മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ.യു.ആർ.ടി.സി.-യുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ കൃത്യമായ കാലയളവിൽ കൂടുന്ന ഡയറക്ടർ ബോർഡ് യോഗങ്ങളിലും പ്രവർത്തനം വിശദമായി അവലോകനം ചെയ്യാറുണ്ട്. 2013 മാർച്ചിൽ നടത്തിയ അവലോകന പ്രകാരം 2012-13-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവും കൂടി മൊത്തം 94,49,48,920 രൂപ ലഭിച്ചതിൽ 93,90,06,654 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 59,42,266 രൂപ ലാഭം കാണിക്കുന്നു. 2014 മാർച്ചിൽ നടത്തിയ അവലോകന പ്രകാരം 2013-14-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവുംകൂടി മൊത്തം 1,01,65,19,936 രൂപ ലഭിച്ചതിൽ 1,12,84,47,595 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 11,19,27,659 രൂപ നഷ്ടം കാണിക്കുന്നു.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസുകൾ നോൺ എ.സി. സർവ്വീസുകളാണ്. എന്നാൽ കെ.യു.ആർ.ടി.സി. എ.സി. ബസുകൾ ഉപയോഗിച്ചാണ് ദീർഘദൂര സർവ്വീസുകൾ നടത്തുന്നത്. കെ.യു.ആർ.ടി.സി. എ.സി. ബസുകളിൽ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റ് (MoUD) അംഗീകരിച്ച് അർബൻ ബസ് സ്പെസിഫിക്കേഷൻ (UBS2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായ സീറ്റുകളാണ് ക്രമീകരിച്ചിരിക്കുന്നത്.

(ഡി) നാറ്റ്പാക് തയ്യാറാക്കിയതും മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റ് അംഗീകരിച്ചതുമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് ബസുകൾ അനുവദിച്ചിരിക്കുന്നത്. ജൻറം ഒന്നാം ഘട്ടം എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലും രണ്ടാം ഘട്ടം വിവിധ ജില്ലകളെ അഞ്ച് ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലുമാണ് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് നിർവ്വാഹമില്ല.

## ബസ് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി

191(1195) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി പാലം വരെ രാവിലെ 7.50-ന് എത്തിച്ചേരുന്ന തിരുവല്ല ഡിപ്പോയിലെ കുറ്റിപ്പുഴ സർവ്വീസും 8.30-ന് എത്തിച്ചേരുന്ന കോട്ടയം സർവ്വീസും തകഴി ക്ഷേത്രം വരെ സർവ്വീസ് നീട്ടി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഹരിപ്പാട് ഡിപ്പോയിൽ നിന്നും അമ്പലപ്പുഴ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ യാത്ര അവസാനിപ്പിച്ച് മലയാലപ്പുഴ ക്ഷേത്രത്തിലേക്ക് പോകുന്ന ബസ്സ് തകഴി ക്ഷേത്രം വരെ നീട്ടി മലയാലപ്പുഴയ്ക്ക് യാത്ര ആരംഭിക്കുംവിധം പുനഃക്രമീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർവ്വീസുകൾ തകഴി ക്ഷേത്രം വരെ നീട്ടുന്നത് സർവ്വീസുകളുടെ നിലവിലുള്ള ടൈം ഷെഡ്യൂളിൽ സാരമായ മാറ്റം വരുത്തുകയും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കുറവ് ഉണ്ടാകുകയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) അമ്പലപ്പുഴ ക്ഷേത്രവും മലയാലപ്പുഴ ക്ഷേത്രവും ബന്ധിച്ചുകൊണ്ടുള്ളതും ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായതുമായ ഈ സർവ്വീസ് പുനഃക്രമീകരിച്ചാൽ ആയത് വരുമാനത്തെ ബാധിക്കുകയും സ്ഥിരം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. കൂടാതെ ഹരിപ്പാട്-മലയാലപ്പുഴ റൂട്ടിൽ ഹരിപ്പാട് നിന്നും പത്തനംതിട്ടയ്ക്ക് അര മണിക്കൂർ ഇടവിട്ട് ചെയിൻ സർവ്വീസുള്ളതിനാൽ സമയമാറ്റം ടി ചെയിൻ സർവ്വീസിനെ സാരമായി ബാധിക്കും. ആയതിനാൽ ബസുകൾ ലഭിക്കുന്ന മുറയ്ക്ക് ടി റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള സ്ഥലം

192(1196) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് കോർപ്പറേഷനായി മാറിയപ്പോൾ ഡിപ്പാർട്ട്മെൻറിന് കീഴിലുണ്ടായിരുന്ന എത്ര ഏക്കർ സ്ഥലം കോർപ്പറേഷന് കൈമാറിയിരുന്നു എന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത കൈമാറ്റത്തിനുശേഷം കോർപ്പറേഷൻ ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ള സ്ഥലങ്ങളുടെ കണക്ക് ജില്ല തിരിച്ച്നൽകാമോ;

(സി) കോർപ്പറേഷൻ നിലവിൽ വന്ന ശേഷം എത്രത്തോളം സർക്കാർ ഭൂമി കൈമാറി നൽകിയിട്ടുണ്ട്; ഈ സ്ഥലം മുഴുവനും ഏറ്റെടുത്ത് വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സർക്കാർ നോട്ടിഫിക്കേഷൻ നം. 4936/TC4/65/PW തീയതി 12-3-1965 പ്രകാരം കേരള സംസ്ഥാന ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലായിരുന്ന വസ്തുക്കൾ കെ.എസ്.ആർ.ടി.സി.-യിൽ വന്നുചേർന്നപ്പോൾ ടി ഉത്തരവിൽ ഏതൊക്കെ സ്ഥലങ്ങൾ എത്ര അളവിലാണ് കൈമാറിയതെന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ കൈവശം വച്ചുപോരുന്ന സ്ഥലങ്ങളിൽ സർക്കാർഭൂമി ഭൂമിപതിവ് പ്രകാരം കൈമാറിയതും സർക്കാർ പൊന്നും വിലയ്ക്കെടുത്തതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനവും ദാനാധാരം വഴിയും പാട്ടവ്യവസ്ഥയിലും കൈമാറികിട്ടിയ സ്ഥലങ്ങളാണ്. അങ്കമാലി, പാറശ്ശാല എന്നീ സ്ഥലങ്ങൾ സർക്കാർ പൊന്നുവിലയ്ക്കെടുത്ത് കൈമാറിയതാണെങ്കിലും ഇതിൽ കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ചിട്ടുണ്ട്. വികാസ് ഭവൻ, കൽപ്പറ്റ എന്നീ സ്ഥലങ്ങൾ കോർപ്പറേഷൻ വിലയ്ക്കെടുത്തതാണ്. മാളയിൽ സ്വകാര്യ വ്യക്തിയിൽ നിന്നും 29 സെന്റ് സ്ഥലം വിലയ്ക്കെടുക്കുന്നതിനുള്ള കരാർ നടപടി പൂർത്തിയായിവരുന്നു. കോർപ്പറേഷൻ നിലവിൽ വന്നശേഷം കൈമാറിയ സർക്കാർ ഭൂമികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* സർക്കാർ ഏറ്റെടുത്ത് കൈമാറിയ എല്ലാ സ്ഥലങ്ങളും കോർപ്പറേഷൻ ഉപയോഗിച്ചു വരികയാണ്. ഈ സ്ഥലങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ട് ഉപയോഗിച്ചും സർക്കാരിൽ നിന്നുള്ള ഫണ്ടുപയോഗിച്ചും എം.പി./എം.എൽ.എ.-മാരുടെ ഫണ്ടുപയോഗിച്ചും ചുവടെ പറയുന്ന ഡിപ്പോകളിലും ഓപ്പറേറ്റിംഗ് സെന്ററുകളിലും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും നടത്തിക്കൊണ്ടിരിക്കുന്നതുമാണ്.

<u>തിരുവനന്തപുരം ജില്ല:</u>

ചീഫ് ഓഫീസ്, സിറ്റി ഗ്യാരേജ്, പാപ്പനംകോട്, സെൻട്രൽ വർക്ക്സ്, ആര്യനാട്, പാലോട്, നെയ്യാറ്റിൻകര, പാറശ്ശാല, വിഴിഞ്ഞം, പേരൂർക്കട, കാട്ടാക്കട, നെടുമങ്ങാട്, കണിയാപുരം, പൂവ്വാർ, ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വിതുര, കിളിമാനൂർ, വെള്ളറട, വികാസ്ഭവൻ, ആനയറ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>കൊല്ലം ജില്ല:</u>

ചാത്തന്നൂർ, കരുനാഗപ്പള്ളി, കുളത്തുപ്പുഴ, കൊട്ടാരക്കര, കൊല്ലം, ഓച്ചിറ, ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം

<u>ആലപ്പുഴ ജില്ല:</u>

കായംകുളം, ചേർത്തല, ചെങ്ങന്നൂർ, ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, എടത്വ, മാവേലിക്കര.

<u>പത്തനംതിട്ട ജില്ല:</u>

പത്തനംതിട്ട, മല്ലപ്പള്ളി, അടൂർ, തിരുവല്ല, കോന്നി, പമ്പ.

<u>കോട്ടയം ജില്ല:</u>

കോട്ടയം, പാലാ, ഈരാറ്റുപേട്ട, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ.

<u>ഇടുക്കി ജില്ല:</u>

തൊടുപുഴ, കുമിളി, മൂന്നാർ, മൂലമറ്റം.

<u>എറണാകുളം ജില്ല:</u>

ആലുവ, ആലുവ R/W, അങ്കമാലി, കോതമംഗലം, പെരുമ്പാവൂർ, കാരയ്ക്കാമുറി, തേവര, എറണാകുളം ബോട്ട് ജെട്ടി, മൂവാറ്റുപുഴ, പിറവം, കൂത്താട്ടുകുളം.

<u>തൃശ്ശൂർ ജില്ല:</u>

ഗുരുവായൂർ, ചാലക്കുടി, ഇരിങ്ങാലക്കുട, മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ.

<u>മലപ്പുറം ജില്ല:</u>

നിലമ്പൂർ, പൊന്നാനി, പെരിന്തൽമണ്ണ, മലപ്പുറം.

<u>പാലക്കാട് ജില്ല:</u>

വടക്കാഞ്ചേരി, പാലക്കാട്.

<u>കോഴിക്കോട് ജില്ല:</u>

താമരശ്ശേരി, തൊട്ടിൽപ്പാലം, വടകര.

<u>വയനാട് ജില്ല:</u>

മാനന്തവാടി, കൽപ്പറ്റ, സുൽത്താൻബത്തേരി.

കണ്ണൂർ ജില്ല:

പയ്യന്നൂർ, കണ്ണൂർ, തലശ്ശേരി.

കാസർഗോഡ് ജില്ല:

കാസർഗോഡ്, കാഞ്ഞങ്ങാട്.

**റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ**

193(1197) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്കുള്ള റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ സ്കൂളുകളുടെ പ്രവർത്തന സമയം പുനഃക്രമീകരിക്കണമെന്ന ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; അതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗതാഗതക്കുരുക്കുള്ള റോഡുകളിൽ തിരക്കേറിയ സമയങ്ങളിൽ എൻഫോഴ്സ്മെന്റ് വിഭാഗം ജാഗ്രത പുലർത്തുന്നുണ്ട്. ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുകയും അമിതവേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ കണ്ടുപിടിച്ച് പിഴ ചുമത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി നിയമ ലംഘനം കുറയ്ക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പുമായി ഏകോപിച്ച് വകുപ്പ് പ്രവർത്തനം നടത്തിയിട്ടില്ല. എന്നാൽ കോവളം, കൊല്ലം റോഡിൽ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 2009-ൽ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 8,37,00,000 രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

**റോഡ് സുരക്ഷാ ബിൽ**

194(1198) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ 'റോഡ് സുരക്ഷ ബിൽ' ഗതാഗതരംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) നാഷണൽ ഹൈവേ അതോറിറ്റി പോലെ റോഡ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് രൂപം നൽകണമെന്ന് ബില്ലിൽ വ്യവസ്ഥ ഉണ്ടോ;

(സി) വാഹനങ്ങളുടെ നികുതി പിരിക്കാനുള്ള അവകാശം ബിൽ നിയമമായാൽ സംസ്ഥാനങ്ങൾക്ക് നഷ്ടമാവുമോ;

(ഡി) എങ്കിൽ ബില്ലിൽ വരുത്തേണ്ട കാതലായ ഭേദഗതികൾ ചൂണ്ടികാട്ടി സർക്കാർ കേന്ദ്ര സർക്കാരിന് കരട് രേഖ സമർപ്പിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) നഷ്ടമാകും.

(ഡി) സമർപ്പിക്കുന്നതാണ്. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് ബില്ലിൽ വരുത്തേണ്ട ഭേദഗതി ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനത്തിന്റെ നിർദ്ദേശം പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് ടി സമ്മേളനത്തിന്റെ മുന്നോടിയായി നടത്തുന്ന എം.പി.-മാരുടെ സമ്മേളനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഗതാഗത മന്ത്രാലയത്തിനും റോഡ് സേഫ്റ്റി ബില്ലിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും നിർദ്ദേശങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഗതാഗതക്കുരുക്ക്**

195(1199) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്കിന് പരിഹാരമായി വിവിധ ജംഗ്ഷനുകളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം പട്ടണത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് പരിഹാരമായി വിവിധ ജംഗ്ഷനുകളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ ഗതാഗതക്കുരുക്ക് സംബന്ധിച്ച വിഷയം ട്രാഫിക് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ കായംകുളം മുനിസിപ്പാലിറ്റി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന സംസ്ഥാന സുരക്ഷാ അതോറിറ്റിക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

196(1200) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഷെഡ്യൂൾ ആണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും കുറവ് മൂലം പല ദിവസങ്ങളിലും ഇവിടെ ഷെഡ്യൂളുകൾ മുടങ്ങാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റാന്നി കെ.എസ്.ആർ.ടി.സി. സെന്ററിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാരെയും ഇവിടേക്ക് അടിയന്തരമായി നിയമിക്കുന്നതിനും കാലപ്പഴക്കംചെന്ന ബസുകൾക്ക് പകരം പുതിയവ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഇ) റാന്നിയിൽ നിന്നും ബാംഗ്ലൂർ, ചെന്നൈ, തെങ്കാശി-മധുര എന്നിവിടങ്ങളിലേക്ക് പുതിയ അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റേഷൻ മാസ്റ്റർ - 1

ഇൻസ്പെക്ടർ - 1

കണ്ടക്ടർ - 38

(സ്ഥിരം - 22, താൽക്കാലികം - 16)

ഡൈവർ - 35

(സ്ഥിരം - 33, താൽക്കാലികം - 2)

| | | |
|---|---|---|
| വെഹിക്കിൾ സൂപ്പർവൈസർ | - | 1 |
| മിനിസ്റ്റീരിയൽ | - | 2 |
| ഗാർഡ് | - | 2 |
| ചാർജ്ജ്മാൻ | - | 1 |
| മെക്കാനിക്ക് | - | 11 |
| കാഷ്വൽ ലേബർ | - | 1 |

(ബി) രണ്ട് കെ.യു.ആർ.ടി.സി. സർവ്വീസുകൾ ഉൾപ്പെടെ 16 സർവ്വീസുകളുണ്ട്.

(സി) കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ കൂടുതലായി അവധിയെടുക്കുമ്പോൾ സർവ്വീസുകൾ മുടങ്ങാറുണ്ട്.

(ഡി) റാന്നി കെ.എസ്.ആർ.ടി.സി. യൂണിറ്റിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലംമാറ്റം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ 13 വർഷത്തിനുതാഴെ പഴക്കമുള്ള ബസ്സുകൾ മാത്രമേ റാന്നി ഡിപ്പോയിലുള്ളൂ. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പഴക്കമുള്ള ബസ്സുകൾ മാറ്റുന്നകാര്യം പരിഗണിക്കുന്നതാണ്.

(ഇ) കേരളവും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി ഏർപ്പെട്ട അന്തർസംസ്ഥാന കരാറുകളുടെ അടിസ്ഥാനത്തിലാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിലുള്ള കരാറിൽ ടി റൂട്ടുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള സർവ്വീസുകൾ ആരംഭിക്കാൻ കഴിയില്ല.

**ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കൽ**

197(1201) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കായിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കുമ്പോൾ കെ. എസ്. ആർ.ടി. സി.-ക്ക് എത്ര വാഹനങ്ങളെ നിരത്തിൽ നിന്ന് ഒഴിവാക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(സി) അന്തരീക്ഷ മലിനീകരണം തടയുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും പാലിക്കേണ്ട ഈ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. 23-5-2016-ലെ ഹരിത ട്രിബ്യൂണൽ കൊച്ചി സർക്യൂട്ട് ബെഞ്ചിന്റെ വിധിയനുസരിച്ച് 10 വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം ഹൈക്കോടതി സ്റ്റേ ചെയ്തതിനെത്തുടർന്ന് നടപ്പിലാക്കിയിട്ടില്ല.

(ബി) 1102 ബസ്സുകളേയും വാൻ, ലോറി മുതലായ 117 വാഹനങ്ങളേയും ഒഴിവാക്കേണ്ടിവരും.

(സി) ഇത്രയധികം വാഹനങ്ങൾ ഒറ്റയടിക്ക് പിൻവലിച്ചാൽ ആയത് ഗ്രാമീണ മേഖലകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന വളരെയധികം സർവ്വീസുകൾ വെട്ടിക്കുറയ്ക്കേണ്ടിവരും. പകരം പുതിയ ബസ്സുകൾ വാങ്ങുന്നതിന് ഭീമമായ തുക അടിയന്തരമായി കണ്ടെത്തേണ്ടി വരും. ആയതിനാൽ ഇത് ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാനാകുകയുള്ളൂ.

(ഡി) (സി) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ഇരുചക്ര വാഹനാപകടങ്ങൾ**

198(1202) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇരുചക്ര വാഹനാപകടങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ (2011-2016) ഇരുചക്ര വാഹന അപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഹെൽമെറ്റ് ഇല്ലാതെയും, അമിതവേഗതയിലും, മദ്യപിച്ചും, ഓവർലോഡ് കയറ്റിയും ഉണ്ടാകുന്ന ഇരുചക്ര വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഹെൽമെറ്റ് ഇല്ലാതെ ഇന്ധനം നിറയ്ക്കാൻ പെട്രോൾ പമ്പുകളിൽ എത്തുന്ന ഇരുചക്ര വാഹന യാത്രക്കാർക്ക് ഇന്ധനം നൽകുകയില്ല എന്നത് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കി ഇരുചക്ര വാഹന അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ (2011 മുതൽ 30-06-2016 വരെ) ഇരുചക്ര വാഹനാപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | മരണപ്പെട്ടവർ |
|---|---|
| തിരുവനന്തപുരം സിറ്റി | 441 |
| തിരുവനന്തപുരം റൂറൽ | 952 |
| കൊല്ലം സിറ്റി | 610 |
| കൊല്ലം റൂറൽ | 364 |
| പത്തനംതിട്ട | 321 |
| ആലപ്പുഴ | 879 |
| കോട്ടയം | 463 |
| എറണാകുളം സിറ്റി | 401 |
| എറണാകുളം റൂറൽ | 834 |
| ഇടുക്കി | 141 |
| തൃശ്ശൂർ സിറ്റി | 236 |
| തൃശ്ശൂർ റൂറൽ | 660 |
| പാലക്കാട് | 765 |
| മലപ്പുറം | 489 |
| കോഴിക്കോട് സിറ്റി | 495 |

| | |
|---|---|
| കോഴിക്കോട് റൂറൽ | 466 |
| വയനാട് | 143 |
| കണ്ണൂർ | 454 |
| കാസർഗോഡ് | 159 |

(സി) മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെയും നിയമലംഘനങ്ങൾക്കെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴയീടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളുള്ള ഇന്റർസെപ്റ്റർ വാഹനങ്ങളുപയോഗിച്ചുള്ള പരിശോധനയും നടത്തിവരുന്നു.

(ഡി&ഇ) ഇത്തരത്തിലുള്ള പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള നിയമത്തിലധിഷ്ഠിതമായി തന്നെ, ഹെൽമറ്റ് ധൗരിക്കുന്നതിലുള്ള അവബോധം വർദ്ധിപ്പിച്ച് ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്ലീപ്പർ ബസുകൾ അനുവദിക്കാൻ നടപടി

199(1203) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എത്ര സ്ലീപ്പർ ബസുകളാണ് നിരത്തിലിറക്കിയത് എന്നും ബസ് ഒന്നിന് എത്ര തുകയാണ് ചെലവായത് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോയിൽ നിന്നുമാണ് സർവ്വീസ് നടത്തുന്നത്;

(സി) നിലവിൽ എത്ര സ്ലീപ്പർ ബസുകൾ സർവ്വീസ് നിർത്തിയിട്ടുണ്ട്; കാരണങ്ങൾ വിശദമാക്കുമോ;

(ഡി) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബാംഗ്ലൂർ, മൂകാംബിക സർവീസുകൾക്കായി സ്ലീപ്പർ ബസ് അനുവദിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. 18 സ്കാനിയ ബസ്സുകളാണ് നിരത്തിലിറക്കിയത്. ബസ് ഒന്നിന് രൂപ 99,15,923.69 (എല്ലാ നികുതികളും ഉൾപ്പെടെ) ആകെ 18 സ്കാനിയ ബസ്സുകൾ വാങ്ങുന്നതിനായി 17.85 കോടി രൂപ ചെലവായി.

(ബി) പ്രസ്തുത ബസ്സുകളിൽ 16 എണ്ണം തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും 2 എണ്ണം ആലപ്പുഴ ഡിപ്പോയിൽ നിന്നാണ് സർവ്വീസ് നടത്തുന്നത്.

(സി) 4-7-2016-ലെ കണക്കനുസരിച്ച് 18 സ്കാനിയ ബസ്സുകളിൽ ഒരു ബസ് അപകടത്തിൽപ്പെട്ടതിനെത്തുടർന്ന് സർവ്വീസ് നിർത്തിയിരിക്കുകയാണ്. ബാക്കി എല്ലാ സ്കാനിയ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) ലഭ്യമായ ബസ്സുകളെല്ലാംതന്നെ തിരുവനന്തപുരം സെൻട്രൽ, ആലപ്പുഴ എന്നീ ഡിപ്പോകൾക്ക് അനുവദിച്ച് സർവ്വീസ് ആരംഭിച്ചിട്ടുള്ളതിനാൽ കൊട്ടാരക്കര ഡിപ്പോയ്ക്ക് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ബസ്സിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ യാത്രാക്ലേശം**

200(1204) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പോകുന്നതിനുള്ള യാത്രാക്ലേശം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) നിലവിൽ മെഡിക്കൽ കോളേജിലേക്ക് പോകുന്ന രോഗികൾ രണ്ടും മൂന്നും ബസ് കയറിയാണ് അവിടെ എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിനായി രണ്ട് കെ.എസ്.ആർ.ടി.സി. ബസുകൾ ഗോവിന്ദപുരം, ഒലിപ്പാറ എന്നിവിടങ്ങളിൽ നിന്നും സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

201(1205) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബസ്സ് സ്റ്റേഷന് പുതിയ ടെർമിനൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇവിടെനിന്നും ആരംഭിക്കുന്ന ഒരു അന്തർസംസ്ഥാന സർവ്വീസുപോലും നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ബസ്സുകൾ അനുവദിച്ച് ഇവിടെനിന്നും അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെർമിനൽ കെട്ടിടം നിർമ്മാണത്തിനായി പ്രാഥമിക ഫണ്ടിലേക്കാവശ്യമായ പണം ഇപ്പോൾ ലഭ്യമല്ല. മറ്റ് തരത്തിലുള്ള ഏതെങ്കിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പുതിയ ടെർമിനൽ പണിയുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കായംകുളം യൂണിറ്റിൽ നിന്നും തെങ്കാശിയിലേക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസ് നിലവിലുണ്ട്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർസംസ്ഥാന കരാറുകളിൽ വ്യവസ്ഥയില്ലാത്തതിനാൽ കായംകുളം ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

202(1206) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആവശ്യത്തിന് ബസ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം കോതമംഗലം - എറണാകുളം റൂട്ടിൽ എട്ട് ചെയിൻ സർവ്വീസ് ഉണ്ടായിരുന്നത് മൂന്ന് ആക്കി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിപ്പോയിൽ പുതിയ ബസ് അനുവദിച്ച് വെട്ടിക്കുറച്ച ചെയിൻ സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ നടത്തുന്ന സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യേണ്ടിവരുന്നതിനാലാണ് കോതമംഗലം-എറണാകുളം ചെയിൻ സർവ്വീസ് വെട്ടിക്കുറയ്ക്കേണ്ടിവരുന്നത്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം**

203(1207) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികയിൽ പി.എസ്.സി. നിയമന ശുപാർശ നൽകിയ എത്ര പേർക്ക് പ്രസ്തുത തസ്തികകളിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; വിശദമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. 9300 പേരുടെ നിയമന ശിപാർശ നൽകുകയും ടി 9300 പേർക്കും നിയമന ഉത്തരവ് നൽകുകയും ചെയ്തു. റിസർവ് ഡ്രൈവർ തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ 5873 പേരിൽ 5618 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കണ്ടക്ടർ തസ്തികയിൽ അഞ്ച് ഒഴിവുകളും ഡ്രൈവർ തസ്തികയിൽ 9 ഒഴിവുകളും 30-6-2016-ൽ നിലവിലുണ്ട്. 23-6-2016-ലെ ഹൈക്കോടതി വിധി പ്രകാരം 823 കണ്ടക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-12-2016-ൽ അവസാനിക്കും.

(സി) നടപടി സ്വീകരിച്ചു വരുന്നു.

**റെയിൽവേ ഗേറ്റിലുണ്ടാകുന്ന ഗതാഗതക്കുരുക്ക്**

204(1208) ശ്രീ. വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജക മണ്ഡലത്തിലെ അകത്തേത്തറ റയിൽവേ ഗേറ്റിലുണ്ടാകുന്ന ഗതാഗത കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ അകത്തേത്തറയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അകത്തേത്തറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് വിശദമായ പദ്ധതിരേഖ ഉണ്ടാക്കുന്നതിനായി 8.015 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) 2016 ജൂലൈ മാസം 8-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 25 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

**ബസ്സുകളിൽ സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി**

205(1210) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീസുരക്ഷ മുൻനിർത്തി പൊതുഗതാഗത സംവിധാനങ്ങളിൽ അടിയന്തര എമർജൻസി ബട്ടണുകളും സി.സി.ടിവികളും സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടത്തുന്നുണ്ടോ ;

(സി) ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കുനേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് ഒരു പരിധിവരെ സഹായകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പുതുതായി പുറത്തിറക്കുന്ന എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും നിർമ്മാണ ഘട്ടത്തിൽ തന്നെ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കുനേരെ അതിക്രമമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുഗതാഗത വാഹനങ്ങളിൽ ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസുകളിലും ജി.പി.എസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. ഇതുവഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദ്ദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്ന് നിരീക്ഷിക്കാൻ കഴിയും. കെ.യു.ആർ.ടി.സി.ക്ക് ജൻറം രണ്ടാംഘട്ട പദ്ധതിയിൽ ലഭിച്ച 238 ബസ്സുകളിൽ എമർജൻസി ബട്ടണുകളും ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ബസ്സുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ സംവിധാനത്തിൽ സ്ത്രീ സുരക്ഷ മുൻനിർത്തിക്കൊണ്ട് പ്രത്യേകിച്ചും ഗർഭിണികൾക്ക് പ്രത്യേക ഇരിപ്പിടങ്ങൾ, എമർജൻസി ബട്ടണുകൾ, സി.സി.ടി.വി. സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് ബസ്സുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ ബസ്സുകളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## വൈപ്പിൻ-പള്ളിപ്പുറം പാത വഴി ബസ് സർവ്വീസ്

206(1209) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിവാസികൾക്ക് ഗുണകരമാകുംവിധം എറണാകുളത്തുനിന്നും മലബാർ മേഖലയിലേക്ക് സർവ്വീസ് നടത്തുന്ന രാത്രികാല ബസ് സർവ്വീസുകളിൽ നിശ്ചിത എണ്ണം വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാത വഴി ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

രാത്രികാലങ്ങളിൽ മലബാർ മേഖലയിലേക്ക് പോകുന്ന ദീർഘദൂര സർവ്വീസുകൾ (വരാപ്പുഴ വഴി)വൈപ്പിൻ വഴി തിരിച്ചുവിട്ടാൽ യാത്രാദൂരം കൂടുകയും പ്രധാന ബസ്

സ്റ്റേഷനായ വടക്കൻ പറവൂർ ഒഴിവാകുകയും അതുമൂഖേന കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറയാനും സാധ്യതയുണ്ട്. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് എറണാകുളം യൂണിറ്റിൽ നിന്നും വൈപ്പിൻ മേഖല വഴി പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതായിരിക്കും.

## മൂന്നാർ ഡിപ്പോയുടെ പ്രവർത്തനം

207(1211) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച മൂന്നാർ ഡിപ്പോയുടെ ബസ് ടെർമിനൽ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണ്; പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മൂന്നാർ ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചു;

(സി) മൂന്നാർ-ബാംഗ്ലൂർ ബസ് മൈസൂരുവിൽ കൂടി കടന്നുപോകുന്ന സമയത്തിൽ മാറ്റമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതലും കുറവും വരുമാനമുള്ള ഡിപ്പോകൾ എതെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എം. എൽ. എ. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച മൂന്നാർ ഡിപ്പോയുടെ കെട്ടിടത്തിലേക്ക് ഓഫീസും ഓപ്പറേഷനുമായി ബന്ധപ്പെട്ട സെക്ഷനുകളും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ ലഭിച്ചാലുടനെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനം തുടങ്ങുന്നതാണ്.

(ബി) ഒരു ജൻറം ബസ് ഉൾപ്പെടെ 16 പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) സമയത്തിൽ മാറ്റം വന്നിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനമുള്ള ഡിപ്പോ തിരുവനന്തപുരം സെൻട്രലും ഏറ്റവും കുറവ് വരുമാനമുള്ള ഡിപ്പോ പൊൻകുന്നവുമാണ്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബസ് സർവ്വീസുകൾ

208(1212) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ബാംഗ്ലൂർ, നാഗർകോവിൽ, പളനി എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

കേരളവും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായുള്ള അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിലാണ് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നത്. നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ ചോദ്യത്തിൽ പറയുന്ന സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സർവ്വീസുകൾ ആരംഭിക്കാൻ കഴിയില്ല.

## താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൂപ്പർ എക്സ്പ്രസ് ബസ്

209(1213) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന തിരുവനന്തപുരം സൂപ്പർ എക്സ്പ്രസ്സ് ബസ് സൂപ്പർ ഫാസ്റ്റായി ഓടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രതിദിനം വരുന്ന നഷ്ടം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത ഡിപ്പോയ്ക്ക് സൂപ്പർ എക്സ്പ്രസ്സ് ബസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൂപ്പർ ഫാസ്റ്റ് ബസ്സിലേക്ക് സർവ്വീസ് മാറ്റിയതുമൂലം പ്രതിദിന വരുമാനത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. പുതിയ സൂപ്പർ എക്സ്പ്രസ് ബസ് നിരത്തിലിറങ്ങുന്നതോടുകൂടി ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## ചമ്പക്കുളം ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

210(1214) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളത്തുനിന്നും രാവിലെ 5.30-ന് പൂപ്പള്ളി വഴി ചങ്ങനാശ്ശേരിക്ക് പുറപ്പെടുന്ന ചമ്പക്കുളം സ്റ്റേ ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴയിൽ നിന്നും കൈനകരി വഴി ചമ്പക്കുളത്തിന് രാവിലെയും വൈകിട്ടും ഓരോ ഓർഡിനറി സർവ്വീസ് ആരംഭിക്കുന്നതിന് ആലപ്പുഴ ഡി.റ്റി.ഒ-ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ടി സർവ്വീസിന് വരുമാനം 7000 രൂപയിൽ താഴെയാണ്. ആയതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്നകാര്യം സ്ഥിതിഗതികൾ മെച്ചപ്പെട്ടശേഷം പിന്നീട് പരിഗണിക്കുന്നതാണ്.

(ബി) ഏതെങ്കിലും ഷെഡ്യൂൾ പുനഃക്രമീകരിച്ച് കൈനകരി വഴി ചമ്പക്കുളത്തിന് രാവിലെയും വൈകിട്ടും ഓരോ ട്രിപ്പുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ ബസ്റൂട്ടുകൾ

211(1215) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്-കാസർഗോഡ് ചന്ദ്രഗിരി ദേശസാൽകൃത റൂട്ടിൽ പ്രതിവർഷം പത്ത് ശതമാനം സർവ്വീസുകൾ വർദ്ധിപ്പിക്കണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 1991-ൽ ഈ റൂട്ടിൽ എത്ര സർവ്വീസുകൾ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര സർവ്വീസുകൾ ഉണ്ടെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ റൂട്ട് ദേശസാൽകൃത റൂട്ടായി പ്രഖ്യാപിക്കുമ്പോൾ ഉണ്ടാക്കിയ വ്യവസ്ഥ നിലവിൽ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ബന്തടുക്കയിൽ നിന്ന് സുള്ള്യയിലേക്ക് കർണ്ണാടക സർക്കാർ ഫോറസ്റ്റിലൂടെ റോഡ് നിർമ്മിച്ച് പുതിയ ബസ്സ് സർവ്വീസ് തുടങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കെ.എസ്.ആർ.ടി.സി. കാഞ്ഞങ്ങാട് നിന്നും കാസർഗോഡ് നിന്നും ബന്തടുക്ക-സുള്ള്യയിലേക്ക് ബസ് സർവ്വീസ് നടത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കാഞ്ഞങ്ങാട്-കാസർഗോഡ്-ചന്ദ്രഗിരി റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് പ്രതിവർഷം 10 ശതമാനം വർദ്ധനവിൽ കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 1991-ൽ ഈ റൂട്ടിൽ 12 സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകളിൽ നിന്നായി 67 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) പാലിച്ചിട്ടുണ്ട്. നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് ക്യാൻസൽ ചെയ്യാതെ ചന്ദ്രഗിരി റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ബന്തടുക്കയിൽ നിന്നും സുള്ള്യയിലേക്ക് 17 കി.മീ. ദൂരമാണുള്ളത്. ഈ റൂട്ടിൽ സർവ്വീസ് നടത്തണമെങ്കിൽ അന്തർസംസ്ഥാന കരാറിന്റെ ഭാഗമായി മാത്രമേ ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിന് നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ഡിപ്പോയിലെ സർവ്വീസുകൾ**

212(1216) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന ബസുകളുടെ എണ്ണവും അവ ഏതെല്ലാം റൂട്ടിലേക്കായിരുന്നുവെന്നും വ്യക്തമാക്കാമോ; ഓരോ വർഷം കഴിയുമ്പോഴും സർവ്വീസുകൾ കൂടുകയാണോ കുറയുകയാണോ ചെയ്തത് എന്നും സർവ്വീസുകൾ കുറയുകയാണ ചെയ്തതെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ; ഓരോ വർഷവും റദ്ദ് ചെയ്ത സർവ്വീസുകളുടെ എണ്ണവും റൂട്ടും വെളിപ്പെടുത്താമോ; സർവ്വീസുകൾ കൂടിയതാണെങ്കിൽ ഏത് റൂട്ടിൽ ഏതെല്ലാം വർഷങ്ങളിലാണ് അതെന്നും വ്യക്തമാക്കാമാ;

(ബി) കാസർഗോഡ് ബീച്ചിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്നതെപ്പോഴാണെന്നും ആയത് നിർത്തലാക്കാനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേക്ക് കെ.എസ്.ആർ.ടി.സി എപ്പോഴാണ് ട്രയൽ സർവ്വീസ് നടത്തിയിരുന്നതെന്നും പ്രസ്തുത സർവ്വീസ് സ്ഥിരമായി നടത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2006-ൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് 90 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കാസർഗോഡ് നിന്നും കാഞ്ഞങ്ങാട്, സുള്ള്യ, പുത്തൂർ, ധർമ്മസ്ഥല, ബാംഗ്ലൂർ, പാണത്തൂർ, കൊന്നക്കാട്, ചിറ്റാരിക്കൽ, കണ്ണൂർ, ചെമ്പരിക്ക, ബെവൂരി, ചട്ടഞ്ചാൽ, പെരുമ്പള, കല്ലളി, ബന്തടുക്ക മുതലായ സ്ഥലങ്ങളിലേക്കാണ് സർവ്വീസ് നടത്തുന്നത്.

1. 2006-ൽ 90 സർവ്വീസ്
2. 2007-ൽ 90 സർവ്വീസ്
3. 2008-ൽ 100 സർവ്വീസ് (കൂടുതലായി 10 മംഗലാപുരം സർവ്വീസ്)
4. 2009-ൽ 100 സർവ്വീസ്
5. 2010-ൽ 109 സർവ്വീസ് (2 മംഗലാപുരം, 1 സുബ്രഹ്മണ്യ, 1 മധൂർപട്ള, 1 കോട്ടയം, 1 കണ്ണൂർ, 1 ധർമ്മസ്ഥല, 2 പുത്തൂർ)
6. 2011-ൽ 110 സർവ്വീസ് (1 ബാഗമണ്ടല)
7. 2012-ൽ 117 സർവ്വീസ് (കാഞ്ഞങ്ങാട് ഫാസ്റ്റ്, 3 മംഗലാപുരം, 1 സുള്ള്യ, 1 കാഞ്ഞങ്ങാട്, 1 ഇരിട്ടി)
8. 2013-ൽ 94 സർവ്വീസ് (24-3-2013-ാം തീയതി കാഞ്ഞങ്ങാട് ഡിപ്പോ ഉദ്ഘാടനം ചെയ്തതിന്റെ ഫലമായി കാസർഗോഡ് ഡിപ്പോയിൽ നിന്നും കുറച്ച് ഷെഡ്യൂളുകൾ കാഞ്ഞങ്ങാട് ഡിപ്പോയിലേക്ക് ഷിഫ്റ്റ് ചെയ്തതാണ് 2013-ൽ ഷെഡ്യൂളുകളുടെ എണ്ണം കുറയാനുള്ള കാരണം)
9. 2014-ൽ 99 സർവ്വീസ് (ഈ അഞ്ച് സർവ്വീസുകൾ സ്വകാര്യ ഓപ്പറേറ്റർമാരിൽ നിന്നും ഏറ്റെടുത്ത ടേക്ക് ഓവർ സർവ്വീസുകളാണ്.) (കാസർഗോഡ്-കണ്ണൂർ, കാസർഗോഡ്-മാനന്തവാടി, കാസർഗോഡ്-ചിറ്റാരിക്കൽ, കാസർഗോഡ്-പരിപ്പത്തോട്, കാസർഗോഡ് -പേരാവൂർ)
10. 2015-ൽ 100 സർവ്വീസ് (പുതുതായി കാസർഗോഡ്-പൈതൻമല സർവ്വീസ് ഓപ്പറേറ്റ് ചെയ്തുവരുന്നു.)
11. 2015-ൽ 100 സർവ്വീസ്.

(ബി) കാസർഗോഡ് ബീച്ചിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകളൊന്നും നടത്തിയിരുന്നില്ല.

(സി) 4-3-2016-ൽ ചേരങ്കൈ കടപ്പുറത്തേക്ക് ഒരു സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുകയുണ്ടായി. എന്നാൽ കട്ട് ചെയ്സ് ബസുപയോഗിച്ച്

മാത്രമേ ടി റൂട്ടിൽ സർവ്വീസ് നടത്താൻ കഴിയുകയുള്ളൂവെന്ന് മനസിലാക്കുകയുണ്ടായി. കാസർഗോഡ് യൂണിറ്റിൽ കട്ട് ചെയ്സ് ബസിന്റെ ലഭ്യതക്കുറവ് ഉണ്ടായതുകൊണ്ടാണ് ടി സർവ്വീസ് ആരംഭിക്കാൻ കഴിയാതിരിക്കുന്നത്.

**മുതിർന്ന പൗരന്മാരുടെ യാത്രാചെലവിൽ ഇളവുവരുത്തുന്നത്**

213(1217) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ നടപ്പിലാക്കിയത് പോലെ മുതിർന്ന പൗരൻമാരുടെ യാത്രാക്കൂലി കെ. എസ്. ആർ. ടി. സി.-യിൽ ഇളവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇളവ് വരുത്തുന്ന തുക കെ. എസ്. ആർ. ടി. സി.-ക്ക് സർക്കാർ ഗ്രാന്റായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ ബാദ്ധ്യതകൾ ഒന്നുംതന്നെ കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയുകയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഒറ്റപ്പാലം ഗതാഗതക്കുരുക്ക്**

214(1218) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം ഉണ്ടാക്കുന്നതിന് കിഴക്കേ ഒറ്റപ്പാലം, കാക്കത്തോട് പാലം, പാലോട് റോഡ്, സെൻഗുപ്ത റോഡ് എന്നിവ ചേർത്ത് 1855 മീറ്റർ നീളത്തിൽ (പാലക്കാട്-പൊന്നാനി റോഡ്, ഒറ്റപ്പാലം-പെരുന്തൽമണ്ണ റോഡുകൾ ബന്ധിപ്പിച്ച്) ഒരു

ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഭരണാനുമതിയും ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 17.4614 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതിയും നൽകിയിരുന്നു. എന്നാൽ കിഴക്കേ ഒറ്റപ്പാലം, പാലോട് റോഡ് നിവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് പരമാവധി വീതി കൂട്ടുന്ന പ്രവൃത്തിക്ക് ഒറ്റപ്പാലം സബ്കളക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പംതന്നെ ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കുന്നതിന് 2-7-2016-ന് ഒറ്റപ്പാലം ആർ.ഡി.ഒ., സ്ഥലം എം.എൽ.എ. എന്നിവരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം ടൗണിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും റോഡിൽ പാർക്കിംഗ് നിരോധിച്ചും വഴിയോര കച്ചവടക്കാരെ ഒഴിപ്പിച്ചും വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന്മാരെ ഡ്യൂട്ടിക്ക് നിയോഗിച്ചും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വാണിജ്യ സമുച്ചയം**

215(1219) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതുതായി പണിത വാണിജ്യ സമുച്ചയത്തിലെ എത്ര മുറികൾ ലേലം ചെയ്ത് വാടകക്ക് കൊടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വാണിജ്യ സമുച്ചയത്തിലെ എത്ര മുറികൾ ഇനി ലേലം ചെയ്യാനുണ്ടെന്നും അവയുടെ ലേലം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ എത്ര തവണ സ്വീകരിക്കേണ്ടിവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 10 മുറികൾ പലിശരഹിത നിക്ഷേപവും പ്രതിമാസ ലൈസൻസ് ഫീസും ഈടാക്കിക്കൊണ്ട് ലേലം ചെയ്തുനൽകിയിട്ടുണ്ട്.

(ബി) 30 മുറികൾ അവശേഷിക്കുന്നുണ്ട്. അവയുടെ ലേലം ടെണ്ടർ നടപടികൾ 16-7-2016-ന് നടത്തുന്നതാണ്.

(സി) 4 തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവുകൾ**

216(1220) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽ ബസുകളുടേയും, ഡ്രൈവർമാർ, കണ്ടക്ടർമാർ എന്നിവരുടേയും കുറവുമൂലം ഷെഡ്യൂൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർമാരുടേയും, കണ്ടക്ടർമാരുടേയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) ഷെഡ്യൂളുകൾക്ക് ആനുപാതികമായി എത്ര ബസുകളുടെ കുറവാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; (ഡോക്കിലുള്ളവയടക്കം)

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പയ്യന്നൂർ ഡിപ്പോയിൽ 40 ഡ്രൈവർമാരുടെയും 10 കണ്ടക്ടർമാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്.

(സി) പയ്യന്നൂർ ഡിപ്പോയിലെ 93 വെഹിക്കിൾ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 102 ബസ്സുകൾ ആവശ്യമാണ്. നിലവിൽ 92 ബസുകൾ മാത്രമേയുള്ളൂ. 10 ബസുകളുടെ കുറവുണ്ട്.

(ഡി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഡ്രൈവർ, കണ്ടക്ടർ എന്നിവരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ**

217(1221) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് മൂലം പല ദീർഘദൂര സർവ്വീസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ ബസ്സുകൾ അനുവദിച്ചുകൊണ്ടും ജീവനക്കാരെ നിയമിച്ചുകൊണ്ടും ദീർഘദൂര സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ;

(സി) ഇവിടെ ഉണ്ടായിരുന്ന ഡി.റ്റി.ഒ. ഓഫീസ് എ.റ്റി.ഒ. ഓഫീസായി തരം താഴ്ത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡി.റ്റി.ഒ. ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ;

(ഡി) സ്പെയർപാർട്സുകളുടെ അഭാവംമൂലം സർവ്വീസിന് യോഗ്യമല്ലാത്ത ബസ്സുകൾ അടിയന്തരമായി കേടുപാടുകൾ നീക്കി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് ദീർഘദൂര സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലംമാറ്റം നൽകി ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) എല്ലാ ഡി.റ്റി.ഒ. ഓഫീസുകളിലേക്കും നിയോഗിക്കത്തക്ക എണ്ണം എ.റ്റി.ഒ.-മാർക്ക് സ്ഥാനക്കയറ്റം നൽകുവാൻ കഴിയാത്തതുമൂലം പല ഡി.റ്റി.ഒ. ഓഫീസുകളിലും എ.റ്റി.ഒ.-മാരെയാണ് നിയോഗിച്ചിരിക്കുന്നത്. പ്രസ്തുത യൂണിറ്റിന്റെ യൂണിറ്റധികാരിയുടെ പൂർണ്ണ അധികാരം അവർക്ക് നൽകിയിട്ടുണ്ട്.

(ഡി) 7-7-2016-ലെ കണക്കുപ്രകാരം 17 ജൻറം ബസ്സുകൾ ഉൾപ്പെടെ 67 ബസ്സുകൾ ഉള്ളതിൽ 11 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്. ടി ബസ്സുകൾ അടിയന്തരമായി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

218(1222) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച കെ.എസ്.ആർ.ടി.സി. തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടനിർമ്മാണം എന്നാരംഭിക്കുമെന്നു വിശദമാക്കാമോ;

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും കൂടുതൽ ബസ്സുകളും ഷെഡ്യൂളുകളും അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിനനുസരിച്ച് 21-2-2016-ൽ പ്രവൃത്തി ദർഘാസ് ക്ഷണിക്കുകയും അടങ്കൽ തുക 81,45,463 രൂപയും വരുന്നുണ്ട്. ടി തുക ധനകാര്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്.

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ 31 ഷെഡ്യൂളുകൾ ഓടിക്കുന്നതിന് 31 ബസുകളുണ്ട്. സ്പെയറായി 3 ഓർഡിനറി ബസുകളുടെ കുറവാണുള്ളത്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യവും പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

**ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ**

219(1223) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഓഫീസ് കെട്ടിടത്തിന്റെയും ഗാര്യേജുകളുടേയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ കെട്ടിടവും ഗാര്യേജുകളും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ഫണ്ടുപയോഗിച്ച് പുതിയ ഗാര്യേജിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

220(1224) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വീസുകൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) നിലവിൽ എത്ര ബസുകളാണ് ഡിപ്പോയിൽ ഉള്ളതെന്ന് അറിയിക്കുമോ;

(ഡി) മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസുകളുടെ കുറവാണ് വെഞ്ഞാറമൂട് ഡിപ്പോയിൽ ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ബസുകളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനും പുതിയ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുമാവശ്യമായ ബസുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 67 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബസിന്റെ ലഭ്യതക്കുറവുമൂലം ഇപ്പോൾ ശരാശരി 49 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) വെഞ്ഞാറമൂട് ഡിപ്പോയിൽ നിലവിലുള്ള 67 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 74 ബസുകൾ ആവശ്യമാണ്.

(സി) 52 ആർ.ടി.സി. ബസുകളും 9 ജൻറം ബസുകളും ഉൾപ്പെടെ 61 ബസുകൾ നിലവിലുണ്ട്.

(ഡി) മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 13 ബസുകളുടെ കുറവുണ്ട്.

(ഇ) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല.

**കൊട്ടാരക്കര ഡിപ്പോയിൽ നിന്നുള്ള ബാംഗ്ലൂർ, മൂകാംബിക സർവ്വീസുകൾ**

221(1225) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡിപ്പോയിൽ നിന്നുള്ള ബാംഗ്ലൂർ, മൂകാംബിക സർവ്വീസുകൾക്ക് നിലവിൽ ഏത് തരം ബസുകളാണ് ഉപയോഗിക്കുന്നത്;

(ബി) പ്രസ്തുത ബസുകൾക്ക് എന്ത് കാലപ്പഴക്കമുണ്ട്;

(സി) സർവ്വീസ് നടത്തി വരുന്ന ബസ്സുകളുടെ ശോച്യാവസ്ഥമൂലം കളക്ഷൻ കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സർവ്വീസുകൾക്കായി ആധുനിക ബസുകൾ അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര-ബാംഗ്ലൂർ സർവ്വീസിന് സൂപ്പർ ഡീലക്സ് ബസും മൂകാംബിക സർവ്വീസിന് സൂപ്പർ എക്സ്പ്രസ്സുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) കൊട്ടാരക്കര-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന ബസുകൾക്ക് 2 വർഷം 10 മാസം പഴക്കമാണുള്ളത്. കൊട്ടാരക്കര-മൂകാംബിക സർവ്വീസ് നടത്തിയിരുന്നത് സൂപ്പർ എക്സ്പ്രസ് ബസുകളായിരുന്നു. എന്നാൽ അഞ്ചുവർഷം കാലാവധി പൂർത്തിയായതിനെത്തുടർന്ന് എക്സ്പ്രസ് ബസുകൾ പിൻവലിച്ച് താല്ക്കാലികമായി സൂപ്പർ ഫാസ്റ്റ് ബസുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഈ സർവ്വീസുകൾക്ക് ഉടൻതന്നെ പുതിയ സൂപ്പർ എക്സ്പ്രസ് ബസുകൾ അനുവദിക്കുന്നതാണ്.

(സി) മൂകാംബിക സർവ്വീസിൽ ഉപയോഗിക്കുന്ന സൂപ്പർ എക്സ്പ്രസ് ബസ് 5 വർഷം കാലാവധി പൂർത്തിയാക്കിയതിനാൽ ചില ദിവസങ്ങളിൽ സൂപ്പർ ഫാസ്റ്റ് ബസുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഇതുമൂലം കളക്ഷനിൽ നേരിയ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ട്.

(ഡി) കൊട്ടാരക്കര-മൂകാംബിക സർവ്വീസുകൾക്ക് പുതിയ സൂപ്പർ എക്സ്പ്രസ് ബസ്സുകൾ ഉടനെ അനുവദിക്കുന്നതാണ്.

**തൊട്ടിൽപ്പാലം-വടകര റൂട്ടിലെ ചെയിൻ സർവ്വീസ്**

222(1226) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്ന് തൊട്ടിൽപ്പാലം - വടകര റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തൊട്ടിൽപാലം ഡിപ്പോയ്ക്ക് പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ചെയിൻ സർവ്വീസ് എന്നാണ് ആരംഭിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവുമൂലം പ്രസ്തുത

സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ഈ ഡിപ്പോയ്ക്കും ബസുകൾ അനുവദിച്ച് ടി ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പീച്ചിയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

223(1227) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ പീച്ചിയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പീച്ചിയിലേക്ക് കെ.ആർ.ടി.സി. ബസ്സ് സർവീസ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിൽ തൃശ്ശൂർ ടൗണിൽ നിന്നും പീച്ചിയിലേക്ക് ഒരു സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസിന്റെ ലഭ്യതക്കനുസരിച്ച് കൂടുതൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി.-യുടെ സർക്കുലർ സർവ്വീസ്

224(1228) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ ചരിത്ര പ്രാധാന്യമുള്ള കാപ്പാട് മുതൽ പൗരാണികമായ എല്ലാ പ്രദേശങ്ങളെയും ബന്ധപ്പെടുത്തി സഞ്ചാരികൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു സർക്കുലർ സർവ്വീസ് ആരംഭിക്കാൻ നടപടികൾ വേണമെന്ന് മുൻപ് ഡി.റ്റി.പി.സി. തലത്തിൽ ആവശ്യം ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിച്ച് കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസിന്റെ ലഭ്യതയ്ക്കനുസരിച്ച് കാപ്പാട് സർക്കുലർ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തൊട്ടിൽപ്പാലത്തുനിന്നും വയനാട്ടിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ

225(1229) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ചുരം വഴി തൊട്ടിൽപ്പാലത്ത് നിന്നും വയനാട്ടിലേക്ക് ആവശ്യത്തിന് വാഹനങ്ങൾ ഇല്ലാത്തത് യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റ്യാടി ചുരം വഴി വയനാട്ടിലേക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി.ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ബസിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് വയനാട്ടിലേക്ക് കൂടുതൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കിഴക്കേകോട്ടയിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ്

226(1230) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ് നിർമ്മിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച സ്ഥലം ഏറ്റെടുത്ത് രണ്ട് വശത്തുമായി ബസ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താത്തതുമൂലം കിഴക്കേകോട്ടയിൽ അപകടങ്ങൾ പെരുകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) എത്ര സ്ഥലമാണ് ഇത്തരത്തിൽ ഏറ്റെടുക്കാതെ അന്യകൈവശമുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം അടിയന്തരമായി ഒഴിപ്പിച്ച് ബസ് സ്റ്റാന്റ് വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ 2008-ൽ പട്ടയം ലഭ്യമായിട്ടുള്ളതും 2015 മുതൽ മാത്രം കരമൊടുക്കുവാൻ അനുവദിച്ചിട്ടുള്ളതുമായി 75.25 സെന്റ് ഭൂമി കെ.എസ്.ആർ.ടി.സി.-യുടെ പേരിലാണ്. ടി വസ്തുവിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടത്തിനോട് ആവശ്യപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പകുതിയിലേറെ സ്ഥലം വിവിധ വ്യക്തികളും സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്.

(ഡി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

**കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പാട്ട ഭൂമി**

227(1231) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയ്ക്കടുത്ത് എത്ര സെന്റ് സ്ഥലമാണ് കെ.എസ്.ആർ.ടി.സി.-യ്ക്ക് പാട്ടമായി ലഭിച്ചിട്ടുള്ളത്;

(ബി) പാട്ടമായി ലഭിച്ച ഭൂമി മൊത്തം കെ.എസ്.ആർ.ടി.സി. കൈവശം വച്ച് ഉപയോഗപ്പെടുത്തി വരുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥലത്തിൽ നിന്നും ഏതെങ്കിലും ഭാഗത്ത് സ്വകാര്യ വ്യക്തികൾ അനധികൃതമായി കച്ചവട സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ടോ;

(ഡി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കണമെന്ന് കാണിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിരുന്നോ; ഇത് സംബന്ധിച്ച് സർക്കാരിന് നൽകിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റക്കാരിൽ നിന്നും കയ്യേറ്റമൊഴിപ്പിക്കാൻ സത്വരം നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. നിലവിൽ വന്നപ്പോൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വകുപ്പിന്റേതായിരുന്ന എത്ര സ്ഥലം കൈമാറിക്കിട്ടിയിരുന്നു; ജില്ല തിരിച്ചുള്ള വിവരം നല്കാമോ; ഇതിൽ എത്ര സ്ഥലം ഇപ്പോൾ കൈവശമുണ്ടെന്നും ഏതെങ്കിലും ഭാഗം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായിട്ടുണ്ടോ എന്നും വിശദവിവരം നല്കാമോ ?

<u>ഉത്തരം</u>

(എ) കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി.-ക്ക് പാട്ടത്തിന് ഭൂമി നൽകിയിട്ടില്ല. കിഴക്കേകോട്ടയിലുള്ള കെ.എസ്.ആർ.ടി.സി. വക 75.25 സെന്റ് സ്ഥലം 28-9-2008 മുതൽ സർക്കാരിൽ നിന്നും ലഭിച്ച പട്ടയഭൂമിയാണ്. ഈ ഭൂമിക്ക് 14-9-2015 മുതലാണ് കരം ഒടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി ലഭ്യമായത്.

(ബി) ഭൂമി മുഴുവനായും കെ.എസ്.ആർ.ടി.സി.-യുടെ പേരിലാണെങ്കിലും അനധികൃത കയ്യേറ്റം നിലനിൽക്കുന്നുണ്ട്. ഇവരെ ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി ഭൂമി കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരുന്നുണ്ട്

(സി) സ്വകാര്യ വ്യക്തികൾ അനധികൃതമായി കച്ചവടസ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്. ഒഴിപ്പിക്കൽ നടപടി ജില്ലാഭരണകൂടം മുഖാന്തരം സ്വീകരിച്ചുവരുന്നു.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No.20333/2012 പ്രകാരം ഒഴിപ്പിക്കലിനെതിരെ കയ്യേറ്റക്കാർ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കേസ് തള്ളിയതായി കാണുന്നു. കെ.എസ്.ആർ.ടി.സി.ക്ക് 2008-ൽ പട്ടയം ലഭ്യമായെങ്കിലും കരം ഒടുക്കുന്നതിന് 14-9-2015-ൽ മാത്രമാണ് അനുമതി ലഭിച്ചത്. 2014-15-ൽ കെ.എസ്.ആർ.ടി.സി. കരം ഒടുക്കിയതിന് ശേഷം അനധികൃത കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും കേരള ഭൂസംരക്ഷണ ആക്ട് 1957 റൂൾ 5 അനുസരിച്ച് ടി ഭൂമിയെ സർക്കാർ ഭൂമിയായി പരിഗണിച്ച് അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് കെ.എസ്.ആർ.ടി.സി. വിവരം നൽകിയിട്ടുണ്ട്. അനധികൃത കച്ചവടം ഒഴിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 4936/TC4/65/PW dated 12-3-1965 പ്രകാരം സ്ഥലം കൈമാറിയെങ്കിലും അതിൽ ഗതാഗത വകുപ്പിന്റേതായിരുന്ന സ്ഥലം ഏതെല്ലാമെന്നും എത്ര സ്ഥലമെന്നും വ്യക്തമായി പരാമർശിച്ചിട്ടില്ല. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള സ്ഥലത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ സ്വകാര്യ വ്യക്തികൾ അനധികൃതമായി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>തിരുവനന്തപുരം ജില്ല:</u>
   i. പാച്ചല്ലൂർ.
   ii. കിഴക്കേകോട്ട
   iii. ആറ്റിങ്ങൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ആലപ്പുഴ ജില്ല:

 i. തോട്ടപ്പള്ളി

3. ഇടുക്കി ജില്ല:

 i. ദേവികുളം

4. വയനാട് ജില്ല:

 i. കൽപ്പറ്റ

## വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാ പദ്ധതി

228(1232) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാപദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് മുൻസർക്കാരിന്റെ കാലത്ത് കൈക്കൊണ്ടത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ ലക്ഷ്യം നേടിയെടുക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ-സി) 31-1-2015-ലെ സ.ഉ.(എംഎസ്.)04/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1-2-2015 മുതൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാപദ്ധതി ഏർപ്പെടുത്തി കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 9-6-2015-ലെ സ.ഉ.(എംഎസ്.)38/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം ടി ഉത്തരവിൽ മാറ്റം വരുത്തുകയുണ്ടായി. ഈ ഉത്തരവിൽ അവ്യക്തത ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 10-6-2015-ലെ സ.ഉ.(സാധാ)256/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം വീണ്ടും

സംസ്ഥാനത്തെ പ്ലസ് ടു വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യാത്രാ പദ്ധതി ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുകയുണ്ടായി. യാത്രാചെലവ് വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാവരുതെന്നും ഡീസൽ വില കുറഞ്ഞ് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ ജനോപകാരപ്രദമായ ഒരു മേഖലയിലായതിന്റെ ആനുകൂല്യം ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാപദ്ധതി നടപ്പിലാക്കിയത്. കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 1-2-2015 മുതൽ പ്ലസ് ടു തലം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.

പത്ത് രൂപയുടെ ഒരു സൗജന്യ യാത്രാ കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. സൗജന്യ യാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ യാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ്- 2 നിയമനം

229(1233) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെയിന്റർ ഗ്രേഡ്-2 പി.എസ്.സി.-റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) എത്ര പെയിന്റർ തസ്തികകളാണ് നിലവിലുള്ളതെന്നും എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) എല്ലാ ഒഴിവുകളും നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും?

ഉത്തരം

(എ) 25-3-2014-ൽ ആണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 83 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി&സി) 185 പെയിന്റർ തസ്തികകളാണ് നിലവിലുള്ളത്. എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അത് നിലവിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം പുതിയ ഒരു റാങ്ക് പട്ടിക നിലവിൽ വരുന്നപക്ഷം നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതാണ്. ലിസ്റ്റിലെ മെയിൻ ലിസ്റ്റിലെ എല്ലാവർക്കും ഈ കാലയളവിൽ നിയമന ശിപാർശ നൽകിക്കഴിഞ്ഞാൽ ലിസ്റ്റ് നിലവിലില്ലാതായിത്തീരും.

## ഹരിത ട്രിബ്യൂണൽ വിധി

230(1234) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത ട്രിബ്യൂണൽ വിധിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഈ വിധിയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചുകഴിഞ്ഞു. ടി റിട്ട് ഹർജി സമർപ്പിക്കുന്നതിന് മുമ്പ് കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ ബസ് ഉടമകളുടെ സംഘടനയും വെവ്വേറെ ഫയൽ ചെയ്ത ഇതേ വിഷയത്തിലെ റിട്ട് ഹർജികളിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 2 മാസത്തെ സ്റ്റേ ഉത്തരവ് നിലനിൽക്കുകയാണ്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ഉചിതമായ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ വിധി നടപ്പിൽ വരുത്തുകയാണെങ്കിൽ ഏകദേശം 61000 ട്രാൻസ്പോർട്ട് വാഹനങ്ങളും ഏകദേശം 40000 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും പൊതുനിരത്തിൽ നിന്നും ഉടനടി അപ്രത്യക്ഷമാകും. മേൽ പറഞ്ഞതിൽ സ്റ്റേജ് കാര്യേജുകളും ഉൾപ്പെടും. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഒരു നോൺ ട്രാൻസ്പോർട്ട് വാഹനത്തിന്റെ കാലാവധി 15 വർഷമാണ്. 15 വർഷം കഴിഞ്ഞ വാഹനം ഉപയോഗയോഗ്യമാണെങ്കിൽ റീ-രജിസ്ട്രേഷൻ നടത്തി ഉപയോഗിക്കാവുന്നതാണ്. നിലവിൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നത് 15 വർഷത്തേക്ക് ലൈഫ് ടൈം ടാക്സായിട്ടാണ്. 10

വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുകയാണെങ്കിൽ ഏകദേശം 270 കോടി രൂപ സർക്കാർ വാഹന ഉടമകൾക്ക് റീഫണ്ടായി നൽകേണ്ടിവരും. നിലവിലുള്ള കണക്കനുസരിച്ച് ഓരോ വർഷവും രണ്ടായിരമോ അതിലധികമോ ക്യൂബിക് കപ്പാസിറ്റിയുള്ള ഏകദേശം 4400 വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. 2000 ക്യൂബിക് കപ്പാസിറ്റിയിൽ കൂടുതലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ തടയുകയാണെങ്കിൽ പ്രതിവർഷം സർക്കാരിന് ഏകദേശം 135 കോടി രൂപയുടെ നഷ്ടമുണ്ടാകും. നിലവിൽ കേരളത്തിലെ നിരത്തുകളിൽ സർവ്വീസ് നടത്തുന്ന ഏകദേശം 6600 ഓളം വരുന്ന സ്റ്റേജ് കാര്യേജുകൾ (കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ) പത്തോ അതിലധികമോ വർഷം കഴിഞ്ഞതാണ്. ഈ വാഹനങ്ങൾ നിരത്തിൽ നിന്നും അപ്രത്യക്ഷമാകുകയാണെങ്കിൽ പൊതുഗതാഗത സംവിധാനമാകെ താറുമാറാകും. ഇവയ്ക്കെല്ലാം പുറമേ അന്തർസംസ്ഥാന റൂട്ടുകളിലൂടെയുള്ള യാത്രക്കാരെയും ചരക്ക് ഗതാഗതത്തെയും ഈ ഉത്തരവ് വളരെ ദോഷകരമായി ബാധിക്കുന്നതാണ്. കേരളത്തിൽ എത്തുന്ന അന്യസംസ്ഥാന ലോറികളിൽ പലതും പത്ത് വർഷകാലയളവ് കഴിഞ്ഞവയാണ്. അവയുടെ നിരോധനം ചരക്ക് നീക്കം തടസ്സപ്പെടുത്തും. അത് അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന് കാരണമാകും.

**പത്ത് വർഷം പഴക്കമുള്ള വാഹനങ്ങൾ**

231(1235) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം പഴക്കമുള്ള ബസ്സുകൾ നിരത്തിലിറക്കരുതെന്ന് ഉത്തരവുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് ഉത്തരവ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ, പത്തു വർഷം കഴിഞ്ഞ കാർ, ലോറി തുടങ്ങിയ വാഹനങ്ങൾക്കും ഈ ഉത്തരവ് ബാധകമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ബസ്സുകൾ പിൻവലിക്കുന്നത് സാധാരണക്കാരായ യാത്രക്കാർക്കും ബസ്സ് ഉടമകൾക്കും ഒട്ടനവധി ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും പ്രയാസം ഉണ്ടാക്കുമോ;

(ഇ) എങ്കിൽ ഇവ തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പത്ത് വർഷ് പഴക്കമുള്ള വാഹനങ്ങൾ പ്രധാന നഗരങ്ങളിൽ നിരോധിച്ചുകൊണ്ട് ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവായിരുന്നു. എന്നാൽ നിലവിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രണ്ട് മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) ബാധകമാണ്. എന്നാൽ ട്രിബ്യൂണലിന്റെ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ നടപ്പിലാക്കിയിട്ടില്ല.

(ഡി&ഇ) ഉണ്ടാകും. നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ടി ഉത്തരവ് നടപ്പിൽ വരുത്തേണ്ട സാഹചര്യമുണ്ടാവുകയാണെങ്കിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെടെയുള്ള വാഹനങ്ങളിൽ കഴിയുന്നത്ര വാഹനങ്ങൾ സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് ഓടിക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുവാനും ശ്രമിക്കുന്നതാണ്. ഇതിലൂടെ യാത്രക്കാരുടെ ക്ലേശം കുറച്ചെങ്കിലും ലഘൂകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ടി ഉത്തരവ് നടപ്പാക്കേണ്ടി വരികയാണെങ്കിൽ അത് സംസ്ഥാനത്തെ ഗതാഗത മേഖലയിൽ യാത്രക്കാരുടെ ഗതാഗത സൗകര്യങ്ങളെ മാത്രമല്ല ബാധിക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ചരക്കുകളുടെ നീക്കവും അവയുടെ വില വർദ്ധനവും തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന സ്തംഭനവും അത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കുന്ന ദോഷങ്ങളും തൊഴിൽ നഷ്ടപ്പെടുന്നതുമൂലം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമുണ്ടാകുന്ന ജീവിത പ്രയാസങ്ങളും വാഹനങ്ങളിന്മേലുള്ള മുടക്കുമുതൽ നഷ്ടവും അന്തർസംസ്ഥാന റൂട്ടുകളിലൂടെയുള്ള ഗതാഗത പ്രശ്നങ്ങളും കൂടാതെ 15 വർഷത്തേക്ക് വസൂലാക്കിയ നോൺട്രാൻസ്പോർട്ട് വാഹനങ്ങളുടെ 10 വർഷത്തെ നികുതി കഴിച്ച് 5 വർഷത്തെ നികുതിപ്പണം തിരികെ നൽകേണ്ടിവരുന്നതും അതിന്റെ ബാദ്ധ്യതയും ഇവയൊക്കെയാണ് സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ. ഇവ മുന്നിൽക്കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് റദ്ദാക്കണമെന്നപേക്ഷിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഒരു കേവിയറ്റ് ഹർജി ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. ഹരിത ട്രിബ്യൂണൽ മുമ്പാകെ ഈ വിഷയം ഫലപ്രദമായി അവതരിപ്പിച്ചുകൊണ്ടുള്ള സത്യവാങ്മൂലം ഫയൽ ചെയ്ത് ഇടക്കാല ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

**പത്ത് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ**

232(1236) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ പ്രധാന നഗരങ്ങളിൽ പ്രവേശിക്കാൻ പാടില്ല എന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിധിമൂലം സാധാരണക്കാർ നേരിടുന്ന യാത്രാക്ലേശത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിധി നടപ്പിലാക്കുമ്പോൾ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഹരിത ട്രിബ്യൂണലിന്റെ കൊച്ചി സർക്യൂട്ട് ബെഞ്ചിന്റെ ഒരു ഇടക്കാല ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിലെ ആറ് പ്രധാന നഗരങ്ങളിൽ 10 വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഹരിത ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നിരുന്നാലും സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ സി.എൻ.ജി. ലഭ്യമായ എറണാകുളം നഗരത്തിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നതിലേക്കായി ധനകാര്യ മന്ത്രി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുവാനും ശ്രമിക്കുന്നതാണ്. ഇതിലൂടെ യാത്രക്കാരുടെ ക്ലേശം ലഘൂകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്വകാര്യ ബസ് സർവ്വീസുകൾ ദീർഘിപ്പിക്കൽ**

233(1237) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ പ്രദേശത്തുനിന്ന് കൊച്ചി നഗരത്തിലേക്കുള്ള സ്വകാര്യ ബസ് സർവ്വീസുകൾ ദീർഘിപ്പിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) നഗരത്തിന്റെ ഇതര പ്രാന്തപ്രദേശങ്ങളിൽ നിന്നുമുള്ള സ്വകാര്യ ബസ് സർവ്വീസുകൾക്ക് നഗരപ്രവേശം സാധ്യമായിരിക്കെ വൈപ്പിനിൽ നിന്നുമുള്ള ബസ് സർവ്വീസുകൾക്ക് മാത്രം വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബഹുഭൂരിപക്ഷം വരുന്ന വൈപ്പിൻ നിവാസികളും പഠനത്തിനും തൊഴിലിനുമായി കൊച്ചി നഗരത്തെ ആശ്രയിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പ്രദേശവാസികളുടെ ദീർഘകാല ആവശ്യമായ സ്വകാര്യ ബസുകളുടെ നഗരപ്രവേശത്തിന് സാധ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻ വരെ ദീർഘിപ്പിച്ചത്. അതിനുമുമ്പ് വൈപ്പിൻ ബസ് സ്റ്റാൻഡ് വരെ മാത്രമേ സർവ്വീസ് ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ടി ബസ്സുകളുടെ സർവ്വീസ് ബി.റ്റി.എച്ച്. ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം താഴെപ്പറയുന്ന തടസങ്ങൾമൂലം ഈ അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി നിരസിക്കുകയാണുണ്ടായിട്ടുള്ളത്.

1. വാഹനപ്പെരുപ്പംമൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേക്ക് കൂടുതൽ ബസുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.
2. കൊച്ചി നഗരത്തിലെ ബി.റ്റി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകൾ (3 കി.മീ.) (മേനക, ഷൺമുഖ റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻ വഴി) ദേശസാത്കൃത റൂട്ടുകളുടെ ഭാഗങ്ങളായതിനാൽ ടി റൂട്ടുകളിൽ കൂടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടെയും സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും.
3. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്.
4. ബി.റ്റി.എച്ച്. ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം.
5. ബി.റ്റി.എച്ച്. ജംഗ്ഷനിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കറുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതി ചെയ്യുന്നതുകൊണ്ടുള്ള സുരക്ഷാപ്രശ്നം.

തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചുകൊണ്ടും വൈപ്പിൻ ഭാഗത്തുനിന്നുള്ള ബസുകൾ വൈറ്റില മൊബിലിറ്റി ഹബ്ബുവരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് ലഭിച്ചുവെങ്കിലും നിയമ തടസ്സമുള്ളതുകൊണ്ടും മോട്ടോർ വാഹന നിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം പുനഃപരിശോധിക്കുന്നതിന് അതേ അതോറിറ്റിക്ക്

അധികാരം ഇല്ലാത്തതിനാലും ടി ആവശ്യം അനുവദിക്കുന്നത് റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീം കോടതി/ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമായതിനാലും നഗരത്തിലെ ഗതാഗതക്കുരുക്കും സുരക്ഷാ പ്രശ്നവും വർദ്ധിക്കുമെന്നതിനാലും ആയവ നിരുപാധികം നിരസിക്കുകയുണ്ടായി.

എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യ ബസുകൾക്ക് ടി റൂട്ടുകളിൽക്കൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് അനുവദിക്കാൻ നിയമം അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ പൊതുജന താൽപ്പര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗോശ്രീപാലം വഴി വൈപ്പിനിലേക്കും തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് 20 (ഇരുപത്) കെ.എസ്.ആർ.ടി.സി. ബസുകൾക്ക് സ്ഥിര പെർമിറ്റ് അനുവദിക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

234(1238) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ ലക്ഷ്യം നേടിയെടുക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന സ്ക്വാഡുകൾക്ക് പുറമെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)

തലവനായി ഓരോ സോണിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ (എൻഫോഴ്സ്മെന്റ്) കീഴിൽ പുതുതായി 17 സ്ക്വാഡുകൾ കൂടി രൂപീകരിച്ചു. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഉപയോഗത്തിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഇന്റർസെപ്റ്റർ, റഡാർ, ആൽക്കോമീറ്റർ തുടങ്ങിയ ഉപകരണങ്ങൾ വകുപ്പ് വാങ്ങുകയും വാഹനങ്ങൾ നിരീക്ഷിക്കുന്നതിനും നിയമലംഘകരെ കണ്ടെത്തുന്നതിനുമായി റഡാർ സർവൈലൻസ് സിസ്റ്റം, ക്യാമറ സർവൈലൻസ് സിസ്റ്റം എന്നിവ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) (1) മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.

(2) ദേശീയ പാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനയ്ക്ക് പ്രത്യേക ഊന്നൽ നൽകുക.

(3) വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.

(4) ജി-ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

(5) പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക.

(സി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിനുകീഴിൽ മുൻപ് നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമെ 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചു. ഇതിനായി ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെയും 4 ആർ.ടി.ഒ.-മാരുടേയും 34 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും 17 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. എൻഫോഴ്സ്മെന്റ് ഓട്ടോമേഷന് വേണ്ടിയുള്ള ഭരണാനുമതികളും നൽകിയിരുന്നു.

**മോട്ടോർ വാഹന വകുപ്പിലെ ഇ-പേമെന്റ് സംവിധാനം**

235(1239) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിൻെറ കാലത്ത് മോട്ടോർ വാഹന വകുപ്പിൽ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നത് കൊണ്ട് കൈവരിക്കാനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം നടപ്പിലാക്കിയ പദ്ധതി പിന്നീട് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇ-ട്രഷറിയുമായി ബന്ധപ്പെടുത്തി കൂടുതൽ ബാങ്കുകളെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുക, അഴിമതി തടയുക, ഇടനിലക്കാരെ ഒഴിവാക്കുക, പണമിടപാട് സുതാര്യമാക്കുക, എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മോട്ടോർ വാഹന വകുപ്പിന്റെ 23 ഓൺലൈൻ സേവനങ്ങളിൽ 19 സേവനങ്ങൾക്കുള്ള ഫീസും പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ഓട്ടോറിക്ഷാ (ട്രാൻസ്പോർട്ട്) വാഹനങ്ങളുടേയും ടാക്സും ഓൺലൈനായി സ്വീകരിച്ചുവരുന്നു. വകുപ്പ് സ്ഥാപിച്ചിട്ടുള്ള സ്പീഡ് ക്യാമറകളുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ചാർജ് മെമ്മോയുടെ ഫൈനും ഇപ്പോൾ ഇ-പേമെന്റ് വഴി അടയ്ക്കാവുന്നതാണ്. ടാക്സ് അടയ്ക്കുന്ന തീയതിയിൽ കവറേജുള്ള വാഹന ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കുന്ന മാസത്തിന്റെ തൊട്ട് മുമ്പുള്ള മാസംവരെ ക്ഷേമനിധി അടച്ചതിന്റെ തെളിവ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ കേരള മോട്ടോർ വാഹന നികുതി നിയമപ്രകാരം അനുവാദമുള്ളൂ. ഇക്കാര്യങ്ങൾ ഓൺലൈനായി പരിശോധിക്കാനുള്ള സൗകര്യം താമസിയാതെ നിലവിൽ വരുന്നതാണ്. അതോടുകൂടി ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഇ-പേമെന്റ് മുഖാന്തിരം സ്വീകരിക്കാൻ കഴിയും.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും 13-3-2015-ലെ ജി.ഒ.(പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവുപ്രകാരം, 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. ഇ-പേമെന്റ് സ്വീകരിച്ചുകൊണ്ട് നൽകാവുന്ന സേവനങ്ങൾ എല്ലാം നൽകിവരുന്നുണ്ട്.

**വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ കൺസഷൻ**

236(1240) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ;

(ബി) പല സ്വകാര്യ ബസുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിന് ജീവനക്കാർ വിമുഖത കാണിക്കുന്നതായും സീറ്റുകളിൽ ഇരിക്കുന്നത് വിലക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സമീപനം വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നതാണെന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഡി) സ്വകാര്യ ബസുകളിലെ യാത്രക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ കൺസഷൻ ഉറപ്പുവരുത്തുന്നതിനും യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഇത്തരത്തിൽ വിദ്യാർത്ഥികളോട് സമീപനം പുലർത്തുന്ന ബസ് ജീവനക്കാർക്കെതിരെ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പാണാവള്ളി ബോട്ട് സ്റ്റേഷൻ**

237(1241) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി ബോട്ട് സ്റ്റേഷനിൽ നിന്നും പ്രതിദിനം എത്ര സർവ്വീസുകളാണ് നടത്തുന്നത്;

(ബി) പ്രസ്തുത ബോട്ട് സ്റ്റേഷനിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബോട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻസായി ഒരു വർഷത്തിൽ ആകെ എത്ര രൂപ ചെലവ് വരുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആറ് സർവ്വീസുകൾ നടത്തിവരുന്നു.

(ബി) 73 പേർ.

| | | |
|---|---|---|
| സ്റ്റേഷൻ മാസ്റ്റർ | - | 2 |
| ബോട്ട് മാസ്റ്റർ | - | 19 |
| സ്രാങ്ക് | - | 17 |
| ഡ്രൈവർ | - | 14 |
| ലാസ്കർ | - | 21 |

(സി) പാണാവള്ളി ബോട്ട് സ്റ്റേഷനിൽ ഏകദേശം 1,62,00,000 (ഒരു കോടി അറുപത്തിരണ്ട് ലക്ഷം) രൂപ പ്രതിവർഷം പ്രവർത്തനച്ചെലവ് വരുന്നുണ്ട്.

**സംസ്ഥാനത്തെ ജലഗതാഗത വികസന സാധ്യതകൾ**

238(1242) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജല ഗതാഗത മേഖല സാധ്യതക്കനുസരിച്ച് വികസിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജല ഗതാഗതത്തിന്റെ വേഗത വർദ്ധിപ്പിച്ച് കൂടുതൽ യാത്രക്കാരേയും ചരക്ക് കടത്തും ആകർഷിച്ച് റോഡുകളിലെ വാഹനത്തിരക്ക് കുറയ്ക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി ആധുനിക ബോട്ടുകൾ വാങ്ങുന്നതിനും കൂടുതൽ ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യുന്നതിനും ടൂറിസം മേഖലയിലെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പുതിയ ഡ്രൈഡോക്ക്, സ്ലിപ്പ് വേ എന്നിവ പ്രയോജനപ്പെടുത്തിവരുന്നു. അത്യാധുനിക ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ടുകളിൽ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ്, 2010-ൽ അനുശാസിക്കുന്ന എല്ലാ സുരക്ഷാ ഉപകരണങ്ങളും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ജലഗതാഗത മേഖലയിലെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി

സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നീ ബോട്ട് സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ വൈക്കം-എറണാകുളം, കോട്ടയം-കുമരകം എന്നിങ്ങനെ രണ്ട് സർവ്വീസുകൾ പുതുതായി ആരംഭിക്കുന്നതിന് ബോട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന ഒരു ബോട്ടിന്റെ നിർമ്മാണവും പൂർത്തീകരിച്ചുവരുന്നു.

(സി) നിലവിൽ ഉപയോഗിക്കുന്നവയേക്കാൾ നൂതനസാങ്കേതിക വിദ്യയും ആധുനിക സൗകര്യങ്ങളുമുള്ള ബോട്ടുകൾ ജലഗതാഗതത്തിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. ആലപ്പുഴ-കുമരകം, വൈക്കം-എറണാകുളം എന്നീ പുതിയ റൂട്ടുകളിലേക്കായി വേഗത കൂടിയ ബോട്ടുകളാണ് പരിഗണനയിലുള്ളത്. നിലവിൽ 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നു. എട്ട് ബൈക്കുകൾ കയറ്റാവുന്ന ടി ബോട്ടുകൾ പൊതുഗതാഗത രംഗത്ത് റോഡിലെ വാഹനത്തിരക്ക് കുറയ്ക്കുവാൻ സഹായിക്കുന്നു.

## പെരുമ്പളത്ത് മൈനർ ബോട്ട് മെയിന്റനൻസ് യാർഡ് ആരംഭിക്കുന്നതിന് നടപടി

239(1243) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്തിൽ നിന്ന് മറ്റ് പ്രദേശങ്ങളിലേക്കുള്ള ഏക യാത്രാ മാർഗ്ഗം ബോട്ട് സർവ്വീസാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യന്ത്രത്തകരാറുകളും മറ്റും നിമിത്തം ഈ ദ്വീപിലേക്കുള്ള ബോട്ടുകൾ നിരന്തരം മുടങ്ങുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തകരാറിലാകുന്ന ബോട്ടുകൾ നന്നാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതു മൂലം ബോട്ട് സർവ്വീസുകൾ നിലയ്ക്കുന്നതു ഒഴിവാക്കുവാനായി പെരുമ്പളത്ത് ഒരു മൈനർ മെയിന്റനൻസ് യാർഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അപൂർവ്വമായി മാത്രം യന്ത്രത്തകരാറുകൾമൂലം ബോട്ടുകൾ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 1170, 1209 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

# II അടിയന്തരപ്രമേയം

## ഡിഫ്തീരിയ രോഗബാധ

മി. സ്പീക്കർ: മലപ്പുറത്തും സമീപ ജില്ലകളിലുമുൾപ്പെടെ മലബാർ മേഖലയിലാകെ പടർന്നുപിടിക്കുകയും, രണ്ടുപേരുടെ മരണത്തിന് കാരണമാകുകയും ചെയ്ത ഡിഫ്തീരിയ എന്ന മാരകരോഗം ആരോഗ്യമേഖലയിലും പൊതുസമൂഹത്തിലും ഉണ്ടാക്കുന്ന ആശങ്കയും ഭീതിയുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, എ. പി. അനിൽകുമാർ, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് മൂന്ന് ജില്ലകളിലാണ് ഡിഫ്തീരിയ രോഗം ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മലപ്പുറം ജില്ലയിൽ 31 പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയും രണ്ട് മരണം സംഭവിക്കുകയുമുണ്ടായി. കോഴിക്കോട് ജില്ലയിൽ 8 പേർക്കും കണ്ണൂർ ജില്ലയിൽ ഒരാൾക്കുമാണ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൊറീൻ ബാക്ടീരിയം ഡിഫ്തീരിയ (coryne bacterium diphtheriae) എന്ന രോഗാണുമൂലം പ്രധാനമായും വായുവിലൂടെ അതിവേഗം മറ്റൊരാൾക്ക് പകരാൻ സാധ്യതയുള്ള രോഗമാണ് ഡിഫ്തീരിയ. പനി, ശ്വാസതടസ്സം, തൊണ്ടവേദന, കഴുത്തിൽ കഴലവീക്കം എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. ഇതോടൊപ്പം രോഗാണു ഉണ്ടാക്കുന്ന ഒരു സ്രവം തൊണ്ടയിൽ ഒരു പാട സൃഷ്ടിക്കുകയും അതിലുണ്ടാകുന്ന വിഷദ്രാവകം രക്തത്തിൽ കലർന്ന് ഹൃദയം, കരൾ, വൃക്ക എന്നീ ആന്തരാവയവങ്ങളെ ബാധിക്കുന്നതിനാൽ മരണം സംഭവിക്കുകയും ചെയ്യുന്നു. രോഗലക്ഷണങ്ങൾ കണ്ടാലുടനെ മറ്റുള്ളവരുമായി സമ്പർക്കം പുലർത്താത്ത രീതിയിൽ പ്രത്യേക പരിചരണം നൽകി ഡിഫ്തീരിയ ആന്റീടോക്സിൻ, ആന്റീബയോട്ടിക്കുകൾ എന്നിവ നൽകേണ്ടതാണ്. ഡിഫ്തീരിയ മലപ്പുറം ജില്ലയിൽ 7-6-2016-ലാണ് ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 9-7-2016 വരെ രണ്ടു മരണങ്ങൾ ഉൾപ്പെടെ 31 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 2 പേർക്ക് ലാബ് പരിശോധനയിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇവിടെ 8 വികസന ബ്ലോക്കുകളിലാണ് രോഗം കൂടുതലായി കണ്ടുവരുന്നത്. കൊണ്ടോട്ടി, വളവന്നൂർ, വെട്ടം, ഓമന്നൂർ, നെടുവ, കുറ്റിപ്പുറം, മങ്കട, വേങ്ങര എന്നീ ഹെൽത്ത് ബ്ലോക്കുകളിലാണ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൊണ്ടോട്ടിയിൽ മാത്രം 13 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസ്സുകൾ റിപ്പോർട്ട് ചെയ്തത് അറിഞ്ഞ ഉടനെതന്നെ കുടുംബത്തിൽ രോഗിയുമായി അടുത്ത് ഇടപഴകാൻ സാധ്യതയുള്ള സ്കൂൾ കുട്ടികൾ ഉൾപ്പെടെ എല്ലാവരേയും ഡോക്ടർമാർ അടങ്ങുന്ന സംഘം സ്ക്രീൻ ചെയ്യുകയും ടി.ഡി. വാക്സിനും,

ആന്റിബയോട്ടിക്സും നൽകുകയും രോഗലക്ഷണമുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധിതർക്കെല്ലാം ആന്റിടോക്സിൻ നൽകുകയും കോഴിക്കോട് മെഡിക്കൽ കോളേജിൽ മാത്രമല്ല ബന്ധപ്പെട്ട മറ്റാശുപത്രികളിലും വാക്സിൻ എത്തിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗബാധ റിപ്പോർട്ട് ചെയ്ത വീടിനു ചുറ്റുമുള്ള 100 വീടുകൾ സർവ്വേ നടത്തി സമാന രോഗലക്ഷണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുകയും പൂർണ്ണമായോ ഭാഗീകമായോ കുത്തിവയ്പെടുക്കാത്ത സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാപേർക്കും ടി.ഡി. വാക്സിൻ നൽകിയിട്ടുമുണ്ട്. ജില്ലയിൽ 16 വയസ്സിനു താഴെയുള്ള 1253259 കുട്ടികളിൽ 235535 കുട്ടികൾ (18.79 ശതമാനം) പൂർണ്ണമായോ ഭാഗീകമായോ കുത്തിവയ്പിന് വിധേയരാകാത്തവരാണ്. ആയതിനാൽ എല്ലാ കുട്ടികൾക്കും പൂർണ്ണമായ പ്രതിരോധശേഷി ലഭ്യമാക്കുന്നതിന് വേണ്ടി സ്പെഷ്യൽ ഇമ്യൂണൈസേഷൻ പരിപാടിയിലൂടെ കുത്തിവയ്പ് നടത്തിവരുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം നടപ്പിലാക്കിയിട്ടും കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്തുവരുന്ന സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ ഇവരെല്ലാം ചേർന്നുകൊണ്ട് വളരെ ഗൗരവമായിട്ടുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. അടിയന്തര കർമ്മപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഡോക്ടർ ജി. സുനിൽ കുമാറിനെ പ്രത്യേക ചുമതല നൽകി നിശ്ചയിച്ചിട്ടുമുണ്ട്. കൂടുതൽ കേസ്സുകൾ വരാനുള്ള സാധ്യത കണക്കിലെടുത്ത് ജനപ്രതിനിധികൾ, എം.എൽ.എ.-മാർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പുമന്ത്രി തുടങ്ങി എല്ലാവരെയും ഉൾപ്പെടുത്തികൊണ്ട് ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുകയും കാര്യങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ഡിഫ്തീരിയ രോഗബാധിത പ്രദേശങ്ങളിലെ ഈ 8 ബ്ലോക്കുകളിൽ 10 മുതൽ 16 വയസ്സു വരെയുള്ള കുട്ടികളെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് വാക്സിനേഷൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ ദിവസങ്ങളിൽ മറ്റ് ബ്ലോക്കുകളിൽ നിന്ന് ആരോഗ്യ പ്രവർത്തകരെയടക്കം വിന്യസിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു. ഇതനുസരിച്ച് 8 ബ്ലോക്കുകളിലായി 231892 കുട്ടികൾക്ക് ടി.ഡി. വാക്സിൻ നൽകിക്കൊണ്ടിരിക്കുകയാണ്. ഒരു മാസക്കാലം കൊണ്ട് മുഴുവൻ കുട്ടികൾക്കും ടി.ഡി. വാക്സിൻ നൽകുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ, മറ്റ് ആരോഗ്യ മേഖലയിലെ പ്രവർത്തകർ എന്നിവരുടെയെല്ലാം സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ നാനൂറിലേറെ നഴ്സിംഗ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ജില്ലയിൽ കൂടുതൽ പ്രചരണ പരിപാടികൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഐ.എം.എ., ഐ.എ.പി., കെ.ജി.എം.ഒ.എ. തുടങ്ങി വിവിധ സംഘടനകളുടെ സഹായവും ലഭ്യമായിട്ടുണ്ട്. ഈ മേഖലകളിൽ

നിന്ന് ശിശുരോഗ വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം എന്നിവയിലെ ഡോക്ടർമാരെയെല്ലാം ഉൾപ്പെടുത്തി ജില്ലയിലെ 1300 സ്കൂളുകളിൽ പി.ടി.എ. മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും ഈ രോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഡിഫ്തീരിയ കൂടുതൽ പൊട്ടിപുറപ്പെടാനുള്ള സാഹചര്യം കണക്കിലെടുത്ത് വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു എക്സ്പേർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ തുടർച്ചയായി അവലോകനം നടത്തുകയും മറ്റ് ഭാഗങ്ങളിലടക്കം ഡിഫ്ത്തീരിയ ഉണ്ടാകാനുള്ള സാധ്യത പരിശോധിക്കുകയും, അടിയന്തര ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതാണ്. കോഴിക്കോട് ജില്ലയിലും ഡിഫ്തീരിയ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്, അവിടെ 8 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ ശ്രദ്ധിക്കേണ്ട വസ്തുത 15 വയസ്സിനും 37 വയസ്സിനുമിടയിൽ പ്രായമുള്ള 7 പേർ രോഗബാധിതരായിട്ടുണ്ട് എന്നുള്ളതാണ്. 5 വയസ്സായ ഒരു കുട്ടിയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. 10 വയസ്സിനുമുൻപേ എടുക്കേണ്ട പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടില്ല, മരണപ്പെട്ടവരെല്ലാം കുത്തിവെയ്പ്പ് എടുക്കാത്ത ആളുകളാണ്, എല്ലാ കേസ്സുകളും അങ്ങനെയാണ്. ഭാഗികമായി മാത്രം കുത്തിവെയ്പ്പ് എടുത്തവർക്കും കുത്തിവെയ്പ്പെടുക്കാത്തവർക്കുമാണ് ഈ രോഗം പിടിപെടുന്നത്. കുത്തിവെയ്പ്പ് എടുക്കുന്നതിൽ കാണിച്ച അലംഭാവം വളരെയേറെ ശ്രദ്ധിക്കപ്പെടേണ്ട വിഷയമാണ്. കണ്ണൂർ ജില്ലയിലെ പിണറായി ബ്ലോക്കിലെ പെരിങ്ങളം പഞ്ചായത്തിലെ ഒരു കുട്ടിക്ക് ഈ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആ കുട്ടിയേയും കുടുംബാംഗങ്ങളെയുമെല്ലാം അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിക്കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ പ്രായമുള്ള ആളുകൾക്കും പരിസരപ്രദേശത്തുള്ളവർക്കും കുത്തിവയ്പ്പ് എടുക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. 231891 കുട്ടികൾക്ക് അടിയന്തരമായി പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ അവിടെ ക്യാമ്പ് ചെയ്തുകൊണ്ടുതന്നെ മലപ്പുറത്ത് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഊർജ്ജിതമായിട്ടുള്ള പ്രതിരോധ നടപടികളാണ് ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. എല്ലാപേരുടേയും സഹകരണത്തോടുകൂടി പ്രതിരോധ നടപടികൾ സ്വീകരിച്ച് രോഗപ്പകർച്ച തടയാൻ സാധിക്കുമെന്നുതന്നെയാണ് പറയാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഇവിടെ ഈ അടിയന്തരപ്രമേയം ഉന്നയിക്കുന്നത് ആരേയും കുറ്റപ്പെടുത്താനോ പഴിചാരാനോ അല്ല. എനിക്ക് ഒരു അടിയന്തരപ്രമേയം ഉന്നയിക്കുമ്പോൾ ഉണ്ടാകുന്ന ആവേശമൊന്നുമില്ല. എന്നാൽ ആശങ്കയും അല്പം ഭീതിയുമുണ്ട്. എന്നെ ഭീതിപ്പെടുത്തുന്നത് സാധാരണഗതിയിൽ ഒരു വയസ്സിനും അഞ്ചു വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്കാണ് ഡിഫ്തീരിയ ഉണ്ടാകാറുള്ളതെന്നാണ്. എന്നാൽ ഇപ്പോൾ പത്രവാർത്തകളിലൊക്കെ കാണുന്നത്, ഡോക്ടർമാർ, പി.ജി.-ക്ക് പഠിക്കുന്ന ഡോക്ടർമാർ, മെഡിക്കൽ സ്റ്റുഡന്റ്സ് അടക്കം

20-25 വയസ്സ കഴിഞ്ഞ ചെറുപ്പക്കാരും അല്ലാത്തവരുമായ ആളുകൾ പോലും പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നുണ്ട് എന്നതാണ്. എന്നുപറഞ്ഞാൽ ആരൊക്കെയാണ് കുത്തിവെയ്പ്പ് എടുക്കേണ്ടത്, കുത്തിവെയ്പ്പ് എടുക്കാത്ത ആളുകൾ ആരൊക്കെയാണ് എന്നതിനെക്കുറിച്ച് ഒരു ആശങ്ക നിലവിലുണ്ട്. ഞാൻ ആരേയും ഭീതിപ്പെടുത്താൻ വേണ്ടി പറയുകയല്ല, സമൂഹത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ആശങ്ക നമുക്ക് ചർച്ച ചെയ്യണം എന്നതിന്റെ ഗൗരവം ഉൾക്കൊള്ളാൻ വേണ്ടി മാത്രം പറഞ്ഞുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് അവിടെ മീറ്റിംഗ് വിളിച്ചുകൂട്ടി, തക്കസമയത്തു വന്നു, ഇടപെട്ടു എന്നതൊക്കെ വളരെ സ്വാഗതാർഹമായ കാര്യമാണ്. ഞാൻ ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് ആദ്യമേ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നു എന്ന നിലയ്ക്കല്ല ഇവിടെ നിൽക്കുന്നത്. മഞ്ചേരി സ്വദേശി എന്ന നിലയ്ക്ക് അവിടുത്തെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ എന്നെ വന്നുകണ്ട്, ഇങ്ങനെ പോയാൽ നമ്മുടെ ജില്ലയിൽ വളരെ ഭീതിജനകമായ രീതിയിൽ രോഗം വർദ്ധിക്കാനുള്ള സാഹചര്യമുണ്ടെന്നും അതുകൊണ്ട് നമ്മുടെ മതനേതാക്കന്മാരെ പ്രത്യേകിച്ച് ബഹുമാനപ്പെട്ട പാണക്കാട് ശിഹാബ് തങ്ങളുടെ ഒരു ഡേറ്റ് വാങ്ങണമെന്നും അദ്ദേഹവുമായി ഞങ്ങൾക്ക് മീറ്റിംഗ് നടത്തണമെന്നും പറഞ്ഞു. അങ്ങനെ ബഹുമാനപ്പെട്ട തങ്ങളെ പോയിക്കണ്ടപ്പോൾ പെരുന്നാളിന്റെ പിറ്റേദിവസം മീറ്റിംഗ് നടത്തുന്നതിനായി ഡേറ്റ് തന്നു. ബഹുമാനപ്പെട്ട തങ്ങളും അവിടുത്തെ വിവിധ മതപണ്ഡിതൻമാരും ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബും അവയിലബിളായ കുറേ മെമ്പർമാരും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും അതേദിവസം തന്നെ വന്ന് മീറ്റിംഗ് കൂടുകയും ചെയ്തു. ആ മീറ്റിംഗിൽ വച്ച് യാതൊരു ആശങ്കയുമില്ലാതെ ഡോക്ടർമാരോടും ആരോഗ്യ വകുപ്പ് നടത്തുന്ന കുത്തിവയ്പ്പിനോടും എല്ലാപേരും സഹകരിക്കണമെന്ന് എല്ലാ മീഡിയാകൾക്കും സ്റ്റേറ്റ്മെന്റ് കൊടുക്കുകയും സംഘടനാതലത്തിലും പള്ളിയിലും മദ്രസ്സയിലുമൊക്കെ ക്യാമ്പയിൻ നടത്തണമെന്ന രീതിയിൽ പ്രചാരണം കൊടുത്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 235000 കുട്ടികൾക്ക് കുത്തിവെയ്പ്പ് നടത്താൻ 8 ബ്ലോക്കുകളിലായി 19 പഞ്ചായത്തുകൾ മലപ്പുറം ജില്ലയിൽ ബാക്കി നിൽക്കുകയാണ് എന്നാണ്. മറ്റൊരു ആശങ്കയുള്ളത് കുത്തിവയ്പ്പെടുത്ത ആളുകൾക്കും അസുഖമുണ്ടാകുന്നുണ്ട് എന്നുള്ളതാണ്. ഞാൻ ഇത് വെറുതെ പറയുന്നതല്ല, ഡി.എം.ഒ. എനിക്ക് നൽകിയ രേഖകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. കുത്തിവയ്പ്പ് നടത്തിയ കുട്ടികൾക്കുപോലും രോഗം ഉണ്ടായിട്ടുണ്ട്. എന്നാൽ മരണം സ്ഥിരീകരിച്ചിട്ടില്ല. ഈ രോഗം മൂർച്ഛിച്ചു കഴിഞ്ഞാൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കണക്കുകൾ ഏറെക്കുറെ കൃത്യമായിരുന്നു. പാലക്കാട് ജില്ലയിൽ ഈ രോഗം ഉണ്ടെന്ന് പറയുന്നത് സംശയത്തിന്റെ പേരിലാണ്. യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമായിരിക്കും. എന്തായാലും മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് വായുവിൽക്കൂടി പകരാൻ സാധ്യതയുള്ള രോഗമാണ്. മാത്രമല്ല മുതിർന്ന ആളിനോ ഒരു കുട്ടിക്കോ രോഗമുണ്ടെന്ന് പെട്ടെന്ന് ലക്ഷണം വച്ച്

ഐഡന്റിഫൈ ചെയ്യാൻ കഴിയില്ല. ഒരു കുട്ടിയോ മുതിർന്ന ആളോ തുമ്മുകയോ അല്ലെങ്കിൽ അവർ ഉപയോഗിച്ച ഗ്ലാസ്സും മറ്റും മറ്റാരെങ്കിലും ഉപയോഗിക്കുകയോ അല്ലെങ്കിൽ കല്ല്യാണ ആവശ്യത്തിനായോ മീറ്റിംഗിനായോ ട്രെയിനിലോ കാറിലോ സഞ്ചരിക്കുകയോ ചെയ്യുന്ന ഒരാളിനെ രോഗം ബാധിക്കുകയാണെങ്കിൽ ആ ആളിൽ നിന്നും ഇരുപതോളം പേർക്ക് രോഗം പകർത്താൻ കഴിയുന്ന തരത്തിലുള്ള രോഗാണുക്കളുണ്ടെന്നാണ് ഡോക്ടർമാരുമായി നടത്തിയ ചർച്ചകളിൽ എനിക്ക് ബോധ്യമായത്. ഇതിൽ രാഷ്ട്രീയം ഒന്നുമില്ല. 235000 കുട്ടികൾക്ക് മരുന്ന് കൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, വാസ്തവത്തിൽ 2000 കുട്ടികൾക്ക് കൊടുക്കാനുള്ള മരുന്ന് പോലും അവിടെ സ്റ്റോക്കില്ല. അതാണ് നമ്മെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം. ആവശ്യത്തിന് മരുന്നില്ല, അത് എത്തിക്കുന്നതിനുള്ള അടിയന്തര നടപടി ഉണ്ടാകണം. അതിന് ജില്ല തിരിച്ച് കമ്പാർട്ടുമെന്റായി എടുക്കാൻ കഴിയില്ല. ഈ രോഗം പെട്ടെന്ന് മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിക്കാതിരിക്കാനും കൈവിട്ട് പോകാതിരിക്കാനും നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്നതിനെ സംബന്ധിച്ച് അടിയന്തരമായി ചിന്തിക്കണം. മുമ്പ് യു.എസ്.എസ്.ആർ.-ന്റെ ശിഥിലീകരണ കാലഘട്ടത്തിൽ പൊളിറ്റിക്കലായി ഒരു അസന്തുലിതാവസ്ഥ ഉണ്ടായപ്പോൾ 5,000 ആളുകൾക്ക് രോഗം പിടിപെടാനും മരണമുണ്ടാകാനും കാരണമായെന്ന് ഡോക്ടർമാർ എന്നോട് നടത്തിയ ചർച്ചയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ റഷ്യയിൽ അറുപതു വയസ്സായ ഒരാൾക്ക് ഡിഫ്തീരിയ പിടിപെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ രോഗത്തെ നമ്മൾ ലളിതമായി കാണാതെ, രോഗവും രോഗം പടരാനുള്ള സാഹചര്യവും മൂർദ്ധന്യമായിട്ടുള്ള അവസ്ഥയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ കാര്യത്തിൽ ഇടപെടണം. ഇപ്പോൾ ഐസൊലേറ്റ് ചെയ്ത വാർഡുകളിൽ പോയി നോക്കിയാൽ ഇരുപത്തിയഞ്ചോ നാൽപ്പതോ ആളുകളേ ഉണ്ടാകുകയുള്ളൂ. കോഴിക്കോട് മെഡിക്കൽ കോളേജിൽ നാൽപ്പത്തഞ്ചോളം രോഗികളെ ചിലപ്പോൾ ഉണ്ടാകുകയുള്ളൂ. പക്ഷേ ഇതിലും കൂടുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതി. നമ്മുടെ പരിമിതി നമുക്ക് എല്ലാപേർക്കുമറിയാം. ആരോഗ്യ രംഗത്ത് നമുക്കുള്ള പരിമിതികൾ വളരെ കൂറവാണ്. അതുകൊണ്ട് ഈ രോഗം മൂർച്ഛിച്ച് കൈവിട്ട് പോകുകയാണെങ്കിൽ രോഗികൾ സ്വകാര്യമേഖലയിലെ ഭയാനകമായ രീതിയിലുള്ള ചൂഷണത്തിന് വിധേയമാകാൻ സാധ്യതയുണ്ട്. ഈ രോഗത്തിന്റെ പ്രതിരോധ കുത്തിവയ്പിനായി വെറും പത്തോ പന്ത്രണ്ടോ രൂപ മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ഇപ്പോൾ ഗവൺമെന്റ് മരുന്ന് സൗജന്യമായി കൊടുക്കുകയാണ്. നിർഭാഗ്യവശാൽ ഈ മരുന്ന് കേരളത്തിൽ ഒരിടത്തും തന്നെ ഉൽപ്പാദിപ്പിക്കുന്നില്ല. അതിനാൽ പുറമെനിന്നും എത്തിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ സ്വകാര്യ മേഖലയിൽ നിന്നും വലിയ വില നൽകി മരുന്ന് വാങ്ങേണ്ടതായിവരും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രായവ്യത്യാസമില്ലാതെ എല്ലാപേരും കുത്തിവയ്പ് എടുക്കണമെന്ന സാഹചര്യമുണ്ടാകുമ്പോൾ എത്രമാത്രം മരുന്നാണ് നമുക്ക് വേണ്ടിവരുന്നതെന്ന് നമ്മൾ അസ്സെസ്സ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിന് മറുപടി പറയുകയും ഈ വിഷയം ഗൗരവമായി

എടുക്കുകയും ചെയ്യുതിൽ എനിക്ക് സന്തോഷമുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ ഇതിനെപ്പറ്റി പഠിക്കാനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമെന്ന് അങ്ങ് പത്രപ്രസ്താവന നടത്തിയത് വായിക്കാനിടയായി. അതിന് നിയമസഭാ സമ്മേളനം കഴിയുന്നതുവരെ കാത്തിരിക്കാൻ കഴിയില്ല. അത് അങ്ങ് പറഞ്ഞതിൽ വന്ന തെറ്റാണോ അതോ എഴുതിയവർക്ക് ഉണ്ടായ തെറ്റാണോയെന്ന് അറിയില്ല. എന്തായാലും ഇതുപോലെ ഗൗരവമേറിയ ഒരു സംഗതി നിയമസഭാ സമ്മേളനം കഴിയുംവരെ നീട്ടിക്കൊണ്ട് പോകാൻ പറ്റിയ ഒരു സാഹചര്യമല്ല. ഗൗരവം മനസ്സിലാക്കിയ സ്ഥിതിക്ക് അടിയന്തരമായി ഇടപെട്ട് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഈ രോഗം നിയന്ത്രണവിധേയമാക്കുന്നതിനായി അടിയന്തരമായി ക്യാമ്പയിൻ നടത്തുകയും അതിനുള്ള മരുന്ന് ലഭ്യമാക്കുകയും ചെയ്യുക. അതുപോലെ തന്നെ പാരാമെഡിക്കൽ സ്റ്റാഫിന്റെ കാര്യം. ഈ രോഗത്തെപ്പറ്റി ചർച്ച ചെയ്യാൻ ഡി.എം.ഒ. വിളിച്ചുചേർത്ത മീറ്റിംഗിൽ, ഗസറ്റഡ് ഉദ്യോഗസ്ഥരേ ഇരിക്കാൻ പാടുള്ളൂ എന്ന് ബാലിശമായ രീതിയിൽ കെ.ജി.എം.ഒ.എ.-യും ഒരു സംഘടനയുമായി ഉണ്ടായ തർക്കം കാരണം ആ മീറ്റിംഗ് അലസി പിരിയേണ്ടതായി വന്നു എന്നൊരു വാർത്ത ഇന്നത്തെ പത്രത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ട് ഇത് വളരെ ഗൗരവമായി എടുക്കണം. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിനുള്ള പരിഹാരമുണ്ടാക്കുന്നതിനുള്ള ചർച്ച നടത്തണം. ഇതൊരു അടിയന്തരപ്രമേയമായി കണ്ട് ഇറങ്ങിപോക്ക് നടത്തുന്നതിനുള്ള സാഹചര്യമല്ല. ഇത് നമ്മൾ ചർച്ച ചെയ്യണം, ചർച്ച ചെയ്യുമ്പോൾ ഓരോ ജില്ലയിലുമുള്ളവർക്ക് അവരുടെ ആശങ്കകൾ മാറ്റി, അടിയന്തരമായി പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിന്റെ ശ്രദ്ധയും ഇടപെടലും ഉണ്ടാകണം. അതിന് വേണ്ടി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഒട്ടും ഗൗരവം കുറച്ചല്ല കാണുന്നത്. അതുകൊണ്ട് തന്നെയാണ് വളരെ വിശദമായി അത്തരം കാര്യങ്ങൾക്കുള്ള മറുപടി ഇവിടെ നൽകിയിട്ടുള്ളതും, സ്വീകരിച്ചതും സ്വീകരിക്കാൻ പോകുന്നതുമായ നടപടികളെക്കുറിച്ച് വിശദീകരിച്ചിട്ടുള്ളതും. പ്രായമായവർക്കും ഈ രോഗം ബാധിക്കുന്നുവെന്നത് ഗൗരവമേറിയ വിഷയമാണെന്ന് ഞാൻ തുടക്കത്തിലേ വിശദമാക്കിയിരുന്നു. പ്രായമായവരുടെ ഇമ്മ്യൂണൈസേഷൻ കുറയുകയാണെന്നത് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. ഇത്തരം പ്രദേശങ്ങളിൽ എന്തുകൊണ്ടാണ് പ്രതിരോധ കുത്തിവയ്പ്പ് ഇത്ര വ്യാപകമായി നടക്കാതെ പോയതെന്ന് നാം ചിന്തിക്കണം. അതുകൊണ്ടാണ് പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് രോഗം വരുമ്പോൾ രോഗത്തിന്റെ ഭീകരത കൂടുന്നത്. പ്രതിരോധ കുത്തിവയ്പ്പെടുത്താലും ചിലപ്പോൾ മരണം സംഭവിച്ചേക്കാം. എന്നാൽ പലപ്പോഴും അതിനുള്ള സാധ്യത വളരെ കുറവാണ്. എന്നാൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാതിരിക്കുമ്പോൾ ഈ രോഗാണുവിന്റെ അതിജീവന ശേഷിയും ആക്രമണ ശേഷിയും കൂടുകയാണ്. ആ പ്രദേശത്തും അത്തരത്തിലുള്ള

രോഗാണുവിന്റെ ആക്രമണശേഷി കൂടാറുണ്ട്. അതുകൊണ്ടാണ് പ്രായമായ ആളുകളടക്കമുള്ളവരിൽ ഈ രോഗം വരാൻ സാധ്യതയുള്ളത്. അങ്ങനെ വരുമ്പോൾ പ്രായമായ ആളുകൾക്ക് ഇതിന്റെ ബൂസ്റ്റർ ഡോസ് മരുന്ന് കൊടുക്കേണ്ടതായി വരുന്നു. അപ്പോൾ പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമാക്കുക എന്നുള്ളതാണ് ഏറ്റവും കരണീയമായിട്ടുള്ള വസ്തുത. എന്തുകൊണ്ടാണ് ഇതിനുള്ള പ്രതിരോധ കുത്തിവയ്പ്പ് ചില പ്രദേശങ്ങളിൽ വർഷങ്ങളായി എടുക്കാത്തതെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പത്തു പതിനഞ്ച് വയസ്സ് പ്രായമായ കുട്ടികളെ പരിശോധിച്ചതിൽ അവർക്ക് അഞ്ച് വയസ്സിനും പത്തുവയസ്സിനുമിടയിൽ എടുക്കേണ്ട പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടില്ലായെന്ന് മനസ്സിലായി. അതിന് പിന്നിൽ ചില മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രചരണമായിരുന്നോയെന്ന് ചിലർ സംശയിച്ചിരുന്നു. അന്ധവിശ്വാസജഡിലമായ കുറെ കാര്യങ്ങൾ ഇന്ന് സമൂഹത്തിൽ നടക്കുന്നുണ്ട്. നാഡീ ചികിത്സയെന്ന് പറഞ്ഞ് തൊട്ട് ചികിത്സിച്ചാൽ ഇതെല്ലാം മാറും, അതുകൊണ്ട് കുത്തിവയ്പ്പ് എടുക്കേണ്ടതില്ല എന്ന് ചില വ്യാജ സിദ്ധന്മാർ ഇവിടെ പ്രചരിപ്പിക്കുന്നുണ്ട്. ഇങ്ങനെയൊരു പ്രചാരണം നടന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട പാണക്കാട് മുഹമ്മദാലി ശിഹാബ് തങ്ങളോടും അതുപോലെ മറ്റ് മതപണ്ഡിതന്മാരോടെല്ലാം ഇതിനെപ്പറ്റി സംസാരിച്ചിരുന്നു. അപ്പോൾ അവരെല്ലാം പറഞ്ഞത് ഞങ്ങളെല്ലാം മതപരമായ യാതൊരു കാര്യവും ഇക്കാര്യത്തിൽ ചെയ്യാൻ ഇഷ്ടപ്പെടുന്നവരല്ലായെന്നും പ്രതിരോധ കുത്തിവയ്പ്പിനും നടപടിക്കും പൂർണ്ണ പിൻതുണ വാഗ്ദാനം ചെയ്യുന്നുവെന്നുമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഞാൻ ചെല്ലുന്ന ദിവസംതന്നെ രാവിലെ ബഹുമാനപ്പെട്ട പാണക്കാട് തങ്ങളുടെ നേതൃത്വത്തിൽ അവിടെ ചില മീറ്റിംഗുകൾ നടന്നു. പ്രതിരോധ നടപടിക്ക് പൂർണ്ണ പിന്തുണ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ബഹുമാനപ്പെട്ട കാന്തപുരം എ. പി. അബൂബേക്കർ മുസലിയാരും അദ്ദേഹത്തിന്റെ അനുയായികളെ ഈ പ്രതിരോധ നടപടികളിൽ സജീവമായി പങ്കെടുപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ ജമാഅത്-ന്റെ ചില ആളുകളും പിന്തുണ അറിയിച്ചിട്ടുണ്ട്. അതൊന്നും പ്രത്യേകമായി ഇവിടെ എടുത്ത് പറയേണ്ടതില്ലായെന്നുള്ളതുകൊണ്ടാണ് സൂചിപ്പിക്കാതിരുന്നത്. പ്രതിരോധ നടപടികൾക്ക് നല്ല പിന്തുണയാണ് അവരിൽ നിന്നും കിട്ടിയിട്ടുള്ളത്. പക്ഷേ ആ പ്രദേശത്താകെ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്തവരുടെ എണ്ണം കൂടുതലാണെന്നുള്ളത് മനസ്സിലാക്കുന്നു. ഞാൻ ഇവിടെ രണ്ട് ലക്ഷത്തി മുപ്പത്തയ്യായിരം എന്ന കണക്ക് പറഞ്ഞത് ആ സമയത്ത് പ്രതിരോധ കുത്തിവയ്പ്പ് എടുക്കാൻ ബാക്കിയുള്ളവരുടേതാണ്. അവരിൽ പകുതിയിലധികം പേർക്ക് ഇപ്പോൾ പ്രതിരോധ കുത്തിവയ്പ്പ് എടുത്തുകഴിഞ്ഞു. രോഗം വന്ന പ്രദേശത്തെ എല്ലാപേർക്കും കുത്തിവയ്പ്പെടുത്തു. ബാക്കിയുള്ളവർക്ക് മുൻകരുതലെന്ന നിലയ്ക്ക് കുത്തിവയ്പ്പ് എടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ രോഗം റിപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ പ്രതിരോധ മരുന്നിന്റെ കുറച്ച് ക്ഷാമമുണ്ടായിരുന്നു. ആ സമയത്ത് ആരോഗ്യ വകുപ്പ് അടിയന്തരമായി ഇടപെട്ട് ആവശ്യമായ പ്രതിരോധ വാക്സിൻ കൊണ്ടുവരാനുള്ള നടപടിയെടുക്കുകയും ചെയ്തു. രണ്ട് കമ്പനികളാണ് ഈ രോഗത്തിനുള്ള പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u> : കഴിഞ്ഞ മൂന്നുനാല് ദിവസമായി പ്രതിരോധ ക്യാമ്പ് നടത്തുകയോ പ്രതിരോധ മരുന്ന് എത്തിക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്.....(....ബഹളം.....)

<u>മി. സ്പീക്കർ</u> : മിനിസ്റ്ററെ സംസാരിക്കാൻ അനുവദിക്കു പ്ലീസ്...

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: അത് വെറുതെ പറയുകയാണ്. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കും. (……ബഹളം....)

<u>മി. സ്പീക്കർ</u> : മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഈ വിഷയം ഇങ്ങനെയൊരു തർക്കവിഷയമാക്കേണ്ടുന്ന കാര്യമല്ല. ഇത് പരിശോധിക്കേണ്ടതാണ്. അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. ഉമ്മർ അവിടെ നടന്നിട്ടുള്ള കാര്യങ്ങളെല്ലാം വളരെ ഭംഗിയായും അന്തസ്സോടെയും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് നടത്തിയ ഇടപെടലിനെക്കുറിച്ചും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർക്ക് എവിടെയെങ്കിലും ക്യാമ്പ് തടസ്സപ്പെട്ടിട്ടുണ്ടെന്ന് പരാതിയുണ്ടെങ്കിൽ അത് എഴുതിത്തന്നാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അത് ഒരു വലിയ വിവാദ വിഷയമാക്കി മാറ്റേണ്ട ആവശ്യമില്ല. രണ്ട് കമ്പനികളാണ് ഈ മരുന്ന് ഉല്പാദിപ്പിക്കുന്നത്. സിറം ഇൻസ്റ്റിറ്റ്യൂട്ടും ബയോളജിക്കൽ-ഇ കമ്പനിയും. സാധാരണ ഇത്തരത്തിലുള്ള രോഗബാധ ധാരാളമായി ഇല്ലാത്ത സമയത്ത് അമിതമായി സ്റ്റോക്ക് ചെയ്യേണ്ട മരുന്നല്ല ഇത്. എന്നാൽ രോഗബാധ പ്രത്യക്ഷപ്പെട്ട ഉടൻതന്നെ നാലര ലക്ഷം ഡോസ് മരുന്ന് ലഭ്യമാക്കാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പകുതിയിലേറെ മരുന്ന് ഇപ്പോൾത്തന്നെ വന്നുകഴിഞ്ഞു. അത് മലപ്പുറത്തേക്കും വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇനി കേരളത്തിൽ എവിടെ ഈ രോഗം ഉണ്ടായാലും അവിടെയെല്ലാം കുത്തിവയ്പ് എടുക്കാനുള്ള മരുന്ന് ആരോഗ്യവകുപ്പ് ലഭ്യമാക്കുന്നതാണ്. അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാവരുടേയും പിന്തുണ പ്രതിരോധ നടപടികൾക്ക് ഉണ്ടാകണമെന്ന മാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഇത്രയും നടപടികൾ സ്വീകരിച്ച മുറയ്ക്ക് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജില്ലയിലും ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : അതുകൂടി പരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് വിവാദമാക്കേണ്ട ഒരു വിഷയമല്ല എങ്കിലും കേരളം വളരെ ഗൗരവത്തോടുകൂടി വീക്ഷിക്കേണ്ട ഒരു കാര്യമാണ്. ഇന്ന് 'ദി ഹിന്ദു' പത്രത്തിൽ ഒരു റിപ്പോർട്ടുണ്ട്. 'Not just Malappuram: Malappuram is not only the problem district. 7 medium focus districts; Kannur, Kozhikode, Ernakulam, Thrissur, Palakkad, Kottayam & Kollam have also been identified where there are gaps in immunization cover because of resistance to vaccination'.

വാക്സിനേഷൻ കൊടുത്താൽ ഉണ്ടാകുന്ന അപകടത്തെപ്പറ്റി ചില തെറ്റായ പ്രചരണം നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽത്തന്നെ വ്യാപകമായ പ്രചരണം ഇതിനുവേണ്ടി സംഘടിപ്പിച്ചതാണ്. അന്ന് ശ്രീ. പാണക്കാട് തങ്ങളും ബഹുമാന്യനായ കുഞ്ഞാലിക്കുട്ടിയുമടക്കമുള്ളവർ ഈ പ്രചരണത്തിന് നേതൃത്വം കൊടുത്തിരുന്നു. കൂടാതെ ധാരാളം ആളുകളെ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി വീടുകളിൽപ്പോയി സന്ദർശിക്കുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഈ രോഗം വ്യാപകമായതിന്റെ പ്രധാനപ്പെട്ട കാരണം വാക്സിനേഷൻ നടക്കുന്നില്ല എന്നുള്ളതാണ്. വെസ്റ്റേൺ രാജ്യങ്ങളിൽ അഡൽറ്റ് ഇമ്മ്യൂണൈസേഷനുണ്ട്. അതൊരു പ്രാക്ടീസാണ്. പ്രായമായ ആളുകളും വാക്സിനേഷന് വിധേയമാകുന്നത് വെസ്റ്റേൺ രാജ്യങ്ങളിലെ ഒരു പതിവാണ്. പക്ഷേ നമ്മുടെ രാജ്യത്ത് അതില്ല. ഇവിടെ മെഡിക്കൽ ഡോക്ടർമാരോ മെഡിക്കൽ പ്രാക്ടീഷണർമാരോ അതായത് മെഡിക്കൽ രംഗത്തുള്ള ആളുകളോ പോലും ഇമ്മ്യൂണൈസേഷന് വിധേയമാകാത്തതുകൊണ്ടാണ് പ്രായമുള്ള ആളുകൾക്കും ഇത് ഉണ്ടാകുന്നത്. മൂന്ന് കാര്യങ്ങളാണ് ഇതിനകത്തുള്ളത്. ഒന്ന്, വ്യാപകമായ പ്രചരണം ഇക്കാര്യത്തിൽ ആവശ്യമാണ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വ്യാപകമായി ഡിഫ്തീരിയയ്ക്ക് എതിരായിട്ടുള്ള ഒരു പ്രചരണം നടത്തുകയും കുട്ടികളെ പ്രത്യേകിച്ചും വാക്സിനേഷന് വിധേയമാക്കുകയും ചെയ്യണം. രണ്ടാമതായി ഇതിനെ പ്രതിരോധിക്കാനുള്ള എളുപ്പവഴി അഡ്മിഷൻ നടക്കുന്ന സമയത്തുതന്നെ നിർബന്ധമാക്കുകയും വ്യാപകമായ പ്രചരണം ഇതിനുവേണ്ടി നടത്തുകയും ചെയ്യുക എന്നുള്ളതാണ്. മൂന്നാമത്തെ കാര്യം, മെഡിസിൻ ഇല്ല എന്നും ഇപ്പോൾ ഉപയോഗിക്കുന്ന മെഡിസിൻ മാറ്റുന്നു എന്നുമുള്ള പരാതികൾ വളരെ വ്യാപകമായി ഉയർന്നുവരുന്നുണ്ട്. ടി.ടി. (ടെറ്റനസ് ടോക്സൈഡ്) ആണ് ഇപ്പോൾ കൊടുക്കുന്നത്.

അതിനുപകരം ടെറ്റനസ് ഡിഫ്തീരിയ എന്നുപറയുന്ന പുതിയ ഒരു മരുന്ന് കൊടുക്കുന്നതിനെപ്പറ്റി ഡി.എച്ച്.എസ്. ആലോചിക്കുന്നുണ്ട് എന്നുള്ള വാർത്തകളും പുറത്തുവരുന്നുണ്ട്. അങ്ങനെ ഒരു പുതിയ വാക്സിൻ ഉപയോഗിക്കുകയാണെങ്കിൽ WHO പോലുള്ള ആധികാരികമായ സ്ഥാപനങ്ങളുടെ അനുവാദം വാങ്ങിയിട്ടുണ്ടോ എന്നും വാങ്ങിയിട്ടില്ലെങ്കിൽ അത് ഉപയോഗിക്കുന്നത് ശരിയാണോ എന്ന് ആരോഗ്യ വകുപ്പുമന്ത്രി പരിശോധിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ മൂന്ന് വകുപ്പുകളും ഒരുമിച്ച് നിന്നുകൊണ്ട് ഇതിനെതിരായ ഒരു സാമൂഹ്യ അവബോധം സൃഷ്ടിക്കേണ്ടതാണ്. ശ്രീ. പി. ഉബൈദുള്ള ഇന്നിവിടെ പറഞ്ഞത് വളരെ ശരിയാണ്. ഇന്നലെ ഇക്കാര്യം എന്നോട് ഒന്നുരണ്ട് ആളുകൾ പറഞ്ഞിരുന്നു. ക്യാമ്പുകൾ നടക്കുന്നില്ല, ആദ്യമുണ്ടായ ഒരു പ്രവർത്തനം പിന്നീട് നടക്കുന്നില്ല എന്നുള്ളതും ഒരു പരാതിയായി ഉയർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ ഇടപെടലുകൾ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

## III ശ്രദ്ധ ക്ഷണിക്കൽ

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ ശ്രദ്ധ ക്ഷണിക്കലിന് നൽകിയ അതേ വിഷയം ശ്രീ. പി. വി. അൻവർ സബ്മിഷനായി എഴുതിത്തന്നിട്ടുണ്ട്.

### (1) മലബാർ മേഖലയിലെ പ്രവാസികളും വിമാനയാത്രികരും നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലബാറിലെ അന്താരാഷ്ട്ര വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളം ഇന്ന് വളരെ ദുഃസ്ഥിതി നേരിടുകയാണ്. കോഴിക്കോട് എയർപോർട്ട് ഭാഗികമായി അടച്ചിട്ടിട്ട് ഒരു വർഷം പിന്നിടുകയാണ്. റൺവേയുടെ ബലക്ഷയം തീർക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഇത് അടയ്ക്കുന്ന സമയത്ത് പറഞ്ഞത് ആറ് മാസം കൊണ്ട് പൂർവ്വസ്ഥിതിയിലാക്കുമെന്നായിരുന്നു. ഇതുപറഞ്ഞ് ഒരു വർഷം പിന്നിടുമ്പോഴും എന്ന് പൂർവ്വസ്ഥിതിയിലാക്കുമെന്ന് അധികൃതർക്ക് പറയാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ജനങ്ങൾ ഉണ്ടാക്കിയെടുത്ത ഒരു എയർപോർട്ടാണിത്. അത്രയേറെ പ്രതീക്ഷകളോടുകൂടി മലബാറിന് ചിറക് വച്ചതായിരുന്നു ഈ എയർപോർട്ട്. എന്നാൽ ഇന്ന് ചില ആളുകൾ ഈ എയർപോർട്ട് തകർക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. യാത്രക്കാരുടെ എണ്ണംകൊണ്ടും വരുമാനം കൊണ്ടും ഇന്ത്യയിലെ അഞ്ച് പ്രധാനപ്പെട്ട എയർപോർട്ടുകളിൽ ഒന്നാണ് കോഴിക്കോട് എയർപോർട്ട്. ഒരു കൊല്ലക്കാലത്തെ അടച്ചിടൽകൊണ്ട് 25 ശതമാനം യാത്രക്കാർ ഇവിടെ കുറഞ്ഞു.

അതുപോലെ സൗദി അറേബ്യയിലേക്കുള്ള റിയാദ്-ജിദ്ദ സർവ്വീസുകളിൽ ധാരാളം ആളുകൾ ഇവിടെനിന്നാണ് പോയിരുന്നത്. മണ്ണാർക്കാട് താലൂക്ക്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽനിന്നാണ് റിയാദ്-ജിദ്ദ മേഖലകളിൽ ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത്. ആ സർവ്വീസ് പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. സൗദി എയർലൈൻസ് ഓഫീസ് മാസങ്ങൾക്ക് മുമ്പ് അടച്ചുപൂട്ടി. ഒരു എയർപോർട്ടിൽ നിന്ന് ഒരു ഓഫീസ് സംവിധാനം പോയിക്കഴിഞ്ഞാൽ പിന്നെ അതവിടെ തിരിച്ചുവരിക പ്രയാസമാണ്. യു.എ.ഇ.-യുടെ ഫ്ലൈറ്റായിട്ടുള്ള എമിറൈറ്റ്സിന്റെ ഓഫീസ് ഇപ്പോൾ പൂട്ടൽ നടപടികളിലാണ്. പൂട്ടിയ ഓഫീസുകൾ തിരിച്ചുവരില്ല. മറ്റൊരു കാര്യം ഹജ്ജ് യാത്ര പൂർണ്ണമായും കോഴിക്കോട് നിന്ന് മാറ്റിയിരിക്കുകകയാണ്. കോഴിക്കോടും അതിന്റെ പരിസരത്തു നിന്നുമാണ് ഇന്ത്യയിൽനിന്നുതന്നെ ഏറ്റവും കൂടുതൽ ആളുകൾ ഹജ്ജിനുപോകുന്നത്. അത് പ്രായംചെന്ന ആളുകളായതുകൊണ്ടുതന്നെ അവർക്ക് ഒരുപാട് പ്രയാസങ്ങൾ ദീർഘദൂര യാത്രകളിൽ ഉണ്ടാകുന്നുണ്ട്. അതുപോലെ പച്ചക്കറി, വെറ്റില, പഴവർഗ്ഗങ്ങൾ എന്നിവ വളരെ വ്യാപകമായി കയറ്റുമതി ചെയ്തിരുന്ന ഈ എയർപോർട്ടിൽനിന്ന് ഇപ്പോൾ എയർകാർഗോ 40 ശതമാനം കുറഞ്ഞു. 8 മണിക്കൂർ പൂർണ്ണമായും അടച്ചിടുന്നു, തുറക്കുന്ന 16 മണിക്കൂറിലാകട്ടെ ഭയങ്കര തിക്കും തിരക്കുമായി യാത്രക്കാർ വളരെ ബുദ്ധിമുട്ട് നേരിടുകയാണ്. ഈ എയർപോർട്ടിനെ തകർക്കാൻ ചില ഗൂഢമായ ശ്രമങ്ങളുണ്ടോ എന്ന് സംശയിക്കേണ്ടതുണ്ട്. ആ ആശങ്ക ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. എയർ ഇന്ത്യ പോലും നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. ഹൈദരാബാദിൽനിന്ന് ചെറിയ വിമാനങ്ങൾ സൗദി അറേബ്യയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ആ ചെറിയ വിമാനങ്ങൾ ഉപയോഗിച്ച് കോഴിക്കോട് നിന്നും എയർ ഇന്ത്യ സർവ്വീസ് നടത്തുന്നില്ല. നമ്മുടെ സ്വന്തം എയർ ഇന്ത്യക്കുപോലും കോഴിക്കോടിനോട് ഒരു വിവേചനമുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ ജോലികൾ തീർന്നാലും പഴയപടി വലിയ വിമാനങ്ങൾ സർവ്വീസ് നടത്തുമെന്ന് അധികൃതർക്ക് ഉറപ്പ് പറയാൻ കഴിയുന്നില്ല. വലിയ വിമാനങ്ങൾ വരാൻ കഴിയാത്ത സ്ഥിതിയാണ് റൺവേക്കുള്ളത്. റൺവേ നന്നാക്കിയശേഷം വലിയ വിമാനങ്ങൾ വരുമെന്നാണ് പറഞ്ഞത്. 300-ൽ താഴെ യാത്രക്കാർ യാത്രചെയ്യുന്ന വിമാനങ്ങൾ മാത്രമാണ് ഇപ്പോൾ കോഴിക്കോടുനിന്ന് പോകുന്നത്. ഇങ്ങനെ കോഴിക്കോടിനെ ചെറുതാക്കി ചെറുതാക്കി ആ വിമാനത്താവളത്തെ കേരളത്തിലെ കേവലമൊരു ഡൊമസ്റ്റിക് എയർപോർട്ടാക്കി മാറ്റുമോ എന്ന ആശങ്ക പോലും ബന്ധപ്പെട്ടവർക്കിടയിൽ ഉണ്ടായിട്ടുണ്ട്. മറ്റൊരു സംഗതി ചൂണ്ടിക്കാണിക്കുവാനുള്ളത് വിമാനത്താവളത്തിന്റെ വലിപ്പക്കുറവ് കൊണ്ടാണ് വലിയ വിമാനങ്ങൾ പോകാത്തത് എന്നുള്ളതാണ്. ലക്നൗ എയർപോർട്ട് കോഴിക്കോട് എയർപോർട്ടിനേക്കാൾ ചെറുതാണ്, ആ എയർപോർട്ടിൽനിന്ന് വലിയ

വിമാനങ്ങൾ പോകുന്നുണ്ട്. ഇത് വലിയ ഇരുട്ടത്താപ്പാണ്. കോഴിക്കോട് എയർപോർട്ടിനുള്ള സ്ഥലമെടുപ്പിന്റെ കാര്യങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മഞ്ചേരിയിൽവച്ച് നടത്തിയിട്ടുള്ള പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. സ്ഥലം എം.എൽ.എ. ശ്രീ. അബ്ദുൾ ഹമീദ് മാസ്റ്ററുടെ നേതൃത്വത്തിൽ ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. ഉൾപ്പെടെയുള്ളവരും അവിടെ സ്ഥലമെടുപ്പിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സ്ഥലമെടുത്ത് നൽകുന്നതിനുവേണ്ടി നാട്ടുകാർക്കിടയിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവിടെ ഉയർത്തിക്കാണിക്കുന്ന മറ്റൊരു പ്രശ്നം പ്രവാസികളുടെ യാത്രാ ദുരിതമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് ഈ എയർപോർട്ടിന്റെ പരിസരത്താണ്. അതുകൊണ്ടുതന്നെ നാട്ടുകാരുടെ പരിശ്രമത്തിന്റെ ഫലമായാണ് ഒരു ജനകീയ എയർപോർട്ട് അവിടെ വന്നത്. വളരെ ദ്രുതഗതിയിൽ അതിന്റെ വളർച്ചയുണ്ടായി എങ്കിലും ഇന്നത് വലിയ തകർച്ചയിലാണ്. ആ പ്രവാസികളുടെ യാത്രാദുരിതവും നമ്മൾ കാണേണ്ടതുണ്ട്. അതുകൊണ്ട് കോഴിക്കോട് എയർപോർട്ടിനെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നമ്മുടെ സംസ്ഥാന ഗവൺമെന്റും ഈ നിയമസഭയും അതിന്റേതായ ഗൗരവത്തോടെ ഇടപെടണമെന്ന് ആയിരക്കണക്കിന് പ്രവാസികൾക്കുവേണ്ടിയും മലബാറിലെ മുഴുവൻ വികസന സ്നേഹികൾക്ക് വേണ്ടിയും ഞാൻ അഭ്യർത്ഥിക്കുകയാണ്.

10.00 am]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച പ്രശ്നങ്ങളോട് സംസ്ഥാന സർക്കാരിന് പൂർണ്ണ യോജിപ്പാണുള്ളത്. ഈ എയർപോർട്ടുമായി ബന്ധപ്പെട്ട് പ്രവാസികൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ, അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ എയർപോർട്ടിനെ തകർക്കാൻ ചിലർ ശ്രമിക്കുന്നുണ്ടെന്ന കാര്യം രണ്ട് വട്ടം അദ്ദേഹം പ്രസ്താവിച്ചു. കൂടാതെ ഇപ്പോഴത്തെ പണി പൂർത്തിയാക്കിയാലും പഴയതു പോലെ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കുമോ എന്ന ആശങ്കയും പ്രകടിപ്പിച്ചു. വിമാനത്താവളത്തിലെ ബേസിക് സ്ട്രിപ്പിൽ സ്ഥിതി ചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. ഇതിനായി 137 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള റൺവേയുടെ നീളം 2850 മീറ്ററാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ ധാരാളം യാത്രക്കാരുള്ള ഒരു വിമാനത്താവളമാണിത്. ഇവിടെ ജംബോ വിമാനങ്ങളടക്കം ഇറങ്ങേണ്ടതുണ്ട്. ജംബോ വിമാനങ്ങൾ സഞ്ചാരയോഗ്യമാക്കുന്നതിന് റൺവേയുടെ നീളം 3400 മീറ്ററും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററുമാക്കണം. അതോടൊപ്പം പാരലൽ ടാക്സി വേ

നിർമ്മിക്കുകയും റൺവേ എന്റ് സേഫ്റ്റി ഏരിയ നിയമാനുസൃതം 240 മീറ്റർ വീതമാക്കുകയും വേണം. ഇതിനായി 248 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതാണ് അവിടെയുള്ള പ്രശ്നം. ആയതിനാൽ ഇക്കാര്യത്തിൽ നമ്മളെല്ലാവരും ഒരുമിച്ച് ശ്രമിക്കണം, സ്ഥലം ലഭിച്ചാൽ മാത്രമേ എയർപോർട്ട് ശരിയായ രീതിയിൽ നിലനിർത്താൻ സാധിക്കൂ. ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കിയാൽ മാത്രമേ വലിയ വിമാനങ്ങൾ ഇറങ്ങുന്നത് പ്രായോഗികമാകൂ. വിമാനത്താവളത്തിന്റെ പൂർണ്ണ രൂപത്തിലുള്ള പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും വേണം. ഇതുസംബന്ധിച്ചുള്ള ചില യോഗങ്ങൾ ഇതിനുമുമ്പ് നടന്നിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, എക്സൈസും തൊഴിലും വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, എം.പി., എം.എൽ.എ., ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യോഗം ഈ മാസം 15-ാം തീയതി ഞാൻ കൂടി പങ്കെടുത്തുകൊണ്ട് കൂടാൻ നിശ്ചയിച്ചിട്ടുണ്ട്. വിമാനത്താവള വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗതയിൽ നീങ്ങേണ്ടതുണ്ട്. ഇതാണ് വിമാനത്താവള സംരക്ഷണത്തിനുള്ള ഏറ്റവും പ്രായോഗികമായ മാർഗ്ഗം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചില ചെറുത്തുനിൽപ്പും പ്രതിരോധങ്ങളും അവിടെയുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കണം എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പ്രസ്തുത എയർപോർട്ടിനുവേണ്ടി രണ്ടും മൂന്നും തവണ ഭൂമി നൽകിയവരാണ് വീണ്ടും ഭൂമി നൽകേണ്ടി വരുന്നത്. എന്നാലും എയർപോർട്ട് നിലനിൽക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടത് ആവശ്യമായ സാഹചര്യത്തിൽ ഇവർക്ക് ചില പ്രത്യേക ഇൻസെന്റീവുകൾ നൽകി അവരെ ഇതുമായി സഹകരിപ്പിക്കാൻ സർക്കാർ ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭൂമി നേരത്തെ ഏറ്റെടുത്തതാണ്. അവിടെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. പ്രസ്തുത ഭൂമി ഇനിയും കൂടുതൽ വികസിക്കേണ്ടതുണ്ട്. ഭൂമി സ്വയമേവ വികസിക്കുകയില്ല. ആയതിനാൽ തൊട്ടടുത്തുള്ള ഭൂമിയും ഏറ്റെടുത്താൽ മാത്രമേ ഇതിനാവശ്യമായ സ്ഥലം ലഭിക്കുകയുള്ളൂ. ഞാൻ മനസ്സിലാക്കുന്നത് സാധാരണ ഗതിയിൽ ഭൂമി നൽകാൻ ആളുകൾ സന്നദ്ധരാണെന്നാണ്. എന്നാൽ ചില ആളുകൾ നിക്ഷിപ്ത താൽപര്യങ്ങൾ പുലർത്തിക്കൊണ്ട് ഭൂമി നൽകാതിരിക്കുന്നതിനുള്ള പ്രചരണങ്ങൾ നടത്തുന്നുണ്ടെന്ന് അറിയുന്നു. ഇക്കാര്യത്തിൽ നമ്മളെല്ലാവരും ഒരുമിച്ച് നിന്നാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനും സാധാരണ സമ്പ്രദായമനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനും കഴിയുന്നതാണ്.

## (2) വിദ്യാഭ്യാസ ധനസഹായ കുടിശ്ശിക

ശ്രീ. ബി. സത്യൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കഴിഞ്ഞവർഷം അവതരിപ്പിച്ച ബഡ്ജറ്റ് ആരംഭിച്ചത് 'എനിക്ക് മതമില്ല' എന്ന ശ്രീനാരായണ ഗുരുദേവന്റെ പ്രസംഗത്തെ ആസ്പദമാക്കിയാണ്. ദൈവദശകം എഴുതി പ്രസിദ്ധീകരിച്ചതിന്റെ നൂറാം വാർഷികമാണ് ഇക്കൊല്ലം. നവോത്ഥാന നായകൻ അയ്യൻകാളി നടത്തിയിട്ടുള്ള ദീർഘമായ പ്രക്ഷോഭ സമരങ്ങളുടെ ഭാഗമായി തിരുവിതാംകൂറിലേയും കേരളത്തിലേയും അടിസ്ഥാന വിഭാഗത്തിന്റെ വിദ്യാഭ്യാസ പ്രശ്നങ്ങൾ അതോടൊപ്പം ചേരുകയാണ്. 1891 മുതൽ ആരംഭിച്ച അയ്യൻകാളിയുടെ വില്ലുവണ്ടി പ്രക്ഷോഭം ചെന്നവസാനിക്കുന്നത് 1907-ലാണ്. വിദ്യാഭ്യാസരംഗത്ത് തമസ്കരിക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരും പാവങ്ങളുമായിട്ടുള്ളവരുടെ വളരെ ഗൗരവമായ പ്രശ്നത്തെ കേവലം ഒരു വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന എന്ന വിഷയവുമായി ബന്ധിപ്പിക്കരുതെന്ന് അപേക്ഷിക്കുന്നു. ആർ.എസ്.എസ്.-ന്റെ സംഘചാലക് ഡോ. മോഹൻ ഭാഗവത് പറയുന്നതുപോലെ, സംവരണം ഇനി ഈ നിലയിൽ തുടരണമോ എന്നത് പോലും ചോദ്യം ചെയ്യപ്പെടുന്ന നിലയിലേക്ക് വരികയാണ്. ആനുകൂല്യങ്ങൾ ആരുടെയോ കുടുംബസ്വത്തെടുത്ത് നൽകുന്ന എന്ന തോന്നൽ ഉളവാകുന്ന തരത്തിലേക്ക് കാര്യങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കുകയാണ്. ഉദാരവൽക്കരണവും നവലിബറൽ നയങ്ങളും നടപ്പിലാക്കിയതുവഴി കാർഷിക മേഖലയും പരമ്പരാഗത തൊഴിൽ മേഖലയും ഏറെക്കുറെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നഷ്ടപ്പെട്ടു. രാജ്യത്ത് തൊഴിലില്ലായ്മയും രൂക്ഷമായി ഉയർന്നുവരികയാണ്. സ്വന്തം കിടപ്പാടം വിറ്റുപോലും കുട്ടികളെ പഠിപ്പിക്കുക എന്ന നിലയിലേക്ക് ഈ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും പരിശ്രമിക്കുന്ന ഒരു കാലയളവിൽ അവർക്ക് നൽകുന്ന ബഡ്ജറ്ററി സപ്പോർട്ട്, അല്ലെങ്കിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പാവപ്പെട്ടവർക്ക് അതാത് വർഷം നൽകാനുള്ള നടപടികളിൽ വീഴ്ച വരുത്തിയതിന്റെ വളരെ ദയനീയമായ ചിത്രമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാണാൻ സാധിച്ചത്. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 138 കോടി രൂപയും എസ്‌സി. വിഭാഗത്തിൽപ്പെട്ടവർക്ക് 65 കോടി രൂപയും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 18 കോടി രൂപയും ഉൾപ്പെടെ ഏതാണ്ട് 220 കോടി രൂപയോളം കുടിശ്ശിക വന്നിരിക്കുകയാണ്. ഇത് വിദ്യാഭ്യാസ രംഗത്തെ കാര്യം മാത്രമാണ്. ഇവരുടെ വീട്, ചികിത്സാ സഹായം, വിവാഹ ധനസഹായം തുടങ്ങിയ കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. നമ്മൾ പരിശോധിക്കുമ്പോൾ ഇപ്പോഴും ക്യാമ്പസുകൾ പ്രക്ഷുബ്ധമായി നിലനിൽക്കുകയാണ്, അത് രോഹിത് വെമുല മുതൽ ജിഷ വരെ വന്നുനിൽക്കുന്നു.

ഇതിന്റെ അടിസ്ഥാന പ്രശ്നം വിദ്യാഭ്യാസ രംഗത്തേക്കാണ് വിരൽ ചൂണ്ടുന്നത്. ഇവരെ സഹായിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റ് പിന്നോക്ക വകുപ്പുകൾക്കും എന്ത് ശ്രദ്ധയാണുള്ളത്? ഉദ്യോഗസ്ഥർ അതാത് വർഷം ഇവർക്ക് കൊടുക്കേണ്ട തുകകൾ കൊടുക്കുന്നില്ല എന്നുമാത്രമല്ല പട്ടികജാതി വികസന വകുപ്പിന്റെയും മറ്റ് ഡിപ്പാർട്ടുമെന്റിന്റെയും കീഴിൽ ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽ പലതും തിരിച്ചുപിടിക്കാൻ ശ്രമിക്കുകയാണ്. മെഡിക്കൽ പി.ജി. കോഴ്സിന് ചേരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ ഇനി വേണ്ടെന്നാണ് പറയുന്നത്. കാരണം അത് ജോലി ചെയ്യുന്നതിന് ലഭിക്കുന്നതാണ്. അങ്ങനെയുള്ള പുതിയ വിഷയങ്ങൾ ഇവിടെ ഉയർന്നുവന്നിരിക്കുന്നു. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾ മെരിറ്റിൽ കയറുന്ന കുട്ടികളാണ്. അവർ പഠിക്കുന്ന ഹോസ്റ്റലുകളിൽ സീലിംഗ് ഏർപ്പെടുത്തിയിരിക്കുന്നു. അവർക്ക് 3,500 രൂപ മാത്രം എന്നുപറഞ്ഞാൽ മുട്ടയും പാലും ചിക്കനും മട്ടനുമൊക്കെ മറ്റ് വിഭാഗത്തിൽപ്പെട്ട സാമ്പത്തിക ശേഷിയുള്ള കുട്ടികൾ ഈ ഹോസ്റ്റലിലിരുന്ന് കഴിക്കുമ്പോൾ, പട്ടിക വിഭാഗത്തിൽപ്പെട്ട മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ എസ്‌സി. വിദ്യാർത്ഥികൾ കഞ്ഞിയും പപ്പടവും കഴിച്ച് പോകണമെന്ന് ഉദ്യോഗസ്ഥർ നിശ്ചയിക്കുന്നു. ഇവിടെ അങ്ങനെ ഒരു പ്രത്യേകത വന്നിരിക്കുന്നു. ഞാൻ സൂചിപ്പിച്ചത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും പഠിക്കുന്ന വിദ്യാലയങ്ങളിൽ അവർക്ക് ന്യായമായും നൽകേണ്ട സ്റ്റൈപന്റും ലംപ്സം ഗ്രാന്റും മറ്റ് വിഹിതങ്ങളും നൽകാനുള്ള അടിയന്തര നടപടി അങ്ങ് സ്വീകരിക്കണം. അങ്ങ് സ്വീകരിച്ചില്ല എന്ന് ഞാൻ പറയുന്നില്ല, അങ്ങ് ചുമതല ഏറ്റെടുത്തപ്പോൾ തന്നെ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ഈ വർഷത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിഹിതമെത്രയാണെന്ന് കണ്ട് അത് വീതിച്ച് നൽകാനും അതിനുവേണ്ടി 60 കോടി രൂപ ആദ്യം തന്നെ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഗ്രാന്റും മറ്റും നൽകാനുള്ള നടപടിയും ആരംഭിച്ചു. ഞാനടക്കം വിദ്യാർത്ഥിയായിരുന്ന സമയത്ത് പോയി ക്യൂ നിന്നാണ് സ്റ്റൈപന്റും ലംപ്സം ഗ്രാന്റും വാങ്ങിയിരുന്നത്. മറ്റ് കുട്ടികളുടെ മുൻപിൽ അപഹാസ്യരായി പോയി നിൽക്കുമ്പോൾ അന്ന് ശ്രീ. എ. കെ. ബാലനാണ് ഈ കുട്ടികൾ അവർക്കുള്ള ലംപ്സം ഗ്രാന്റും മറ്റും എ.ടി.എം. കൗണ്ടർ വഴി മാറിയാൽ മതിയെന്ന ചരിത്രപ്രധാനമായ തീരുമാനമെടുത്തത്. വീണ്ടും പഴയതിലേക്ക് പോയിരിക്കുന്നു. 5 വർഷക്കാലത്തെ ഭരണത്തിനിടയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും കൃത്യമായി കിട്ടേണ്ട ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗുരുതരമായ അലംഭാവം നിലനിൽക്കുന്നു. അങ്ങ് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു. കോളേജുകളിൽനിന്നും സ്കൂളുകളിൽനിന്നും അവരുടെ കൃത്യമായ റിക്വയർമെന്റ്സ് വാങ്ങാറില്ല. അവരുടെ കുട്ടികൾക്ക് എത്ര രൂപയാണ് കൊടുക്കേണ്ടത് എങ്ങനെ കൊടുക്കണം ഈവക കാര്യങ്ങളൊന്നുമില്ല. എപ്പോഴെങ്കിലും കൊടുക്കും സൗജന്യമല്ലേ എന്ന നിലയിൽ? ഇത് ഭരണഘടന പ്രകാരമുള്ള അവകാശമാണ്. ഡോ. ബി. ആർ. അംബേദ്കർ ഇത് ഡ്രാഫ്റ്റ് ചെയ്യുമ്പോൾ അതിനകത്ത് ഏറ്റവും പരമപ്രധാനമായി കണ്ടത് അദ്ദേഹം അനുഭവിച്ച യാതനാപൂർണ്ണമായിട്ടുള്ള, ദുരിതപൂർണ്ണമായിട്ടുള്ള ജീവിതമായിരുന്നു. അതിന്റെ ഭാഗമായി ഭരണഘടന പ്രകാരം ഇന്ന് പ്രിയാമ്പിളിൽ ഉൾപ്പെടുത്തി അവർക്ക് നൽകുന്നു. ഇത് വളരെ ഗൗരവമായി ആലോചിച്ച് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനും ഈ കുട്ടികൾക്ക് പഠിക്കാനുമുതകുന്ന ഗൗരവമായിട്ടുള്ള ചർച്ചയും അതിനനുസരിച്ചുള്ള തീരുമാനവും ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ പിന്നോക്കസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിൽ കുടിശ്ശിക വന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ബി. സത്യൻ ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി, ഒ.ഇ.സി., പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ 189.34 കോടി രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നത്. പട്ടികജാതി 26 കോടി 30 ലക്ഷം രൂപ ഒ.ഇ.സി. 116 കോടി 60 ലക്ഷം രൂപ ഒ.ബി.സി. 16.06 കോടി രൂപ എസ്.ഇ.ബി.സി. 30 കോടി 38 ലക്ഷം രൂപ. ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് ഒ.ഇ.സി.- വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്റെ ഓഫീസിന്റെ മുൻപിൽ രാത്രി പതിനൊന്ന് പന്ത്രണ്ട് മണിവരെ ക്യൂ ആയിരുന്നു. വല്ലാത്തൊരു വിഷമമായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എട്ടാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പായി ഈ കുടിശ്ശിക കൊടുക്കാൻ ഇനി എത്ര കോടി രൂപ വേണ്ടിവരുമെന്ന് എന്നെ വിളിച്ച് ചോദിച്ചപ്പോൾ മിനിമം 189.34 കോടി രൂപ വേണ്ടിവരുമെന്ന് ഞാൻ പറഞ്ഞിരുന്നു. കുടിശ്ശിക കൊടുക്കാനുള്ള തുക നോൺ പ്ലാൻ ഇനത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. ഒരു സംശയവും വേണ്ട ഈ വർഷം പത്ത് പൈസ കുടിശ്ശികയില്ലാതെ പട്ടികജാതി-പട്ടികവർഗ്ഗ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇത് അവരുടെ അക്കൗണ്ടിൽ എത്തുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ ഭാഗമായി 50 കോടി രൂപ പ്ലാനിനത്തിലും 150 കോടി രൂപ നോൺ പ്ലാനിനത്തിലും തന്നിട്ടുണ്ട്. അതുകൊണ്ട് ഒ.ബി.സി., ഒ.ഇ.സി., എസ്.സി.,

എസ്.ഇ.ബി.സി. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ബുദ്ധിമുട്ടും ഈ സാമ്പത്തിക വർഷം/അദ്ധ്യയന വർഷം ആ വിദ്യാർത്ഥികൾക്ക് ഉണ്ടാകില്ല. ഏതാണ്ട് 336278 വിദ്യാർത്ഥി-വിദ്യാർത്ഥിനികളാണ് ഈയിനത്തിലുള്ളത്. 243 ഹോസ്റ്റലുകളിലായി 18427 വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നുണ്ട്. സ്വാഭാവികമായും ഇവരുടെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും മെസ് അലവൻസും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ് എന്നുള്ളതുകൊണ്ട് 25 ശതമാനം വർദ്ധിപ്പിക്കാനാണ് ബഡ്ജറ്റിൽ നോട്ട് വന്നതെങ്കിൽപോലും സംസാരിക്കുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് 50 ശതമാനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് സുഖമായ ഭക്ഷണം ഇഷ്ടംപോലെ അവർ ആഗ്രഹിക്കുന്ന ക്വാണ്ടിറ്റിയിലും ടേസ്റ്റിലും ഹോസ്റ്റൽ വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായിരിക്കും. ഇതിനെല്ലാം പുറമേ 243 ഹോസ്റ്റലുകളും നവീകരിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞു. ഇതാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുവിൽ സൂചിപ്പിക്കാനുള്ളത്.

10.16 am]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ബി. സത്യൻ</u>: സർ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് 50 ശതമാനം വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വർദ്ധനവെന്നാണ്....അതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണല്ലോ 25 ശതമാനമായിട്ടാണ് ബഡ്ജറ്റിൽ നോട്ട് വന്നത്. ഞാൻ അത് നോക്കുന്നുണ്ട്. അത് പറഞ്ഞപ്പോഴാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് അത് 50 ശതമാനമായി വർദ്ധിപ്പിക്കുമെന്ന്. കുട്ടികൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ശ്രീ. സത്യന് അക്കാര്യത്തിൽ ഒരു വിഷമവും ഉണ്ടാകേണ്ട.

## IV സബ്മിഷൻ

### (1) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, എൻഡോസൾഫാൻ ദുരിതബാധിതർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമതകൾക്ക് സമഗ്രവും ശാശ്വതവുമായിട്ടുള്ള പരിഹാരമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റിന്റെ വാഗ്ദാന ലംഘനത്തിന്റെ ഇരകൾ കൂടിയായിരുന്നു ഇവർ. എൻഡോസൾഫാൻ ദുരിതംമൂലം ജീവജാലങ്ങൾക്കും പ്രകൃതിക്കും മനുഷ്യർക്കുമുണ്ടായ

നഷ്ടങ്ങളെക്കുറിച്ച് വിലയിരുത്താനും ബന്ധപ്പെട്ട കമ്പനികളിൽനിന്ന് ഇരകൾക്ക് കിട്ടേണ്ട അർഹമായ നഷ്ടപരിഹാരം ഉറപ്പ് വരുത്തുതിന് പ്രത്യേക ട്രിബ്യൂണൽ സംവിധാനത്തെക്കുറിച്ചും ആലോചിച്ചിരുന്നു. ഈ സംവിധാനം കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയില്ല. മെഗാ മെഡിക്കൽ ക്യാമ്പിന്റെ കാര്യത്തിൽ വലിയ അലംഭാവമാണ് കാണിച്ചത്. 2013-ലാണ് മെഗാ മെഡിക്കൽ ക്യാമ്പ് അവസാനമായി നടന്നത്. നിരന്തരമായ നിർദ്ദേശമുണ്ടായിട്ടും ഇക്കഴിഞ്ഞ 2015 ഡിസംബറിൽ അപേക്ഷ സ്വീകരിച്ചിട്ടും ഇതുവരെ ആ ക്യാമ്പ് കാസർഗോഡ് ജില്ലയിൽ നടത്താൻ കഴിഞ്ഞിട്ടില്ല. 2010 ഡിസംബർ 31-ലെ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം എൻഡോസൾഫാൻ ഇരകൾക്ക് ചികിത്സ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ അഫക്റ്റഡ് ഏരിയയായിട്ടുള്ള 11 ഗ്രാമപഞ്ചായത്തുകൾക്ക് ചികിത്സാ സൗകര്യമൊരുക്കുന്നതിനു വേണ്ടി ഈ പഞ്ചായത്തുകളിലെ പി.എച്ച്.സി.-കൾ അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി.-ആയി മാറ്റണമെന്ന തീരുമാനമുണ്ടായിരുന്നു. അത് കഴിഞ്ഞ 5 വർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ഒരു പ്രോജക്ടായിരുന്നു പുനരധിവാസ ഗ്രാമം. ഇതിന് യഥാസമയം സ്ഥലമേറ്റെടുക്കാനോ പ്രോജക്ട് സമർപ്പിക്കാനോ തയ്യാറാകാതെ കെടുകാര്യസ്ഥതയാണ് ഈ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് കാണിച്ചത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ദുരിതാശ്വാസം ലഭിക്കാത്ത, സ്ഥിരവും ഗുരുതരവുമായിട്ടുള്ള അസുഖമുള്ളവർക്ക് 3 ലക്ഷം രൂപയും മറ്റുള്ളവർക്ക് 2 സ്ലാബായി തിരിച്ച് രണ്ട് ലക്ഷം രൂപ, ഒരു ലക്ഷം രൂപ എന്നിങ്ങനെയും ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഈ ധനസഹായം ഇതുവരെയും നൽകാൻ കഴിഞ്ഞിട്ടില്ല. ദേശീയ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്തതുപോലെ, ദുരിതബാധിതർക്ക് ധനസഹായം സമഗ്ര പാലിയേറ്റീവ് കെയർ സംവിധാനം തുടങ്ങിയ നടപടികൾക്ക് സാമ്പത്തിക പിന്തുണ നൽകാൻ കേന്ദ്രസർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. ഇത് പാലിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല. ഇത് നടപ്പിൽ വരുത്താൻ ആവശ്യമുള്ള സമ്മർദ്ദം ചെലുത്താൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും തയ്യാറായിട്ടില്ല. ആശുപത്രി വിപുലീകരണത്തിന്റെ ഭാഗമായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജനറലാശുപത്രിക്ക് 8 കോടി രൂപയും ജില്ലാ ആശുപത്രിക്ക് 5 കോടി രൂപയും അനുവദിച്ചിരുന്നു. 4 വർഷമായിട്ടും ഇതിന്റെ പ്രാരംഭ നടപടികൾപോലും സ്വീകരിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായില്ല. ജൈവ ജില്ല വെറും പ്രഖ്യാപനത്തിലൊതുങ്ങി. എൻഡോസൾഫാൻ വിക്റ്റിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ (ഇ.വി.ആർ.ആർ.സി.) പ്രവർത്തനം യു.ഡി.എഫ്. മരവിപ്പിച്ചു. ഇതിന്റെ സംവിധാനമാകെ അട്ടിമറിക്കപ്പെട്ടു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് അനാസ്ഥ കാണിച്ചു. ജില്ലാ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനുള്ള തീരുമാനം

നടപ്പിലായില്ല. മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായിട്ടുള്ള പ്രത്യയശാസ്ത്രത്തിന്റെ പിൻബലമുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് മാത്രമേ ഈ രംഗത്ത് ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ. പുനരധിവാസഗ്രാമ പദ്ധതി നടപ്പിലാക്കാനും ദുരിതബാധിതരുടെ നഷ്ടപരിഹാരം, സൗജന്യ ചികിത്സ, കടമെഴുതിത്തള്ളൽ, മെഡിക്കൽ ക്യാമ്പുകൾ ഇവ നടപ്പിൽ വരുത്താനുമാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും വിനയപൂരസ്സരം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യ-പൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബന്ധപ്പെട്ട മന്ത്രി ചെയർമാനും ജില്ലാകളക്ടർ കൺവീനറുമായി ഒരു ജില്ലാതല സെൽ പ്രവർത്തിച്ചുവരുന്നു. ഇതൊക്കെയാണെങ്കിലും അവിടെ നിലനിൽക്കുന്ന പരാതിയാണ് പ്രത്യേക മെഡിക്കൽ ക്യാമ്പിന്റെ പ്രായോഗികത വേണ്ട രീതിയിൽ വന്നില്ലെന്നുള്ളത്. അതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം പുനരധിവാസഗ്രാമം പൂർണ്ണതോതിലാക്കുന്നതിനുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങും. ധനസഹായം കുറേഭാഗം നൽകിയിട്ടുണ്ടെങ്കിലും പരാതി നിലനിൽക്കുന്നുണ്ടെന്നതിനാൽ അക്കാര്യത്തിൽ ആവശ്യമായ ഇടപെടലുണ്ടാകും. അവിടെയുള്ള ജില്ലാ ആശുപത്രിയടക്കം വികസിപ്പിക്കാനും കാര്യക്ഷമമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. കേന്ദ്ര ഗവൺമെന്റ് അടക്കം ഇക്കാര്യത്തിൽ ചില സഹായങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്, അതിലും സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സമ്മർദ്ദം ചെലുത്തും. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. അതോടൊപ്പം കാസർഗോഡ് ദുരന്തബാധിത പ്രദേശത്തെ ഇപ്പോഴത്തെ അവസ്ഥ പൂർണ്ണമായി പഠിക്കാൻ തയ്യാറാകേണ്ടതില്ലേ എന്നുകൂടി നാം ആലോചിക്കേണ്ടതുണ്ട്. മണ്ണിന്റെ അവസ്ഥ എന്താണെന്നും ഇപ്പോഴുള്ള നില എന്താണെന്നുള്ളതിനെക്കുറിച്ചും ഒരു പഠനം ആവശ്യമാണെന്നാണ് തോന്നുന്നത്.

## (2) മുങ്ങിമരണം

ശ്രീ. പി. സി. ജോർജ് : സർ, ഈരാറ്റുപേട്ട വില്ലേജിൽ മച്ചക്കാട്ട് പനപള്ളി അലിയാരുടെ മകൻ അജ്മൽ ഷാ (19 വയസ്സ്) ഈരാറ്റുപേട്ട നരിപ്പാറ ഷെരീഫിന്റെ മകൻ സാജിത്ത് (18 വയസ്സ്)- ഈ രണ്ട് കുട്ടികളും നാല് സുഹൃത്തുക്കളുമായി ചേന്നാട് മാളികയിൽ വേങ്ങത്താനം അരുവി കാണാൻ ഇന്നലെ പോയതാണ്. ഇന്നലെ വൈകുന്നേരം മൂന്നുമണിക്ക് സാജിത്തും അജ്മൽഷായും വെള്ളത്തിൽ മുന്നൂറടി താഴ്ചയിലേക്ക് വീണ് തല തല്ലിത്തകർന്ന് മരിക്കുകയുണ്ടായി. വളരെ ദുഃഖകരമായ സംഭവമാണ് അവിടെ നടന്നത്. പോലീസിന്റെയും ഫയർ ഫോഴ്സിന്റെയും ഭാഗത്തുനിന്ന് മാന്യമായ സഹായമാണ് ലഭിച്ചിരുന്നത്. അവരും നാട്ടുകാരുംകൂടി ചേർന്ന് ഈ രണ്ട് കുട്ടികളുടെ ശരീരങ്ങൾ പാലാ താലൂക്ക് ആശുപത്രിയിൽ വൈകുന്നേരം 5 മണിക്കുമുമ്പ് എത്തിച്ചിരുന്നു. പക്ഷേ പോസ്റ്റുമോർട്ടം ചെയ്ത് കിട്ടിയില്ല. ഈ രണ്ട് കുടുംബത്തിനും ആശ്വാസഫണ്ട് കൊടുക്കുന്ന നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിനപ്പുറത്ത് ഒരു കാര്യം ഇവിടെ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പോസ്റ്റുമോർട്ടത്തെ സംബന്ധിച്ച് ഈ സഭയിൽ പല പ്രാവശ്യം ചർച്ച ചെയ്ത് തീരുമാനമെടുത്തിരുന്നു. പണ്ടുകാലത്ത് ലൈറ്റിന്റെ സൗകര്യമില്ലാതിരുന്ന കാലത്താണ് പോസ്റ്റുമോർട്ടം രാത്രികാലത്ത് നടത്താൻ കഴിയില്ലെന്ന തീരുമാനം ഉണ്ടായിരുന്നത്. നല്ല ലൈറ്റുള്ള സാഹചര്യത്തിൽ ഏത് സമയത്തും പോസ്റ്റുമോർട്ടം നടത്താൻ കഴിയുമെന്ന് ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഉത്തരവിട്ടതാണ്. പക്ഷേ ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഇറക്കിയ ഉത്തരവ് ഡോക്ടർമാർ നടപ്പാക്കിയില്ല. ശ്രീ. പിണറായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ഈ സഭയുടെ അന്നത്തെ വികാരം മാനിച്ചുകൊണ്ട് പോസ്റ്റുമോർട്ടം ഏതുസമയത്തും നടത്താനുള്ള ഉത്തരവ് നൽകാനും ഇത് കേൾക്കില്ല എന്ന് നിർബന്ധിക്കുന്ന ഡോക്ടർമാരെകൊണ്ട് കേൾപ്പിക്കാനുമുള്ള തന്റേടം പ്രകടിപ്പിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്. നഷ്ടപരിഹാര തുക നൽകുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം നൽകേണ്ടത് പോസ്റ്റുമോർട്ടം നടത്തുക എന്നുള്ളതിനാണ്. അതാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കാനുള്ള പ്രധാന കാരണം. ഈ രണ്ട് കുഞ്ഞുങ്ങൾ മുസ്ലീം സമൂഹത്തിലുള്ളവരാണ്. പോസ്റ്റുമോർട്ടം ചെയ്യേണ്ട സ്ഥിതി ഉണ്ടാകുമല്ലോ എന്ന് കേൾക്കുമ്പോൾ ആ കുടുംബങ്ങൾക്ക് ദുഃഖമാണ്. ആ രണ്ട് കുട്ടികളുടെ ഉമ്മയും വാപ്പയും ബന്ധുക്കളും കരഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും ആ കുട്ടികളുടെ പോസ്റ്റുമോർട്ടം കഴിഞ്ഞിട്ടില്ല. അവരുടെ ഡെഡ് ബോഡി ഈരാറ്റുപേട്ടയിൽ എത്തിയിട്ടില്ല. ഡോക്ടർമാർക്ക് സന്മനസ്സുണ്ടെങ്കിൽ ഇത് നിസാരമായി ചെയ്യാവുന്ന

കാര്യമല്ലേ? മെഡിക്കൽ കോളേജിൽ ലൈറ്റ് ഇല്ലേ; വെട്ടമില്ലേ; പാതിരാസമയത്ത് ലൈറ്റ് ഇല്ലേ; പകൽ വെളിച്ചത്തേക്കാൾ കൂടുതൽ പ്രകാശം രാത്രി സമയത്തില്ലേ? ഡോക്ടർമാർക്ക് അത് രാത്രിയിൽ നടത്തിയാൽ എന്താണ് കുഴപ്പം; അത് അഹങ്കാരമല്ലേ? ഇതിനൊരു തീരുമാനമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെടുത്ത തീരുമാനം നടപ്പായില്ല. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ഈ സഭയുടെ വികാരം അംഗീകരിപ്പിക്കാൻ, ഡോക്ടർമാരെക്കൊണ്ട് സമ്മതിപ്പിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ചർച്ച ചെയ്ത് തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പി. സി. ജോർജ് അവതരിപ്പിച്ച സബ്മിഷനിൽ അദ്ദേഹം തന്നെ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. വളരെ ദുഃഖകരമാണ് സംഭവം. ഇതുസംബന്ധിച്ച് എനിക്ക് കിട്ടിയ വിവരം അനുസരിച്ചാണ് ഞാൻ സഭ മുമ്പാകെ പറയുന്നത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽപ്പെട്ട ഈരാട്ടുപേട്ട വില്ലേജിൽ നരിപ്പാറ ഷെരീഫിന്റെ മകൻ സാജിത്ത്, ഈരാറ്റുപേട്ട മച്ചക്കാട്ട് പനപ്പള്ളി വീട്ടിൽ അലിയാരുടെ മകൻ അജ്മൽ എന്നിവർ 11-7-2016 തിങ്കളാഴ്ച വൈകിട്ട് ഏകദേശം മൂന്നുമണിയോടുകൂടി വേങ്ങത്താനം മാളിക അരുവിയിൽ വീണ് മുങ്ങിമരിക്കുകയുണ്ടായി. കാഞ്ഞിരപ്പള്ളി താലൂക്കിന്റെയും മീനച്ചിൽ താലൂക്കിന്റെയും അതിർത്തിയിൽ വേങ്ങത്താനം എസ്റ്റേറ്റിനുള്ളിൽ മെയിൻറോഡിൽനിന്നും രണ്ട് കിലോമീറ്റർ മാറി മനുഷ്യവാസമില്ലാത്ത വിജനമായ പ്രദേശമാണ് സംഭവസ്ഥലം. ഈരാറ്റുപേട്ടയിൽനിന്നും വന്ന ആറുകുട്ടികൾ ഉൾപ്പെടുന്ന സംഘത്തിലെ രണ്ട് കുട്ടികളാണ് മരണപ്പെട്ടത്. കുളിക്കാനിറങ്ങിയ കുട്ടികളുടെ കാൽ വഴുതി ഒഴുക്കിൽപ്പെട്ട് പാറക്കെട്ടുകളിൽ തട്ടി ഒരു കുട്ടിയുടെ ശിരസ്സ് മുഖം തിരിച്ചറിയാൻ പറ്റാത്തവിധം തകർന്നുപോയി. മറ്റേ കുട്ടി പാറക്കെട്ടിൽ തലയിടിച്ചാണ് മരിച്ചത്. കൂടെ ഉണ്ടായിരുന്ന കുട്ടികളുടെ നിലവിളികേട്ട് മാളികഭാഗത്തുനിന്നും ആളുകൾ ഓടിയെത്തുകയും ഈരാറ്റുപേട്ടയിൽനിന്നും ഫയർ ഫോഴ്സും റവന്യൂ ഉദ്യോഗസ്ഥരും പോലീസും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി മൃതദേഹം വീണ്ടെടുത്തു. ഉദ്ദേശം വൈകുന്നേരം 5 മണിയോടുകൂടി മൃതദേഹങ്ങൾ പാലാ സർക്കാർ ആശുപത്രിയിൽ എത്തിച്ചു. അവിടെ ശീതീകരണസൗകര്യം ലഭ്യമല്ലാത്തതിനാൽ കിടങ്ങൂർ എൽ.എൽ.എം. ആശുപത്രിയിൽ മൃതദേഹം സൂക്ഷിച്ചിരിക്കുന്നുവെന്നും ഇന്ന് രാവിലെ ഇൻക്വസ്റ്റ് പൂർത്തിയാക്കി കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടത്തിനായി എത്തിക്കുമെന്നുള്ള വിവരമാണ് ലഭിച്ചിരിക്കുന്നത്. അടിയന്തര ധനസഹായമായി പതിനായിരം രൂപ വീതം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, രാത്രികാലങ്ങളിലും പോസ്റ്റുമോർട്ടം നടത്തണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോസ്റ്റുമോർട്ടത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. വളരെ കോംപ്ലിക്കേറ്റഡ് ആയിട്ടുള്ള കേസ്സുകളിൽ പോസ്റ്റുമോർട്ടം രാത്രികാലങ്ങളിൽ പറ്റില്ല. ഇത് ആദ്യം മനസ്സിലാക്കണം. സാധാരണനിലയിലുള്ള കേസുകളിലാണെങ്കിൽ സാധിക്കും.

## (3) പുനരധിവാസം

ശ്രീ. ജോർജ് എം. തോമസ്: സർ, 2012 ആഗസ്റ്റ് ആറാം തീയതി തിരുവമ്പാടിയിലെ പുല്ലൂരാംപാറയിൽ നടന്ന ഉരുൾപൊട്ടലിൽ ഏതാണ്ട് 8 പേർ മരിക്കുകയും 25 കുടുംബങ്ങൾ പൂർണ്ണമായി വീടുകൾ തകർന്ന് അഭയാർത്ഥി ക്യാമ്പിൽ കഴിയുകയുമാണ്. 175 വീടുകൾ ഭാഗികമായി തകർന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. 700-ഓളം ഏക്കർ കൃഷിഭൂമി ഒലിച്ചുപോയി. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സംഭവിച്ചത്. സംഭവം നടന്ന് രണ്ട് ദിവസം കഴിഞ്ഞ് അന്നത്തെ മുഖ്യമന്ത്രി അവിടെ സന്ദർശിച്ചപ്പോൾ വീടുകൾ നശിച്ച എല്ലാവർക്കും പുതിയ വീട് നിർമ്മിച്ചു നൽകുമെന്നും കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് ഒരു ഏക്കറിൽ കുറയാത്ത സ്ഥലം വാങ്ങി നൽകുമെന്നും റോഡ് ഉൾപ്പെടെയുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നുള്ള എല്ലാ വാഗ്ദാനങ്ങളും നൽകി പോയതാണ്. കഴിഞ്ഞ നാല് വർഷമായി പൂർണ്ണമായി വീട് നഷ്ടപ്പെട്ട 25 കുടുംബങ്ങൾ ക്യാമ്പിൽ കഴിയുകയാണ്. താൽക്കാലികമായി, 6 മാസത്തേക്കുമാത്രം നിർമ്മിക്കപ്പെട്ട ആ ക്യാമ്പിൽ ഒറ്റമുറി വീട്ടിലാണ് ഈ 25 കുടുംബങ്ങളും കഴിയുന്നത്. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും കഴിഞ്ഞ മൂന്നരവർഷക്കാലമായി ഉണ്ടായിട്ടില്ല. താൽക്കാലികമായി നിർമ്മിച്ച ഷെഡ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് അന്ന് അടിയന്തരസഹായമെന്ന നിലയിൽ നിർമ്മിച്ചുനൽകിയത്. അവർക്കുള്ള ധനസഹായവും നൽകിയിട്ടില്ല. കൃഷിഭൂമി ഒലിച്ചുപോയവർക്ക് പകരം കൃഷിഭൂമി കൊടുത്തിട്ടില്ല. വാസയോഗ്യമല്ലാതായി മാറിയ വീടുകൾക്ക് ഒരു ധനസഹായവും നാളിതുവരെ കൊടുത്തിട്ടില്ല. ഈ ദുരന്തത്തിൽ മരിച്ചുപോയ ഗോപാലൻ എന്ന ആളിന്റെ അവകാശികൾക്ക് ഇതുവരെയും നഷ്ടപരിഹാര തുക നൽകിയിട്ടില്ല. 8 പേർ മരിച്ചപ്പോൾ 7 പേർക്കുമാത്രമാണ് നഷ്ടപരിഹാരം കൊടുത്തത്. പുല്ലൂരാൻപാറ ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് അടിയന്തര സഹായം എത്തിച്ചേ മതിയാകൂ. അവരെ പുനരധിവസിപ്പിക്കണം. സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് അത് മാറ്റിവയ്ക്കുന്നത് മനുഷ്യത്വപരമായ സമീപനമായി കാണരുത്.

അതുകൊണ്ട് ഈ 25 കുടുംബങ്ങൾക്കും അടിയന്തരമായി വീട് നിർമ്മിക്കാനും വാസയോഗ്യമല്ലാതായി മാറിയ വീടുകൾ റിപ്പെയർ ചെയ്യുന്നതിനുള്ള ധനസഹായവും കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് പകരം കൃഷിഭൂമിയും നൽകാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണം. അതിൽ നിയമതടസ്സങ്ങൾ പറഞ്ഞ് ഒഴിവുകഴിവുകൾ പറയുന്നത് ശരിയല്ലായെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2012 ആഗസ്റ്റ് 6-ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലും പുല്ലൂരാംപാറയിലുമുണ്ടായ ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭത്തിലും ഇരയായവർക്ക് 10-8-2012-ലെ സർക്കാർ ഉത്തരവ് 4678/12 പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവുപ്രകാരം മരണമടഞ്ഞ ഓരോ വ്യക്തിയുടെയും കുടുംബത്തിന് 3 ലക്ഷം രൂപ വീതവും വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 1 ലക്ഷം രൂപ വീതവും കടകൾ പൂർണ്ണമായും തകർന്നവർക്ക് 2 ലക്ഷം രൂപ വീതവും അനുവദിച്ചിരുന്നു. കൂടാതെ പ്രകൃതിക്ഷോഭത്തിൽ മാറ്റിപ്പാർപ്പിക്കപ്പെട്ട ആളുകൾക്ക് ഒരു മാസത്തേക്ക് സൗജന്യ റേഷനും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് താൽക്കാലികാവശ്യത്തിനായി ഒരു കുടുംബത്തിന് 5000 രൂപ വീതവും തുക അനുവദിച്ചിരുന്നു. ഭൂമി നഷ്ടപ്പെട്ടവർക്ക് ഏറ്റവും ചുരുങ്ങിയത് 5 സെന്റും പരമാവധി ഒരേക്കർ എന്ന പരിധിക്കുള്ളിൽ നിർത്തി നഷ്ടപ്പെട്ട ഭൂമിക്ക് തുല്യമായ നിരക്കിൽ ഭൂമി നൽകുന്നതിനും വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് ഉചിതമായ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കാനുള്ള ധനസഹായം ലഭ്യമാക്കുവാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ദുരന്തത്തിൽ കച്ചവടക്കാർക്കുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി ബന്ധപ്പെട്ട വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് ഇന്ദിരാ ആവാസ് യോജനയിൽ ഉൾപ്പെടുത്തി വീടും 1 ലക്ഷം രൂപ നഷ്ടപരിഹാരവും നൽകാനും ഇപ്രകാരം വീട് വേണ്ടാത്തവർക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകാനും കേട് പറ്റിയ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 35000 രൂപ വരെ നൽകുന്നതിനും അന്ന് ഉത്തരവ് നൽകിയിരുന്നു. ഇത് മതിയാകാതെ വരുന്ന കേസുകളിൽ 15000 രൂപ കൂടി അനുവദിക്കുന്നതിനും ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടിവന്ന രോഗികൾക്ക് പരമാവധി 5000 രൂപ വരെ അനുവദിക്കുന്നതിനും വീട്ടുപകരണങ്ങളും മറ്റും നശിച്ചവർക്ക് 10000 രൂപ വരെ നഷ്ടപരിഹാരം അനുവദിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ദുരന്തത്തിൽ കൃഷിനാശം സംഭവിച്ച 518 കർഷകർക്ക് 5402980 രൂപ (അമ്പത്തിനാല് ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരത്തി എൺപത് രൂപ) ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉരുൾപൊട്ടലിൽ

വീടുകൾ നഷ്ടപ്പെട്ട് താൽക്കാലികാശ്വാസ കേന്ദ്രത്തിൽ താമസിച്ചുവരുന്ന 23 പേരിൽ 5 പേർക്ക് വീട് വച്ചുനൽകിയിട്ടുണ്ട്. ശേഷിക്കുന്നവർക്ക് ഭൂമിയോ വീടോ നൽകിയിട്ടില്ല. പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

### (4) കടൽഭിത്തി പുനഃസ്ഥാപിക്കൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ തീരദേശമേഖലയിൽ കടലാക്രമണംമൂലം ജനങ്ങൾ വളരെ പ്രയാസത്തിലാണ്. മാടായി പഞ്ചായത്തിലെ നീരൊഴുകുംചാൽ, മാട്ടൂലിലെ കക്കാടൻചാൽ, മാട്ടൂൽ സൗത്ത് എന്നിവിടങ്ങളിൽ കടൽഭിത്തി പൂർണ്ണമായും തകർന്ന് തീരദേശ റോഡ് കടലെടുക്കുകയും നിരവധി വീടുകൾ തകരുകയും കടൽ കവിഞ്ഞ് ഉപ്പുവെള്ളം കയറിയതിനെത്തുടർന്ന് കിണറുകൾ ഉപയോഗശൂന്യമായി തീർന്നിരിക്കുകയുമാണ്. കടുത്ത വെള്ളക്കെട്ടുമൂലം അവിടെയുള്ള ആളുകൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ അഞ്ച് വർഷമായി നിരവധി തവണ ഈ വിഷയം സഭയിൽ ഉന്നയിക്കുകയും എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തെങ്കിലും യാതൊരു പരിഗണനയും ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷം 29 കോടിയുടെ 17 പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതാണ്. ഐ.ഐ.ടി.-യുടെ പഠനം നടത്തിയതിനുശേഷം കാര്യങ്ങൾ ആലോചിക്കാം എന്നാണ് അന്ന് പറഞ്ഞത്. എന്നാൽ ഇക്കാര്യത്തിൽ യാതൊരു നടപടിയും കഴിഞ്ഞ സർക്കാർ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ 13 കോടിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയിരിക്കുകയാണ്. തീരദേശത്ത് കടലാക്രമണഭീതിയിൽ കഴിയുന്നവർക്ക് സുരക്ഷ ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് 50 കോടി രൂപയാണ് മാറ്റിവച്ചതെങ്കിൽ ഇത്തവണ 300 കോടി രൂപ തീരദേശ സുരക്ഷയ്ക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. മാട്ടൂരിൽ മാത്രമല്ല കേരളത്തിന്റെ പല ഭാഗങ്ങളിലും രൂക്ഷമായ കടലാക്രമണമാണുണ്ടാകുന്നത്. ഈ കടലാക്രമണം തടയാൻ അടിയന്തരമായി കടൽഭിത്തി നിർമ്മിച്ച് തീരദേശവാസികളുടെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ തീരദേശമേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നമാണ് ചൂണ്ടിക്കാണിച്ചതെങ്കിലും കേരളത്തിന്റെ തീരദേശമേഖലയിലാകെ പൊതുവെ അനുഭവപ്പെടുന്ന ഒരു പ്രശ്നമാണിത്. ചൂട്ടാട് പുതിയങ്ങാടി ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കാൻവേണ്ടി രണ്ട് പ്രവൃത്തികളിലായി 297 ലക്ഷം

രൂപയുടെയും നീരൊഴുകുംചാൽ, കക്കാടൻചാൽ, വാവുവളപ്പിൽതോട്, മാട്ടൂൽ സൗത്ത് എന്നിവിടങ്ങളിൽ 5 പ്രവൃത്തികളിലായി 949 ലക്ഷം രൂപയുടെയും ഉൾപ്പെടെ 12 കോടി 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. അതിന് ഭരണാനുമതി നൽകാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. നീരൊഴുകുംചാലിലെ രൂക്ഷമായ കടൽക്ഷോഭം-ചെയിനേജ് 100/400 മുതൽ 100/500 വരെയുള്ളിടത്ത് കടൽഭിത്തികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ചെയിനേജ് 100/200 മുതൽ 100/264 വരെയുള്ളിടത്ത് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി മൂന്ന് തവണ സർക്കിൾ ഓഫീസിൽനിന്ന് ടെണ്ടർ വിളിക്കുകയും രണ്ട് തവണ ക്വട്ടേഷൻ വച്ചിട്ടും കരാറുകാരിൽനിന്ന് പ്രതികരണമൊന്നുമുണ്ടായില്ല. പിന്നീട് നെഗോഷ്യേറ്റഡ് ടെണ്ടർ വിളിച്ചപ്പോൾ വളരെ ഉയർന്ന റേറ്റിലേക്ക് പോയി. അതുകൊണ്ട് ഒരിക്കൽക്കൂടി ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. മാടായി പഞ്ചായത്തിലെ നീരൊഴുകുംചാൽ-ചെയിനേജ് 100/265 മുതൽ 100/325 വരെ 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി രണ്ട് തവണ ടെണ്ടർ വിളിച്ചിട്ടും കോൺട്രാക്ടർമാരിൽനിന്ന് പ്രതികരണമുണ്ടായില്ല. മൂന്നാമത് ടെണ്ടർ വിളിച്ചപ്പോൾ 25 ശതമാനം അധികനിരക്ക് വന്നിട്ടുണ്ട്. അത് പരിശോധിച്ച് അതിന് അംഗീകാരം നൽകാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ നിരവധി തവണ ഉന്നയിച്ച വിഷയത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### (5) സമഗ്ര പദ്ധതി

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജക മണ്ഡലമായ കോവളത്തിൽ ഉൾപ്പെടുന്ന വിഴിഞ്ഞം-അടിമലത്തുറ മുതൽ പൂവാർ വരെയുള്ള തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് സാധാരണ ജീവിതം ആറ് മാസം മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി ആറ് മാസവും മൂന്ന് തവണയായി പെയ്യുന്ന മഴമൂലമുള്ള ദുരിതത്തിലും ദുരന്തത്തിലുമാണ് അവർ കഴിയുന്നത്. ഏഷ്യയിലെ തന്നെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശമായ കരിങ്കുളം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണ്. മഴപെയ്താൽ അവരുടെ വീടുകളും കക്കൂസുകളും വെള്ളത്തിലാവുകയും പ്രാഥമിക കൃത്യങ്ങൾപോലും നിർവഹിക്കാൻ കഴിയാത്ത തരത്തിൽ കക്കൂസ് മാലിന്യങ്ങൾ ഒഴുകിനടക്കുന്ന ദുരിതഭൂമിയായി മാറുന്ന അവസ്ഥയാണ്. മഴ പെയ്തൊഴിഞ്ഞാലും മാസങ്ങളോളം വെള്ളം അവിടെ

കെട്ടിനിൽക്കുകയാണ്. മത്സ്യബന്ധന ഉപകരണങ്ങളെല്ലാം വെള്ളത്തിൽകിടന്ന് നശിക്കുന്ന വളരെ ഗൗരവതരമായ ഒരു സാഹചര്യമാണുള്ളത്. കരിങ്കുളത്തുള്ള ശിവക്ഷേത്രം മഴക്കാലത്ത് വെള്ളത്തിൽമുങ്ങി മാസങ്ങളോളം നിത്യപൂജകൾപോലും മുടങ്ങുന്ന അവസ്ഥയാണുള്ളത്. ഞങ്ങളെല്ലാം പല പ്രാവശ്യം അവിടം സന്ദർശിച്ചിരുന്നു. തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ അടുത്ത ദിവസം പുലർച്ചെ മൂന്ന് മണിമുതൽ ഞങ്ങളെല്ലാം അവിടെയായിരുന്നു. കളക്ടറും ഉദ്യോഗസ്ഥന്മാരുമൊക്കെ അവിടെ വന്നുവെങ്കിലും ജനങ്ങളുടെ ദുരിതത്തിനുമാത്രം ഒരു പരിഹാരവുമുണ്ടാകുന്നില്ല. കലുങ്കുകളും ഓടകളും നിർമ്മിച്ച് കടലിലേക്ക് വെള്ളം ഒഴുക്കിവിടുന്ന ഒരു സമഗ്ര പദ്ധതിയുണ്ടായാൽ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാവുകയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായ ശ്രദ്ധ ചെലുത്തി സമഗ്രമായ ഒരു പദ്ധതിയുണ്ടാക്കി അവിടെയുള്ള ജനങ്ങളും മനുഷ്യരാണെന്ന പരിഗണനയോടുകൂടി ഒരു വർഷത്തിൽ എല്ലാ ദിവസവും അവർക്ക് സാധാരണ ജീവിതം നയിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, കോവളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂവാർ മുതൽ അടിമലത്തുറ വരെയുള്ള ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ അഞ്ചിന നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. റോഡിന് സമാന്തരമായി ഓടകളും ചാലുകളും ചപ്പാത്തുകളും നിർമ്മിക്കുക എന്നതാണ് പ്രധാന നിർദ്ദേശം. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ ജലസേചന വകുപ്പിന് നിർവഹിക്കാനുള്ള പങ്ക് ഞങ്ങൾ നിർവഹിക്കും. കഴിഞ്ഞ വർഷം ജില്ലാ കളക്ടർ നിർദ്ദേശിച്ച പ്രകാരം പൂവാർ പൊഴി മുറിച്ച് ജലം ഒഴുക്കിക്കളയാൻ ജലസേചന വകുപ്പ് നടപടി സ്വീകരിച്ചിരുന്നു. തദ്ദേശസ്വയംഭരണം, ജലസേചനം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ സമഗ്ര പദ്ധതി നടപ്പിലാക്കാനാണ് ജില്ലാ കളക്ടറുടെ ശിപാർശ. ഇത്തരം പ്രവർത്തനങ്ങളിൽ ജലസേചന വകുപ്പിനോട് ആവശ്യപ്പെടുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതാണ്. ആ പ്രവൃത്തികൾ ഏകോപിപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാം.

## (6) റോഡ് പണി

ശ്രീ. അനൂപ് ജേക്കബ്: സർ, കെ.എസ്.ടി.പി.-യുടെ നിർമ്മാണ പ്രവൃത്തിയാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. എം.സി. റോഡിന്റെ നവീകരണ പ്രവൃത്തികൾ കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുകയാണ്.

എന്നാൽ ഇന്നത് നാഥനില്ലാ കളരിപോലെ മുന്നോട്ട് പോവുകയാണ്. എന്റെ നിയോജക മണ്ഡത്തിലെ കൂത്താട്ടുകുളം എം.സി. റോഡ് കടന്നുപോകുന്ന പ്രദേശമാണ്. അവിടെ നിർമ്മാണ പ്രവൃത്തികൾ ജനവരി മാസം തുടങ്ങിയതാണ്. അന്ന് അവിടത്തെ എം.എൽ.എ. എന്ന നിലയിൽ യോഗം വിളിച്ചുചേർക്കുകയും മൂന്ന് മാസത്തിനുള്ളിൽ ടൗണിലെ വർക്കുകൾ പൂർത്തിയാക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നതാണ്. ഏഴ് മാസം കഴിഞ്ഞിട്ടും ഒരു ജംഗ്ഷൻ പരിപൂർണ്ണമായി സ്തംഭനാവസ്ഥയിലാക്കിക്കൊണ്ട് നിർമ്മാണ പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയാണ്. 400-ഓളം വ്യാപാര സ്ഥാപനങ്ങളുടെ മുമ്പിൽ ഓടയ്ക്കുവേണ്ടിയുള്ള കുഴികൾ രൂപപ്പെടുത്തി പ്രവൃത്തി പകുതി വഴിയിലാണ്. ഈ ജോലി പൂർത്തിയാക്കാത്തതുകാരണം വ്യാപാര സ്ഥാപനങ്ങളിലേക്ക് ജനങ്ങൾക്ക് കടന്നുവരാൻ കഴിയാത്ത സാഹചര്യമാണ്. ഉത്തരവാദപ്പെട്ട എഞ്ചിനീയർമാരോ മറ്റ് ഉദ്യോഗസ്ഥരോ വർക്ക് നടക്കുന്ന സ്ഥലത്ത് ഇല്ലാത്തതുകൊണ്ടാണ് നാഥനില്ലാക്കളരിയെന്ന് പറയാൻ കാരണം. ഇത് അവിടെ മാത്രമുള്ള വിഷയമാണെന്ന് ഞാൻ കരുതുന്നില്ല. കെ.എസ്.ടി.പി.-യുടെ വർക്ക് നടക്കുന്ന മറ്റ് പ്രദേശങ്ങളിലും ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. വർക്ക് വളരെ സ്ലോ ആയി നടക്കുന്നത് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വാഹന യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലൂടെ എം.സി. റോഡ് കടന്നുപോവുകയാണ്, എന്റെ നിയോജക മണ്ഡലത്തിലെ കൂത്താട്ടുകുളം ഉൾപ്പെടെ പല പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ബൈപ്പാസ്സുകൾ ഇല്ലാത്തത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂത്താട്ടുകുളം കഴിഞ്ഞാൽ മൂവാറ്റുപുഴ, പെരുമ്പാവൂർ, കാലടി, അങ്കമാലി തുടങ്ങിയ പ്രധാനപ്പെട്ട ജംഗ്ഷനുകളുണ്ട്. കോട്ടയം, ഇടുക്കി തുടങ്ങിയ ജില്ലകളിൽ നിന്നും നെടുമ്പാശ്ശേരിയിലേക്ക് പോകുന്നത് ഇതുവഴിയാണ്. എം.സി. റോഡിൽ വാഹനങ്ങൾ പലപ്പോഴും ബ്ലോക്കായി കിടക്കുകയാണ്. എം.സി. റോഡിൽ കൂത്താട്ടുകുളം ഉൾപ്പെടെയുള്ള പ്രധാന ജംഗ്ഷനുകളിൽ ബൈപ്പാസ് നിർമ്മിക്കാനുള്ള സമഗ്രമായ പദ്ധതിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 2403 കോടി രൂപയുടെ കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തിയ, ഏറ്റുമാനൂർ-മൂവാറ്റുപുഴ 40.96 കിലോമീറ്റർ ദൈർഘ്യത്തിൽ എം.സി. റോഡിന്റെ നിർമ്മാണ പ്രവൃത്തി 171.49

കോടി രൂപയ്ക്ക് കരാർ എടുത്ത് പ്രവർത്തിച്ചുവരികയാണ്. പണികൾ പലഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. എം.സി. റോഡിലെ ചോരക്കുഴി മുതൽ അമ്പലംകുന്ന് വരെയുള്ള ഭാഗത്ത് ഇപ്പോൾ നിർമ്മാണപ്രവൃത്തികൾ നടന്നുവരികയാണ്. പ്രധാനമായും ഓടകളുടേയും കലുങ്കുകളുടേയും നിർമ്മാണമാണ് ഇപ്പോൾ നടക്കുന്നത്. കടുത്ത മഴക്കാലമായതിനാൽ റോഡ് ടാർ ചെയ്യുന്ന പണികൾ പൂർത്തിയാക്കാൻ പ്രയാസമാണ്. എം.സി. റോഡിലെ ചോരക്കുഴി മുതൽ അമ്പലംകുന്ന് വരെയുള്ള റോഡിൽ കുത്താട്ടുകുളം ടൗണിലേത് ഉൾപ്പെടെ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചെന്നൈയിലുള്ള സ്ഥാപനമാണ് കരാർ എടുത്തിരിക്കുന്നത്. മഴ മാറിയാലുടൻ ഈ റോഡിന്റെ ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ പൂർത്തിയാക്കും. 2016 ഡിസംബർ 31-നകം പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

## (7) ഫണ്ട് അനുവദിക്കൽ

ശ്രീ. വി. ടി. ബൽറാം : സർ, എന്റെ നിയോജക മണ്ഡലത്തിലെ പല പ്രധാനപ്പെട്ട റോഡുകളും തീർത്തും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അത്തരത്തിലുള്ള പ്രധാനപ്പെട്ട റോഡിന് ഇടക്കാല ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ എന്റെ മണ്ഡലത്തിലെ കുമ്പിടി-തൃത്താല, വി. കെ. കടവ്-പട്ടാമ്പി വഴി പട്ടാമ്പിയിൽ പുതിയ പാലമടക്കം ഷൊർണ്ണൂരിലേക്കുള്ള റോഡിന്റെ പ്രൊപ്പോസൽ ഉണ്ടായിരുന്നു. പ്രസ്തുത റോഡിന് വേണ്ടി ഡി.പി.ആർ. അടക്കമുള്ള പ്രവൃത്തികൾ തയ്യാറായി ഗവൺമെന്റിന്റെ മുന്നിലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയുംകൂടി ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം. പുതുക്കിയ ബഡ്ജറ്റിൽ 2800 കോടി രൂപയുടെ 137 റോഡുകൾ പ്രഖ്യാപിക്കപ്പെട്ടിട്ടും എന്റെ മണ്ഡലത്തിലെ ഒരു റോഡുപോലും അതിൽ ഉൾപ്പെട്ടു കാണുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിലെ റോഡുകളും പദ്ധതികളും മാറ്റുന്നില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ആവർത്തിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ശ്രീ. കെ. ടി. ജലീൽ, ശ്രീ. മുഹമ്മദ് മുഹാസിൻ, ശ്രീ. പി. കെ. ശശി എന്നീ എം.എൽ.എ.-മാരുടെയും എന്റെയും ഉൾപ്പെടെ 4 മണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട ഇന്റർ ഡിസ്ട്രിക്റ്റ് റോഡാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജില്ലാ ഫ്ലാഗ്ഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഏറ്റെടുത്തിരുന്നതാണ്. അതിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും ഡി.പി.ആർ. തയ്യാറാക്കുന്ന ജോലിയുമെല്ലാം പൂർത്തിയായ സ്ഥിതിക്ക് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാന്ദ്യവിരുദ്ധ പാക്കേജിൽ നിന്ന് നീക്കിവയ്ക്കാതെ, ബഡ്ജറ്റിൽ

തുക വകയിരുത്തുന്ന പ്രവൃത്തിയായി മാറ്റി ഈ വർഷംതന്നെ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ, ചാലിശ്ശേരി-പെരിങ്ങോട്-കറുകപുത്തൂർ റോഡ്, കറുകപുത്തൂർ-അക്കിക്കാവ് റോഡ്, കൂട്ടുപാത-തിരുമറ്റക്കോട് റോഡിന്റെ രണ്ടാംഭാഗമടക്കമുള്ള പ്രധാനപ്പെട്ട റോഡുകളുടെ ഡി.പി.ആർ. സഹിതം വകുപ്പിന്റെ മുന്നിലുള്ളതാണ്. ഈ ബഡ്ജറ്റിലൂടെ അതിന് മതിയായ തുക അനുവദിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ വട്ടോളി-ചാത്തന്നൂർ അടക്കമുള്ള പല റോഡുകളും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അവിടെ മെയിന്റനൻസ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, 2015-16-ലെ സാമ്പത്തിക ബഡ്ജറ്റിൽ 14 ജില്ലകളിലും ഓരോ അടിസ്ഥാന സൗകര്യ പദ്ധതി വീതം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല 'പതാകനൗക അടിസ്ഥാന സൗകര്യ പദ്ധതി' പ്രഖ്യാപിക്കുകയും ചെയ്തു. ഇതുപ്രകാരം 10-6-2015-ൽ 21 പ്രവൃത്തികൾക്ക് 3771.47 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകി. ഇതിൽ കുറ്റിപ്പുറം എഞ്ചിനീയറിഗ് കോളേജ്, കുമ്പിടി-തൃത്താല, വി. കെ. കടവ്-പട്ടാമ്പി, ചെങ്ങനാംകുന്ന്, ഷൊർണ്ണൂർ റോഡ്, പട്ടാമ്പി പാലം ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. അതിന് 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തൃത്താല, ഷൊർണ്ണൂർ, പട്ടാമ്പി എന്നീ നിയോജക മണ്ഡലങ്ങളിൽ കൂടിയാണ് റോഡ് കടന്നുപോകുന്നത്. ഈ ഉത്തരവുപ്രകാരം പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡുവഴി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം 40 കിലോമീറ്റർ നീളം വരുന്ന പ്രസ്തുത റോഡിന്റെ ഒന്നാംഘട്ട പ്രവൃത്തിക്കായി, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ മുതൽ പട്ടാമ്പിവരെ 21.6 കിലോമീറ്റർ ദൈർഘ്യമുള്ള പ്രവൃത്തിക്ക് 87 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി 22-1-2016-ന് കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിച്ചു. ഈ പ്രവൃത്തിയുടെ 19.3 കിലോമീറ്റർ (തൃക്കണ്ണാപുരം മുതൽ പട്ടാമ്പി വരെ) തൃത്താല എം.എൽ.എ. ശ്രീ. വി. ടി. ബൽറാമിന്റെ മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്. ചെങ്ങനാംകുന്നുമുതൽ ഷൊർണ്ണൂർ വരെയുള്ള ദൂരത്തെ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ രണ്ടാംഘട്ടത്തിൽ

ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. 21 എണ്ണത്തിൽ 10 പ്രവൃത്തികളുടെ പ്രത്യേക ഭരണാനുമതിയാണ് 20-2-2016-ൽ ലഭിച്ചത്. എന്നാൽ കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ്-ഷൊർണ്ണൂർ റോഡ്, പട്ടാമ്പി പാലം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഈ പ്രവൃത്തി രണ്ടാംഘട്ടമായി നടപ്പിലാക്കുന്ന താണെന്ന് പ്രസ്തുത സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പ്രകാരം 87 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയാൽ മാത്രമേ ഈ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. കൂടാതെ ധനസമാഹരണത്തിനായി റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. 30-1-2015-ലെ ഉത്തരവുപ്രകാരം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഡീസൽ, പെട്രോൾ മുതലായവയ്ക്ക് ചുമത്തിയ ഒരു രൂപയുടെ അധിക വില്പന നികുതിയുടെ 50 ശതമാനം തുകയാണ് ഫ്ലാഗ്ഷിപ് പദ്ധതി നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കാൻ ഉത്തരവായിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈയിനത്തിൽ തുകയൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. അതിനാൽ ഇക്കാര്യങ്ങൾ പരിഗണിച്ച് ഭരണാനുമതി നൽകുന്ന കാര്യം വീണ്ടും ഗൗരവമായി പരിശോധിക്കുന്നതാണ്.

### (8) വെള്ളക്കെട്ട്

<u>ശ്രീ. കെ. രാജൻ</u>: സർ, ദേശീയപാത എൻ.എച്ച്-47-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ രണ്ടാംഘട്ടം എന്ന നിലയിൽ മണ്ണുത്തി മുതൽ വടക്കാഞ്ചേരി വരെയുള്ള മേഖലകളിൽ ഇപ്പോൾ പണി ആരംഭിച്ചുവരികയാണ്. തികച്ചും അശാസ്ത്രീയമായ നിർമ്മാണമാണ് കരാറുകാരുടെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും നേതൃത്വത്തിൽ നടക്കുന്നത് എന്നുള്ളതുകൊണ്ട് വളരെ ഭീകരമായ വെള്ളക്കെട്ടാണ് ഇപ്പോൾ ഈ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വർഷങ്ങളായി അവിടെ നിലനിൽക്കുന്ന, റോഡിന്റെ ഇരുവശവുമുള്ള സ്വാഭാവിക കാനകൾ പൂർണ്ണമായും മൂടപ്പെട്ടു. ഇപ്പോൾ കാന നിർമ്മിച്ചതാണെങ്കിൽ ആറുവരി പാതയോട് ചേർന്ന് വളരെ ഉയരത്തിൽ അശാസ്ത്രീയമായ രീതിയിലാണ്. അതുകൊണ്ട് മലയിൽനിന്നുവരുന്ന വെള്ളമിറങ്ങിപ്പോകാൻ കഴിയാതെ ഏക്കർ കണക്കിന് ഭൂമിയിലെ കൃഷിക്ക് നാശമുണ്ടാകുകയാണ്. കേരളത്തിലെ ഗവൺമെന്റ് പുതിയ കൃഷിയിടങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ ലക്ഷക്കണക്കിന് രൂപ നഷ്ടപരിഹാരമായി കരാറുകമ്പനിതന്നെ കൊടുക്കണമെന്ന് കളക്ടർ നിർദ്ദേശിക്കുന്ന തരത്തിൽ വളരെ ഭീകരമായ വെള്ളക്കെട്ടാണ് ഈ മേഖലകളിലെല്ലാം സൃഷ്ടിക്കപ്പെടുന്നത്. വെള്ളക്കെട്ടിന്റെ പ്രശ്നം മാത്രമല്ല, ഹൈവേ വീതികൂട്ടുന്നതിനുവേണ്ടി എടുത്ത വീടുകളുടെ ഭാഗമായിട്ടുള്ള 36 കിണറുകളുണ്ട്. അതിൽ 18 എണ്ണം മൂടിയത് വീണ്ടും മഴ വന്നപ്പോൾ താഴ്ന്നുപോയി. അതുപോലെതന്നെ റോഡിന്റെ

ഇരുവശവുമുള്ള സ്ഥലങ്ങളിലേക്ക് കടന്നുപോകാൻ കഴിയാത്ത തരത്തിൽ സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ വെള്ളക്കെട്ടുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ഹൈവേയിലുള്ള മുഴുവൻ ഇലക്ട്രിസിറ്റി ബന്ധങ്ങളും വിച്ഛേദിച്ചതിന്റെ ഭാഗമായി വ്യാപകമായി ആക്സിഡന്റുകളും ഉണ്ടാകുന്നു. ഈ കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കർഷകരുടെ ദുരിതങ്ങൾ പരിഹരിക്കാൻ അടിയന്തരമായി നഷ്ടപരിഹാരം കൊടുക്കണമെന്ന് കളക്ടർ നിർദ്ദേശിച്ചതാണ്. ഞാനും ബഹുമാനപ്പെട്ട ബി. ഡി. ദേവസ്സി എം.എൽ.എ.-യും കളക്ടറും ചേർന്ന് ഈ സ്ഥലങ്ങൾ മുഴുവൻ സന്ദർശിക്കുകയും അവിടെ യോഗം നടത്തുകയും അതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ചേംബറിലും ഇതുമായി ബന്ധപ്പെട്ട് യോഗം നടത്തുകയുണ്ടായി. ആ നിർദ്ദേശങ്ങളൊന്നും ഈ കാലയളവിൽ പാലിക്കപ്പെട്ടിട്ടില്ല. ദേശീയപാതാ അധികൃതരുടെയും കരാറുകാരുടെയും ദീർഘവീക്ഷണമില്ലാത്തതും അശാസ്ത്രീയവും അനാസ്ഥയുംമൂലമുള്ള പ്രശ്നങ്ങളാണ് ഇപ്പോഴത്തെ എല്ലാ പ്രശ്നങ്ങളുടെയും പ്രധാന കാരണം. മഴയും രോഗങ്ങളും നിറഞ്ഞുനിൽക്കുന്ന ഘട്ടത്തിൽ ഈ വെള്ളക്കെട്ട് കൃഷിനാശത്തിനു മാത്രമല്ല വലിയ അസുഖങ്ങളുംകൂടി സമ്മാനിക്കാൻ ഇടയാക്കുകയാണ്. ഒല്ലൂർ മണ്ഡലത്തിൽ ഇപ്പോൾത്തന്നെ ഡെങ്കിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഈ വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 47-ലെ മണ്ണുത്തി-അങ്കമാലി ഭാഗത്തെ നാലുവരി പാതയുടെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്തതിന്റെ അടുത്ത ദിവസംതന്നെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി കൈക്കൊള്ളണമെന്ന് ദേശീയപാതാ അതോറിറ്റിക്കും മരാമത്ത് വകുപ്പിനും പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണ്. ഈ ആറുവരി പാതയുടെ ഇരുപാർശ്വങ്ങളിലും വസിക്കുന്നവർക്ക് സുഗമമായ റോഡ് പ്രവേശനത്തിനാവശ്യമായ താൽക്കാലിക സംവിധാനം ഏർപ്പെടുത്താനും പ്രസ്തുത യോഗത്തിന്റെ തീരുമാനപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മണ്ണുത്തി-വാണിയമ്പാറ ആറുവരി പാതയുടെ ഇരുവശങ്ങളിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ആവശ്യമായ വൈദ്യുത വിളക്കുകൾ സ്ഥാപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ പാതാ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരികയാണ്. അത് ത്വരിതപ്പെടുത്താൻ വീണ്ടും നിർദ്ദേശം നൽകുന്നതാണ്.

## (9) റോഡ് നവീകരണം

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, നമ്മുടെ മരാമത്ത് റോഡുകളുടെ കുറേ ഭാഗങ്ങളെങ്കിലും കുണ്ടും കുഴിയുമായി ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വലിയ ഒരു ഭാഗം സമയം അസംബ്ലി തെരഞ്ഞെടുപ്പ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് ഇവയ്ക്കുവേണ്ടി ചെലവഴിച്ച സമയമാണ്. അസംബ്ലി തെരഞ്ഞെടുപ്പിലെ പെരുമാറ്റച്ചട്ടം അസാധാരണമായി മൂന്നുമാസക്കാലത്തേക്കാണ് നിലനിന്നിരുന്നത്. അതുകൊണ്ട് മഴക്കാലപൂർവ്വമായി നടത്തേണ്ട പല മരാമത്ത് പണികളും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾപോലും സമയത്ത് നടത്താൻ സാധിച്ചില്ല. അതിനാരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല, ഇലക്ഷന്റെ പെരുമാറ്റച്ചട്ടം കൊണ്ടുതന്നെ പണികൾ ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്. മഴ ഇത്തവണ നേരത്തെ വരികയും ചെയ്തു. അതുകൊണ്ട് മരാമത്തുറോഡുകളിൽ നല്ലൊരു ഭാഗം താറുമാറായ അവസ്ഥയിൽത്തന്നെ തുടരുകയാണ്. അതിനായി എസ്.എൽ.റ്റി.എഫ്.-ൽ നിന്ന് ഉദ്യോഗസ്ഥ തലത്തിൽ അനുവദിക്കാവുന്ന ചില സംഖ്യകൾ അനുവദിച്ച കേസുകളുണ്ട്. എന്നാൽ അവിടെപോലും വർക്ക് നടന്നിട്ടില്ല. അതുകൊണ്ട് ഈ താറുമാറായ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തരമായ നടപടികൾ മരാമത്തു വകുപ്പുമന്ത്രി മുൻകയ്യെടുത്ത് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: സർ, 1-1-2016-നുശേഷം സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി വഴി വളരെയധികം വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനെപ്പറ്റി പല ആക്ഷേപങ്ങളും വന്ന സ്ഥിതിക്ക് ക്യാബിനറ്റിന്റെ ഒരു സബ്കമ്മിറ്റി ഈ വർക്കുകൾ പരിശോധിക്കുകയുണ്ടായി. മഴക്കാല പൂർവ്വ പണികൾക്കായി സർക്കാർ വന്നശേഷം ഈ ടാസ്ക് ഫോഴ്സ് വഴി 19 കോടി രൂപ അനുവദിക്കുകയും അതിന് ഭരണാനുമതി നൽകുയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. അങ്ങയുടെ മണ്ഡലത്തിലെ ഈ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് എസ്.എൽ.റ്റി.എഫ്. വഴി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) പായലുകൾ നീക്കം ചെയ്യാൻ നടപടി

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2005-ൽ പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനന്ത സാധ്യതകൾ ഉപയോഗിച്ച ഒരു ജില്ലയാണ് ആലപ്പുഴ. ചിക്കൻഗുനിയ പോലുള്ള പകർച്ചവ്യാധികൾ ആലപ്പുഴയിൽ പൊട്ടിപുറപ്പെട്ടപ്പോൾ പോളകൾ തിങ്ങിയ ജലാശയങ്ങളിലെ പായലുകൾ നീക്കി ഇടത്തോടുകളെ മാലിന്യ മുക്തമാക്കി പകർച്ചവ്യാധിയുടെ ഔട്ട്ബ്രേക്കിനെ നന്നായി പ്രതിരോധിക്കാൻ ഞങ്ങളുടെ ജില്ലയ്ക്ക് അന്ന് കഴിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങളെ വളച്ചൊടിച്ച് ഇത്തരം പദ്ധതികൾ ചെയ്യാൻ കേന്ദ്രത്തിൽനിന്ന് അനുവാദമില്ലായെന്നാണ് രേഖാമൂലം ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പലപ്പോഴും മറുപടിയായി നൽകുന്നത്. ആലപ്പുഴ ജില്ലയിലെ ഇടത്തോടുകളെ മാലിന്യ മുക്തമാക്കുന്നതിന് എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ പ്രത്യേക പരിഗണന നൽകേണ്ടതും പ്രത്യേകിച്ച് ജലത്താൽ ചുറ്റപ്പെട്ട ആ ജില്ലയുടെ ഇപ്പോഴത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ അനുവാദം നൽകേണ്ടതുമാണ്. അതിനുവേണ്ടി ആലപ്പുഴ ജില്ലയ്ക്ക് പ്രത്യേക ഇളവ് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ളതുപോലെ വ്യക്തമായിട്ടുള്ള ചില നിയമങ്ങളും വ്യവസ്ഥകളും അതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഈ പദ്ധതിക്കും കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായിട്ടുള്ള പ്രവൃത്തികൾ ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്താൻ കഴിയില്ലായെന്നുള്ളതാണ് സാഹചര്യം. എന്നാൽ ആലപ്പുഴ ജില്ല പോലുള്ള പ്രദേശത്തിന്റെ സ്വാഭാവം നമുക്കൊരിക്കലും തന്നെ വിസ്മരിക്കാൻ കഴിയില്ല. ജലാശയങ്ങളാൽ ചുറ്റപ്പെട്ട ഒരു ജില്ലയാണ്. ഇവിടെ ബഹുമാന്യയായ മെമ്പർ സൂചിപ്പിച്ചതുപോലെ കായലുകളിൽ നിന്നും പായൽ നീക്കംചെയ്യുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി ഉയർന്നുവന്നിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ടും തനത് ഫണ്ടും പ്രയോജനപ്പെടുത്തി കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യാവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടുള്ള ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് ഈ വ്യവസ്ഥ മാറ്റിക്കിട്ടാനുള്ള സാഹചര്യം ഇല്ലായെന്നുള്ളതാണ് പലകാര്യങ്ങളിലും ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചപ്പോഴുണ്ടായ അനുഭവം എന്നുകൂടി അറിയിക്കുന്നു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് 1 പ്രകാരം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1590, അഞ്ചാം സമ്മേളനത്തിലെ 4669, ഏഴാം സമ്മേളനത്തിലെ 1707, ഒമ്പതാം സമ്മേളനത്തിലെ 1480, 1481, പന്ത്രണ്ടാം സമ്മേളനത്തിലെ 1735, 3495, പതിമൂന്നാം സമ്മേളനത്തിലെ 1515, പതിനഞ്ചാം സമ്മേളനത്തിലെ 1616, 1637, 1655, 1669, 1695, 3346, 3347, 3378, പതിനാറാം സമ്മേളനത്തിലെ 1547, 2758, 2963 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5722, പത്താം സമ്മേളനത്തിലെ 3445, പതിനൊന്നാം സമ്മേളനത്തിലെ 6106, പന്ത്രണ്ടാം സമ്മേളനത്തിലെ 3295, 3303, പതിമൂന്നാം സമ്മേളനത്തിലെ 1407, 3004, 3026, പതിനാലാം സമ്മേളനത്തിലെ 4054, 4058, 4143, പതിനഞ്ചാം സമ്മേളനത്തിലെ 1474, 1484, 1509, 3230, 3288, പതിനാറാം സമ്മേളനത്തിലെ 1391, 1395, 1401, 2831, 2857, 2862, 2919, 3018, 3020 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3332, പതിനഞ്ചാം സമ്മേളനത്തിലെ 2186 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1262, പതിനൊന്നാം സമ്മേളനത്തിലെ 2838, പതിമൂന്നാം സമ്മേളനത്തിലെ 1210, പതിനാലാം സമ്മേളനത്തിലെ 5224, പതിനഞ്ചാം സമ്മേളനത്തിലെ 1225, 1226, 1233, 1278, 1289, 1290, 1961, 3017, പതിനാറാം സമ്മേളനത്തിലെ 191, 1173, 1223, 1740, 2677, 2682, 2685, 2689, 2694, 2695, 2698, 2701, 2709, 2717, 2994 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(2) ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് 2 പ്രകാരം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 4 | 116, 123, 125 |
| VIII-സാമ്പത്തിക കാര്യങ്ങൾ | 2014-15 | 4 | 52 |
| XIII-സാമൂഹ്യസേവനം | 2013-14 | 3 | 58 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി . പി . രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2014-15 | 4 | 33, 35, 44, 47 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2011-12 | 1 | 17 |
| | 2013-14 | 3 | 9 |
| | 2014-15 | 4 | 2, 3 ,7 ,8 ,9 ,27 |

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ . പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2012-13 | 2 | 27 |
| | 2014-15 | 4 | 38, 39, 42, 43, 54, 55, 56, 64 |

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2011-12 | 1 | 20, 38 ,41, 42 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 4 | 104 |

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2014-15 | 4 | 25, 53, 64, 65, 66 |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ . ടി .എം . തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII- സാമൂഹ്യസേവനം | 2014-15 | 4 | 48 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ റ്റി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III- ജലവിഭവം | 2012-13 | | 34, 35, 37, 48, 49, 50, 51 |
| | 2013-14 | 3 | 23, 36, 48, 55, 56, 57, 59, 60, 61 ,78, 79, 81 |

11.00 am]

## VI അറിയിപ്പ്

കാരിക്കേച്ചർ പ്രദർശനം

മി. സ്പീക്കർ: സഭ പിരിഞ്ഞതിനുശേഷം കേരള കാർട്ടൂൺ അക്കാഡമി 141 നിയമസഭാംഗങ്ങളുടെയും കാരിക്കേച്ചർ പ്രദർശിപ്പിക്കുന്ന ഒരു പരിപാടി മെമ്പേഴ്സ് ലോഞ്ചിൽ നടത്തുന്നുണ്ട്. എല്ലാവരേയും അതിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ഇക്കാര്യം വ്യക്തിപരമായി അറിയിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെ പൊതുചർച്ച തുടരുകയാണ്.

## VII ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത് ഒരു സ്വപ്ന ബഡ്ജറ്റാണ് എന്നാണ് ചില ആളുകൾ ഇവിടെ വിമർശിച്ചുകാണുന്നത്. എന്റെ നിയോജക മണ്ഡലത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പതിനഞ്ചുവർഷമായി ആളുകൾ സമരം ചെയ്യുകയും നിരന്തര പ്രക്ഷോഭത്തിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ള കൂളിമാട് കടവ് പാലത്തിന്റെ കാര്യത്തിൽ 25 കോടി രൂപ അനുവദിച്ചുകൊണ്ട് എന്റെ നിയോജക മണ്ഡലത്തോട് കൂറ് പുലർത്തിയിട്ടുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. 2006-ൽ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഞങ്ങളോട് ആദ്യംതന്നെ പറഞ്ഞത് രണ്ടുവർഷക്കാലത്തേക്ക് നിങ്ങൾ ഒന്നും ആവശ്യപ്പെടരുത് എന്നാണ്. കാരണം, 2000-3000 കോടി രൂപ അന്ന് കരാറുകാർക്ക് കൊടുക്കാൻ ബാക്കിയായിരുന്നു. അതുകൊണ്ടുതന്നെ കരാറുകാർ ടെണ്ടർ എടുക്കുന്ന അവസരത്തിൽ 50-60 ശതമാനം അധികരിച്ച തുകയ്ക്കാണ് എടുത്തുകൊണ്ടിരുന്നത്. അതിൽ കരാറുകാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം, അവർ എവിടെനിന്നെങ്കിലുമൊക്കെ കടം വാങ്ങിയും ലോൺ എടുത്തുമാണ് കരാർ എടുക്കുന്നത്. രണ്ടും മൂന്നും വർഷം കഴിഞ്ഞ് പണം കിട്ടുന്നതുകൊണ്ട് സ്വാഭാവികമായും 50-60 ശതമാനം അധികരിച്ച തുകയ്ക്കാണ് അവർ കരാർ എടുക്കുന്നത്. പക്ഷെ രണ്ടുവർഷം കൊണ്ട് കരാറുകാർക്ക് കൊടുക്കാനുള്ള പണം മുഴുവനും കൊടുത്തുതീർത്തപ്പോൾ പുതിയ പദ്ധതികൾ

ആവിഷ്കരിക്കുകയും ചോദിച്ചതെല്ലാം നൽകുകയും ചെയ്തു. മാത്രവുമല്ല, പിന്നീട് കരാറുകാർ പത്തും ഇരുപതും മുപ്പതും ശതമാനം കുറഞ്ഞ നിരക്കിലാണ് കരാർ എടുത്തത്. അത് സർക്കാരിന് ഏറെ ലാഭമുണ്ടാകുകയും നിയോജകമണ്ഡലങ്ങളിൽ കൂടുതൽ പ്രവൃത്തികൾ നടത്താൻ സാധിക്കുകയും ചെയ്തു എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഇതൊരു സ്വപ്ന ബഡ്ജറ്റല്ല. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും നടപ്പാക്കും എന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് പറയാൻ സാധിക്കും. കഴിഞ്ഞ വർഷം 20 കോടി രൂപയാണ് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിന് ലഭിച്ചിരുന്നത്. ഈ വർഷം അത് 25 കോടി രൂപയായി വർദ്ധിക്കാൻ പോവുകയാണ്. ഈ ആശയം ആദ്യമായി മുന്നോട്ടുവച്ചത് 2006-ലെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ്. വിഷൻ 2010 എന്ന നിലയിൽ 3 കോടി രൂപയും മാന്ദ്യവിരുദ്ധ പാക്കേജ് എന്ന നിലയിൽ 15 കോടി രൂപയും ചേർത്ത് 18 കോടി രൂപയാണ് അന്ന് ഓരോ എം.എൽ.എ.-മാർക്കും അദ്ദേഹം നൽകിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് പേരുമാറ്റി ആസ്തിവികസന ഫണ്ട് എന്ന രീതിയിൽ 20 കോടി രൂപ തന്നു. ഇപ്പോൾ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 25 കോടി രൂപ അഞ്ചുവർഷത്തേക്ക് നമുക്ക് ലഭിച്ചിരിക്കുകയാണ്. തീർച്ചയായും ഈ കാര്യം ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമാണ്. അധിക വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ ഉദ്യോഗസ്ഥർക്ക് ഇഷ്ടംപോലെ വ്യാഖ്യാനിക്കാൻ സാധിക്കുന്ന രീതിയിലാകും എന്നൊരു ഭയപ്പാടുണ്ട്. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള ചില കാര്യങ്ങൾ ഉദ്യോഗസ്ഥർ മുടിനാരിഴ കീറി പരിശോധിച്ച് വ്യാപാരികളെ ഉപദ്രവിക്കുന്ന രീതിയിലാക്കുന്നു എന്നുള്ളതൊരു വസ്തുതയാണ്. വ്യാപാര സ്ഥാപനങ്ങളിൽ കയറി തെളിവുകളില്ലാതെ അനാവശ്യമായി റെയ്ഡ് നടത്താൻ ഉദ്യോഗസ്ഥരെ അനുവദിക്കുകയില്ലായെന്നുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 248-ൽ പറയുന്നത് എം.ആർ.പി. രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ആട്ട, മൈദ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾക്ക് 5 ശതമാനം ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നു എന്നാണ്. ഒന്നോ രണ്ടോ മൂന്നോ കിലോഗ്രാം വാങ്ങുന്ന സാധാരണ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രശ്നമാകാൻ സാധ്യതയില്ല. പക്ഷേ ചാക്ക് കണക്കിൽ വാങ്ങുമ്പോൾ അതും പാക്ക്ഡ് കമ്മോഡിറ്റിയിൽ വരുമോ എന്നുള്ള സ്വാഭാവികമായിട്ടുള്ള സംശയം ഉദ്യോഗസ്ഥർക്കുണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ് എന്നെനിക്ക് തോന്നുന്നു. അതുപോലതന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ചക്ക പോലുള്ള, നമ്മുടെ നാട്ടിൽ വേസ്റ്റായിപ്പോകുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ കാര്യത്തിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കാനും ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നു എന്നത് സന്തോഷമുള്ള കാര്യമാണ്.

മറ്റു ചില കാര്യങ്ങൾകൂടി സൂചിപ്പിക്കേണ്ടത് ആവശ്യമാണെന്നുള്ളതു കൊണ്ട് അതുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ബഹുമാന്യരായ പ്രതിപക്ഷ നേതാവും ഒ. രാജഗോപാലും കൂടി ഐ.എസ്.-നെക്കുറിച്ചുള്ള പ്രശ്നം സഭയിൽ ഉന്നയിക്കുകയുണ്ടായി. അത് അടിയന്തരപ്രമേയമായി കൊണ്ടുവരാത്തതിന് കാരണം ഇറങ്ങിപ്പോകുമ്പോൾ ശ്രീ. ഒ. രാജഗോപാലിനെക്കൂടി കൂട്ടേണ്ടിവരും, അത് പ്രശ്നം സൃഷ്ടിക്കുമെന്നുള്ളതു കൊണ്ടാണ് അതൊരു സബ്മിഷനിൽ ഒതുക്കി നിർത്തിയത് എന്നുള്ളതൊരു വസ്തുതയാണ്. പക്ഷേ അത് വിചാരിച്ചതുപോലെ പൊട്ടിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശക്തമായ രീതിയിൽതന്നെ അതിന് മറുപടി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് മാത്രമല്ല, എല്ലാ കാര്യങ്ങളിലും ഈ ഗവൺമെന്റ് ശക്തമായ നിലപാടുകൾ സ്വീകരിക്കും എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. നിങ്ങൾ ഓരോ വിഷയത്തിലും എടുത്തിട്ടുള്ള നിലപാടുകൾ പരിശോധിച്ചാൽ നമുക്കിത് മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര മന്ത്രിയായിരുന്ന കാലഘട്ടത്തിൽ കോഴിക്കോട് ഹെഡ് പോസ്റ്റാഫീസിന്റെയടുത്ത് സമരം ചെയ്ത പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുൾപ്പെടെയുള്ളവരുടെ പേരിൽ 'ഡൗൺ ഡൗൺ ഹിന്ദുസ്ഥാൻ' എന്ന മുദ്രാവാക്യം മുഴക്കിയെന്ന് എഫ്.ഐ.ആർ. ഇട്ട് രാത്രി പന്ത്രണ്ടര മണിക്ക് മജിസ്ട്രേട്ടിന്റെ മുന്നിൽ ഹാജരാക്കി ജയിലിലടച്ച സംഭവമുണ്ടായി. യഥാർത്ഥത്തിൽ ഒരു സമുദായത്തിന്റെ പേരിൽ അനാവശ്യമായ ചർച്ചകൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇതുപോലെ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് കുട്ടികളെ ജയിലിലടച്ചത്. ഈ കുട്ടികൾ സമരം ചെയ്തത് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ഉണ്ടായ ചില വിഷയങ്ങളെ സംബന്ധിച്ചാണ്. ജെ.എൻ.യു.-ൽ ഉണ്ടായ വിഷയങ്ങളും ഇതുപോലെതന്നെയാണ്. ജെ.എൻ.യു.-ൽ ഇല്ലാത്ത മുദ്രാവാക്യങ്ങൾ വിളിച്ചു എന്നുപറഞ്ഞുകൊണ്ടാണ് ചില പ്രശ്നങ്ങൾ സൃഷ്ടിച്ച് അവിടെ വലിയ കോലാഹലമുണ്ടാക്കിയത്. അതുപോലെയാണ് നിങ്ങൾ എപ്പോഴും ചെയ്തുകൊണ്ടിരുന്നത് എന്നതൊരു വസ്തുതയാണ്. ഇവിടെ ലെറ്റർ ബോംബ് കേസിനെക്കുറിച്ചും അത് കൈകാര്യം ചെയ്ത രീതിയെക്കുറിച്ചും നമുക്കറിയാം. തിരുവനന്തപുരത്ത് വിമാനത്തിൽ ബോംബുവച്ച കേസിനെ സംബന്ധിച്ചും അതിന്റെ അന്വേഷണത്തെക്കുറിച്ചും നമുക്കറിയാം. അതുപോലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചില എം.എൽ.എ.-മാരുടെയും നേതാക്കൻമാരുടെയും ഇ-മെയിൽ ചോർത്തുന്നു എന്നുപറഞ്ഞുകൊണ്ടുണ്ടായ ഒരു കേസിനെ സംബന്ധിച്ച് എന്തെല്ലാം കോലാഹലങ്ങളാണ് നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത്. ഒരു സമുദായത്തെ മുൾമുനയിൽ നിർത്താനുള്ള പരിശ്രമമാണ് പലപ്പോഴും നടന്നിട്ടുള്ളത്. കോഴിക്കോട്ട്

ലീഗ് നേതാക്കന്മാർ എല്ലാ മതസംഘടനകളുടെയും യോഗം വിളിച്ചു. അതിലും എല്ലാവരെയും വിളിച്ചില്ല. ചില ആളുകളെ അവർതന്നെ തീവ്രവാദികളാക്കി മാറ്റി നിർത്തിയിരിക്കുകയാണ്. എനിക്ക് അവരോട് പറയാനുള്ളത് ഒരിക്കലും നമുക്ക് സ്വന്തമായി തീർക്കാൻ കഴിയുന്ന ഒരു വിഷയമല്ല ഇത്. എല്ലാ സമൂഹത്തെയും ഒന്നായിക്കൂട്ടികൊണ്ട് ഇടതുപക്ഷം ചെയ്യുന്നതുപോലെയുള്ള ഒരു സമീപനം സ്വീകരിച്ചുവെങ്കിൽ മാത്രമേ ഈ പ്രതിസന്ധിയിൽനിന്ന് കരകയറാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ പ്രത്യേകം പ്രത്യേകമായി യോഗം വിളിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു പകരം പൊതു സമൂഹത്തെ ഒന്നായി നിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. എ. പി. അബൂബക്കർ മുസലിയാർ എന്തോ ചെയ്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ പോയി എ. പി. അബൂബക്കർ മുസലിയാർ ഒരിക്കലും തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കെടുത്തിട്ടില്ല. അവിടെ ഒരു കുടുംബയോഗത്തിലും പങ്കെടുത്തിട്ടില്ല. ഈ നിയമസഭയിലില്ലാത്ത എ. പി. അബൂബക്കർ മുസലിയാരെ സംബന്ധിച്ചാണ് പറഞ്ഞത്, തങ്ങളെ സംബന്ധിച്ചും നമുക്ക് പറയാം. കൊടുവള്ളിയിൽ വന്ന് എല്ലാ വീടുകളിലും കുടുംബയോഗങ്ങൾ ചേർന്ന് മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കാനാണെന്ന് പറഞ്ഞ് സ്ത്രീകളെ വിളിച്ചുവരുത്തി തങ്ങൾ പ്രസംഗിച്ചിട്ട് മഴയും പെയ്തില്ല, വോട്ടും കിട്ടിയില്ല. അതുകൊണ്ടാണ് ശ്രീ. കാരാട്ട് റസാഖ് ഇവിടെയിരിക്കുന്നത്. ശ്രീ. കാരാട്ട് റസാഖ് കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ചാണ് വന്നത്. മുസലിയാർ പറഞ്ഞത് നടന്നിട്ടില്ലെങ്കിൽ തങ്ങൾ പറഞ്ഞതും നടന്നിട്ടില്ല. ഞാനിവിടെ ഇരിക്കുന്നുണ്ട്, ബഹുമാന്യരായ തിരുവമ്പാടി എം.എൽ.എ.-യും കൊടുവള്ളി എം.എൽ.എ.-യും ഇവിടെ ഇരിക്കുന്നുണ്ട്. അതുകൊണ്ട് അനാവശ്യമായ വാദപ്രതിവാദങ്ങളൊന്നും ആവശ്യമില്ല. ഇങ്ങനെയുള്ള വിഷയങ്ങൾക്കപ്പുറം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞതുപോലെ പ്രശ്നങ്ങളെ നമുക്കൊന്നായി അതിജീവിക്കാൻ സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഡിഫ്തീരിയയുടെ കേസിനെപ്പറ്റി ഇന്ന് പറഞ്ഞല്ലോ. മലപ്പുറം ജില്ലയിൽ ഒരുപാട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമൊക്കെ നടക്കുന്നുണ്ടെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ആദ്യം തന്നെ പോയത് പാണക്കാട്ടേക്കാണ്. അവിടെ പോയി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയപ്പോൾ അദ്ദേഹത്തിനത് ബോദ്ധ്യപ്പെട്ടു. നല്ല വിഷയം തന്നെ എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, യാഥാർത്ഥ്യബോധമില്ലാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഇക്കോണമിസ്റ്റായ ധനകാര്യമന്ത്രിയാണ്. പക്ഷേ ഒരു ഇക്കോണമിസ്റ്റ് പാലിക്കേണ്ട രാഷ്ട്രീയ സത്യസന്ധത അങ്ങ് പാലിച്ചുകാണുന്നില്ല. ഈ ബഡ്ജറ്റിന്റെ മുഖമുദ്ര political and economic dishonesty ആണ്. ഞങ്ങൾ എന്തോ വലിയ പാപം ചെയ്തുവെന്നും കേരളത്തെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയെന്നുമാണ് അങ്ങ് പറയുന്നത്. അതിനുവേണ്ടി ഒരു ധവളപത്രം കൊണ്ടുവന്നു. ഈ ധവളപത്രത്തിന്റെ para 1.1.4-ൽ അങ്ങ് പറയുന്നത് - "Three dimensions of the annual plan that has in no small measure, contributed to this fiscal situation are the following: one, the original plan size itself was fixed beyond what the State could afford each year." പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികശേഷിക്കപ്പുറമാണെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ അങ്ങ് എന്തുകൊണ്ടാണ് ഞങ്ങളുടെ പ്ലാൻ യാതൊരു മാറ്റവുമില്ലാതെ അംഗീകരിച്ചതെന്ന് വ്യക്തമാക്കണം. ഇത് ഞങ്ങളുടെ പ്ലാനിനുള്ള അംഗീകാരമാണ്. Balance in Current Revenues വച്ചുമാത്രമേ പ്ലാൻ തയ്യാറാക്കുകയുള്ളൂ എന്നാണ് പറയുന്നത്. കേരളം പോലെ നെഗറ്റീവ് ബി.സി.ആർ. ഉള്ള സംസ്ഥാനം, ആ രീതിയിൽ പ്ലാൻ തയ്യാറാക്കാൻ പോയാൽ നമുക്ക് പദ്ധതിയുണ്ടാകുമോ; പുരോഗതിയുണ്ടാകുമോ? ആ സങ്കല്പത്തോട് ഞങ്ങൾ യോജിക്കുന്നില്ല. അങ്ങ് ഞങ്ങളുടെ നിലപാട് അംഗീകരിച്ചതിൽ സന്തോഷം. രണ്ടാമത്തെ കാര്യം- Schemes were announced in the Budget that had no resources to finance them. The expenditure incurred on them place enormous strains on the Budget. അങ്ങ് എന്താണ് ചെയ്തിരിക്കുന്നത്. ഞാൻ എം.എൽ.എ. ആയിട്ട് ഇപ്പോൾ 34 കൊല്ലമായി. ഇന്നുവരെ ഈ സഭയിൽ ചെയ്യാത്ത രീതിയിൽ, ബഡ്ജറ്റിൽ പണം മാറ്റിവയ്ക്കാതെ മറ്റെന്തോ വരുമാനം സ്വപ്നം കണ്ടുകൊണ്ട് അങ്ങ് പദ്ധതി പ്രഖ്യാപിക്കുകയാണ്. റവന്യൂ വരുമാനമെടുക്കും, പദ്ധതി പ്രഖ്യാപിക്കും, പണം മാറ്റിവയ്ക്കും അങ്ങനെയാണ് ഈ കാലമത്രയും ചെയ്തുവന്നിരുന്നത്. അങ്ങിവിടെ പുതിയ എം.എൽ.എ.-മാരെ കബളിപ്പിച്ചിരിക്കുകയാണ്, പ്രഖ്യാപിച്ച 12,000 കോടി രൂപയുടെ പി.ഡബ്ല്യൂ.ഡി. പദ്ധതികൾക്കുള്ള ഫണ്ട് ബഡ്ജറ്റിലുണ്ടോ? ഒരു പൈസയെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; Infrastructure Development Board ഉണ്ടാക്കി ഫണ്ട് സമാഹരിക്കുമെന്നാണ് പറയുന്നത്. ഈ പദ്ധതി embryonic stage-ൽ ആണ്. ഇതിന്റെ ആക്ട് ഭേദഗതി ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞു. നല്ല കാര്യം, ചെയ്യട്ടെ. മാണി സാർ പറഞ്ഞതുപോലെ ഇത് അക്ഷരാർത്ഥത്തിൽ മലർപ്പൊടിക്കാരന്റെ സ്വപ്നം തന്നെയാണ്. ഇല്ലാത്ത പദ്ധതി കണ്ടുകൊണ്ട്; ഇല്ലാത്ത സമ്പത്ത് കണ്ടുകൊണ്ട് പണം മാറ്റിവച്ച് പദ്ധതികൾ

പ്രഖ്യാപിക്കുന്നത് ഈ സഭയോടുള്ള വലിയ dishonesty ആണ്. 1475 കോടി രൂപയുടെ പാലങ്ങൾ, 150 കോടി രൂപയുടെ ഫ്ലൈ ഓവറുകൾ, 40 കോടി രൂപയുടെ അണ്ടർ പാസേജ്, 2800 കോടി രൂപയുടെ റോഡുകൾ-ഇതിനൊക്കെ ഒരു പൈസയെങ്കിലും ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ടോ? അങ്ങ് ചെയ്ത മറ്റൊരു വലിയ ക്രൂരത, ശ്രീ. വി. ഡി. സതീശൻ ഇന്നലെ ചൂണ്ടിക്കാട്ടി. ബഡ്ജറ്റിലെ para 55-ൽ പറയുന്നത് - മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം, കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവഴിക്കുകയോ ഇല്ല എന്നതാണ്. പി.ഡബ്ല്യു.ഡി. ചെയ്യേണ്ട പ്രവൃത്തികൾക്കു വേണ്ടിയുള്ള പണം മാറ്റിവച്ചിട്ട് പി.ഡബ്ല്യു.ഡി.-ക്ക് കൊടുക്കില്ല എന്നുപറയുന്നത് ശരിയാണോ? time tested-ഉം well established-ഉം ആയ പി.ഡബ്ല്യു.ഡി. സംവിധാനത്തെ മറികടന്നുകൊണ്ട് മറ്റേതോ രീതിയിൽ കണ്ട് പൊതുമരാമത്ത് പണികളുടെ പണം ചെലവഴിക്കാൻ പോകുന്നത് ശരിയായ നടപടിയല്ല. പണം കണ്ടെത്തുന്നുവെങ്കിൽ ആവശ്യമായ ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് കൊടുക്കണം. അതുപോലെ അങ്ങ് പറയുന്ന മറ്റൊരു കാര്യം, ഇവിടെ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായെന്നാണ്. ഗൾഫിലെ സാമ്പത്തികമാന്ദ്യം, നാണ്യവിള തകർച്ച എന്നീ നിയന്ത്രണാതീതമായ കാരണങ്ങളാൽ കേരളത്തിൽ വരുമാന ചോർച്ചയുണ്ടായിട്ടുണ്ട്. ഈ കാരണങ്ങളെല്ലാം ഉണ്ടായിട്ടും ഞങ്ങൾ 80% Additional Resource Mobilization സമാഹരിച്ചു. പക്ഷേ അങ്ങ് എന്താണ് ചെയ്തത്. അങ്ങ് 2005-06-ൽ ചുമതലയേൽക്കുമ്പോൾ കേരളത്തിന്റെ പൊതുകട ബാദ്ധ്യത 45929 കോടി രൂപ, അധികാരമൊഴിയുമ്പോൾ 88887 കോടി രൂപ. 5 കൊല്ലം കൊണ്ട് കേരളത്തിന്റെ കടബാദ്ധ്യത വർദ്ധനവ് 93%. ഇതേ കാലയളവിൽ 25671 കോടി രൂപയായിരുന്ന ആഭ്യന്തര കടം 56288 കോടി രൂപയായി, വർദ്ധനവ് 119%. കേരളത്തെ അങ്ങ് കടക്കെണിയിലാക്കി. 2011-ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അവതരിപ്പിച്ച റിപ്പോർട്ടനുസരിച്ച് ഇന്ത്യയിലെ മൂന്ന് സംസ്ഥാനങ്ങൾ കടക്കെണിയിലാണ്. ഒന്ന് കേരളം, രണ്ട് പഞ്ചാബ്, മൂന്ന് ബംഗാൾ. അഞ്ച് കൊല്ലക്കാലം കൊണ്ട് കേരളത്തെ കടക്കെണിയിലാക്കിയാണ് അധികാരമൊഴിഞ്ഞത്. ഞങ്ങൾ അതിന് പരിഹാരം കണ്ടെത്തി. കഴിഞ്ഞ അഞ്ചു കൊല്ലക്കാലമുണ്ടായ വമ്പിച്ച വികസന മുന്നേറ്റത്തെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന എം.എൽ.എ.-മാർക്ക് അറിയാം. സമാനതകളില്ലാത്ത വമ്പിച്ച വികസനങ്ങൾ കേരളത്തിലുണ്ടായില്ലേ. ഇവിടെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ; എല്ലാം സമയത്തിന് പൂർത്തിയാകാൻ പോകുന്നു. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം-ഇതെല്ലാം ആരംഭിച്ച് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇതുമാത്രമാണോ? അങ്ങ് ആവിഷ്കരിച്ച ഒന്നാം മാന്ദ്യവിരുദ്ധ പാക്കേജ്, കേരള

വിഷൻ 2010 തുടങ്ങിയവയ്ക്കൊക്കെ ആരാണ് പണം കൊടുത്തത്. ആ ബാദ്ധ്യത മുഴുവൻ കൊടുത്തത് ശ്രീ. കെ. എം. മാണിയും കഴിഞ്ഞ ഗവൺമെന്റുമാണ്. അങ്ങ് അത് കാണാതെ പോകരുത്. ഒന്നാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഫണ്ട് കൊടുത്തത് ഭരണകക്ഷിക്കു മാത്രമായിരുന്നു, പ്രതിപക്ഷത്തിനു കൊടുത്തില്ല. ഞങ്ങളുടെ കാലത്ത് ശ്രീ. കെ. എം. മാണി ധനകാര്യ മന്ത്രിയായതിനുശേഷം 141 എം.എൽ.എ.-മാർക്കും 5 കോടി രൂപ അസറ്റ് ഫണ്ട് കൊടുത്തു. വ്യത്യാസം വരുത്താതെ 4 കൊല്ലവും കൊടുത്തതിന്റെ ഫലമായി വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടായി. വരുമാനം മാത്രം നോക്കി ചെലവഴിക്കാൻ പോയാൽ കേരളത്തിന്റെ വികസനം തകരാറിലാകും. അതുകൊണ്ടുതന്നെയാണ് വരുമാനം എന്തായാലും വികസനം മുടങ്ങാതെ നടത്തുവാൻ നിശ്ചയിച്ചത്. പുതിയ താലൂക്കുകൾ, പുതിയ വില്ലേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ബി.എം. & ബി.സി.-ചെയ്ത റോഡുകളുടെ ശൃംഖല ഇതെല്ലാമുണ്ടായപ്പോൾ സാമ്പത്തിക ബാദ്ധ്യതയുണ്ടായി. അധികാരമൊഴിയുമ്പോൾ കേരളത്തിൽ ഭരണത്തുടർച്ചയുണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയത്. മടങ്ങിവന്നാൽ സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കാമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ടായിരുന്നു. അങ്ങ് പറയുന്നതുപോലെ ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ല. സാമ്പത്തിക പ്രയാസമുണ്ട്; ബുദ്ധിമുട്ടുണ്ട്. അത് മറികടക്കാൻ സാധിക്കണം. അങ്ങ് സാംസ്കാരിക വകുപ്പിനുവേണ്ടി ഒരു പദ്ധതി പ്രഖ്യാപിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ച പദ്ധതികളുണ്ടായിരുന്നു. അതിൽ ചിലത് ഉൾപ്പെടുത്തിയിട്ടുണ്ട്, ചിലത് ഉൾപ്പെടുത്തി കാണുന്നില്ല. വൈലോപ്പിള്ളി സ്മാരകം, മലപ്പുറത്തെ ചരിത്ര മ്യൂസിയം, പാലായിലെ മന്നം സ്റ്റഡി സെന്റർ, ജവഹർ ബാലഭവനുകൾ, വി. ടി. സ്മാരകം, കേളപ്പജി സ്മാരകം, സത്യൻ സ്മാരകം, ഗുരു ചെങ്ങന്നൂർ സ്മാരകം, കുടിയേറ്റ മ്യൂസിയം, വൈക്കം മുഹമ്മദ് ബഷീർ സ്മാരകം തുടങ്ങിയ പദ്ധതികൾക്ക് ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ മാറ്റിവച്ച ഫണ്ട് അനുവദിക്കുമോയെന്ന് പറയണം. അതല്ല അത് വേണ്ടെന്ന് വയ്ക്കുകയാണോ. ദയവായി വേണ്ടെന്ന് വയ്ക്കരുത്. ഈ സാംസ്കാരികസ്ഥാപനങ്ങളെല്ലാം കേരളത്തിന്റെ പൊതുവായ സമ്പത്താണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ സർക്കാർ അനുവദിച്ച പണം അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് ദീർഘവീക്ഷണമില്ലാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തെ ഏറെ സന്തോഷത്തോടെയും അതിനേക്കാളേറെ അഭിമാനത്തോടെയും സ്വാഗതം ചെയ്യുകയാണ്. വിയർപ്പിന്റെ വില അറിയുന്നതും മാനുഷികമുഖമുള്ളതുമായ

ഒരു ബഡ്ജറ്റാണിത്. ഏറെ സാമ്പത്തിക പ്രതിസന്ധിയുള്ള സമയത്താണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ചുമതല ഏറ്റെടുത്തത്. ധവളപത്രത്തിലൂടെ അത് കേരളീയ സമൂഹത്തിന് ബോദ്ധ്യമായി. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇച്ഛാശക്തിയോടെ ഒരുലക്ഷം കോടി രൂപ സംസ്ഥാനത്ത് മുതൽമുടക്കി കേരളത്തിന്റെ മുരടിപ്പ് മറികടക്കാനുള്ള നിർദ്ദേശമാണ് ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനെ ജനങ്ങൾ ഏറെ സന്തോഷത്തോടെയാണ് കാണുന്നത്. നമ്മുടെ നാട്ടിൽ സാധാരണ പറയാറുണ്ട്, അമ്മമാരെപ്പോലെ ഏറ്റവും അനുകരണീയമായി കുട്ടികളെ നോക്കുന്നത് കാക്കയാണെന്ന്. വളരെ സൂക്ഷ്മതയോടെ കാലാവസ്ഥ നോക്കി കൂടുണ്ടാക്കും. അതിന്റെ കൂടിനുപറ്റിയ രീതിയിലുള്ള കമ്പ്, ഇലകൾ എന്നിവ ശേഖരിച്ചുവച്ച് അവിടെ മുട്ടയിട്ട് കുഞ്ഞ് വിരിഞ്ഞതിനുശേഷം അതിനുവേണ്ടുന്ന ഭക്ഷണം നൽകി പറക്കാനുള്ള സംവിധാനമൊരുക്കുന്നു. കാക്ക കുഞ്ഞിനെ സംരക്ഷിക്കുന്ന സൂക്ഷ്മതയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ കുട്ടികൾ മുതൽ വയോവൃദ്ധന്മാർ വരെയുള്ളവരുടെ സംരക്ഷണത്തിനുവേണ്ടി ഈ ബഡ്ജറ്റ് പ്രസംഗത്തിലൂടെ കാണിച്ചിട്ടുള്ളത്. വിൽപ്പന നികുതിയുടെ ചോർച്ചയിനത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, ഓൺലൈൻ ഡോർ ഡെലിവറി വിൽപ്പനകൾ കേരളത്തിൽ വ്യാപകമാണ്. ചെറുപ്പക്കാർ അല്ലെങ്കിൽ വീടുകളിലുള്ളവർ കടകളിൽ പോയി വാങ്ങേണ്ടതില്ലായെന്ന നിലയ്ക്ക് ഗുണനിലവാരമുള്ള എല്ലാ സാധനങ്ങളും ഓൺലൈനായി വാങ്ങുന്ന സംവിധാനം ഇന്ന് ഇന്ത്യയിലാകെ വ്യാപകമായുണ്ട്. ഓൺലൈൻ ബിസിനസ്സിൽ കേന്ദ്ര ടാക്സ് ലഭിക്കുന്നുണ്ടെങ്കിൽപ്പോലും സ്റ്റേറ്റിന്റെ ഫണ്ട് ലഭിക്കുന്നില്ലായെന്ന ഒരു പ്രശ്നമുണ്ട്. അത് പരിഹരിക്കപ്പെടേണ്ടതാണ്. ബഡ്ജറ്റ് ഭാഗം 2-ൽ പെൻഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ, തെരഞ്ഞെടുപ്പിന്റെ വേളകളിലും തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലും അതിന്റെ ക്യാമ്പയിനുകളിലും പെൻഷൻ വീടുകളിൽ എത്തിക്കുമെന്ന് എൽ.ഡി.എഫ്. പറഞ്ഞതാണ്. വാസ്തവത്തിൽ എത്രമാത്രം ശരിയായ പ്രചരണമാണ് എൽ.ഡി.എഫ്. നടത്തിയതെന്ന് തെളിയിക്കപ്പെടുന്നതാണ് സി. ആന്റ് എ.ജി.-യുടെ പുറത്തുവന്ന റിപ്പോർട്ടും ഇന്നത്തെ പത്ര-മാധ്യമങ്ങളിലൂടെ വാർത്തയായി വന്ന റിപ്പോർട്ടും. ഇക്കഴിഞ്ഞ പത്ത മാസം ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപയാണ് പെൻഷൻ ലഭിക്കേണ്ടവരുടെ കൈകളിലേക്ക് ലഭിക്കാതെ ചോർന്ന് പോയതെന്നാണ് അതുമായി ബന്ധപ്പെട്ട് നമുക്ക് കാണാൻ കഴിയുന്നത്. തീർച്ചയായും അത് കുടിശ്ശികയുൾപ്പെടെ അവരുടെ കൈകളിൽ എത്തിക്കുമെന്ന് തീരുമാനിച്ച ഈ ഗവൺമെന്റ് ആരുടെ പക്ഷത്തുനിൽക്കുന്നുവെന്നതിന്റെ തെളിവായി നമുക്ക് അതിനെ കാണാൻ കഴിയും.

പാർപ്പിടമെന്നത് മനുഷ്യന്റെ സ്വപ്നമാണ്. ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി ഇവയെല്ലാം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. അത് മുന്നോട്ടുപോയിരുന്നുവെങ്കിൽ ഇതിനകം കേരളം പാർപ്പിട പ്രശ്നമില്ലാത്ത സംസ്ഥാനമായി മാറുമായിരുന്നു. അഞ്ചുവർഷം കൊണ്ട് കേരളത്തിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുകയാണ്. എല്ലാവരുടെയും സ്വപ്നമാണ് ഒരു വീട്. ആ വീടിന്റെ പ്രശ്നം പരിഹരിക്കുന്നതിൽ ഇത്രയേറെ നിഷേധപരമായ സമീപനം എടുത്ത യു.ഡി.എഫ്. സർക്കാർ പോലെ വേറെയൊരു ഗവൺമെന്റും ഇല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വീടുപണി തുടങ്ങിവച്ചവർ, കല്ലിറക്കിയവർ, തറകെട്ടിയവർ, ചുമരുകൾ നിർമ്മിച്ചവർ അങ്ങനെ നിൽക്കുന്ന കേരളത്തിൽ ഒട്ടേറെപ്പേർ. അവരുടെ പ്രശ്നങ്ങൾക്ക് ഈ തീരുമാനത്തിലൂടെ പരിഹാരം ഉണ്ടാകുന്നുവെന്ന നിലയിലേക്ക്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വീടുകളുയർന്ന ഓർമ്മകൾ വച്ചുകൊണ്ട് ഇന്ന് കേരളീയ സമൂഹം ഇതിനെ സ്വാഗതം ചെയ്യുകയാണ്.

ഭക്ഷ്യസുരക്ഷ-സൗജന്യ റേഷൻ വിപുലീകരിക്കുമെന്നത് ഏറെ സ്വാഗതാർഹമാണ്. വിലക്കയറ്റത്തിന്റെ കെടുതിയിൽപ്പെട്ട് ഇന്ത്യയിലെ ജനങ്ങൾ പൊറുതിമുട്ടുമ്പോൾ ഇത്തരമൊരു സമീപനവുമായി കേരളത്തിന് പോകാൻ കഴിഞ്ഞില്ലെങ്കിൽ ദാരിദ്ര്യം, പട്ടിണി മരണം എന്നിവയുണ്ടാകും. പ്രത്യേകിച്ച് കാർഷിക വിളകളുടെ തകർച്ചയുടെ അടിസ്ഥാനത്തിൽ ആയിരങ്ങൾ മരിച്ച ഓർമ്മകൾ നമ്മുടെ മുമ്പിലുണ്ട്. അതിന് പരിഹാരമുണ്ടാക്കിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. കേരളത്തിൽ പട്ടിണിമൂലം ഒരു മനുഷ്യനും മരിക്കാൻ പാടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ സൗജന്യ റേഷൻ വ്യാപകമാക്കുന്നുവെന്നത് ഏറെ സന്തോഷത്തോടുകൂടി കാണുവാൻ കഴിയും. സിവിൽ സപ്ലൈസിന്റെ വിപണന ശാലകൾ വഴി നിശ്ചയിക്കപ്പെട്ട എണ്ണം അവശ്യ ഭക്ഷ്യവസ്തുക്കൾക്ക് അഞ്ചുവർഷം വില വർദ്ധിപ്പിക്കില്ലായെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ സൂചിപ്പിച്ചതുപോലെ ഈ ബഡ്ജറ്റിൽ അത്തരമൊരു വർദ്ധനവുണ്ടാകില്ലായെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏഴ് തവണയാണ് മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചത്. അതിന്റെ മാറ്റരയ്ക്കുമ്പോൾ ഇതിന്റെ വ്യത്യാസം നമുക്ക് ബോദ്ധ്യപ്പെടും.

ആദിവാസി സമൂഹത്തിന് വീടുകൾ, കുട്ടികളുടെ പഠനം, അവരുടെ സൗകര്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള വിഹിതം 25 ശതമാനം

വർദ്ധിപ്പിക്കുമെന്ന തീരുമാനവും ഏറെ സ്വാഗതാർഹമാണ്. എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപിത നയമാണ് ആദിവാസികൾക്ക് ഒരേക്കർ ഭൂമി കൊടുക്കുകയെന്നത്. ഒരേക്കർ ഭൂമിയെങ്കിലും ആദിവാസികൾക്ക് ലഭിക്കുന്ന നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടു പോകുമെന്നുള്ളത് ഈ ബഡ്ജറ്റിലൂടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

മാന്ദ്യവിരുദ്ധ പാക്കേജ് ഏറെ സ്വാഗതാർഹമാണ്. ഇന്നലെ ഒട്ടേറെപ്പേർ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും അതിന്റെ ഭാഗമായി നേരത്തെ ആരംഭിച്ച് വിജയകരമായി നടപ്പിലാക്കാൻ പരിശ്രമിച്ചതിന്റെ അടുത്ത ഘട്ടമെന്ന നിലയ്ക്ക് അതിലൂടെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി ഉയർത്തുന്നുവെന്നത് ഏറെ സ്വാഗതാർഹമാണ്. ഇന്ന് കാലത്തും പച്ചക്കറി കൃഷിയെപ്പറ്റി വ്യാപകമായ ചർച്ചകൾ നടന്നു. കേരഗ്രാമം പദ്ധതി വ്യാപകമായി നടപ്പിലാക്കണം. ഏതെങ്കിലും ഒരു വാർഡിൽ അല്ലെങ്കിൽ ഒരു പഞ്ചായത്തിന്റെ ചില മേഖലകളിലെന്നത് മാറ്റണം. കേരളത്തിന്റെ കൃഷിയെന്ന് പറയുന്നത് തെങ്ങാണ്. അതുകൊണ്ട് കേരഗ്രാമം പദ്ധതി കേരളത്തിൽ വ്യാപകമായി നടപ്പിലാക്കുന്നതിനു വേണ്ടുന്ന സഹായങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരഗ്രാമം പദ്ധതിയോടനുബന്ധിച്ച് ജൈവകൃഷിയെക്കുറിച്ച് നാം ഏറെ സംസാരിക്കുന്നുണ്ട്. ജൈവ വളം എവിടെനിന്നു ലഭിക്കും. അതിന് പരിഹാരമുണ്ടാക്കുന്ന നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി വരേണ്ടതുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. പച്ചക്കറിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പയറിനെക്കുറിച്ച് ചർച്ച ചെയ്യാറില്ല. നമുക്ക് ജൈവവളം ഉണ്ടാക്കുന്നതിന് മണ്ണിലെ മാറ്റത്തിനുവേണ്ടി പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യേണ്ടതുണ്ട്. മലബാർ മേഖലയിൽ നേരത്തെ ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർ വർഗ്ഗങ്ങളെല്ലാം കൃഷി ചെയ്തതാണ്. അതിന്റെ ഭാഗമായി മണ്ണിന്റെ മാറ്റത്തിന് സഹായകരമായ നൈട്രജന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് സഹായകരമായ നിലപാടുകളും സ്വീകരിച്ചിരുന്നു. അത് വ്യാപകമാക്കേണ്ടതുണ്ട്. സമ്മിശ്ര കൃഷി കേരഗ്രാമത്തിലൂടെ കൊണ്ടുവന്ന് നമുക്ക് അതിനൊരു പരിഹാരമുണ്ടാക്കിയെടുക്കാൻ കഴിയും. ഇലക്കറി കൃഷിയുമായി ബന്ധപ്പെട്ട് ആരോഗ്യ സംരക്ഷണത്തിന് നാം എങ്ങനെ മുന്നോട്ടു പോകണമെന്ന് ആലോചിക്കുന്ന ചർച്ച ഇതിന്റെ ഭാഗമായി ഉയർന്നുവരണം. പണ്ട് പറയാറുണ്ട്, 'ഒഴക്ക തവരക്ക് അഴക്ക ചോര'. ഒഴക്ക്, ആഴക്ക്, ഉരി എന്ന് പറയുന്നത് പണ്ടത്തെ അളവാണ്. ഒഴക്ക് തവര എടുത്താൽ അഴക്ക് ചോര ലഭിക്കുമെന്ന് വല്യമ്മമാർ പറഞ്ഞു തന്നിട്ടുണ്ട്. ഒരു ചെലവുമില്ലാതെ തവര നമുക്ക് പറമ്പുകളിൽ ലഭിക്കും. ഇഷ്ടംപോലെ ഇലക്കറികൾ നമുക്കാവശ്യമുള്ളത് ഉണ്ടാക്കാനുള്ള സൗകര്യംകൂടി നമുക്ക് അതുമായി ബന്ധപ്പെട്ട് മെച്ചപ്പെടുത്തിയെടുക്കാൻ കഴിയും. അതുകൊണ്ട്

കേരഗ്രാമം പദ്ധതി വളരെ വ്യാപകമായി കൊണ്ടുവരാനുള്ള പരിശ്രമം ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കൈത്തറി, ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുമെന്ന് ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചത് ഏറെ സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ കൈത്തറി സൊസൈറ്റികൾ പരിതാപകരമായ അവസ്ഥയിലാണ്. എടുത്ത തുണികളുടെ വില ഹാന്റെക്സും ഹാൻവീവും കൊടുക്കാത്തതിനാൽ നിത്യനിദാന ചെലവിന് ബുദ്ധിമുട്ടുന്നു. അവർക്ക് കിട്ടുന്ന തുച്ഛമായ കൂലി എത്രയോ മാസത്തെ കുടിശ്ശികയായി നിൽക്കുകയാണ്. തീർച്ചയായും നല്ല നിർദ്ദേശമാണ് അതിന്റെ ഭാഗമായി വന്നത്. ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുമ്പോൾ അതിന് മേന്മയേറിയ കൈത്തറി വസ്ത്രങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൂടി വരുന്നുവെന്നത് സന്തോഷത്തിന് വക നൽകുന്നതാണ്. ഈ കൈത്തറി സംഘങ്ങൾക്ക് ഹാന്റെക്സിൽനിന്നും പണം ലഭിക്കാനുള്ള അവസ്ഥകൂടി ഇതിന്റെ ഭാഗമായി ഉയർത്തികൊണ്ടുവരണം. തീർച്ചയായും ഈ ഗവൺമെന്റ് ആരുടെ ഭാഗത്താണെന്നതിനെക്കുറിച്ച് ആർക്കും തർക്കമില്ല.

ഈ നാട്ടിൽ അമേരിക്കൻ മോഡൽ ഭരണ സംവിധാനം കൊണ്ടുവരുന്നതിനെതിരെയുള്ള ഉജ്ജ്വലമായ സമരമാണ് പുന്നപ്ര-വയലാറിൽ നടത്തിയത്. അത് ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണെന്ന് കണ്ടുകൊണ്ട് അവരെ അംഗീകരിച്ചതിന്റെ ഭാഗമായാണ് അവർക്ക് പെൻഷൻ ലഭിച്ചത്. കഴിഞ്ഞ അഞ്ചു വർഷം മുടങ്ങിപ്പോയ ഡി.എ. കുടിശ്ശിക നൽകുന്നുവെന്നത് ഈ ഗവൺമെന്റ് ആരുടെ പക്ഷത്തുനിൽക്കുന്നുവെന്നതിന്റെ മാറ്റുരയ്ക്കുന്നതാണ്. തീർച്ചയായും അതിനെ ഏറെ സന്തോഷത്തോടെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ സൂക്ഷ്മതയോടെ ഒന്നാം ക്ലാസ് മുതൽ ഉന്നത വിദ്യാഭ്യാസമേഖല വരെയുള്ള എല്ലാ മേഖലകളേയും സശ്രദ്ധം വീക്ഷിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് മുന്നോട്ടുപോകുന്നത്. അന്തർദ്ദേശീയ നിലവാരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയെ കൊണ്ടെത്തിക്കാനും ഭരണഘടന അനുശാസിക്കുന്നതുപോലെ മതേതര മൂല്യങ്ങളിൽ ഊന്നി നിന്നുകൊണ്ട് ഒരു പുതിയ തലമുറയെ വാർത്തെടുക്കേണ്ടത് വർത്തമാനകാല കേരളത്തിന്റെ സവിശേഷതയാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള തീരുമാനങ്ങളാണ് ഈ ബഡ്ജറ്റിലൂടെ വന്നിട്ടുള്ളത്. അതിനാണ് ഏറ്റവും കൂടുതൽ പണം ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭാവി കുട്ടികളുടെ കയ്യിലാണ്, ഈ രാജ്യത്തെ രക്ഷിക്കേണ്ട ബാദ്ധ്യത ആ തലമുറയ്ക്കാണെന്ന് കണ്ടുകൊണ്ട് സമസ്ത മേഖലകളിലും അവരുടെ കഴിവുകൾ

പ്രകടിപ്പിക്കാനുള്ള സമീപനങ്ങൾ വിദ്യാഭ്യാസ മേഖലയിലൂടെ കടന്നുവരുന്നു എന്നത് ഏറെ സ്വാഗതാർഹമായ കാര്യമാണ്. ഒട്ടേറെ ആശുപത്രികൾ താലൂക്ക്-ജില്ലാ ആശുപത്രികളായി ഉയർത്തിയിരുന്നു. ആ ആശുപത്രികളൊക്കെ അപ്ഗ്രേഡ് ചെയ്തിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതിനാവശ്യമായ തസ്തികകൾ ഈ വർഷം അനുവദിക്കുമെന്നത് പ്രത്യേകിച്ച് ഒട്ടേറെ രോഗങ്ങളൊക്കെയുള്ള ഈ സാഹചര്യത്തിൽ ഏറെ സന്തോഷത്തോടെയാണ് സ്വീകരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെപ്പോലും പണയപ്പെടുത്തുന്ന നിലയിലേക്ക് രാജ്യം മാറുന്ന സാഹചര്യത്തിൽ കേരളത്തിൽ ഇതാ ഒരു സൂര്യൻ ഉദിക്കുന്നു എന്ന് തെളിയിക്കുകയാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. അതിന് നിദാനമെന്ന നിലയ്ക്കാണ് ഈ ബഡ്ജറ്റ്. ഒരു ജനകീയ മുന്നണിയെ രാജ്യത്ത് ഉയർത്തിക്കൊണ്ടുവരാനുള്ള തുടക്കമായി, ഈ ബഡ്ജറ്റ് അതിന് സാഹചര്യമൊരുക്കുമെന്ന പ്രതീക്ഷയോടെ എല്ലാ അർത്ഥത്തിലും ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പരിമിതികളുടെ പത്മവ്യൂഹത്തിന് നടുവിലും ബാദ്ധ്യതകളുടെ പാരമ്യതയിലും നിന്നുകൊണ്ടാണ്, അസാമാന്യമായ ധീരതയും അചഞ്ചലമായ നിശ്ചയ ദാർഢ്യവും ഭാവനാപൂർണ്ണമായ സമീപനവും വഴി ഈ ബഡ്ജറ്റിനെ കാണാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുള്ളത്. ഭാവികേരളത്തെ സംബന്ധിച്ച പ്രതീക്ഷയാണിത്. ഒരു ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകളുടെയും അക്കങ്ങളുടെയും മാത്രം രേഖയല്ല. അതൊരു നാടിന്റെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിന്റെ വിളംബരം കൂടിയാണ്. അതുകൊണ്ടുതന്നെയാണ് നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ലെന്ന ശ്രീനാരായണ ദർശനത്തിന്റെ കാതൽ ഈ ബഡ്ജറ്റിലുടനീളം പിന്തുടരുന്നത്. ഏറ്റവും ശരിയായ, അനിവാര്യമായ ഒരു സമീപനമാണ് നവോത്ഥാന പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്ന കാര്യത്തിലും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്ന കാര്യത്തിലും ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. നമുക്കറിയാവുന്നതും അറിയാത്തതുമായ ധാരാളം നവോത്ഥാന പാരമ്പര്യങ്ങളുണ്ട്. ഓരോ നാടിന്റേയും സ്ഥലനാമ ചരിത്രവുമായി ബന്ധപ്പെട്ട് വളർന്ന് വികസിച്ചുവന്ന ചരിത്രമുണ്ട്. അതെല്ലാം തലമുറയെ പഠിപ്പിക്കാൻ നമുക്കാവണം. ചരിത്രത്തിൽ ഇടം നേടാതെപോയ, വേണ്ട രീതിയിൽ പരിഗണിക്കപ്പെടാതെ പോയ, നവോത്ഥാന മുന്നേറ്റങ്ങളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനാകണം. ഒൻറെ ജാതി, ഒൻറെ മതം, ഒൻറെ ഉലക്, ഒൻറെ അരശ് എന്നുപറഞ്ഞ വൈകുണ്ഠ സ്വാമികൾ, ഒരു പക്ഷേ അർഹമായ പരിഗണന പാഠപുസ്തകങ്ങളിൽ കിട്ടാതെപോയ

നവോത്ഥാന നായകനാണ്. വൈകുണ്ഠ സ്വാമികളുടെ പേരിൽ പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രത്തിനാവശ്യമായ, യുക്തിസഹമായ, പരിഗണനയും ധനസഹായവും നൽകണമെന്ന അഭ്യർത്ഥന ഞാൻ ഉന്നയിക്കുകയാണ്.

അതോടൊപ്പം നമ്മുടെ നാട്ടിൽ അധഃസ്ഥിതന്റെ മക്കൾക്ക് അക്ഷരം പഠിക്കാൻ കഴിയാതിരുന്ന ഒരു കാലത്ത് പഞ്ചമി എന്ന ഒരു പെൺകുട്ടിയേയും കൊണ്ട് എന്റെ നാട്ടിലെ കണ്ടല കുടിപ്പള്ളിക്കൂടത്തിൽ കയറിച്ചെന്ന മഹാനായ അയ്യങ്കാളി നടത്തിയ ഐതിഹാസികമായ ഒരു പ്രക്ഷോഭമുണ്ട്. ഞങ്ങളുടെ ചോരയിൽപ്പിറന്ന മക്കൾക്ക് നിങ്ങൾ അക്ഷരം നിഷേധിച്ചാൽ നിങ്ങളുടെ വയലിലിറങ്ങാൻ, വിത്തുവിതയ്ക്കാൻ, കളപറിക്കാൻ, കറ്റ കൊയ്യാൻ ഞങ്ങൾക്ക് മനസ്സില്ലാ എന്ന് പ്രഖ്യാപിച്ച മഹാനായ അയ്യങ്കാളി കണ്ടല ലഹള എന്ന പ്രക്ഷോഭത്തിനാണ് തുടക്കം കുറിച്ചത്. കണ്ടല ലഹളയുടെ സ്മാരകമായി അന്ന് ജന്മിമാർ തീയിട്ട് നശിപ്പിച്ച ഒരു പള്ളിക്കൂടത്തിന്റെ സ്മാരകമായി പകുതി കത്തിക്കരിഞ്ഞ ഒരു ബഞ്ച് ഇപ്പോഴും ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിൽ സൂക്ഷിക്കുന്നുണ്ട്. അതിനെ നവോത്ഥാന മുന്നേറ്റത്തിന്റെ ഒരു സ്മാരകമായി കാത്ത് സംരക്ഷിക്കാനുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

1. ഈ ബഡ്ജറ്റ് പ്രതിപക്ഷത്തെ നിരാശയുടെ അഗാധ ഗർത്തത്തിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. കെടുകാര്യസ്ഥതകൊണ്ടും അഴിമതികൊണ്ടും കഴുക്കോൽ വരെ കവർന്നുപോയ ഒരു ഭരണം. അതിനുശേഷം വരുന്ന ഒരു ഗവൺമെന്റിന് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയില്ലെന്നായിരുന്നു പ്രതിപക്ഷം കരുതിയിരുന്നത്. എന്നാൽ കമ്മ്യൂണിസ്റ്റ് ധൈര്യംകൊണ്ടും ഭാവനാപൂർണ്ണമായ ധാരണകൊണ്ടും ഭാവികേരളത്തെ സംബന്ധിച്ച പ്രതീക്ഷകൾ കൊണ്ടും മുന്നോട്ടുപോകാനുള്ള ശ്രമമാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവയ്ക്കുന്നത്. 2015-16-ലെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മാണി സാർ ഏഴ് വർണ്ണങ്ങൾ ചേർന്നുണ്ടാകുന്ന വെളിച്ചത്തെ സ്വപ്നം കണ്ടുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്. എന്നാൽ തൊട്ടടുത്ത ധനകാര്യ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത് അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രിയായിരുന്നു. അന്ന് നിസ്സഹായനായി ആ ബഡ്ജറ്റ് പ്രസംഗം കേൾക്കേണ്ടിവന്ന മാണി സാറിന്റെ മനസ്സിൽ ഇരുട്ടായിരുന്നോ വെളിച്ചമായിരുന്നോ എന്ന് നമുക്കറിയില്ല. പക്ഷേ ഒന്നറിയാം, മലയാളി സമൂഹത്തിന്റെ മനസ്സിൽ ഇരുൾ കലർന്ന അഞ്ച് വർഷമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലം. മലയാളി സമൂഹം അപമാനിതരായി. ഇവിടെ ധവളപത്രത്തെ നിങ്ങൾ എന്തിനാണ് ഭയക്കുന്നത്. ധവളപത്രം മാത്രമല്ലല്ലോ, അഴിമതിയുടെ ആഴങ്ങൾ എത്രയാണെന്ന് ഈ നാട്ടിലെ ജനങ്ങൾ അനുഭവിച്ചറിഞ്ഞതല്ലേ? നിയമസഭയ്ക്കകത്ത് കുത്തുവാക്കുകളായും നിയമസഭയ്ക്ക് പുറത്ത് തെറിവാക്കുകളായും

യു.ഡി.എഫ്. നേതാക്കൾ തന്നെ ആടിത്തിമിർത്തപ്പോൾ പരിഹാസ്യരായത്, നഗ്നരായത് യു.ഡി.എഫ്. നേതൃത്വമാണ് എന്നത് ഈ കേരളം കണ്ടതാണ്. തീർച്ചയായും ആ കാലത്ത് നടന്ന ഭരണത്തിന്റെ ബാക്കിപത്രം ഇന്ന് സ്വയം സംസാരിക്കുന്ന കണക്കുകളായി നമ്മുടെ മുന്നിലുണ്ട്. കാപട്യം മാത്രമായിരുന്നു മുൻസർക്കാരിന്റെ പ്രവർത്തന ശൈലി. 2015-16-ൽ അടിസ്ഥാന വികസനത്തിനായി 2,000 കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും ഒരു രൂപപോലും ചെലവഴിച്ചിട്ടില്ലെന്ന് ഈ നിയമസഭയ്ക്കുകത്തുതന്നെ ബോദ്ധ്യപ്പെട്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 4,200 കോടി രൂപ ബഡ്ജറ്റിൽ വാഗ്ദാനം ചെയ്തു, നൽകിയത് 27 ശതമാനം മാത്രമാണ്. റബ്ബർ വിലസ്ഥിരതയുടെ പേരിൽ പ്രഖ്യാപിച്ചത് 300 കോടി രൂപ, നൽകിയത് 64 കോടി രൂപയാണ്. അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ പിന്തുടർന്നത് വലതുപക്ഷ രാഷ്ട്രീയ സാമ്പത്തിക നയം തന്നെയാണ്. ആ നയം തന്നെയാണ് എൻ.ഡി.എ. ഗവൺമെന്റും പിന്തുടരുന്നത്. എൻ.ഡി.എ. ഗവൺമെന്റും യു.പി.എ. ഗവൺമെന്റും അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റും തമ്മിൽ സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ എന്ത് വ്യത്യാസമാണുള്ളതെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് പരിസ്ഥിതി സൗഹൃദ ബഡ്ജറ്റാണ്. പരിസ്ഥിതിയെ വരും തലമുറയ്ക്ക് കരുതിവയ്ക്കുക എന്ന സമീപനം. ഇവിടെ ഇന്നലെ ചില സുഹൃത്തുക്കൾ മാർക്സിന്റേയും ഏംഗൽസിന്റേയും ഉദ്ധരണികൾ ഉരുവിടുന്നില്ലാ എന്നതിനെക്കുറിച്ചോർത്ത് വിലപിക്കുന്നത് കണ്ടു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്ധരണികൾ ഉരുവിടുന്നതിലല്ല, അവരുടെ ആശയങ്ങൾ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള മുദ്രാവാക്യങ്ങളാണ്, ജീവിതമാണ് ഓരോ കമ്മ്യൂണിസ്റ്റുകാരനേയും മുന്നോട്ട് നയിക്കുന്നത്. ആ ദർശനം തന്നെയാണ് ഈ ബഡ്ജറ്റിൽ പ്രതിഫലിക്കുന്നതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സ്ത്രീകൾക്കുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനം, സഖാവ് തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എടുത്ത ജെൻഡർ ബഡ്ജറ്റ് എന്ന കാഴ്ചപ്പാട് എന്തുകൊണ്ടാണ് അതിനുശേഷം വന്ന യു.ഡി.എഫ്. സർക്കാരിന് തുടരാൻ കഴിയാതെ പോയത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതിയടങ്കലിന്റെ പത്തുശതമാനം സ്ത്രീവികസന പ്രോജക്ടുകൾക്കായി നീക്കിവച്ചിരുന്നു. അത് മൂന്നുവർഷം കൊണ്ട് ഇരട്ടിയായിരുന്നു. എന്നാൽ യു.ഡി.എഫ്. അത് അവസാനിപ്പിക്കുകയാണ് ചെയ്തത്. ഇപ്പോൾ ജെൻഡർ ഓഡിറ്റ് വരുമെന്നും എല്ലാ പ്രോജക്ടുകളിലും പത്തുശതമാനം അടങ്കൽ സ്ത്രീകൾക്ക് പ്രത്യേകതയുള്ള പ്രോജക്ടുകൾക്കായി മാറ്റിവയ്ക്കുമെന്ന പ്രഖ്യാപനവും കേരളത്തിന്റെ ചരിത്രത്തിൽ തിളങ്ങുന്ന അദ്ധ്യായമായി മാറും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം നമുക്ക് ജലസമൃദ്ധമായ ഒരു സംസ്ഥാനത്തെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. അപകടകരമായി ജലവിതാനം താഴുന്ന ഈ പശ്ചാത്തലത്തിൽ നമ്മുടെ നാട്ടിൽ നഷ്ടപ്പെട്ടുപോയ കുളങ്ങൾ, കിണറുകൾ,

പ്രകൃതിദത്തമായ നീർപ്രവാഹങ്ങൾ ഇവ നിലനിർത്താനും സംരക്ഷിക്കാനും ജലസമൃദ്ധമായ ഒരു നാടിനെ പുനഃസൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെ മാതൃകാപരമായി സാധാരണക്കാരന്റെ മക്കൾക്ക് അക്ഷരം പഠിക്കുന്നതിനുള്ള അവകാശം ലഭിക്കുന്നതിനുവേണ്ടിയുള്ള ധീരമായ ശ്രമങ്ങൾ ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഓട്ടിസം ബാധിച്ച നിരവധി വിദ്യാർത്ഥികളുണ്ട്. അവർക്ക് നല്കുന്ന ചികിത്സയ്ക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം സൃഷ്ടിക്കേണ്ടതായിട്ടുണ്ട് എന്നതാണ് ഒരു നിർദ്ദേശം.

റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ ഒരു പ്രഖ്യാപനമുണ്ട്. അത് ഓടയില്ലാത്ത റോഡുകൾ ഇനിയുണ്ടാവില്ലെന്നുള്ളതാണ്. അതോടൊപ്പം യൂട്ടിലിറ്റി കോറിഡോറുകൾ, ഇലക്ട്രിസിറ്റി, വാട്ടർ പൈപ്പുകൾ എന്നിവ സ്ഥാപിക്കാനാകണം. ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. ചവിട്ടി നില്ക്കുന്നത് വെള്ളത്തിലാണോ കരയിലാണോ എന്ന് ബോദ്ധ്യമുള്ള എല്ലാവർക്കും ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കേണ്ടിവരും എന്നാണ് എന്റെ വിശ്വാസം. തീർച്ചയായും ഈ ബഡ്ജറ്റിനെ കേരളസമൂഹം അംഗീകരിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാം കുട്ടികൾക്ക് സ്ഥിരമായി നല്കാറുള്ള ഉപദേശം 'നിങ്ങൾ സ്വപ്നം കാണുക' എന്നതായിരുന്നു. ഭാവിയെക്കുറിച്ച് അവർക്കുള്ള സ്വപ്നങ്ങളും ആഗ്രഹങ്ങളും സഫലമാക്കാൻ നന്നായി പരിശ്രമിക്കാൻ അതവരെ സഹായിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ബഡ്ജറ്റിന്റെ ഭീമഭാഗവും സ്വപ്നങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടാണ് കടന്നുപോയത്.

'അരിമണിയൊന്ന് കൊറിക്കാനില്ല

തരിവളയിട്ട് കിലുക്കാൻ മോഹം'

എന്നുപറഞ്ഞതുപോലെ അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാക്കാൻ കഠിനാധ്വാനംതന്നെ വേണ്ടിവരും. ബഡ്ജറ്റ് ജനപ്രിയമാക്കണമെന്ന ഉദ്ദേശ്യത്തോടെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ സർക്കാരുകൾ ഒന്ന് മറ്റൊന്നിന്റെ തുടർച്ചയാണെന്ന കാര്യം പലപ്പോഴും അദ്ദേഹം വിസ്മരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 174 ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി ഉയർത്തുകയുണ്ടായി. 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ ഹൈസ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിച്ചത്. ഈ

174 ഹൈസ്കൂളുകളിലെയും തസ്തികകൾ റദ്ദ് ചെയ്യുകയല്ല, 1500-ഓളം പുതിയ തസ്തികകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകൾ, ഹയർ സെക്കണ്ടറി ബാച്ചുകൾ അതിന്റെയെല്ലാം ഉത്തരവുകൾ പല കോടതികളിലും പലസമയങ്ങളിലായി പോകുകയും അത് അതിന്റെ അവസാനഘട്ടത്തിലെത്തുകയും ചെയ്തു. ഈ ജൂൺ മാസം ക്ലാസ്സ് തുടങ്ങുമ്പോൾ ആ തസ്തികകൾ അംഗീകരിക്കപ്പെടുമെന്നുള്ള പ്രതീക്ഷയാണുണ്ടായിരുന്നത്. പക്ഷേ, ഈ ഗവൺമെന്റ് വന്നതിനുശേഷം അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളിൽ ഇതുവരെ നടപടികൾ ഉണ്ടായില്ല. രണ്ടുവർഷത്തിലധികമായി ശമ്പളം കിട്ടാതെ ജോലി ചെയ്യുന്ന ഇവരുടെ അലവൻസുകൾ പി.റ്റി.എ.-യും മറ്റുമാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. എത്രയും പെട്ടെന്ന് ഈ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ഓരോ ജില്ലയിലും എല്ലാ പഞ്ചായത്തുകളിലും ആവശ്യത്തിനനുസരിച്ചുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചു. അതുകൊണ്ടുതന്നെ കൂടുതൽ കോളേജുകൾ ഹയർ സെക്കണ്ടറി കഴിഞ്ഞാൽ വേണമെന്നുള്ള നിലപാട് വന്നു. അതിന്റെ അടിസ്ഥാനത്തിൽ കോളേജുകൾ ഇല്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും പുതിയ ഗവൺമെന്റ് കോളേജുകൾ തുടങ്ങി. 22-ഓളം ഗവൺമെന്റ് കോളേജുകളും 6 എയ്ഡഡ് കോളേജുകളും തുടങ്ങി. കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിലെ എം.എൽ.എ.-മാരോടെല്ലാം ആവശ്യപ്പെട്ട് അവരുടെ മണ്ഡലങ്ങളിൽ കോളേജുകൾ തുടങ്ങി. 20 മണ്ഡലങ്ങളിലാണ് തുടങ്ങിയത്. തുടങ്ങാത്ത 2 മണ്ഡലങ്ങളിൽ ഒന്ന്, അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മണ്ഡലത്തിലും രണ്ടാമത്തേത്, ശ്രീ. എം. ചന്ദ്രന്റെ മണ്ഡലത്തിലുമായിരുന്നു. അവിടെയെല്ലാം തന്നെ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. നമ്മൾ വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ ശ്രമിക്കുമ്പോഴും നിലവിലുള്ള കൺവെൻഷണൽ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് വളരെ ആവശ്യമാണ്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റ് ഏകദേശം 320-ഓളം പുതിയ കോഴ്സുകൾ രണ്ടുഘട്ടങ്ങളിലായി അനുവദിക്കുകയും ചെയ്തു. എല്ലാ കാലഘട്ടങ്ങളിലും നമ്മുടെ കുട്ടികൾ പഴയ കോഴ്സുകൾ തന്നെ പഠിച്ചുകൊണ്ട് മുന്നോട്ട് പോകുകയെന്നുള്ളത് കേരളത്തെ പോലുള്ള ഒരു സംസ്ഥാനത്തിന് അനുയോജ്യമല്ല എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തത്. ഇവിടെ ഓരോ നിയോജക മണ്ഡലത്തിനും ഓരോ സ്കൂൾ (നടക്കാവ് സ്കൂൾ രീതിയിൽ) അന്താരാഷ്ട്ര നിലവാരത്തിലുയർത്തുമെന്ന പ്രഖ്യാപനം സർക്കാരിന്റെ

വലിയ പദ്ധതിയായി കൊണ്ടുവന്നിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. പ്രദീപ്കുമാറാണ് അവിടെ എം.എൽ.എ. ആയിരുന്നത്. ഏകദേശം 22 കോടിയിൽപ്പരം രൂപ ചെലവഴിച്ചുകൊണ്ടാണ് ആ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത്. അതിൽ 15 കോടി രൂപയും ദുബായിലുള്ള ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷനാണ് ചെലവഴിച്ചത്. ബാക്കിയുള്ള പണമാണ് ഗവൺമെന്റും എം.എൽ.എ. ഫണ്ടുമൊക്കെയായി ചെലവഴിച്ചത്. മാത്രമല്ല, സംസ്ഥാനത്ത് 100 സ്കൂളുകൾ ആ ഒരു ലെവലിലേക്ക് ഉയർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷനുമായി ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. അതനുസരിച്ച് ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഓരോ സ്കൂൾ, രണ്ടാംഘട്ടത്തിൽ 53 തെരഞ്ഞെടുക്കപ്പെട്ട നിയോജക മണ്ഡലങ്ങൾ, മൂന്നാംഘട്ടത്തിൽ 33 സ്കൂളുകൾ അങ്ങനെയാണ് തെരഞ്ഞെടുത്തത്. 10 കോടി രൂപയാണ് ഒരു സ്കൂളിനുവേണ്ടി കണക്കാക്കിയത്. 10 കോടിയിൽ 50% ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷനും ബാക്കി 25% ഗവൺമെന്റും 25% പി.റ്റി.എ.-യും മറ്റും സ്വരൂപിച്ചുകൊണ്ട് ഉണ്ടാക്കണമെന്നാണ് പറഞ്ഞിരുന്നത്. അതിനുവേണ്ടി ബഹുമാന്യനായ പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെയും ഗവൺമെന്റ് രൂപീകരിക്കുകയുണ്ടായി. അതിന്റെ തുടർനടപടികൾ ആരംഭിക്കുമ്പോൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ഈ കാര്യങ്ങളിൽ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറുള്ള ആളുകളെക്കൂടി അതിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും വളരെ നല്ലൊരു പരിപാടിയാണ്. അത് തുടർന്നു കൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ 'ASAP' -പദ്ധതിയെപ്പറ്റി പറഞ്ഞു, 'ASAP' പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ്. ഹയർസെക്കണ്ടറി തലത്തിലും കോളേജ് തലത്തിലും വളരെ നന്നായി അത് നടക്കുകയാണ്. ധാരാളം സ്കൂളുകളിലും കോളേജുകളിലും ആ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഠിക്കുന്ന കോഴ്സിനോടൊപ്പം തന്നെ സമാന്തരമായി ഒരു സ്കിൽ കോഴ്സുകൂടി പഠിക്കുകയെന്നതാണ് അതിന്റെ ലക്ഷ്യം. അതുമായി ബന്ധപ്പെട്ട് ഓരോ നിയോജക മണ്ഡലത്തിലും സ്കിൽ സെന്ററുകളുണ്ടാക്കിയിട്ടുണ്ട്. അതിന്റെ മൂന്നാം ഘട്ടമെന്ന നിലയിൽ വിദ്യാർത്ഥികൾക്കുമാത്രമല്ല പുറത്തുനിൽക്കുന്നവർക്കുകൂടി സ്കിൽ ആർജ്ജിക്കാൻ, സ്കിൽ പാർക്കുകൾ തുടങ്ങാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചു. ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് അതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്യാമെന്നും തീരുമാനിച്ചു. ഏകദേശം 14 കോടിയോളം രൂപ ചെലവിൽ ഓരോ മണ്ഡലത്തിലും ഓരോ സ്കിൽ പാർക്കുകൾ ആരംഭിക്കാനുള്ള

തീരുമാനമെടുത്തു. അതിന്റെ സംസ്ഥാനതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലൊന്നും പരാമർശിച്ചതായി കാണുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അദ്ധ്യാപക പാക്കേജിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായതാണ്. 2011-വരെ ഈ ഗവൺമെന്റിന്റെ ഒരു അഭിമാന പദ്ധതിയായിരുന്നു ആ അദ്ധ്യാപക പാക്കേജ്. അതനുസരിച്ച് 2011 വരെയുള്ള എല്ലാ അദ്ധ്യാപകർക്കും നിയമനാംഗീകാരവും ശമ്പളവും കൊടുത്തു. അതിനുശേഷം 2016 വരെയുള്ള ആളുകൾക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം കേസുകളുണ്ടായി. എല്ലാം പൂർത്തിയായി. സ്കൂളുകളിൽ ആറാമത്തെ പ്രവർത്തി ദിവസം അവിടെയുള്ള കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അദ്ധ്യാപകരെ കൊടുക്കണമെന്നാണ് നിയമം. അതിനെ അംഗീകരിച്ച് ഈ അദ്ധ്യാപകരെ മുഴുവൻ വിന്യസിച്ചുകഴിഞ്ഞാൽ ബാക്കിയുള്ള അദ്ധ്യാപകരെ എസ്.എസ്.എ.യിലും ആർ.എസ്.എ.-യിലും ആർ.എം.എസ്.എ.-യിലും കൊടുക്കാൻ സാധിക്കും. ബഹുമാന്യരായ ശ്രീ. എ. പി. ജെ. അബ്ദുൾ കലാമും സാം പിത്രോദയും ഇവിടെ വന്നപ്പോൾ കേരളത്തെ ഇന്ത്യയുടെ മാത്രമല്ല ലോകത്തിലെ അന്താരാഷ്ട്ര എഡ്യൂക്കേഷണൽ ഹബ്ബായി മാറ്റണമെന്നുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് നടത്തുകയും അക്കാദമിക് സിറ്റി സ്ഥാപിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് കഴിഞ്ഞു. അതിന്റെ തുടർനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്......... സമയനിഷ്ഠ ഒരാൾ തെറ്റിച്ചാൽ പിന്നെയുള്ളവർ അത് ആവർത്തിക്കും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്റെ മണ്ഡലത്തിലെ പരപ്പനങ്ങാടിയിലെ ഫിഷിംഗ് ഹാർബറിന് കഴിഞ്ഞ ബഡ്ജറ്റുകളിലൊക്കെ തുക മാറ്റിവച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷം അവതരിപ്പിച്ച ബഡ്ജറ്റിൽ അതിനെക്കുറിച്ചൊന്നും പ്രതിപാദിച്ചിട്ടില്ല. അതിനും കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന കുണ്ടൂർ തോട് പദ്ധതിക്കും തുക അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഡോ. തോമസ് ഐസക് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് വലിയ ഭൂരിപക്ഷത്തോടെ കേരളത്തിൽ അധികാരത്തിലെത്തിയ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ ആദ്യത്തെ

ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയും ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിൻതുണയ്ക്കുകയും ചെയ്യുന്നു. ഇത് സ്വപ്നലോകത്തെ ബഡ്ജറ്റാണെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇന്ന് കൗതുകകരമായ ഒരു കാര്യം ഈ സഭയിലുണ്ടായി. കാൽപ്പനികമെന്ന് ഇന്നലെ അവർ വിശേഷിപ്പിച്ച, സ്വപ്നമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന, ഈ ബഡ്ജറ്റിൽ ശ്രീ. വി. ടി. ബൽറാമിന്റെ മണ്ഡലത്തിലെ ഒരു റോഡ് ഉൾപ്പെടുത്തിയില്ലെന്ന് സബ്മിഷനിലൂടെ ഉന്നയിച്ചു. ഈ ബഡ്ജറ്റിനെ ഇവർ പൂർണ്ണമായി വിശ്വസിക്കുന്നുവെന്നും ഈ ബഡ്ജറ്റിലെ പദ്ധതികൾ നടപ്പിലാകുമെന്ന് അവർക്ക് ഉത്തമബോദ്ധ്യമുണ്ടെന്നുള്ളതിന് ഇതിൽപ്പരം തെളിവ് വേണോ? ഞാൻ പ്രതിനിധീകരിക്കുന്നത് ആറന്മുള നിയോജക മണ്ഡലത്തെയാണ്.

'അന്തർജനത്തിനും കതിർബന്ധിച്ചിട്ടും പുലയിക്കും

അന്തരംഗത്തിൽ ഒരുപോലുയിർ ബന്ധിച്ചീടുന്നു ഭവാൻ'

എന്നു പാടിയ കവി രാമായണത്തിലൂടെ വരേണ്യവർഗ്ഗത്തിന്റെ സാഹിത്യകുത്തകകളെ വെല്ലുവിളിച്ച സരസകവി മൂലൂരിന്റെയും 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന് കുറത്തിയെക്കൊണ്ട് പാടിപ്പിച്ച കടമ്മനിട്ടയുടെയും നാട്ടിൽനിന്നാണ് ഞാൻ വരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ പ്രിയപ്പെട്ടവരുടെ മൃതദേഹവും ചുമന്നുകൊണ്ട്, മൃതദേഹം അടക്കം ചെയ്യാൻ സ്ഥലമില്ലാതെ നെട്ടോട്ടമോടുന്ന നാടാണ് എന്റേത്. കുടിവെള്ളമില്ലാതെ, സഹോദരിമാരും അമ്മമാരും കിലോമീറ്ററുകളോളം സഞ്ചരിച്ച് കുടിവെള്ളത്തിനായി അലയുന്ന നാടാണ് എന്റേത്. പട്ടയമില്ലാത്ത ആളുകൾ താമസിക്കുന്ന, -വീടില്ലാത്തവരുടെ നാടാണ് എന്റേത്, അവർ പറയുന്നത് ഞാൻ അംഗീകരിക്കുന്നു. ഇത് സ്വപ്നലോകത്തെ ബഡ്ജറ്റാണ്. പാവങ്ങളുടെയും സാധാരണക്കാരുടെയും സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ പോകുന്ന, ആ സ്വപ്നങ്ങളെ ഏറ്റെടുത്തിട്ടുള്ള ബഡ്ജറ്റാണിത്. മൂന്ന് സെന്റ് ഭൂമിയുള്ളവൻ, ആ മൂന്ന് സെന്റിൽ വീടുവച്ചവൻ, സ്വന്തം അടുക്കള പൊളിച്ച് അച്ഛന്റെയും അമ്മയുടേയും മൃതദേഹം അടക്കം ചെയ്യുമ്പോൾ അവന്റെ കണ്ണീരിൽ നിന്നും ഉതിരുന്ന സ്വപ്നമാണ് ഈ ബഡ്ജറ്റിലുള്ളത്. ജിഷയെപ്പോലെ പെൺമക്കളുള്ള അമ്മമാരുടെ നെഞ്ചിലെ അഗ്നിയിൽ നിന്നുയരുന്ന സ്വപ്നമാണ് ഈ ബഡ്ജറ്റിലുള്ളത്. പ്രായമായ പെൺമക്കളുള്ള വീടുകളിൽ, ശൗചാലയങ്ങളില്ലാത്ത വീടുകളിൽ അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുമ്പോൾ അതിന് കാവൽ നിൽക്കുന്ന മാതാപിതാക്കളുടെ നെഞ്ചിലെ സ്വപ്നമാണ് ഈ ബഡ്ജറ്റിലുള്ളത്. ഈ ബഡ്ജറ്റിലെ പദ്ധതികളെ സാക്ഷാത്കരിക്കുവാൻ ചങ്കുറ്റമുള്ള ഒരു സർക്കാരാണ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്നത്. എനിക്കറിയാം കഴിഞ്ഞ അഞ്ചുവർഷം കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ കുട്ടിച്ചോറാക്കിയ യു.ഡി.എഫ്.-ന്റെ നിസ്സഹായതയിൽനിന്നും ഉയരുന്ന ജൽപ്പനങ്ങളാണ് ഇത്

എന്നുള്ളത് ആർക്കാണ് തിരിച്ചറിയാൻ കഴിയാത്തത്. അവർ പറയുന്നു, 2016 മാർച്ച് 31-ന് ട്രഷറിയിലുണ്ടായിരുന്നത് 1,643 കോടി രൂപയാണെന്ന്. അന്ന് സബ്മിറ്റ് ചെയ്തിരുന്ന ബില്ലുകൾ മാറിയിരുന്നുവെങ്കിൽ ട്രഷറിയിൽ 173 കോടി രൂപയുടെ കമ്മിയുണ്ടാകുമായിരുന്നു. അവിടെ നിന്നാണ് എൽ.ഡി.എഫ്. സർക്കാർ തുടങ്ങുന്നത്. ഒന്നര ലക്ഷം കോടി രൂപയുടെ പൊതുകടത്തിൽ നിന്നുമാണ് എൽ.ഡി.എഫ്. സർക്കാർ അടുത്ത അഞ്ചുവർഷത്തെ കേരളത്തിന്റെ ധനവിനിയോഗത്തെക്കുറിച്ചുള്ള രൂപരേഖ വിഭാവന ചെയ്തിരിക്കുന്നത്. ഭൂമിയില്ലാതെ, വീടില്ലാതെ പതിനായിരക്കണക്കിനാളുകൾ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളപ്പോൾ യു.ഡി.എഫ്. സർക്കാർ എന്താണ് ചെയ്തത്? ഭൂമാഫിയകൾക്ക്, എസ്റ്റേറ്റുകാർക്ക്, വൻകിടക്കാർക്ക് ഭൂമി എഴുതിക്കൊടുത്തു, അവരോട് കരുണ കാട്ടി. സമ്പദ്വ്യവസ്ഥ ഭദ്രമാണെന്നുള്ള ഇവരുടെ വാദത്തിലെ പൊള്ളത്തരത്തെ കേരളത്തിലെ ജനം തിരിച്ചറിയുന്നു. ഞാൻ അത്ഭുതപ്പെടുകയാണ്, കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിലെ ജനവിധിയെ അംഗീകരിക്കുവാൻ എന്തുകൊണ്ടാണ് നിങ്ങൾ മടികാട്ടുന്നത്? നിങ്ങൾ ചെയ്തത് നല്ലതായിരുന്നുവെങ്കിൽ, നിങ്ങൾ ജനക്ഷേമകരമായ പദ്ധതികളാണ് ചെയ്തിരുന്നതെങ്കിൽ ഈ ഒരു അവസ്ഥ നിങ്ങൾക്കുണ്ടാകുമായിരുന്നോ? എന്തുകൊണ്ടാണ് നിങ്ങൾ ഇത് അംഗീകരിക്കുവാൻ മടികാണിക്കുന്നത്? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. 2006-2011 കാലഘട്ടത്തിൽ ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ പടിപടിയായി നികുതിവരുമാനം ഉയർത്തിക്കൊണ്ടുവന്നു. 2011 ആയപ്പോൾ ഏതാണ്ട് 17.41 ശതമാനം വരെ കേരളത്തിന്റെ നികുതി വരുമാനം ഉയർന്നു. കഴിഞ്ഞ അഞ്ചുവർഷം പത്തുമുതൽ പന്ത്രണ്ട് ശതമാനം വരെ മാത്രമായി കേരളത്തിന്റെ നികുതി വരുമാനം കുറഞ്ഞത് എന്തുകൊണ്ടാണ്? ആരുടെ ഉത്തരവാദിത്വമാണ്? അടുത്ത അഞ്ച് വർഷം സംസ്ഥാനത്തിന്റെ മൂലധന ചെലവുകൾക്ക് പണം കണ്ടെത്തണം. ഇവർ പറയുന്നു, കിഫ്ബി ഒരു സമാന്തര ട്രഷറിയാണെന്ന്. ഇവർ വാക്കുകൾ കൊണ്ട് ആളുകളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുകയാണ്. എന്താണ് ഡോ. തോമസ് ഐസക് അദ്ദേഹത്തിന്റെ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്? മോട്ടോർ വാഹന നികുതിയുടെ ഒരു ശതമാനവും ഇന്ധന സെസ്സിൽനിന്ന് ഒരു തുകയും മൂലധന നിക്ഷേപ ചെലവിനായി Alternate Infrastructure Fund ഒരു പ്രൊഡക്റ്റീവ് ഇൻവെസ്റ്റ്മെന്റാണ്. അതിന് പലിശ ആവശ്യമില്ല. അത് റവന്യൂ കമ്മി വർദ്ധിപ്പിക്കുമെന്ന് നിങ്ങൾ വീണ്ടും പറഞ്ഞുകൊണ്ടേയിരിക്കുന്നു. കിഫ്ബി എന്നുള്ളത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ്. അടുത്ത അഞ്ചുവർഷം കേരളത്തിന്റെ മൂലധന നിക്ഷേപത്തെ ഉയർത്താൻവേണ്ടി, മൂലധനച്ചെലവുകൾ നടത്തുവാൻ വേണ്ടിയുള്ള, ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ് കിഫ്ബി. സമാന്തര ട്രഷറിയെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ ആളുകളുടെ കണ്ണിൽ പൊടിയിടാൻ നോക്കേണ്ട. പാർപ്പിടപ്രശ്നത്തിൽ നിരവധി വിഷയങ്ങളുണ്ട്.

നിരവധിയായ പ്രശ്നങ്ങളുണ്ട്. കുറച്ച് കാര്യങ്ങൾ മാത്രം പറയട്ടെ. ഇന്നലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് ഇവർ പറഞ്ഞു. സ്മാർട്ട്സിറ്റിയിൽ പതിനായിരക്കണക്കിന് തൊഴിലുകൾ സൃഷ്ടിക്കുമെന്നതായിരുന്നല്ലോ അവരുടെ വാഗ്ദാനം. സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്തപ്പോൾ ലോകം കൊച്ചിയിലേക്ക് വരുമെന്നാണ് പറഞ്ഞത്. ആരാണ് വന്നത്? കലൂരിലും കടവന്ത്രയിലുമുള്ള 22 കമ്പനികളാണ് കാക്കനാട്ടേക്ക് വന്നത്. ഏതാണ്ട് ഒരു കോടി ചതുരശ്ര അടിയുടെ ഐ.ടി. പാർക്കുകളുടെ ശേഷി വർദ്ധിപ്പിക്കുമെന്നുള്ള എൽ.ഡി.എഫ്. പ്രകടനപത്രികയിലെ ഉറപ്പിനെ പ്രായോഗികമാക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ഞാൻ പ്രതിപക്ഷത്തുള്ള യുവ എം.എൽ.എ.-മാരോട് ചോദിക്കട്ടെ, കഴിഞ്ഞ അഞ്ചുവർഷം കോഴ വാങ്ങി നിങ്ങൾ നടത്തിയ താൽക്കാലിക നിയമനങ്ങളിലെ അഴിമതിയുടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ നിങ്ങൾ തയ്യാറുണ്ടോ? നിങ്ങൾ പത്തനംതിട്ടയിലേക്ക് വരൂ. ആദിത്യ ബിർളാ ഗ്രൂപ്പിന്റെ മോർ മാർക്കറ്റിന്റെ സോണൽ മാനേജരുടെ ഭാര്യ ജോലി ചെയ്യുന്നതെവിടെയാണെന്ന് നിങ്ങൾക്കറിയാമോ? consumer fed-ന്റെ പത്തനംതിട്ടയിലെ റീജിയണൽ ഓഫീസിലാണ്. ഇത് ആരെ സഹായിക്കാനാണ്? കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നില്ലെന്ന് ഇവർ പറയുന്നു. കഴിഞ്ഞ അഞ്ചുവർഷം അതിനെ ദുർബലപ്പെടുത്തിയവരാണ് പറയുന്നത് കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇതിനോടകം ശക്തിപ്പെടുത്തിയില്ലെന്ന്.

ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ ബഹുമാനിച്ചുകൊണ്ടുതന്നെ പറയട്ടെ, സ്ത്രീ തുല്യത സംബന്ധിച്ച് ഒരു വനിതാ എം.എൽ.എ. എന്നുള്ള നിലയിൽ, ഈ ബഡ്ജറ്റിൽ ഈ സർക്കാർ വിഭാവന ചെയ്തിരിക്കുന്ന പദ്ധതികളെ പൂർണ്ണ മനസ്സോടെ സ്വാഗതം ചെയ്യുന്നു. കാരണം സ്ത്രീ എന്നത് പേരിന് മാത്രം ഒതുക്കാൻ കഴിയുന്ന ഒരു വ്യക്തിയല്ലെന്നും (അങ്ങനെപോലും അവിടെ ഒരാളില്ലെങ്കിൽപോലും) സ്ത്രീയുടെ ശാക്തീകരണം, അത് അവളുടെ സാമ്പത്തിക ഭദ്രത അല്ലെങ്കിൽ അവളെ സാമ്പത്തികമായി സ്വതന്ത്രമാക്കുന്നതിലൂടെ സാധ്യമാകുമെന്ന ലക്ഷ്യത്തോടെ ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന ജൻഡർ ബഡ്ജറ്റ്, ജൻഡർ ആഡിറ്റിംഗ് തുടങ്ങിയ എല്ലാ പദ്ധതികളെയും സർവ്വാത്മനാ ഞാൻ സ്വാഗതം ചെയ്യുകയാണ്. സ്ത്രീകൾക്ക് ഒരു വകുപ്പുതന്നെ സർക്കാർ രൂപീകരിക്കാൻ പോകുകയാണ്. ഒപ്പം ശ്രീനാരായണ ഗുരുദേവന്റെ വാക്കുകൾ ഈ ബഡ്ജറ്റിൽ ഉടനീളം ആവർത്തിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചതിലെ രാഷ്ട്രീയം ചികയുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്യുന്നത്. പക്ഷേ എനിക്ക് സന്തോഷമുണ്ട്, കാരണം ശ്രീ നാരായണ ഗുരുദേവന്റെ വാക്ക് പറയുന്നതും

അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുന്നതും ഒരു സാംസ്കാരിക പ്രതിരോധമാണ്. ഇടതുപക്ഷപ്രസ്ഥാനത്തേയും നവോത്ഥാന മുന്നേറ്റത്തിലൂടെ കേരളം ഉണ്ടാക്കിയ കേരളത്തിന്റെ മൂല്യങ്ങളേയും തച്ചുടക്കാൻ ശ്രമിക്കുന്ന വലതുപക്ഷശക്തികൾ, ഗുരുവിന്റെ പേര് പറയുമ്പോൾ, അത് കേൾക്കുമ്പോൾ സന്തോഷമുണ്ട്. തീർച്ചയായും ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പൂർണ്ണ മനസ്സോടെ സ്വാഗതം ചെയ്യുന്നു.

12.00 pm]

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, സാമൂഹ്യ ജീവിതത്തിലും രാഷ്ട്രീയ സാമ്പത്തിക ദർശനത്തിലും കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന്റെ മഹത്തായ ഉദാഹരണമായി മാറിയ ഈ ബഡ്ജറ്റിനെ അഭിമാനപൂർവ്വം ഞാൻ പിന്തുണയ്ക്കുന്നു. ദരിദ്ര കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു മണ്ഡലത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് കർഷക വഞ്ചനയുടെ പെരുമഴക്കാലത്ത് ജീവിത സ്വപ്നങ്ങളെല്ലാം തകർക്കപ്പെട്ട കർഷകരെ രക്ഷിക്കുന്ന അനവധി നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലാകെ നിറഞ്ഞു തുളുമ്പുന്നത്. 2011-16 വരെയുള്ള യു.ഡി.എഫ്. കാലഘട്ടത്തിൽ 128-ലധികം കർഷകർ കടംകയറി ആത്മഹത്യ ചെയ്തുവെന്നുള്ളതാണ് നാട്ടിലെ കണക്ക്. ഇത് കർഷക ആത്മഹത്യയല്ല. ഭരണകൂട ഭീകരതയുടെ പിൻബലത്തിൽ നടന്ന ബോധപൂർവ്വമായ കൂട്ടക്കൊലയാണ്. ആസിയാൻ കരാർപോലുള്ള അന്താരാഷ്ട്ര കച്ചവടക്കരാറിന്റെ അനുബന്ധമായ കൂട്ടക്കൊലയാണ് കേരളത്തിലെ കർഷക ആത്മഹത്യകളെന്ന് നാം തിരിച്ചറിയണം. യു.ഡി.എഫ്. സർക്കാർ കർഷകർക്ക് നൽകാതിരുന്ന 471 കോടി രൂപ നൽകിയെന്ന് മാത്രമല്ല, സംഭരണ വില ഉയർത്തി നെല്ല് സംഭരിക്കുന്നതിന് 385 കോടി രൂപ നീക്കിവയ്ക്കുകയും അനവധി അനുബന്ധ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്ത ഒരു മഹത്തായ ബഡ്ജറ്റാണിത്. കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളായി പ്രഖ്യാപിക്കപ്പെട്ട അഗ്രോ പാർക്ക് ഏറെ പ്രശംസനീയമാണ്. ഈ പ്രഖ്യാപനത്തെ വലിയ പ്രതീക്ഷയോടുകൂടിയാണ് കർഷകരുടെ മണ്ഡലമായ ആലത്തൂർ വീക്ഷിക്കുന്നത്. പഴയ എൽ.ഡി.എഫ്. ഭരണകാലത്ത് 2010-ൽ ആരംഭിച്ച ആലത്തൂർ മോഡേൺ റൈസ് മിൽ യു.ഡി.എഫ്. അടച്ചുപൂട്ടിയതാണ്. പാലക്കാട്ട് ഈ ബഡ്ജറ്റിലൂടെ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച റൈസ് പാർക്ക് ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെയും സമീപത്തുള്ള സീഡ് ഫാമിന്റെ സ്ഥലവും ഉപയോഗപ്പെടുത്തി സാക്ഷാത്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രായോഗിക പരിസ്ഥിതി സംരക്ഷകരാണ് ഇടതുപക്ഷക്കാരെന്ന് തെളിയിച്ചുകൊണ്ടാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റ് നിയമം കൊണ്ടുവന്നത്. എന്നാൽ അതിന്റെ കഥകഴിക്കാൻ ഭൂമാഫിയകളിൽ നിന്നും അച്ചാരം

വാങ്ങി യു.ഡി.എഫ്. ഗവൺമെന്റ് കാവൽ നിന്നുകൊണ്ടാണ് 2013-ൽ മാത്രം 10873 ഹെക്ടർ നെൽവയലുകൾ മണ്ണിട്ടുനികത്തിയത്. ഇതിനെല്ലാം നിയമസാധുത നൽകുന്നതിന് 2015-ൽ യു.ഡി.എഫ്. കൊണ്ടുവന്ന നിയമ ഭേദഗതി റദ്ദാക്കുമെന്ന ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം ഹൃദയപൂർവ്വമാണ് ഞങ്ങൾ ഏറ്റുവാങ്ങുന്നത്. തണ്ണീർത്തട സംരക്ഷണത്തിന് തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗപ്പെടുത്തുമെന്ന ബഡ്ജറ്റിലെ നിർദ്ദേശത്തെയും സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ആലത്തൂർ താലൂക്കിലെ ബ്ലോക്കുകളെ ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തെരഞ്ഞെടുപ്പ് വേളയിൽ ഞാൻ കണ്ട ഹൃദയഭേദകമായ കൂട്ടക്കരച്ചിൽ, ക്ഷേമപെൻഷൻ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ആയിരങ്ങളുടേതായിരുന്നു. എണീറ്റു നിൽക്കാൻ ശേഷിയുള്ള കാലത്തോളം ഈ നാടിനുവേണ്ടി മണ്ണിൽ അദ്ധ്വാനിച്ച കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ലക്ഷക്കണക്കിന് നിർദ്ധനജനതയുടെ ജീവശ്വാസം നിലനിർത്തിയിരുന്ന നാമമാത്ര ക്ഷേമപെൻഷൻ പോലും നൽകാതിരുന്ന മനുഷ്യവിരുദ്ധവും പൈശാചികവുമായ മുൻസർക്കാരിന്റെ നിലപാടുകൾക്ക് അന്ത്യംകാണുകയാണ് ഈ ബഡ്ജറ്റിലൂടെ. പിണറായി ഗവൺമെന്റ് അത് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ആയിരം രൂപയായി പെൻഷൻ വർദ്ധിപ്പിച്ച് കൃത്യസമയത്തും ഓണത്തിന് മുൻകൂറായും നൽകുമെന്ന മന്ത്രിയുടെ പ്രഖ്യാപനം ആനന്ദക്കണ്ണീരോടുകൂടിയാണ് എന്റെ നാട്ടുകാർ ഇന്ന് സ്വീകരിച്ചിട്ടുള്ളത്. ഇഹലോകത്തിൽതന്നെ സ്വർഗ്ഗം പണിയുമെന്ന് പ്രഖ്യാപിക്കുന്ന അദ്ധ്വാനവർഗ്ഗ ദർശനം സാക്ഷാത്കരിക്കുന്നതിന് തുടക്കംകുറിച്ച മണ്ണാണ് ഈ കേരളം. മണ്ണ് മനുഷ്യന് സ്വന്തമായി നൽകിയ ആദ്യ ഇ.എം.എസ്. സർക്കാരിന്റെ തുടർച്ചയായി മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ ഇ.എം.എസ്. ഭവന പദ്ധതിയെ തകർത്ത യു.ഡി.എഫ്. ഭരണക്കാർക്ക് ആരാണ് മാപ്പ് നൽകുക. മനുഷ്യപുത്രന് തല ചായ്ക്കാൻ ഒരിടംപോലും നൽകാൻ സന്നദ്ധരല്ലെന്ന് അട്ടഹസിച്ച് ഇ.എം.എസ്. ഭവന പദ്ധതിയെ തകർത്ത യു.ഡി.എഫ്.-കാരുടെ പാപം ഏത് നരകത്തിൽ പോയാലും കഴുകിക്കളയാൻ കഴിയില്ലെന്ന് നിങ്ങൾ ഓർക്കണം. ഇ.എം.എസ്. ഭവന പദ്ധതി പുനരുജ്ജീവിപ്പിക്കുമെന്ന ഈ ബഡ്ജറ്റിലെ പ്രഖ്യാപനം അന്തിയുറങ്ങാൻ ഇടമില്ലാത്തവരുടെ സ്വപ്നസാക്ഷാത്കാരമാണ്. തൊഴിലില്ലാത്ത യുവജനങ്ങൾ തൊഴിലിനുവേണ്ടി കേണപ്പോൾ നിയമനനിരോധനമെന്ന ധിക്കാരക്കാലുകൊണ്ട് തൊഴിച്ച് പുറത്താക്കിയവരാണ് ഈ കഴിഞ്ഞ യു.ഡി.എഫ്. ഭരണക്കാർ. അദ്ധ്വാനിക്കാൻ സന്നദ്ധരാകുന്ന പുതിയ തലമുറയ്ക്ക് ഏറെ പ്രത്യാശ നൽകുന്നതാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളേറെയും. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പുതിയ തലമുറയുടെ കണ്ണിൽ വെറും ഇടനാഴിയല്ല. അത് സൂപ്പർ

ഹൈവേയാണ്. തൊഴിൽ കേന്ദ്രങ്ങളിലേക്കുള്ള ഗ്രീൻ ചാനലായി അത് മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിനുവേണ്ടി സ്ഥലനിർണ്ണയം നടത്തുമെന്ന് പ്രഖ്യാപിച്ചപ്പോൾ എന്റെ മണ്ഡലത്തിൽ അല്ലെങ്കിലും പാലക്കാട് ജില്ലയിലെ ഏറ്റവും നിർദ്ധനരായ ജനവിഭാഗം താമസിക്കുന്ന ഓളിളപ്പതിയെയും കണ്ണമ്പറയെയും തെരഞ്ഞെടുത്തതിൽ അഭിനന്ദനം അറിയിക്കുകയാണ്. ആരോഗ്യ മേഖലയിൽ കേരളം കൈവരിച്ച അന്തർദ്ദേശീയ മുന്നേറ്റങ്ങളെ തകർത്തെറിഞ്ഞ കഴിഞ്ഞകാല യു.ഡി.എഫ്. സർക്കാർ ഗവൺമെന്റ് ആശുപത്രികളെപ്പോലും കൊലക്കളമാക്കി മാറ്റിയിരുന്നു. പട്ടി കടിച്ചാൽപോലും മരുന്നില്ലാത്ത ജില്ലാ ആശുപത്രികളും, മൊട്ടുസൂചി കയറി സെപ്റ്റിക്കായാൽ ടി.ടി. എടുക്കാൻ മെഡിക്കൽ കോളേജിലേക്ക് റെഫർ ചെയ്യേണ്ടിവന്ന ഗതികെട്ട നാടായിരുന്നു ഈ കേരളം കഴിഞ്ഞ അഞ്ച് വർഷക്കാലം. ഇതെല്ലാം ശരിയാകുമെന്ന പ്രഖ്യാപനമാണ് ഈ ബഡ്ജറ്റിലെ ആരോഗ്യ മേഖലയിലെ നിർദ്ദേശങ്ങളിലൂടെ നമുക്ക് കാണാൻ കഴിയുക. നിലവിലുള്ള ആശുപത്രികളെ ആധുനികവത്കരിക്കുന്നതിന് ആയിരക്കണക്കിന് കോടികൾ ചെലവഴിക്കാൻ സന്നദ്ധത ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. ആലത്തൂരിനെ മറക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാലക്കാടിലെ ഏറ്റവും പുരാതനമായ താലൂക്ക് ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രിയെ മാറ്റിയാൽ ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന ആലത്തൂർ ആശുപത്രിയിൽ ബ്രിട്ടീഷ് കാലഘട്ടത്തിൽ പണിത കെട്ടിടത്തിൽപോലും പ്രവർത്തനം നടക്കുകയാണ്. അത് പുനരുദ്ധരിക്കാൻ, പുതിയ കെട്ടിടം പണിയാൻ പണം നീക്കിവയ്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തെ പിന്തുണയ്ക്കുന്ന ഈ ബഡ്ജറ്റ് പാർശ്വവത്കൃതമായ സേവന സന്നദ്ധ പ്രവർത്തകരെ പ്രത്യേകം പരിഗണിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർ മുതൽ സാക്ഷരതാ പ്രേരക് വരെയുള്ളവരുടെ ഓണറേറിയം വർദ്ധിപ്പിച്ചതിനെ അഭിനന്ദിക്കുന്നു. ഏറ്റവും ദുർബ്ബലരായ സ്ത്രീകളേറെ അണിനിരന്ന ഈ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സാമ്പത്തിക പിൻബലംകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളിൽ ഏറ്റവും ആകർഷകവും ആരോഗ്യദായകവുമായ നിർദ്ദേശം ഫാറ്റ് നികുതിയാണ്. ബ്രാൻഡഡ് റെസ്റ്റോറന്റുകൾ വിൽക്കുന്ന അധിക കൊഴുപ്പ് പ്രദാനം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് കൊഴുപ്പ് നികുതി ഏർപ്പെടുത്തിയ മന്ത്രിക്ക് മുൻപിൽ മറ്റൊരു നിർദ്ദേശംകൂടി ഞാൻ സമർപ്പിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരള സമ്പദ്‌വ്യവസ്ഥയെ അപ്പാടെ വിഴുങ്ങി തടിച്ചുകൊഴുത്ത മുൻഭരണകൂടത്തിന്റെ ഭാഗമായിരിക്കുന്നവരുടെ ശരീരത്തിൽ അടിഞ്ഞുകൂടിയ കൊഴുപ്പിന് മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തിയാൽ ഈ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ താങ്കൾ പ്രതീക്ഷിക്കുന്ന തുകയേക്കാളും വലിയ തുക ലഭിക്കുന്നതാണ്. ഈ നാട്ടിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ കൂട്ടുനിന്നവരാണ് കഴിഞ്ഞ

ഭരണകൂടം. എല്ലാ സഹകരണ ജനാധിപത്യ സംവിധാനത്തെയും അവർ അട്ടിമറിച്ചുകഴിഞ്ഞിരിക്കുന്നു. സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ സഹകരണ യൂണിയന്റെയും തെരഞ്ഞെടുപ്പുകൾ അവർ തകർത്തതാണ്. ആ സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നിരവധി നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ മുന്നോട്ട് വച്ചിട്ടുള്ളത്. അമ്പലങ്ങൾപോലും വിൽക്കാൻ കൂട്ടുനിന്നവരാണ് കഴിഞ്ഞ ഗവൺമെന്റെന്ന് നമുക്കറിയാം. പട്ടാമ്പി നരസിംഹമൂർത്തി ക്ഷേത്രം സ്വകാര്യ ട്രസ്റ്റിന് നൽകാൻ സർക്കാരിന്റെ നിർദ്ദേശം ദേവസ്വം ബോർഡിന് നൽകുകയും അത് തീരുമാനമാകുകയും ചെയ്തത് നമ്മൾ കണ്ടതാണ്. ഇങ്ങനെ അമ്പലങ്ങളെപ്പോലും വിറ്റുതുലച്ചവർ, നാടിനെ തകർത്തെറിഞ്ഞവർ അവർക്കിടയിൽ നിന്നാണ് ഉള്ളുതുകൊണ്ട് ഈ നാടിനെ പോറ്റുമെന്ന പ്രഖ്യാപനവുമായി പുതിയ ബഡ്ജറ്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ജനകീയ സർക്കാർ ഒരു പനിനീർപൂന്തോപ്പാണ്. കേരളീയ സമൂഹം പ്രതീക്ഷയോടെയാണ് കുതിച്ചുയർന്നുവരുന്ന ഈ സർക്കാരിനെ കാണുന്നത്. പാവപ്പെട്ടവരുടെ, കേരളത്തിന്റെ പ്രിയപ്പെട്ട കവി വൈലോപ്പള്ളിയുടെ കടൽക്കാക്കകളിലെ വരികളാണ് എനിക്ക് ഓർമ്മവരുന്നത്.

"കൊള്ളാൻ വല്ലതുമൊന്നു കൊടുക്കാൻ ഇല്ലാതില്ലൊരു മുൾച്ചെടിയും

പുതിയ കതിരിനെ മുത്തും മാനവഹൃദയ പനിനീർപ്പൂന്തോപ്പിൽ"

അത്തരമൊരു പൂന്തോപ്പാക്കി ഈ കേരളത്തെ മാറ്റാൻ പരിശ്രമിക്കുന്ന ഈ ബഡ്ജറ്റിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു, ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഡ്ജറ്റിന്റെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 730 കോടി രൂപയാണ് അധിക ചെലവായി പറഞ്ഞിരിക്കുന്നത്. വാസ്തവത്തിൽ ഈ 730 കോടി രൂപയ്ക്ക് മാത്രമാണ് ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരമുള്ളത്. അതിനുശേഷം 2016-17 ലെ മാന്ദ്യവിരുദ്ധ പാക്കേജിനുവേണ്ടി പ്രഖ്യാപിച്ച 12,000 കോടി രൂപയും ഭൂമി ഏറ്റെടുക്കലിനുള്ള 8,000 കോടി രൂപയും ഉൾപ്പെടെ 20,000 കോടി രൂപ, അതുപോലെതന്നെ 45 ഖണ്ഡികകളിലായി പറഞ്ഞ 26,431 കോടി രൂപ എന്നീ തുകകളൊന്നും വാസ്തവത്തിൽ ബഹുമാനപ്പെട്ട ഗവർണർ അംഗീകാരം നൽകിയിട്ടുള്ളതല്ല. ഗവർണർ അംഗീകാരം നൽകിയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇന്നലെ പറഞ്ഞത് ശരിയാണോ എന്നത് ഒന്നുകൂടി പരിശോധിക്കണം. അങ്ങനെയാണെങ്കിൽ തീർച്ചയായും ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ ഇതെല്ലാം കാണണം. ഗവർണർ അംഗീകരിച്ച സ്റ്റേറ്റുമെന്റെന്നു

പറയുന്നത് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റാണ്. ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ ഈ തുകകളൊന്നുമില്ല. അപ്പോൾ ഗവർണർ അംഗീകരിക്കാത്ത തുകകളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇറെഗുലറായിട്ടാണിത് കൊണ്ടുവന്നിരിക്കുന്നതെന്ന് ഞാനിന്നലെ പറഞ്ഞത് അതിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് ക്ലാരിഫൈ ചെയ്യണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

പാരാഗ്രാഫ് 51-ൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖാന്തരം മാന്ദ്യവിരുദ്ധ പാക്കേജ് തുക സമാഹരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. പാരാഗ്രാഫ് 55-ൽ മേൽ പറഞ്ഞ തുകകൾ ഖജനാവിൽ നിക്ഷേപിക്കുന്നതല്ലെന്നും പറയുന്നു. ഖജനാവിൽ നിക്ഷേപിക്കാത്ത കൺസോളിഡേറ്റഡ് ഫണ്ടിൽപ്പെടാത്ത തുകകളെക്കുറിച്ചുള്ള ചർച്ച ബഡ്ജറ്റ് ചർച്ചയിൽ കൊണ്ടുവരേണ്ട കാര്യമില്ല. ഞാനിന്നലെ അത് ഒബ്ജക്ട് ചെയ്തിരുന്നു. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് നിസ്സാരവൽക്കരിച്ചുകൊണ്ട് കടന്നുപോവുകയാണുണ്ടായത്. എന്നാൽ ഞാൻ അതിൽത്തന്നെ ഉറച്ചു നിൽക്കുകയാണ്. പാരാഗ്രാഫ് 55-ൽ പറഞ്ഞിരിക്കുന്നത് ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി.-യെ ബൈപ്പാസ് ചെയ്തു ചെലവഴിക്കുമെന്നാണ്. പി.ഡബ്ല്യു.ഡി.-യെ ബൈപ്പാസ് ചെയ്തുകൊണ്ട് ഈ അധികാരങ്ങളെല്ലാം ഏറ്റെടുക്കുവാൻ നടക്കുന്ന ശ്രമം നല്ലതാണോ എന്ന് ശ്രീ. ജി. സുധാകരൻ ഒന്ന് ആലോചിച്ചാൽ കൊള്ളാം. കൺസോളിഡേറ്റഡ് ഫണ്ടിൽ ഈ തുക ഓഡിറ്റ് ചെയ്യുവാൻ സി & എ.ജി.-ക്ക് അധികാരമില്ല. എല്ലാ പരിശോധനകളും വേണ്ടെന്നുവച്ചുകൊണ്ട് സർവ്വ സ്വതന്ത്രമായിട്ടാണ് അദ്ദേഹം ഈ കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നതെന്നു പറയുന്നു. ഇതൊക്കെ വാസ്തവത്തിൽ അത്ഭുതകരമാണ്.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കൊന്നും തുകയില്ല. ഇതിനൊക്കെ ഖജനാവിൽ പണമില്ലെന്ന് പറയുന്നു. പാരാഗ്രാഫ് 58-ൽ പലിശരഹിത സ്ഥാപനം സ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു. അതിന് റിസർവ് ബാങ്ക് അനുമതി നൽകിയില്ല. അതുകൊണ്ട് ഇൻഫ്രാസ്ട്രക്ച്ചർ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് നവീകരണ പദ്ധതിയായ ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസിനെ അത് ഏൽപ്പിക്കും. അവർ പ്രൈവറ്റ് ആളുകളിൽ നിന്നും ഷെയർ വാങ്ങി നവീകരിക്കും. അപ്പോൾ ചേരമാൻ കമ്പനിയെ പ്രൈവറ്റൈസ് ചെയ്യുന്നതിന് തുല്യമായിരിക്കും. പ്രൈവറ്റുകാരെല്ലാം വന്ന് ഷെയർ വാങ്ങും. ഒരു പബ്ലിക് സെക്ടറിനെ നിങ്ങൾ പ്രൈവറ്റൈസ് ചെയ്യുവാനായി പോവുകയാണ്. നടക്കട്ടെ.

എനിക്ക് ഒരുകാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനോട് പറയുവാനുള്ളത്, ഇുഗ്ലക്കിന്റെ ആ പരിഷ്കാരം നമ്മൾ ഒരിക്കലും എടുക്കരുത്. അങ്ങ് ചെയ്തിരിക്കുന്ന വലിയൊരു തെറ്റുണ്ട് ഇതിൽ. ഞാനെന്റെ ജീവിതത്തിൽ പിറകോട്ടു നോക്കുമ്പോൾ, ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നുകൊണ്ട് പാവപ്പെട്ട കുടുംബങ്ങൾക്ക് എന്ത് സംഭാവന കൊടുക്കാൻ കഴിഞ്ഞു എന്നാലോചിക്കുമ്പോൾ ഞാനെപ്പോഴും സംതൃപ്തി അടയുന്നത്, കുടുംബത്തിൽ മക്കൾ തമ്മിൽ നടക്കുന്നൊരു പാർട്ടീഷ്യൻ, അവർക്ക് പിതാവ് അരയേക്കർ സ്ഥലം പാർട്ടീഷ്യൻ ചെയ്യുന്നു, അല്ലെങ്കിൽ ഒരു ഗിഫ്റ്റ് കൊടുക്കുന്നു. അതിനെ ഞാൻ ആയിരം രൂപ മാത്രമായിട്ടായിരുന്നു ലിമിറ്റ് ചെയ്തിരുന്നത്. ഇപ്പോഴതിന് മൂന്ന് ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണം. നമ്മുടെ നാട്ടിൻപുറങ്ങളിലെല്ലാം ഭൂമിക്ക് എത്രയോ വില കൂടിയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇതിനെ ഒബ്ജക്ട് ചെയ്യുകയുണ്ടായി. എത്രയോ ശരിയായിരുന്നു. നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരു സെന്റ് സ്ഥലത്തിന് വളരെയധികം വിലകൂടിയിരിക്കുകയാണ്. മൂന്ന് ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണമെന്നു പറഞ്ഞാൽ എത്ര വലിയൊരു വിഷമമാണ്. അതുപോലെതന്നെ വിലയാധാരം 6 ശതമാനമായിരുന്നത് 8 ശതമാനമാക്കിയിരിക്കുന്നു. ഇതൊക്കെ വളരെ തെറ്റായ കാര്യമല്ലേ; സാധാരണക്കാരനെ ബാധിക്കും. പാവപ്പെട്ട ആളുകൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. കുടുംബത്തിലെ സ്വത്ത് മക്കൾക്കുപോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത നിലയിലേക്ക് ഡോ. ടി. എം. തോമസ് ഐസകിന്റെ ഭരണം കൊണ്ടെത്തിച്ചിരിക്കുന്നു എന്നു പറയുമ്പോൾ എനിക്കുതന്നെ ഒരു വ്യസനം തോന്നിപ്പോവുകയാണ്. ഡോ. ടി. എം. തോമസ് ഐസക് നല്ലൊരു വ്യക്തിയാണ്, കഴിവുള്ള വ്യക്തിയാണ്. പക്ഷേ ഇടയ്ക്ക് ഇങ്ങനെയുള്ള ചില അബദ്ധങ്ങളൊക്കെ വരുന്നു. അത് അറിഞ്ഞുകൊണ്ടാണോ അറിയാതെയാണോ എന്നെനിക്കറിയില്ല. ഏതായാലും ഈ കുടുംബങ്ങളെ ഇതിൽനിന്നും രക്ഷിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഓട്ടോ ഉൾപ്പെടെ 10 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നു. സാധാരണ വലിയ ആളുകളൊക്കെ വർഷംതോറും വാഹനങ്ങൾ മാറ്റി പുത്തൻ വണ്ടികൾ വാങ്ങും. 10 വർഷം പഴക്കമുള്ള വാഹനങ്ങളെന്നു പറഞ്ഞാൽ സാധാരണക്കാരന്റെ വണ്ടിയാണ്. അതിനിനി ഗ്രീൻ ടാക്സൊക്കെ ഏർപ്പെടുത്തി അവരെ ബുദ്ധിമുട്ടിക്കരുത്. അതിൽനിന്നും അങ്ങ് പിൻമാറണം.

മുൻപ് ഞാൻ അവതരിപ്പിച്ചൊരു ബഡ്ജറ്റിൽ തേങ്ങ, കൊപ്ര, വെളിച്ചെണ്ണ, അതുപയോഗിച്ചുള്ള സോപ്പ് ഇതിനൊക്കെ നികുതി കുറച്ചിരുന്നു. വെളിച്ചെണ്ണയ്ക്ക് നികുതി സീറോയും സോപ്പിന് ഒരു ശതമാനവുമാക്കിയിരുന്നു. ഇപ്പോൾ അഞ്ചുശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ വെളിച്ചെണ്ണയ്ക്ക് വിലകൂടും.

വെളിച്ചെണ്ണയുടെ വില കൂടുമ്പോൾ ആളുകൾ പാമോയിലിലേക്ക് ഷിഫ്റ്റ് ചെയ്യും. അപ്പോഴത് കേര കർഷകരെ ബാധിക്കും. ഈ വ്യവസ്ഥ കേര കർഷകർക്ക് ഗുണകരമല്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

എല്ലാ ക്ഷേമ പെൻഷനുകളും ആയിരം രൂപയായി ഏകീകരിക്കും. കേട്ടാൽ വളരെ നല്ല കാര്യമാണ്. പക്ഷേ ഇതുകൊണ്ടുവരുന്ന ഒരു അബദ്ധമെന്താണെന്നു ചോദിച്ചാൽ ആയിരം രൂപയിൽ കൂടുതൽ കിട്ടുന്ന ക്ഷേമ പെൻഷനുണ്ട്. ആ ക്ഷേമ പെൻഷനെ ആയിരം രൂപയിലേക്ക് ഏകീകരിച്ചാൽ താഴ്ന്നുപോവുകയില്ലേ. ഉദാഹരണമായി, UDF-ന്റെ 2014-15-ലെ ബഡ്ജറ്റിൽ വികലാംഗ പെൻഷൻ 1,100 രൂപയാണ്. വാർദ്ധക്യകാല പെൻഷൻ 80 വയസ്സ കഴിഞ്ഞവർക്ക് 1,200 രൂപയാണ്. വൃക്കരോഗികൾക്ക് 1,100 രൂപയാണ്. UDF അവസാന ബഡ്ജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1,500 രൂപ. 75 വയസ്സ കഴിഞ്ഞവർക്ക് പെൻഷൻ 1,500 രൂപയാണ്. സാമൂഹ്യ പെൻഷനുകളെല്ലാം ഏകീകരിച്ചാൽ ഞാൻ ഈ പറയുന്ന കാറ്റഗറിയുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടും. അത് പരിശോധിക്കണമെന്ന് ഞാൻ വളരെ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ റബ്ബറിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴൊന്നും ചെയ്തിട്ടില്ല. UDF ഗവൺമെന്റിന്റെ 500 രൂപ വിലസ്ഥിരതാ ഫണ്ട് നിലനിർത്തിയിരിക്കുന്നു എന്നുമാത്രമേയുള്ളൂ. റബ്ബർ കൃഷിക്കാർക്ക് കുറച്ചുകൂടി ആനുകൂല്യം നൽകണം. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നത് ആദ്യമേയുള്ളൊരു പരിഷ്കാരമാണ്. ഒരു കിലോഗ്രാമിന് 150 രൂപ ഉറപ്പു വരുത്തക്കവണ്ണമുള്ള സബ്സിഡിയോടുകൂടിയുള്ള ഒരു സ്കീമാണ് പ്രഖ്യാപിച്ചത്. വാസ്തവത്തിൽ ഇത് ഉയർത്തിക്കൊടുക്കേണ്ടതാണ്. റബ്ബർ കൃഷിക്കാർക്ക് ഒരു കിലോഗ്രാമിന് 200 രൂപയെങ്കിലും വില ഉറപ്പു വരുത്തേണ്ടതാണ്.

സാന്റിയാഗോ മാർട്ടിനെ നമ്മളിവിടെനിന്ന് ഓടിച്ചതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങി സാന്റിയാഗോ മാർട്ടിനെയും അന്യ സംസ്ഥാന ലോട്ടറിക്കാരെയെല്ലാം മാറ്റിയിരുന്നു. ഇപ്പോൾ കുഴപ്പമൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉപദേശകൻ ഇപ്പോൾ സാന്റിയാഗോ മാർട്ടിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. വേണമായിരുന്നോ വേണ്ടിയിരുന്നോ; വക്കീലെന്ന നിലയ്ക്ക് ആരുടെയും കേസ് സ്വീകരിക്കാം.

മി. സ്പീക്കർ: അങ്ങ് അഡീഷണൽ സമയമെടുത്തിട്ടാണ് ഇത് പറയുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ നിർത്തുകയാണ്. ഞാനിതൊക്കെ പറഞ്ഞുവെന്നേയുള്ളൂ. ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളും തിരുത്തേണ്ടതായിട്ടുണ്ട്. തിരുത്തേണ്ട കാര്യങ്ങളൊക്കെ തിരുത്തണം എന്നുമാത്രമേ പറയാനുള്ളൂ. സാധാരണക്കാരെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഇതിലുണ്ട്. സമയമില്ലാത്തതുകൊണ്ട് പറയാൻ സാധിക്കുകയില്ല. തുണികൾക്ക് നികുതി ഒരു ശതമാനത്തിൽനിന്ന് രണ്ട് ശതമാനമാക്കി. ഗോതമ്പുപൊടിക്ക് നികുതിയില്ലായിരുന്നു. ഇപ്പോൾ 5 ശതമാനമാക്കി. സാധാരണക്കാരെ ബാധിക്കുന്ന ഇതൊക്കെ പുനഃപരിശോധിക്കണമെന്ന മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

## VIII ക്രമപ്രശ്നം

### ഉദ്യോഗസ്ഥർ ഹാജരാകാത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഡ്ജറ്റ് ചർച്ച തുടങ്ങിയതുമുതൽ ഇന്നലെയും ഇന്നും ധനകാര്യ വകുപ്പിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, എക്സ്പെൻഡീച്ചർ സെക്രട്ടറി ആരും ഇവിടെയില്ല. എല്ലാ കാര്യങ്ങളും മനസ്സിലാക്കാൻ മന്ത്രി ഇവിടെയുണ്ട്, ശരിയാണ്. പക്ഷേ ധനകാര്യ വകുപ്പിലെ പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്ന ഉദ്യോഗസ്ഥർ ഇന്നും സഭയിൽ ഇല്ല. ഈ സഭയിൽ നടക്കുന്ന ബഡ്ജറ്റ് ചർച്ചകളിൽ കേരളത്തിലെ ജനങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് ഞങ്ങൾ ഇവിടെ പറയുന്ന അഭിപ്രായങ്ങൾ അതിന്റെ ട്രെൻഡ് എന്താണ്? എന്താണ് ജനങ്ങളുടെ അഭിപ്രായം, ജനപ്രതിനിധികളുടെ അഭിപ്രായമെന്താണെന്ന് അവരുകൂടി അറിയേണ്ടതല്ലേ? ഇന്നലെ ഈ ചർച്ച തുടങ്ങുമ്പോൾ മുതൽ ഇതുവരെ ഒരാൾപോലും ഗ്യാലറിയിൽ ഉണ്ടായിരുന്നില്ല എന്നത് വളരെ ദൗർഭാഗ്യകരമാണ്, ഞാൻ മനസ്സിലാക്കുന്നത് കഴിഞ്ഞ 15 വർഷക്കാലത്തെ ചരിത്രത്തിൽ ഇതുവരെ ബഡ്ജറ്റ് ചർച്ചയിൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടാകാതിരുന്നിട്ടില്ല എന്നാണ്. മന്ത്രിക്ക് ചിലപ്പോൾ ആത്മവിശ്വാസം ഉണ്ടാകും ഉദ്യോഗസ്ഥർ ഇല്ല എന്നുള്ളതിൽ, പക്ഷേ ഞങ്ങൾ ആഗ്രഹിക്കുന്നത്, ഞങ്ങൾ പറയുന്നത്, ഞങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ, പൊതുവായി ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ അതെല്ലാം ഉദ്യോഗസ്ഥർ കൂടി അറിയണം എന്നാണ്. ഇത് ശരിയാണോ എന്ന് അങ്ങ് പറയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ നിസ്സാരവൽക്കരിച്ചുകൊണ്ടാണ് ഈ സഭയെ ഉദ്യോഗസ്ഥർ കാണുന്നത്. നയപ്രഖ്യാപനത്തിന്റെ ചർച്ച ഉള്ളപ്പോഴും ഇവിടെ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചതാണ്, അന്ന് അങ്ങ് റൂൾ ചെയ്തതാണ്. ഇത്രയും ഗൗരവതരമായ

ചർച്ച നടക്കുമ്പോൾ എം.എൽ.എ.-മാർ രണ്ടു ഭാഗത്തുമുള്ളവർ അഭിപ്രായം പറയുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇവിടെ ഉണ്ടാകേണ്ടത് പാർലമെന്റിൽ ആണെങ്കിലും, അസംബ്ലിയിൽ ആണെങ്കിലും, എല്ലാ കാലത്തും ഉള്ള ഒരു നടപടിക്രമമാണ്. അങ്ങ് ശക്തമായി ഈ കാര്യത്തിൽ റൂളിംഗ് കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

## IX റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗവും, പ്രതിപക്ഷ നേതാവും ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്തുകൊണ്ടാണ് ഇത്തരമൊരു സാഹചര്യമുണ്ടായതെന്ന് ചെയർ പരിശോധിക്കും, ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അഡീഷണൽ ചീഫ് സെക്രട്ടറി ഒരു മരണത്തിന് പോയിരിക്കുകയാണ്. നിങ്ങൾക്ക് അറിയാവുന്ന ഒരാൾ തന്നെയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പരിപൂർണ്ണമായും പിൻതുണയ്ക്കുകയാണ്. ജനങ്ങളുടെ 5 വർഷത്തെ പ്രതീക്ഷയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുന്ത്രി ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ ശ്രമിക്കുന്നത്. പാവപ്പെട്ട ആളുകൾക്ക് പെൻഷൻ 1000 രൂപയാക്കി ഉയർത്തി അത് അവരുടെ കയ്യിൽ നേരിട്ട് കിട്ടുമെന്ന് പറയുമ്പോൾ അവരുടെ മനസ്സിലുണ്ടായിരിക്കുന്ന സന്തോഷം, ഞാൻ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം നാട്ടിൽ അവരെ കണ്ടപ്പോൾ അവരുടെ സന്തോഷം വളരെ വലുതാണ് എന്നറിയാൻ കഴിഞ്ഞു. ആ തുക അവരുടെ കയ്യിൽ എത്തിക്കുമ്പോൾ അതിൽ അവർക്ക് വലിയ സന്തോഷമുണ്ട്. സമഗ്ര ഇൻഷ്വറൻസ് പദ്ധതി, തൊഴിലുറപ്പുകാർക്കുള്ള ആനുകൂല്യം, കുടുംബശ്രീക്കാർക്കുള്ള സാന്ത്വന ചികിത്സ, മാതാപിതാക്കളില്ലാത്ത കുട്ടികൾക്കുള്ള സ്നേഹപൂർവ്വം പദ്ധതി, ഇങ്ങനെ ഒരുപാട് പാവപ്പെട്ട ആളുകളെ കണ്ടുകൊണ്ടുള്ള വലിയ രീതിയിലുള്ള ആനുകൂല്യങ്ങൾ നൽകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. കാർഷിക പദ്ധതികളുടെ അടങ്കൽ 600 കോടി രൂപയാക്കി ഉയർത്തി, ജില്ലാ അടിസ്ഥാനത്തിലുള്ള അഗ്രോ ഫുഡ് പാർക്കുകൾ കൊണ്ടുവരുന്നത് കൃഷിക്കാർക്ക് അവരുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽനിന്നും കിട്ടുന്ന ലാഭത്തിന്റെ ഒരു വിഹിതം കിട്ടാനുള്ള അവസരമുണ്ടാക്കും. സർക്കാർ സ്കൂളുകളുടെ നിലവാരമുയർത്തൽ, ജില്ലാ താലൂക്ക് ആശുപത്രികളുടെ വികസനം, കുടിവെള്ള പദ്ധതികൾക്ക് തുക അനുവദിച്ചത്, സ്ത്രീകൾക്കുള്ള പ്രത്യേക വകുപ്പ്, കുടുംബശ്രീയുടെ ശാക്തീകരണം, ആദിവാസികൾക്ക് പ്രത്യേകിച്ചും സുപ്രീംകോടതി വിധിച്ചതിനുശേഷം ഇത്രയും കാലമായി ഭൂമി കൊടുക്കാതെയിരുന്നു. ഇപ്രാവശ്യമാണ് അതിനുവേണ്ടി സംഖ്യ നീക്കിവച്ചത്. പട്ടികജാതി/ പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി തുക നീക്കിവച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ

പ്രത്യേകം അഭിനന്ദിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനംമൂലം പ്രത്യേകിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വന്ന കുറവുകൾ നമ്മളെ എങ്ങനെ ബാധിക്കുമെന്ന് നമ്മൾ എല്ലാപേരും ആലോചിക്കേണ്ട സമയമാണ്. ഇന്ദിര ആവാസ് യോജന, കഴിഞ്ഞ പ്രാവശ്യം 100 ശതമാനമായിരുന്നുവെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 75 ശതമാനമായി, ഇപ്പോൾ അത് 60 ശതമാനമായി കുറച്ചു. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന-ഗ്രാമീണ റോഡുകൾ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കിട്ടിയിരുന്നത് ഇപ്പോൾ 60 ശതമാനമായി കുറച്ചു. എൻ.ആർ.എച്ച്.എം. കഴിഞ്ഞ പ്രാവശ്യം 100 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോൾ 60 ശതമാനമായി കുറച്ചു. മിഡ്-ഡേ-മീൽ, കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ കൈവച്ചു, 100 ശതമാനമായിരുന്നുവെങ്കിൽ അത് 75 ശതമാനമായി, ഇപ്പോൾ 60 ശതമാനമായി കുറച്ചു. ഐ.സി.ഡി.എസ്.-അഡ്മിനിസ്ട്രേഷൻ 100 ശതമാനമായിരുന്നത് 90 ശതമാനമാക്കി, ഇപ്പോഴത് 60 ശതമാനമായി കുറച്ചു. നാഷണൽ സോഷ്യൽ അസിസ്റ്റൻസ് നേരത്തെ 100 ശതമാനം ഉണ്ടായിരുന്നത് ഇപ്പോൾ 60 ശതമാനമായി കുറച്ചു. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന നേരത്തെ 100 ശതമാനമുണ്ടായിരുന്നത് 90 ശതമാനമായി, ഇപ്പോൾ 60 ശതമാനമായി. ആർ.കെ.വി.വൈ., 2014-15 -ൽ 321 കോടിയായിരുന്നു, അത് 2015-16 ൽ 180 കോടിയാക്കി. 60 ശതമാനമേ തരികയുള്ളൂ ബാക്കി നമ്മൾ എടുക്കണമെന്ന സ്ഥിതിയായി. അതുകൂടാതെ വലിയ ദ്രോഹമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നു വരുന്നത്, പുതിയ നയപ്രകാരം അഗ്രിക്കൾച്ചറിൽ എഫ്.ഡി.ഐ. അനുവദിച്ചു, മൃഗസംരക്ഷണത്തിൽ എഫ്.ഡി.ഐ. അനുവദിച്ചു. എഫ്.ഡി.ഐ. അനുവദിക്കുന്നതോടുകൂടി വൻകിട കുത്തക കമ്പനികൾ അഗ്രിക്കൾച്ചർ പ്രോസസിംഗ് രംഗത്ത് വരാൻ പോകുകയാണ്. നമ്മൾ ബഡ്ജറ്റിൽ പറഞ്ഞത് അഗ്രിക്കൾച്ചറൽ പ്രോസസിംഗ് കമ്പനികൾക്ക്, അഗ്രിക്കൾച്ചർ പ്രൊഡ്യൂസർ കമ്പനികൾ ഉണ്ടാക്കുമെന്നാണ്. പക്ഷേ ആ കമ്പനികളുണ്ടാക്കുമ്പോൾ പിടിച്ചു നിൽക്കാൻ പറ്റുമോ, കേന്ദ്ര ഗവൺമെന്റിന്റെ ഈ നയങ്ങളുടെ ഫലമായി ബഹുരാഷ്ട്ര കമ്പനികൾ ഇവിടെ വരാൻ പോകുകയാണ്. പെപ്സിതന്നെ 30000 കോടി രൂപയാണ് ഫുഡ് പ്രോസസിംഗിന് മുടക്കാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ ഫുഡ് പ്രോസസിംഗ് കമ്പനികൾക്ക് പ്രോൽസാഹനം കൊടുക്കുന്നത് ചെറിയ രീതിയിൽ പോരാ, വലിയ രീതിയിലുള്ള കമ്പനികൾ ഉണ്ടാക്കി അവരോട് മൽസരിക്കുന്ന രീതിയിൽ ഉണ്ടാക്കിയില്ലെങ്കിൽ നമുക്ക് പിടിച്ചു നിൽക്കാൻ വലിയ പ്രയാസം നേരിടുമെന്നാണ് എനിക്ക് തോന്നുന്നത്. അത് വളരെ ഗൗരവമായി ആലോചിക്കണം. മൃഗസംരക്ഷണത്തിന് എഫ്.ഡി.ഐ. അനുവദിക്കുന്നതിന്റെ ഫലമായി 500 പശുക്കളുള്ള ഡയറികളാണ് വരാൻ പോകുന്നത്. ഏറ്റവും ചുരുങ്ങിയത് 500 പശുക്കളുള്ള ഡയറികൾ വരുമ്പോൾ, നമ്മൾ ഇവിടെ രണ്ടും മൂന്നും പശുക്കളെ വച്ചാണ് കുടുംബം ജീവിക്കുന്നത്. കൃഷിക്കാരാണെങ്കിൽ അവരുടെ

കുട്ടികളുടെ വിദ്യാഭ്യാസവുംമറ്റും നടത്തുന്നത് രണ്ടു പശുക്കളുടെ ആദായം വച്ചാണ്. 500 പശുക്കൾ ഉള്ള ഡയറികളാണ് പുതുതായി വരാൻ പോകുന്നത്, കേന്ദ്രത്തിലെ എൻ.ഡി.എ.-സർക്കാർ അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയാണ്. ഡയറക്ടായി മാർക്കറ്റിൽ പോകുമ്പോൾ നമ്മുടെ ഇവിടത്തെ സൊസൈറ്റികൾ, പാവപ്പെട്ട ആളുകളുടെ ഉപജീവന മാർഗ്ഗം തന്നെ അടയാൻ പോകുകയാണ്. അതെങ്ങനെ തരണം ചെയ്യാൻ കഴിയുമെന്ന് വളരെ ഗൗരവമായി ആലോചിക്കണം. എനിക്ക് കുറേ നിർദ്ദേശങ്ങൾ ഉള്ളത്, ഇൻഫ്രാസ്ട്രക്ചറിന് വലിയ രീതിയിൽ പ്രാധാന്യം കൊടുത്ത് ഉൽപ്പാദനമേഖലയിൽ പ്രത്യേകിച്ചും കാർഷിക മേഖലയുടെ തകർച്ച വളരെ ഗൗരവമായി കാണണം. എന്റെ നിയോജക മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തിലെ കണക്ക് ഞാനെടുത്തു. ജപ്തിനടപടികൾ ഒഴിവാക്കാൻ ഒരു ദിവസത്തിൽ ആർ.ആർ.-ന്റെ സ്റ്റേയ്ക്കുവേണ്ടി ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്ക് എത്ര കത്തയച്ചു എന്ന് എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. ഇന്നലെ അതിന്റെ കണക്കെന്താണെന്ന് വില്ലേജ് ഓഫീസറോട് വിളിച്ചു ചോദിച്ചു. ഏകദേശം 1500 പേർക്കാണ് ആർ.ആർ. വന്നിരിക്കുന്നത്. കൃഷിക്കാർ പിടിച്ചു നിൽക്കാൻ പറ്റാത്ത സ്ഥിതിയിൽ എത്തിനിൽക്കുകയാണ്. കൃഷിക്കാരൻ എങ്ങനെ മുന്നോട്ടു പോകുമെന്നറിയില്ല. നാളികേരം തകർന്നു, റബ്ബർ തകർന്നു, നെൽകൃഷിക്കാരന് മാന്യമായി ജീവിക്കാൻ പറ്റാത്ത, ന്യായമായ വരുമാനം കിട്ടാത്ത സ്ഥിതി വന്നു. പച്ചക്കറിയാണെങ്കിൽ എപ്പോൾ വിലകൂടും, എപ്പോൾ വില താഴുമെന്ന് അറിയാത്ത സ്ഥിതിയാണ്. കൃഷിക്കാർക്ക് വരുമാനത്തിന് ഒരുറപ്പ് കിട്ടാത്ത സ്ഥിതിയാണ്. നമ്മൾ മൂന്ന് നേരം ഭക്ഷണം കഴിക്കുന്നു, ആ മൂന്ന് നേരം ഭക്ഷണം കഴിക്കുമ്പോൾ അതുണ്ടാക്കിയ കൃഷിക്കാരനെയോ, കർഷക തൊഴിലാളിയെയോ ഓർക്കുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. കഷ്ടപ്പെട്ടാണ് അവരത് ഉണ്ടാക്കിയതെന്ന് ആരും ചിന്തിക്കുന്നതേയില്ല. അത് ചിന്തിക്കാത്തിടത്തോളം കൃഷിക്കാർക്ക് ഇവിടെ പിടിച്ചുനിൽക്കാൻ പ്രയാസമാണ്. ഇപ്പോൾ പ്രധാനമന്ത്രി തന്നെ പാർലമെന്റിൽ പറഞ്ഞു, ഞങ്ങൾ 5 കൊല്ലം കൊണ്ട് കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കും, അന്നം തരുന്നവരാണ് അവർ എന്നുപറഞ്ഞു. ഇപ്പോൾ കൃഷിക്കാരുടെ വരുമാനമെത്രയാണ്; 3000 രൂപ. ഒരു മാസം 3000 രൂപയേയുള്ളൂ, അത് ഇരട്ടിയാക്കിയാൽ എത്രയാണ്; 6000 രൂപ. 6000 രൂപ കൊണ്ട് ഒരു കുടുംബം കഴിയാൻ പറ്റുമോ, നമുക്ക് ആർക്കെങ്കിലും ജീവിക്കാൻ പറ്റുമോ; 6000 രൂപ കൊണ്ട് എങ്ങനെയാണ് ഒരു കൃഷിക്കാരന്റെ കുടുംബം കഴിയുക? ഇപ്പോൾ ശംബള പരിഷ്കരണം വന്നു, ഒരു കുടുംബം കഴിയണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് 18000 രൂപ വേണമെന്നാണ്. അതു പോരാ എന്നു പറഞ്ഞുള്ള തർക്കം വേറെ. 18000 രൂപ ഒരു കർഷക കുടുംബത്തിൽ ഇന്ന് കിട്ടുമോ? ഗവൺമെന്റിന്റെ കണക്കുപ്രകാരം കേരളത്തിൽ കാർഷിക കുടുംബത്തിന്റെ കടം 648000 രൂപയാണ്. എങ്ങനെ പിടിച്ചുനിൽക്കാനാണ്. കൃഷിക്കാരൻ വല്ലാത്ത ഒരു പ്രതിസന്ധിയിലേക്കാണ്

നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിന് എന്താണ് നമുക്ക് ചെയ്യാൻ കഴിയുക. 1970-ൽ ഒരു ക്വിന്റൽ നെല്ലിന്റെ വില 76 രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ 1480 രൂപയാണ്, കേരളത്തിലാണെങ്കിൽ 2000 രൂപ. 19-20 ഇരട്ടി വന്നു. 1970-ൽ എം.എൽ.എ.-മാരുടെ ശമ്പളവും ഇന്നത്തെ എം.എൽ.എ.-മാരുടെ ശമ്പളവും കൂട്ടി നോക്കിയാൽ 1000 മടങ്ങ് വർദ്ധിച്ചില്ലേ; കൃഷിക്കാർ എന്താണു ചെയ്യുക, കൃഷിക്കാർക്ക് എത്രയാണ് വർദ്ധനവുള്ളത്; അങ്ങനെ ആ രീതിയിൽ 100 ശതമാനമെങ്കിലും വർദ്ധിപ്പിച്ചാൽ 5000 രൂപയെങ്കിലും ഒരു ക്വിന്റൽ നെല്ലിന് കിട്ടിയാലേ മറ്റുള്ളവരോടൊപ്പം പിടിച്ചുനിൽക്കാൻ പറ്റൂ എന്ന അവസ്ഥയാണുള്ളത്. ഇതു മനസ്സിലാക്കി അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ കൊടുക്കണ്ടേ? ഉൽപ്പാദന വർദ്ധനവാണ് അതിനേറ്റവും വലിയ കാര്യമെന്നാണ് ശാസ്ത്രജ്ഞൻമാരും കൃഷി വകുപ്പുകാരുമൊക്കെ പറയുന്നത്, അതാണോ ശരി. അമേരിക്കയോടൊപ്പം ഉൽപ്പാദന വർദ്ധനവ് ഉള്ളവരാണ് നമ്മളും, അവിടെയും ഇവിടേയും ഉല്പാദനം 6 ടണ്ണാണ്. യന്ത്രവൽക്കരണം അവിടെയും ഇവിടെയുമുണ്ട്. ചൈനയിലോ അമേരിക്കയിലോ കൃഷിക്കാരുടെ ഇടയിൽ ആത്മഹത്യ നടക്കുന്നില്ല. ഇവിടെ ഏറ്റവും ഉൽപ്പാദനം വർദ്ധിപ്പിച്ച പ്രദേശത്തു തന്നെയാണ് ആത്മഹത്യ നടക്കുന്നത്. അതിനെന്താണ് കാരണമെന്ന് കണ്ടുപിടിക്കണ്ടേ? ആ വരുമാനവും ചെലവുമായി പൊരുത്തപ്പെട്ടു പോകാത്ത ഒരു സ്ഥിതിയാണ്, ഇതിനൊരുമാറ്റം വരണ്ടേ; അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ തന്നെ വരുമാനം ഉറപ്പിക്കൽ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞത് കൊണ്ടുവരാനുള്ള ഒരു ശ്രമം ഇപ്പോൾ തന്നെ തുടങ്ങണം അടുത്തത് അങ്ങയുടെ ശ്രദ്ധ ഈ മേഖലയിലായിരിക്കണം. ഇല്ലെങ്കിൽ കർഷകന് ഇവിടെ പിടിച്ചു നിൽക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിൽ അന്തിമ വിലയുടെ ഒരു ഭാഗം കൃഷിക്കാരന് അവകാശപ്പെട്ടതാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ വ്യക്തമായി പറയുന്നു. അത് ഉണ്ടാക്കാനുള്ള നിയമനിർമ്മാണം നടത്തണം. പി.ഡി.എസ്.-ൽ കൂടെയല്ലാതെ 40 ലക്ഷം ടൺ അരി വരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

40 ലക്ഷം ടൺ അരി ഇവിടെ വിൽക്കുന്നുണ്ട്. എം.ആർ.പി.-ൽ നിന്നും ഒരു രൂപ മാറ്റി വച്ചാൽ 400 കോടി രൂപ കിട്ടും. അതിൽനിന്നും ഒരു ഏക്കർ കൃഷി ചെയ്യാൻ 15000 രൂപ കൊടുത്താൽ അതിൽ പണിയെടുക്കുന്ന 3 തൊഴിലാളികൾക്ക് 2500 രൂപ വച്ച് കൊടുക്കാൻ 50 കോടി രൂപ മാത്രമേ ആവശ്യമുള്ളൂ. വെൽഫെയർ ഫണ്ടിനും ഇ.എസ്.ഐ. ആനുകൂല്യത്തിനും മറ്റുള്ളവർക്ക് കൊടുക്കുന്ന പോലുള്ള ചികിത്സാ സൗകര്യത്തിനും അവരുടെ മക്കൾക്ക് വിദേശത്ത് പോയി പഠിക്കാനുള്ള സൗകര്യങ്ങൾക്കുമൊക്കെയായി ബാക്കിയുള്ള 350 കോടി രൂപയുണ്ട്. 30

രൂപയാണ് പാലിന് കൃഷിക്കാരന് കിട്ടുന്ന ലാഭം. മിൽമയുടെ കണക്കുപ്രകാരം 180 രൂപയാണ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ ഐസ്ക്രീമും മറ്റും ഉണ്ടാക്കുമ്പോൾ ലാഭമായി കിട്ടുന്നത്. ആ ലാഭത്തിലെ ഒരു വിഹിതം അതുണ്ടാക്കിയ കൃഷിക്കാരന് അവകാശപ്പെട്ടതല്ലേ? അതിനുള്ള നിയമനിർമ്മാണത്തെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. പ്രകടനപത്രികയിൽ പറഞ്ഞതുപോലെ എല്ലാ കാർഷിക വിളകളുടെയും ഉൽപ്പാദനച്ചെലവ് അധികം 50 ശതമാനം എന്നുള്ള നിലയ്ക്ക് വില നിശ്ചയിക്കാനുള്ള നിയമപരമായ ഒരു അതോറിറ്റിയെയോ അല്ലെങ്കിൽ അതുപോലുള്ള എന്തെങ്കിലും സംവിധാനമോ ഉണ്ടാക്കണം. അങ്ങനെയുണ്ടാക്കിയില്ലെങ്കിൽ നമ്മുടെ കൃഷിക്ക് പിടിച്ചു നിൽക്കാൻ പ്രയാസമുണ്ടാകും. ഒരു പ്രധാനപ്പെട്ട കാര്യം, ചിറ്റൂർ പ്രദേശത്ത് കുടിക്കാനുള്ള വെള്ളം 10-11 മണിക്കാണ് ലോറിയിൽ കൊണ്ടുവരുന്നത്. മണിക്കൂറുകളോളം ക്യൂനിന്ന് കുടിവെള്ളം പിടിച്ചു വെക്കാൻ വേണ്ടി പെൺകുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാതിരിക്കുകയും അങ്ങനെ അവരുടെ വിദ്യാഭ്യാസം മുടങ്ങുന്ന അവസ്ഥയുമാണ് അവിടെയുള്ളത്. ചിറ്റൂരിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുത്ത് ആർ.ബി.സി.-കനാലിന് പ്രത്യേക ഫണ്ടും ബഡ്ജറ്റിൽ തുകയും അനുവദിക്കണമെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്, അങ്ങത് പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. സംസ്ഥാനം നേരിടുന്ന രൂക്ഷമായ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനുള്ള ശക്തമായ ഇടപെടലുകളില്ലാത്ത, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങളില്ലാത്ത, ആരോഗ്യ വകുപ്പിലൊഴികെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയില്ലെന്ന് പറയുന്ന, അധിക ധനസമാഹരണം ലക്ഷ്യമിട്ട് സാധാരണ ജനങ്ങളുടെ മേൽ നികുതി വർദ്ധനവ് അടിച്ചേൽപ്പിക്കുന്ന ഒരു ബഡ്ജറ്റിനെ സ്വാഗതം ചെയ്യാൻ കഴിയില്ല. ബഡ്ജറ്റ് എന്നതിനെക്കാൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയുടെ ഒരു സംഗ്രഹം അല്ലെങ്കിൽ അതിന്റെ ഒരു രണ്ടാം പതിപ്പ് എന്ന വിശേഷണമാകും കൂടുതൽ ശരിയാവുക. പ്രകടനപത്രിക മുന്നോട്ട് വച്ച പ്രധാനപ്പെട്ട മുപ്പത്തിയഞ്ചിന പരിപാടികളിൽ മിക്കതും ബഡ്ജറ്റിൽ സ്ഥാനം പിടിച്ചതായി കാണാം. എന്നാൽ പങ്കാളിത്ത പെൻഷൻ, വ്യക്തമായ മദ്യനയം, അഞ്ചുവർഷം കൊണ്ട് ഇരുപത്തിയഞ്ചുലക്ഷം പേർക്ക് തൊഴിൽ തുടങ്ങി തെരഞ്ഞെടുപ്പിൽ വോട്ടാക്കിയ പ്രഖ്യാപനങ്ങളെക്കുറിച്ചൊന്നും വ്യക്തമായി ബഡ്ജറ്റിൽ കണ്ടില്ല. 84,616.85

കോടി രൂപ റവന്യൂ വരുമാനവും 97687.10 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ജനപ്രിയ പദ്ധതികൾ പലതും ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ഇതിനായി ചുരുങ്ങിയത് 20,000 കോടി രൂപയെങ്കിലും ബഡ്ജറ്റിന് പുറത്തുനിന്നും കണ്ടെത്തേണ്ട അവസ്ഥയാണ്. ഇതിനായി രണ്ട് മാർഗ്ഗങ്ങളാണ് സർക്കാർ കാണുന്നത്. ഒന്ന്, പന്ത്രണ്ടായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ്. രണ്ട്, എണ്ണായിരം കോടി രൂപയുടെ അധിക നികുതി വരുമാനം. ഇതിൽ മാന്ദ്യവിരുദ്ധ പാക്കേജ് സംസ്ഥാനത്ത് നേരത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരീക്ഷിച്ച് ലക്ഷ്യം കാണാതെ പോയതാണ്. അധിക നികുതി ആകട്ടെ പാവപ്പെട്ടവന്റെ ജീവിതത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന നടപടിയും. പ്രതീക്ഷിച്ച തുക സമാഹരിക്കാനായില്ലെങ്കിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഭാവി തുലാസ്സിലാകും. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ദയനീയമാണെന്ന് ലോകം മുഴുവൻ വിളിച്ച് പറഞ്ഞ സ്ഥിതിക്ക് ആരാണ് ഇവിടെ പണം മുടക്കാൻ തയ്യാറായി മുന്നോട്ട് വരിക. ഏതായാലും സാമ്പത്തിക വിദഗ്ദനായ ധനകാര്യ വകുപ്പുമന്ത്രി തടസ്സങ്ങളെയൊക്കെ അതിജീവിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. പണം കൈമാറ്റമില്ലാത്ത കുടുംബങ്ങൾ തമ്മിലുള്ള ഭൂമി ഇടപാടിന്റെ ആധാര മുദ്രവില മൂന്ന് ശതമാനമാക്കി വർദ്ധിപ്പിച്ചത് ഇടത്തരം ജനവിഭാഗങ്ങളെ അങ്ങേയറ്റം പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്. ചരക്ക് വാഹനങ്ങളുടെ നികുതി പത്ത് ശതമാനം വർദ്ധിപ്പിക്കുന്നത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതിന് കാരണമാകും. പതിനഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും നാലോ അതിൽക്കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും പത്ത് വർഷം പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഏർപ്പെടുത്തുന്ന അധിക നികുതി അത്തരം ചരക്കു വാഹനങ്ങൾ ഓടിച്ച് കിട്ടുന്ന ചെറിയ വരുമാനം കൊണ്ട് കുടുംബം പോറ്റുന്ന പതിനായിരങ്ങളുടെ ജീവിതം ഏറെ കഷ്ടത്തിലാക്കും. ബ്രാൻഡഡ് റസ്റ്റോറന്റുകളിൽ വിൽക്കപ്പെടുന്ന ബർഗ്ഗർ, പിസ, സാന്റ് വിച്ച് തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ 14.5 ശതമാനം ഫാറ്റ് ടാക്സ് റസ്റ്റോറന്റ് വ്യവസായത്തെ തകർക്കുന്ന നടപടിയാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ഇത്തരം നികുതി ഏർപ്പെടുത്തുന്നത്. ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കുമെന്നാണ് കരുതുന്നത്.

ഇടത്തരക്കാർ, സാധാരണ ജനങ്ങൾ, കൂലിവേല ചെയ്ത് ജീവിക്കുന്നവർ എന്നിവരെ ബാധിക്കുന്ന നികുതി പരിഷ്കരണങ്ങൾക്ക് പുറമേ വീട്ടമ്മമാരുടെ കുടുംബ ബഡ്ജറ്റിനെ തകിടം മറിക്കുന്ന നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. പായ്ക്കറ്റിലാക്കി വിൽക്കുന്ന ഗോതമ്പ് ഉൽപ്പന്നങ്ങളായ റവ, ആട്ട, മൈദ, സൂചി എന്നിവയ്ക്കുള്ള

അഞ്ച് ശതമാനം നികുതി അടുക്കളയിൽ കാര്യമായി ബാധിക്കുന്നതാണ്. ഒപ്പം തട്ട് കടക്കാരുടെയും ചെറുകിട കച്ചവടക്കാരുടെയും ബേക്കറിക്കാരുടെയും കഞ്ഞിയിൽ മണ്ണ് വാരിയിടുന്നതിന് തുല്യമാണ്. വെളിച്ചെണ്ണയ്ക്ക് നികുതി ഏർപ്പെടുത്തിയത് പാമോയിലിന്റെ ഉപയോഗം കൂടാൻ കാരണമാകുമെന്ന ആശങ്ക പരക്കെയുണ്ട്.

ഓരോ മണ്ഡലങ്ങളിലും ഒരു സർക്കാർ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുയർത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അന്താരാഷ്ട്ര നിലവാരത്തിലെത്തിയില്ലെങ്കിലും സ്വകാര്യ സ്കൂളുകളെ അപേക്ഷിച്ച് ഭേദപ്പെട്ട നിലവാരത്തിലുയർത്താനെങ്കിലും നടപടിയുണ്ടാകണം.

നെൽവയലുകൾ തരിശ്ശായി കിടക്കുന്നത് ഒഴിവാക്കുമെന്ന് ബഡ്ജറ്റിൽ പറയുന്നു. എങ്കിൽ എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ നാല് പഞ്ചായത്തുകളിലായി 300 ഹെക്ടർ നെൽവയൽ തരിശ്ശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെടുത്തട്ടെ. ഇവിടെ നെൽകൃഷി വളർത്താൻ കൃഷി വകുപ്പ് മുൻകയ്യെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. താങ്ങുവില ഇരുപത്തിയഞ്ച് രൂപയിൽ നിന്നും ഇരുപത്തിയേഴ് രൂപയായി ഉയർത്തിയതല്ലാതെ നാളികേര കൃഷിയേയും കർഷകരേയും സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ ഒന്നുംതന്നെയില്ല. പച്ചത്തേങ്ങ സംഭരിക്കുമെന്ന് പറഞ്ഞിട്ട് സംഭരണ കേന്ദ്രത്തിൽ കർഷകർ തേങ്ങയുമായി പോയാൽ നനഞ്ഞ തേങ്ങ എടുക്കില്ലായെന്ന് പറഞ്ഞ് തിരിച്ചയക്കുകയാണ്. മഴക്കാലമായാൽ എങ്ങനെയാണ് നനയാത്ത തേങ്ങ കിട്ടുന്നത്? തേങ്ങ കൊണ്ടുപോകുന്ന വണ്ടിക്കൂലിയും നഷ്ടപ്പെടുന്ന ദുരവസ്ഥയിലാണ് കർഷകർ. കോഴിക്കോട് ജില്ലയിൽ നാളികേര അഗ്രോ പാർക്ക് ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ജില്ലയിലെ മികച്ചയിനം നാളികേരം ലഭിക്കുന്ന എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി സ്ഥാപിതമായി പ്രവർത്തനസജ്ജമാകാതെ കിടക്കുന്ന നാളികേര പാർക്കിന്റെ തുടർപ്രവർത്തനത്തിന് വേണ്ട നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കുറ്റ്യാടിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് പത്ത് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിന് സർക്കാരിനെ അഭിനന്ദിക്കുന്നു. ബൈപ്പാസ് നിർമ്മാണത്തിന് നേരത്തെ ഭരണാനുമതി ലഭിച്ചതാണെങ്കിലും ഇതിന്റെ ചില ഭാഗങ്ങൾ കടന്നുപോകുന്നത് നെൽവയലുകളിൽ കൂടിയാണ് എന്നതിനാൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ മുഖ്യവരുമാനസ്രോതസ്സായ പ്രവാസികൾക്കായി ബഡ്ജറ്റിൽ കാര്യമായ പ്രഖ്യാപനമൊന്നും തന്നെ ഉണ്ടായില്ല. പ്രവാസി പുനരധിവാസത്തിനായി 24 കോടി രൂപ വകയിരുത്തിയെങ്കിലും ഗൾഫിൽനിന്നും തിരിച്ചെത്തുന്നവരുടെ എണ്ണം ക്രമാതീതമായി

വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ തുക ഒന്നിനും പര്യാപ്തമല്ല. എയർ കേരള, പ്രവാസി ആരോഗ്യ ഇൻഷ്വറൻസ്, ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഓഫീസ് തുടങ്ങൽ, എല്ലാ ജില്ലകളിലും പ്രവാസി ഹെൽപ് ഡെസ്ക് സ്ഥാപിക്കൽ തുടങ്ങി പ്രവാസി സമൂഹത്തിന്റെ ദീർഘകാലാവശ്യങ്ങൾക്ക് ബഡ്ജറ്റിൽ ഒരു പരിഹാരവുമില്ല എന്നുമാത്രമല്ല പ്രവാസികളെക്കുറിച്ച് ഒരു ശ്രദ്ധപോലും ഉണ്ടായില്ല. 30 ലക്ഷത്തോളം മലയാളികൾ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. ഒരു വർഷം അവർ നാട്ടിലേക്ക് അയക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം 2014-ൽ 71,142 കോടി രൂപയായിരുന്നുവെങ്കിൽ 2015-ൽ 99,382 കോടി രൂപയാണ്. ഗൾഫ് രാജ്യങ്ങളിലെ ജോലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താറുമാറാക്കുമെന്ന് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിതന്നെ ഏതാണ്ട് 3 പ്രാവശ്യം എടുത്ത് പറയുകയുണ്ടായി. പക്ഷെ ആ ഒരു ജനവിഭാഗത്തെക്കുറിച്ച് കാര്യമായി ഒന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. വിമാനക്കമ്പനികൾ ക്രമാതീതമായി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള എന്റെ ചോദ്യത്തിന് ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ ഒന്നും ചെയ്യാനില്ല. ടിക്കറ്റിന്റെ വില നിശ്ചയിക്കൽ വിമാന കമ്പനികളുടെ അവകാശമാണെന്ന വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നുണ്ടായത്. 7,500 രൂപയ്ക്ക് കിട്ടുന്ന ടിക്കറ്റിന് ഈ സീസണിൽ 48,000-വും 50,000-വും രൂപയാണ് അധികമായി വിമാനകമ്പനികൾ ഈടാക്കുന്നത്. ഇത്രയേറെ കൊള്ള നടക്കുന്ന ഈ ഒരു കാര്യത്തിൽ ഇത്ര ലാഘവത്തോടെയുള്ള ഒരു സമീപനമല്ല കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് പ്രവാസി സമൂഹം പ്രതീക്ഷിക്കുന്നത്. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച നടത്തി ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെ മറ്റൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ പി. ടി. എ. റഹീം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാണക്കാട് തങ്ങൾ പോയിട്ട് അവിടെ കൊടുവള്ളിയിൽ തോറ്റുപോയെന്ന്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, എന്റെ നിയോജക മണ്ഡലമായ കുറ്റ്യാടിയെക്കുറിച്ച് ഒന്ന് സൂചിപ്പിക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ അവിടെ വന്ന് പ്രസംഗിച്ചിട്ടും എൽ.ഡി.എഫ്.-നെ തോൽപ്പിച്ച് യു.ഡി.എഫ്-ന്റെ

എം.എൽ.എ. ആയി പാറക്കൽ അബ്ദുല്ല നിയമസഭയിൽ എത്തി. മാത്രവുമല്ല പാണക്കാട് തങ്ങൾ രാഷ്ട്രീയ നേതാവാണ്. നേരത്തെ സൂചിപ്പിച്ച കാന്തപുരം ഒരു മതപുരോഹിതനാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാപാത്രത്തെപ്പോലെ ഞാനാണ് ജയിപ്പിച്ചത് ഞാനാണ് ജയിപ്പിച്ചത് എന്ന് ജയിച്ചുവന്നാൽ പറയുന്ന വ്യക്തിത്വം കൂടിയാണ് ഈ കാന്തപുരം.

ശ്രീ. ആർ. രാജേഷ്: സർ, അഞ്ച് വർഷക്കാലത്തേക്ക് ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുമായി പ്രവർത്തിക്കേണ്ട ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അവതരിപ്പിച്ച ആദ്യത്തെ ബഡ്ജറ്റിനെ ഞാൻ പരിപൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്റെ ആമുഖത്തിൽ ഈ നാടിനെക്കുറിച്ച് വളരെ വിശദമായി ചൂണ്ടിക്കാണിച്ചതാണ്. അതിന്റെ ആമുഖത്തിൽ പറഞ്ഞത് കാർഷിക മേഖലയിലെ മന്ദീഭാവം, പൊതുമേഖലാ യൂണിറ്റുകളുടെ നഷ്ടം, പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച, വിദ്യാഭ്യാസം വാണിജ്യവത്ക്കരിക്കൽ എന്നിങ്ങനെ പൊതു ആരോഗ്യ സംവിധാനംവരെ ദുർബലപ്പെടുത്തിയ ഒരു ഗവൺമെന്റാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ചത് എന്നാണ്. ഈ സ്ഥിതിയിൽനിന്ന് മാറ്റമുണ്ടാകാൻ വേണ്ടിയാണ് ഈ ബഡ്ജറ്റിലെ വാക്കുകൾ ശ്രീനാരായണഗുരുവിൽനിന്ന് ആരംഭിച്ച് ഒ. എൻ. വി. സാറിന്റെ കവിതയിലവസാനിപ്പിച്ചത്. കേരളത്തിന്റെ സാഹചര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തി പ്രായോഗികതയിലൂന്നിയ ഭാവി കേരളത്തിന്റെ വളർച്ചയുടെ സമഗ്രമായ കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ദീർഘവീക്ഷണമുള്ള ഒരു സർക്കാരിന്റെ ഉത്തരവാദിത്തമാണ് ഈ ബഡ്ജറ്റ്. അതുകൊണ്ടാണ് എല്ലാവരും ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ തയ്യാറാകുന്നത്. ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച കാര്യങ്ങൾ കേരളത്തിൽ വലിയ പരിവർത്തനമുണ്ടാക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ആശ്വാസത്തിന്റെയും കരുതലിന്റെയും ബഡ്ജറ്റാണിത്. ഇത്രയധികം പദ്ധതികൾ നടക്കുമോ? 2006 മുതൽ 2011 വരെയുണ്ടായിരുന്ന അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് 2011-ൽ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ 40000 കോടി രൂപയുടെ ഒരു ഇൻഫ്രാസ്ട്രക്ചർ പദ്ധതി പ്രഖ്യാപിച്ചു. അന്ന് കേരളത്തിലെ യു.ഡി.എഫ്. ചോദിച്ചത് ഈ അവസാന ബഡ്ജറ്റിൽ നിങ്ങൾ ഇങ്ങനെ പ്രഖ്യാപിക്കുന്നത് ആക്ഷേപകരമല്ലേ എന്നാണ്. അതിന് അപവാദമായി ഇവിടെ 2016-ൽ തെരഞ്ഞെടുക്കപ്പെട്ട ഈ സർക്കാർ കേരളത്തിന്റെ ഭാവി വികസനത്തിനുവേണ്ടിയുള്ള 12000 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റടക്കമുള്ള കാര്യങ്ങൾക്കുവേണ്ടി ഒരു ഉജ്ജ്വലമായ റിവൈസ്ഡ് ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. വി. ഡി. സതീശൻ കഴിഞ്ഞ ദിവസം ഈ ബഡ്ജറ്റിന്റെ ഭാഗമായി ധനകാര്യ വകുപ്പുമന്ത്രിയുടെ കാര്യക്ഷമതയെ പ്രകീർത്തിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് 2006 മുതൽ

2011 വരെയുണ്ടായിരുന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നികുതി പിരിവ് ഊർജ്ജിതമാക്കി മാറ്റാൻ കഴിഞ്ഞുവെന്നാണ്. അതുപോലെ 2016-ൽ ഈ ഗവൺമെന്റിന്റെ കാലത്ത് ജൂൺ മാസത്തിലും നികുതി പിരിവ് ഊർജ്ജിതമാക്കി മാറ്റാൻ കഴിഞ്ഞു. അതാണ് യു.ഡി.എഫ്.-ഉം ഇടതുപക്ഷവും തമ്മിലുള്ള വ്യത്യാസം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ നികുതി പിരിവ് ഊർജ്ജിതമാക്കി നാടിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു. അതിനിടയ്ക്ക് ഒരു അഞ്ചുവർഷക്കാലം ഉണ്ടായിരുന്നു എന്നുള്ളതും മറന്നുപോകാൻ പാടില്ല. ഇവിടെ ഭാവന പീലിവിടർത്തിയാടി. ഭാവനയുണ്ടാകണം. സർവ്വേക്കല്ലിനും മയിൽക്കുറ്റിക്കുമൊന്നും ഭാവനയുണ്ടാകില്ല. നാടിന്റെ വികസനത്തെക്കുറിച്ച് കാഴ്ചപ്പാടുള്ള, ബുദ്ധിയുള്ള, ചിന്തിക്കുന്ന ആൾക്കാർക്കാണ് ഭാവനയുള്ളത്. അപ്പോൾ പ്രായോഗികതയിലൂന്നി ഭാവനാപൂർണ്ണമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എനിക്ക് തോന്നുന്നത് യു.ഡി.എഫ്-ന്റെ ആശങ്ക ഇതൊക്കെ നടന്നുപോകുമോ എന്നുള്ളതാണെന്നാണ്. ഇതൊക്കെ നടക്കാതിരിക്കുമോ എന്നുള്ള ആശങ്കയല്ല. യു.ഡി.എഫ്-ന്റെ കാലത്ത് ദുർച്ചെലവായിരുന്നില്ലേ? ബഡ്ജറ്റിനപ്പുറത്തായി പ്രഖ്യാപിക്കുക, ദുർച്ചെലവ് നടത്തുക. അതിൽനിന്ന് വ്യത്യസ്തമാണിപ്പോൾ. 2011-ൽ നിയമസഭാംഗമായി ഞാൻ വരുമ്പോൾ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഇവിടെ പ്രസംഗിച്ചത് ശ്രീ. ബെന്നി ബെഹനാനാണ്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം പറഞ്ഞത് ഞങ്ങൾ കൊച്ചിൻ മെട്രോയും വിഴിഞ്ഞം പദ്ധതിയും കോച്ച് ഫാക്ടറിയും കണ്ണൂർ വിമാനത്താവളവും പൂർത്തീകരിക്കുമെന്നാണ്. ഇവിടെ ശ്രീ. കെ. സി. ജോസഫ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞു യാഥാർത്ഥ്യബോധത്തോടുകൂടിയാവണം പ്രസംഗിക്കേണ്ടതെന്ന്. ശ്രീ. കെ. സി. ജോസഫ് സാറിനോട് ഞങ്ങൾക്ക് പറയാനുള്ളത് അങ്ങ് മുൻമന്ത്രിയാണ്, യാഥാർത്ഥ്യബോധത്തോടുകൂടി പറയണമെന്നാണ്. അദ്ദേഹം പറഞ്ഞു വിമാനത്താവളം പൂർത്തീകരിച്ചുവെന്ന്. അങ്ങ് പൂർത്തീകരിച്ച കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് വിമാനത്തിൽ കയറി ഒരു ദിവസം തിരുവനന്തപുരത്തേക്ക് 2016-ൽ ഒന്ന് വരണമെന്നാണ് ശ്രീ. കെ. സി. ജോസഫിനോട് വിനയപൂർവ്വം ഞങ്ങൾക്ക് പറയുവാനുള്ളത്.

ട്രഷറി കാലിയാണ്. ട്രഷറി കാലിയല്ലെന്ന് യു.ഡി.എഫ്. പറയുന്നു. 'അരിമണിയൊന്ന് കൊറിക്കാനില്ല' എന്ന തനി മലബാർ ഭാഷയിൽ ശ്രീ. പി. കെ. അബ്ദു റബ്ബ് പറഞ്ഞത് ട്രഷറി കാലിയാണെന്നാണ്. കാലിയാക്കി മാറ്റിയ ട്രഷറിയാണ് ഇവിടെ യു.ഡി.എഫ്.-സർക്കാർ ഉണ്ടാക്കിയിട്ടുള്ളത്. ഇത് ജനക്ഷേമകരമായ ബഡ്ജറ്റാണ്. സാധാരണക്കാരന്റെ ജീവിതപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻവേണ്ടി ക്ഷേമപെൻഷൻ 1000 രൂപയാക്കുന്നതിനു വേണ്ടിയുള്ള തീരുമാനങ്ങൾ. അംഗൻവാടി വർക്കർമാർക്ക് ഒരു രൂപപോലും യു.ഡി.എഫ്.-ന്റെ കാലത്ത് വർദ്ധിപ്പിച്ച് കൊടുത്തിരുന്നില്ല. അവിടെയാണ് വർക്കർമാർക്ക് പതിനായിരം രൂപയും ഹെൽപ്പർമാർക്ക് 7500 രൂപയും കൊടുക്കാൻ ആവശ്യമായ തീരുമാനമെടുത്തിട്ടുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗമേഖലയിൽ ഫലപ്രദമായി ഇടപെട്ട ഒരു ബഡ്ജറ്റാണിത്. ഹോസ്റ്റൽ നവീകരണത്തിനുവേണ്ടി 150 കോടി രൂപയും മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നവീകരണത്തിനുവേണ്ടി 100 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കേരളത്തിന്റെ ഗൗരവതരമായ ഒരു സാമൂഹ്യപ്രശ്നമായിരുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനമാക്കി ഉയർത്തുന്നു. 217 കോടി രൂപ കുടിശ്ശിക വരുത്തിയിട്ടാണ് യു.ഡി.എഫ് സർക്കാർ പോയത്. ആ സ്ഥാനത്താണ് അത് പൂർണ്ണമായി കൊടുത്തു തീർക്കുകയും വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ തീരുമാനങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. 456 കോടി രൂപ വീടും വസ്തുവുമടക്കം വാങ്ങുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി നാളികേരവും നെല്ലും സ്പൈസസും തേനും ചക്കയും പച്ചക്കറിയുമടക്കമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുവേണ്ടി തുക മാറ്റിവച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. എനിക്ക് ഏറ്റവും സ്വാഗതാർഹമായി തോന്നിയത് ട്രാൻസ്ജെന്റേഴ്സിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതാണ്. ഒരു ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ട്രാൻസ്ജെന്റേഴ്സിനെക്കുറിച്ച് അഭിപ്രായം പറയുക. രാമായണത്തിൽ ഒരു കഥയുണ്ട്. ശ്രീരാമൻ വനവാസം കഴിഞ്ഞ് മടങ്ങിവരുമ്പോൾ കുറച്ച് ആളുകൾ അങ്ങനെ നിൽക്കുകയാണ്. നിങ്ങൾ എന്തിനാണ് ഇങ്ങനെ നിൽക്കുന്നതെന്ന് ശ്രീരാമൻ അവരോട് ചോദിച്ചു. അപ്പോൾ അവർ മറുപടി പറഞ്ഞത്, ഞങ്ങൾ 14 വർഷക്കാലമായി ഇവിടെ കാത്ത് നിൽക്കുകയാണെന്നാണ്. ശ്രീരാമൻ അദ്ഭുതപ്പെട്ടുപോയി. 14 വർഷക്കാലമായി കാത്ത് നിൽക്കുകയോ; ഞാൻ എല്ലാവരോടും മടങ്ങി പോകാൻ പറഞ്ഞിരുന്നല്ലോ? പടയാളികളോടും സൈന്യാധിപന്മാരോടും സ്ത്രീകളോടും കുട്ടികളോടും പ്രജകളോടും പ്രഭുക്കന്മാരോടും പറഞ്ഞതാണ്. ആരോടാണ് മടങ്ങിപ്പോകാൻ പറയാതിരുന്നത്? അപ്പോൾ അതിനുള്ള മറുപടിയായി അവർ പറഞ്ഞത് ഞങ്ങൾ സ്ത്രീയും പുരുഷനുമല്ലാത്തവരാണ്. ഞങ്ങളോട് മടങ്ങിപ്പോകാൻ പറഞ്ഞില്ല എന്നാണ്. അങ്ങനെ മടങ്ങിപ്പോകാൻ പറയാത്തതിന്റെ ഭാഗമായി 14 വർഷക്കാലം അവർ കാത്തുനിന്നു. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിലൂടെ ഞങ്ങൾ അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ട്രാൻസ്ജെന്റേഴ്സിൽ 60 വയസ് പൂർത്തീകരിച്ചവർക്ക് പെൻഷൻ നൽകാനാണ് സന്നദ്ധസംഘങ്ങൾക്ക് പത്ത് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത്, ഈ നാട്ടിലെ പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും പഠിക്കുകയും ചെയ്തതിന്റെ ഭാഗമായാണ്.

വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ എല്ലാ കാര്യങ്ങളും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ വീട്ടിലെ പെൺകുട്ടികൾ രാവിലെ പത്ത് മണിക്ക്

സ്കൂളിലേക്ക് പോയാൽ ഒരു പക്ഷേ വൈകിട്ട് നാല് മണിക്ക് മടങ്ങിയെത്തുമ്പോൾ മാത്രമായിരിക്കും ടോയ്‌ലെറ്റിൽ പോകുന്നത്. കാരണം സ്കൂളുകളിൽ അതിനാവശ്യമായ സൗകര്യമുണ്ടാകില്ല. അവിടെ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് അത് സ്ഥാപിക്കുന്നതിനായി 50 കോടി രൂപ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ മാറ്റിവച്ചത്. കേരളത്തിലെ 72 ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി. അംഗീകാരമില്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 39 ഐ.ടി.ഐ.-കൾ ഉൾപ്പെടെ ആകെ 72 ഐ.ടി.ഐ.-കളിൽ എൻ.സി.വി.ടി. അംഗീകാരം ലഭിക്കാത്തത് അവിടെ ആവശ്യമായ സൗകര്യമില്ലാത്തതിന്റെ ഫലമായാണ്. ഐ.ടി.ഐ.-കളെ ആധുനിക നിലവാരത്തിലേക്ക് മാറ്റുന്നതിനും എൻ.സി.വി.ടി. കോഴ്സിന് അംഗീകാരം നേടിയെടുക്കുന്നതിനുമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയത്. ഈ നാട്ടിലെ ചെറുപ്പക്കാർക്ക് വേണ്ടി നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് സർവ്വശ്രീ ഷാഫി പറമ്പിൽ, എ. എൻ. ഷംസീർ, എം. സ്വരാജ്, എൽദോ എബ്രഹാം, മുഹമ്മദ് മുഹാസിൻ, ശ്രീമതി പ്രതിഭാ ഹരി എന്നിവർ ഈ സഭയിൽ വന്നത്. നിങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം അധികാരത്തിലിരുന്നപ്പോൾ നിയമന നിരോധനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി ചെറുപ്പക്കാർ സമരം നടത്തിയപ്പോൾ ഒന്ന് പൊട്ടിക്കരയാൻ പോലും സാധിക്കാതെ ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെയുള്ളവർ ഇവിടെയിരുന്നത് ഞങ്ങൾക്ക് ഓർമ്മയുണ്ട്. ഇത്തരത്തിൽ നിയമന നിരോധനം ഏർപ്പെടുത്തിയപ്പോൾ സമരം നടത്തിയതിന്റെ ഭാഗമായിട്ടാണ് ഈ ചെറുപ്പക്കാർ നിയമസഭയിൽ എത്തിയത്. ഈ ബഡ്ജറ്റിനെ ഞാൻ പരിപൂർണ്ണമായി അംഗീകരിക്കുന്നു,

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഞാൻ എന്റെ പ്രസംഗം തുടങ്ങണമെന്ന് ആഗ്രഹിച്ചിരുന്ന സ്ഥലത്തുനിന്നല്ല തുടങ്ങുന്നത്. ശ്രീ. ആർ. രാജേഷിന്റെ പ്രസംഗം അവസാനിപ്പിച്ചിടത്തുനിന്നാണ് ഞാൻ തുടങ്ങുന്നത്. ശ്രീ. ആർ. രാജേഷ് പറഞ്ഞ കാര്യം കഴിഞ്ഞ അഞ്ച് വർഷം ഞങ്ങൾ അപ്പുറത്തിരുന്ന് കേട്ടുകൊണ്ടിരുന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ ഇവിടെ ഇരിക്കുമ്പോൾ നിയമന നിരോധനത്തിനെതിരെ സഭയ്ക്കകത്തും പുറത്തും നടത്തിയ സമരങ്ങളും പ്രക്ഷോഭങ്ങളും ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം നിയമന നിരോധനം ഉണ്ടായിരുന്നോയെന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. പി. കെ. ബഷീർ, എം.എൽ.എ. ഗവൺമെന്റിനോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷം ഒരു നിയമന നിരോധനവും ഉണ്ടായിരുന്നില്ലെന്ന് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മറുപടി നൽകി. ആരോഗ്യ വകുപ്പ് ഒഴികെയുള്ള മേഖലകളിൽ രണ്ട് വർഷം നമുക്ക് നിയമനം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിരിക്കുകയാണ്. അപ്രഖ്യാപിത നിയമന നിരോധനമല്ല, മറിച്ച് പ്രഖ്യാപിത നിയമന നിരോധനമാണ് ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ളത്. ശ്രീ. ആർ. രാജേഷ് പറഞ്ഞ പേരുകളൊന്നും ഞാൻ ക്വാട്ട് ചെയ്യുന്നില്ല. അവരെല്ലാവരും പുതുതായി വന്നവരാണ്. പക്ഷേ നിങ്ങളെല്ലാം പുറത്തുനിന്ന് സമരം ചെയ്തവരാണ്. ഡി.വൈ.എഫ്.ഐ.-യെ ഒരു സർക്കാർ വിലാസം സംഘടനയാക്കി മാറ്റരുതെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് വർഷക്കാലം ആരോഗ്യ വകുപ്പിലൊഴികെ നിയമന നിരോധനം നടപ്പാക്കേണ്ടിവരുമെന്ന് പറഞ്ഞതിനെതിരെ ഒരു പത്രക്കുറിപ്പെങ്കിലും ഇറക്കണം......(ബഹളം)..... ഇക്കാര്യം സഭയ്ക്കകത്ത് പറഞ്ഞിട്ടില്ലെങ്കിലും പുറത്ത് പറയുന്നതിനുള്ള മാന്യത നിങ്ങൾ കാണിക്കണം. കഴിഞ്ഞ അഞ്ച് വർഷം ഇത്തരം പ്രചരണം നടത്തുകയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ നിയമന നിരോധനം കൊണ്ടുവരികയും ചെയ്ത ഗവൺമെന്റാണിത്. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ എന്റെ അടുത്ത സുഹൃത്താണ്. സഭ തുടങ്ങിയ അവസരത്തിൽ ചോദ്യോത്തര വേളയിൽ അദ്ദേഹം ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് പറയുന്ന കാര്യങ്ങൾ ശരിയല്ലെന്നും യഥാർത്ഥ കണക്കല്ല അങ്ങ് പറയുന്നതെന്നും ഞാൻ സൂചിപ്പിച്ചിരുന്നു. ഐ.എ.വൈ. പദ്ധതിക്കുവേണ്ടി ഒരു രൂപ പോലും പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം നൽകിയില്ലായെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യം അങ്ങ് പരിശോധിക്കണം. 80 കോടി രൂപയാണ് പട്ടികജാതി വികസന വകുപ്പ് ഐ.എ.വൈ. പദ്ധതിക്കുവേണ്ടി നൽകിയത്. എനിക്കത് വ്യക്തമായി അറിവുള്ള കാര്യമാണ്. അതിൽ യാതൊരു സംശയവുമില്ല. അങ്ങ് സഭയിൽ പറഞ്ഞ മറുപടി ശ്രീ. ആർ. രാജേഷ് ഇന്ന് സഭയിൽ ആവർത്തിക്കുകയാണുണ്ടായത്. ഇതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. പട്ടികജാതി വകുപ്പിന് കീഴിൽ കഴിഞ്ഞ പ്രാവശ്യം 216 കോടി രൂപ പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതിൽ കുടിശ്ശിക ഉണ്ടെന്ന് ശ്രീ. എ. കെ. ബാലൻ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നില്ല. അങ്ങ് ഉദ്യോഗസ്ഥരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യണം. 26 കോടി രൂപയാണ് ഉണ്ടായിരുന്നത്. അതിൽ 20 കോടി രൂപ വെയ്സ് ആന്റ് മീൻസുമായി ബന്ധപ്പെട്ട കാര്യവുമായി ഡിലേ വന്നു. അതും ക്ലിയർ ചെയ്തു കഴിഞ്ഞു. ഇപ്പോൾ 6 കോടി രൂപയാണ് പെൻഡിംഗ്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് എന്തിനാണ് സഭയെ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നത്? ഡയറക്ടറേറ്റും സെക്രട്ടറിയും ഉൾപ്പെടെ എല്ലാവിധ സംവിധാനവും അങ്ങേക്കുണ്ട്. അങ്ങ് അവരോട് ഇക്കാര്യങ്ങൾ ചോദിച്ചതിനുശേഷം വ്യക്തമായ കണക്കുകൾ ഇവിടെ അവതരിപ്പിക്കണം. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. പാവപ്പെട്ടവന് വീടും ഭൂമിയും നൽകുന്നതിനെക്കുറിച്ച് ഇവിടെ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഐക്യ കേരളം രൂപീകരിച്ചത് 2011-ൽ

അല്ല. അതിന് അറുപത് വർഷക്കാലത്തെ പഴക്കമുണ്ട്. ഡോ. ടി. എം. തോമസ് ഐസക് തന്നെയായിരുന്നില്ലേ 2006 മുതൽ 2011 വരെ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി. ഈ കാലയളവിൽ അങ്ങ് പാവങ്ങൾക്ക് ഭൂമി നൽകാത്തതും വീടുകൾ നിർമ്മിച്ച് കൊടുക്കാത്തതും എന്തുകൊണ്ടാണ്? കഴിഞ്ഞ അഞ്ച് വർഷക്കാലം ഞങ്ങൾ നൽകിയ ഭൂമിയുടെയും വീടിന്റെയും കണക്ക് നിങ്ങൾ പരിശോധിക്കണം. 60 വർഷക്കാലത്തെ ചരിത്രമെടുത്ത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ വീടും അതുപോലെത്തന്നെ ഭൂമിയും പാവപ്പെട്ടവന് നൽകാൻ കഴിഞ്ഞത് കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിലാണ്. അത്തരം കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ടാണ് നിങ്ങൾ കാര്യങ്ങൾ പറയുന്നത്. ഇപ്പോൾ ഞങ്ങൾ തെരഞ്ഞെടുപ്പിൽ തോറ്റു, ഈ ജനവിധി ഞങ്ങൾ അംഗീകരിക്കുന്നു. ഇവിടെ കാര്യങ്ങൾ നടത്താത്തതുകൊണ്ടാണോ ഞങ്ങൾ തോറ്റത്? 2001-ൽ 100 സീറ്റിന്റെ പിൻബലത്തോടുകൂടിയാണ് ഞങ്ങൾ ഈ സഭയിൽ വന്നത്. അപ്പോൾ ഇ. കെ. നായനാർ കേരളം ഭരിച്ചിരുന്ന സമയമായിരുന്നു. അദ്ദേഹം ഒന്നും ചെയ്യാത്തതുകൊണ്ടാണോ ജനങ്ങൾ അദ്ദേഹത്തെ പുറത്താക്കിയത്? അതുപോലെതന്നെ 2011-ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ശ്രീ. വി. എസ്. അച്യുതാനന്ദനായിരുന്നു കേരളം ഭരിച്ചിരുന്നത്. അദ്ദേഹവും ഒന്നും ചെയ്യാത്തതുകൊണ്ടാണോ ജനങ്ങൾ പുറത്താക്കിയത്? സ്വഭാവികമായി കേരളത്തിന്റെ കാര്യങ്ങൾ നമുക്കറിയാവുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലമെടുത്ത് പരിശോധിച്ചാൽ കേരളത്തിന്റെ വികസന രംഗത്ത് ഇതുപോലെ മുന്നേറ്റമുണ്ടായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. പൊതുകടം വർദ്ധിച്ചപ്പോഴും ഇവിടെ നടന്ന വികസന പ്രവർത്തനങ്ങൾ എന്തായിരുന്നു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് വ്യക്തമാണല്ലോ. അങ്ങയുടെ കയ്യിൽ ഇതുസംബന്ധിച്ച എല്ലാ ഫയലുകളും ഉണ്ടാകുമല്ലോ. കഴിഞ്ഞ അഞ്ച് വർഷക്കാലം ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തിയെങ്കിലും നിർഭാഗ്യമെന്ന് പറയട്ടെ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്തത് ഇത്തരം വികസന പ്രവർത്തനങ്ങളായിരുന്നില്ല. പാർലമെന്റ് ഇലക്ഷനിൽ ഞങ്ങൾക്ക് വലിയ ഭൂരിപക്ഷം ലഭിച്ചിരുന്നു. അന്ന് വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ കടന്നുവരവ് ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽ ആശങ്ക ഉളവാക്കിയതിന്റെ ഫലമായി കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വികസന പ്രവർത്തനങ്ങൾ നിയസഭാ തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായില്ല. ഇവിടെ സാമുദായിക ധ്രുവീകരണമുണ്ടായി. ആ ധ്രുവീകരണത്തെ വേണ്ട വിധത്തിൽ നിങ്ങൾ മുതലെടുത്തു. ആ മുതലെടുപ്പിന്റെ ഫലമായിട്ടാണ് നിങ്ങൾ അപ്പുറത്തും ഞങ്ങൾ ഇപ്പുറത്തും ഇരിക്കുന്നത്. മറിച്ച് അഞ്ച് വർഷക്കാലം ഞങ്ങൾ വികസന പ്രവർത്തനങ്ങൾ നടത്താത്തതിന്റെ പേരിലല്ല ഇപ്പുറത്തിരിക്കുന്നത്. അഭിമാനത്തോടുകൂടി കണക്കുകൾ നിരത്തിവച്ചു കൊണ്ട് ഞങ്ങൾ ഓരോ കാര്യവും പറയും. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി 2011-ൽ അധികാരത്തിൽ നിന്ന്

ഇറങ്ങി പോകുമ്പോൾ വീട് വയ്ക്കുന്നതിന് എത്ര രൂപയായിരുന്നു നൽകിയിരുന്നത്? അങ്ങ് ഒരു ലക്ഷം രൂപയല്ലേ നൽകിയത്? ഞങ്ങൾ അധികാരത്തിൽ നിന്ന് ഇറങ്ങുമ്പോൾ അതിൽ ഇരുന്നൂറ് ശതമാനം വർദ്ധനവുണ്ടാക്കി, മൂന്ന് ലക്ഷം രൂപ നൽകിയെന്ന അഭിമാനം നമുക്കുണ്ട്. അങ്ങ് അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുമ്പോൾ പത്താം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് നൽകിയിരുന്നത് 350 രൂപയായിരുന്നു. ഇന്ന് ഞങ്ങൾ എത്രയാണ് കൊടുത്തതെന്ന് പരിശോധിക്കണം. 145 രൂപയായിരുന്നു ഒന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് നൽകിയിരുന്നത്. ഞങ്ങൾ ഇപ്പോൾ ഇറങ്ങിപ്പോകുമ്പോൾ കൊടുത്തിരുന്നത് 2250 രൂപയാണ്. ഏത് ഗവൺമെന്റായാലും നടപ്പാക്കിയ കാര്യങ്ങൾ അംഗീകരിക്കാൻ സാധിക്കണം. ഞാൻ വെറുതെ വിമർശിക്കുന്നതല്ല. ഒരു ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെല്ലാം ഞങ്ങൾ ചെയ്തിട്ടുണ്ട്. ഇക്കാര്യം ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാർക്കും ബോദ്ധ്യമുള്ളതാണ്. നിങ്ങളെപ്പോലെ ഞങ്ങൾ പ്രതിപക്ഷവും ഭരണപക്ഷവും നോക്കിയല്ല കാര്യങ്ങൾ നടപ്പാക്കിയത്. പ്രതിപക്ഷത്തുള്ളവർക്ക് കൊടുത്തതിന്റെ കണക്കുകളും ഞങ്ങൾക്കുണ്ട്. ഒരു കാര്യവും പക്ഷഭേദത്തോടുകൂടി ഞങ്ങൾ ചെയ്തിട്ടില്ല.

1.00 pm]

കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ എല്ലാ മേഖലയിലും, ഞങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ തുടർച്ചയായി നിങ്ങളും കുറച്ച് കാര്യങ്ങൾ ചെയ്യുന്നു. അതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഒരൊറ്റകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് കിഫ്ബിയെ കുറിച്ച് ഇവിടെ ഒരുപാട് ചർച്ച നടന്നു. കിഫ്ബിയിലേക്ക് വരുന്ന പണം ഇവിടെ വരുന്ന നിക്ഷേപം എങ്ങനെയാണ് തിരിച്ചുകൊടുക്കുന്നത്? അങ്ങ് ഇതിൽ പറഞ്ഞിരിക്കുന്നത് "എല്ലാ വർഷവും ആഗസ്റ്റ് മാസത്തിന്റെ അവസാന പ്രവൃത്തിദിവസത്തിന് മുൻപ് ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട ഫണ്ട് മുഴുവൻ ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തും." ഏത് ഫണ്ടാണ് ഉറപ്പുവരുത്തുന്നത്? അങ്ങ് ഇവിടെ പറഞ്ഞ മോട്ടോർ വാഹന നികുതിയുടെ ഫണ്ട് മാത്രമാണോ; അതല്ല പെട്രോളിന്റെ സെസ്സ് മാത്രമാണോ; ഈ രണ്ട് ഫണ്ടും കിഫ്ബിയിലേക്ക് വന്നു കഴിഞ്ഞാൽ ഇത് വച്ചുകൊണ്ട് ഇത്രയും വലിയ നിക്ഷേപത്തുക നമുക്ക് കൊടുക്കാൻ കഴിയുമോ? ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും പെട്രോളിന് സെസ്സ് ഏർപ്പെടുത്തി. പെട്രോളിന് സെസ്സ് ഏർപ്പെടുത്തിയപ്പോൾ ഒരു ലിറ്റർ പെട്രോളിന് ഒരു രൂപ ലഭിക്കുമ്പോൾ ഞങ്ങൾ അൻപത് പൈസ പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തു, അൻപത് പൈസ ഹൗസിംഗിന് കൊടുത്തു. അങ്ങനെ 200 കോടി രൂപ പെട്രോളിന്റെ സെസ്സിലൂടെ ഞങ്ങൾ പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തു. മോട്ടോർ വാഹന നികുതിയിൽനിന്നും ലഭ്യമാകുന്ന പണവും പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തു.

പി.ഡബ്ല്യു.ഡി. എന്ന വകുപ്പിന് 1,200 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നാണ് അങ്ങ് പറഞ്ഞത്. 1,500 കോടി രൂപ ഇപ്പോൾത്തന്നെ കൊടുത്തുതീർക്കാനുണ്ട്. 4,500 കോടി രൂപയുടെ അടങ്കൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന മോട്ടോർ വാഹന നികുതിയുടെ ഫണ്ടും അതുപോലെ തന്നെ പെട്രോളിന്റെ സെസ്സുമൊക്കെ അവിടെനിന്ന് ഇങ്ങോട്ട് എടുത്തുകഴിഞ്ഞാൽ പിന്നെ എന്തിനാണ് പി.ഡബ്ല്യു.ഡി.; പിന്നെ എന്ത് പദ്ധതിയാണ് പി.ഡബ്ല്യു.ഡി. നടപ്പാക്കുന്നത്? ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഞങ്ങളിതിനെ സ്വപ്ന ബഡ്ജറ്റെന്ന് പറയുന്നത് മറ്റൊന്നും കൊണ്ടല്ല. ഈ ബഡ്ജറ്റിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന വരുമാനം, ആ വരുമാനത്തിനനുസരിച്ച് നിങ്ങൾ ചെലവഴിക്കുമ്പോൾ ഞങ്ങൾക്കത് മനസ്സിലാക്കാൻ കഴിയും. പക്ഷേ ഇന്ന് ഭൂരിഭാഗം പദ്ധതികളും കണ്ടെത്താൻ പോകുന്ന പണത്തിൽ നിന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങനെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതിനെ സ്വപ്നപദ്ധതി എന്നല്ലാതെ ഞങ്ങൾ മറ്റെന്ത് പേരിട്ടാണ് വിളിക്കുക? ശ്രീ. വി. ടി. ബൽറാം ഇവിടെ വ്യക്തമായി പറഞ്ഞില്ലേ; ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ള പണത്തിൽനിന്ന് അനുവദിക്കണം എന്നാണ് അദ്ദേഹം പറഞ്ഞത് അല്ലാതെ സ്വപ്ന പദ്ധതിയിൽനിന്ന് അനുവദിക്കണം എന്നല്ല. അങ്ങയുടെ സ്വപ്നം നടക്കട്ടേ എന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ സ്വപ്നം നടക്കുമ്പോൾ യാതൊരു സംശയവും വേണ്ട കേരളത്തിൽ ഇന്ന് നിലവിലുള്ള സംവിധാനത്തെ പൂർണ്ണമായും തകർക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഗവൺമെന്റിലേക്ക് ഒരു ഫണ്ടും ഡിപ്പാർട്ടുമെന്റുവഴി ചെലവഴിക്കില്ല. പക്ഷേ ഡിപ്പാർട്ടുമെന്റുകളിൽനിന്ന് കിട്ടുന്ന ഫണ്ട് മുഴുവൻ നിങ്ങൾ കിഫ്ബിയിലേക്ക് വയ്ക്കും. അപ്പോൾ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് വഴി ഫണ്ടുകളൊന്നും ചെലവഴിക്കില്ല, വരുമാനം നിങ്ങൾ കിഫ്ബിയിലേക്ക് കൊണ്ടുവരും. എത്ര കോടി നിക്ഷേപം കൊണ്ടുവന്നാലും അതിന് പലിശ കൊടുക്കാൻ ഇത് തികയുമോ? എന്തിനാണ് ഇത് കിഫ്ബിയിലൂടെ കൊണ്ടുവരുന്നത്? ഇത് നിലവിലുള്ള ഡിപ്പാർട്ടുമെന്റിലൂടെ നടപ്പാക്കിയാൽ പോരെ? കഴിഞ്ഞ 5 വർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

"എല്ലാം നശിച്ചു പോവില്ല

വല്ലതും ശേഷിക്കുമെന്ന് വിചാരിക്കേ

എന്തെന്റിതെൻ കരളിലാനന്ദവും മിഴിയിൽ വിശ്വാസവും

പുതിയ ഭാവിയുടെ തെളിവാർന്ന ജൈവ പ്രഭാവവും"

ഇത് ശ്രീ. പുനലൂർ ബാലന്റെ നാല് വരികളാണ്. തിരിച്ചുവരവിന്റെ, പുതിയ പ്രതീക്ഷയുടെ സമയമാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ അഞ്ച് വർഷമായി ജനദ്രോഹ നടപടികളാൽ വീർപ്പുമുട്ടിയ കേരളത്തിന് പ്രതീക്ഷയും ആശ്വാസവും കരുത്തും നൽകുന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഈ കന്നി ബഡ്ജറ്റ്. അധികാര ധൂർത്തും ആഡംബരങ്ങളും അമിതവ്യയത്തോടുള്ള മൃദുസമീപനങ്ങളും കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിന്റെ സാമ്പത്തിക മേഖലയെ അഴിഞ്ഞാട്ട വേദിയാക്കി അപമാനപ്പെടുത്തിയ യു.ഡി.എഫ്. ഗവൺമെന്റ് കണ്ടുപഠിക്കാൻ നല്ലൊരു അക്കാദമി കൂടിയാണ് ബഹുമാന്യനായ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റ്. തെരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടുമെന്ന പ്രതീക്ഷയും പ്രത്യാശയും അടിവരയിടുന്നതാണ് ബഡ്ജറ്റിലെ നിർദ്ദേശങ്ങളെന്ന് എടുത്തു പറയേണ്ടതുണ്ട്. നികുതി പിരിവിലെ കെടുകാര്യസ്ഥതയും അഴിമതിക്കും വിരാമമിട്ട് നികുതി പിരിവ് കാര്യക്ഷമമാക്കാൻ കഴിയുമെന്ന് കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനം കൊണ്ട് ഈ ഗവൺമെന്റ് തെളിയിച്ചിട്ടുണ്ട്. റവന്യൂ കമ്മി കുറച്ച് വായ്പയിൽനിന്ന് ഉയർന്ന വിഹിതം മൂലധനച്ചെലവിനായി മാറ്റിവച്ച് അതുവഴി ബഡ്ജറ്റിന് പുറത്ത് പലമടങ്ങ് പണം സമാഹരിച്ച് അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷത്തിലധികം കോടി രൂപയുടെ മുതൽമുടക്കാണ് സംസ്ഥാനത്ത് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. അതുവഴി സംസ്ഥാനം നേരിടുന്ന സാമ്പത്തിക മുരടിപ്പിനെ മറികടക്കാനും കഴിയും. ഡോക്ടർ മിടുക്കനായിരുന്നു പക്ഷേ രോഗി മരിച്ചുപോയി എന്ന് പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് രോഗം അറിഞ്ഞുള്ള ചികിത്സയാണ് ഡോക്ടർ ഇവിടെ നിശ്ചയിച്ചിട്ടുള്ളത്. കേരളം നേരിടുന്ന സാമ്പത്തിക മുരടിപ്പിനെ മറികടക്കാനും ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്താനും പര്യാപ്തമായ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് സംബന്ധിച്ച പ്രഖ്യാപനവും കർമ്മ പരിപാടിയുമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ മർമ്മം എന്ന് മനസ്സിലാക്കണം.

കാർഷിക രംഗം, അനുബന്ധ മേഖലകൾ, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാനസൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യ- ചികിത്സാ മേഖലകൾ, ഗതാഗതം, പരിസ്ഥിതി, സാമൂഹ്യ സുരക്ഷ, സംസ്കാരം, വിലക്കയറ്റ നിയന്ത്രണ നടപടികൾ തുടങ്ങി എല്ലാ മേഖലകളിലും ഉന്മേഷം പകരുന്ന നിർദ്ദേശങ്ങളും ഗണ്യമായ വകയിരുത്തലും ഈ ബഡ്ജറ്റിനെ ശ്രദ്ധേയമാക്കുന്നു. ഇത്തരത്തിൽ ഈ ബഡ്ജറ്റ് നാടിനെ സമീപിക്കുമ്പോൾ നാം അഡ്രസ്സ് ചെയ്യുന്നത് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട മനുഷ്യരെയാണെന്ന് നമുക്ക് അഭിമാനിക്കാം. ഒരു ജനാധിപത്യ ഭരണകൂടത്തെ സംബന്ധിച്ചുള്ള മഹാത്മജിയുടെ വാക്കുകൾ അന്വർത്ഥമാക്കുകയാണിവിടെ. "നമ്മുടെ രാജ്യത്തിലെ ഏറ്റവും ദരിദ്രരായവർ

തങ്ങളുടേതെന്ന് ആത്മാർത്ഥമായി കരുതുകയും അതിന്റെ സൃഷ്ടിയിൽ തങ്ങൾക്കുകൂടി പങ്കുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ഒരു ഇന്ത്യ സൃഷ്ടിക്കാനാണ് സ്വതന്ത്ര ഇന്ത്യയുടെ ഭരണകൂടം ശ്രമിക്കേണ്ടത്" എന്ന മഹാത്മജിയുടെ വാക്കുകൾ, ആ വചനം ഇവിടെ പ്രസക്തമാണ്. അതാണ് വികസനത്തിന്റെ കാഴ്ചപ്പാടിലുള്ള വ്യത്യാസമായി ഞാൻ സൂചിപ്പിച്ചത്. നമ്മൾ ഏതൊരു തീരുമാനമെടുക്കുമ്പോഴും ആ തീരുമാനംകൊണ്ട് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട ജനങ്ങൾക്ക് എത്രത്തോളം ഗുണം ചെയ്യുന്നു എന്ന് പലവട്ടം ചിന്തിച്ചുകൊണ്ടായിരിക്കണം തീരുമാനമെടുക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അങ്ങനെയാണ് ഗവൺമെന്റും ജനപ്രതിനിധികളും മറ്റെല്ലാവരും മനുഷ്യമുഖമുള്ള ജനകീയ സ്വീകാര്യതയുള്ള സംവിധാനങ്ങളായി അവർ ആവിഷ്കരിക്കുന്ന പദ്ധതികൾ അങ്ങനെയായിരിക്കണമെന്ന് നാം മനസ്സിലാക്കണം. എല്ലാ മേഖലയിലും ബഹുമാന്യനായ ഡോ. തോമസ് ഐസക്കിന്റെ സമീപനം, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ബഡ്ജറ്റ് കേരളത്തിന്റെ ഒന്നാകെയുള്ള പ്രതീക്ഷയായി മാറിയിരിക്കുകയാണ്. പാവങ്ങളുടെ തൊഴിൽമേഖലകളുടെ സംരക്ഷണ പദ്ധതിയിൽപ്പെടുത്തി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കാർഷിക രംഗം, തൊഴിൽ വർദ്ധിപ്പിക്കാൻവേണ്ടി മാത്രമല്ല അതിലുപരി മലയാളിയുടെ ഭാവിയുടെ പ്രശ്നമായി കണ്ടുകൊണ്ട് കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് നാം സ്വീകരിക്കേണ്ടത്. 2015-16-ൽ കൃഷിക്ക് ചെലവഴിച്ചിട്ടുള്ള 307 കോടി രൂപയുടെ സ്ഥാനത്ത്, ഈ ഗവൺമെന്റ് 600 കോടി രൂപ കാർഷിക മേഖലയ്ക്ക് വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ കേരളത്തിന് പ്രതീക്ഷ ജനിപ്പിക്കുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളേയും സഹകരണ സ്ഥാപനങ്ങളേയും കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങളേയും പരമാവധി കൂട്ടിയോജിപ്പിച്ചുകൊണ്ട് ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകി നടപ്പിലാക്കുന്ന പദ്ധതികളെ കേരളം നെഞ്ചേറ്റിയിരിക്കുകയാണ്. 40 ലക്ഷം ടൺ പച്ചക്കറികൾ നമുക്ക് ആവശ്യമുണ്ടെന്നിരിക്കെ അഞ്ചര ലക്ഷം ടൺ മാത്രമാണ് നമ്മുടെ ഉത്പാദനമെന്നതിൽ നാം എത്രത്തോളം പരിശ്രമമാണ് ഇക്കാര്യത്തിൽ എടുക്കേണ്ടത് എന്നത് വ്യക്തമാക്കുന്നതാണ്. ആയതിന് കഠിനാധ്വാനം കൂടിയേ മതിയാകൂ. കൂട്ടായ്മ ആവശ്യമാണ്. മലയാളി നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവരുടെ ആരോഗ്യമാണ്. 'ആത്മരക്ഷയ്ക്ക് കൃഷി' എന്ന മുദ്രാവാക്യം മലയാളിയുടെ അതിജീവനമന്ത്രമായി മാറണം. ഈ മുദ്രാവാക്യമുയർത്തിക്കൊണ്ട് എന്റെ നിയോജക മണ്ഡലത്തിൽ 'നിറവ് പദ്ധതി'യുമായി ബന്ധപ്പെടുത്തി "എവർഗ്രീൻ ആന്റ് ഹെൽത്തി ചാത്തന്നൂർ വിഷൻ-2030" എന്ന പേരിലുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൃഷി, അനുബന്ധ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ക്ലബ്ബുകൾ അങ്ങനെ ബഹുജനപങ്കാളിത്തമുൾപ്പെടെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. സുരക്ഷിത ഭക്ഷണം അതാണ് നമുക്ക്

ഉണ്ടാകേണ്ട അവബോധം. ജൈവപച്ചക്കറി കൃഷി മാത്രമല്ല പരമ്പരാഗതമായി വലിയ പരിചരണമില്ലാതെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ദീർഘകാല പച്ചക്കറി വിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് കൂടി പ്രാധാന്യം നൽകിയുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഉൽപ്പാദനം, വിപണനം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതിയാണിത്. കൂടാതെ ജനങ്ങളിൽ ഭക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പുനർജനി എന്ന പേരിലുള്ള ജൈവ ഹോട്ടൽ കുടുംബശ്രീ പോലുള്ള സംരംഭങ്ങൾ മുൻകയ്യെടുത്ത് ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഫാസ്റ്റ് ഫുഡ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഭക്ഷണ രീതിയിൽനിന്ന് ജനങ്ങളെ തിരിച്ച് പഴയ തനിനാടൻ സുരക്ഷിത ഭക്ഷണങ്ങളിലേക്ക് നയിക്കാനുള്ള ഈ ഭക്ഷണശാലകൾ നാട്ടിലെ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷണത്തിന് പ്രാധാന്യം നൽകുന്ന പദ്ധതിയാണ്. ആവിയിലുണ്ടാക്കുന്ന പുഴുക്ക് വിഭവങ്ങൾ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്ന ഭക്ഷണശാലയായി ഇതിനെ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഒരു കൂട്ടായ പരിശ്രമം സംസ്ഥാനമൊട്ടാകെ ഏറ്റെടുത്ത് നടപ്പിലാക്കിയാൽ തീർച്ചയായും ഇന്ന് മലയാളികൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിപത്തിൽനിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയും. സ്വയംപര്യാപ്തത നേടുന്നതിനായി ക്ഷീരവികസനം, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതാണ് ഉണ്ടാകേണ്ടത്. ഇങ്ങനെയുള്ള പ്രത്യേകമായ പദ്ധതികളുള്ള പ്രദേശങ്ങൾക്ക് പ്രത്യേകമായ പ്രോത്സാഹനം നൽകി ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കണം. അതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് പൗരബോധമുള്ള, സാമൂഹ്യബോധമുള്ള ഒരു തലമുറയാണെന്ന് നമുക്കറിയാം. അത്തരം ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നമുക്ക് ആശ്രയിക്കാൻ കഴിയുന്നത് പൊതുവിദ്യാലയങ്ങൾ മാത്രമാണെന്ന് അനുഭവങ്ങൾ പഠിപ്പിക്കുകയാണ്. എല്ലാവരാലും അവഗണിച്ചുവന്നിരുന്ന പൊതുവിദ്യാഭ്യാസ മേഖലയെ അതിജീവനത്തിന്റെ പാതയിലേക്ക് നയിക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന പരിശ്രമം വാക്കുകൾക്ക് അതീതമായി പ്രശംസ അർഹിക്കുന്നു. 2008-09-ൽ അൺ-ഇക്കണോമിക് സ്കൂളുകൾ എന്ന കാറ്റഗറിയിൽപ്പെട്ട സ്കൂളുകൾ 3600 ആയിരുന്നെങ്കിൽ 2014-15 ആയപ്പോൾ 5600 ആയി വർദ്ധിച്ചു. 12600-ലധികം വിദ്യാലയങ്ങളുള്ളതിൽ 44 ശതമാനം ഇന്ന് ഈ പറയുന്ന കാറ്റഗറിയിൽപ്പെട്ടിരിക്കുകയാണ്. അവിടെയാണ് അതിജീവനം അനിവാര്യമായി വരുന്നത്. ഗവൺമെന്റിന്റെ ഇടപെടൽ ആശ്വാസകരമായത് അവിടെയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സാധാരണ ജനങ്ങൾക്ക് വല്ലാത്ത സന്തോഷവും പ്രതീക്ഷയും ആശ്വാസവുമാണ് സൃഷ്ടിക്കുന്നത്. ഇത്തരത്തിൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാൻ ഒറ്റപ്പെട്ട നേതൃത്വപരമായ ചില പ്രവർത്തനങ്ങൾ സംസ്ഥാനത്ത് മാതൃകാപരമായി പലയിടങ്ങളിലും

നടക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷമായി ഞാൻ ഏറ്റെടുത്ത് നടപ്പിലാക്കിയ ചാത്തന്നൂർ മണ്ഡലം സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ബഹുജനപങ്കാളിത്തത്തിലൂടെ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, പൊതുജനങ്ങൾ എന്നീ ഘടകങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഭൗതികമായും അക്കാദമികമായും നടത്തിയ ഇടപെടലുകൾ മണ്ഡലത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മണ്ഡലത്തിലെ 69 വിദ്യാലയങ്ങളിൽ 30 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കാൻ ഈ അഞ്ചുവർഷക്കാലം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതിൽ ആറര കോടിരൂപ ജനങ്ങൾ നൽകിയ സംഭാവനയാണെന്ന് സന്തോഷത്തോടെ പറയാൻ കഴിയും. ഇത് ഈ പദ്ധതിയുടെ ജനകീയ സ്വീകാര്യത വർദ്ധിപ്പിക്കുകയാണ്. 500 രൂപ മുതൽ 8 ലക്ഷം രൂപവരെ വ്യക്തിപരമായ സംഭാവന ഞാൻ തന്നെ പോയി നേരിട്ട് വാങ്ങി സ്കൂളുകളിൽ കൊടുത്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തിയെടുക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഏറ്റവും വലിയ വിഷമം, ഇങ്ങനെയുള്ള പദ്ധതികൾ നടക്കുന്ന പ്രദേശത്ത് ഒരു രൂപ പോലും ഇത്തരം പദ്ധതിക്കുവേണ്ടി ഗവൺമെന്റ് പ്രത്യേകമായി അനുവദിച്ചിട്ടില്ല എന്നതാണ്. അങ്ങനെയുള്ള ഇടപെടലുകളുടെ ഫലമായി ഇന്ന് കൊല്ലം ജില്ലയിൽ ഏറ്റവും അധികം കുട്ടികൾ സർക്കാർ സ്കൂളുകളിൽ കൂടുന്ന മണ്ഡലമായി, പ്രദേശമായി ചാത്തന്നൂരിനെ മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നത് ഈ പ്രവർത്തനത്തിന്റെ റിസൾട്ട് തെളിയിക്കുകയാണ്. പൊതുനിർദ്ദേശങ്ങൾക്കൊപ്പം ഇത്തരം പ്രവർത്തനം ഏറ്റെടുക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകമായ പ്രോത്സാഹനങ്ങൾ നൽകാൻ ഗവൺമെന്റ് ശ്രദ്ധിച്ചാൽ ഇതിനെ കൂടുതൽ ഗുണകരമാക്കി മാറ്റാൻ കഴിയും. പൊതുവിദ്യാഭ്യാസ മേഖല പോലെതന്നെ ഏറ്റവും പ്രധാനപ്പെട്ടതാണ് പൊതുജനാരോഗ്യ മേഖല. പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് സാധാരണ മനുഷ്യന്റെ ജീവിതത്തിൽ ഒരു രോഗംവന്നാൽ ചികിത്സിക്കാൻ പണമില്ലാത്തതുകൊണ്ട് അവൻ അറിഞ്ഞുകൊണ്ടുതന്നെ മരിക്കാൻ മാനസികമായി തയ്യാറെടുക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. ഈ അവസ്ഥയിൽ ഒരു രക്ഷകന്റെ രൂപമായാണ് ഈ ബഡ്ജറ്റിനെ പാവപ്പെട്ടവൻ കൽപ്പിക്കുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച നിരവധി നിർദ്ദേശങ്ങൾ ഇച്ഛാശക്തിയോടുകൂടി സമയബന്ധിതമായി നടപ്പിലാക്കുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുകയാണ്. പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ശാക്തീകരിക്കുകയാണ് ഇതിനുള്ള ഏകപോംവഴി എന്ന് ഞാൻ മനസ്സിലാക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഈ ലക്ഷ്യം മുൻനിർത്തികൊണ്ട് മണ്ഡലാടിസ്ഥാനത്തിൽ ആരോഗ്യരക്ഷാ വിഷൻ 2020 എന്ന പേരിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഭൗതികസാഹചര്യങ്ങൾ ഉയർത്തി ക്യാഷ് അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് എത്തിക്കണം. എന്റെ നിയോജക മണ്ഡലത്തിൽ

ഏതാണ്ട് ഒരു വർഷത്തിനകം മുഴുവൻ പൊതുജനാരോഗ്യ കേന്ദ്രങ്ങളും ഭൗതിക സാഹചര്യങ്ങളിൽ ക്യാഷ് അക്രഡിറ്റേഷൻ വാങ്ങുന്ന തരത്തിലേക്ക് എത്തിയിട്ടുണ്ട്. ഏറ്റവും ഖേദകരമായ ഒരു സംഗതി എന്നുപറയുന്നത് 6 വർഷം മുമ്പ് താലൂക്ക് ആശുപത്രിയായി ഉയർത്തിയ പരവൂർ നെടുങ്ങോലം താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ഒരു തസ്തികപോലും അനുവദിച്ചില്ല. അതിന്റെ പേരിൽ ഇന്ന് കാഷ്വാലിറ്റി അടച്ചിട്ടിരിക്കുകയാണ്. വൈകുന്നേരങ്ങളിൽ കാഷ്വാലിറ്റി പ്രവർത്തിക്കുന്നില്ല. അവിടെ ക്രമസമാധാന പ്രശ്നമുണ്ടാകുകയാണ്. പോലീസിന്റെ സംരക്ഷണയിലാണ് ഇന്ന് ആ ആശുപത്രി പ്രവർത്തിക്കുന്നത്. ഈ ബഡ്ജറ്റിലൂടെ നിർദ്ദേശിച്ചിട്ടുള്ള താലൂക്ക് ആശുപത്രികൾക്ക് തസ്തിക അനുവദിക്കുന്ന കാര്യത്തിൽ മുന്തിയ പരിഗണന നൽകണമെന്നഭ്യർത്ഥിക്കുന്നു. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് പൂർണ്ണ അർത്ഥത്തിൽ ഈ വർഷം തന്നെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നതിൽ അഭിനന്ദിക്കുകയാണ്. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുടിവെള്ള പദ്ധതി - എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുമായി ബന്ധപ്പെടുത്തി എസ്.എൽ.ഇ.സി.-യുടെ മുന്നിലിരിക്കുന്ന നിരവധി പ്രോജക്ടുകളുണ്ട്. അതെല്ലാം മുൻഗണന നൽകി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിലക്കയറ്റ നിയന്ത്രണ നടപടികളിലൂടെ എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്, എല്ലാവർക്കും വെളിച്ചം, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും പെൻഷൻ എന്നിങ്ങനെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികളിലൂടെ കാർബൺന്യൂട്രൽ പരിസ്ഥിതി/നദികളെ മാലിന്യമുക്തമാക്കുന്ന, കാടുകളെ ഓക്സിജൻ സിലിണ്ടറുകളാക്കുന്ന കുടിവെള്ളവും വായുവും ശുദ്ധവും സുലഭവുമാക്കുന്ന അങ്ങനെ ബഹുഭൂരിപക്ഷം പാവപ്പെട്ട ജനതയെ, ഭാവി തലമുറയെ അഡ്രസ്സ് ചെയ്യുന്ന ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. എനിക്ക് ലഭിച്ച മൂന്നുമിനിട്ട് സമയത്തിൽ മൂന്ന് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്ന്, കുടുംബാംഗങ്ങൾ തമ്മിലുള്ള ഇടപാടുകൾക്ക് -ധനനിശ്ചയം, ഒഴിമുറി, ഭാഗപത്രം തുടങ്ങിയവയ്ക്ക് ലഭ്യമായിരുന്ന ഇളവുകൾ നീക്കിയത് സംബന്ധിച്ചാണ്. യു.ഡി.എഫ്. ഗവൺമെന്റ് 2011-ൽ അധികാരത്തിൽ വന്നപ്പോൾ നൂറുദിന കർമ്മ പദ്ധതിയിൽപ്പെടുത്തി കൊണ്ടുവന്ന ഒരു സ്കീമാണിത്. സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയും രജിസ്ട്രേഷൻ ഫീസ് 25,000 രൂപയുമായി പരമാവധി നിശ്ചയിച്ച് കൊടുത്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് ചെറിയൊരു വിഭാഗത്തിനല്ല. വലിയ വിഭാഗത്തിന് ഇതിന്റെ പ്രയോജനം,

ആനുകൂല്യങ്ങൾ ലഭിക്കുന്നു. സാധാരണക്കാർ, കൃഷിക്കാർ, സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്ന അനവധി പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമായി എന്നുള്ളത് ഒരു വലിയ വസ്തുതയും യാഥാർത്ഥ്യവുമാണ്. ധനകാര്യ വകുപ്പിനെ സംബന്ധിച്ച് അവരുടെ മുമ്പിൽ ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്ക് മാത്രമേ ഉണ്ടാകുകയുള്ളൂ. നമ്മൾ ജനപ്രതിനിധികളാണ്. ഇവിടെ ഇരിക്കുന്ന 141 പേരും ജനവികാരം അറിയുന്നവരാണ്. ജനങ്ങളുടെ പൊതുവായ വികാരമാണ് ഇവിടെ പ്രകടിപ്പിക്കപ്പെടുന്നത്. 2015-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ബഡ്ജറ്റിലൂടെ ഇത്തരത്തിലുള്ള വിഷയം വരികയും ഇതെടുത്ത് കളയുകയും ചെയ്തു. അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി എന്നുള്ള നിലയിൽ അന്നുണ്ടായ പ്രതിഷേധങ്ങൾ, ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ടാണ് ഞാൻ ഇവിടെ ആധികാരികമായി പറയുന്നത്. ഈ ആനുകൂല്യം വീണ്ടും പുനഃസ്ഥാപിക്കാനുള്ള തീരുമാനം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

രണ്ട്, വിലക്കയറ്റം തടയാനുള്ള നടപടികൾ ഉണ്ടായില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ മുഖ്യപ്രചരണ ആയുധം വിലക്കയറ്റം ആയിരുന്നു. എന്നാൽ ആ വിലക്കയറ്റം ഫലപ്രദമായി നേരിടാനുള്ള നടപടികൾ ഈ ബഡ്ജറ്റിൽ വന്നില്ല എന്നത് ഒരു വസ്തുതയാണ്. ഇത് ശ്രീ. സി. ദിവാകരൻ ഇന്നലെ സഭയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. സൗജന്യ റേഷൻ വ്യാപിപ്പിക്കുമെന്ന് പറയുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് 2015-16 കാലഘട്ടത്തിൽ നടപ്പിലാക്കിയ സൗജന്യറേഷൻ പദ്ധതിയിലൂടെ ഇന്ത്യയിലെ രണ്ടാമത്തെ സംസ്ഥാനമായി കേരളം ഉയർത്തപ്പെടുകയാണുണ്ടായത്. സൗജന്യ റേഷൻ കൊടുക്കുന്ന സംസ്ഥാനങ്ങൾ തമിഴ്നാടും കേരളവുമാണ്. സൗജന്യ റേഷൻ പദ്ധതി തൊഴിലുറപ്പുകാർക്ക് വ്യാപിപ്പിക്കുന്നുവെന്നുള്ളത് സ്വാഗതാർഹമാണ് പക്ഷേ വിലക്കയറ്റം നിയന്ത്രിക്കുന്നതിലേക്ക് നീങ്ങുമെന്ന് ഞാൻ കരുതുന്നില്ല. സിവിൽ സപ്ലൈസിന്റെ വിപണനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്നും ഇതിനായി 75 കോടിരൂപ അധികമായി വകയിരുത്തുമെന്നും പറയുന്നു. 75 കോടിരൂപ വകയിരുത്തികൊണ്ട് സപ്ലൈകോയിലെ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കരുത് എന്നുപറയുന്നത് സാധനം ഇല്ലാതാകുന്ന സാഹചര്യത്തിലേക്ക് പോകും. സ്രോതസ്സിൽനിന്ന് നേരിട്ട് ചരക്കുകൾ വാങ്ങി ന്യായവിലയ്ക്ക് ലഭ്യമാക്കി വിലകൾ പിടിച്ചുനിർത്തുമെന്നാണ് പറയുന്നത്. ഇന്ന് സപ്ലൈകോയിൽ വരുന്ന ക്രമക്കേടുകളിൽ നല്ലൊരു ശതമാനം തടഞ്ഞുനിർത്താൻ കഴിയുന്നത് ഇ-ടെണ്ടർ നടപടികളും ഇ-ഓക്ഷൻ നടപടികളും ഉള്ളതുകൊണ്ടാണ്. അത് മാറ്റിക്കൊണ്ട് നേരിട്ട് സാധനങ്ങൾ വാങ്ങാൻ പോകുന്നുവെന്ന നയപരമായൊരു മാറ്റം അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് വ്യക്തത വരുത്തേണ്ടതാണ്.

മൂന്ന്, ഭവന നിർമ്മാണം-ഭൂരഹിത പദ്ധതികൾ വ്യാപിപ്പിക്കുമെന്ന് ഭവന വകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി. അത് വ്യാപിപ്പിക്കുന്നത് സ്വാഗതാർഹമാണ്. പക്ഷേ ഇവിടെ ലക്ഷംവീടുകളുടെ നവീകരണത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുക എന്നുപറയുമ്പോൾ ഏതാണ്ട് ദശാബ്ദങ്ങളോളം പഴക്കമുള്ള പല ലക്ഷം വീടുകളും ഏറ്റവും ശോചനീയമായ അവസ്ഥയിലാണ്. അതിന്റെ പുനർനിർമ്മാണം ഏറ്റവും മുന്തിയ പരിഗണന കൊടുക്കേണ്ട വിഷയമാണ്. ഇത്തരത്തിലുള്ള അനവധി ജനകീയമായ വിഷയങ്ങളിൽ മുഖം തിരിച്ചുനിൽക്കുന്ന ഒരു ബഡ്ജറ്റ് ആണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2016-17-ലെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സമസ്ത ജീവിതമേഖലകളെയും സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്തു എന്നതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നത്. വരവുചെലവു കണക്കുകളും പൊള്ളയായ പ്രഖ്യാപനങ്ങളും കൊണ്ട് ശബ്ദമുഖരിതമായിരുന്ന കഴിഞ്ഞ ഭരണകാലത്തെ പല ബഡ്ജറ്റുകളും സംരക്ഷണവലയം തീർത്ത് വല്ലപാടും വായിച്ചുതീർത്ത ബഡ്ജറ്റ് അവതരണ സാഹസങ്ങൾ മലയാളികളുടെ ഓർമ്മയിൽ ഇന്നും ലഡുവിന്റെ കയ്പോടെ നീറിനീറി നിൽക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിനെക്കുറിച്ച് പ്രതിപക്ഷത്തെ എന്റെ പ്രിയ സ്നേഹിതന്മാർ വാതോരാതെ പറയുന്നുണ്ട്. എല്ലാം ഭദ്രമായിരുന്നു എന്നാണ് അവകാശവാദം. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും പലപ്പോഴും ജനങ്ങളെ വീർപ്പുമുട്ടിച്ചു എന്നുപറഞ്ഞാൽ ആരും എതിർക്കുമെന്ന് തോന്നുന്നില്ല. സ്വന്തം വസ്തു പോക്കുവരവുചെയ്തു കിട്ടാൻ വർഷങ്ങളായി വില്ലേജ് ഓഫീസിൽ കയറിയിറങ്ങി മടുത്ത ഒരു സാധാരണക്കാരൻ തിരുവനന്തപുരം ജില്ലയിൽ ഒരു വില്ലേജ് ഓഫീസിന് തീവച്ച വാർത്ത ഓർമ്മയിലുണ്ട്. തീവച്ചത് നല്ലതാണെന്നല്ല പറയുന്നത്. ഉദ്യോഗസ്ഥ അലംഭാവത്തിന്റെ ഇരയാണ് വില്ലേജ് ഓഫീസിന് തീയിട്ട ഹതഭാഗ്യൻ. എനിക്ക് ഏറ്റവും സന്തോഷം നൽകുന്ന കാര്യം പകപോക്കൽ ബഡ്ജറ്റിൽനിന്നും പങ്കുവയ്ക്കൽ ബഡ്ജറ്റിലേക്ക് കേരളം കടന്നുവന്നിരിക്കുന്നു എന്നതാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട് നിൽക്കുമ്പോഴും അധികവിഭവ സമാഹരണത്തിന് ശാസ്ത്രീയവും നൂതനവുമായ സ്രോതസ്സുകൾ കണ്ടെത്തി ധനകാര്യ വകുപ്പുമന്ത്രി വിവിധ മേഖലകൾക്ക് നീതിപൂർവമായ പങ്കുവയ്ക്കൽ നടത്തിയിരിക്കുന്നു. ഡോ. ടി. എം. തോമസ് ഐസക് എന്ന ധനകാര്യ വിദഗ്ദ്ധന്റെ ദീർഘവീക്ഷണത്തിന്റെ സദ്ഫലമാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പ്രകടമാകുന്നത്. എല്ലാവർക്കും വീടും വീട്ടിൽ വെള്ളവും വെളിച്ചവും കക്കൂസും എന്ന മുദ്രാവാക്യവും പാവപ്പെട്ടവരും സാധാരണക്കാരും ആശ്രയിക്കുന്ന പൊതുവിദ്യാലയങ്ങളും

ആശുപത്രികളും നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി അവതരിപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളും ഈ നാട്ടിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളോടുള്ള പ്രതിബദ്ധത ആവർത്തിച്ച് ഉറപ്പിക്കുന്ന കാര്യങ്ങളാണ്. എല്ലാ ക്ഷേമ പെൻഷനുകളും ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനും പെൻഷൻ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യാനുള്ള തീരുമാനവും ഏറെ ആശ്വാസകരമാണ്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളാലും മറ്റും ആരോഗ്യപരിപാലനരംഗം ഇന്ന് ഏറ്റവും ചെലവേറിയ ഒന്നാണ്. വർദ്ധിച്ചുവരുന്ന രോഗങ്ങളും ചികിത്സാ ചെലവും ഏതൊരു കുടുംബത്തിന്റെയും സ്വസ്ഥതയും സമാധാനവും സാമ്പത്തിക സുരക്ഷിതത്വവും ഇല്ലാതാക്കുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിനുദ്ദേശിക്കപ്പെട്ടിട്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വളരെ ആശ്വാസകരമാണ്. ലോട്ടറി വകുപ്പിൽ നിന്നുള്ള ആനുകൂല്യ വിതരണം എന്ന നിലയിൽനിന്നും കാരുണ്യ ചികിത്സാ പദ്ധതിയെ ജനങ്ങളുടെ അവകാശമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. സാമൂഹിക ക്ഷേമപരിപാടികളോടുള്ള പ്രതിബദ്ധത നിറവേറ്റുമ്പോഴും സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന മേഖലയ്ക്കും വ്യവസായങ്ങൾക്കും പുത്തൻ ഉണർവേകാൻ ബഡ്ജറ്റിതര സ്രോതസ്സുകളുടെ വിവേകപൂർണ്ണമായ സാധ്യതകൾതേടി അവതരിപ്പിക്കപ്പെട്ടിട്ടുള്ള രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഏറെ പ്രതീക്ഷ നൽകുന്നു. ഒന്നാം മാന്ദ്യവിരുദ്ധ പാക്കേജിന്റെ വിജയകരമായ നടത്തിപ്പും പൂർത്തീകരണവും രണ്ടാം പാക്കേജിന്റെ സാധ്യതയെ വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ട്.

കാർഷിക മേഖല മുരടിപ്പ് നേരിടുന്ന പശ്ചാത്തലത്തിൽ കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഏറെ ശ്ലാഘനീയമാണ്. പച്ചക്കറി സ്വയംപര്യാപ്തതയ്ക്കു വേണ്ടിയുള്ള ജനകീയ ക്യാമ്പയിൻ കാലത്തിന്റെ ചുവരെഴുത്തുവായനകൂടിയാണ്. നേരത്തെ ഇവിടെ സിനിമാ നടൻ ശ്രീനിവാസനെയും മമ്മൂട്ടിയെയുമൊക്കെ പരാമർശിച്ചിരുന്നു. ഒരുപാട് കോടികൾ മുടക്കി ക്യാൻസർ ആശുപത്രി നിർമ്മിക്കുന്നതിനെക്കാൾ കുറച്ച് കോടികൾ മുടക്കി ജൈവ പച്ചക്കറി കൃഷി നടത്തുന്നതാണ് ഏറ്റവും നല്ലതെന്ന് ശ്രീനിവാസൻ ഈയടുത്ത കാലത്ത് പറയുകയുണ്ടായി. നിങ്ങളുടെ സുഹൃത്ത് അങ്ങനെ പറഞ്ഞതെന്താണെന്ന് പല ഡോക്ടർമാരും എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു, ക്യാൻസർ ചികിത്സയ്ക്കായി ആശുപത്രികൾ വേണ്ട എന്നല്ല, prevention is better than cure. അതുകൊണ്ടാണ് ഇവിടെ പച്ചക്കറി സ്വയംപര്യാപ്തതയ്ക്കുവേണ്ടിയുള്ള ജനകീയ ക്യാമ്പയിൻ കാലത്തിന്റെ ചുവരെഴുത്ത് വായനകൂടിയാണ് എന്ന് ഞാൻ പറഞ്ഞത്.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നിരവധി ആശ്വാസനിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ അമ്പതിനായിരത്തിലധികം ആളുകൾ നേരിട്ടോ അല്ലാതെയോ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം

നടത്തിവരുന്നു. കൃഷിക്കാർക്കെന്നപോലെ മത്സ്യത്തൊഴിലാളികൾക്കും കടാശ്വാസം നൽകുന്നതിനായി 50 കോടി രൂപ വകയിരുത്തിയ നടപടിയും മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമാശ്വാസമായി 3,600 രൂപ നൽകുന്നതിനുള്ള നിർദ്ദേശവും വളരെ സ്വാഗതാർഹമാണ്.

എന്റെ മണ്ഡലത്തിൽപ്പെട്ട പനയം, തൃക്കരുവ, തൃക്കടവൂർ എന്നീ മേഖലകളിൽപ്പെട്ട ആയിരക്കണക്കിനാളുകൾ കയർമേഖലയുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞുവരുന്നത്. കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും വിപണനത്തിനും ചകിരി ഉൽപ്പാദക യൂണിറ്റുകൾക്കും 50 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ആവേശകരമാണ്. കശുവണ്ടി വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവരായ പതിനായിരക്കണക്കിന് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ വിവരണാതീതമാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന ശക്തമായ ഇടപെടൽ ഏറെ ആശ്വാസകരമാണ്. കശുവണ്ടി മേഖലയ്ക്കായി 205 കോടി രൂപ അധികമായി വകയിരുത്തിയ നടപടി എൽ.ഡി.എഫ്. സർക്കാരിന് കശുവണ്ടി തൊഴിലാളികളോടുള്ള പ്രതിബദ്ധത അടിവരയിട്ട് ഉറപ്പിക്കുന്നതാണ്.

പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. അഞ്ച് വർഷംകൊണ്ട് ഓരോ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം ആയിരം സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നിർദ്ദേശം കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ധീരോദാത്തമായ കാൽവയ്പാണ്.

ആരോഗ്യ മേഖലയിലെ നവീകരണത്തിനും പൊതുആരോഗ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശം വിലപ്പെട്ടതാണ്. കൊല്ലം ജില്ലയിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ കശുവണ്ടി, കയർ മേഖലകളിലെ തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും മറ്റും മുഖ്യ ആരോഗ്യ ആശ്രയ കേന്ദ്രമാണ് കൊല്ലം ജില്ലാ ആശുപത്രി. ദിവസവും രണ്ടായിരത്തിൽപ്പരം ഒ.പി. നടക്കുന്ന ജില്ലാ ആശുപത്രിയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനവും സ്പെഷ്യാലിറ്റി വിഭാഗങ്ങളും അടിയന്തര ആവശ്യമാണ്. കൊല്ലം ജില്ലാ ആശുപത്രിയെ 750 കിടക്കകളുള്ള ജനറൽ ആശുപത്രിയുടെ പദവിയിലേക്കുയർത്തി ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് ഒരു അടിയന്തര ആവശ്യമാണ്.

കൊല്ലം നഗരവും പരിസര പഞ്ചായത്തുകളും കുടിവെള്ളത്തിനായി മുഖ്യമായി ആശ്രയിക്കുന്നത് ശാസ്താംകോട്ട കായലിനെയാണ്. ഒരു കുടിവെള്ള സ്രോതസ്സെന്ന നിലയിൽ ശാസ്താംകോട്ട കായൽ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ

സാഹചര്യത്തിൽ ബദൽ കുടിവെള്ള പദ്ധതി അടിയന്തര ആവശ്യമാണ്. കൊല്ലം നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും ഏറെ ആശ്വാസകരമായ സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രഖ്യാപനം ഏറെ സ്വാഗതാർഹമാണ്. 5,000 കോടി രൂപ വകയിരുത്തി റോഡുകളും പാലങ്ങളും ബൈപ്പാസുകളും ഫ്ലൈഓവറുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം അടിസ്ഥാന വികസന മേഖലയിലും പൊതു സാമ്പത്തിക രംഗത്തിനും കരുത്ത് പകരുന്നവയാണ്. എന്റെ നിയോജക മണ്ഡലത്തിലെ മൺറോതുരുത്ത്-പെരുമൺ പാലത്തിന് 61 കോടി രൂപയും ആശ്രാമം-തേവള്ളി ലിങ്ക് റോഡിനായി 75 കോടി രൂപയും അനുവദിച്ച നടപടിക്ക് നന്ദി രേഖപ്പെടുത്താനും ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. കലയും സംസ്കാരവുമാണ് ഒരു സമൂഹത്തിന്റെ ധാർമ്മിക ജീവിതത്തെ നിശ്ചയിക്കുന്നത്. ജീവിത മൂല്യങ്ങളെ രൂപപ്പെടുത്തുന്നതിൽ കലാകാരൻമാർക്കുള്ള പങ്ക് വളരെ പ്രധാനമാണ്. ഭാരതത്തെ ഒന്നായി കാണാൻ പ്രേരിപ്പിച്ച കവികളും കലാകാരൻമാരുമാണ് നമ്മുടെ തകരാത്ത ദേശീയതയുടെ യഥാർത്ഥ ശിൽപ്പികൾ. ഒരു കലാകാരൻ എന്ന നിലയിൽ കഴിഞ്ഞ സർക്കാരിന്റെ കലാ സാംസ്കാരിക നയത്തെ തികഞ്ഞ നിരാശയോടെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് സംഗീത നാടക അക്കാദമി ചെയർമാൻ എന്ന നിലയ്ക്ക് പ്രവർത്തിക്കുവാൻ എനിക്ക് അവസരമുണ്ടായി. കലാ സാംസ്കാരിക സംഘങ്ങൾക്കും നൃത്ത സംഗീത വിദ്യാലയങ്ങൾക്കും മുടങ്ങാതെ ഗ്രാന്റുകൾ നൽകുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷമായി കലാസംഘടനകൾക്കുള്ള ഗ്രാന്റുകൾ പൂർണ്ണമായും മുടങ്ങി. സംഗീത നൃത്ത വിദ്യാലയങ്ങളെ ആരും തിരിഞ്ഞുനോക്കിയില്ല. 80 ലക്ഷം രൂപയുടെ കുടിശ്ശിക ഈയിനത്തിൽ അവശേഷിക്കുന്നുണ്ട്. ഈ കുടിശ്ശിക കൊടുത്തുതീർത്ത് ഗ്രാന്റിൽ വർദ്ധനവ് വരുത്തി കലാപ്രസ്ഥാനങ്ങളെ സംരക്ഷിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽവയ്ക്കുന്നു.

നമ്മുടെ ഏറ്റവും വലിയ ജനകീയ മാധ്യമമായ സിനിമയെക്കുറിച്ച് ഒരു നിർദ്ദേശം സമർപ്പിക്കുകയാണ്. സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിത്തരുന്ന മാധ്യമങ്ങളിൽ ഒന്നാണ് സിനിമ. പല സംസ്ഥാനങ്ങളും സിനിമയെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ട്. നമ്മൾ ഇക്കാര്യത്തിൽ ഒരു നയം രൂപീകരിച്ചിട്ടില്ല എന്നത് ഖേദകരമാണ്. സിനിമയെ ഒരു വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ട് വ്യവസായ മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും സിനിമാ മേഖലയ്ക്ക് ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന നിർദ്ദേശം മലയാള സിനിമാ മേഖലയ്ക്കുവേണ്ടി ഞാൻ മുന്നോട്ടുവയ്ക്കുന്നു. സിനിമയുടെ പകർപ്പവകാശ വിൽപ്പനയും ഉപയോഗ അവകാശ കൈമാറ്റവും ചെയ്യുന്നതിന് 2008-ൽ നൽകിയിരുന്ന പൂർണ്ണ ഇളവ് പുനഃസ്ഥാപിക്കാനുള്ള

തീരുമാനത്തെയും സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ അക്കാഡമികളുടെ പദ്ധതിയടങ്കൽ 50 ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനത്തെയും ഇരുകൈയും നീട്ടി സ്വീകരിക്കുന്നു. ഒരു സിനിമാ നടൻ എന്ന നിലയിൽ എന്നെ ഏറെ സന്തോഷിപ്പിച്ചത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിനായി 50 കോടി രൂപ വകയിരുത്തിയ നടപടിയാണ്. ലോകത്തുള്ള പല ഫിലിം ഫെസ്റ്റിവലുകളും അത് സംഘടിപ്പിക്കുന്ന രാജ്യത്തെത്തന്നെ ലോകപ്രശസ്തിയിലേക്ക് ഉയർത്തിയിട്ടുണ്ട്. ഒടുവിൽ ഉണ്ണികൃഷ്ണൻ, മുരളി, കലാഭവൻ മണി എന്നിവരുടെ പേരിൽ സ്മാരകങ്ങൾക്കും അക്കാഡമികൾക്കുംവേണ്ടി തുക വകയിരുത്തിയ നടപടി ഒരു കലാകാരനെന്ന നിലയിൽ എന്നെ കൂടുതൽ സന്തോഷിപ്പിക്കുന്നു.

മൺമറഞ്ഞ പ്രശസ്തരും അപ്രശസ്തരുമായ എത്രയോ കലാകാരൻമാരുടെയും എഴുത്തുകാരുടെയും ചിന്തകരുടെയും ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളുടെ ഫലമാണ് നമ്മുടെ നാട്ടിൽ ഇനിയും മങ്ങലേറ്റിട്ടില്ലാത്ത മതേതര ചിന്തകൾ എന്ന് ഞാൻ വിശ്വസിക്കുന്നു. മതേതര മൂല്യങ്ങൾ പുലർന്നുകാണാൻ ആഗ്രഹിച്ച മൺമറഞ്ഞ ഓരോ കലാകാരൻമാരുടെയും സ്മരണയ്ക്കു മുന്നിൽ ശിരസ്സ് നമിച്ചുകൊണ്ട് കേരളത്തിന് നവജീവൻ നൽകാൻ കെല്പുള്ള 2016-17 ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങികൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഒരു കാര്യം കൂടി പറയട്ടെ. ഞാൻ പുതിയ ഒരു റോൾ അഭിനയിച്ചുകൊണ്ടിരിക്കുകയാണ് അല്ലെങ്കിൽ ആ റോളിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ന് എന്റെ കന്നിപ്രസംഗമായിരുന്നു. നാട്ടിലെ ഏറ്റവും പ്രഗത്ഭൻമാരായിട്ടുള്ള പ്രാസംഗികരുടെ മുന്നിൽ റീടേക്കില്ലാതെ ഒറ്റ ഷോട്ടിൽത്തന്നെ ചെയ്യാൻ കഴിഞ്ഞതിൽ ഏറെ സന്തുഷ്ടിയുണ്ട്. സ്റ്റാർട്ട്, ക്യാമറ, ആക്ഷൻ എന്ന് പറയാതെ ഞാൻ ഒറ്റയടിക്ക് ഇത്രയും പറയുന്നത് ആദ്യമായാണ്. സാധാരണ കൺക്ലൂഡ് എന്ന് പറഞ്ഞാൽ ഞാൻ നിർത്തില്ല, കട്ട് എന്ന് പറഞ്ഞാലെ നിർത്തുകയുള്ളൂ. അതുകൊണ്ട് ഞാൻ തന്നെ കട്ട് ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വപ്നങ്ങൾ വളരെ ഹൃദ്യമാണെങ്കിലും പ്രായോഗികമായി നടപ്പാകുമോയെന്നുള്ള കാര്യത്തിൽ എല്ലാവർക്കും സംശയമുണ്ട്. ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുമോയെന്ന് പഴയകാലത്തെ അനുഭവങ്ങളിൽ നിന്ന് സംശയമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റുകളിൽ അദ്ദേഹം ധനസമാഹരണത്തിന് പ്രത്യേകം പറഞ്ഞിട്ടുള്ള കാര്യങ്ങളുണ്ട്. ഡാമുകളിൽ വളരെയധികം മണൽ ഡെപ്പോസിറ്റുണ്ട്. ആ മണൽ വിറ്റും കാട്ടിൽ വീണുകിടക്കുന്ന മരങ്ങൾ ലേലം ചെയ്തും വലിയൊരു റവന്യൂ ഉണ്ടാക്കാമെന്നാണ് അദ്ദേഹം പ്രതീക്ഷിച്ചത്. എന്നാലത് ഒരു

കാരണവശാലും നടന്നില്ലെന്നുള്ളത് നമ്മൾ കണ്ടതാണ്. അതുകൊണ്ടുതന്നെയാണ് ഈ റിവൈസ്ഡ് ബഡ്ജറ്റിനെ പല വിമർശകരും ഉട്ടോപ്യൻ ബഡ്ജറ്റെന്ന് വിശേഷിപ്പിച്ചത്. ഞാൻ അത്തരത്തിൽ വിശേഷിപ്പിക്കുന്നില്ലെങ്കിലും കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നത് അതാണ്. അതുപോലെ തന്നെ യാഥാർത്ഥ്യമാകാത്ത ധാരാളം കാര്യങ്ങളുണ്ട്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പല കാര്യങ്ങളിലും ഭാഗ്യവാനാണ്. കഴിഞ്ഞ തവണ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായ സമയത്താണ് യു.പി.എ. ഗവൺമെന്റ് വാറ്റ് കൊണ്ടുവന്നത്. അന്ന് അദ്ദേഹം വാറ്റിനെ ശക്തമായി എതിർത്ത കൂട്ടത്തിലാണ്. പക്ഷേ അദ്ദേഹത്തിന്റെ നികുതി വരുമാനത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് വാറ്റ് ഇംപ്ലിമെന്റ് ചെയ്തപ്പോഴാണ്. ആ യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അടുത്ത വർഷം മുതൽ ജി.എസ്.ടി. വരാൻ പോവുകയാണ്. കൺസ്യൂമർ സ്റ്റേറ്റ് ആയതുകൊണ്ട് ജി.എസ്.ടി. വരുമ്പോൾ നേട്ടങ്ങളുണ്ടാകും. തമിഴ്നാട് ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി.-യെ പിന്തുണയ്ക്കുകയാണ്. നികുതി പിരിവിൽ അങ്ങ് കാണിക്കുന്ന ശുഷ്കാന്തി കൊണ്ടുമാത്രമാണെന്ന് ധരിക്കരുത്; അങ്ങയുടെ ഭാഗ്യം കൊണ്ട് വീണുകിട്ടുന്ന അവസരങ്ങളാണ്. ഈ അവസരങ്ങൾ അങ്ങ് ഉപയോഗിക്കുമ്പോൾ വളരെ നീതിപൂർവ്വമായി കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ അങ്ങ് 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് അവതരിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിൽ ഉണ്ടായിരുന്നപ്പോഴാണ് ഗവൺമെന്റിന്റെ അവസാനകാലത്ത് മാന്ദ്യവിരുദ്ധ പാക്കേജും മലബാർ പാക്കേജും കൊണ്ടുവന്നത്. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് വന്നു. അങ്ങയുടെ കുഞ്ഞിനെ ഞങ്ങൾ വളരെ സന്തോഷത്തോടുകൂടി ഏറ്റെടുത്തുവെന്ന് മാത്രമല്ല, അതിനെ വളരെയധികം ആരോഗ്യത്തോടെ കൊണ്ടുനടക്കുകയും സ്നേഹത്തോടെ ലാളിക്കുകയും ചെയ്തുവെന്ന സത്യം അങ്ങ് മറക്കരുത്. അങ്ങ് മാന്ദ്യവിരുദ്ധ പാക്കേജിലും മലബാർ പാക്കേജിലും ഉൾപ്പെടുത്തിയിരുന്ന പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ട റോഡുകളും പാലങ്ങളും ഉൾപ്പെടെ, അങ്ങ് തുടങ്ങിവച്ചതും പ്രൊപ്പോസ് ചെയ്തതുമായ എല്ലാ പദ്ധതികളും കഴിഞ്ഞ ഗവൺമെന്റ് പൂർത്തിയാക്കിയെന്നത് ഇവിടെ സന്നിഹിതരായിരിക്കുന്ന, അന്ന് പ്രതിപക്ഷത്തിരുന്നതും ഇന്ന് ഭരണപക്ഷത്തിരി ക്കുന്നതുമായ പഴയ എം.എൽ.എ.-മാർക്ക് ബോദ്ധ്യമുള്ളതാണ്. അതിൽ ഒരു പദ്ധതിയും ആ ഗവൺമെന്റ് ഡ്രോപ്പ് ചെയ്തില്ല. ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ് പ്രോജക്ടിൽ കുണ്ടന്നൂർ-വൈറ്റില ഫ്ലൈ ഓവർ ഉണ്ട്. ഈ ഫ്ലൈ ഓവർ ഒരു ജില്ലയുടെയോ ഒരു നിയോജക മണ്ഡലത്തിന്റെയോ സ്വത്തല്ല; സംസ്ഥാനത്തിന്റെ മുഴുവൻ സ്വത്താണ്. കൊച്ചിയിലെ ഒരു ദിവസത്തെ ഫ്ലോട്ടിംഗ് പോപ്പുലേഷൻ

എത്രയാണ്; കേരളത്തിന്റെ നാനാഭാഗത്തു നിന്നുമാണ് ജനങ്ങൾ എത്തുന്നത്. ഒരു ലക്ഷത്തോളം വാഹനങ്ങളാണ് ദിവസവും അവിടെ എത്തുന്നത്. ഈ വിഷയം ഇത്തവണത്തെ റിവൈസ്ഡ് ബഡ്ജറ്റിൽ കണ്ടില്ല. ഏതായാലും അങ്ങത് ഡ്രോപ് ചെയ്യില്ലെന്നുള്ള വിശ്വാസം എനിക്കുണ്ട്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് സീപോർട്ട് എയർപോർട്ട് റോഡ്. കൊച്ചി എയർപോർട്ടിൽ നിന്ന് 20 മിനിട്ടുകൊണ്ട് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ എത്താവുന്ന റോഡാണിത്. കഴിഞ്ഞ ഗവൺമെന്റ് അതിന്റെ രണ്ടാംഘട്ടം ഏറ്റെടുക്കുകയും അതിന്റെ പണി പൂർത്തീകരിക്കുകയും പെരിയാറിന് കുറുകേ രണ്ട് പാലങ്ങൾ നിർമ്മിക്കുകയും ചെയ്തു. കഴിഞ്ഞ തവണ ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ മൂന്നാംഘട്ടത്തിനുവേണ്ടി 100 കോടി രൂപ വകയിരുത്തി. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുമ്പോൾ അതെല്ലാം ഇതിലുണ്ടെന്നാണ് പറയുന്നത്. ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അങ്ങ് അക്കാര്യം വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന റോഡിന്റെ വീതി 45 മീറ്ററാക്കുന്നതിന് സ്ഥലം ഏറ്റെടുക്കും, റോഡ് വീതി കൂട്ടുമ്പോൾ ഭൂമിയേറ്റെടുക്കുന്ന ആളുകൾക്ക് കൊച്ചി മെട്രോയ്ക്ക് കൊടുത്തതുപോലുള്ള നല്ല ഒരു പാക്കേജ് വേണം. ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലങ്ങൾ ഒഴിവാക്കണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും കലവറയില്ലാത്ത പിന്തുണ ഞങ്ങളുടെ പാർട്ടി നൽകുകയാണ്. അതോടൊപ്പം ഒരു പ്രധാന കാര്യമുള്ളത്, സാധാരണ വീടുകളിൽ പൈപ്പ് തിരിക്കുമ്പോൾ വെള്ളം ലഭിക്കുന്നതുപോലെയാണ് ഗൾഫിൽ ഗ്യാസ് ലഭിക്കുന്നത്. അത്തരം സൗകര്യം ഇവിടെ വന്നാൽ അതിനെ ചിലർ എതിർക്കും. എന്നാൽ ഞങ്ങളെല്ലാം അതിന് ശക്തമായ പിന്തുണ കൊടുത്തു. അദാനി ഇന്ത്യൻ ഓയിൽ ഗ്യാസ് ലിമിറ്റഡ് കളമശ്ശേരിയിൽ സാധാരണക്കാരനായ ഒരു ഓട്ടോറിക്ഷാ തൊഴിലാളിക്ക് അത്തരമൊരു ഗ്യാസ് കണക്ഷൻ നൽകിക്കൊണ്ട് ദക്ഷിണേന്ത്യയിൽ ആദ്യത്തെ സിറ്റി ഗ്യാസ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. എന്നാൽ അതിനുശേഷം ഇലക്ഷൻ വന്നതിനാൽ കൂടുതൽ പ്രവർത്തികളൊന്നും നടന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഏറ്റെടുക്കണം. കളമശ്ശേരിയിൽ മുഴുവനായും കൂടാതെ കേരളത്തിലെ മുഴുവൻ നഗരങ്ങളിലും ആ പദ്ധതി നടപ്പാക്കുകയും അതുപോലെതന്നെ ആരൊക്കെ എതിർത്താലും അതിന് ശക്തമായ നേതൃത്വം നൽകണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ പുതിയ പവർ ജനറേറ്റിംഗ് യൂണിറ്റായ ബി.എസ്.ഇ.എസ്.-ന് എൽ.എൻ.ജി. ഉപയോഗിക്കാനുള്ള അവസരം കൊടുക്കണം; എഗ്രിമെന്റ് പുതുക്കണം. ഇലക്ട്രിസിറ്റി ബോർഡും ബി.എസ്.ഇ.എസു.-മായി സഹകരിച്ചുകൊണ്ട് അത് നടപ്പിലാക്കണം.

മി. സ്പീക്കർ: പ്ലീസ്.....

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: എനിക്ക് മുന്നുനാല് പോയിന്റുകൂടി പറയുവാനുണ്ട്. ഇന്ന് എന്റെ പ്രസംഗമല്ലായിരുന്നു. പ്രസംഗം അടിച്ചേൽപ്പിച്ചതാണ്. അങ്ങ് നിർബന്ധിക്കുന്നതുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: നമ്മളെല്ലാവരും ഒന്നിച്ചെടുത്ത തീരുമാനമാണ്, നന്ദി.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലായി മാറാൻ പോകുന്ന അഭിമാനകരവും പ്രതീക്ഷാനിർഭരവുമായ ബഡ്ജറ്റാണ് ബഹുമാന്യനായ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ദിവസം അവതരിപ്പിച്ചത്. ആ ബഡ്ജറ്റിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്. വ്യത്യസ്തമായ അഭിപ്രായങ്ങൾക്കും വിഭിന്നമായ നിലപാടുകൾക്കുമപ്പുറം എല്ലാവരുടെയും, എതിർക്കുന്നവരുടെപോലും അഭിനന്ദനങ്ങൾക്കും പ്രശംസയ്ക്കും പാത്രമായി മാറാൻ കഴിഞ്ഞുവെന്നതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. നമുക്കറിയാം, കേരളത്തിൽ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലപാടുകളോടൊപ്പം എല്ലാകാലത്തും നിലയുറപ്പിച്ചിട്ടുള്ളതെന്നാണ് 'മലയാള മനോരമ' ദിനപത്രം ഈ ബഡ്ജറ്റിനെ വിശേഷിപ്പിച്ചത്, ഒന്നാം പേജിലെ തലക്കെട്ട് 'ക്ഷാമമെങ്കിലും ക്ഷേമം' എന്നായിരുന്നു. നിങ്ങളുണ്ടാക്കിയ ക്ഷാമത്തിനിടയിലും ക്ഷേമകരമായ ബഡ്ജറ്റാണ് അവതരിപ്പിച്ചതെന്ന് മലയാള മനോരമയ്ക്കുതന്നെ ജനങ്ങളോട് പറയേണ്ടിവന്നു. 'മാതൃഭൂമി' പത്രത്തിന്റെ തലക്കെട്ട് 'ജനകീയം' എന്ന ഒറ്റവാക്കായിരുന്നു. 'ക്ഷേമത്തിന് പിശുക്കില്ല' എന്ന മറ്റൊരു തലക്കെട്ടുകൂടി ചേർക്കാൻ മാതൃഭൂമി സന്നദ്ധമായി. കേരള കൗമുദി ആകട്ടെ 'അന്നവസ്ത്രാദി മുട്ടാതെ' എന്ന് ഈ ബഡ്ജറ്റിനെ ശ്ലാഘിച്ചുകൊണ്ട് തലവാചകം എഴുതിച്ചേർത്തു. ദി ഹിന്ദുവിന്റെ തലക്കെട്ട് 'Big push for Infra, welfare in Budget' എന്നായിരുന്നു. പതാകകളുടെ നിറഭേദങ്ങൾക്കും രാഷ്ട്രീയമായ വ്യത്യാസങ്ങൾക്കുമപ്പുറത്ത് കേരളമാകെ ഹൃദയത്തോട് ചേർത്തുവയ്ക്കുന്നതായി ഈ ബഡ്ജറ്റിന് മാറാൻ കഴിഞ്ഞതെന്തുകൊണ്ടാണ്? അതാണ് തുറന്ന മനസ്സോടുകൂടി നിങ്ങൾ ചിന്തിക്കേണ്ടത്. ബഹുമാന്യനായ തൃത്താലയിലെ മെമ്പർക്ക് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന്റെ തൊട്ടുമുമ്പായി സഭയിൽ അവതരിപ്പിച്ച ധവളപത്രം കണ്ടപ്പോൾ അതൊരു കുറ്റപത്രമായിട്ടാണ് തോന്നിയത്. അത് സ്വാഭാവികമാണ്. സാമ്പത്തിക കുറ്റവാളികൾക്ക് ധവളപത്രം കാണുമ്പോൾ കുറ്റപത്രമായി അനുഭവപ്പെടും. അങ്ങനെ അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിൽ ഞങ്ങൾക്ക് അതിയായ ആഹ്ലാദമാണുള്ളതെന്നുകൂടി സാന്ദർഭികമായി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബഡ്ജറ്റിനെ കേരളം ഏറ്റുവാങ്ങാൻ കാരണം ഇത് സാധാരണക്കാരുടെ ബഡ്ജറ്റാണ് എന്നതാണ്. ഇത് അടിച്ചമർത്തപ്പെട്ടവരുടെ, അകറ്റിനിർത്തപ്പെട്ടവരുടെ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് ഇച്ഛാശക്തിയോടെയുള്ള ഒരു സർക്കാരിന്റെ വിളംബരമാണ്. ഇവിടെ ഭരണാധികാരികൾ പുതിയ നയം ആവിഷ്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതിനെക്കുറിച്ച് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി പറഞ്ഞത് 'ഒരു ഭരണാധികാരി പുതിയ ഒരു നയം

ആവിഷ്കരിക്കുമ്പോൾ മനസ്സിൽ കാണേണ്ടത് ആ രാജ്യത്തെ ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖമാവണം' എന്നാണ്. ഞാൻ മഹാത്മാഗാന്ധിയെ ഇവിടെ ഉദ്ധരിക്കുന്നത് ബഹുമാന്യനായ പാലക്കാട് മെമ്പർക്ക് ഇഷ്ടമാകുമോ എന്നെനിക്കറിയില്ല. ഇന്നലെ അദ്ദേഹം പറഞ്ഞത് ഗാന്ധിയെയും നെഹ്രുവിനെയും ക്വാട്ട് ചെയ്യുകയോ ബൈബിൾ ഉദ്ധരിക്കുകയോ അല്ല വേണ്ടത്, മാർക്സിനെ മാത്രമേ ഞങ്ങളൊക്കെ പറയാൻ പാടുള്ളൂവെന്നാണ്. അദ്ദേഹത്തിനു മാത്രമാവില്ല ഈ അഭിപ്രായമുള്ളതെന്ന് ഞാൻ കരുതുന്നു. ഡ്യൂപ്ലിക്കേറ്റ് ഗാന്ധിമാരുടെ അപദാനങ്ങൾ വാഴ്ത്താൻ മത്സരിക്കുന്നവർക്കിടയിൽ മഹാത്മാഗാന്ധിയെക്കുറിച്ചോ നെഹ്രുവിനെക്കുറിച്ചോ പറയുന്നത് ഇഷ്ടപ്പെട്ടുകൊള്ളണമെന്നില്ല. പക്ഷേ നിങ്ങളുടെ ഇഷ്ടം നോക്കിക്കൊണ്ട് പ്രസംഗിക്കാനല്ല ഞങ്ങളിവിടെ ഇരിക്കുന്നതെന്നുള്ളതുകൊണ്ട് ഞങ്ങളിനിയും ഇത്തരത്തിൽ കാലാനുസൃതമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവിടെ ബൈബിളിനെക്കുറിച്ച് ഉദ്ധരിച്ചപ്പോൾ നിങ്ങളെപ്പോഴാണ് ഇതൊക്കെ പഠിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. കത്തിക്കാൻ വേണ്ടി മാത്രം പുസ്തകങ്ങൾ കൈകൊണ്ട് തൊടുന്നവർക്ക് പുസ്തകം വായിക്കുന്നവരോടും വായിച്ച കാര്യങ്ങൾ പങ്കുവയ്ക്കുന്നവരോടും ഒരിത്തിരി അസൂയയും കുശുമ്പുമൊക്കെ തോന്നുക സ്വാഭാവികം മാത്രമാണ്. ആ സ്വാഭാവികമായ പ്രതികരണമായി മാത്രമേ ഞാനതിനെ കാണുന്നുള്ളൂ. പുസ്തകം കത്തിക്കാൻ വേണ്ടിയെന്ന് പറയുമ്പോൾ പ്രകോപിതരാകേണ്ട കാര്യമില്ല. ഇ.എം.എസ്.-ന്റെ സ്വാതന്ത്ര്യ സമര ചരിത്രം കത്തിച്ചത് നിങ്ങളാണ്. അരുന്ധതി റോയിയുടെ 'ഫോർ ഗ്രേറ്റർ കോമൺഗുഡ്' കത്തിച്ചതും വി.കെ.എൻ.-ന്റെ 'അധികാരം' കത്തിച്ചതും നിങ്ങളാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പുസ്തകം വായിക്കുന്ന ആളാണെന്നെനിക്കറിയാം. അദ്ദേഹത്തിനിത് ബാധകമല്ല. ബാക്കി ഏറെക്കുറെ എല്ലാവർക്കും ഈ പരാമർശം ചേരുമെന്നും ഞാൻ വിശ്വസിക്കുന്നു. ഏതായിരുന്നാലും മാർക്സിന്റെ ഒരു ഉദ്ധരണി കേൾക്കാൻ വല്ലാത്ത കൊതിയോടുകൂടിയാണ് പാലക്കാട് മെമ്പർ ഇതുപറഞ്ഞതെങ്കിൽ അദ്ദേഹത്തെ ഞാൻ നിരാശപ്പെടുത്തുന്നില്ല. മഹാനായ മാർക്സ് ഒരിക്കൽ പറഞ്ഞു, 'മനുഷ്യസംബന്ധിയായ ഒന്നും ഞങ്ങൾക്കന്യമല്ല'. അതായത്, മനുഷ്യസംബന്ധിയായതൊന്നും അന്യമല്ലെന്നും മനുഷ്യനുമായി ബന്ധമുള്ളതിലെല്ലാം ഞങ്ങൾ ഇടപെടുമെന്നും അഭിപ്രായം പറയുമെന്നും അവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുമെന്നുമുള്ളത് മാർക്സിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു കാര്യമാണ്. ഇത് ഏതെങ്കിലും പ്രസംഗത്തിൽ ഉദ്ധരിക്കാൻ വേണ്ടി മാത്രമുള്ളതല്ല. ഈ ബഡ്ജറ്റിന്റെ തന്നെ ഊന്നൽ അതിലാണ്. അതാണ് നാം കാണേണ്ടത്. ഈ ബഡ്ജറ്റിൽ നിങ്ങൾ നോക്കൂ, മനുഷ്യരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണാൻ, ഞാൻ മുമ്പ് സൂചിപ്പിച്ച പാർശ്വവൽക്കരിക്കപ്പെട്ടവരും അകറ്റിനിർത്തപ്പെട്ടവരുമായുള്ളവരുടെ ദുരിതങ്ങൾക്ക് അറുതി കാണാനുള്ള ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ബഡ്ജറ്റിൽ പ്രതിഫലിക്കുന്നത്. ഭൂമിയില്ലാത്തവർക്കെല്ലാം ഭൂമി, വീടില്ലാത്തവർക്കെല്ലാം വീട് ഇത് കേരളത്തിൽ ഒരു പുതിയ യുഗത്തിന് തുടക്കം കുറിക്കുകയാണ്. നിങ്ങൾ ഭൂമി കൊടുത്തതിനെക്കുറിച്ച് ഇന്നലെ കണക്കിവിടെ പറഞ്ഞു. നിങ്ങൾ പട്ടയം കൊടുത്തു.

ക്രയവിക്രയ അവകാശമുള്ള കൈവശരേഖയാണ് പട്ടയം. നിങ്ങൾ കൊടുത്തതിൽ അക്ഷരങ്ങളും അക്കങ്ങളുമുണ്ടായിരുന്നു ഔദ്യോഗികമുദ്രയുണ്ടായിരുന്നു, പക്ഷെ ഭൂമി ഉണ്ടായിരുന്നില്ല. അച്ചടിച്ച കടലാസ്സിന്റെ വില മാത്രമുള്ള പട്ടയം കൊടുത്തതു കൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്കെന്ത് പ്രയോജനം? നിങ്ങൾ ചെയ്തത് വഞ്ചനയാണ്, നിങ്ങളുടെ ഗവൺമെന്റിന്റെ മുഖമുദ്ര വഞ്ചനയായിരുന്നു. വഞ്ചകരുടെ സർക്കാരായിരുന്നു നിങ്ങളുടെ സർക്കാർ. ഇവിടെ നിങ്ങൾ മുമ്പ് പരാമർശിച്ച, നിങ്ങൾ വിമാനത്താവളം ഉത്ഘാടനം ചെയ്തു എന്ന്. ഉത്ഘാടനം എന്ന മലയാളവാക്കിന്റെ അർത്ഥം 'ഔപചാരികമായ ആരംഭം' എന്നാണ്. ഔപചാരികമായി ആ വിമാനത്താവളം തുറന്നുവോ; കണ്ണൂർ വിമാനത്താവളത്തിൽനിന്ന് വിമാനം കയറി യാത്ര ചെയ്ത ഒരാളെ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനാകുമോ; കൊച്ചി മെട്രോ നിങ്ങൾ ഉത്ഘാടനം ചെയ്തു, മെട്രോയുടെ തൂണിന്റെ പണിപോലും പൂർത്തിയാകുന്നതിനുമുമ്പ് ഉത്ഘാടനം ചെയ്ത നിങ്ങൾക്ക് കൊച്ചി മെട്രോയിലൂടെ യാത്ര ചെയ്ത ഒരാളെയെങ്കിലും ചൂണ്ടിക്കാണിക്കാനാകുമോ? സ്മാർട്ട് സിറ്റി നിങ്ങൾ ഉത്ഘാടനം ചെയ്തു, സ്മാർട്ട് സിറ്റിയിലാരംഭിച്ച പുതിയ ഐ. ടി. കമ്പനിയിൽ ജോലി കിട്ടിയ ഒരാളെ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനാകുമോ; എന്തിനായിരുന്നു ഈ വഞ്ചന? ഈ വഞ്ചനയ്ക്കാണ് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് പ്രഹരം തന്നത്. നിങ്ങൾ തിരസ്കരിക്കപ്പെട്ട മുന്നണിയാണ്. നിങ്ങൾ പരാജയപ്പെട്ട മുന്നണിയാണ്. കേരള രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽനിന്ന് മൂലയിലേക്ക് വലിച്ചെറിയപ്പെട്ടവരാണ് നിങ്ങൾ. ആ പരാജയം നിങ്ങളംഗീകരിക്കണം. ജനവിധിയെ നിങ്ങളംഗീകരിക്കണം. ജനങ്ങളെന്തുകൊണ്ട് നിങ്ങളെ പരാജയപ്പെടുത്തിയെന്നും എന്തുകൊണ്ട് ഇടതുപക്ഷത്തെ വിജയിപ്പിച്ചുവെന്നും സമചിത്തതയോടെ മനസ്സിലാക്കാനുള്ള ആർജ്ജവമാണ് നിങ്ങൾ കാണിക്കേണ്ടത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം ഈ ബഡ്ജറ്റിൽ 50% വർദ്ധിപ്പിച്ചു. സ്ത്രീകൾക്കായി ഒരു ക്ഷേമവകുപ്പ് പ്രത്യേകമായി ആരംഭിച്ചു. സാംസ്കാരിക രംഗത്ത് പുത്തനുണർവ്വാണ് സൃഷ്ടിച്ചത്. 14 ജില്ലകളിലും വലിയ സാംസ്കാരിക സമുച്ചയങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി വരുന്നു. ശ്രീനാരായണഗുരുവും അയ്യങ്കാളിയും ചട്ടമ്പി സ്വാമികളും വാഗ്ഭടാനന്ദനും ഇടശ്ശേരി കുങ്കനും വൈക്കം മുഹമ്മദ് ബഷീറും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും സഹോദരൻ അയ്യപ്പനും പി. കൃഷ്ണപിള്ളയുമെല്ലാം ആകാശത്തിന്റെ അപാരതകളിലേക്ക് ശിരസ്സുയർത്തി നിൽക്കുന്ന മഹത്തായ സാംസ്കാരിക സമുച്ചയങ്ങളായി നമ്മുടെ അഭിമാനത്തെ അടയാളപ്പെടുത്താൻ പോകുകയാണ്. ഒരുകാര്യം എനിക്ക് ഇടയ്ക്ക് കൂട്ടിച്ചേർത്ത് പറയാനുള്ളത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ എന്നാണ് പറഞ്ഞിട്ടുള്ളത്. തീർച്ചയായും എറണാകുളത്തിന്റെ സാംസ്കാരിക തലസ്ഥാനം കൂടിയായ തൃപ്പൂണിത്തുറയിലായിരിക്കും സഹോദരൻ അയ്യപ്പന്റെ പേരിലുള്ള ആ സാംസ്കാരിക സമുച്ചയം എന്ന കാര്യത്തിൽ എനിക്കോ കേട്ട മറ്റ് മെമ്പർമാർക്കോ

സംശയമുണ്ടാകാനിടയില്ല; കേരളത്തിലാർക്കും സംശയമുണ്ടാകുകയില്ല. മാത്രവുമല്ല, അഴിമതിക്കെതിരെ അതിശക്തവും മാതൃകാപരവും ആവേശോജ്ജ്വലവുമായ ഒരു വിധിയെഴുതിയ ജനതകൂടിയാണ് തൃപ്പൂണിത്തുറയിലെ ജനത എന്നതുകൊണ്ട് അവരും അതങ്ങനെതന്നെ പ്രതീക്ഷിക്കുന്നുണ്ടാകും; ബഹുമാനപ്പെട്ട ധനമന്ത്രിയുടെ മറുപടിയിൽ അക്കാര്യം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

700 കോടിയിലധികം രൂപയാണ് സാംസ്കാരിക രംഗത്ത് നീക്കിവച്ചത്. നിങ്ങളുടെ കാലത്തെത്രയായിരുന്നു, ബഹുമാനപ്പെട്ട കെ. എം. മാണി അവതരിപ്പിച്ച അവസാനത്തെ ബഡ്ജറ്റ് അതിനെ ഒടുക്കത്തെ ബഡ്ജറ്റെന്ന് വിളിക്കാമെന്നെനിക്ക് തോന്നുന്നു. അതിൽ 14 കോടി രൂപയായിരുന്നു നീക്കിവച്ചത്. കായികരംഗത്ത് 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, 700-ഓളം കോടി രൂപ അതിനുവേണ്ടി നീക്കിവച്ചു. നിങ്ങളുടെ കാലത്ത് 94 കോടി രൂപയായിരുന്നു അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ടായിരുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുമുള്ള പദ്ധതികൾ, സ്കൂൾ യൂണിഫോം സൗജന്യമായി കൊടുക്കുമെന്ന നിർദ്ദേശം ഇതിനെയെല്ലാം കേരളം ഇരു കയ്യും നീട്ടി സ്വീകരിക്കുന്നതാണ്. നിങ്ങൾക്കെന്തുകൊണ്ടാണ് ഇത് കാണാനാവാത്തത്. കണ്ണുണ്ടായിട്ടും കാണാൻ കഴിയാതെ പോകുന്ന നിങ്ങളുടെ സ്ഥിതിയിൽ എനിക്ക് സഹതാപം മാത്രമേയുള്ളൂ. മത്തായിയുടെ സുവിശേഷം പതിമൂന്നാമദ്ധ്യായം പതിനൊന്നാം വാചകം പറയുന്ന "നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും, നിങ്ങൾ കണ്ണാൽ കാണും ദർശിക്കയില്ല താനും" ഇത്രമാത്രം നിങ്ങളെക്കുറിച്ച് ദീർഘവീക്ഷണത്തോടുകൂടി മത്തായി എങ്ങനെ എഴുതി എന്നാലോചിച്ചിട്ടാണ് എനിക്കത്ഭുതം തോന്നുന്നത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എന്റെ മുമ്പിലുള്ള സമയമാപിനി എന്നെ ഓർമ്മപ്പെടുത്തുന്നുണ്ട്, മറ്റ് പലരേയും പോലെ കൂടുതൽ സമയമെടുത്ത് ഈ സഭയുടെ വിലപ്പെട്ട സമയം കവർന്നെടുക്കാൻ ഞാനൊരിക്കലും തയ്യാറാവില്ലായെന്നുകൂടി സഭാദ്ധ്യക്ഷന് ഉറപ്പുകൊടുക്കുന്നു.

അവസാനമായി പറയാനുള്ളത് യുവജനങ്ങളെ സംബന്ധിച്ചാണ്. ഇവിടെ നിയമന നിരോധനത്തെക്കുറിച്ചൊക്കെ ചിലർ പറഞ്ഞു. കഴിഞ്ഞ അഞ്ചുകൊല്ലം ഇവിടെ കസേരകളിൽ നിങ്ങൾ അമർന്നിരുന്നപ്പോൾ ഈ ഗേറ്റിനുപുറത്ത്, സെക്രട്ടേറിയറ്റ് ഗേറ്റിന്റെ മുമ്പിൽ നന്താവനം ക്യാമ്പിലുമൊക്കെ ഇവിടെയിരിക്കുന്ന ശ്രീ. കെ. രാജനും ഞാനും ഞങ്ങളൊരുപാടുപേർ തല്ലുകൊണ്ട് തലപൊട്ടിയും എല്ലൊടിഞ്ഞ് ചോര ചിന്തിയും പൊരുതിയത് നിയമന നിരോധനത്തിനെതിരെയായിരുന്നു. സാങ്കേതികമായി പറഞ്ഞിട്ട് കാര്യമില്ല. നിങ്ങളെന്താണ് പറഞ്ഞത് നിയമനനിരോധനമില്ലായെന്ന് ഇവിടെ മറുപടി പറഞ്ഞുവത്രെ. അതിനാണ് അപ്രഖ്യാപിത നിയമന നിരോധനമെന്ന്

പറയുന്നത്. കയ്യിൽ അഡ്വൈസ് മെമ്മോയുമായി ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ വർഷങ്ങളായി കാത്തുനിന്നു, അതിന് അറുതി വരുത്തണമെന്നാവശ്യപ്പെട്ടാണ് ഞങ്ങൾ സമരം ചെയ്തതും നിരാഹാരം കിടന്നതും. ഇന്നത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവും അന്നത്തെ മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ അന്ന് ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ച് ഒത്തുതീർപ്പുണ്ടാക്കി; ആ ഒത്തുതീർപ്പുപോലും നിങ്ങൾ പാലിച്ചില്ല. ഇപ്പോൾ ഇവിടെയൊരു നിയമന നിരോധനവുമില്ല. ഇവിടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ചുള്ള ചില കാഴ്ചപാടുകൾ മാത്രം പറഞ്ഞു. ഞങ്ങൾ പറഞ്ഞത് പുതിയ തസ്തികകൾ വേണമെന്നായിരുന്നില്ല, ഞങ്ങൾ പറഞ്ഞത് അഡ്വൈസ് മെമ്മോ കിട്ടിയവർക്കെങ്കിലും ജോലി കൊടുക്കണമെന്നായിരുന്നു. അതുകൊണ്ട് ചരിത്രം മറന്നുപോകരുത്, ചരിത്രം മറക്കാനുള്ളതല്ല എന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. ഇവിടെ മത്തായിയുടെ സുവിശേഷം ഏഴാമദ്ധ്യായം ആറാം വാചകം,..... അതു ഞാൻ വായിക്കുന്നില്ല. സമയക്കുറവുകൊണ്ടു മാത്രമല്ല ഒരുപക്ഷേ ഈ ശാന്തമായ അന്തരീക്ഷത്തെ അത് ചൂടുപിടിപ്പിക്കുമെന്ന് ഞാൻ കരുതുന്നു. ഇത്രയും അമൂല്യവും വിശുദ്ധവുമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മത്തായിയുടെ ഏഴാമദ്ധ്യായം ആറാം വാചകം നിങ്ങളെല്ലാപേരും മനസ്സിരുത്തി വായിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ സമയത്തിൽനിന്നും ഒരു സെക്കന്റുകൂടി കൂടുതൽ എടുക്കാതെ നിർത്തുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ അവതരിപ്പിച്ച ഏഴാമത്തെ ബഡ്ജറ്റാണിത്. കഴിഞ്ഞ ആറ് ബഡ്ജറ്റുകളും അതിലുണ്ടായ അനുഭവങ്ങളും നേരിട്ടറിയുന്നവർക്ക് ഈ സഭയിലെ ഭരണകക്ഷിയിൽ ആദ്യമായി എത്തിയവർ പ്രസംഗിച്ചപ്പോൾ കാണിച്ച ആവേശം കാണിക്കാൻ ബുദ്ധിമുട്ടുണ്ട്. അദ്ദേഹം ആറ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും സാമൂഹ്യക്ഷേമ പെൻഷൻ 300 രൂപയായിരുന്നു. അതുകൂട്ടാൻ ശ്രീ. കെ. എം. മാണി ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായി വീണ്ടും വരേണ്ടിവന്നു. ഇപ്പോൾ അത് ആയിരം രൂപയാക്കിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എനിക്ക് അങ്ങയോട് ഒറ്റ അഭ്യർത്ഥനയേയുള്ളൂ. ആയിരത്തിൽ കൂടുതൽ രൂപ പെൻഷൻ കിട്ടുന്നവരുണ്ട്. 80 വയസ്സിനു മുകളിൽ പ്രായമുള്ള വികലാംഗരായിട്ടുള്ളവർക്ക് 1100 രൂപ കിട്ടുന്നുണ്ട്. അതുപോലെ 75 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ 1500 രൂപയാക്കി ഏറ്റവും ഒടുവിലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അവതരിപ്പിച്ച് അതിന്റെ ഉത്തരവ് ഇറക്കിയിട്ടുണ്ട്. കൂടുതലുള്ളതൊന്നും കുറയ്ക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏകീകരിക്കാൻ കഴിയുമെങ്കിൽ സന്തോഷം. പക്ഷേ 1000 രൂപയാക്കുന്ന തീരുമാനത്തെ അനുകൂലിച്ചുകൊണ്ടുതന്നെ വളരെയധികം ആവേശം കൊണ്ടവരോട് ഞാൻ

പറയുന്നത് ആറ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും സാമൂഹ്യക്ഷേമ പെൻഷൻ 300 രൂപയായിരുന്നു എന്ന കാര്യം നിങ്ങൾ മറക്കരുത്. ബഡ്ജറ്റിലേക്ക് കടക്കുന്നതിനുമുമ്പ് അങ്ങ് ഇവിടെ തന്ന വൈറ്റ് പേപ്പറിനെക്കുറിച്ച് പറയാം. അങ്ങ് ഒരിക്കലും ഒരു കണക്കും തെറ്റായി പറയുമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് വളരെ സമർത്ഥനാണ്. അങ്ങേക്ക് അനുകൂലമായ കണക്കുമാത്രമേ അങ്ങ് പറയൂ. ഒരു വൈറ്റ് പേപ്പർ ഇറക്കി സ്റ്റേറ്റിന്റെ വരുമാനത്തെക്കുറിച്ച് പറയുമ്പോൾ നികുതിയേതര വരുമാനത്തെക്കുറിച്ച് പറയണ്ടേ? അങ്ങ് അത് അപ്പാടെ വിട്ടുകളഞ്ഞു. അത് ശരിയാണോ; എന്തുകൊണ്ട് വിട്ടു? വൈറ്റ് പേപ്പറിൽ എല്ലാം പറയണം. അങ്ങ് അത് വിട്ടുകളയാൻ കാരണം, അങ്ങയുടെ കാലത്ത് അഞ്ചുവർഷം കൊണ്ട് നികുതിയേതര വരുമാനം 4,127 കോടി രൂപ ഉണ്ടാക്കിയപ്പോൾ കഴിഞ്ഞ അഞ്ചുവർക്കാലം കൊണ്ട് അത് 18,016 കോടി രൂപയായി. 336 ശതമാനമാണ് വർദ്ധനവ് ഉണ്ടാക്കിയത്. ലോട്ടറിയുടെ വരുമാനത്തിലൂടെ ഗവൺമെന്റിന്റെ വരുമാനം 27 ഇരട്ടിയാണ് വർദ്ധിച്ചത്. അങ്ങയുടെ കാലത്തെ അവസാന വർഷം 111.22 കോടി രൂപ വരുമാനമായത് ഈ വർഷം 3,337 കോടി രൂപയായി. ടേൺഓവർ 11 ഇരട്ടിയായി വർദ്ധിച്ചു. നികുതിയേതര വരുമാനം അങ്ങ് കൊടുക്കാതിരുന്നതു കാരണം ആ വൈറ്റ് പേപ്പർ ഒരു ബ്ലാക്ക് പേപ്പറാക്കി എന്ന അഭിപ്രായമാണുള്ളത്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം സാന്റിയാഗോ മാർട്ടിന്റെ പേര് കേട്ടിട്ടില്ല. എന്നാൽ ഇപ്പോൾ കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. ഞാൻ അതിൽക്കൂടുതൽ ഒന്നും പറയുന്നില്ല. ശ്രീ. കെ. എം. മാണിയുടെ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം എന്നത് ഒരു വലിയ അനുഗ്രഹമായിരുന്നു. ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അത് പൂർണ്ണമായും പ്രയോജനപ്പെടുത്തി മുന്നോട്ടു പോകണം എന്നുപറയാൻ ആഗ്രഹിക്കുന്നു. അങ്ങ് സെയിൽസ് ടാക്സും സ്റ്റേറ്റിന്റെ ടാക്സും കുറഞ്ഞുവെന്ന് പറഞ്ഞു. അതിനെക്കുറിച്ചും അങ്ങ് പറഞ്ഞ കണക്കൊന്നും തെറ്റല്ല, എല്ലാം ശരിയായ കണക്കാണ്. പക്ഷേ അത് അങ്ങേക്ക് വേണ്ടവിധത്തിൽ അഡ്ജസ്റ്റുചെയ്തു, നമ്മൾ ടാർജറ്റിലെത്തിയില്ലായെന്നാണ് അങ്ങ് പറഞ്ഞത്. അത് ശരിയാണ്. നമുക്ക് പ്ലാൻ സൈസ് വർദ്ധിപ്പിക്കണമെങ്കിൽ നമ്മുടെ വരുമാനം അല്പം കൂട്ടിവയ്ക്കേണ്ടിവരുമെന്ന് അങ്ങേക്ക് അറിയാമല്ലോ. അത് ചിലപ്പോൾ അച്ചീവ് ചെയ്യില്ല. ടാർജറ്റ് കിട്ടിയില്ല എന്നതിന്റെ പേരിൽ ഇവിടത്തെ ടാക്സ് കളക്ഷൻ കുറഞ്ഞു എന്നാണ് അങ്ങ് പറഞ്ഞത്. സ്റ്റേറ്റ് ടാക്സസ് മൊത്തത്തിൽ വരുമ്പോൾ നിങ്ങളുടെ കാലത്തെ അവസാന കൊല്ലത്തെ തുകവച്ചു നോക്കിയാൽ അഞ്ചുകൊല്ലം കൊണ്ട് 100% ടാക്സ് വർദ്ധിപ്പിച്ചു. നിങ്ങളുടെ അവസാന കൊല്ലത്തെ സെയിൽസ് ടാക്സ് കളക്ഷൻ വർദ്ധനവ് നോക്കിയാൽ 92 ശതമാനം വർദ്ധിപ്പിച്ചു. സമയക്കുറവുകൊണ്ട് ഞാൻ ആ തുക പറയുന്നില്ല. അങ്ങ് ചാർജ്ജെടുത്ത്

ഒരുമാസത്തിനുള്ളിൽ ഇവിടെ വലിയ അത്ഭുതം നടന്നുവെന്ന് അങ്ങ് പറഞ്ഞു. എന്തുസംഭവിച്ചുവെന്നറിയാൻ ഞാൻ അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ നിന്നുതന്നെ കണക്കുകൾ ശേഖരിച്ചു. ഏപ്രിൽ മാസത്തിൽ ഇവിടെ ഇലക്ഷനായതുകൊണ്ട് കളക്ഷൻ കുറഞ്ഞു. അത് ശരിയാണ്. അതിന്റെ വർദ്ധനവ് മേയ് മാസത്തിലും ജൂൺ മാസത്തിലുമുണ്ടായി. അങ്ങ് അതെടുത്തിട്ടാണ് പറഞ്ഞത് മേയ് മാസത്തിലും ജൂൺ മാസത്തിലും വലിയ വർദ്ധനവുണ്ടായി എന്ന്. ഈ മൂന്നു മാസത്തെ കണക്കും കഴിഞ്ഞ വർഷത്തെ മൂന്നു മാസത്തെ കണക്കുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ 552 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ആ വർദ്ധനവെന്നുപറയുന്നത് 8 ശതമാനത്തിൽ താഴെയാണ്. സാധാരണ രീതിയിൽതന്നെ അത് കൂടുതലായി വരില്ലേ? കടം വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. നിങ്ങളുടെ കാലത്ത് 71 ശതമാനമായിരുന്നെങ്കിൽ ഞങ്ങളുടെ കാലത്ത് അത് 97 ശതമാനമായി. കടം എടുക്കുന്നതിനെ എതിർക്കുന്നില്ലായെന്നും പക്ഷേ കടം എടുത്ത തുക എങ്ങനെ ചെലവഴിക്കുന്നുവെന്ന് കാണിക്കണമെന്നും അങ്ങുതന്നെ പറഞ്ഞല്ലോ. ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനുവേണ്ടി പ്രത്യേകമായി കടമെടുക്കണം. കടമെടുത്തിട്ട് ധൂർത്തടിക്കുന്നതും അനാവശ്യമായി ചെലവഴിക്കുന്നതും ശരിയല്ല എന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ കടമെടുക്കണം. കാരണം ഇന്ന് ചെയ്യേണ്ട വർക്ക് അടുത്ത വർഷമാണ് ചെയ്യുന്നതെങ്കിൽ ഇന്നത്തെ ചെലവുവച്ചു നോക്കിയാൽ അടുത്ത വർഷമാകുമ്പോൾ നേരെ ഇരട്ടിയാകും. അതുകൊണ്ട് കടമെടുക്കണം, കടമെടുത്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 153 ശതമാനം വർദ്ധനവാണ് ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിൽ ഉണ്ടായിട്ടുള്ളത്. പ്ലാൻ എക്സ്പെൻഡിച്ചർ വർദ്ധനവ് 95 ശതമാനമാണ്. റവന്യൂ കമ്മി കൂടിയിട്ടുണ്ട്. അത് സമ്മതിക്കുന്നു. എന്തുകൊണ്ടാണ് റവന്യൂ കമ്മി കൂടിയത്? രണ്ട് ശമ്പള പരിഷ്കരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഫലത്തിൽ അതിന്റെ മുഴുവൻ ഭാരവും കഴിഞ്ഞ ഗവൺമെന്റിന് താങ്ങേണ്ടിവന്നു. ഹെൽത്ത്, എഡ്യൂക്കേഷൻ, മേജർ ഇൻഫ്രാസ്ട്രക്ച്ചർ എന്നീ മേഖലകളിൽ കൈയയച്ച് ഞങ്ങൾ ചെലവഴിച്ചിട്ടുണ്ട്. കാരണം നമുക്ക് അത് ആവശ്യമായിരുന്നു. അത് വൈകിക്കാൻ കഴിയില്ലായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പോകുമ്പോൾ സാമൂഹ്യക്ഷേമ രംഗത്ത് 12.9 ലക്ഷം പേർക്ക് 592 കോടി രൂപയായിരുന്നു പെൻഷൻ കൊടുത്തുകൊണ്ടിരുന്നത്. ഞങ്ങളുടെ കാലത്ത് 34.4 ലക്ഷം പേർക്ക് 3016 കോടി രൂപയാണ് ഒരു വർഷത്തെ കമിറ്റ്മെന്റ്. അങ്ങനെ വർദ്ധനവ് വന്നു. ഇവിടെ നിയമന നിരോധനത്തെക്കുറിച്ച് പറഞ്ഞു. 167096 പേർക്കാണ് കഴിഞ്ഞ അഞ്ചുകൊല്ലംകൊണ്ട് പി.എസ്.സി. അഡ്വൈസ് ചെയ്ത് ജോലി കൊടുത്തിരിക്കുന്നത്. അത് സർവ്വകാല റെക്കോർഡാണ്. 46323 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതൊക്കെ പറയുമ്പോഴും നിങ്ങൾ ഞങ്ങളെ

കുറ്റപ്പെടുത്തുമ്പോഴും ഒരു കാര്യം ഓർക്കണം ഞങ്ങൾ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി. ഇന്നത്തെ മുഴുവൻ ആനുകൂല്യങ്ങളും കൊടുക്കണം, അതോടോപ്പം അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ പത്തുശതമാനം അഡീഷണലായും കൊടുക്കണം. 25 വർഷം കഴിഞ്ഞിട്ടുള്ള കേരളത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തിച്ച ഗവൺമെന്റ് എന്ന് ഞങ്ങൾക്ക് അഭിമാനമുണ്ട്. പത്തുശതമാനം ബാദ്ധ്യതയോടുകൂടിയാണ് ഞങ്ങൾ ഏറ്റെടുത്തത്. 25 വർഷം കഴിയുമ്പോൾ ഏതായാലും ഞാൻ ജീവിച്ചിരിക്കില്ല. ആ കാലത്തെക്കുറിച്ച് ആലോചിച്ച് പത്തുശതമാനം എന്നത് അഡീഷണൽ ബാധ്യതയാണ്. ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് പറയുമ്പോൾ ഞങ്ങൾ അഞ്ചുകൊല്ലത്തിനുള്ളിൽ ആറുദിവസം മാത്രമാണ് ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുള്ളത്. നിങ്ങളുടെ കാലത്ത് അഞ്ചുവർഷത്തിനിടയിൽ 169 ദിവസം നിങ്ങൾ ഓവർ ഡ്രാഫ്റ്റ് എടുത്തു. 37 പ്രാവശ്യം മാത്രമാണ് അഞ്ചുകൊല്ലത്തിനുള്ളിൽ ഞങ്ങൾ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത്. 5 വർഷം 460 ദിവസം നിങ്ങൾ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തു.

2.00 pm]

സ്കൂളുകൾക്ക് എയ്ഡഡ് പദവി കൊടുത്തുവെന്നതിനെക്കുറിച്ചാണ് ധൂർത്തെന്ന് പത്രങ്ങളിലൊക്കെ വരുന്നത്. ഏത് സ്കൂളിനാണ് എയ്ഡഡ് പദവി കൊടുത്തതെന്ന് നിങ്ങൾക്കറിയാമോ? കേരളത്തിൽ പ്ലസ് ടു ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയിട്ട് എത്രയോ വർഷങ്ങളായി. ഇവിടെയിരിക്കുന്നവരിൽ മഹാഭൂരിപക്ഷം ആൾക്കാരും പഠിച്ചുവന്നിട്ടുള്ളത് സൗജന്യമായിട്ടാണ്. പക്ഷേ ഇന്നും സൗജന്യമല്ലാത്ത വിദ്യാഭ്യാസത്തിനു പോകുന്ന ഒരു വിഭാഗക്കാരുണ്ട്. അത് മെന്റലി ചലഞ്ച്ഡായിട്ടുള്ള കുട്ടികളാണ്. അവർക്കായി 288 സ്കൂളുകളുണ്ട്. അതിൽ 287 സ്കൂളുകളും സ്വകാര്യ-സേവന മേഖലയാണ്. സേവനമേഖലയാണെങ്കിലും ഗവൺമെന്റ് സ്കൂൾ ഒന്ന് മാത്രമേയുള്ളൂ. പ്ലസ് ടു വരെ വിദ്യാഭ്യാസം സൗജന്യമായിരിക്കുന്ന പ്രത്യേക പരിഗണന വേണ്ട ഈ കുട്ടികൾക്ക് നമ്മുടെ കേരളത്തിൽ ഒന്നുകിൽ ഫീസ് കൊടുക്കണം, അല്ലെങ്കിൽ ആരുടെയെങ്കിലും സൗജന്യത്തിൽ പഠിക്കണം. അത്തരം സ്കൂളുകൾ എയ്ഡഡാക്കാൻ ഞങ്ങൾ തീരുമാനിച്ചു. അതിനെക്കുറിച്ച് ഇപ്പോൾ അന്വേഷിച്ച് നടപടിയെടുക്കാൻ ശ്രമിക്കുന്നു. ഞാൻ ഇവിടെ വച്ച് തുറന്നുപറയുന്നു, അതിനുവേണ്ടി നിങ്ങൾ ആരെയും അന്വേഷിച്ചുപോകണ്ട. അതിനകത്ത് പ്രതിയുണ്ടെങ്കിൽ ഞാനാണ് ഒന്നാമത്തെ പ്രതി. കാരണം ഞാനതിൽ വ്യക്തമായ തീരുമാനമെടുത്ത് ചെയ്തതാണ്. പിന്നെ കോളേജുകൾ കൊടുത്തതിനെക്കുറിച്ച് ആക്ഷേപം പറഞ്ഞു, ആർക്കാണ് കോളേജ് കൊടുത്തതെന്നറിയാമോ? വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന കേരളത്തിൽ ഒരൊറ്റ പട്ടിക ജാതിക്കാർക്കും

പട്ടികവർഗ്ഗക്കാർക്കും കോളേജില്ലായിരുന്നു. അവർക്ക് കോളേജ് കൊടുക്കാൻ തീരുമാനിച്ചത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ പേരിൽ ചെലവ് വന്നിട്ടുണ്ടെന്നുള്ളത് ഞങ്ങൾ സമ്മതിക്കുകയാണ്. സാമൂഹ്യനീതി എല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടി 12 കോളേജുകൾ കൂടി അനുവദിച്ചിട്ടുണ്ട്.

നെല്ലിന്റെ വിലയെക്കുറിച്ച് ഇവിടെ പറഞ്ഞു, നെല്ലിന്റെ വില അല്പം കൂട്ടണമെന്നാണ് എന്റെ അഭിപ്രായം. നിങ്ങളുടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 13 രൂപയാണ് കർഷകന് കിട്ടിയത്. അതിൽ 10 രൂപ കേന്ദ്ര ഗവൺമെന്റ് നൽകും, സംസ്ഥാന ഗവൺമെന്റിന്റേത് 3 രൂപ. ഞങ്ങൾ കഴിഞ്ഞ 5 വർഷം കാര്യമായ ഒരു വർദ്ധനവ് വരുത്തി. 21.50 രൂപയാണ് ഇന്ന് കർഷകന് കിട്ടുന്നത്. 21.50 രൂപയിൽ 14.10 രൂപ കേന്ദ്ര ഗവൺമെന്റ് നൽകും, സംസ്ഥാന ഗവൺമെന്റിന്റേത് 7.40 രൂപയാണ്. അതിൽ ഒരു വർദ്ധനവ് വരുത്തുന്ന കാര്യം അങ്ങ് ആലോചിക്കണം.

റബ്ബറിന്റെ കാര്യത്തിൽ, 500 കോടി രൂപ കഴിഞ്ഞ ഗവൺമെന്റ് തന്നെ നീക്കിവച്ചതാണ്. അത് ഇപ്രാവശ്യം തുടരുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഒരു കാര്യം എനിക്ക് പറയാനുള്ളത്, മാണി സാറിന്റെ പെറ്റ് സ്കീമായ ഈ സ്കീം ഞങ്ങൾ ഏറ്റെടുക്കുമ്പോൾ ഒരു കിലോഗ്രാം റബ്ബറിന് 61 രൂപ വരെ സബ്സിഡി കൊടുക്കേണ്ടി വന്നു. ഇപ്പോൾ റബ്ബറിന്റെ വില കൂടി. ഇന്നത്തെ വില വച്ച് നോക്കുമ്പോൾ 13 രൂപ സബ്സിഡി കൊടുത്താൽ മതി. ഈ സാഹചര്യത്തിൽ 2 ഹെക്ടർ വരെയുള്ള കർഷകരെന്നുള്ള പരിധി ഒന്നുയുയർത്താൻ സാധിക്കുമോയെന്നും 150 രൂപ 175 രൂപയാക്കി വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നും ആലോചിക്കണം.

വിഴിഞ്ഞത്തെക്കുറിച്ച് ഇന്ന് ആശങ്കയൊക്കെ പ്രകടിപ്പിക്കുന്നുണ്ട്. ഒരു ആശങ്കയും വേണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കുളച്ചൽ നമുക്ക് എതിരാകാൻ പോകുന്നില്ല. പക്ഷേ ഒന്നുണ്ട്, ഏറ്റവും വേഗത്തിൽ നമ്മൾ അതിന്റെ പണി തീർക്കണം. പണി ആരംഭിച്ച ദിവസം തന്നെ അതിന്റെ ഉദ്ഘാടനത്തിന്റെ തീയതി തീരുമാനിച്ചിട്ടുണ്ട്, 3-8-2018. ആ ദിവസം പൂർത്തിയാക്കിയാൽ നമ്മുടെ വളരെ പിന്നിലായിരിക്കും അവർ. അതുകൊണ്ട് അതിനുവേണ്ടി നമ്മൾ മുന്നോട്ടുവരണം.

സാമുദായിക സംഘർഷമുണ്ടാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ പലയിടത്തുമുണ്ടാകുന്നുണ്ട്. തെറ്റ് ചെയ്യുന്നവരെ ശിക്ഷിക്കണം, യാതൊരു സംശയവുമില്ല. പക്ഷേ അതിന്റെ പേരിൽ ഒരു സമുദായത്തെയൊന്നാകെ, ശിക്ഷിക്കുന്നത് ഒരിക്കലും ശരിയല്ല. വിഭാഗീയതയ്ക്കെതിരെയും ഭീകരവാദത്തിനെതിരെയും ശക്തമായുള്ള നിലപാട് മുസ്ലീം സമുദായം എടുത്തിട്ടുണ്ട്, എടുക്കുന്നവരുമാണ്. ഏതെങ്കിലും വ്യക്തികൾ ചെയ്ത കുറ്റത്തിന്റെ പേരിൽ അങ്ങനെയൊരു സമീപനമുണ്ടാകാൻ പാടില്ല. കേരളം എല്ലാത്തിനും മാതൃകയായിട്ടുള്ള ഒരു സംസ്ഥാനമാണ്. ഇതുപോലുള്ള പ്രശ്നങ്ങൾ വരുമ്പോൾ അതിലെ ശരിയും തെറ്റും തിരിച്ചറിഞ്ഞ് ശക്തമായ നിലപാട്

എടുത്ത് മുമ്പോട്ടുപോകാൻ നമുക്ക് സാധിക്കണം. ആ കാര്യങ്ങളിലെല്ലാം നമുക്ക് യോജിക്കാം. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് ഞങ്ങളുടെയെല്ലാം പിന്തുണയുണ്ടാകും. ഈ നാടിന്റെ വികസനം ഉറപ്പാക്കാനും ഇവിടത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി കൊണ്ടുപോകാനും ഞങ്ങളുടെ പിന്തുണ ഉണ്ടാകും. എല്ലാവർക്കും നീതി എന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കിനെ ക്ഷമയോടെ കാത്തിരിക്കുകയാണ്. അത് യാഥാർത്ഥ്യമാകണം. യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. എങ്കിൽ ഏറ്റവും നല്ലത്. അല്ലെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായ നിലപാട് എടുക്കേണ്ടിവരും. ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് എല്ലാ മാധ്യമങ്ങളും വളരെ ക്രിയാത്മകമായിട്ടാണ് പ്രതികരിച്ചത്. അതേസമയം പൊതുസമൂഹമാകട്ടെ, രാഷ്ട്രീയ പക്ഷപാതം കാണിക്കാത്ത ബഡ്ജറ്റെന്നും ആർക്കും പരാതികളില്ലാത്ത ബഡ്ജറ്റെന്നും, ഒന്നിനോടും അവഗണനയില്ലാത്ത ബഡ്ജറ്റെന്നും വിലയിരുത്തി. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് രണ്ടുദിവസമായി ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ തലനാരിഴ കീറി നിശിതമായി പരിശോധിച്ച് ഇവിടെ പ്രസംഗിച്ചു. ഏതെങ്കിലും നിയോജക മണ്ഡലത്തിൽ ഒന്നും ലഭിച്ചില്ല എന്ന രീതിയിൽ ഏതെങ്കിലും എം.എൽ.എ.-യിൽ നിന്നും പരാതിയുണ്ടായിട്ടുണ്ടോ? ഒരു പരാതിയുമുണ്ടായിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഇതായിരുന്നില്ല സ്ഥിതി. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പൊതുവേ പത്രങ്ങളടക്കം പറഞ്ഞുകേട്ടത്, ഈ ബഡ്ജറ്റ് കേരള ബഡ്ജറ്റല്ല; മറിച്ച് പാലാ-പുതുപ്പള്ളി-മലപ്പുറം ബഡ്ജറ്റാണെന്നാണ്. ഭരണപക്ഷത്തുള്ളവരും പത്രമാധ്യമങ്ങളും ആ ബഡ്ജറ്റിനെ അങ്ങനെയായിരുന്നു വിശേഷിപ്പിച്ചത്. ഞങ്ങൾ പ്രതിപക്ഷമല്ല പറഞ്ഞത്. എന്നാൽ അത് ഇന്ന് മാറിയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി സൂചിപ്പിച്ചത് ഞങ്ങൾ - 300 രൂപയിൽ നിന്നും 600 രൂപയായി പെൻഷൻ കൂട്ടിയെന്നാണ്. നിങ്ങൾ പെൻഷൻ കൂട്ടിയത് ശരിയാണ്, ഇല്ലെന്നു പറയുന്നില്ല. പക്ഷേ ആ പെൻഷൻ നിങ്ങൾ കൊടുത്തോ? രണ്ടരക്കൊല്ലം പെൻഷൻ കുടിശ്ശിക വരുത്തി. എന്നിട്ട് അവസാനനിമിഷം തെരഞ്ഞെടുപ്പിന്റെ ഒരു മാസം മുമ്പാണ് ഈ പെൻഷൻ കൊടുക്കാൻ തയ്യാറായത്. കൊടുത്തതാകട്ടെ ബാങ്ക് വഴിയും. ഒരാൾക്കും കിട്ടിയിട്ടില്ല. പെൻഷൻ ബാങ്ക് വഴിയാക്കിയത് വളരെ കഷ്ടമാണെന്ന് അമ്മമാർ കണ്ണീരോടെ പറഞ്ഞു. അവരുടെ കണ്ണീർ വീണ് കുളിർത്തു. ഒരിക്കലും ഇനി മുന്നോട്ടുപോകില്ലെന്ന് അവർ ശപിച്ചു.

ഞങ്ങൾ ഒരുപാട് വികസനം കൊണ്ടുവന്നുവെന്ന് ഇവിടെ മുൻമുഖ്യമന്ത്രി പറഞ്ഞു. ആരുടെ ചെലവിലാണ് നിങ്ങൾ വികസനം കൊണ്ടുവന്നത്. നിങ്ങൾ നടത്തിയ വികസനത്തിന് പണം (1800 കോടി രൂപ) കിട്ടിയില്ലെന്ന് പറഞ്ഞ് കോൺട്രാക്ടർമാർ സമരത്തിലാണ്. 1800 കോടി രൂപ ചെലവാക്കിയത് ആർക്കുവേണ്ടി? നിങ്ങൾ പണം ചെലവാക്കി വികസനം നടത്തിയത് ആരുടെ ചെലവിൽ-കോൺട്രാക്ടർമാരുടെ

ചെലവിൽ. കേരളത്തിലാകെ വികസനം നടത്തിയെന്ന് നിങ്ങൾ പറഞ്ഞു. 5749 കോടി രൂപ സർക്കാർ വകുപ്പുകൾ ചെലവിട്ടിട്ടില്ല എന്നാണ് പത്രങ്ങൾ പറയുന്നത്. ഞങ്ങൾ പറയുന്നതല്ല. വകുപ്പുകൾ 60% പോലും പണം ചെലവാക്കിയില്ലെന്ന് പറയുന്നു. റവന്യൂ വകുപ്പ് 20%, ഭക്ഷ്യപൊതുവിതരണം - 28%, വ്യവസായം- 38%, പൊതുഭരണം - 52%, ഭവനം - 42%, ആസൂത്രണം - 54%, തുറമുഖം - 48% ഇങ്ങനെയാണ് കഴിഞ്ഞ വർഷത്തെ ചെലവ്. നിങ്ങൾ നടത്തിയത് പ്രഖ്യാപനങ്ങൾ മാത്രമാണ്. ഷെർലോക്ക് ഹോംസിനെ വെല്ലുന്ന തരത്തിൽ അപസർപ്പക കഥകൾ പോലെയുള്ള ബഡ്ജറ്റ് നിങ്ങൾ അവതരിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. പക്ഷെ, നിങ്ങൾ പണം ചെലവഴിച്ചില്ല. രാജ്യത്തെ വികസനം നടത്താൻ നിങ്ങൾ മുന്നോട്ട് വന്നില്ല. ആത്മാർത്ഥത കാണിച്ചില്ല. രണ്ടുവർഷം മുമ്പ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി തന്നെ ഇവിടെ പ്രഖ്യാപിച്ച മിഷൻ 676 എന്ന പദ്ധതിയുണ്ട്. 676 ദിവസത്തിനുള്ളിൽ ഞങ്ങൾ നടപ്പിലാക്കുമെന്നാണ് പറഞ്ഞത്. അതിൽ കൊച്ചി മെട്രോയുണ്ട്, വിഴിഞ്ഞം പദ്ധതിയുണ്ട്, കണ്ണൂർ വിമാനത്താവളമുണ്ട് നിങ്ങൾ മറന്നോ? പക്ഷേ, ഒന്നും നടന്നില്ല. ഈ നാട്ടിലെ വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ നിങ്ങൾക്ക് കഴിഞ്ഞില്ലായെന്നുള്ളതാണ് സത്യം. യാഥാർത്ഥ്യങ്ങളെ നിങ്ങൾ യാഥാർത്ഥ്യമായി തന്നെ കാണണം. നമ്മുടെ നാട്ടിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി വലിയ കുത്തകകൾക്ക് ധനകാര്യ വകുപ്പ് നികുതി സ്റ്റേ ചെയ്തുകൊടുത്തു. അഴിമതിരഹിത വാളയാർ പദ്ധതി തകർത്തു. ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമാക്കിയില്ല. കാലങ്ങളായി പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല. സി.എ.ജി. റിപ്പോർട്ട് പ്രകാരം 16000 കോടി രൂപ ലഭിക്കേണ്ട കേരളത്തിൽ ഒന്നും ലഭിച്ചില്ല. നോൺ ടാക്സ് റവന്യൂ മേഖലയിൽ തിരിഞ്ഞു നോക്കിയില്ല. പല വൻകിടക്കാർക്കും നികുതി ഇളവ് നൽകി. പോരാത്തതിന് ട്രഷറി വഴി കൊടുത്തുകൊണ്ടിരുന്ന ശമ്പളം നിങ്ങൾ ബാങ്കുവഴിയാക്കി. ഇങ്ങനെ കുത്തകകളെ സംരക്ഷിക്കുകയും പാവപ്പെട്ടവരുടെ വികസന പ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും ചെയ്തതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടം. ഇവിടെ എഫക്ടീവ് ടാക്സ് കളക്ഷൻ നടന്നിട്ടുണ്ടോ; കളക്ഷനേ നടന്നില്ല. ടാക്സ് കളക്ഷൻ നടക്കണമെങ്കിൽ കാര്യക്ഷമത വേണം. അഴിമതി ഇല്ലാതാകണം. നിങ്ങൾ കളക്ഷൻ നടത്തിയില്ല, എഫക്ടീവുമല്ല. ഇതിനുപകരമായി അഴിമതി മാത്രം നടത്തി. ഒരു ഉദാഹരണം പറയാം. കഴിഞ്ഞ ഭരണകാലത്ത് വേനൽസമയത്ത് ഏറ്റവും കൂടുതൽ വിറ്റുപോയ പ്രോഡക്ട് എയർകണ്ടീഷനറാണ്. ഇതിന് വ്യക്തമായ കണക്കുണ്ടോ? ഇല്ല. അനൗദ്യോഗിക കണക്കുപ്രകാരം അഞ്ചുലക്ഷം യൂണിറ്റ് വിറ്റുവെന്നാണ് കണക്ക്. 14.5% പ്രകാരം എത്ര ശതമാനം ടാക്സ് പിരിച്ചെടുത്തു. അതിന്റെ കണക്കില്ലേ? കൂടാതെ കേരളത്തിൽ വിൽക്കപ്പെടുന്ന ടാക്സബിൾ കമ്മോഡിറ്റീസിന്റെ കണക്കുണ്ടോ? ഇല്ല. 7000-ൽ അധികം കമ്മോഡിറ്റീസ് ഉണ്ടെന്നാണ് വെപ്പ്. പക്ഷേ, അതിനെ 24 ഗ്രൂപ്പുകളായി തിരിച്ച് കമ്മോഡിറ്റീസ് ലിസ്റ്റിൽ ഉൾപ്പെടുത്തി. ഇവിടെ 74 ഇനങ്ങൾ മാത്രമാണ് കണ്ടിട്ടുള്ളത്. ഇതിന്റെ ഫലമായി ടാക്സ് തന്നെ പിരിക്കാൻ കഴിയാത്ത സ്ഥിതിയിലെത്തി.

എൽ.ഡി.എഫ്.-ന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ ടാക്സ് പിരിച്ചെടുക്കുന്നതിനുവേണ്ടി 9 ഇന പരിപാടിയാണ് പ്രഖ്യാപിച്ചത്. ആ ഒമ്പതിന പരിപാടിയിൽ ഏറ്റവും മഹത്തരമായ പദ്ധതിയാണ് സാങ്കേതിക നവീകരണമെന്നുള്ളത്. ഈ സാങ്കേതിക നവീകരണത്തിലൂടെ ടാക്സബിൾ കമ്മോഡിറ്റീസിന്റെ ബേസ് വിപുലപ്പെടുത്താൻ സാധിക്കും. അതിലൂടെ ടാക്സ് കളക്ഷൻ ഗണ്യമായി വർദ്ധിപ്പിക്കും. കൺസ്യൂമർ സ്റ്റേറ്റാണ് കേരളം. ആ കൺസ്യൂമർ സ്റ്റേറ്റിൽ ഏറ്റവും കൂടുതൽ നികുതി പിരിച്ചെടുക്കേണ്ടതാണ് കേരളം. പക്ഷേ നികുതി കിട്ടുന്നില്ല. കാരണം മാണി സാറും യു.ഡി.എഫ്. ഗവൺമെന്റും ഇവിടെ ടാക്സ് ഗണ്യമായി വെട്ടിക്കുറച്ചു. ഇന്ദുലേഖയെന്ന് പറയുന്നത് ഒരു ഫേസ് ക്രീമാണ്. ആ ഇന്ദുലേഖയെ നിങ്ങൾ എവിടെയാണ് ഉൾപ്പെടുത്തിയത്. 14.5 % ടാക്സ് വാങ്ങേണ്ട ഇന്ദുലേഖയെന്ന പ്രോഡക്ടിന്റെ ടാക്സ് നാല് ശതമാനമാക്കി വെട്ടിച്ചുരുക്കി. അത് ആയുർവേദ ഉത്പന്നമായി പരിണാമം ചെയ്തു. നിങ്ങൾ ആയുർവേദ ഉത്പന്നമാക്കി മാറ്റി. അതുപോലെ ഊടുവഴികളിലൂടെ ഇറച്ചിക്കോഴി കടത്താൻ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. കാരണം ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമല്ലാതാക്കി മാറ്റി. മൈദ, സ്വർണ്ണം, റബ്ബർ, റൈസ് മില്ലുകാർ ഇവർക്കൊക്കെ ടാക്സ് വൻതോതിൽ ഇളവ് ചെയ്തുകൊടുത്തു. ഇങ്ങനെ ബഡ്ജറ്റ് വിറ്റുതുലച്ച ഒരു ചരിത്ര പാരമ്പര്യമാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റേതെന്ന് ഞങ്ങൾ പറഞ്ഞാൽ ആർക്കെങ്കിലും അതിനെ എതിർക്കാൻ കഴിയുമോ? ഇത്രയുമധികം കുത്തക മുതലാളിമാർക്ക്, സമ്പന്നൻമാർക്ക് ഇളവ് ചെയ്തുകൊടുത്ത ഒരു ഗവൺമെന്റ് കേരളത്തിൽ ഇന്നേവരെയുണ്ടായിട്ടില്ലായെന്ന് പത്ര-മാധ്യമങ്ങൾ, നിഷ്പക്ഷമതികളായ ആളുകളുൾപ്പെടെ എല്ലാവരും പൊതുസമൂഹത്തിൽ വിളിച്ചു പറഞ്ഞതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ്)-യെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിന്റെ അടിസ്ഥാന വികസനത്തിനായി രൂപീകരിച്ച ബോർഡുവഴി 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്? പ്രഖ്യാപിച്ച വൻകിട പദ്ധതികൾക്ക് തുക കണ്ടെത്താൻ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുമോയെന്ന് ബഹുമാനപ്പെട്ട ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അന്നത്തെ മുഖ്യമന്ത്രിയോട് ചോദിച്ചു. അതിൽ കിഫ്ബിയെ സംബന്ധിച്ച് 24-2-2016-ൽ അന്നത്തെ മുഖ്യമന്ത്രി കൊടുത്ത മറുപടിയുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ബോർഡുവഴി 2015-16 സാമ്പത്തിക വർഷത്തിൽ തുകയൊന്നും സ്വരൂപിച്ചിട്ടില്ലായെന്നാണ് അന്നത്തെ മുഖ്യമന്ത്രി മറുപടി നൽകിയത്. നിങ്ങൾ എന്തിനാണ് ബേജാറാകുന്നത്. എവിടെ നിന്ന് പണം കിട്ടും; ഈ വികസന പ്രവർത്തനങ്ങളെല്ലാം ഉട്ടോപ്യനല്ലേ; ഇതെല്ലാം നടക്കുമോ? ഇതെല്ലാം സ്വപ്നലോകത്തിലല്ലേയെന്നല്ലേ പറഞ്ഞത്. നിങ്ങളുടെ കാലത്ത് 1999 മുതൽ വന്നിട്ടുള്ള കിഫ്ബി നിങ്ങളുടെ അഞ്ചുവർഷക്കാലത്ത് ഒരു നയാപൈസ പോലും പിരിച്ചെടുക്കാൻ കഴിഞ്ഞില്ല. അതുപോലെയാണോ എൽ.ഡി.എഫ്.? എൽ.ഡി.എഫ്. ഇവിടെ ഭരണം തുടരും എല്ലാ ശരിയാകും. അക്കാര്യത്തിൽ തർക്കമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സമ്പന്നന്മാർക്ക്

നികുതി ഇളവ് ചെയ്തുകൊടുക്കുന്ന ഗവൺമെന്റല്ല. അതുകൊണ്ടുതന്നെ ടാക്സ് കളക്ഷൻ കൃത്യമായി നടക്കും. ഇവിടെ വികസന പ്രവർത്തനങ്ങൾ നടത്താനുള്ള ഫണ്ടും ലഭ്യമാകും. എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തിലെ നെൽകൃഷിക്കാരുടെ നെല്ലിന്റെ വില 21.50 രൂപയാണ്, അത് 25 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ 137 റോഡുകൾ അനുവദിച്ചു. നിരവധി പദ്ധതികൾ എന്റെ മണ്ഡലത്തിൽ പ്രഖ്യാപിച്ചു. എന്നാൽ എന്റെ മണ്ഡലത്തിൽ ഒരു റോഡുപോലും തന്നില്ല. ഒരു റോഡെങ്കിലും അനുവദിച്ചുതരണം. ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ..............ഓർഡർ................. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.17-ന് പിരിഞ്ഞു.)